
ജനകീയാസൂത്രണം


1948 AD

കല്ലറ ഗ്രാമ പഞ്ചായത്ത്

1123 ME



വികസന രേഖ



"എന്നെ സംബന്ധിച്ച് സ്വരാജ് എന്റെ രാജ്യത്തിലെ
ഏറ്റവും നിസ്സഹായരുടെ സ്വാതന്ത്ര്യമാണ്. ഉറക്കം
തൂങ്ങുന്നവരുടെയും അജ്ഞരുടെയുമല്ല,
ഉണർത്തപ്പെട്ടവരുടേതാണ് സ്വരാജ്"

–ഗാന്ധിജി

"നാടിന്റെ ഭാവിഭാഗധേയം നിർണ്ണയിക്കുന്നതിനുള്ള
സ്വാതന്ത്ര്യം ഗ്രാമീണ ജനതയ്ക്ക് കൈവന്നിരിക്കുന്ന
ഈ അസുലഭ സന്ദർഭത്തിൽ ഈ സ്വാതന്ത്ര്യം
നേടിത്തരുന്നതിനുള്ള ധീരോദാത്തമായ സമരത്തിൽ
വെടിയേറ്റ് വീണ കൊച്ചുനാരായണൻ ആശാരിയേയും,
കൃഷ്ണപിള്ളയേയും, തൂക്കുമരത്തിലേറ്റപ്പെട്ട
കൊച്ചപ്പിപ്പിള്ളയേയും, കൃഷ്ണനേയും ഹൃദയം നിറഞ്ഞ്
കവിയുന്ന അഭിമാനബോധത്തോടെ;
ഹർഷാതിരേകത്തോടെ നമ്മളോർക്കുന്നു. മൺമറഞ്ഞ്
പോയവരും; ജീവിച്ചിരുന്നവരുമായ ധീരരായ സ്വാതന്ത്ര്യ
സമരസേനാനികളെ നമ്മൾ ആവേശത്തോടെ; നന്ദിയോടെ
സ്മരിക്കുന്നു. അവരുടെ കാൽപ്പാടുകൾ പിന്തുടർന്ന്
നാടിന്റെ സാമൂഹികവും; സാമ്പത്തികവുമായ സ്വാതന്ത്ര്യം
പൂർണ്ണമാക്കുന്നതിനുവേണ്ടിയുള്ള കർമ്മ പഥത്തിൽ
നമ്മുടെ കാലുകൾ ഇടറുകയില്ലെന്ന് നാം
പ്രതിജ്ഞചെയ്യുന്നു."

ചീഫ് എഡിറ്റർ :
ബി. പുരുഷോത്തമൻപിള്ള

എഡിറ്റോറിയൽ ബോർഡ് :

കെ.എസ്. ഉണ്ണിത്താൻ
കെ. സുഗതൻ
ജി. അംബികാദാസ്
പ്രൊ. എം.കെ. മൂസ
എസ്. പ്രഭാകുമാരി
ജി. അജയൻ
എം.ജി. മീനാംബിക
ഒ.കെ. സലിം
ഡി. കൊച്ചുകൃഷ്ണപിള്ള
ആർ. വിദ്യാസാഗരൻ


ചരിത്ര സംഗമത്തിൽ പങ്കുചേർന്നവർ

കേശവപിള്ള (ബോസ്)	ഹരിദേവൻ, കല്ലറ
മുഹമ്മദാലി, തറട്ടയിൽ	പി. ഗംഗാധരൻപിള്ള, പ്ലാക്കോട്
സി.പി. ഗംഗാധരൻ	ഗോവിന്ദപിള്ള, കുറുമ്പയം
നാരായണപിള്ള, കാരാംകുന്ന്	രാഘവൻ, നാണംകോട്
കുഞ്ഞൻ, ഈട്ടിമൂട്	രഘുനാഥൻ, നീറുമൺകടവ്


മുഖചിത്രം : വിജയ്, കല്ലറ

ടൈപ് സെറ്റിംഗ് / പ്രിന്റിംഗ് :
ഹൈലൈറ്റ്, തിരുവനന്തപുരം, ഫോൺ : 330247

പാവനസ്മരണക്ക്




കല്ലറ വാസുദേവൻപിള്ള. എക്സ്. എം.എൽ.എ.
(17-7-1953 to 1-5-1962)




എൻ. ചെല്ലപ്പൻവൈദ്യൻ
18-12-1963 to 13-8-1979

മുൻ പ്രസിഡന്റുമാർ




എൻ.ആർ. സുകുമാരൻനായർ
28-9-1979 to 31-10-1984

പാവനസ്മരണക്ക്




കല്ലറ വാസുദേവൻപിള്ള. എക്സ്. എം.എൽ.എ.
(17-7-1953 to 1-5-1962)




എൻ. ചെല്ലപ്പൻവൈദ്യൻ
18-12-1963 to 13-8-1979


മുൻ പ്രസിഡന്റുമാർ




എൻ.ആർ. സുകുമാരൻനായർ
28-9-1979 to 31-10-1984



എം. ജി. മീനാംബിക
പ്രസിഡന്റ്




ആർ. വിദ്യാസാഗരൻ
വൈ. പ്രസിഡന്റ്




ഒ. കെ. സലിം
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



എം. ജി. മീനാംബിക
പ്രസിഡന്റ്



ആർ. വിദ്യാസാഗരൻ
വൈ. പ്രസിഡന്റ്



ഒ. കെ. സലിം
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

വിഷയാനുക്രമം

1. ആമുഖം
2. പൊതു വിവരങ്ങളും, മരണപരമായ ചരിത്രവും
3. സാമൂഹ്യ സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം
4. ഭൂപ്രകൃതിയും വിഭവങ്ങളും
5. സാമ്പത്തികമേഖല

1. ജലസേചനം
2. ഗതാഗതം
3. വ്യവസായം
4. ഊർജ്ജം
5. പാർപ്പിടം, സാമൂഹ്യക്ഷേമം
6. സഹകരണം
7. വിദ്യാഭ്യാസം
8. കുടിവെള്ളം, പൊതുജനാരോഗ്യം
9. മാർക്കറ്റ്
10. സംസ്ക്കാരം
11. വനിത
12. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം
13. കൃഷി
14. വിവേ സമാഹരണം

വികസന റിപ്പോർട്ടിനു പിന്നിൽ

ആമുഖം	ആർ. വിദ്യാസാഗരൻ
പൊതു വിവരണങ്ങളും ഭരണപരമായ ചരിത്രവും	ഒ.കെ. സലിം
സാമൂഹ്യ സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം	കെ.എസ്. ഉണ്ണിത്താൻ വി. പ്രഭാകരൻപിള്ള എം. സദാനന്ദർ
ഭൂപ്രകൃതിയും വിഭവങ്ങളും	കെ. സുഗതൻ ആർ.എസ്സ്. മധു ഡോ. വി.എൻ. സുഷമ
സാമ്പത്തികമേഖല	
1. കൃഷി, ജലസേചനം	ബി. പുരുഷോത്തമൻ പിള്ള ആർ. വിദ്യാസാഗരൻ ആർ.എസ്സ്. മധു ഒ.കെ. സലിം
2. മൃഗസംരക്ഷണം, മത്സ്യം വളർത്തൽ	എം.ജി. മീനാംബിക ഡി. കൊച്ചുകൃഷ്ണപിള്ള ഡോ. സുകേശൻ
3. വ്യവസായം	കെ. സുഗതൻ പ്രൊഫ. എം.കെ. മൂസ വി. വിശ്വരൂപൻ നായർ
4. സഹകരണം	കെ. സുഗതൻ കെ. ശാന്തകുമാർ
5. ഗതാഗതം, ഊർജ്ജം	ജി. അംബികാദാസ് ഡോ. വി.എൻ. സുഷമ
6. പാർപ്പിടം, സാമൂഹ്യക്ഷേമം	ജി. അംബികാദാസ് മോഹനൻ
7. കുടിവെള്ളം, പൊതുജനാരോഗ്യം	ജി. അംബികാദാസ് ബി.സുചിത്ര എം.ആർ. ഷെർളി
8. വിദ്യാഭ്യാസം	കെ.എസ്. ഉണ്ണിത്താൻ വി. പ്രഭാകരൻപിള്ള
9. സംസ്ക്കാരം	കെ.എസ്. ഉണ്ണിത്താൻ വി. പ്രഭാകരൻപിള്ള എം. സദാനന്ദൻ
10. വനിത	എസ്സ്. പ്രഭാകുമാരി ഡോ. വി.എൻ. സുഷമ ശാരദാമണി
11. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം	എസ്സ്. പ്രഭാകുമാരി പി. ജീജ എസ്സ്. ബാബു
12. വിഭവ സമാഹരണം	ജി. അംബികാദാസ് എം.ജി. മീനാംബിക


പത്രാധിപക്കുറിപ്പ്

63ൻപതാം പദ്ധതി ജനകീയ പദ്ധതി ആക്കുന്നതിനും അതിന്മേൽ വേണ്ട ആസൂത്രണങ്ങൾക്കു രൂപം നൽകുന്നതിനുമുള്ള ജനപങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്തു പൂർണ്ണതയിലെത്തുകയാണ്. വികസിതമായ ഗ്രാമത്തിന്റെ അടിത്തറയിൽ മാത്രമേ സ്വയം പര്യാപ്തമായ രാഷ്ട്രം കെട്ടിയുയർത്താൻ കഴിയൂ. രാഷ്ട്ര പിതാവായ മഹാത്മാഗാന്ധി ഗ്രാമ സ്വരാജ് എന്ന സങ്കല്പത്തിന് പ്രാധാന്യം നൽകിയതും നാടിന്റെ ആത്മാവുകണ്ടെത്താൻ ഗ്രാമത്തിൽ പോകണമെന്ന് നിർദ്ദേശിച്ചതും ഇതു കൊണ്ടാകാം. പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ആ കാഴ്ച്ചപ്പാടിലേയ്ക്കുയരാൻ നമുക്ക് കഴിഞ്ഞില്ല എന്നത് നാടിന്റെ ദൗർഭാഗ്യമാണ്. സ്വാതന്ത്ര്യാനന്തരം വികസനലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതികൾ പല രംഗത്തും നേട്ടങ്ങളുണ്ടായിട്ടുണ്ട് എന്നു പറയാതിരിക്കാനാവില്ല. എന്നാൽ ഉപഭോക്താക്കളിൽ എൺപതും ശതമാനം വരുന്ന സാധാരണക്കാർക്കു ഉണ്ടായ നേട്ടങ്ങൾ എന്ത് എന്ന് ചോദ്യത്തിനുള്ള ഉത്തരം നിരാശാജനകമായിരിക്കും. പദ്ധതികളും ചെലവിട്ട കോടികളും കാണിക്കുന്ന വാർഷിക രേഖകൾക്കൊപ്പം ദാരിദ്ര്യരേഖയ്ക്ക് താഴെയായികൊണ്ടിരിക്കുന്നവരുടെ വാർഷിക വർദ്ധനയുടെ കണക്കും പുറത്തുവരാറുണ്ട്. ഗുണഭോക്താക്കൾക്ക് യാതൊരു
ബന്ധവുമില്ലാതെയും മേൽ നോട്ടത്തിനവകാശമില്ലാതെയും ഉന്നതങ്ങളിൽ മാത്രം നടക്കുന്ന വികലമായ ആസൂത്രണങ്ങൾ കണ്ടു തഴമ്പിച്ചവരായി തീർന്നിരിക്കുന്നു ഇന്ത്യൻ ജനത. ഈ സാഹചര്യത്തിലാണ് ജനകീയാസൂത്രണത്തിന്റെ പ്രസക്തിയെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങിയത്.

നമുക്ക് പരിചയമോ സ്വീകരിക്കാൻ മറ്റുമാതൃകയോ ഇല്ലാത്ത തികച്ചും നവീനമായ ഒരു കർമ്മ പരിപാടിയാണിത്. പുതിയ പരിപാടികൾ പരീക്ഷിക്കുന്നതിൽ കേരളീയർ ഏക്കാലവും മുൻപന്തിയിലായിരുന്നല്ലോ. വിദ്യാഭ്യാസം, പൊതുജനാരോഗ്യം കുറഞ്ഞ പ്രതിശീർഷവരുമാനത്തിലും ഗുണമേന്മയുള്ള ജീവിതനിലവാരം , സമ്പൂർണ്ണസാക്ഷരത തുടങ്ങിയവ നമ്മൾ നൽകിയ അനുകരണീയമായ മാതൃകളാണ്. ഈ അഭിമാനവും ആത്മവിശ്വാസവും കൈമുതലാക്കി നാടിന്റെ സ്ഥായിയും, നീതിപൂർവ്വകവുമായ ദ്രുതഗതിയിലുള്ള വികസനപ്രവർത്തനങ്ങൾക്കുള്ള രൂപ രേഖ അർപ്പണബോധത്തോടുകൂടി തയ്യാറാക്കാനുള്ള തീവ്രയജ്ഞ പരിപാടിയിൽ മുഴുകിയിരിക്കുന്ന മുഴുവൻ സന്നദ്ധപ്രവർത്തകരേയും ഓർക്കാതെ വയ്യ. മാത്രമല്ല നാട്ടിലെ ജനങ്ങളുടെ വൈഭവം മറ്റുള്ളവർക്കു മാതൃകയാകത്തക്കവിധത്തിൽ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ കണ്ടെത്തുന്ന ജനകീയ നായകന്മാരെയും സവിനയം ഓർക്കേണ്ടതുണ്ട്.

എല്ലാ ഭേദ ചിന്തകളും മാറ്റിനിറുത്തി കല്ലറ ഗ്രാമപഞ്ചായത്തിന്റെ വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിന് പിന്നിൽ അണിനിരന്ന ബഹുജനങ്ങൾ, രാഷ്ട്രീയ നായകന്മാർ, പഞ്ചായത്ത് ഭരണസമതി അംഗങ്ങൾ, ജില്ലാ പഞ്ചായത്ത് തലങ്ങളിൽ പരിശീലനം നേടിയ സന്നദ്ധസേവകർ, സഹകരിച്ച സർക്കാർ ആഫീസുമേധാവികൾ, ചരിത്ര സംഗമത്തിലും മുഖാമുഖത്തിലും പങ്കെടുത്തു വിലപ്പെട്ട അറിവുകൾ സംഭാവന നൽകിയ ഗ്രാമത്തിലെ കാരണവൻമാർ എന്നിവരെ കൃതജ്ഞതയോടെ സ്മരിക്കുന്നു.

(ഒപ്പ്)
ബി. പുരുഷോത്തമൻ പിള്ള
ചീഫ് എഡിറ്റർ


N
W
E
S
1. കല്ലറ
PAZHAYA-CHANDA.
3. തൂക്കോട്
4. കുറുമ്പഖം
PATTARA
2. പാൽക്കുളം
PALUVALLY
11. തിരുമല
KODITHOOKKIYA-KUNNU.
5. തെങ്ങുംമൂടുകോട്
6. ചെറുവാളം.
PLAKODE
9. അരുവിപ്പുറം
7. പരപ്പിൽ
10. കുറിഞ്ചിലക്കാട്
8. തൂതുവിള
EDATTA-TTU

ആമുഖം

ഭരണാധികാരികൾ എത്ര പ്രഗത്ഭന്മാരായിരുന്നാലും അധികാരം സാധാരണ ജനങ്ങളിലേക്ക് പകരാത്തിടത്തോളം സ്വാതന്ത്ര്യം യാഥാർത്ഥ്യമാവുകയില്ലെന്ന് ഗാന്ധിജി പറഞ്ഞു. സാമ്പത്തിക സ്വാതന്ത്ര്യം കൈവരുത്താനും, സാമൂഹികമായ അസമത്വങ്ങൾ ദൂരീകരിക്കാനും രാഷ്ട്രീയ സ്വാതന്ത്ര്യം ഉതകണമെന്നും അദ്ദേഹം നിഷ്കർഷിച്ചിരുന്നു. ഈ ആശയം യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടിയാണ് 'ഗ്രാമസ്വരാജ്' എന്ന വിപ്ലവകരമായ ഒരു കർമ്മ പരിപാടി അവതരിപ്പിച്ചത്. അദ്ദേഹത്തിന്റെ സങ്കൽപ്പത്തിലുള്ള ഗ്രാമം സ്വയം പര്യാപ്തമാണ്. ഗ്രാമത്തിന്റെ ഭാഗധേയം നിർണ്ണയിക്കുവാനുള്ള സ്വാതന്ത്ര്യം ഓരോ ഗ്രാമീണനിലും നിക്ഷിപ്തമാണ്. എന്നാൽ 'ഗാന്ധിജിക്കുശേഷം ഒരു ഗാന്ധിയനുണ്ടായിട്ടില്ല' എന്നതുപോലെ തന്നെയാണ് ഗ്രാമസ്വരാജ് എന്ന ആശയത്തിനും വന്നുചേർന്ന ദുർയോഗം. ഈ ആശയം പൂർണ്ണമായല്ലെങ്കിൽപ്പോലും - യാഥാർത്ഥ്യമാകുന്നതിന് സ്വാതന്ത്ര്യത്തിനുശേഷം അഞ്ചുപതിറ്റാണ്ട് കാത്തിരിക്കേണ്ടിവന്നു. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ, ഇന്ത്യൻ ഗ്രാമങ്ങളുടെ സമഗ്രമായ മാറ്റം മുന്നിൽക്കണ്ടുകൊണ്ടാണ് പഞ്ചവത്സര പദ്ധതികൾ ആവിഷ്ക്കരിച്ചത്. പക്ഷേ ഇന്ത്യൻ ഗ്രാമങ്ങളുടെ വൈവിധ്യങ്ങൾ ശരിക്കും ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു വികസന സമീപനമായിരുന്നില്ല ഇക്കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതികൾക്കുംവേണ്ടി ആസൂത്രണം ചെയ്യപ്പെട്ടത്. ഭൂപ്രകൃതിയിലും, കാലാവസ്ഥയിലും വിവിധ സാംസ്ക്കാരിക പശ്ചാത്തലത്തിൽ ജീവിക്കുന്ന ജനങ്ങളുടെ ജീവിതരീതിയിലുള്ള വൈവിധ്യങ്ങൾക്ക് പരിഗണന നൽകാതെ, വിവിധ ജനവിഭാഗങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാൻ അപര്യാപ്തമായ വികസന സമീപനമാണ് കഴിഞ്ഞ എട്ട് പഞ്ചവത്സരപദ്ധതികളുടേയും ഉദ്ദേശലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ കഴിയാതെ പോയതിനുകാരണം.

കല്ലറ ഗ്രാമപഞ്ചായത്തിന്റെ വികസനം ഡൽഹിയിലും, തിരുവനന്തപുരത്തും വിദഗ്ധസംഘങ്ങൾ ആസൂത്രണം ചെയ്യുന്നതിന്റെ അപ്രായോഗികത ഉൾക്കൊള്ളുന്നതിന് ഏറെ ചിന്തിക്കേണ്ടതില്ല. ഇങ്ങനെ കേന്ദ്രീകൃതമായ ആസൂത്രണം നിർവ്വഹിക്കപ്പെടുന്നതോ, പരസ്പര ബന്ധമില്ലാത്ത വിവിധ ഡിപ്പാർട്ടുമെന്റുകളും, ഒരു പക്ഷേ ഇത് കേരള സംസ്ഥാനത്തിന്റെ മാത്രം പ്രശ്നമല്ല, ഇൻഡ്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നം തന്നെയാവാം. ഓരോ സംസ്ഥാനവും നേരിടുന്ന പ്രധാന പ്രശ്നങ്ങൾക്ക് വ്യത്യാസമുണ്ടായിരിക്കാം. എങ്കിലും കേന്ദ്രീകൃത ആസൂത്രണത്തിന്റെ അപാകതകൾ എല്ലാ സംസ്ഥാനങ്ങളും നേരിടുന്ന പ്രശ്നം തന്നെയാണ്. ആസൂത്രണ രംഗത്ത് മാത്രമല്ല അതിന്റെ നിർവ്വഹണത്തിലും യഥാർത്ഥ ഗുണഭോക്തക്കളായ സാമാന്യജനത്തിന് കാര്യമായ പങ്കില്ല എന്നതാണ് കഴിഞ്ഞുപോയ പദ്ധതികളുടെ മറ്റൊരു ദുരന്തം.

കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതികൾക്കും അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞില്ലെങ്കിലും, പൂർണ്ണമായും പരാജയമായിരുന്നുവെന്ന് പറയാൻ കഴിയുകയില്ല. ഏതാനും മേഖലകളിൽ - പ്രത്യേകിച്ചും കേരളത്തിൽ - ഉണ്ടായിട്ടുള്ള പുരോഗതിയെ വിസ്മരിച്ചു കൂടാ. ആരോഗ്യമേഖലയിലും, വിദ്യാഭ്യാസ രംഗത്തും കുറയെറെ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ശിശുമരണ നിരക്ക്, ദീർഘായുസ്സ് എന്നീ കാര്യങ്ങളിൽ മറ്റേതൊരു വികസിത രാജ്യത്തോടുമൊപ്പം എത്തിനിൽക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്നതും, നമ്മുടെ സംസ്ഥാനത്തിലെ സാർവ്വത്രികമായ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയും, അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയും എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം നൽകുവാൻ കഴിഞ്ഞു എന്നതും പദ്ധതികളിലൂടെ നാം കൈവരിച്ച നേട്ടം തന്നെയാണ്. സുസംഘടിതമായ സാക്ഷരതാ പ്രവർത്തനം നമ്മുടെ നാട്ടിൽ നൂറ് ശതമാനം സാക്ഷരത കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

ഗ്രാമീണ ജനതയുടെ അടിസ്ഥാനാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും, നാടിന്റെ പൊതുവായ ആവശ്യങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനും കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതികൾക്കും കഴിഞ്ഞില്ലാ എന്ന യാഥാർത്ഥ്യം മനസ്സിലാക്കുമ്പോഴാണ് കേന്ദ്രീകൃതാസൂത്രണത്തിന്റെ പരിമിതികളെക്കുറിച്ചും, വികേന്ദ്രീകൃതാസൂത്രണത്തിന്റെ പ്രസക്തിയെക്കുറിച്ചും നാം ചിന്തിക്കുന്നത്. അധികാര വികേന്ദ്രീകരണത്തിലൂടെ പഞ്ചായത്ത് രാജ് നിലവിൽവന്നെങ്കിൽ മാത്രമെ വികേന്ദ്രീകൃതാസൂത്രണം സാധ്യമാകുകയുള്ളൂ. ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിൽ അധികാര വികേന്ദ്രീകരണം ഉതുങ്ങിനിന്നപ്പോൾ തന്നെ 1950കളുടെ അവസാനത്തോടുകൂടി ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും പഞ്ചായത്ത് രാജ്

സംവിധാനം നിലവിൽവന്നുവെങ്കിലും അവയ്ക്ക് ഭരണ ഘടനയുടെ പൂർണ്ണമായ പിന്തുണ ഉണ്ടായിരുന്നില്ല. ഈ പോരായ്മ പരിഹരിക്കുന്നതിന് 1992 ഡിസംബറിൽ പാർലമെന്റ് 73-ാം ഭരണഘടനാഭേദഗതി പാസ്സാക്കി. ഈ ഭേദഗതിയിൽ പ്രാദേശിക ഭരണ സമിതികൾക്ക് കൂടുതൽ അധികാരം നൽകണമെന്നും, എല്ലാ സംസ്ഥാനങ്ങളിലും പ്രാദേശിക ഭരണസംവിധാനം നിർബന്ധമായും നിലവിൽവരണമെന്നും നിർദ്ദേശിക്കപ്പെട്ടിരുന്നു. അങ്ങനെ 1994 ഏപ്രിൽ 23ന് കേരളാ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നു. തുടർന്നു നടത്തിയ തെരഞ്ഞെടുപ്പിലൂടെ കൂടുതൽ അധികാരങ്ങളുള്ള പഞ്ചായത്ത് ഭരണസമിതികൾ 1995 ഒക്ടോബറിൽ അധികാരത്തിൽവന്നു.

ഈ സാഹചര്യത്തിലാണ് കേരള സർക്കാർ ജനകീയാസൂത്രണത്തിലൂടെ ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി മാറ്റുകയെന്ന നൂതനമായ ആശയം ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചത്. പക്ഷെ 1997 ഏപ്രിൽ ഒന്നിന് ആരംഭിക്കേണ്ട ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണ പ്രക്രിയ സമയബന്ധിതമായി ചെയ്തു തീർക്കുന്നതിന് ഒട്ടേറെ പ്രയാസങ്ങൾ നേരിടേണ്ടിവന്നു. അപ്രതീക്ഷിതമായി വന്നുചേർന്ന ഭാരിച്ച ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിനുള്ള മുന്നൊരുക്കങ്ങളോ ആവശ്യമായ വിവരങ്ങളോ ഒന്നും തന്നെ ഇല്ലാതിരുന്ന അവസ്ഥയിലാണ് ഈ ചുമതല ഏറ്റെടുക്കേണ്ടിവന്നത്. മുൻ അനുഭവങ്ങളുടെ അഭാവം, പഞ്ചായത്ത് രാജ് നിയമങ്ങൾക്ക് ആവശ്യമായ ചട്ടങ്ങളില്ലാത്തത്, പൊതുവായ വികസനത്തെക്കുറിച്ചുള്ള അവബോധമില്ലായ്മ തുടങ്ങി ഒട്ടനവധി കടമ്പകൾ ഈ ഹ്രസ്വമായ സമയത്തിനുള്ളിൽ കടക്കേണ്ടി വന്നിട്ടുണ്ട്. എങ്കിലും പ്രശ്നത്തിന്റെ ഗൗരവം ശരിക്കും ഉൾക്കൊണ്ടുകൊണ്ടുതന്നെ പഞ്ചായത്ത് കമ്മിറ്റി ഒന്നടങ്കം ഒറ്റക്കെട്ടായി രാഷ്ട്രീയഭിപ്രായഭേദങ്ങളൊക്കെ മാറ്റിവെച്ച് പ്രവർത്തന നിരതരായി. പഞ്ചായത്തിലെ അരുവിപ്പുറം വാർഡിൽവന്ന ഉപതെരഞ്ഞെടുപ്പും, കല്ലറ വൊക്കേഷണൽ ഹയർ സെക്കൻറിറി സ്കൂളിൽവച്ച് നവംബർ 27, 28, 29 തീയതികളിൽ നടന്ന വിദ്യാഭ്യാസ ഉപജില്ലാ കലോത്സവവും, പഞ്ചായത്തംഗങ്ങളുടേയും, ജില്ലാതല പരിശീലകരുടേയും ഗണ്യമായ സമയമപഹരിച്ചു. അതുകഴിഞ്ഞുള്ള സമയംമുഴുവൻ എല്ലാ പഞ്ചായത്തംഗങ്ങളും, ജില്ലാതല പരിശീലനം സിദ്ധിച്ച ആറു സന്നദ്ധ പ്രവർത്തകരും പ്രാദേശിക പരിശീലനം സിദ്ധിച്ച അഞ്ചുപേരും ചേർന്ന് നടത്തിയ ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിനു വേണ്ടിയുള്ള കൂട്ടായ പ്രവർത്തനം പ്രശംസനീയമായിരുന്നു. സെപ്തംബർ 6-ാം തീയതി തിരുവനന്തപുരത്തുവെച്ച് പഞ്ചായത്ത് അസോസിയേഷൻ ഹാളിൽവച്ച് ജനകീയാസൂത്രണത്തെക്കുറിച്ച് വിശദീകരിക്കുന്നതിനായി ചേർന്ന യോഗത്തിൽ പഞ്ചായത്ത് പ്രസിഡൻറും വൈസ് പ്രസിഡൻറും പങ്കെടുത്തു. തുടർന്ന് സെപ്തംബർ 8, 9,10 തീയതികളിൽ കിളിമാനൂർ ആർ. ആർ. വി. ആഡിറ്റോറിയത്തിൽവച്ചു നടന്ന ജില്ലാതല പരിശീലനത്തിൽ ആറ് സന്നദ്ധ പ്രവർത്തകരും പ്രസിഡൻറുൾപ്പെടെ അഞ്ച് പഞ്ചായത്ത് സമിതി അംഗങ്ങളും പങ്കെടുത്തു. സെപ്തംബർ 16-ാം തീയതി ഗ്രന്ഥശാലാഹാളിൽവച്ച് നടന്ന ഏകദിന ശിൽപ്പശാലയിൽ 65പേർ പ്രാദേശിക പരിശീലകരായി പങ്കെടുത്തു. ജില്ലാതല പരിശീലകർ പരിശീലനത്തിന് നേതൃത്വം നൽകി.

1996 സെപ്തംബർ 23-ാം തീയതി മുതൽ ഒക്ടോബർ 10 വരെ പഞ്ചായതിലെ എല്ലാ വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ നടന്നു. ആദ്യം നടന്ന ഗ്രാമസഭകളിൽ ജനങ്ങളിൽനിന്നുള്ള പ്രതികരണം താരതമ്യേനമെച്ചമായിരുന്നില്ലെങ്കിലും തുടർന്നുവന്ന ഗ്രാമസഭകളിലെല്ലാം തന്നെഭേദപ്പെട്ട ജനപങ്കാളിത്തവും, ചർച്ചകൾ ആവേശകരവുമായിരുന്നു.

വിശേഷാൽ ഗ്രാമസഭകൾ സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

വിശേഷാൽ ഗ്രാമസഭകളിൽ കൂടുതൽ സജീവമായ ചർച്ച നടന്നത് ഗതാഗതം, വൈദ്യുതി, കൃഷി, കുടിവെള്ളം എന്നീ പ്രശ്നങ്ങളിലാണ്. സെപ്തംബർ 26-ാം തീയതി പഞ്ചായത്തുതലത്തിലുള്ള ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ച് ചേർക്കുകയും ജനകീയാസൂത്രണത്തെക്കുറിച്ചുള്ള ഒരു പഠന ക്ലാസ്സ് ജില്ലാതല പരിശീലകർ നയിക്കുകയും ചെയ്തു.

ഒക്ടോബർ 27, 28, 29 തീയതികളിൽ മടത്തറ അരിപ്പയിൽവച്ച് നടന്ന രണ്ടാംഘട്ട ജില്ലാതല പരിശീലനത്തിൽ ആറ് ഡി. ആർ. പി.മാരും അഞ്ച് പഞ്ചായത്തംഗങ്ങളും, പഞ്ചായത്ത് സെക്രട്ടറിയും, വില്ലേജ് ആപ്പീസർ, വെറ്ററിനറി സർജൻ, ഒരു പഞ്ചായത്ത് ഉദ്യോഗസ്ഥൻ എന്നിവരും പങ്കെടുത്തു. രണ്ടാംഘട്ട പഞ്ചായത്തുതല ഏകദിന ശിൽപ്പശാല 7.11.96ൽ ഗ്രന്ഥശാലാ ഹാളിൽവച്ച് നടന്നു. ശിൽപ്പശാലയിൽ സ്ത്രീകളുൾപ്പെടെ 66 പേർ പങ്കെടുത്തു. സംസ്ഥാനതല പരിശീലകൻ ശ്രീ. മടത്തറ ശശി സന്നിഹിതനായിരുന്നു. ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടത്തിയ ഏകദിന ശില്പശാലകൾ, വിവിധ

വിശേഷാൽ ഗ്രാമസഭകൾ സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	വാർഡിന്റെ പേര്	പങ്കെടുത്തവർ			ഉദ്യോഗസ്ഥ പങ്കാളിത്തം	വിദഗ്ധരുടെ പങ്കാളിത്തം
		പുരുഷൻ	സ്ത്രീ	ആകെ		
1	കല്ലറ	150	54	204	4	3
2	പാൽക്കുളം	238	200	438	2	10
3	തുമ്പോട്	157	10	167	3	25
4	കുറുമ്പയം	142	35	177	5	15
5	തെങ്ങുംകോട്	67	17	84	4	5
6	ചെറുവാളം	115	100	215	5	10
7	പരപ്പിൽ	85	15	100	4	8
8	മുതുവിള	125	125	250	10	8
9	അരുവിപ്പുറം	74	26	100	2	5
10	കുറിഞ്ഞിലക്കോട്	98	65	163	5	24
11	മിതൃമ്മല	100	75	175	10	40

കോൺഫറൻസുകൾ, വിശേഷാൽ ഗ്രാമസഭകൾ എന്നിവയെല്ലാം തന്നെ പഞ്ചായത്തുമേഖലയിൽ നിന്നും ബ്ലോക്കു പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. വി. ടി. ശശികുമാറും, ശ്രീമതി ശശികലയും നേതൃത്വപരമായ പങ്ക് വഹിച്ചുവെന്നത് ഇവിടെ എടുത്തു പറയേണ്ടതാണ്. ഒക്ടോബർ 22, 26 തീയതികളിൽ ഉദ്യോഗസ്ഥന്മാരുടെ യോഗം ചേർന്ന് ദ്വിതീയ വിവരശേഖരണത്തെക്കുറിച്ച് ചർച്ച ചെയ്തു.

പഞ്ചായത്ത് പ്രദേശത്തെ മൂന്നു മേഖലകളായി തിരിച്ച് നവംബർ 9-ാം തീയതി ഒരു ദിവസം കൊണ്ടുതന്നെ പഠനപര്യടനം നടത്തി. 15-ാം തീയതി ദ്വിതീയ വിവരശേഖരണ ദിനമായി ആചരിച്ചു. നവംബർ 19-ാം തീയതി ചരിത്രസംഗമം കല്ലറ ഗവ. ഹൈസ്കൂൾ ആഡിറ്റോറിയത്തിൽവച്ച് നടത്തി. സ്വാതന്ത്ര്യസമരസേനാനികളും, പ്രായംചെന്ന കാരണവന്മാരും ഈ സംഗമത്തിൽ ഒത്തുചേർന്നപ്പോൾ നാടിന്റെ ചരിത്രത്തെക്കുറിച്ച് വളരെ വിലപ്പെട്ട അറിവുകളുടെ ചെപ്പ് തുറക്കലായിരുന്നു. ചരിത്രസംഗമത്തിൽ ശ്രീ. മടത്തറ ശശി പങ്കെടുത്തു. ഇതിനിടയിൽത്തന്നെ ജില്ലാതല പരിശീലകരുടേയും, പഞ്ചായത്തുതല പരിശീലകരുടേയും യോഗങ്ങൾ പലതവണ ചേർന്ന് അതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. നവംബർ 27 മുതൽ ഡിസംബർ ഒന്നുവരെ വിഷയാടിസ്ഥാനത്തിൽ ചർച്ചകൾ നടത്തുകയും, വിഷയാടിസ്ഥാനത്തിൽ റിപ്പോർട്ടു തയ്യാറാക്കുന്നതിന് ജില്ലാതല പരിശീലകരെ ചുമതലപ്പെടുത്തുകയും ചെയ്തു.

ഈ റിപ്പോർട്ട് തയ്യാറാക്കുമ്പോൾ പ്രദേശത്തിന്റെ ഭൂപ്രകൃതി, ചരിത്ര പശ്ചാത്തലം, സാമൂഹിക - സാംസ്ക്കാരിക നില, ലഭ്യമാകാവുന്ന വിഭവ സ്രോതസ്സുകൾ തുടങ്ങി ജീവിതത്തിന്റെ വിവിധ മേഖലകളെ സംബന്ധിച്ച സമഗ്രമായ ഒരു സമീപനം കൈക്കൊള്ളുന്നതിന് ശ്രമിച്ചിട്ടുണ്ട്. വിശേഷാൽ ഗ്രാമസഭകളിൽ ഉയർന്നു വന്ന അഭിപ്രായങ്ങൾക്കും ആവശ്യങ്ങൾക്കും പൊതുവായി പരിഗണന നൽകുന്നതിനും പ്രത്യേക സാഹചര്യങ്ങളിൽ പ്രദേശിക പ്രധാന്യമുള്ള പ്രശ്നങ്ങൾക്ക് മുൻതൂക്കം നൽകുന്നതിനും ശ്രമിച്ചിട്ടുണ്ട്. ഓരോ മേഖലയുടേയും പഴയകാല ചരിത്രം, ഇന്നത്തെ സ്ഥിതി, നേരിടുന്ന വെല്ലുവിളി, സാധ്യതകൾ ഈ ക്രമത്തിൽത്തന്നെ വിശകലനം ചെയ്ത് സമാഹരിക്കാൻ ശ്രമിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ സമഗ്രമായ വികസനം എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് പരമാവധി ഉത്തരവാദിത്വത്തോടെയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. നമ്മുടെ ആവശ്യങ്ങൾ പദ്ധതികളായി അടുത്ത അഞ്ചുവർഷം കൊണ്ട് സാക്ഷാത്ക്കരിക്കപ്പെടുമ്പോൾ നമ്മുടെ പഞ്ചായത്തിലെ ജനജീവിതത്തിന് ആശ്വാസം പകരുമെന്ന വിശ്വാസത്തോടെ, ആദരവോടെ നിങ്ങളുടെ അംഗീകാരത്തിനായി ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

പഞ്ചായത്തിനെ സംബന്ധിക്കുന്ന പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	:	കല്ലറ ഗ്രാമപഞ്ചായത്ത്
റവന്യൂ വില്ലേജിന്റെ പേര്	:	കല്ലറ വില്ലേജ്
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	മിതൃമ്മല, പാങ്ങോട്
ബ്ലോക്ക് പഞ്ചായത്ത്	:	വാമനപുരം
താലൂക്ക്	:	നെടുമങ്ങാട്
ജില്ല	:	തിരുവനന്തപുരം
നിയമസഭാ നിയോജകമണ്ഡലം	:	വാമനപുരം
പാർലമെന്റ് മണ്ഡലം	:	ചിറയിൻകീഴ്
വിസ്തീർണ്ണം	:	26.77 ചതുരശ്ര കി. മീറ്റർ
ജനസംഖ്യ	:	24048
വാർഡുകളുടെ എണ്ണം	:	പതിനൊന്ന്
പ്രസിഡന്റിന്റെ പേര്	:	എം. ജി. മീനാംബിക
വൈസ് പ്രസിഡന്റിന്റെ പേര്	:	ആർ. വിദ്യാസാഗരൻ

ഭരണപരമായ ചരിത്രം

നമ്മുടെ പഞ്ചായത്തിന്റെ ഭരണപരമായ ചരിത്രം പരാമർശിക്കുമ്പോൾ ആദ്യമായി പഞ്ചായത്തു ഭരണ സമിതി നിലവിൽ വന്നതിനുശേഷമുള്ള ചരിത്രത്തിൽ ഒതുക്കിനിർത്താനാവില്ല. 1953 ജൂലൈ 17-ാം തീയതി മൂന്നു മണിക്ക് ശ്രീ. എൻ. വാസുദേവൻപിള്ള അവർകളുടെ നേതൃത്വത്തിൽ ആദ്യ പഞ്ചായത്തു കമ്മറ്റി നിലവിൽ വരുന്നതിനു ഏഴുവർഷം മുമ്പ് 28.3.1948 (കൊല്ലവർഷം 14-8-1122)ൽ ഗ്രാമവികസനം ലക്ഷ്യമാക്കി ഗ്രാമോദ്ധാരണ കേന്ദ്രം നിലവിൽവന്നു. ഗ്രാമോദ്ധാരണ സമിതിയിൽ ഏഴ് അംഗങ്ങളാണുണ്ടായിരുന്നത്. തിരുവിതാംകൂറിൽ ഒട്ടാകെ അനുവദിക്കപ്പെട്ട 18 കേന്ദ്രങ്ങളിൽ ഒന്നായിരുന്നു ഇതെന്ന് പഴമക്കാർ പറയുന്നു. സമിതിഅംഗങ്ങളെ സർക്കാർ നേരിട്ടു നാമനിർദ്ദേശം ചെയ്യുകയായിരുന്നു. ആദ്യ സമിതിയിലെ അംഗങ്ങൾ താഴെ പറയുന്നവരായിരുന്നു.

1. എം. ആർ. മാധവക്കുറുപ്പ്
2. എം. വാസവൻ
3. ഒ. കെ. കാസിംപിള്ള
4. എസ്സ് കൃഷ്ണപിള്ള
5. എസ്സ് പരമേശ്വരൻപിള്ള
6. എം ദാമോദരൻ
7. സി. പി. പത്മാക്ഷിയമ്മ

ഗ്രാമോദ്ധാരണ സമിതി കൊല്ലവർ 23-10-1123ൽ വില്ലേജ് യൂണിയനായി മാറി. അതിനു ഷം 11-5-52ൽ ഈ സമിതിയെ വില്ലേജ് പഞ്ചായ ആക്കിമാറ്റി. ഭരണസമിതി അംഗങ്ങളിൽ ചില മാറ്റങ ഉണ്ടായെങ്കിലും തെരഞ്ഞെടുക്കപ്പെട്ട ആദ്യ പഞ ത്തു സമിതി അധികാരത്തിൽ വരുന്നതുവരെ ഈ സ തി നിലനിൽക്കുകയും ചെയ്തു. ഗ്രാമോദ്ധാരണ സമി യുടെ കാലത്ത് പ്രധാനപ്പെട്ട അനവധി വികസന പ്ര ത്തനങ്ങൾ നടന്നിട്ടുണ്ട്. കല്ലറ - പാട്ടറ റോഡ്, കല്ല തറട്ട റോഡ്, പാട്ടറ - പാങ്ങോട് റോഡ് എന്നീ റോഡുക വികസിപ്പിച്ച് സഞ്ചാര യോഗ്യമാക്കിയതും തുമ്പോ ചിറ നിർമ്മിച്ചതും പ്രധാന കവലകളിൽ മണ്ണെണ്ണ വ ണ്ണുകത്തിക്കുന്ന തെരുവുവിളക്കുകൾ സ്ഥാപിച്ച ഈ ഭരണ സമിതിയാണ്. നമ്മുടെ ഗ്രാമത്തിൽ വൈ തി എത്തിക്കണമെന്ന് ആദ്യമായി നിവേദനം നടത്ത തും ഗ്രാമോദ്ധാരണ സമിതിയുടെ കാലത്താണ്.

തെരഞ്ഞെടുക്കപ്പെട്ട ആദ്യ പഞ്ചായത്തു കമ്മ 17-7-1953ലാണ് ഭരണ സാരഥ്യമേറ്റത്. കല്ലറ പഞ്ച ത്തിൽ ഏഴു വാർഡുകളാണുണ്ടായിരുന്നത്. ഇ ദ്യയാംഗ മണ്ഡലത്തിലെ രണ്ടംഗങ്ങൾ ഉൾപ്പെടെ ഏ

അംഗങ്ങളും ഇപ്പോഴത്തെ കല്ലറ പഞ്ചായത്തും പാങ്ങോട് പഞ്ചായത്തും ചേർന്ന ഒരു വിശാല മേഘലയായിരുന്നു കല്ലറ പഞ്ചായത്ത്. കല്ലറ പഞ്ചായത്തിന്റെ തെക്കുഭാഗത്തുള്ള കുറച്ചുഭാഗങ്ങൾ വാമനപുരം പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്നു. ആദ്യ പഞ്ചായത്തു കമ്മറ്റി അംഗങ്ങളുടെ പേരും അവർ പ്രതിനിധാനം ചെയ്തിരുന്ന വാർഡുകളും താഴെക്കൊടുക്കുന്നു.

1	എൻ. ചെല്ലപ്പൻ	-	തെങ്ങുംകോട്
2	എൻ. വാസുദേവൻപിള്ള	-	മിതൃമ്മല
3	കെ. തിരുവാതിരൻ		
4	ഒ. കെ. കാസിംപിള്ള	-	തുമ്പോട്
5	യു. സൈനുദ്ദീൻ	-	പുലിപ്പാറ
6	കെ. കൊച്ചുനീലകണ്ഠൻ	-	പാട്ടറ
7	എസ്സ്. ആർ. കൃഷ്ണപിള്ള	-	പാങ്ങോട്
8	യു. കരുണാകരൻ	-	ഭരതന്നൂർ

17-7-1953ൽ ചേർന്ന പഞ്ചായത്തു കമ്മിറ്റിയുടെ ആദ്യയോഗത്തിൽ വച്ച് ശ്രീ. എൻ. വാസുദേവൻപിള്ളയെ പ്രസിഡന്റായി തെരഞ്ഞെടുത്തു. കല്ലറ ജംഗ്ഷനിൽ രക്തസാക്ഷിസ്മാരകം നിർമ്മിച്ചത് ഈ ഭരണസമിതിയുടെ കാലത്താണ്. ശ്രീ. വാസുദേവൻപിള്ളയുടെ നേതൃത്വത്തിലുള്ള ഭരണസമിതി 1-5-1962 വരെ നിലനിന്നു. 1-5-62ൽ പഞ്ചായത്തു സമിതി പിരിച്ചുവിട്ടു. പഞ്ചായത്തുഭരണം സ്പെഷ്യൽ ആപ്പീസർ ഏറ്റെടുത്തു. ആറുമാസത്തിനുശേഷം നടന്ന തെരഞ്ഞെടുപ്പിലൂടെ 18-12-63ൽ ശ്രീ. എൻ. ചെല്ലപ്പൻവൈദ്യന്റെ നേതൃത്വത്തിൽ പുതിയ ഭരണ സമിതി അധികാരമേറ്റു. ഭരണ സമിതിയിലെ മറ്റംഗങ്ങൾ:- പി. ഗോപാലൻ, യു. സൈനുദ്ദീൻ, എ. തങ്കപ്പൻനായർ, എം എ ബദറുദ്ദീൻ, എസ്. സുന്ദരേശ്വരക്കുറുപ്പ്, വി. തോമസ്, വി. പാച്ചൻ, എ എ അസീസ്, ജി. സരോജിനി എന്നിവരായിരുന്നു. ഏറ്റവും കൂടുതൽ കാലം ഭരണത്തിലുണ്ടായിരുന്ന സമിതിയും ഇതുതന്നെയായിരുന്നു. 18-12-63ൽ മുതൽ 13-8-79വരെ ഏതാണ്ട് പതിനാറുവർഷം.

ആദ്യ പഞ്ചായത്തിന്റെ അതിർത്തി വടക്ക് കൊല്ലം ജില്ലയിലെ കടയ്ക്കൽ പഞ്ചായത്ത്, പടിഞ്ഞാറ് വാമനപുരം, പുളിമാത്ത് പഞ്ചായത്തുകൾ, തെക്ക് വാമനപുരം, പുല്ലംപാറ പഞ്ചായത്തുകൾ, കിഴക്ക് - തെക്ക് വാമനപുരം നദി, കിഴക്ക് നന്ദിയോട് പഞ്ചായത്ത് എന്നിങ്ങനെയാണ്. കൂടാതെ പെരുങ്ങുംമല പഞ്ചായത്തിനുള്ളിലെ പുന്നമൺവയൽ പ്രദേശത്തുള്ള ഉദ്ദേശം ഇരുപത്തിഅഞ്ചോളം വീടുകളും ഉൾപ്പെട്ട ഒരു വിശാലമേഘലയായിരുന്നു കല്ലറ പഞ്ചായത്ത്.

7-10-77ലെ ജി. ഒ. (എം എസ്) 283/77 സർക്കാർ ഉത്തരവുപ്രകാരം കല്ലറ, വാമനപുരം, പുല്ലമ്പാറ എന്നീ പഞ്ചായത്തുകളെ വിഭജിച്ച് പാങ്ങോട് പഞ്ചായത്ത് രൂപീകരിച്ചു. ഇതോടുകൂടി തെരഞ്ഞെടുത്ത പഞ്ചായത്തു കമ്മിറ്റികളും പിരിച്ചുവിട്ടു. നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽവന്നു. ഈ കമ്മിറ്റിയിലും ശ്രീ. ചെല്ലപ്പൻ വൈദ്യൻ പ്രസിഡന്റായി തുടർന്നു.

പഞ്ചായത്തു വിഭജിച്ചപ്പോൾ ഇന്നത്തെ പാങ്ങോടു പഞ്ചായത്തിൽപ്പെട്ട സ്ഥലം മുഴുവൻ കല്ലറ പഞ്ചായത്തിൽനിന്ന് വിട്ടുപോയതാണ്. വിട്ടുപോയ സ്ഥലത്തിന്റെ ജനസംഖ്യ 15000 ആയിരുന്നു. വാമനപുരം പഞ്ചായത്തിൽനിന്നും 10575 ജനസംഖ്യയുള്ള പ്രദേശങ്ങളും - പുല്ലമ്പാറ പഞ്ചായത്തിൽനിന്നും 522 ജനസംഖ്യയുള്ള പ്രദേശങ്ങളും കല്ലറ പഞ്ചായത്തിലേക്കു കൂട്ടിച്ചേർത്തു. ഇന്ന് കല്ലറ പഞ്ചായത്തിന്റെ അതിർത്തി വടക്ക് മുണ്ടോണിക്കര ഏലാതോട്, മരുതമൺ, തണ്ണിയം, പനച്ചമൂട് - കിഴക്കുംകര, വാഴത്തോപ്പുപച്ച, പാലുവള്ളി, പടിഞ്ഞാറ്: വാമനപുരം പുളിമാത്ത് പഞ്ചായത്തുകൾ. തെക്ക്: വാമനപുരം നദി. കിഴക്ക് പാങ്ങോട്, നന്ദിയോട് പഞ്ചായത്തുകൾ ഇവയാണ്. 1977-ലെ പഞ്ചായത്ത് അതിർത്തി പുനർനിർണ്ണയത്തിനുശേഷം നടന്ന പഞ്ചായത്തു തെരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീ. എൻ. ആർ. സുകുമാരൻ നായരുടെ നേതൃത്വത്തിൽ 28-9-79ൽ പുതിയ പഞ്ചായത്ത് ഭരണ സമിതി നിലവിൽവന്നു. ഈ സമതിയിൽ സർവ്വശ്രീ. എൻ. ആർ. സുകുമാരൻനായർ, സി. ശശിധരക്കുറുപ്പ്, ജി. ഉത്തമൻ, എം. എ. ബഷീർ, എ ഗോപകുമാർ, കെ. ജി. മോസ്ക്കരൻനായർ, കുട്ടികൃഷ്ണൻ, കെ. കമലാസനൻ, ടി. സീത, എം ദേവരാജൻ നായർ എന്നിവർ അംഗങ്ങളായിരുന്നു. ഈ ഭരണസമിതി 31.10.84ൽ സർക്കാർ ഉത്തരവ് പ്രകാരം പിരിച്ചുവിടുകയും പഞ്ചായത്തിലെ ഭരണനിർവ്വഹണത്തിന് താലൂക്ക് പഞ്ചായത്ത് ആപ്പിസറെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ സംവിധാനം 6-2-88 വരെ നിലനിന്നു. 1988ൽ നടന്ന തെരഞ്ഞെടുപ്പിനു ശേഷം ശ്രീ. സി. ശശിധരക്കുറുപ്പിന്റെ നേതൃത്വത്തിലുള്ള ഒരു ഭരണ സമിതി അധികാരത്തിൽവന്നു. ഈ ഭരണ സമിതിയിൽ സി. ശശിധരക്കുറുപ്പ്, ജി. ശിവദാസൻ, എ. ഗോപകുമാർ, ഡി. കൊച്ചുകൃഷ്ണപിള്ള, വി. ജി. വത്സല, വൈ. ശശിധരൻ, ജി. സുരേന്ദ്രൻ, വി. ടി. ശശികുമാർ, ഇ. ഷൈലാബീവി, എൻ. അനിൽകുമാർ എന്നിവർ അംഗങ്ങളായിരുന്നു. ഈ ഭരണസമിതി, നിലവിലുള്ള ഭരണ

സമിതി അധികാരമേൽക്കുന്നതുവരെ നിലനിന്നു. പത്തു വാർഡുകൾ ഉണ്ടായിരുന്ന പഞ്ചായത്തിലെ വാർഡുകളുടെ അതിർത്തി പുനർനിർണ്ണയം ചെയ്തു. കുറിഞ്ചിലക്കാട് വാർഡ് പുതുതായി രൂപീകരിച്ചു. 1995 സെപ്തംബർ മാസത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീമതി. എം. ജി. മീനാംബികയുടെ നേതൃത്വത്തിൽ തുടർന്നുള്ള പഞ്ചായത്തു ഭരണ സമിതി നിലവിൽ വന്നു. ചെറുവാളം, അരുവിപ്പുറം വാർഡുകളിൽ നിന്നും ജയിച്ചുവന്ന ജെ. വി. സ്നേഹലത, ജി. വിജയകുമാർ എന്നിവർ രാജിവെച്ചതിനെ തുടർന്ന് ഉപതെരഞ്ഞെടുപ്പ് നടത്തി.

നിലവിലുള്ള ഭരണസമിതി അംഗങ്ങൾ

വാർഡ്		തെരഞ്ഞടുക്കപ്പെട്ട അംഗങ്ങൾ
കല്ലറ – 1	:	ആർ. വിദ്യാസാഗരൻ
പാൽക്കുളം – 2	:	ബി. സുചിത്ര
തുമ്പോട് – 3	:	ഒ. കെ. സലീം
കുറുമ്പയം – 4	:	ഡികൊച്ചുകൃഷ്ണപിള്ള
തെങ്ങുംകോട് – 5	:	എസ്. ബാബു
ചെറുവാളം – 6	:	വി. ജീജ
പരപ്പിൽ – 7	:	കെ ദേവരാജൻ
മുതുവിള – 8	:	ഡോ. വി. എൻ. സുഷ്മ
അരുവിപ്പുറം – 9	:	വി. സനൽകുമാർ
കുറഞ്ചിലക്കാട് – 10	:	കുറഞ്ചിലക്കാട് ബഷീർ
മിതൃമ്മല – 11	:	എം ജി. മീനാംബിക

1953ൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ഭരണ സമിതി അധികാരത്തിൽ വന്നതിനുശേഷം വിവിധ മേഖലകളിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങളിലൂടെ നാടിന്റെ മുഖചായക്കു തന്നെ മാറ്റം വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിന്റെ മിക്കവാറും ഭാഗങ്ങളിൽ എത്തിച്ചേരുന്നതിനുള്ള റോഡുകളും വഴികളും പ്രൊഫ. ആർ. രമേശൻനായർ സൗജന്യമായി നൽകിയ രണ്ടുസെന്റ് സ്ഥലത്ത് ഇരുനിലകെട്ടിടം നിർമ്മിച്ച് വൈ. എം. എ. ഗ്രന്ഥശാല പഞ്ചായത്ത് ഏറ്റെടുത്ത് ഈ കെട്ടിടത്തിലേക്ക് മാറ്റിയത്, ബ്ലോക്കുതലത്തിൽ അനുവദിച്ച മാവേലിസ്റ്റോർ സംസ്ഥാനത്ത് ആദ്യമായി നമ്മുടെ പഞ്ചായത്തിൽ ഉദ്ഘാടനം ചെയ്തത്, കല്ലറ സ്കൂൾ ഹൈസ്കൂൾ ആക്കിയതും, തുടർന്ന് വി. എച്ച്. എസ്. എസ്. ആയി ഉയർത്തിയത്, പഞ്ചായത്തിന്റെ മാനേജുമെന്റിൽ തെങ്ങുംകോട് അപ്പർ പ്രൈമറി സ്കൂൾ, ഗവൺമെന്റ് ആശുപത്രി സ്ഥാപനവും കാലാകാലങ്ങളിൽ അതിനുണ്ടാക്കിയ പുരോഗിയും മുതുവിള എൻ. ആർ. സുകുമാരൻനായർ സ്മാരക സാംസ്കാരിക കേന്ദ്രം, 2,77,738 രൂപ ചെലവിൽ കളിസ്ഥലം, പഞ്ചായത്ത് ഗ്രൗണ്ടിൽ ശിശുവിഹാൻ, പഞ്ചായത്തിന്റെ ശ്രമഫലമായി കൊടിതൂക്കിയക്കുന്ന്, പോങ്ങുംമൂട് എം എൽ എ റോഡ്, പഞ്ചായത്തിന്റെ തന്നെ ചെലവിൽ നിരവധി സ്ഥലങ്ങളിൽ വൈദ്യുതി എത്തിച്ചത് എന്നിവ എടുത്തു പറയത്തക്ക നേട്ടങ്ങൾ തന്നെയാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ/അർദ്ധസർക്കാർ / സ്വകാര്യ സ്ഥാപനങ്ങൾ താഴെ കൊടുക്കുന്നു.

പഞ്ചായത്താപ്പീസ്; വില്ലേജ് ആപ്പീസ്, കൃഷിഭവൻ, പ്രൈമറി ഹെൽത്ത് സെൻറർ, മൃഗാശുപത്രി, സബ്രജിസ്ട്രാർ ആപ്പീസ്, വി. ഇ. ഒ. ആപ്പീസ്, ഡയറി എക്സ്റ്റൻഷൻ ആപ്പീസ്, 5 കുടുംബക്ഷേമ കേന്ദ്രങ്ങൾ; വൈദ്യുതി സബ് എഞ്ചിനീയർ ആപ്പീസ്, രണ്ട് സബ് പോസ്റ്റാപ്പീസുകളും 4 ബ്രാഞ്ച് പോസ്റ്റാപ്പീസുകളും; ടെലിഫോൺ എക്സ്ചേഞ്ച്, കല്ലറ വൊക്കേഷണൽ ഹൈയർ സെക്കൻററി സ്കൂൾ ഉൾപ്പെടെ 3 ഹൈസ്കൂളുകൾ; സ്വകാര്യ മേഖലയിലുള്ള രണ്ട് അപ്പർ പ്രൈമറി സ്കൂളുകളും 2 ലോവർ പ്രൈമറി സ്കൂളുകളും, അഞ്ച് സർക്കാർ ലോവർ പ്രൈമറി സ്കൂളുകൾ, ഇന്ത്യൻ ഓവർസീസ് ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, 24 അംഗൻവാടികൾ, മിതൃമ്മല സർവ്വിസ് സഹകരണ ബാങ്ക്, ജോയിൻറ് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ശിശുവിഹാർ.

കല്ലറ ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന വാമനപുരം നിയോജക മണ്ഡലത്തിനെ ശ്രീ. കല്ലറ എൻ. വാസുദേവൻ പിള്ളയും, ശ്രീ. എൻ. കുഞ്ഞുകൃഷ്ണപിള്ളയും 1980 മുതൽ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണനായരും പ്രതിനിധീകരിച്ചു. 1996ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. പിരപ്പൻകോട് മുരളിയെ വാമനപുരം നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തു. 1991 ജാനുവരിയിൽ ജില്ലാ കൗൺസിലേക്കുള്ള തെരഞ്ഞെടുപ്പിൽ കല്ലറ പഞ്ചായത്തുൾപ്പെടുന്ന വാമനപുരം മണ്ഡലത്തിൽ നിന്നും പ്രൊഫ. ആർ. രമേശൻനായരെ തെരഞ്ഞെടുത്തു.

കല്ലറ പഞ്ചായത്തുൾപ്പെടുന്ന തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ വാമനപുരം നിയോജകമണ്ഡലത്തിൽനിന്ന് ശ്രീ. വെഞ്ഞാറമൂട് ശശിയും വാമനപുരം ബ്ലോക്ക് പഞ്ചായത്തിലെ മിതൃമ്മല നിയോജക മണ്ഡലത്തിൽനിന്നും ശ്രീ. വി. ടി. ശശികുമാറും കല്ലറ പഞ്ചായത്തിലെ തന്നെ പാൽക്കുളം, കുറുമ്പയം, ചെറുവാളം നിയോജകമണ്ഡലങ്ങൾ ഉൾപ്പെടുന്ന പാങ്ങോട് ബ്ലോക്ക് നിയോജക മണ്ഡലത്തിൽനിന്നും ശ്രീമതി. എം ശശികലയും തെരഞ്ഞെടുക്കപ്പെട്ടു.

അഡ്വ. എം. ആർ. മാധവക്കുറുപ്പ്

പിൽക്കാലത്ത് ഹൈസ്കൂളായി ഉയർന്ന മിതൃമ്മല സ്കൂളിന്റെ സ്ഥാപകൻ വാമനൻ എന്ന സ്തൂലികാ നാമത്തിൽ അറിയപ്പെടുന്ന ഹാസ്യകവി, കല്ലറ ഗ്രാമോദ്ധാരണ കേന്ദ്രത്തിന്റെ ആദ്യ പ്രസിഡൻറ് എന്നീ നിലകളിൽ നാടിന്റെ വിദ്യാഭ്യാസ – സാംസ്കാരിക രംഗത്ത് നിറഞ്ഞുനിന്ന സാംസ്കാരിക നായകൻ. ആ മഹാത്മാവിന്റെ നാമധേയം കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

സാമൂഹിക സാംസ്കാരിക ചരിത്രപശ്ചാത്തലം

പഞ്ചായത്തിലെ ജനവാസം എന്നു തുടങ്ങിയെന്ന് വ്യക്തമല്ലെങ്കിലും ദൈർഘ്യമേറിയ കാലയളവിലൂടെ കടന്നുപോന്ന മനുഷ്യജീവിതം കയറിയിറങ്ങിയ പടവുകളിലേയ്ക്കൊരെത്തി നോട്ടമാണിവിടെ.

ധീരരായ ദേശാഭിമാനികളുടെ ജീവാർപ്പണം കൊണ്ട് പ്രസിദ്ധമായ കല്ലറ, കാർഷിക സംസ്കാരത്തിന്റെ സംശുദ്ധമുഖമാണ്. തിരുവനന്തപുരം ജില്ലയുടെ വടക്കരികിൽ കൊല്ലം ജില്ലയിലെ കടയ്ക്കൽ പഞ്ചായത്തിനോട് ചേർന്നുകിടക്കുന്ന മലകളും താഴ്വാരങ്ങളും ചെറുപുഴകളും ചേർന്ന് പൊതുവേ ഉന്നതമായ മലമ്പ്രദേശമാണ് കല്ലറ പഞ്ചായത്ത്.

ഈ പ്രദേശത്തിന് കല്ലറയെന്ന പേര് എങ്ങനെ ലഭിച്ചുവെന്നതിനെ സംബന്ധിച്ച് വ്യക്തമായ അറിവ് തരുന്ന രേഖകളൊന്നും കണ്ടുകിട്ടിയിട്ടില്ല. പേരിന്റെ ആഗമനത്തെ സംബന്ധിച്ച് ഭിന്നാഭിപ്രായങ്ങളാണ് നിലവിലിരിക്കുന്നത്. പ്രകൃതിദത്തമായ അറയോടുകൂടിയ പാറകൾ ഇവിടെ ധാരാളം ഉണ്ടായിരുന്നതുകൊണ്ടാണ് കല്ലറ എന്ന പേര് ഉണ്ടായതെന്നാണ് ഒരു മതം. കല്ലറ ജംഗ്ഷന്റെ കിഴക്കു ഭാഗത്തുള്ള പാറമുകളിൽ അത്തരം അറയോടുകൂടിയ പാറ ഇന്നുമുണ്ട്. കല്ലിൽ അറ ക്രമേണ കല്ലറയായി. കൽ+അറ-കല്ല്+അറ= കല്ലറ. പാറ കീറി അടുക്കിമുകൾഭാഗവും പാറക്കീറുകളാൽ മൂടിയെടുത്ത അറകൾ ഉണ്ടായിരുന്ന സ്ഥലം എന്ന അർത്ഥത്തിൽ, കല്ലുകൊണ്ടുള്ള അറ കല്ല്+അറ = കല്ലറയായി എന്നും ചിലർ വാദിക്കുന്നു. ഇത്തരം അറകൾ ചിലയിടങ്ങളിൽ കണ്ടിട്ടുള്ളതാണ് ഈ അഭിപ്രായത്തിനു കാരണം. മരുമക്കത്താ യത്തിന്റെ കയ്പുനീരുമായി ബന്ധപ്പെട്ടതാണ് മറ്റൊരഭിപ്രായം. വടക്ക് കല്ലടശേരിയിൽ നിന്നും ഒരു വല്യമ്മ ഭർത്താവ് മരിച്ച ശേഷമുള്ള അനാഥാവസ്ഥയിൽ വാരിക്കെട്ടിയിറങ്ങി. ഇന്നത്തെ മാടൻനടയ്ക്കു സമീപം വന്ന് താമസമുറപ്പിച്ചു. അവരിൽനിന്നാണ് കല്ലറ കുടുംബക്കാരുടെ തുടക്കം. അവർ കൊണ്ടുവന്നിരുന്ന ആരാധനാമൂർത്തിയായ ശിലയാണ് മാടൻനടയിലെ ആദ്യകാല പ്രതിഷ്ഠ. കല്ലടശ്ശേരിയിൽ നിന്നും വന്നവരിൽ നിന്നാണ് `കല്ലറ' എന്ന സ്ഥലനാമം ഉണ്ടായതെന്ന് പറയുന്നു. 'കല്ലടശ്ശേരി' 'കല്ലറ ശ്ശേരി'യായി. `ട' കാരം `റ' കാരമായി മാറി. ``ശ്ശേരി'' കാലക്രമേണ ലോപിച്ചതായി കരുതണം. സ്ഥലനാമത്തെ കുറിച്ചുള്ള മറ്റൊരഭിപ്രായം ഭൂപ്രകൃതി സംബന്ധമായുള്ളതാണ്. കല്ലറയും, പരിസരപ്രദേശങ്ങളും ഉണ്ടക്കല്ലുകൾ നിറന്ന ഭൂവൽക്കത്തോടു കൂടിയതായിരുന്നു. പ്രസ്തുത ഭൂപ്രകൃതിക്ക് `കൽതറ'യെന്ന് ആളുകൾ പേരിട്ടു. `കൽതറ' ക്രമേണ `കല്ല് തറ' യായും ഉച്ചാരണാർത്ഥം `കല്ലറ'യായും പരിണമിച്ചുവെന്നാണ് ഈ വാദഗതി. ഏതായാലും കല്ലറ എന്ന പേരിലറിയപ്പെട്ടിരുന്ന സ്ഥലം മാടൻനടയ്ക്ക് സമീപമുള്ളതായിരുന്നുവെന്നതിൽ അഭിപ്രായവ്യത്യാസമില്ല. ഇന്നത്തെ പഴയചന്തയിൽ പ്രവർത്തിച്ചിരുന്ന ചന്ത (Market) ഇപ്പോഴത്തെ സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചതോടെ ചന്തയോടൊപ്പം സ്ഥലനാമവും ഇങ്ങോട്ടേക്ക് വ്യാപിച്ചു.

ഭൂസസ്യപ്രകൃതികൾ നമ്മുടെ പഞ്ചായത്തിലെ പല സ്ഥലനാമങ്ങൾക്കും പ്രേരകമാകാം. അവ ഗവേഷണാർഹങ്ങളാണ്. മിത്രുമ്മല ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. ഭാസ്കരൻനായർ ഈ വഴിക്ക് ശ്രമം നടത്തിയിട്ടുണ്ട്. സ്ഥലത്തെ ജനവാസത്തിന്റെ പഴമയ്ക്കാധാരമായ ചരിത്രരേഖകളൊന്നും ലഭിച്ചിട്ടില്ല. റോഡുനിർമ്മാണത്തിനിടയിലും, കെട്ടിടനിർമ്മാണവേളയിൽ തറ ഇടിച്ച് നിരത്തിയപ്പോഴും മിത്രുമ്മലയും പരിസരപ്രദേശങ്ങളിലും മണ്ണിനടിയിൽ നിന്നും കിട്ടിയ മൺകലങ്ങളും ലോഹോപകരണങ്ങളും അവയിലെ കരകൗശലപ്പണികളും പുരാതനമായൊരു സംസ്കാരത്തിന്റെ കഥ പറയുന്നു. ഇത്തരം വസ്തുക്കളും കൂറ്റൻ ഒറ്റക്കൽപ്പാലങ്ങളും, (മിത്രുമ്മല ക്ഷേത്രത്തിന് മുന്നിലെതോട്ടിലുണ്ടായിരുന്ന) അങ്ങിങ്ങ് അവശേഷിച്ചിരിക്കുന്ന കൂറ്റൻ എണ്ണയാട്ടു ചെക്കുകളും, പഴയ അമ്പലങ്ങളിലെ ശിൽപങ്ങളും, കോട്ടകളും, (കല്ലുവരമ്പിൽ കോട്ട) പഴയകാലത്തെ വസ്തു കൈമാറ്റ ആധാരങ്ങളും (സെറ്റിൽമെൻറ് രജിസ്റ്റർ) പഴമയുടെ

സാക്ഷിപത്രങ്ങളായ ചരിത്രസാമഗ്രികളായി (Source of History) പരിഗണിക്കാം. കൂറ്റൻ കല്ലുപാലങ്ങളും ചെക്കുകളും മനുഷ്യർ എടുത്തുമാറ്റി കൈകാര്യം ചെയ്തിരുന്നവയാണ്. അതിനർത്ഥം, അന്നത്തെ മനുഷ്യർ ഭീമകായന്മാരും ശക്തരുമായിരുന്നുവെന്നത്രെ.

കല്ലറ മാടൻനടയോടു ചേർന്നുള്ള ദേവീക്ഷേത്രം ത്രിശ്ശിവപേരൂരിൽ നിന്നും വന്ന ഒരു മഠം വകയാണെന്നും, അവരിവിടെ താമസിച്ചിരുന്നുവെന്നും, അടുത്ത കാലം വരെ അവർക്കിവിടെ സ്വത്തുക്കളുണ്ടായിരുന്നുവെന്നും പറയുന്നു. ഈ അറിവിന് വാമനപുരത്തിന്റെ നാമവുമായി ബന്ധപ്പെട്ട ഒരു കഥ സാക്ഷിയാകുന്നുണ്ട്. കൊച്ചിയിൽ നിന്നും വന്ന അകവൂർ മനയ്ക്കൽക്കാരുടെ `തിരു വാമനപുരം' ദേവസ്വത്തിൽപ്പെട്ടതാണ്. വാമനപ്രതിഷ്ഠയുള്ള തേവർകോവിൽ ബ്രാഹ്മണരുടെ ഈ ആഗമനങ്ങൾ അടുത്തടുത്തായിരിക്കും. കല്ലറ മാടൻനടയ്ക്ക് എട്ടു പത്ത് തലമുറയുടെ പഴക്കം കൽപ്പിക്കുന്നു. അരുവിപ്പുറത്ത് കല്ലുവരമ്പിൽകൊട്ടയുടെ അവശിഷ്ടമുണ്ട്. നിലവറക്കുഴിയോടുകൂടിയ പുരാതനകെട്ടിടം അവിടെ ഉണ്ടായിരുന്നുവെന്നും, പ്രതാപിയായ കല്ലുവരമ്പിൽ കുറുപ്പ് എന്നൊരാൾ അവിടെ താമസിച്ചിരുന്നുവെന്നും പറയുന്നുണ്ട്. മാർത്താണ്ഡവർമ്മയോ, എട്ടുവീട്ടിൽപ്പിള്ളമാരോ ഇവിടെ ഒളിവിൽ കഴിഞ്ഞിരുന്നതായും ഭിന്നാഭിപ്രായങ്ങളുണ്ട്. മാർത്താണ്ഡവർമ്മ അധികാരത്തിൽ വന്നത് എ.ഡി 1729ലാണ്. തിരുവനന്തപുരം കോട്ടയ്ക്കകം എന്നറിയപ്പെടുന്നിടത്ത് മൺകോട്ടയാണുണ്ടായിരുന്നത്. ടിപ്പുവിന്റെ തിരുവിതാംകൂർ ആക്രമണകാലത്ത് വടക്കൻ തിരുവിതാംകൂറിലുണ്ടായിരുന്ന ``നെടുങ്കോട്ട" മൺകോട്ടയായിരുന്നു. മൺകോട്ട പഴമയുടെ ദൃഷ്ടാന്തം തന്നെ. ഇവിടെ പലവീടുകളും അമ്പലങ്ങളും തടികൊണ്ടുള്ള ഭിത്തിയോട് കൂടിയവയാണ്. ആദിവാസികൾ താമസത്തിനായി ആദ്യം ഒരുക്കുന്നത് തടിയിലുള്ള ഭിത്തികളോടു കൂടിയ ഭവനങ്ങളായിരിക്കില്ലല്ലോ. പുൽക്കൂടിലുകളും, മൺകുഴിനികളും ഇന്നും അങ്ങിങ്ങ് ചരിത്രസ്മാരകം പോലെ അവശേഷിക്കുന്നുണ്ട്. തടി കൊണ്ടുള്ള ഭിത്തിയോടു കൂടിയ ഇലങ്കം ക്ഷേത്രത്തിനു 400 വർഷത്തിലധികം പഴക്കം തച്ചുശാസ്ത്ര വിദഗ്ധർ കൽപ്പിക്കുന്നു. ഇലങ്കം ക്ഷേത്രത്തിന് കിഴക്കേക്കുന്നിൽ ശിവാക്ഷേത്രത്തിന്റെയും, ബ്രാഹ്മണ അഗ്രഹാരത്തിന്റെയും അവശിഷ്ടങ്ങൾ കാണുന്നുണ്ട്. ഇതൊക്കെ ഈ പ്രദേശത്തിന്റെ ജനവാസത്തിന്റെ പഴമയ്ക്കുള്ള തെളിവുകളാണ്. എന്നാൽ ഇന്ന് ജീവിച്ചിരിക്കുന്ന എൺപത്, തൊണ്ണൂറ് വയസ്സുള്ള ഒരാൾ കൂട്ടിക്കാലത്ത് കണ്ടിട്ടുള്ള കൽപ്പവൃക്ഷത്തിന് കൽപ്പിക്കുന്ന പ്രായം കൂടി (100-150) കണക്കിലെടുത്താൽ 250 വർഷത്തിലധികം കാർഷികപഴമ ഈ നാടിന് കൽപ്പിക്കാനാവില്ല. സ്ഥലനാമവുമായി ബന്ധപ്പെടുത്തിയ മാടൻനടയുടെയും മറ്റു ക്ഷേത്രങ്ങളുടെയും അഗ്രഹാരങ്ങളുടെയും പഴമയുമായി തട്ടിക്കുമ്പോൾ പൊരുത്തക്കേട് അനുഭവപ്പെടുന്നുണ്ട്. അതിൽത്തന്നെയും വളരെ ദൂരെ നിന്നു വന്നവർ ഇവിടെ ക്ഷേത്രങ്ങൾ നിർമ്മിച്ചുവെന്ന് കരുതുന്നതിനേക്കാൾ ഇവിടുത്തെ പ്രതാപികൾ ക്ഷേത്രം നിർമ്മിച്ച് ബ്രാഹ്മണർ വന്നപ്പോൾ പൂജാദികൾക്കായും മറ്റും അവരെ ഏൽപ്പിച്ചുവെന്ന് കരുതുന്നതാണ് യുക്തി. അങ്ങനെ കണക്കാക്കുമ്പോൾ ഇന്നത്തെ തലമുറയുടെ തുടക്കക്കാരായ നാലഞ്ചു തലമുറയ്ക്കപ്പുറം ആര്യാധിനിവേശം നടന്നിരിക്കണമെന്നും അതിനുമപ്പുറത്തായിരുന്നു നമ്മുടെ ഇവിടുത്തെ ആദി ദ്രാവിഡ പുരാതനകാലമെന്നുമല്ലേ? അങ്ങനെ മൂന്നു ഘട്ടമായാണ് നമ്മുടെ പഴമയുടെ ദൈർഘ്യം കിടക്കുന്നതെന്നുമാണ്. ആൾക്കാർ പറയുമ്പോലെ 800 വർഷത്തെ പഴമ (മാടൻനട) ഇവിടുത്തെ ആദിമവാസികൾക്ക് കൽപ്പിക്കുന്നുവെങ്കിൽ വേണാട്ടധികാരികളായിരുന്ന ഉദയ മാർത്താണ്ഡവർമ്മ (1175-95) യുടെയോ, അനന്തരവാകാശികളുടെയോ കാലത്ത് ഇവിടെ ജനവാസമുണ്ടായിരുന്നുവെന്ന് ഊഹിക്കാം. കല്ലുവരമ്പിൽ കോട്ടയം മാർത്താണ്ഡവർമ്മയുടെ കാലവുമായി ബന്ധപ്പെടുത്തിയാലും 300 വർഷത്തോളം പഴക്കം കൽപ്പിക്കണം. ഏതായാലും കല്ലറ, മിതൃമ്മല, മുതുവിള എന്നിങ്ങനെ പഞ്ചായത്തിലെ തെക്കും കിഴക്കും മേഖലയിലാണ് അധിനിവേശം ആദ്യം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്.

അങ്ങനെ ഇവിടെയുണ്ടായിരുന്ന ആദിവാസികളും മറ്റിടങ്ങളിൽ നിന്ന് മലകയറിയെത്തിയവരും വെട്ടിപ്പിടിച്ച് തെളിച്ച് കൃഷിയിടങ്ങളാക്കുന്നതുവരെ ഇവിടം

വനപ്രദേശമായിരുന്നു. ഉഷ്ണമേഖലാ മഴക്കാടുകൾ എന്നു വിളിക്കാവുന്ന നിബിഡമായ വനം. കടുവ, കരടി, പുലി, പന്നി, ആന തുടങ്ങി കാട്ടുമൃഗങ്ങൾ ധാരാളമുണ്ടായിരുന്നു. കടുവാക്കുഴിക്കര, കരടിച്ചാണുമൂല, പുലിപ്പാറ, ആനകുളം എന്നീ സ്ഥലനാമങ്ങൾ ശ്രദ്ധിക്കുക. വർഷം, ശരത്, ഹേമന്തം, ശിശിരം, വസന്തം, ഗ്രീഷ്മം എന്നീ ഋതുക്കളും അക്കാലത്ത് അനുഭവപ്പെട്ടിരുന്നു. വലിയ വൃക്ഷങ്ങളുടെ ഉയർന്ന ശിഖരങ്ങളിൽ ഒടികെട്ടിയിരുന്ന്, കൃഷിനാശം ചെയ്യാനെത്തുന്ന കാട്ടുമൃഗങ്ങളെ ആട്ടിയോടിച്ചിരുന്ന കഥ പഴമക്കാർ പറഞ്ഞുകേട്ടിട്ടുണ്ട്.

സംഘകാലത്തിന്റെ ആദ്യദശയിൽ പുറനാനൂറിലും മറ്റും പ്രകീർത്തിക്കുന്ന ആയ് രാജ്യത്തിന്റെയും 14-ാം ശതകം വരെ നിലനിന്നിരുന്ന വേണാടിന്റെയും ഭാഗമായിരുന്നു ഈ പ്രദേശം.

മഠത്തുവാതുക്കൽ എന്ന സ്ഥലനാമം അതിനടുത്ത് മഠം ഉണ്ടായിരുന്നുവെന്നതിന് തെളിവാണ്. തൃപ്പോട് ശിവക്ഷേത്രം ബ്രാഹ്മണൻമാരുടെ വകയാണല്ലോ? മിത്യമ്മല ക്ഷേത്രത്തിന് കിഴക്കേ കരയിലും ബ്രാഹ്മണർ താമസിച്ചിരുന്നതായി അറിയാൻ കഴിയുന്നുണ്ട്. ഏതായാലും നമ്മുടെ ജനതയുടെ തുടക്കക്കാരായ നായന്മാർ, വെള്ളാളർ, ഈഴവർ തുടങ്ങി പറയർ, പുലയർ, വേടർ, കുറവർ എന്നിവർ ദ്രാവിഡ ഘടകത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നു. ദക്ഷിണേന്ത്യയിലെ ദ്രാവിഡവർഗം മെഡിറ്ററേനിയൻ വർഗത്തിന്റെ ഘടകമെന്ന് വിശ്വസിക്കുന്നതായി കേരള ചരിത്രത്തിൽ (ശ്രീധരമേനോൻ) കാണുന്നു. ഒരുകാലത്ത് നമ്പൂതിരിമാരും സവർണ്ണ ഹിന്ദുക്കളും ഒരേവർണത്തിൽ (ജാതിയിൽ) പെട്ടിരുന്നുവെന്ന് 'കേരള ചരിത്രവും ജാതിവ്യവസ്ഥയും' എന്ന ലേഖനത്തിൽ ഇഎംഎസ് സൂചിപ്പിക്കുന്നുണ്ട്.

കേരളത്തിന്റെ വടക്കൻ പ്രദേശങ്ങളിൽ നിന്നു വ്യത്യസ്തമായി നമ്മുടെ പ്രദേശത്ത് ഹിന്ദുക്കൾ കഴിഞ്ഞാൽ മുസ്ലിങ്ങളാണ് മുഖ്യ പുരാതന കുടുംബങ്ങൾ. കല്ലറ പള്ളിയും തോട്ടുംപുറം പള്ളിയുമാണ് അവരുടെ ഇവിടുത്തെ പുരാതന ആരാധനാലയങ്ങൾ. മിത്യമ്മല, കുറക്കോട് എന്ന സ്ഥലത്ത് 1939-ൽ രക്ഷാസേനക്കാരുടെ പള്ളിയും പ്രവർത്തനം തുടങ്ങിയിരുന്നു. കുറുമ്പയത്ത് ഏതാണ്ടിതേ കാലത്ത് ലണ്ടൻ മിഷൻകാരുടെ പള്ളിയും വിദ്യാലയവും പ്രവർത്തനമാരംഭിച്ചു. താണ ജാതിക്കാർ, ഹിന്ദുമതത്തിലെ ദുരാചാരങ്ങളുടെ ഫലമായി മതപരിവർത്തനത്തിന് വിധേയരായതിന്റെ ചിത്രമാണിത്.

ഇന്നും ഇതൊരു കാർഷികമേഖലയാണ്, ഉപജീവനാർഥം കൃഷി ചെയ്തുപോന്നിരുന്ന നമ്മുടെ പൂർവികർ മലയുടെ അടിവാരങ്ങളിൽ നിലങ്ങൾ വെട്ടിത്തെളിച്ച് നെൽകൃഷി ആരംഭിച്ചു. കരയിൽ നെല്ലുൾപ്പെടെ വിവിധ ഇനം കിഴങ്ങുവർഗങ്ങളും, തെങ്ങ്, കമുക്, കുരുമുളക്, വാഴ തുടങ്ങിയവയും കൃഷി ചെയ്തു പോന്നു. മാവ്, പ്ലാവ്, കശുമാവ് തുടങ്ങിയ പഴവർഗങ്ങൾ പ്രകൃതിയുടെ അനുഗ്രഹം തന്നെയല്ലേ?

ചരിത്രസംഗമത്തിലും മുഖാമുഖത്തിലും നിന്നു കിട്ടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ശതാബ്ദികാലത്തെ ജീവിതരീതിയെക്കുറിച്ചേ നമുക്ക് ചിന്തിക്കാനാവുന്നുള്ളൂ. ബ്രാഹ്മണരുടെ താമസസ്ഥലം മഠവും, താണ ജാതിക്കാരുടേത് മാടവും മറ്റുള്ളവരുടേത് വീടും എന്ന് വേർതിരിച്ചിരുന്നു. പുൽക്കുടിലുകളും ചെറ്റപ്പുരകളും മൺകുഴിനിലകളുമായിരുന്നു ആദ്യകാല വസതികൾ. സമൂഹം വിവിധതരം തൊഴിലുകളിൽ ഏർപ്പെട്ടു. അമ്പലവുമായി ബന്ധപ്പെട്ട ജോലിയിലും സവർണ്ണ ഹിന്ദുഭവനങ്ങളിലെ ആചാരപ്പണികളിലും ഏർപ്പെട്ടിരുന്ന മാരാൻമാർ, ഉടുക്ക് കൊട്ടിപ്പാടുകയും കാവടിയാടുകയും ചെയ്തിരുന്ന പണ്ടാരം, തുകിലുണർത്തിയിരുന്ന വേലർ, തയ്യൽപ്പണികളിൽ ഏർപ്പെട്ടിരുന്ന പാണർ, എണ്ണയാട്ടു പണികളിൽ ഏർപ്പെട്ടിരുന്ന മൂപ്പർ, (വണികവൈശ്യർ), കളിമൺ പാത്രം നിർമ്മിച്ചിരുന്ന വേളാർ, മരപ്പണി, ലോഹപ്പണി എന്നിവയിൽ ഏർപ്പെട്ടിരുന്ന ആശാരിമാർ, സ്വർണ്ണപ്പണിക്കാരായ തട്ടാൻമാർ, കൊത്തപണികളിൽ ഏർപ്പെട്ടിരുന്നവർ, ജ്യോതിഷക്കാർ, മരംവെട്ടും അറുപ്പും പണികളിൽ ഏർപ്പെട്ടിരുന്ന തണ്ടാർ എന്നിങ്ങനെ സമൂഹത്തിനാവശ്യമായ വിവിധയിനം തൊഴിലുകളിൽ ഓരോ വിഭാഗക്കാർ ഏർപ്പെട്ടിരുന്നു. അത് ജാത്യാചാരത്തൊഴിലുകളായി പരിണമിച്ചു. നായൻമാരിലും ഈഴവരിലും മറ്റു വിഭാഗക്കാരുടെ ഇടയിലും ഉപജാതി വിഭാഗങ്ങളുണ്ടായിരുന്നു. നായൻമാരിൽ നാല് ഉപജാതിവിഭാഗങ്ങൾ ഉണ്ടായിരുന്നതായി പറയുന്നു. ഇല്ലം, തൊരുവം, പാതമംഗലം, കരിച്ചം എന്നീ വിഭാഗവും ഉണ്ണിത്താൻ,

കുറുപ്പ്, നായർ, പിള്ള എന്ന സ്ഥാനമാനങ്ങളും കൽപ്പിച്ചിരുന്നു. ഈഴവരുടെ ഇടയിൽ മൂട്ടില്ലം, പോതിയില്ലം, മയ്യനാട്ടില്ലം, മാടമ്പിയില്ലം എന്നീ ശാഖകളും ഉപജാതികളും നിലനിന്നിരുന്നു. തീണ്ടലും തൊടക്കും അക്കാലത്തെ അനാചാരങ്ങളുടെ കൂട്ടത്തിൽപെടും അലക്കുകാരനും ക്ഷുരകനും ഓരോ ജാതിക്കും വെവ്വേറെ ആയിരുന്നു. 1901-ൽ നായൻമാർ അനവധി ഉപജാതികളായിരുന്നെങ്കിലും 1931-ൽ (സെൻസസ്) അവരെല്ലാം ഒറ്റ ജാതിക്കാരായാണ് കണക്കിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. ഇതുപോലെ മറ്റു വിഭാഗങ്ങളിലും ഉപജാതികളുടെ അതിർവരമ്പുകൾ അഴിയാൻ തുടങ്ങി.

വേഷഭൂഷാദികൾ ഒരു ജനതയുടെ വളർച്ചയുടെ ചവിട്ടുപടികളാണ്. ഈ നൂറ്റാണ്ടിന്റെ അങ്ങേത്തലയ്ക്കൽ കുഴിത്തറി വസ്ത്രങ്ങളേ ലഭിച്ചിരുന്നുള്ളൂ. ഒറ്റത്തോർത്ത് ഉടുവസ്ത്രം എന്നതായിരുന്നു അവസ്ഥ. ജന്മിയുടെ വസ്ത്രം അൽപ്പം വലുതും അടിയാന്റേത് അൽപ്പം ചെറുതുമായിരുന്നു. പുരുഷൻമാർ വസ്ത്രത്തിനു പുറമെ കൗപീനം ധരിച്ചിരുന്നു. സ്ത്രീകൾക്ക് 'ഒന്നും അരയും' പതിവായിരുന്നു. 1859-ൽ ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് വിളംബരം മൂലം തെക്കൻ തിരുവിതാംകൂറിലെ ചാന്നാർ സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള സ്വാതന്ത്ര്യം അനുവദിച്ചിരുന്നതോർക്കുക. താണ ജാതിക്കാർക്ക് വസ്ത്രധാരണ രീതിയിലും സ്വാതന്ത്ര്യമില്ലായിരുന്നുവെന്ന് വ്യക്തം. മുസ്ലീം സ്ത്രീകൾ കാച്ച് മുണ്ടും കെട്ടു കുപ്പായവും തലയിൽ തട്ടവും ധരിച്ചിരുന്നു.

ആഭരണങ്ങൾ അണിയുന്നതിൽ മുന്നോക്കക്കാരുടെ ഇടയിൽ ആൺ-പെൺ വ്യത്യാസം ഉണ്ടായിരുന്നില്ല. കഴുത്തിലും, കാതിലും, കാലിലും വിരലുകളിലും അരയിലും സ്ത്രീകൾ ആഭരണങ്ങൾ അണിഞ്ഞിരുന്നു. ചില സ്ത്രീകൾ കാതിൽ കൂടുതൽ ആഭരണങ്ങൾ തൂക്കിയിട്ട് കാത് വടിയുന്നത് സൗന്ദര്യ ലക്ഷണമായി കരുതിയിരുന്നു. കടുക്കൻ, മോതിരം, കാപ്പ്, പറ്റക്കെട്ട്, അഡ്യാല്ല്, മാല, ഉഡ്യാണം തുടങ്ങിയവയായിരുന്നു ആദ്യകാല ആഭരണങ്ങൾ. ആഭരണങ്ങൾ അണിയുന്നതിൽ ധനശേഷിക്കായിരുന്നു പ്രാധാന്യം. ഗൗരി പാർവ്വതീഭായിയുടെ കാലത്താണ് തിരുവിതാംകൂറിൽ നായൻമാർക്കും ഈഴവർക്കും മറ്റും പതിവ് അടിയറ കൂടാതെ സ്വർണ്ണ വെള്ളിയിലുമുള്ള ആഭരണങ്ങൾ അണിയ അവകാശം ലഭിച്ചത്.

മുടിവളർത്തികെട്ടുന്നത് സ്ത്രീസൗന്ദര്യത്ത ലക്ഷണമായി അന്നും കരുതിയിരുന്നു. ഉച്ച ചുറ്റിക്കെട്ടുകയായിരുന്നു പതിവ്. പുരുഷ പൊതുവിൽ തല മുണ്ഡനം ചെയ്തിരുന്നു. സ ഹിന്ദുക്കളിൽ മുതിർന്നവർ ഉച്ചിയിൽ പർപ്പടവ പറ്റവെട്ടി നിർത്തുകയും ശേഷം ഭാഗം വടിച്ചിറക്ക ചെയ്തിരുന്നു. പർപ്പടവൃത്തത്തിൽ നാലഞ്ച നീട്ടിവളർത്തി കുടുമ പിടിച്ചു കെട്ടുമായിരുന്നു വിഭാഗങ്ങളിൽ തലയുടെ പുറകുവ പിടലിയിലായിരുന്നു ഇത്തരം കുടുമ വെച്ചിരുന്ന

നെൽപ്പാടങ്ങൾ താരതമ്യേന കുറവായ നാ പ്രദേശത്ത് ആളുകളുടെ മുഖ്യാഹാര സാ നെല്ലരിയായിരുന്നില്ല. എല്ലുമുറിയെ പണിതാൽ മുറിയെ തിന്നാം എന്നായിരുന്നു അവസ്ഥ. മര ഉൾപ്പെടെ കിഴങ്ങുവർഗങ്ങളായിരുന്നു ആഹാരസാധനങ്ങൾ. നിർധനർ കാട്ടുകിഴങ്ങ് വെട്ടിയെടുത്ത് പുഴുങ്ങിത്തിന്നിരുന തലേദിവസത്തെ അത്താഴത്തിന്റെ മിച്ചമായ പഴ അഥവാ പഴങ്കഞ്ഞിയായിരുന്നു സാധാ രാവിലത്തെ ഭക്ഷണം. സദ്യവട്ടങ്ങൾ പോലും പച്ച വിഭവങ്ങൾകൊണ്ട് സമൃദ്ധമായിരുന്നില്ല. ഒന്നാംലോ മഹായുദ്ധാനന്തരം ഉണ്ടായ ഭക്ഷ്യദൗർല പരിഹരിക്കാൻ ബജ്റ, ഗോതമ്പ്, ചോളം തുടങ്ങ ഉത്തരേന്ത്യൻ ധാന്യങ്ങൾ റേഷനിലൂടെ വിതര ചെയ്യേണ്ടി വന്നിട്ടുണ്ട്. 1964 മുതൽ വീണ്ട വ്യവസ്ഥാപിത (Statutory rationing) ഭക്ഷ്യവിതര നിലവിൽ വന്നു. നല്ല രീതിയിൽ ഭക്ഷണ കഴിക്കുന്നവരും നല്ലപോലെ അധ്വാനിക്കുന്നവരു ബലിഷ്ഠരും ശക്തരുമായിരുന്നു നമ്മുടെ പൂർവിക താണജാതിയിൽ നിന്ന് ആഹാരം കഴിക്കുന്ന നിഷിദ്ധമായിരുന്നു. കല്ലിലുള്ള കലങ്ങളും ചട്ടികള മൺപാത്രങ്ങളും പിച്ചളപാത്രങ്ങളും ഓട്ടുപാത്രങ്ങള ചീനഭരണികളും അടുക്കളോപകരണങ്ങളായിരുന്നത പോലെ , കൈപ്പെട്ടി, മുറുക്കാൻചെല്ലം, തുപ്പ കോളാമ്പി, സ്വേച്ചിമിഴ്, നിലവിളക്കും കിണ്ടിയു അപൂർവ ഗൃഹോപകരണങ്ങളായിരുന്നു. ഭൂസ്വത്ത് അംഗസംഖ്യ, ബന്ധുബലം, മെച്ചപ്പെട്ട ഭവനം

കാലിസമ്പത്ത്, അനുസരണക്കാരായ കീഴാളർ എന്നിവ കൂടുംബ മഹിമയുടെ ലക്ഷണങ്ങളായിരുന്നു. കൂടുംബബന്ധം പവിത്രവും കുടുംബാംഗങ്ങൾ തമ്മിൽ സ്നേഹവാൽസല്യാദരവുകളാൽ ബന്ധിതരും പരസ്പരം കടപ്പെട്ടവരുമായിരുന്നു.

ശുചിത്വത്തേയും ആരോഗ്യ പരിപാലനത്തെയും കുറിച്ച് നമ്മുടെ പൂർവികർ പൊതുവെ അജ്ഞരായിരുന്നു. കൂട്ടുകുടുംബത്തിലെ മനയ്ക്കകത്തെ സുഖജീവിതത്തിലും ചെറ്റപ്പുരയിലെ പൂഴിമണ്ണിലും അനാരോഗ്യ സാഹചര്യങ്ങൾ ഏറിയിരുന്നു. ചികിൽസാസൗകര്യങ്ങൾ വിരളവും ചികിൽസാരീതി അപരിഷ്കൃതവും. പാരമ്പര്യ വൈദ്യവും, നാട്ടുവൈദ്യരും നാട്ടുപതിച്ചിമാരുമായിരുന്നു അഭയകേന്ദ്രം. ദൈവകോപം കൊണ്ടാണ് രോഗങ്ങൾ ഉണ്ടാകുന്നതെന്ന് വിശ്വസിച്ചിരുന്നു. കോരിച്ചൊരിയുന്ന ദീർഘമായ ഇടവപ്പാതിയും മരംകോച്ചുന്ന ശൈത്യവും വെന്തുരുകുന്ന ഉഷ്ണവും രോഗങ്ങളെ ക്ഷണിച്ചുവരുത്തി. 1943-44ൽ വസൂരിയും 1953-54ൽ കോളറയും പടർന്നുപിടിച്ച് അനവധി ജീവൻ ഒടുക്കിയത് ഈ സാഹചര്യത്തിലാണ്.

സത്യത്തിലും ദൈവത്തിലും വിശ്വസിക്കുന്നവരായിരുന്നു നമ്മുടെ പൂർവികർ. ബുദ്ധ-ജൈന ചിന്തകളായ ``മനസാ വാചാ കർമ്മണാ" " പരിശുദ്ധരായിരിക്കണമെന്ന ആശയം ഹൈന്ദവമതം ഉൾക്കൊണ്ടിരിന്നുവെന്ന് വ്യക്തമാണ്. വഴിയമ്പലം, വഴിക്കിണർ, ചുവടുതാങ്ങി, കൽത്തൊട്ടി എന്നിവ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഉദാഹരണങ്ങളാണ്. കുടുംബസ്ഥിതിയുടെ മാനദണ്ഡങ്ങളായിരുന്ന മിന്നുകെട്ട്, പുളികുടി, ഋതുകല്യാണം, കല്യാണം ഇത്യാദി ചടങ്ങുകൾ സമ്പന്ന കുടുംബങ്ങളുടെ പോലും അധ:പതനത്തിന് വഴിതെളിച്ചിട്ടുണ്ട്. മരണം, ജനനം എന്നിവയുമായി ബന്ധപ്പെട്ട പുല, വാലായ്മ എന്നീ ``തുടക്കും" രജസ്വലകളാകുന്ന സ്ത്രീകൾക്ക് നാലഞ്ചു ദിവസം കൽപിച്ചിരുന്ന `തുടക്കും' എല്ലാ ജാതിക്കാർക്കിടയിലും ഒരുപോലെയായിരുന്നു. മുസ്ലീം മതാചാരങ്ങൾ കർശനമായി നിലനിന്നിരുന്നുവെങ്കിലും കാലികമായ മാറ്റങ്ങൾ ഉൾക്കൊണ്ടിരുന്നു.

കൃഷിയും ജാത്യാചാരത്തൊഴിലുകളും എന്നുമുണ്ടായിരുന്നില്ല. മറ്റു വരുമാനമാർഗങ്ങളും ഇല്ല. വിശ്രമാവസരം കൂടുതലും, ദാരിദ്ര്യം സാധാരണവുമായിരുന്നു. പ്രഭാതം തൊട്ട് പ്രദോഷം വരെയെന്നത് തൊഴിൽസമയത്തെ സംബന്ധിച്ച ശൈലിയായിരുന്നല്ലോ? എന്നാൽ തൊഴിൽരംഗത്ത് ഒരുതരം സഹകരണം നിലവിലിരുന്നു. ഉദാ. മാറ്റാൾ കിളയൽ. ഗൃഹനിർമ്മാണം, പുരമേയൽ, വിവാഹസദ്യാദികൾ ഇവിടെല്ലാം സാമൂഹ്യ സഹകരണമുണ്ടായിരുന്നു. ഇതിനർഥം, അവർ സ്വർഗത്തിൽ നിന്നിറങ്ങിവന്ന മാലാഖമാരായിരുന്നുവെന്നല്ല. അസൂയയും, സ്വാർത്ഥതയും, പകയും വിദ്വേഷവും ഒന്നും വിട്ടുമാറിയിരുന്നില്ല. ഇല്ലായ്മയുടെ നീർക്കയത്തിൽപ്പെട്ടുഴലുന്ന നിൽക്കക്കള്ളിയില്ലായ്മയുടെ കൂട്ടായ്മയായിരുന്നു.

നാണയവ്യവസ്ഥ നിലവിൽ വന്നിരുന്നെങ്കിലും ഈ നൂറ്റാണ്ടാരംഭത്തിൽ സാധനങ്ങൾ കൊടുത്ത് സാധനങ്ങൾ കൈമാറുന്ന രീതി (Barter system) നിലനിന്നു. വെള്ളിനാണയമായ പണമായിരുന്നു കൈമാറ്റനിരക്ക്. 16 കാശ് ഒരു ചക്രം, നാലു ചക്രം ഒരു പണം, 7 പണം ഒരു രൂപ എന്നതായിരുന്നു നാണയനിരക്ക്. 8 കാശ് വിലയുള്ള അരചക്രവും 4 കാശ് വിലയുള്ള കാൽചക്രവും ഒറ്റക്കാശും ചെമ്പുനാണയങ്ങളായിരുന്നു. തിരു-കൊച്ചി സംയോജനത്തെ തുടർന്ന് 1950 ഏപ്രിൽ 1-ാം തീയതി മുതൽ രൂപ, അണ, പൈസ നിലവിൽ വന്നു. അളവിലും തൂക്കത്തിലും, അക്കത്തിലും ലിപിയിലുമെല്ലാം വന്ന മാറ്റങ്ങൾ പൊതുവിലുള്ളതാണല്ലോ.

നമ്മുടെ പൂർവികർ എത്ര നല്ല കലാകാരന്മാരായിരുന്നുവെന്ന് ശ്രദ്ധിക്കുക. വിശ്രമാവസരങ്ങളിൽ അവരൊന്നിച്ചിരുന്ന് വെടിപറഞ്ഞു രസിച്ചിരുന്നു. രാത്രികാലങ്ങളിൽ നെരിപ്പോടുകൾക്ക് ചുറ്റും കൂടുന്നവർ അനുഭവങ്ങൾ അയവിറക്കുമായിരുന്നു. ആഴി കൂട്ടി, ചുട്ടും വാങ്ങിയും തിന്നു രസിച്ചവർ ആഴിപ്രഭയിൽ ആടാനും പാടാനും തുടങ്ങി. കോൽക്കളിയും കാക്കാരിശി പോലുള്ള കലാരൂപങ്ങളും ഉടലെടുത്തു. തൊഴിലവസരങ്ങളിൽ എല്ലാം മറന്നു പാടിയവർ നാടൻശീലുകൾക്ക് ഈണം നൽകി. ഓണം പോലുള്ള ആഘോഷവേളകളിലൊത്തു കൂടുന്ന പെണ്ണുങ്ങളിൽ നിന്ന് തുമ്പിതുള്ളലും തിരുവാതിരക്കളിയും മറ്റും ജന്മം കൊണ്ടു. വിളവെടുപ്പു കഴിഞ്ഞാലൊരു ഉത്സാഹമാണ്. കൊയ്തൊഴിഞ്ഞ നെൽപ്പാടങ്ങൾ പലതരം കായിക-കലാ വിനോദങ്ങളുടെ കേളീരംഗമാകുന്നു.

ഉത്സാഹം പലതരം ഉത്സവങ്ങൾക്ക് വഴിതുറന്നു. ഉത്സവങ്ങൾ കലാരൂപങ്ങൾക്ക് ശക്തി നൽകി. ആരാധനാപരമായ ഗാനങ്ങളും രാഗങ്ങളുമാണ്ടായതപ്പോഴാണ്. ആദ്യകാലങ്ങളിൽ കുടുംബനാഥനോടു തോന്നിയിരുന്ന ബഹുമാനം കുടുംബനാഥന്റെ മരണാനന്തരം ഓർമ്മ പുതുക്കുന്ന ആരാധനയായി മാറി. ആരാധനാലയങ്ങൾ ക്ഷേത്രങ്ങളും, ക്ഷേത്രങ്ങൾ കലാസങ്കേങ്ങളുമായി മാറിയെന്നാണ് ചരിത്രം. ഈശ്വരവിശ്വാസികളായിരുന്ന നമ്മുടെ പൂർവികർ ദേവപ്രീതിക്കുവേണ്ടി ബലികളും കർമ്മങ്ങളും നടത്തിയിരുന്നു. ആരാധനാലയങ്ങളായിരുന്നു സാമൂഹ്യമായ ഒത്തുചേരലിനുള്ള ഏകവേദി. അവിടങ്ങളിൽ ഉത്സവങ്ങളുണ്ടായതിന്റെ സാഹചര്യവുമിതായിരുന്നു. നമ്മുടെ നാട്ടിലെ പ്രാചീന കലാരൂപങ്ങളായ കാക്കാരിശി നാടകം, ഓട്ടൻതുള്ളൽ, കഥകളി എന്നിവ ആരാധനാലയങ്ങളിലെ ഉത്സവച്ചടങ്ങുകളായിരുന്നുവല്ലോ? ഒരുകാലത്ത് കഥകളിക്കു പേരുകേട്ട നാടായിരുന്നു നമ്മുടേത്. പ്രസിദ്ധരായ കഥകളി ആശാന്മാരും കളരിയും കഥകളിസെറ്റും കൊണ്ട് മിത്രമ്മല നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ കേളികൊട്ട് നടത്തിയിരുന്നു. മിത്രമ്മലക്കാരായ പരമേശ്വരക്കുറുപ്പും (മങ്ങുണ്ടയം) കൃഷ്ണക്കുറുപ്പും പ്രസിദ്ധരായ കഥകളി നടന്മാരും പ്രഗത്ഭരായ കളരിയാശാന്മാരുമായിരുന്നു. കഥകളിയിലെ എല്ലാഭിനങ്ങളും ഇവിടെ അഭ്യസിപ്പിച്ചിരുന്നു. സ്ത്രീവേഷമുൾപ്പെടെ എല്ലാ വേഷത്തിലും പ്രഗത്ഭരായ നടന്മാരും പ്രസിദ്ധരായ ഗായകന്മാരും നമുക്കുണ്ടായിരുന്നു.

നമ്മുടെ നാട്ടിലെ അക്ഷരാഭ്യാസത്തിനു നൂറുവർഷത്തിൽ കൂറയാത്ത പഴമയുണ്ട്. നിലത്തെഴുത്തും കൂടിപ്പള്ളിക്കൂടങ്ങളും പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും നിലവിലിരുന്നു. പനയോലയിൽ നാരായം കൊണ്ടെഴുതിയവ യായിരുന്നല്ലോ കേരളത്തിലെ പുരാതന ഗ്രന്ഥങ്ങളും രേഖകളുമെല്ലാം. കല്ലറയിൽ ഇന്നത്തെ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിന്റെ ആദ്യരൂപമായ മിത്രമ്മല പ്രൈമറി സ്കൂളാണ് (എം.പി. സ്കൂൾ) ഈ പഞ്ചായത്തിലെ ആദ്യ സരസ്വതീക്ഷേത്രം. പ്രസ്തുത സ്ഥാപനത്തിന്റെ സ്ഥാപകർ മിത്രമ്മലക്കാരായിരുന്നതു കൊണ്ടാണ് സ്കൂളിന് "മിത്രമ്മല പ്രൈമറി സ്കൂൾ" എന്ന പേരുണ്ടായത്. കൊല്ലവർഷം 1080 ഇടവത്തിലാണ് സ്കൂൾ ആരംഭിക്കുന്നത്. കൊല്ലവർഷം 1096-ൽ അരുവിപ്പുറം പ്രൈമറി വിദ്യാലയവും, കൊല്ലവർഷം 1111ൽ മിത്രമ്മല മാധവ വിലാസം മലയാളം മിഡിൽ സ്കൂളും സ്ഥാപിതമായി. ഏതാണ്ട് രണ്ടുമൂന്നു വർഷം കഴിഞ്ഞ് അതേ മാനേജർ തന്നെ തെങ്ങുംകോട് പ്രൈമറി സ്കൂളും ആരംഭിച്ചു. അടുത്തടുത്ത കാലങ്ങളിൽ ഇത്രയും വിദ്യാലയങ്ങൾ ഇവിടെ ഉണ്ടായത് നാടിന്റെ പിന്നീടുള്ള വളർച്ചയ്ക്ക് വെളിച്ചം തെളിച്ചു. ദീർഘവീക്ഷണമുള്ള സുമനസ്സുകൾ കൊളുത്തിയ നെയ്ത്തിരികളാണ് ഇന്നീ പ്രദേശത്തിന്റെ പ്രഭാപൂരത്തിന് കാരണമായതെന്ന് കൃതജ്ഞതാ പൂർവം ഓർക്കേണ്ടതാണ്.

ഈ കാലയളവിലെല്ലാം നമ്മുടെ നാട്ടിലെ ഭൂരിപക്ഷം വരുന്ന ദരിദ്രരും ന്യൂനപക്ഷക്കാരായ സമ്പന്നരും പലതരം ഇല്ലായ്മകളിൽ പെട്ടുഴലുകയായിരുന്നുവെന്ന സത്യം മറച്ചുവച്ചിട്ട് കാര്യമില്ല. യാത്രാസൗകര്യക്കുറവ്, ശുശ്രൂഷാ സൗകര്യമില്ലായ്മ, ദാരിദ്ര്യം തുടങ്ങിഏറെ ഇല്ലായ്മകൾ. ഇത്തരം പ്രതികൂല സാഹചര്യത്തിലും നമ്മുടെ പഞ്ചായത്തിലെ തെങ്ങുംകോട് പ്രദേശത്തുനിന്ന് രണ്ടുപേർ ബിരുധധാരികളായി എന്നത് എടുത്തു പറയേണ്ടതുണ്ട്. മേലേറ്റിയിൽശ്രീ. വാസുദേവക്കുറുപ്പും വലിയകാട്ടിൽ ശ്രീ. എം. ആർ മാധവക്കുറുപ്പും ബി.എല്ലിനും ഒത്തുപഠിച്ചുവെങ്കിലും വാസുദേവ ക്കുറുപ്പിന് ബിഎൽ പാസാകാനായില്ല.

എഴുത്തും വായനയും വശമായതോടെ ആശയപ്രചരണം സാധ്യമായി. തിരുവിതാംകൂറിൽ ഈ നൂറ്റാണ്ടാരംഭത്തിൽ ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു, അയ്യൻകാളി തുടങ്ങിയ മഹാശയർ സാമൂഹ്യരംഗത്ത് അഴിച്ചുവിട്ട കൊടുങ്കാറ്റ് വിസ്മയനീയമാണ്. അയിത്തോച്ചാടന പ്രക്ഷോപ മായിരുന്നു കേരളത്തിലെ സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളിൽ പ്രധാനം. ഈ രംഗത്ത് ആദ്യകാലങ്ങളിൽ നായർ സർവീസ് സൊസൈറ്റിയും ശ്രീനാരായണ പ്രസ്ഥാനവും ഇളക്കിവിട്ട അലകൾ നമ്മുടെ പ്രദേശത്തും ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഗാന്ധിജിയുടെ നേതൃത്വത്തിൽ വളർന്നുവന്ന ദേശീയ പ്രസ്ഥാനത്തോടൊപ്പം കുമാരനാശാൻ, ചങ്ങമ്പുഴ,

മലബാർ കെ ദാമോദരൻ തുടങ്ങിയ കവികളും ചിന്തകന്മാരും വെട്ടിത്തുറന്ന നൂതന ചിന്താസരണികൾ സാമൂഹ്യവ്യവസ്ഥയിലെ അന്ധവും ദുഷ്ടവുമായ അനാചാരങ്ങൾക്ക് അറുതി വരുത്താനുള്ള ശക്തമായ ആവേശമായി മാറി. 1925-ലെ നായർ റെഗുലേഷനും 1936-ലെ ക്ഷേത്രപ്രവേശന വിളംബരവും സാമൂഹ്യ വ്യവസ്ഥിതിയിൽ മാറ്റം കുറിക്കുവാൻ നിർബന്ധിക്കുന്നവയായിരുന്നു. പിന്നുണ്ടായത് ഭൂപരിഷ്കരണ നിയമമാണ്.

കാർഷിക മേഖലയായ ഈ പ്രദേശത്തെ വിഭവങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണനകേന്ദ്ര മെന്നതിനുപരി സാമൂഹ്യമായ കൂടിച്ചേരലിനും ആശയവിനിമയത്തിനുമുതകുന്ന പൊതുവേദി കൂടിയായിരുന്നു കല്ലറച്ചന്ത. അവിടെ നിന്നാണ് പ്രാദേശിക വിവരശേഖരണം നടന്നിരുന്നത്. അതുകൊണ്ടുതന്നെയാണ് പ്രാദേശിക ചരിത്രത്തിലെ രജതരേഖയായി, 1114-ലെ വിപ്ലവത്തിന്റെ ഈറ്റില്ലമായി കല്ലറ അറിയപ്പെട്ടതും.

കാര്യം നിസ്സാരമായിരുന്നു. ചന്തയിലെ അക്രമപ്പിരിവിനെയും തെറിപ്പാട്ടിനെയും തടയാൻ ശ്രമിച്ചതാണ് പ്രശ്നം രൂക്ഷമാക്കിയത്. രാജവാഴ്ചയിൽ, ദിവാൻ ഭരണത്തിൽ, തഹസിൽദാർമാർക്കായിരുന്നു ചന്തക്കരം പിരിവിനുള്ള ചുമതലയും ലേലം ചെയ്യുകൊടുക്കാനുള്ള അധികാരവും. പൊലീസും ഗുണ്ടകളും കോൺട്രാക്ടർക്ക് സഹായികളായപ്പോൾ എന്തക്രമവും നടത്താൻ കോൺട്രാക്ടർ തുനിഞ്ഞതിലെന്തത്ഭുതം?

സ്വേച്ഛാധിപത്യത്തിൽ ജനതയെ യേചകിതരാക്കാനും അമർച്ച വരുത്താനുമാണ് കുതിരപ്പടയെ ഉപയോഗിക്കുന്നത്. കുതിരപ്പടയെ ഒരിടത്ത് ക്യാമ്പ് ചെയ്യിക്കുക എന്നതിൽക്കവിഞ്ഞ നികൃഷ്ടത ചിന്തിക്കാനുമില്ല. ക്യാമ്പ് ചെയ്തത് ഇവിടെ അല്ലായിരുന്നെങ്കിലും നമ്മുടെ പഞ്ചായത്ത് ഒരു കാലത്ത് കുതിരക്കുളമ്പടിയാൽ പ്രകമ്പനം കൊണ്ടിരുന്നു.

കൂട്ടത്തിൽ പറയട്ടെ, ഈ പ്രദേശത്ത് ആദ്യമായി അനുവദിക്കപ്പെട്ട സർക്കാർ സ്ഥാപനമായിരുന്നു ഇപ്പോൾ പാങ്ങോട് പഞ്ചായത്തിൽപ്പെട്ട അന്നത്തെ പൊലീസ് ഔട്ട് പോസ്റ്റ്. ദിവാൻ പേഷ്കാരുടെ (ചീഫ് സെക്രട്ടറി) അനുജൻ പാങ്ങോട് ഭരതൻ ഹിൽസിൽ താമസിച്ചിരുന്ന വെങ്കിടേശ്വര സ്വാമിയുടെ സംരക്ഷണത്തിന് പൊലീസ് ആവശ്യമായിരുന്നതു കൊണ്ടാവാം പൊലീസ് ഔട്ട് പോസ്റ്റ് പാങ്ങോട്ട് ആരംഭിച്ചത്. കുതിരപ്പട ഇറങ്ങാനുണ്ടായ സാഹചര്യം അന്വേഷിക്കുന്നത് രസാവഹമാണ്.

കൊല്ലവർഷം 1114 കന്നി 13-ാം തീയതി ഒരുവണ്ടിറിസർവ് പൊലീസ് കല്ലറ എത്തി. പിന്നീടവർ പാങ്ങോട് സ്റ്റേഷനിൽ പോയി ക്യാമ്പ് ചെയ്തു. പാങ്ങോട്ടേയ്ക്കു പോകുന്ന വഴിയിൽ കണ്ട ഒരാളെ (തച്ചോണം കൊച്ചപ്പിപ്പിള്ള) പൊലീസ് ബലാൽക്കാരേണ പിടിച്ച് വണ്ടിയിൽ കയറ്റിക്കൊണ്ടുപോയി. അയാളെ കഠിനമായി മർദ്ദിക്കുകയും അന്ന് സ്റ്റേഷനിൽ പാർപ്പിക്കുകയും ചെയ്തു. പൊലീസ് വണ്ടി വരുന്നതുകണ്ട് വഴിയിൽ നിന്നൽപം മാറിനിന്നു പോയതാണ് അയൾ ചെയ്ത കുറ്റം. അന്നെന്തിനായി പൊലീസ് വന്ന് ക്യാമ്പ് ചെയ്തു?

നേരത്തെ സൂചിപ്പിച്ചതു തന്നെ സാഹചര്യം. കൂടാതെ, കന്നി 14-ാം തീയതി സ്റ്റേറ്റ് കോൺഗ്രസുകാരുടെ വലിയൊരു പൊതുയോഗം കല്ലറ വച്ചുനടത്താൻ നിശ്ചയിച്ചിരുന്നു. പ്രമുഖരായ പല നേതാക്കളും യോഗത്തിൽ പങ്കെടുക്കുമെന്ന് അറിയിച്ചിട്ടുണ്ടായിരുന്നു. ചന്ത കോൺട്രാക്ടറും അയാളുടെ സിൽബന്ധികളും കൂടി ചന്തയിൽ നടത്തിവന്നിരുന്ന അക്രമപ്പിരിവിനെയും (ഗേറ്റുപിരിവും റോഡിൽ ടോൾപിരിവും) ചന്തയിലെത്തുന്ന സ്ത്രീകളോടുള്ള അപമര്യാദയായ പെരുമാറ്റത്തെയും സ്ഥലത്തെ കോൺഗ്രസുകാർ ചെറുത്തുവന്നിരുന്നതും ശ്രദ്ധേയമാണ്.

തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ വെഞ്ഞാറമൂട് ശാഖയുടെ ജോയിന്റ് സെക്രട്ടറി നമ്മുടെ പഞ്ചായത്തിൽപെട്ട കോടംപ്ലാച്ചിയിൽ എൻ. ചെല്ലപ്പൻ വൈദ്യനായിരുന്നു. കുഴിവിള പരമുപിള്ള എന്നറിയപ്പെട്ടിരുന്ന വാസുപിള്ള, തറട്ടയിൽ മുഹമ്മദാലി, കൊച്ചാലുംമൂട്ടിൽ ജമാൽ എന്നിവരായിരുന്നു കല്ലറ പ്രദേശത്തെ മറ്റു കോൺഗ്രസ് പ്രവർത്തകർ. ഖദർതൊപ്പി ധരിച്ചതിനും, 'ഗാന്ധിജി കീ ജയ്' വിളിച്ചതിനും മിത്യമ്മല മിഡിൽ സ്കൂളിൽ നിന്നും ബഹിഷ്കൃതരായവരും വെറുതെ ഇരിക്കില്ല. കന്നി 8-ാം തീയതി കല്ലറച്ചന്തയിൽ കോൺട്രാക്ടറും നാട്ടുകാരും തമ്മിൽ

വാഗ്വാദങ്ങളുണ്ടായ പശ്ചാത്തലത്തിലായിരുന്നല്ലോ വിപുലമായൊരു പൊതുയോഗം നടത്താനും കോൺഗ്രസ് നേതാക്കളെ പങ്കെടുപ്പിക്കാനും തീരുമാനിച്ചിരുന്നത്.

റിസർവ് പൊലീസിന്റെ വരവ് നാട്ടുകാരെ ക്ഷുഭിതരാക്കി. ആ സമയം തിരുവനന്തപുരത്തു നിന്നും ഒരു ലോറിയിൽ കൂടെ ആൾക്കാർ കോടാലി, പിക്കാസ്, കുന്താലി തുടങ്ങിയ ആയുധങ്ങളുമായി വന്നെത്തി. വെങ്കിടേശ്വരസ്വാമിക്കു വേണ്ടി ജോലിക്കു വന്നവരാകാം. ലോറിയെ കല്ലറ തേരിക്കുസമീപം നാട്ടുകാർ തടഞ്ഞിട്ടു. ആയുധങ്ങൾ കൈവശപ്പെടുത്തി. ലോറി തിരികെപ്പോകാതെ മരങ്ങൾ മുറിച്ചിട്ട് ഗതാഗതതടസ്സം സൃഷ്ടിച്ചു. വാർത്തകൾ നാട്ടിൽ പരന്നു.

പിറ്റേദിവസം (ജനു 14) ആൾക്കൂട്ടത്തിനിടയിൽ സാധാരണ വേഷത്തിൽ സഞ്ചരിച്ചിരുന്ന രണ്ടു പൊലീസുകാർ ആളുകളിൽ നിന്നും രഹസ്യങ്ങൾ ചോർത്തിയെടുക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ആളുകൾക്കിത് മനസ്സിലായപ്പോൾ അവർ തമ്മിൽ ഉരസലുണ്ടായി. ഒരു പൊലീസുകാരൻ കഠാര ഊരി നാട്ടുകാരിൽ ഒരാളെ കുത്താനാഞ്ഞു. അതിനിടെ കണ്ടുനിന്ന അബ്ദുൾ ലത്തീഫിന്റെ കുത്തേറ്റു പൊലീസുകാരൻ വീണു. കണ്ടുനിന്ന കൂട്ടു പൊലീസുകാരൻ ഓടി രക്ഷപ്പെട്ടു.

പുതിയ വാർത്തയുടെ ചൂടും കോൺഗ്രസ് യോഗത്തിൽ പങ്കെടുക്കാനുള്ള ആർത്തിയുമായി കൂടുതൽ ആളുകൾ പല ഭാഗത്തു നിന്നായി കല്ലറയിൽ എത്തിക്കൊണ്ടിരുന്നു. ചെല്ലപ്പൻ വൈദ്യനും സഹപാഠിയായിരുന്ന പത്മനാഭപിള്ള വൈദ്യനും കൂട്ടരും കല്ലറ എത്തി. റിസർവ് പൊലീസ് പാങ്ങോട് ക്യാമ്പ് ചെയ്യുന്നതായും നിരപരാധിയായ ഒരാളെ പൊലീസ് കസ്റ്റഡിയിൽ വച്ചിരിക്കുന്നതായുമറിഞ്ഞ് ഖദർതൊപ്പിധാരികളും അല്ലാത്തവരുമായ ജനക്കൂട്ടം പാങ്ങോട്ടേയ്ക്കു നീങ്ങി. നിരപരാധിയെ മോചിപ്പിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. പട്ടാളത്തിൽ നിന്നും അവധിക്കു വന്നിരുന്ന തേന്നൂർ തേമ്പാംകുഴിയിൽ കൃഷ്ണൻ ഇടപെട്ട് സ്റ്റേഷനിൽകിടന്നയാളെ വിടുവിക്കുകയുണ്ടായി. വഴിക്കുവെച്ച് ജനക്കൂട്ടം അയാളെകണ്ടു. അയാളുടെ ശരീരത്തിലെ മർദ്ദനത്തിന്റെ പാടുകൾ ആളുകളെ രോഷാകുലരാക്കി. മർദ്ദിതനെയും കൂട്ടി ജനക്കൂട്ടം സ്റ്റേഷനിലെത്തി. സ്റ്റേഷനിൽ കുറച്ചു പൊലീസുകാരും പുറത്ത് വലിയ ജനക്കൂട്ടവുമായി രംഗം ജ്വലിച്ചുനിന്നു. ചെല്ലപ്പൻ വൈദ്യനെപ്പോലുള്ളവർക്ക് നിലവിലുള്ള സാഹചര്യങ്ങൾ (ചന്തയിലെ അക്രമപ്പിരിവും മറ്റും) പൊലീസ് അധികൃതരോട് സംസാരിക്കണമെന്നുണ്ടായിരുന്നു. സ്റ്റേഷനടുത്തേക്ക് ആരും ചെല്ലരുതെന്ന് ഇൻസ്പെക്ടർ ഉസ്മാൻഖാൻ തോക്കുയർത്തിക്കാട്ടി പറഞ്ഞു. പെട്ടെന്ന് എവിടെനിന്നോ വെടിയുണ്ടായി. തച്ചോണത്തുകാരൻ കൃഷ്ണപിള്ള പൊലീസിന്റെ വെടിയേറ്റു വീണ് പിടഞ്ഞുമരിച്ചു. കല്ലേറുണ്ടായി. പൊലീസിനെ ലക്ഷ്യമാക്കി തോക്കുമായി ഇഴഞ്ഞുനീങ്ങിയ ചെറുവാളത്തുകാരൻ കൊച്ചുനാരായണനാശാരിക്കും വെടിയേറ്റു. ഗദ്ഗദകണ്ഠനായി എന്തോ പറയാൻ ശ്രമിച്ച അയാളും പിടഞ്ഞുമരിച്ചു. രാത്രിയായി പിടിച്ചു നിൽക്കാനാകാതെ ജനം പിരിഞ്ഞുപോയി. ചുട്ടുകറ്റയും മറ്റുമായി ആളുകൾ എത്തിക്കൊണ്ടിരുന്നെങ്കിലും ഒന്നും ചെയ്യാനാകാതെ നിരാശരായി പോയി. രംഗം ശോകമൂകമായിത്തീർന്നു. ശവങ്ങൾ പോലും ബന്ധുക്കൾക്ക് വിട്ടുകൊടുക്കാതെ, പിറ്റേദിവസം സ്റ്റേഷൻ പരിസരത്ത് ഒറ്റ ശവക്കുഴിയിൽ മറവു ചെയ്യുകയായിരുന്നു. ഇതിനകം കല്ലറ തേരിയിൽ ഒരു ലോറിയും ഒരു കാറും നാട്ടുകാർ തീവച്ച് ചുട്ടു നശിപ്പിച്ചിരുന്നു. ഇതിനെ തുടർന്നാണ് നാട്ടിൽ കുതിരപ്പടയിറങ്ങിയതും ഭീതി പരത്തിയതും.

കുതിരപ്പട എത്രയോ പോരെ ചോദ്യം ചെയ്യൂ. ഏതെല്ലാം വിധത്തിൽ ഉപദ്രവിച്ചു? ഇവിടുത്തെ എല്ലാ മലകളും കുതിരപ്പട അരിച്ചുകയറി. മഠത്തുവാതുക്കൽ പ്ലാവിള വീട്ടിൽ എൻ. ശങ്കരനെ പൊലീസ് പിടിച്ചുകൊണ്ടു പോയി കഠിനമായി മർദ്ദിച്ചു. ആരുടെയെല്ലാം കൈവശം തോക്കുണ്ടെന്ന് പറയിക്കാനുള്ള പാഴ്ശ്രമമായിരുന്നു നടന്നത്. ഓരോ ഇടി ഏൽക്കുമ്പോഴും 'കൊണ്ടേം പറയട്ടെ' എന്ന ശ്രീ. ശങ്കരന്റെ പ്രതികരണം പൊലീസിനെ അരിശം കൊള്ളിച്ചു. ശങ്കരന്റെ നീണ്ട മീശരോമങ്ങൾ ഓരോന്നായി പിഴുതെടുക്കാൻ തുടങ്ങി. ധീരനും ദേശാഭിമാന പ്രചോദിതനുമായ ആ പോരാളിയിൽ നിന്നും രഹസ്യങ്ങളൊന്നും പൊലീസിനു ലഭിച്ചില്ല. കുതിരയെക്കൊണ്ട് ചവിട്ടിക്കുന്നതുൾപ്പെടെയുള്ള നീച പ്രവൃത്തികൾ ഭയന്ന് പുരുഷന്മാർ വീടുവിട്ട്

കഴിയേണ്ടിവന്നു. ഒടുവിൽ നാട്ടുകാരുടെ പേരിൽ പൊലീസ് കേസെടുത്തു. നെടുമങ്ങാട് പൊലീസ് ഇൻസ്പെക്ടർ 'തണ്ടൻ' കൃഷ്ണപിള്ളയും നെടുങ്കണ്ടയിൽ വലിയപുരയ്ക്കൽ വി.ആർ നാരായണനും കൂടി ചാർജുഷീറ്റ് തയ്യാറാക്കി. നാട്ടുപ്രമാണിമാരുടെ വിരോധികളെല്ലാം കേസിൽ പ്രതികളായി. കൂറ്റവാളികൾ ആരോസന്തോരും, കൂറ്റം രാജ്യദ്രോഹവും എന്നായിരുന്നു ചാർജുഷീറ്റ്. 40 പ്രതികൾ. അവരിൽ ചിലർ ഒളിവിലായി. പിടികിട്ടിയവരിൽ ഏഴുപോരെ വെറുതെ വിട്ടതിൽ നിന്നുതന്നെ കേസിന്റെ പൊള്ളത്തരം വ്യക്തമാണ്. മിതൃമ്മല ശങ്കരനുൾപ്പെടെ പലരും ദീർഘകാലം ജയിൽവാസമനുഭവിച്ചു. അദ്ദേഹത്തിന്റെ സ്വത്തുക്കൾ കണ്ടുകെട്ടി.

ധീരരായ യുവനേതാക്കൾ സ്വന്തം ജീവൻ ബലിയർപ്പിച്ചുകൊണ്ട് കല്ലറ-പാങ്ങോടിനെ അനശ്വരമാക്കി. നിരപരാധികളായ തച്ചോണം ഊറാൻകുഴിയിൽ എസ് കൊച്ചപ്പിപ്പിള്ളയും രേതന്നൂർ തേമ്പാംകുഴിയിൽ കെ. കൃഷ്ണനും തൂക്കുമരത്തിൽ പിടഞ്ഞുവീണതോടെ ഒരധ്യായം കഴിഞ്ഞു. ആ രണ്ടു കറുത്ത നാളുകൾ (യഥാക്രമം) കൊല്ലവർഷം 1116 ധനു 3-ഉം ധനു 4-ഉം വിസ്മൃതിയുടെ നീർക്കയത്തിൽ മുങ്ങിത്താഴാതിരിക്കട്ടെ.

കല്ലറ-പാങ്ങോട് വിപ്ലവത്തിൽ ജീവാർപ്പണം ചെയ്തവരെ സ്മരിക്കാൻ രക്തസാക്ഷിസ്മാരകം കല്ലറയിൽ ഉയർന്നത് കേരളത്തിലാദ്യത്തെ കമ്മ്യൂണിസ്റ്റ് സർക്കാർ അധികാരത്തിൽ വന്നശേഷമാണ്. പാളയം രക്തസാക്ഷി മണ്ഡപം ഉയരുന്നതിനു മുമ്പുതന്നെ ഇതിവിടെ ഉയർത്താൻ ശ്രമം തുടങ്ങിയെങ്കിലും കാലതാമസ്സം വേണ്ടിവന്നു. വിപ്ലവകാരികളായിരുന്ന സർവ്വശ്രീ. മഠത്തുവാതുക്കൽ ശങ്കരൻ, എൻ.സി വൈദ്യൻ (മുതുവിള), തുമ്പോട് മാധവൻപിള്ള, മുഹമ്മദ് അലി എന്നിവർക്ക് 1972 ആഗസ്റ്റ് 15ന് ഇന്ത്യാ ഗവൺമെന്റ് താമ്രപത്രം നൽകി ആദരിച്ചു. (പി കേശവപിള്ള (ബോസ് മുതുവിള) അവർകൾക്ക് നെടുമങ്ങാട് വിപ്ലവത്തിൽ പങ്കെടുത്തതിന്റെ പേരിൽ താമ്രപത്രം ലഭിച്ചിട്ടുണ്ട്. മറ്റു പലർക്കും ഇതിന്റെ പേരിൽ സ്വാതന്ത്ര്യപെൻഷൻ ലഭിക്കുന്നുണ്ട്. കല്ലറ-പാങ്ങോട് സമരം നടക്കുന്ന കാലത്താണ് കടയ്ക്കൽ സമരവും ഉണ്ടായത്.

യൂത്ത് ലീഗ് നേതാക്കളായ പൊന്നറ ശ്രീധരെയും വക്കം മജീദിനെയും പോലുള്ള കോൺഗ്രസ് സോഷ്യലിസ്റ്റുകൾ ആദരപൂർവം പലവട്ടം ഈ പ്രദേശത്തെ സമാശ്വസിപ്പിക്കുന്ന രീതിയിലുള്ള രാഷ്ട്രീയ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കാനെത്തിയിട്ടുണ്ട്.

പ്രബുദ്ധരായ ഇവിടുത്തെ കർഷകർ സഹകരിച്ച് കൊല്ലവർഷം 1120 മകരം 27-ന് (1945) മിതൃമ്മല സഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു. സാമൂഹ്യ പ്രവർത്തകരായ ആളുകൾ നടത്തിയ പ്രവർത്തനം അന്നൊരു ചെറുപ്രദേശത്തെ ലാക്കാക്കിയുള്ളതായിരുന്നെങ്കിൽ ഇന്നത് പഞ്ചായത്തു മുഴുവൻ നിറഞ്ഞു അയൽപ്രദേശത്തേക്കു കൂടി വ്യാപിച്ചുകൊണ്ടിരിക്കുന്ന സർവീസ് സഹകരണ ബാങ്കായി മാറിയിരിക്കുന്നു.

1939-ൽ തിരുവിതാംകൂറിൽ വില്ലേജ് യൂണിയൻ ആക്ട് നടപ്പിലായതിന്റെ ഫലമായി, ഗ്രാമങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് തിരുവനന്തപുരം ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിലൊന്നായി കല്ലറ പരിഗണിക്കപ്പെട്ടു. 1946-ൽ സ്ഥാപിതമായ അന്നത്തെ ഗ്രാമോദ്ധാരണ കേന്ദ്രം (വില്ലേജ് അപ്ലിഫ്റ്റ് സെൻറർ) ആണ് പിന്നത്തെ കല്ലറ പഞ്ചായത്തു കേന്ദ്രമായി രൂപാന്തരപ്പെട്ടത്.

അതുപോലെ, കല്ലറയും പരിസരത്തുമുള്ള യുവചേതനകൾ ഒത്തുചേർന്നപ്പോൾ കല്ലറ യംഗ് മെൻസ് അസോസിയേഷനും ഗ്രന്ഥശാലയും ഉണ്ടായി. പോസ്റ്റാഫീസ്, വൈദ്യുതി, ആശുപത്രി തുടങ്ങി കല്ലറയുടെ ആധുനികവൽക്കരണത്തിന് അടിസ്ഥാനമിട്ടത് യംഗ് മെൻസ് അസോസിയേഷന്റെ പ്രവർത്തനമായിരുന്നു. അന്നത്തെ വൈഎംഎ ഗ്രന്ഥശാലയാണ് ഇപ്പോഴത്തെ പഞ്ചായത്ത് ഗ്രന്ഥശാലയെന്നോർക്കുക.

സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ മാനേജുമെൻറിന്റെ കീഴിലുണ്ടായിരുന്ന പ്രൈമറി സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുകയും നാലാം ക്ലാസു വരെയുള്ള വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവും ആക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിലാണ് അരുവിപ്പുറം പ്രൈമറി സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നത്. സ്വാതന്ത്ര്യാനന്തരം മലയാളം മീഡിൽ സ്കൂളുകൾ നിർത്തലാക്കപ്പെടുകയും അവ ഇംഗ്ലീഷ്

മിഡിൽ സ്കൂളുകളായി പരിണമിക്കുകയും ചെയ്തു. അക്കൂട്ടത്തിലാണ് മിതൃമ്മല മാധവ വിലാസം മലയാളം മിഡിൽ സ്കൂൾ, മാധവ വിലാസം ഇംഗ്ലീഷ് മിഡിൽ സ്കൂളായി മാറിയത്. 1948-ൽ പ്രസ്തുത സ്കൂൾ സർക്കാർ എറ്റെടുത്തു. (സറണ്ടേഡ്) പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതവും സാർവത്രികവും ആക്കിയതിന്റെ ഭാഗമായി ഈ പ്രദേശത്ത് മുതുവിള, പരപ്പിൽ, കുറുമ്പയം എന്നിവിടങ്ങളിൽക്കൂടി ഓരോ സർക്കാർ പ്രൈമറി സ്കൂളുകൾ ആരംഭിച്ചു. മിതൃമ്മല പ്ലാക്കോട് പ്രദേശത്തെ വിദ്യാഭ്യാസമുള്ള ഏതാനും ചെറുപ്പക്കാരുടെ ശ്രമഫലമായി 1949-ൽ നേതാജി സ്മാരക ഗ്രന്ഥശാല പ്രവർത്തനമാരംഭിക്കുകയും ഗ്രന്ഥശാലാസംഘത്തിന്റെ അംഗീകാരം നേടുകയും ചെയ്തു. പ്രബുദ്ധരായ നാട്ടുകാരുടെ അശ്രാന്തപരിശ്രമത്തിന്റെ ഫലമായി1950-ൽ മിതൃമ്മല ഗവൺമെൻറ് മിഡിൽ സ്കൂൾ, ഗവൺമെൻറ് ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഇതോടെ പ്ലാക്കോട് പ്രദേശത്ത് പ്രവർത്തിച്ചിരുന്ന നേതാജി സ്മാരക ഗ്രന്ഥശാലയും ഹൈസ്കൂളിനടുത്തുള്ള മാടക്കാവിലേക്കു മാറ്റി പ്രവർത്തനമാരംഭിച്ചു. ആരോഗ്യരംഗത്ത് നാം ആദ്യമായി കൈവരിച്ച നേട്ടമാണ് 1052-ൽ ആരംഭിച്ച തറട്ട ഗവൺമെൻറ് ഡിസ്പെൻസറി. അതിന് ശ്രദ്ധേയമായ പ്രാഥമിക ആരോഗ്യകേന്ദ്രമായി വികസിച്ചിരിക്കുന്നു.

സ്വാതന്ത്ര്യാനന്തരം ചെറുവാളം, പാട്ടറ തുടങ്ങി പല ഭാഗങ്ങളിലും ഗ്രന്ഥശാലകളും കായിക-കലാ സമിതികളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പും മിതൃമ്മല, മുതുവിള, ചെറുവാളം എന്നിവിടങ്ങളിൽ വോളിബാൾ കളിയും മത്സരങ്ങളും കായികരംഗത്തെ നേട്ടങ്ങളായി നിലനിന്നിരുന്നു.

തിരു-കൊച്ചിയിലാദ്യമായി പ്രായപൂർത്തി വോട്ടവകാശ ക്രമത്തിലുള്ള (Adult Franchise) തെരഞ്ഞെടുപ്പ് നടക്കുന്നത് 1952-ലാണ്. അതിനുമുമ്പ് കരംതീരുവയുടെ അടിസ്ഥാനത്തിലായിരുന്നു വോട്ടവകാശം നിശ്ചയിച്ചിരുന്നത്. 1953-ൽ ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഉണ്ടായപ്പോൾ കോൺഗ്രസുകാരും കോൺഗ്രസ് അല്ലാത്തവരുമായുള്ള മത്സരം ഉറപ്പായി. നിരോധിക്കപ്പെട്ടിരുന്ന കാലം മുതൽക്കേ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം രഹസ്യമാ ഇവിടെ പ്രവർത്തനം ആരംഭിച്ചിരുന്നു. നിരോധ നീക്കപ്പെട്ടതിനെ തുടർന്ന് സ്ഥലത വിദ്യാസമ്പന്നരായ ചെറുപ്പക്കാ പൊതുജനവേദിയിലൂടെ പാർടിയിലേക്കാകർഷിക്കാ ശ്രമം ആരംഭിച്ചു. വിദ്യാർഥി ഫെഡറേഷനിലൂടെ പാ പ്രവർത്തകനായിത്തീരുകയും പിന്നീട് സ്റ്റേ ട്രാൻസ്പോർട് സമരത്തിൽ പൊലീസിന്റെ ഹീനമാ മർദ്ദനത്തിന് വിധേയനാകേണ്ടിയും വന്ന ആറാന്താ വി. സഹദേവനായിരുന്ന കല്ലറയിൽ കമ്മ്യൂണി പാർടിയുടെ നേതൃത്വം വഹിച്ചിരുന്നത്. 'ഗ്രാമസേവ സംഘം' എന്നൊരു സമിതി രൂപീകരിച്ച് പഞ്ചായത തെരഞ്ഞെടുപ്പിനെ നേരിടാൻ കമ്മ്യൂണിസ്റ്റുകാ തയ്യാറായി. ശ്രീമാൻമാർ എൻ. വാസുദേവൻപിള എൻ. ചെല്ലപ്പൻവൈദ്യൻ തുടങ്ങി ശ്രദ്ധാർഹരാ ഒരുസംഘത്തെ സ്ഥാനാർത്ഥികളാക്കി മത്സ രംഗത്തിറക്കി. ദ്വയാംഗമണ്ഡലമുൾപ്പെ ഏഴുവാർഡുകളിലെ എട്ട് സ്ഥാനാർഥികളി അഞ്ചുപേരുടെ ഭൂരിപക്ഷത്തോടെ ഗ്രാമസേവാസംഘ പഞ്ചായത്തിൽ അധികാരത്തിലെത്തി. 1953 ജൂ 17-ാം തീതി ശ്രീ. എൻ. വാസുദേവൻപിള പഞ്ചായത്തു പ്രസിഡൻറായുള്ള ഭരണസമി അധികാരമേറ്റു. ഇന്നത്തെ പാങ്ങോട് പഞ്ചായത്തുകൂ ഉൾപ്പെട്ടതായിരുന്നു അന്ന് കല്ലറ പഞ്ചായത്തതിർത്ത കമ്മ്യൂണിസ്റ്റ് പാർടിയും മറ്റ് ഇടതുപക്ഷ പ്രസ്ഥാനങ്ങളു മാത്രമല്ല, കോൺഗ്രസ് പോലും ഇവി സജീവമാകുന്നത് ഇക്കാലത്താണ്. അതിന ഫലമായി ബഹുജന പ്രസ്ഥാനങ്ങൾ രൂപംകൊള്ളാ തുടങ്ങി. കർഷകസംഘങ്ങളും ബിഡിതൊഴിലാ യൂണിയനുകളും നിലവിൽ വന്നു. അയിത്തം പോലു സാമൂഹ്യ അനീതിക്കെതിരെ ആഞ്ഞടിക്കേണ്ട കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു. കൂടികിടപ്പ് കാശം നേടിയെടുക്കാനും എട്ടുമണിക്കൂർ തൊഴി സമയം എന്ന തത്വം അംഗീകരിപ്പിക്കാനു നിലനിന്നുപോന്ന മറ്റനാചാരങ്ങൾക്കെതിരായ വിട്ടുവീഴ്ചയില്ലാതെ പൊരുതേണ്ടി വന്നിട്ടുണ്ട് താണജാതിക്കാർക്ക് ചായക്കടകളിൽ പോല ചായയും വെള്ളവും ചിരട്ടയിലായിരുന നൽകിയിരുന്നത്. കിണറുകൾ പോല

തൊട്ടശുദ്ധമാക്കാൻ അനുവദിച്ചിരുന്നില്ല. അലക്കുകമ്പനികളും ബാർബർ ഷോപ്പുകളും വീണ്ടും താണജാതികൾക്ക് ഭ്രഷ്ട് കൽപിച്ചിരുന്നു. മാറ്റത്തിനുവേണ്ടി ബഹുജനപ്രസ്ഥാനങ്ങൾ നടത്തിയ പ്രക്ഷോഭങ്ങൾ വിസ്മരിക്കേണ്ടതില്ല.

മലയാളികളുടെ ദീർഘകാല സ്വപ്നമായിരുന്ന ഐക്യകേരളം 1956 നവംബർ ഒന്നിന് നിലവിൽ വന്നു. കേരളപ്പിറവിയെ എതിരേൽക്കാൻ പഞ്ചായത്തിൽ പലഭാഗത്തും സമ്മേളനങ്ങൾ നടന്നിട്ടുണ്ട്. മിതൃമ്മല മാടങ്കാവിൽ വിപുലമായ കലാപരിപാടികളുമായാണ് കേരളപ്പിറവി ദിനം ആഘോഷിച്ചത്. 1957-ൽ ലോകത്തിലാദ്യമായികേരളത്തിൽതെരഞ്ഞെടുപ്പിലൂടെ കമ്മ്യൂണിസ്റ്റുകാർ അധികാരത്തിലെത്തിയതും ശ്രദ്ധേയമാണ്.

ഗതാഗതം, വൈദ്യുതി, സാമൂഹ്യക്ഷേമം എന്നീ മേഖലകളിൽ നാം വളരെ പിന്തള്ളപ്പെട്ടിരുന്നു. 1940-കളുടെ രണ്ടാം പകുതിയിൽ പഞ്ചായത്തിലൂടെ വാഹനഗതാഗതം ആരംഭിച്ചു. 1953-ൽ വൈദ്യുതി എത്തിനോക്കി. ഏറെ മാറ്റങ്ങൾ വന്നെങ്കിലും ആവശ്യങ്ങൾ വർധിച്ചുകൊണ്ടിരിക്കുന്നു. അനഭ്യസ്തരുടേതുൾപ്പെടെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പെരുകുന്നു.

നീണ്ടൊരു ജനവാസത്തിന്റെ പാരമ്പര്യമുള്ള ഈ പ്രദേശത്തെ ജീവിതത്തുടിപ്പുകളിൽ മിന്നലാട്ടം പോലെ കടന്നുപോകാതെ ഇവിടെ കഴിഞ്ഞിട്ടുള്ളു. പാരതന്ത്ര്യത്തിന്റെ തീച്ചൂളയിൽ വെന്തുരുകി അസംഖ്യം നിയന്ത്രണങ്ങളുടെ അരിപ്പിലൂടെ ഒലിച്ചിറങ്ങിയ നവോത്ഥാനയുടെ പ്രവാഹമായിരുന്നു സ്വാതന്ത്ര്യാനന്തര കാലം. വേഷത്തിലും ആചാരത്തിലുമൊക്കെ, സർവമത സർവ ജാതിയും ഒന്നായിക്കൊണ്ടിരുന്ന ത്യാഗത്തിന്റെയും സേവനത്തിന്റെയും മഹത്വമറിഞ്ഞ പുണ്യകാലം. ഇക്കാലത്ത് ജീവിച്ചിരിക്കാനിട വന്നത് മഹാഭാഗ്യമായി പൊതുവിൽ കരുതിയിരുന്നു. കഷ്ടിച്ച് രണ്ടു ദശകത്തിനകം ആ പുണ്യവാഹിനി പുരാണ പ്രസക്തകളായ സരസ്വതീ സരയൂ നദികൾ പോലെ വറ്റിവരണ്ടു പോയി. കൃത്രിമതയുടെ വർണ്ണശോഭയോടെ അരുതായ്കകൾ എഴുന്നുവരുന്നു. സ്ത്രീ വിദ്യാഭ്യാസവും സ്ത്രീ സമത്വവും അംഗീകരിക്കുന്ന നമ്മൾ സ്ത്രീധന ചിന്തയ്ക്കും സ്ത്രീ പീഡനത്തിനും കൂട്ടുനിൽക്കുന്നു.

ഈ പഞ്ചായത്തിലെ ചെറിയ മനുഷ്യസമൂഹത്തിൽ വലിയ കുബേരന്മാരുണ്ടായിരുന്നില്ലെങ്കിലും ഫ്യൂഡൽ സമ്പ്രദായത്തിന്റെ സാമ്പത്തികാസമത്വം നിലനിന്നിരുന്നു. സാമൂഹ്യ അനാചാരങ്ങൾ പ്രബുദ്ധതയിലൂടെയും സാമ്പത്തികാസമത്വം പുനർവിഭജനത്തിലൂടെയും ഒരളവുവരെ പരിഹൃദമായിട്ടുള്ളൂ. ഇനിയും ഏറെ മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. ജവഹർലാൽ നെഹ്റുവിന് ഹൃദ്യമായിരുന്ന റോബർട്ട് ഫ്രോസ്റ്റിന്റെ നാലുവരികൾ കടമെടുത്താൽ,

വനമതിരമ്യം ഗഗനമതിൽപ്പെ-
ട്ടടികളനേകം താണ്ടീട്ടിനിയും
കലവറ പലതുണ്ടവിടേയ്ക്കെത്താ-
നടി പതറാതെ കുതിയ്ക്കാമല്ലോ.

ഭൂപ്രകൃതിയും വിഭവങ്ങളും

നെടുമങ്ങാട് താലൂക്കിന്റെ വടക്കേ അറ്റത്തുള്ള ഗ്രാമപഞ്ചായത്താണ് കല്ലറ. കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിന്റെ ഒരു മുല ഈപഞ്ചായത്ത് അതിർത്തിയിൽ മുണ്ടോണിക്കര ഭാഗത്ത് വന്ന് മുട്ടിയിരിക്കുന്നു. ചിറയിൻകീഴ് താലൂക്കിന്റെ ഒരറ്റവും ഈ സ്ഥലത്ത് വന്ന് മുട്ടുന്നു. എം.സി.റോഡിൽ കാരേറ്റുനിന്ന് കിഴക്കോട്ടു തിരിയുന്ന പാലോടു റോഡിൽ 6 കിലോമീറ്റർ സഞ്ചരിക്കുമ്പോൾ ഈ പഞ്ചായത്തിലെ തുമ്പോട്ടു വാർഡിൽപെട്ട പഴയചന്ത മുക്കിൽ എത്തുന്നു.അവിടെനിന്നും കല്ലറ വഴി മരുതമൻ എന്ന സ്ഥലത്തുവച്ച് റോഡ് പാങ്ങോട്ടു പഞ്ചായത്തിലേക്കു കടക്കുന്നു. അതിരുകൾ വിസ്തീർണ്ണം തുടങ്ങിയ വിവരങ്ങൾ ആമുഖത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

പഠന പര്യടനം (Transect walk)

വികസന റിപ്പോർട്ടു തയാറാക്കുന്നതിന്റെ ആദ്യപടിയായി അതതു പ്രദേശങ്ങളിലെ ഭൂപ്രകൃതി, പ്രകൃതി വിഭവങ്ങൾ തുടങ്ങിയവകൃത്യമായി വിലയിരുത്തേണ്ടതുണ്ട്.ഇത് ശരിയായി ചെയ്യണമെങ്കിൽ വിവേ ഭൂപടങ്ങൾ തയാറായിരിക്കണം. ഓരോ പ്രദേശത്തെയും ഭൂമിയുടെ കിടപ്പ്, ഭൂപ്രകൃതി വിഭാഗങ്ങൾ, ഭൂവിനിയോഗ വിവരങ്ങൾ, സമൂഹ നിർമ്മിത ആസ്തികളുടെ വിവരങ്ങൾ, ജലലഭ്യതയുടെ വിശദാംശങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങൾ തുടങ്ങിയ വിവരങ്ങളൊക്കെ വളരെ വിശദമായി ഈ ഭൂപടത്തിൽ രേഖപ്പെടുത്തിയിരിക്കും. അതതു പ്രദേശത്തെതന്നെ സന്നദ്ധപ്രവർത്തകർ തയ്യാറാക്കുന്ന ഇത്തരം ഭൂപടത്തിന്റെ കൃത്യത വളരെ ഉയർന്നതായിരിക്കും. ഇത്തരം വിവേ ഭൂപടം തയാറാക്കുവാൻ കുറഞ്ഞത് മൂന്നുമാസം വേണ്ടിവരും. 9-ാം പഞ്ചവൽസര പദ്ധതി പടിവാതിൽക്കൽ വന്നുനിൽക്കുന്ന ഈ അവസരത്തിൽ നമുക്ക് ഇതിനുള്ള സമയമില്ലാത്തതിനാൽ പെട്ടെന്നു തീർക്കാവുന്ന " ദ്രുത വിവരശേഖരണ പ്രക്രിയ "യിലെ ഒരിനമായ "പഠന പര്യടനം (Transect walk) നാം ഇവിടെ ഉപയോഗപ്പെടുത്തിയിരിക്കുന്നു.

പര്യടന സംഘം


1996 നവംബർ 7ന് പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടേയും റിസോഴ്സ് പേഴ്സൺസിന്റെയും സംയുക്തയോഗം ചേരുകയും അന്നത്തെ തീരുമാന പ്രകാരം 9-11-96നു മേഖലകളായി പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലുംപെട്ട പ്രധാന സ്ഥലങ്ങളെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് സാമാന്യം വിപുലമായ ഒരു പഠന പര്യടനം നടത്തുകയുണ്ടായി.


ഒന്നാം മേഖലയിൽ കല്ലറ, കുറുമ്പയം, തുമ്പോട്, മിതൃമ്മല വാർഡുകളും രണ്ടാം മേഖലയിൽ പാൽക്കുളം, ചെറുവാളം, തെങ്ങുംകോട് വാർഡുകളും മൂന്നാം മേഖലയിൽ മുതുവിള,പരപ്പിൽ, അരുവിപ്പുറം, കുറിഞ്ചിലക്കാട് വാർഡുകളും ഉൾപ്പെട്ടിരുന്നു. ഒന്നാം മേഖല കല്ലറ രക്തസാക്ഷിമണ്ഡപത്തിൽനിന്ന് രാവിലെ എട്ടു മണിക്കും രണ്ടാം മേഖല പാട്ടറ ജംഗ്ഷനിൽ നിന്ന് രാവിലെ എട്ടു മണിക്കും, മൂന്നാം മേഖല പരപ്പിൽകടവിൽ നിന്ന് രാവിലെ 7.45 നും യാത്ര ആരംഭിച്ച് ഏകദേശം ഒറ്റ ദിവസം കൊണ്ടുതന്നെ പൂർത്തിയാക്കി.

പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കു പുറമേ മൂന്നു മേഖലകളിലും കൂടി 25 പേർ പങ്കെടുത്തു.

പഠന റിപ്പോർട്ട്

മൂന്നു സംഘങ്ങളും സഞ്ചരിച്ച ഭാഗങ്ങളെ സംബന്ധിച്ച വളരെ വിശദമായ പഠന റിപ്പോർട്ടുകൾ തയാറാക്കിയിരുന്നു. ഓരോ സംഘത്തിലേയും അംഗങ്ങൾ ചെറു ചെറു സംഘങ്ങളായി ട്രാൻസെക്ട് ലൈൻ വരയ്ക്കുക, ഭൂപ്രകൃതി മൺതരങ്ങൾ, സസ്യാവരണം, ജലലഭ്യത, ജനവാസം, വിശേഷ മണ്ണുകളും, സസ്യങ്ങളും തുടങ്ങ


ട്രാൻസക്ട് 1
കല്ലറ
ആലിമൂടുവിള
പാട്ടറവിള
താപസഗിരി
കോണത്തുവിള
കോട്ടൂർ
ഒലിവിൽ
പത്തിൽകുന്ന്
തൈക്കുഴിക്കുഴിക്കുഴി
മുതുപുരയം
ചുമലിൽകോവിൽ
കുരിശിൻമൂല
കല്ലറ
ട്രാൻസക്ട് 2
പാട്ടറ
പുതുക്കുളം
ഇരുപുളി
തോപ്പ്
വടുകനികോണം
നെടുതോട്ടുകുന്ന്
ചെറുപള്ളം
തെക്കുംമുറി
ആലിമൂടുകുന്ന്
പെരുങ്കുന്നി
കൊടിഞ്ഞിയിൽകുന്ന്
ട്രാൻസക്ട് 3
പരുവിൽകടവ്
കോരംപുഴിക്കുഴി
ചന്തവിൽക്കോട്
ഇരിപ്പകുഴി
പാതിപ്പാറമുക്ക്
ചെമ്പൻകോട്
പൂവത്തുകുന്ന്
തോട്ടുംപുറം
മുതനുകുഴി
മുളവിള
പൂവത്തി
ചാമിനി
പാതിപ്പാറമുക്ക്


N
W
E
S
കല്ലറ
1
2
3
4
5
6
7
8
9
10
11
പഞ്ചായത്ത് 1
പാങ്ങോട്
വെള്ളിയാഴ്ചക്കുഴി
പാങ്ങോട്
പഞ്ചായത്ത് 2
കോട്ടുകുന്ന്
കുഴി
പഞ്ചായത്ത് 3

കണ്ണിൽകണ്ട കാര്യങ്ങളെല്ലാം പഠനവിധേയമാക്കിയിരിക്കുന്നു.

ഓരോ സംഘത്തിന്റെയും റിപ്പോർട്ടിലെ വിവരങ്ങൾ മഹത്തും അതോടൊപ്പം ഈ വികസന റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കാൻ കഴിയാത്തത്ര ബൃഹത്തുമാണ്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയാറാക്കിയിട്ടുള്ള നമ്മുടെ പ്രദേശത്തിന്റെ ഭൂപ്രകൃതിയുടെ ഒരു ചെറിയ വിവരണമാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ഭൂപ്രകൃതി

കേരളത്തെ ഭൂപ്രകൃതിയനുസരിച്ച് മൂന്നായി തിരിച്ചിരിക്കുന്നതിൽ " ഇടനാട് " (Mid land) പ്രദേശത്താണ് നമ്മുടെ സ്ഥലം സ്ഥിതി ചെയ്യുന്നത്. കിഴക്കു നിന്ന് പടിഞ്ഞാറോട്ടു ചരിഞ്ഞാണ് പഞ്ചായത്തു പ്രദേശത്തിന്റെ മൊത്തത്തിലുള്ള കിടപ്പ്. ഇടനാടു പ്രദേശത്ത് ഉൾപ്പെടുന്നുവെങ്കിലും മലനാടിന്റെ സ്വഭാവം ഉൾക്കൊള്ളുന്ന ഭൂപ്രകൃതിയാണ് മുഴുവൻ ഭാഗങ്ങളിലും. വടക്കു ഭാഗത്തുള്ള കുന്നുകളുടെ ഉയരം താരതമ്യേന തെക്കുഭാഗത്തുള്ളവയെക്കാൾ അല്പം കൂടുതലാണ്. വലിയ കുന്നുകളും, കുത്തിറക്കങ്ങളും, അങ്ങിങ്ങ് ഉയർന്ന പാറക്കെട്ടുകളും, താഴ്വാരങ്ങളിൽ നിന്നൊലിച്ചിറങ്ങുന്ന നീർച്ചാലുകൾ ഒന്നിച്ചു ചേർന്ന ചെറുതോടുകളും, കുന്നുകൾക്കിടയിലെ നെൽപാടങ്ങളും ചേർന്ന് പ്രകൃതി മനോഹരമാണ് കല്ലറ ഗ്രാമപഞ്ചായത്ത് പ്രദേശം.

പ്രധാന കുന്നുകൾ

കൊടിതൂക്കിയകുന്ന്, നെടുംതേരികുന്ന്, പനകുന്ന്, പാട്ടറക്കുന്ന്, ആയിരവില്ലിക്കുന്ന്, തറുതലക്കുന്ന്, പ്ലാച്ചികുന്ന്, താപസഗിരി എന്നിവയാണ് പ്രധാന കുന്നുകൾ.

പാറപ്രദേശങ്ങൾ

കല്ലറ ആയിരവില്ലിപാറ, ചുട്ടയിൽകാവിൽപാറ, തെങ്ങുംകോട് തമ്പുരാട്ടിമൂലപാറ, പ്ലാങ്കൽകുന്നുപാറ, ഇളവുർകരിക്കകം ആയിരവില്ലിപ്പാറ, കുറുമ്പയം ആയിവില്ലിപാറ, ഒഴുകുപാറ എന്നിവയാണ് പ്രധാന പാറപ്രദേശങ്ങൾ.

മണ്ണ്

ഭൂമി ശാസ്ത്രപരമായി ഈ പ്രദേശം വെട്ടുകൽ മണ്ണാണ്. അരമീറ്റർ മുതൽ ഒരു മീറ്റർ താഴ്ച വരെ മിക്ക പ്രദേശങ്ങളിലും കറുത്ത നിറമുള്ള മേൽമണ്ണ് കാണപ്പെടുന്നു. ചില ഭാഗങ്ങളിൽ ചരൽ കലർന്ന ചെമ്മണ്ണും കണ്ടു വരുന്നു. അടിയിൽ എല്ലാ ഭാഗത്തും ചുവന്ന മണ്ണും പാളികളായി ഇളകിമാറാത്ത വെട്ടുകല്ലും (Laterite without B horizon)കാണപ്പെടുന്നു. പണ്ട് വനം പ്രദേശമായിരുന്ന ഈ ഭാഗത്തിന്റെ ഫലപുഷ്ടി കുറഞ്ഞു വരുന്നു. കേരളത്തിന്റെ മറ്റ് ഭാഗങ്ങളെപ്പോലെ ഇവിടേയും അമ്ലത (Acidity) കൂടുതലുള്ള മണ്ണാണ്.

മിക്ക പ്രദേശങ്ങളും നന്നായി നീർവാർച്ചയുള്ള സ്ഥലങ്ങളായതിനാൽ ഒട്ടു മിക്ക കൃഷികൾക്കും വളരെ അനുയോജ്യമായ മണ്ണാണ് എല്ലാ സ്ഥലത്തും. കല്ലറ വാർഡിലെ മൂർത്തികോണം, പാൽക്കുളം വാർഡിലെ കടുമാൻകുഴി,തെങ്ങുംകോട്,തമ്പുരാട്ടിക്കുന്ന് എന്നിവിടങ്ങളിൽ മണ്ണിൽ അമ്ലം ധാരാളമായി കാണാം. പരപ്പിൽകടവിലും ആറിന്റെ മറ്റു തീരങ്ങളിലും നെടും തേരിക്കുന്നിലും ചന്തയിൽ കാട്ടിൻകുന്നിലും പനകുന്ന് ഭാഗങ്ങളിലും വൈഡുര്യം ലഭ്യമാകുവാൻ സാധ്യതയുണ്ട്.

സസ്യാവരണം

പാറ ഒഴിവാക്കിയാൽ മുഴുവൻ പ്രദേശവും വിവിധയിനം കാർഷിക വിളകളാലും മരങ്ങളാലും പച്ച വിരിക്കപ്പെട്ടിരിക്കുന്നു. കുന്നും പ്രദേശമായതുകൊണ്ട് റബ്ബർ കൃഷി സാർവത്രികമാണ്. ഏകദേശം 60% ഭാഗങ്ങളിലും റബ്ബർ കൃഷിയാണ്.10% ത്തോളം വയലും ബാക്കി 30% ഭാഗങ്ങളിൽ തെങ്ങ്, മരച്ചീനി, കുരുമുളക്, വാഴ,കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങി സമ്മിശ്ര കൃഷിയും നടത്തിയിരിക്കുന്നു. മിക്കവാറും എല്ലാ ഭാഗത്തും ധാരാളം ഔഷധച്ചെടികൾ ദൃശ്യമാണ്.കൃഷിക്കുപയോഗിക്കാത്ത ഭാഗങ്ങളിൽ പുല്ലും കുറ്റിച്ചെടികളും കാണാം.

ഭൂവിനിയോഗം

കേരളത്തെ പതിമൂന്ന് കാർഷിക മേഖലകളായി തരം തിരിച്ചിരിക്കുന്നതിൽ തെക്കൻ ഇടനാടു മേഖലയോടുചേർന്നുള്ള (Southern mid-land zone) മലനാട് (Hill land) പ്രദേശത്തിൽപെടുന്ന വാമനപുരം ബ്ലോക്കിൽ ഉൾപ്പെട്ടതാണ് കല്ലറ ഗ്രാമപഞ്ചായത്തു പ്രദേശം. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന തരത്തിൽ മുഴുവൻ പ്രദേശങ്ങളും കൃഷിക്കുപയുക്തമാക്കിയിരിക്കുന്നു. മൈതാനപ്രദേശങ്ങളോ, പുൽമേടുകളോ ദൃശ്യമല്ല. ഇലകം ക്ഷേത്രത്തോടനുബന്ധിച്ചുള്ള 25 സെന്റ് സ്ഥലം ഒരു ചെറിയ കാവായി നിലനില്ക്കുന്നു. പഞ്ചായത്ത് പ്രദേശത്ത് 7 PWD റോഡുകളും 169 ഓളം പഞ്ചായത്ത് റോഡുകളുമുണ്ട്. റോഡുകളിൽ ശരിയായരീതിയിൽ ഓടകളില്ലാത്തത് വലിയൊരു ഗതാഗത പ്രശ്നമാണ്.

ആൾപാർപ്പ്

എല്ലാ പ്രദേശങ്ങളിലും ആളുകൾ ചിതറി താമസിക്കുന്നു. എങ്കിലും യാത്രസൗകര്യം കണക്കിലെടുത്ത് റോഡ്സൈഡിൽ അടുത്തടുത്തും ഉൾപ്രദേശങ്ങളിൽ അകലെഅകലെയും വീടുകൾ കാണാം. മിക്കവാർഡിലും രണ്ടുംമൂന്നും ഭാഗങ്ങളിൽ കോളനികളുണ്ട്. വീടുകൾ പൊതുവേ ഓടും ഓലയും മേഞ്ഞ പഴയ മാതൃകയിലുള്ളതാണെങ്കിലും പുതിയ കോൺക്രീറ്റ് വീടുകളും ധാരാളമായി നിർമ്മിക്കപ്പെട്ടിരിക്കുന്നു.

ജലസമ്പത്ത്

വാമനപുരം നദി കല്ലറ പഞ്ചായത്ത് അതിർത്തിയിൽ തെക്കുകിഴക്കു ഭാഗത്ത്, പരപ്പിൽ വാർഡിലെ പെരുങ്കുഴിയിൽ തുടങ്ങി പരപ്പിൽകടവ്, ചെല്ലഞ്ചി, അരുവിപ്പുറം, കീഴാർ, കുമ്പളംപാറ വഴി നീറുമൻകടവിൽ അവസാനിക്കുന്നതുവരെ സാമാന്യം നീണ്ട ഒരു പ്രദേശത്തുകൂടി ഒഴുകുന്നു. നദി ആധികാരികമായി വാമനപുരം, പുല്ലമ്പാറ എന്നീ പഞ്ചായത്തുകളുടെ കീഴിലാണ്.

തോടുകൾ

കല്ലറ പഞ്ചായത്ത് ഓഫീസിന്റെ കിഴക്കൻ ചരിവിൽ നിന്നും താപസഗിരിയുടെ ചരിവിൽ നിന്നും നീർച്ചാലുകൾ തെക്കോട്ടൊഴുകി കോട്ടൂർ തുമ്പോട് ഏലാകളുടെ ഇരുവശത്തുകൂടിയും ഒരുമിച്ച് ചേർന്ന് കുറുമ്പയം, തെങ്ങുംകോട്, മിത്രമ്മല, അരുവിപ്പുറം, കുറിഞ്ചിലക്കാട് വാർഡുകളിലൂടെ ആ ഭാഗത്തുള്ള നീർച്ചാലുകളുമായി ചേർന്ന് ഒഴുകി, ചെമ്പൻകോടു ഭാഗത്തു വച്ച് വാമനപുരം നദിയിൽച്ചേരുന്നു. പാൽക്കുളം വാർഡിലെ ചരിവുകളിൽ ആരംഭിക്കുന്ന നീർച്ചാലുകൾ പാൽക്കുളം ഏലായുടെ ഇരുവശത്തുകൂടിയും കാഞ്ഞിനട ഭാഗത്തേക്കൊഴുകുന്നു. ചെറുവാളം വാർഡിന്റെ കിഴക്കൻ ഭാഗത്ത് നിന്നൊഴുകുന്ന ചാലുകൾ പറണ്ടോം തോട്ടിൽ ചേരുന്നു. മുതത്താൻ കാവിൽ നിന്നും ആരംഭിക്കുന്ന ചാലുകൾ കടുവാക്കുഴിക്കരവഴി പാകിസ്ഥാൻ മുക്കിന്റെ പടിഞ്ഞാറുഭാഗത്തുനിന്നു വരുന്ന കൈത്തോടുമായിച്ചേർന്ന് നീറുമൻകടവിൽ വച്ച് വാമനപുരം നദിയിൽ ചേരുന്നു. കാപ്പിവിള, പാട്ടറ ചരിവിൽ നിന്നാരംഭിക്കുന്ന നീർച്ചാലുകൾ പനച്ചമൂട്, തണ്ണിയം, മരുതമൻ, മുണ്ടോണിക്കര വഴി ഒഴുകി കിളിമാനൂർ ചിറ്റാറിൽ ചേരുന്നു.

ജലവിഭവ സാധ്യതകൾ

പഞ്ചായത്തതിർത്തിയിലൂടെ ഒഴുകുന്ന വാമനപുരം നദിയും പഞ്ചായത്തു പ്രദേശത്തുള്ള ധാരാളം തോടുകളും ചേർന്ന് വലിയ ഒരു ജലസമ്പത്ത് നമുക്ക് ഉപയോഗിക്കാവുന്നതായുണ്ട്. ഇപ്പോൾ ഇതൊന്നുംതന്നെ ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല. വാമനപുരം നദിയിലെ ജലമുപയോഗപ്പെടുത്തി പഞ്ചായത്ത് പ്രദേശത്താകമാനം കുടിവെള്ളവും ജലസേചനവും സാധ്യമാക്കാം. കൂടാതെ നമ്മുടെപ്രദേശത്തെ പതിനഞ്ചോളം ചെറിയകുളങ്ങൾ വികസിപ്പിച്ചെടുത്താൽ സുലഭമായി ജലം ലഭിക്കും. ചുരക്കത്തിൽ ശാസ്ത്രീയമായി സംവിധാനം ചെയ്യപ്പെട്ടാൽ ആവശ്യമുള്ളത്ര ജലം ലഭ്യമാക്കുവാൻ നമുക്ക് കഴിയും. കൂടാതെ മിക്ക മലഞ്ചരിവുകളിലും വർഷം മുഴുവൻ

വറ്റാത്ത നീരുറവകളുണ്ട്. ഇവ വികസിപ്പിച്ചെടുത്താൽ കുടിവെള്ളക്ഷാമം പരിഹരിക്കാം. പല ഭാഗങ്ങളിലായി 15 കുഴൽക്കിണറുകൾ നിർമ്മിക്കപ്പെട്ടിരിക്കുന്നെങ്കിലും മിക്കവയും കേടായിപ്പോയി. ജലം ലഭിക്കുന്ന ചുരുക്കം എണ്ണത്തിലെ തന്നെ വെള്ളം കുടിക്കാൻ പറ്റിയവയല്ല.

അരുവിപ്പുറം ഇരപ്പ് ഭാഗത്ത് വാമനപുരം നദിയിൽ ഒരു വെള്ളച്ചാട്ടം സ്ഥിതിചെയ്യുന്നു. പ്രകൃതി മനോഹരമായ ഈ സ്ഥലം വിനോദ സഞ്ചാരത്തിന് പറ്റിയ സ്ഥലമാണ്. വൈദ്യുതി ഉല്പാദനസാധ്യതയും ഏറെയുണ്ട്.

കാലാവസ്ഥ

പ്രകൃതി കേരളത്തിന് കനിഞ്ഞരുളിയ സുഖകരമായ കാലാവസ്ഥ അതിന്റെ എല്ലാ അർത്ഥത്തിലും ഈ ഗ്രാമപ്രദേശം അനുഭവിച്ചുവരുന്നു. അത്യുഷ്ണവും ഉഷ്ണക്കാറുമറിയാതെ, അതി ശൈത്യവും ശീതക്കാറ്റുമറിയാതെ ഗ്രാമവാസികൾ വർഷം മുഴുവൻ സുഖമായി കഴിഞ്ഞുകൂടുന്നു.

തിരുവനന്തപുരം തന്നെയാണ് അടുത്ത കാലാവസ്ഥാ നിരീക്ഷണകേന്ദ്രം. 1993, 1994 എന്നീ വർഷങ്ങളിലെ അവിടെനിന്നും ലഭ്യമായിട്ടുള്ള താപനില, ക്ലിന്നത (ഹ്യൂമിഡിറ്റി റേഷ്യോ) മഴ എന്നിവയുടെ പട്ടിക താഴെ ചേർത്തിരിയ്ക്കുന്നു.

താപനില (ഡിഗ്രി സെൽഷ്യസ്)

	വർഷം	Jan	Feb	Mar	Apr	May	Jun	Jly	Aug	Sep	Oct	Nov	Dec
1993	Max	31.7	32.3	33.3	33.3	32.7	31.1	29.0	30.3	31.7	30.1	30.0	30.7
	Min	21.5	00.6	24.2	25.1	25.2	24.1	22.5	23.5	23.5	23.3	23.0	23.0
1994	Max	32.1	32.2	33.1	33.0	32.6	30.0	29.9	30.1	31.3	30.2	31.3	32.8
	Min	22.6	23.2	23.7	24.7	25.4	23.5	23.0	23.1	23.5	23.1	23.3	22.4

ക്ലിന്നത

1994	Jan	Feb	Mar	Apr	May	Jun	Jly	Aug	Sep	Oct	Nov	Dec
7.30AM	80	86	82	82	82	90	91	89	85	90	85	83
7.30PM	67	69	67	74	76	82	82	79	79	83	78	73

മഴ

1993-ലെ തിരുവനന്തപുരം ജില്ലയിലെ ശരാശരി മഴയുടെ കണക്ക്

വാർഷിക ശരാശരി	Jan	Feb	Mar	Apr	May	Jun	Jly	Aug	Sep	Oct	Nov	Dec
174.6	0	5.9	27.3	113.8	190.6	416.9	330.2	61.2	55.8	324.0	466.2	103.8

ജില്ലയിലെ മറ്റു സ്ഥലങ്ങളെപ്പോലെതന്നെ നമ്മുടെ പ്രദേശത്തും ധാരാളം മഴ ലഭിക്കുന്നു. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് പൊതുവേ ഇടവപ്പാതിയിലാണ്.

1975-76 മുതൽ 1992-93 കാലഘട്ടം വരെ പെയ്ത മഴയെ ആധാരമാക്കിയുള്ള ശരാശരി കണക്ക്

കാലാവസ്ഥാ പ്രത്യേകത	മാസം	മഴ mm	ആകെ mm
ഇടവപ്പാതി	ജൂൺ	377	
തെക്കുപടിഞ്ഞാറൻ	ജൂലായ്	279	813
മൺസൂൺ	ആഗസ്റ്റ്	157	
തുലാവർഷം	സെപ്റ്റംബർ	170	
വടക്കുകിഴക്കൻ	ഒക്ടോബർ	280	632
മൺസൂൺ	നവംബർ	182	
ഇടമഴ	എപ്രിൽ	120	
	മേയ്	225	345
മഞ്ഞുകാലം	ഡിസംബർ	67	
വരണ്ടകാറ്റ്	ജനുവരി	22	153
	ഫെബ്രുവരി	19	
	മാർച്ച്	45	

മൃഗസമ്പത്ത്

കാർഷിക മേഖലയായ പഞ്ചായത്ത് പ്രദേശത്ത് കാലിവളർത്തൽ താരതമ്യേന കുറവാണ്. ഉദ്ദേശം 15% വീടുകളിൽ മാത്രമാണ് കന്നുകാലികളുള്ളത്. 20% വീടുകളിൽ കോഴി വളർത്തുന്നു.

കാട്ടുപൂച്ച (പാക്കാൻ), മരപ്പട്ടി, വെള്ളിമുങ്ങ, കുളക്കോഴി, കാട്ടുമുയൽ, കുരങ്ങ്, കുറുക്കൻ, ആമ തുടങ്ങിയ ജീവികൾ അങ്ങിങ്ങ് കാണപ്പെടാറുണ്ട്.

പരിസ്ഥിതി

വ്യവസായ സ്ഥാപനങ്ങളില്ലാത്തതുകൊണ്ട് ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങളില്ല. അരുവിപ്പുറം പാലത്തിന്റെ ഭാഗങ്ങളിലും ആറിന്റെ ഇതര ഭാഗങ്ങളിലും മണൽവാരൽ മൂലവും വൈഡൂര്യ ഖനനം മൂലവും കരയിടിച്ചിലും തീരപ്രദേശങ്ങളിൽ ജലാംശക്കുറവും മുഖ്യപ്രശ്നമാണ്. വയൽ നികത്തൽ മൂലം പലസ്ഥലങ്ങളിലും ജലസേചനം തടസപ്പെടുന്നുണ്ട്. പാറമുകൾ, പഴയചന്ത തുടങ്ങി പാറപൊട്ടിയ്ക്കുന്ന സ്ഥലങ്ങളിൽ സ്ഥിരമായി വെള്ളം കെട്ടിക്കിടന്ന് കൊതുകു ശല്യവും, മറ്റ് പലസ്ഥലങ്ങളിലും കക്കൂസ് ഇല്ലാത്തതുമൂലമുണ്ടാകുന്ന പരിസരമലിനീകരണ പ്രശ്നവും അവഗണിക്കാവുന്നതല്ല.

കുന്നുകളും കുത്തിറക്കങ്ങളും നിറഞ്ഞ പ്രദേശമായതുകൊണ്ട് മണ്ണൊലിപ്പിനുള്ള സാധ്യത വളരെ കൂടുതലാണെങ്കിലും റബ്ബർ തോട്ടങ്ങൾ പരമാവധി മണ്ണൊലിപ്പ് നിയന്ത്രിച്ചിരിയ്ക്കുന്നു. സമ്മിശ്ര കൃഷി നടക്കുന്ന സ്ഥലങ്ങളിൽ മണ്ണൊലിപ്പ് കാണാം.

അശാസ്ത്രീയമായ ഏലാത്തോടുവികസനം മൂലം പായ്ക്കുളം വാർഡിലെ പനച്ചമുട് ഏല, തിരുമലയിലെ മഠത്തുവാതുക്കൽ ഏല എന്നിവിടങ്ങളിൽ കൾവർട്ടുകളുടെ തൊട്ടുമുകളിൽ ഒരേക്കർവീതം ഏലാപ്രദേശം സ്ഥിരമായി വെള്ളം കെട്ടി, കൃഷിക്കനുയോജ്യമല്ലാത്ത ചതുപ്പുകളായി മാറിയിരിക്കുന്നു. പരപ്പിൽ വാർഡിൽ കുമ്മുൾ-മാൻകുളം ഏലായിൽ എല്ലാവർഷകാലത്തും വരമ്പ് ഇടിഞ്ഞു പോകുന്നു. നീരുമൺ കടവിൽ തോട് വികസിപ്പിച്ചപ്പോൾ തോട് ഇടുങ്ങിപ്പോവുകയും അതുമൂലം വെള്ളം വാർന്നുപോകാൻ കഴിയാതെയും പ്രശ്നങ്ങളുണ്ടാകുന്നുണ്ട്.

മനുഷ്യ വിഭവം

ഏതു നാടിന്റെയും ഏറ്റവും വലിയ വിഭവം മനുഷ്യസമ്പത്താണ്. ഇക്കാര്യത്തിൽ നമ്മുടെ പ്രദേശവും അഭിമാനാർഹമായ സമ്പത്തിനുടമയാണ്.

1991-ലെ സെൻസസ് റിപ്പോർട്ടുപ്രകാരം ആകെ ജനസംഖ്യ 24048 ആണ്. (പിന്നീടുള്ള വർദ്ധനവു കൂടി കണക്കിലെടുത്താൽ ഉദ്ദേശം 27000 ആൾക്കാരുണ്ടാവാൻ ഇപ്പോൾ സാധ്യത

ജനസംഖ്യാകണക്കുകൾ പട്ടിക രൂപത്തിൽ

വാർഡ് നമ്പർ	ആൾപാർപ്പുള്ള വീടുകൾ	ജനസംഖ്യ			6 വയസിനു താഴെയുള്ള കുട്ടികൾ			പട്ടികജാതി		
		സ്ത്രീ	പു:	ആകെ	സ്ത്രീ	പു:	ആകെ	സ്ത്രീ	പു:	ആകെ
പഞ്ചായത്തു തലം	5263	12488	11560	24048	1609	1624	3232	1548	1417	2965
1.	576	1321	1269	2590	147	171	318	63	51	114
2.	504	1314	1237	2551	163	173	336	119	122	241
3.	491	1178	1121	2299	145	172	317	32	29	61
4.	530	1246	1168	2414	177	163	340	257	264	521
5.	493	1168	1032	2200	148	122	268	200	182	382
6.	508	1189	1113	2302	164	150	314	245	217	462
7.	406	969	865	1834	125	132	257	138	119	257
8.	588	1404	1245	2649	178	187	365	209	206	414
9.	648	1520	1482	3002	220	211	431	137	112	249
10	521	1179	1028	2207	143	143	286	146	118	264

യുണ്ട്). സെൻസസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ജനസംഖ്യാ കണക്കും ബന്ധപ്പെട്ട വിവരങ്ങളും വാർഡടിസ്ഥാനത്തിൽ താഴെക്കൊടുക്കുന്നു. അന്നു 10 വാർഡുകൾ മാത്രമേ നിലവിലുണ്ടായിരുന്നുള്ളൂ.

സാക്ഷരത

പൊതുവേ ഉയർന്ന വിദ്യാഭ്യാസ നിലവാരം പുലർത്തുന്ന പ്രദേശമാണിത്. ധാരാളം ഡോക്ടർമാരും എൻജിനീയർമാരും ഡോക്ടറേറ്റ് നേടിയവരും ബിരുദാനന്തരബിരുദധാരികളും ഇവിടെയുണ്ട്. ഇവരിൽ നല്ലൊരു പങ്കും ജോലി സംബന്ധമായി മറു സ്ഥലങ്ങളിൽ താമസിച്ചുവരുന്നു. സമ്പൂർണ്ണ സാക്ഷരത നേടിയ ഈ പ്രദേശത്ത് തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 1991 ലെ കണക്കനുസരിച്ച് സാക്ഷരതാനിരക്ക് പട്ടികരൂപത്തിൽ

തൊഴിൽ രംഗം

ആകെ ജനസംഖ്യയുടെ 20% ആളുകൾ കാർഷിക മേഖലയിലും 15% വ്യാവസായിക മേഖല

പഞ്ചായത്തു തലം	വാർഡ്	1	2	3	4	5	6	7	8	9	10
9688	സ്ത്രീകൾ	1080	1029	885	960	926	899	803	056	1118	932
9535	പുരുഷന്മാർ	1085	1011	914	974	863	910	724	999	1207	848
19223	ആകെ	2165	2040	1799	934	1709	1809	1527	2055	2325	1780

യിലും വിവിധയിനം തൊഴിലുകളുമായി ബന്ധപ്പെട്ടിരിയ്ക്കുന്നു. 65% ആളുകൾക്ക് കാര്യമായ തൊഴി
ലില്ല. വിശദവിവരം പട്ടികയിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നു.

വാർഡ് നമ്പർ	കർഷകർ			കർഷക തൊഴിലാളികൾ			ഭാഗികമായി തൊഴിലുള്ളവർ			തൊഴിലില്ലാത്തവർ		
	സ്ത്രീ	പു:	ആകെ	സ്ത്രീ	പു:	ആകെ	സ്ത്രീ	പു:	ആകെ	സ്ത്രീ	പു:	ആ
പഞ്ചാ: ആകെ	214	1611	1825	686	2346	3042	1008	504	1512	10215	5344	155
1	12	157	169	91	249	340	14	2	16	1154	594	174
2	7	214	221	71	310	381	52	19	71	1163	557	182
3	82	156	238	33	190	223	8	28	36	1010	547	155
4	1	109	110	67	278	345	75	70	145	1078	591	166
5	-	150	150	124	272	396	353	14	367	661	488	114
6	5	117	122	15	229	244	267	170	437	883	504	139
7	3	171	174	50	95	145	27	70	97	855	397	125
8	7	128	135	78	239	317	62	81	143	1226	615	184
9	8	173	181	66	267	333	104	37	141	1287	627	191
10	89	236	325	101	217	318	46	13	59	898	424	132


വ്യാവസായിക മേഖല.

വാർഡ് നമ്പർ	പ്ലാന്റേഷൻ			ഉപകരണ നിർമ്മാണം നിഷയറിംഗ്			കെട്ടിട നിർമ്മാണം			ട്രാസ്പോർട്ടേഷൻ വാർത്താവിനിമയം		
	സ്ത്രീ	പു	ആകെ	സ്ത്രീ	പു	ആകെ	സ്ത്രീ	പു	ആകെ	സ്ത്രീ	പു	ആ
പഞ്ചാ:ആകെ	209	21	230	52	263	315	6	93	99	16	216	2
1	10	1	11	14	47	61	-	14	14	1	33	3
2	22	-	22	-	17	17	1	9	10	2	17	1
3	4	-	4	13	35	48	1	9	10	1	27	2
4	12	-	12	3	22	25	-	8	8	2	2 0	2
5	15	2	17	3	7	10	1	7	8	1	18	1
6	15	-	15	2	17	19	-	10	10	-	9	
7	26	4	30	3	19	22	1	14	15	2	12	
8	32	3	35	-	32	32	1	9	10	2	24	
9	69	11	80	7	53	60	-	9	9	5	34	
10	4	-	4	7	14	21	1	4	5	-	22	

വാർഡ് നമ്പർ	കച്ചവടം			മറ്റുള്ളവ			ജോലിക്കാരുടെ ആകെ എണ്ണം		
	സ്ത്രീ	പു:	ആകെ	സ്ത്രീ	പു:	ആകെ	സ്ത്രീ	പു:	ആകെ
പഞ്ചായത്തു് ആകെ	31	402	433	229	572	801	1265	5712	6977
1	3	82	85	31	81	112	153	673	836
2	3	39	42	15	33	48	99	661	760
3	4	60	64	26	65	91	160	564	706
4	1	24	25	19	34	53	93	507	600
5	1	19	20	22	42	-64	154	530	684
6	7	19	26	10	23	33	39	439	578
7	-	19	19	24	42	66	873	98	485
8	3	33	36	22	52	74	116	549	665
9	5	75	80	27	138	165	129	818	947
10	4	32	36	33	62	95	235	591	826

ജനസംഖ്യാ വളർച്ച

1997 ആകുമ്പോഴേക്ക് ജനസംഖ്യയിൽ 12% വളർച്ച പ്രതീക്ഷിക്കുന്നു. ഈ വളർച്ചാ നിരക്ക് സംസ്ഥാന വളർച്ചാ നിരക്കിനെക്കാൾ അല്പം കൂടുതലാണ്. കാര്യമായ കുടിയേറ്റങ്ങളും കുടിമാറ്റങ്ങളും ഇല്ലെന്നുതന്നെ പറയാം. വിവാഹം, ഉദ്യോഗം തുടങ്ങിയ കാരണങ്ങളാൽ താമസക്കാരുടെ എണ്ണത്തിൽ ചെറിയ മാറ്റങ്ങൾ ഉണ്ടാകാമെങ്കിലും പ്രകടമായ ഒരു വ്യത്യാസത്തിന് സാധ്യതയില്ല. നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് പട്ടിക വർഗ്ഗക്കാർ താമസിക്കുന്നില്ലെന്നത് ഒരു പ്രത്യേകതയാണ്.



ജലസേചനം

കല്ലറഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മഴയെമാത്രം ആശ്രയിച്ചാണ് കൃഷിനടത്തുന്നത്. ജലസേചനസൗകര്യങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തുമേഖലയിൽ നിലവിലില്ല. ഏലാവികസനത്തിനായി നിലങ്ങളുടെ അരികിലുള്ള തോടുകൾ വികസിപ്പിയ്ക്കുകയും തടയണകൾ (ചീപ്പ്) നിർമ്മിയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്തു പ്രദേശത്ത് ഉദ്ദിഷ്ടഫലങ്ങൾ നൽകുന്നില്ല. ചെറുകിട ജലസേചന പദ്ധതികളുടേയും ഏലാവികസനത്തിന്റേയും പേരിൽ വൻതുകകൾ ചെലവാക്കി നടപ്പാക്കിയിട്ടുള്ള എല്ലാ പദ്ധതികളും കേന്ദ്രീകൃതാസൂത്രത്തിന്റെ പരാജയത്തിനുള്ള മാതൃകകളായി ഇന്നും നിലനിൽക്കുന്നു. ഈ പദ്ധതികൾ നടപ്പിലാക്കിയപ്പോൾ തോട്ടിൽ കൂടി ഒഴുക്കേണ്ട ജലസ്രോതസ്സുകളെപ്പറ്റി ആരെങ്കിലും ചിന്തിക്കുകയോ കർഷകന്റെ ആവശ്യങ്ങൾ പരിഗണിക്കുകയോ ചെയ്തിരുന്നില്ല. അനുവദിച്ച തുക പാഴാക്കാതിരിക്കണമെന്നു മാത്രമായിരുന്നു പദ്ധതി നടത്തിപ്പിന്റെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥന്മാരുടെ ചിന്ത. സാഹചര്യങ്ങൾ കണക്കിലെടുക്കാതെയുള്ള ഏലാവികസന പരിപാടികൾ കൃഷിക്കാർക്ക് ഉപകാരം ചെയ്തില്ലെന്നു മാത്രമല്ല പലപ്പോഴും ഉപദ്രവകരമാവുകയും ചെയ്തു. നമ്മുടെ പ്രദേശത്തിന്റെ ഭൂപ്രകൃതി പരിഗണിക്കുമ്പോൾ കരഭൂമിയിൽ ജലസേചനം നടത്താൻ കഴിയുന്ന ഭൂമി വളരെ പരിമിതമാണ്. എങ്കിലും താഴ്ന്ന ചിലപ്രദേശങ്ങളിലെ കൃഷിക്ക് കുളം നിർമ്മിച്ച് പമ്പുസെറ്റു സ്ഥാപിച്ചു ജലസേചനം നടത്തുന്നതിനുള്ള സൗകര്യങ്ങളുണ്ട്. പഞ്ചായത്ത് പ്രദേശത്ത് ഒട്ടാകെ കൃഷി ഭവൻ രേഖയനുസരിച്ച് 60 ഓളം പമ്പുസെറ്റുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. ഇത് തികച്ചും പരിമിതമാണ്. ഇനിയും കൂടുതൽ സ്ഥലങ്ങളിൽ ഈ സൗകര്യം ചെയ്യാവുന്നതാണ്. നിലങ്ങൾക്ക് ആവശ്യമുള്ളത്ര ജലസേചന സൗകര്യമുണ്ടായാൽ ഇന്നുള്ള ഇരുപ്പുനിലങ്ങ ഏറിയകുറം മുന്നുപു കൃഷിചെയ്യാവുന്നതാ

നെടുമങ്ങാട് ചിറയിൻകീഴ് താലൂക്കുക സമ്പൂർണ്ണമായ ജലസേചനം കണക്കി ത്താണ് 'വാമനപുരം പദ്ധതി' ആസൂത്രണം പ്പെട്ടിട്ടുള്ളത്. ഈ പദ്ധതി പ്രാവർത്തികമാക കിൽ ഈ പ്രദേശത്തെ ജലസേചന പ്രശനത ശാശതപരിഹാരമുണ്ടാകുമെന്നു പ്രതീക്ഷിക്കു

ഗ്രാമസഭകളിലെ ചർച്ചകളിലെല്ലാംത ജനസേചന സൗകര്യം വർദ്ധിപ്പിയ്ക്കണ ആവശ്യം സജീവമായ ചർച്ചയ്ക്ക് വിഷയമ വയലേലകളിൽ ജലസേചനസൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള സാധ്യതകൾ വളരെയു കുന്നുകൾക്കിടയിലുള്ള പ്രദേശങ്ങളാണ് നി ളായി മാറ്റിയെടുത്തിട്ടുള്ളത്. അതുകൊണ്ട് ഓ ഏലായുടേയും തലയ്ക്കൽ ചിറകൾ നിർമ്മ ഏലാകളിൽ വെള്ളം സുലഭമായി കിട്ടുന്നതിനു സാധ്യതകൾ പരിഗണിക്കുന്നതു നന്നായിരിയ്ക്ക ജലസേചന സൗകര്യങ്ങളുടെ കാര്യത്തിൽ മുൻ ലങ്ങളിൽ നിന്നും വ്യത്യസ്ഥമായി ആധുനി സാഹചര്യങ്ങളിലും സംവിധാനങ്ങളൊന്നും ഉ യിട്ടില്ല.

പഞ്ചായത്ത് പ്രദേശത്ത് ജലസേചന സൗ രൃങ്ങൾ പുതുതായിതന്നെ നിർമ്മിക്കേണ്ടിയ യ്ക്കുന്നു. അതിന് താഴെ പറയുന്ന പദ്ധതിക നപ്പാക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച് താഴെ യുന്ന നിർദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നു.

1. വാമനപുരം നദീതടപദ്ധതി എത്രയും വേ നടപ്പിലാക്കുക എന്നതാണ് പ്രധാനനിർദ്ദേ മായി വയ്ക്കാനുള്ളത്.
2. കല്ലറ വാർഡിലെ പനച്ചമൂട് ഏലായുടെ മുക റ്റത്ത് (തലയ്ക്കൽ) ഒരു ചിറ നിർമ്മി ഏലായ്ക്ക് ജലസേചനം ഉറപ്പുവരുത്തു കോട്ടൂർ ഏലായുടെ മുകളിലുള്ള കുളം വി സിപ്പിച്ച് ജലസേചനം നടത്തുന്നതിനു സൗകര്യങ്ങൾ ചെയ്യുക. വെള്ളംകുടി-തുമ്പോ ഏലാത്തോട് വികസിപ്പിയ്ക്കുക.

3. പാല്ക്കുളം ഏലാത്തോടു, കാപ്പിവിള ഏലാത്തോട് എന്നിവ വികസിപ്പിക്കണം.

4. തുമ്പോടുനിലവിലുള്ള ചിറവികസിപ്പിച്ച് ജല സേചനയോഗ്യമാക്കുക.

5. കുറുമ്പയം വാർഡിൽ കരിക്കകം ഏലായിൽ ലഭിച്ചിട്ടുള്ള സ്ഥലത്തു കുളം നിർമ്മിക്കുക. കന്യാരുകുഴിയിൽ കുളം നിർമ്മിക്കുക കുഴിവിള കുളം നിർമ്മിക്കുക. കുറുമ്പയം ഏലാത്തോട്, ഒഴുകുപാറ- കുഴിവിള ഏലാതോട്, മുതക്കുഴി-കുഴിവിള ഏലാതോട് എന്നിവ വികസിപ്പിച്ചു ജലസേചനം മെച്ചപ്പെടുത്തുക.

6. തെങ്ങുംകോടു വാർഡിൽ തെങ്ങുംകോട്-പെരുമ്പേലി ഏലാകളുടെ മുകളിൽ ജലസേചനത്തിന് ചിറ നിർമ്മിക്കുക. മിതൃമ്മല-പെരുമ്പേലി, തെങ്ങുംകോടു-കഴുകൻ പച്ച എന്നീ ഏലാത്തോട്ടിൽ സംരക്ഷണഭിത്തി കെട്ടുക.

7. ചെറുവാളം - വെങ്കട്ട മൂട്ട്, ഇളവൂർ കരിക്കകം തമ്പുരാട്ടി മൂല ഏലവികസനത്തിനു വേണ്ടിയുള്ള നടപടികളുണ്ടാകണം.

8. പരപ്പിൽ വാർഡിൽ ആനാകുഴിഭാഗത്ത് കുളം നിർമ്മിച്ച് ജലസേചന സൗകര്യം മെച്ചപ്പെടുത്തുക.

9. മുതുവിള വാർഡിൽ മുതുവിള, കുറക്കോട്, മുളമൂട് ഏലായുടെ മുകൾ ഭാഗത്തുകുളങ്ങൾ നിർമ്മിച്ച് ജലസേചനസൗകര്യം മെച്ചപ്പെടുത്തുക.

മുതുവിള - കോട്ടയിൽതോട്

തെങ്ങുംകോട്-കുറക്കോടുതോട്

മുളമൂടു - പച്ചല്ലൂർ തോട്

എന്നീ ഏലാത്തോടുകൾ വികസിപ്പിക്കണം.

10. മിതൃമ്മല വാർഡിൽ തെറ്റിമുട് ഇലങ്കം പ്ലാക്കോട് മീതുർ എന്നീ സ്ഥലങ്ങളിലെ കുളങ്ങൾ വികസിപ്പിച്ച് പമ്പുസെറ്റുകൾ സ്ഥാപിച്ച് ജനസേചനയോഗ്യമാക്കുക.

ചെറുവാളം വാർഡിലെ വിശേഷാൽ ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദേശം വാർഡിലെ ഏതാനും പ്രദേശങ്ങൾ വാട്ടർഷെഡ് ഡെവലപ്പ്മെന്റ് സ്കീമിൽപ്പെടുത്തി ജലസേചനസൗകര്യം ഉൾപ്പെടെയുള്ള കാർഷിക വികസന പരിപാടികൾ ആവിഷ്ക്കരിയ്ക്കുക എന്നതാണ്. കുന്നുകളും കുത്തനെയുള്ള ചരിവുകളും നിറഞ്ഞ പഞ്ചായത്തു പ്രദേശമാകെത്തന്നെ ഈ പദ്ധതിയിൽ കൊണ്ടുവന്ന് കാർഷികവികസന പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. പ്രകൃതിതന്നെ നമുക്ക് നൽകിയിട്ടുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും മണ്ണിൽ ജലലഭൃത നില നിർത്തുന്നതിനും ഇതു ആവശ്യമാണ്.

ജലസേചന പരിപാടികളെക്കുറിച്ചു ആലോചിക്കുമ്പോൾ നമുക്ക് ഓർക്കാൻ കഴിയുന്നത് നമുക്ക് തോടുകൾ വേണ്ടത്രയുണ്ട് തോട്ടിൽകൂടി ഒഴുകാൻ വെള്ളമില്ല എന്നതാണ്. ജനുവരി മുതൽ ഏപ്രിൽ വരെ തോടുകൾ വറ്റിവരളുന്നു. അതുകൊണ്ടുതന്നെ നാലുമാസക്കാലം വയലുകൾ തരിശിടേണ്ടിവരുന്നു. കരപ്രദേശത്തിന്റെ കാര്യത്തിലും ഇന്നത്തെ നില ആശാവഹമല്ല. ജലസേചനം ആവശ്യമായുള്ള തെങ്ങ്, വാഴ, പച്ചക്കറികൾ എന്നിവയ്ക്കുതന്നെ ഏതാണ്ട് 1125 ഹെക്റ്ററോളം സ്ഥലം ഉപയോഗിക്കുന്നുണ്ട്. പക്ഷെ ഗ്രാമത്തിൽ ജലസേചനത്തിനു വേണ്ടി പ്രയോജനപ്പെടുത്തുന്ന പമ്പുസെറ്റുകളുടേയും കുളങ്ങളുടേയും എണ്ണം പരിമിതമാണ്. അയ്യായിരത്തോളം ചെറുകിട കർഷകരും 525 ഓളം വൻകിടകൃഷിക്കാരുമുള്ള നമ്മുടെ പഞ്ചായത്തിൽ ജലസേചനത്തിനുപയോഗിക്കുന്ന പമ്പുസെറ്റുകളുടെ എണ്ണം പരിമിതമാണെന്നുള്ളതുതന്നെ ഇതിന്റെ അപര്യാപ്തത വിളിച്ചറിയിക്കുന്നു.

മത്സ്യകൃഷി

പഞ്ചായത്തിന്റെ പ്രത്യേകതകൾ കണക്കിലെടുക്കുമ്പോൾ ഇവിടെ വ്യാവസായികാടിസ്ഥാനത്തിൽ മത്സ്യകൃഷി നടത്തുന്നതിനുള്ള സാദ്ധ്യതകൾ ഇല്ലെന്നുതന്നെ പറയാം. മത്സ്യകൃഷി നടത്തുന്നതിന് അനുയോജ്യമായ കുളങ്ങളോ, ചിറകളോ, നദികളോ ഈ പഞ്ചായത്തുമേഘലയിലില്ല. പ്രകൃതിദത്തമായതോ മനുഷ്യനിർമ്മിതമോ ആയ ജലാശയങ്ങൾ

ഇപ്പോൾ ഇവിടെ ഇല്ല. ജലസേചനത്തെക്കുറിച്ച് ചർച്ചചെയ്തപ്പോൾ എല്ലാ വയലേലകളുടേയും തലയ്ക്കൽ ജലസേചനാവശ്യത്തിനുവേണ്ടി ചിറകൾ നിർമ്മിയ്ക്കണമെന്ന ആവശ്യം മുന്നോട്ട് വച്ചിട്ടുണ്ട്. അങ്ങനെ നിർമ്മിയ്ക്കുന്ന ജലാശയങ്ങളിൽ അനുയോജ്യമായ ജലകൃഷിനടത്തുന്നതിനെക്കുറിച്ചും പര്യാലോചിയ്ക്കാവുന്നതാണ്.

കൃഷിക്കനുയോജ്യമല്ലാത്ത നിലങ്ങളും ചതുപ്പുപ്രദേശങ്ങളും ഈ പഞ്ചായത്തിലുണ്ട്. ആ ഭാഗങ്ങൾ കുളങ്ങളായി വികസിപ്പിയ്ക്കുകയും ജലലഭ്യതയുള്ള മറ്റു പ്രദേശങ്ങളിൽ കുളം നിർമ്മിയ്ക്കുകയും ചെയ്താൽ എല്ലാ വാർഡുകളിലും മത്സ്യകൃഷി നടത്താവുന്നതാണ്. അതിനുവേണ്ടി പ്രോത്സാഹനവും സാങ്കേതികസഹായവും ചെയ്താൽ ലാഭകരമായ നിലയിൽ മത്സ്യകൃഷി നടത്താനുള്ള സാദ്ധ്യത ഈ ഗ്രാമത്തിലുണ്ട്.

മൃഗസംരക്ഷണം

മൃഗസംരക്ഷണത്തെക്കുറിച്ചു പര്യാലോചിക്കുമ്പോൾ നമ്മുടെ നാട്ടിലുണ്ടായിരുന്ന മൃഗസമ്പത്തിനെക്കുറിച്ചും അതിന്റെ ഇന്നത്തെ സ്ഥിതിയെക്കുറിച്ചും അവലോകനം ചെയ്യുന്നത് നന്നായിരിയ്ക്കും. ഏകദേശം 50 വർഷങ്ങൾക്കുമുമ്പുവരെ ഗ്രാമത്തിൽ വളരെയേറെ ഉഴവുമാടുകളെ വളർത്തിയിരുന്നു. നെൽകൃഷിയുള്ള എല്ലാ കുടുംബങ്ങളിലും ഉഴവുമാടുകളുണ്ടായിരുന്നു. കൃഷിക്കാലം കഴിഞ്ഞാലും അവയെ സംരക്ഷിച്ചിരുന്നു. എല്ലാ കുടുംബങ്ങളിലും നാടൻ കറവമാടുകളേയും വളർത്തിയിരുന്നു. മൃഗസംരക്ഷണവും കാർഷികവൃത്തിയും പരസ്പരപൂരകമായി നിലനിന്നിരുന്നു. കൃഷിയിൽ നിന്നു കിട്ടുന്ന വയ്ക്കോലും മറ്റു ഭക്ഷ്യാവശിഷ്ടങ്ങളും കാലികൾക്കു നൽകുകയും കാലിവളം കൃഷിക്കുപയോഗിക്കുകയും ചെയ്തിരുന്നു. ജൈവ വളം മാത്രം ഉപയോഗിച്ചുള്ള കൃഷി സമ്പ്രദായം നിലനിന്നിരുന്ന അക്കാലത്ത് മൃഗസംരക്ഷണം കാർഷികവൃത്തിയുടെ ആവശ്യമായ ഒരു ഘടകമായി പരിഗണിച്ചിരുന്നു. കാർഷിക ഭവനങ്ങളിൽ നാടൻപശുക്കളെ കുടുംബാവശ്യങ്ങൾ മാത്രം ലക്ഷ്യമാക്കിയാണ് വളർത്തിയിരുന്നത്. പാലുല്പാദനം ഒരു വരുമാനമാർഗ്ഗമായി സ്വീകരിച്ചിരുന്നില്ല. ഇന്നു നാം വളർത്തുന്ന അത്യുത്പാദനശേഷിയുള്ള പശുക്കൾക്ക് നൽകുന്ന പ്രത്യേകപരിചരണ മുറകൾ കൂടാതെ തന്നെ വളർത്തുന്നവയായിരുന്നു. ഇടത്തരം ഭവനങ്ങളിൽ ആടുവളർത്തൽ സർവ്വസാധാരണമായിരുന്നു. അതുപോലെതന്നെ വീട്ടുവളപ്പിലെ കോഴിവളർത്തലും . മുട്ടയുടേയും മാംസ്യത്തിന്റേയും ആവശ്യം കോഴിവളർത്തൽ ഒരു പരിധിവരെ നിറവേറ്റപ്പെട്ടിരുന്നു. പന്നി, മുയൽ എന്നിവയെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തൽ അന്നും ഇന്നും ഒരു തൊഴിലായി സ്വീകരിച്ചിരുന്നവർ നമ്മുടെ ഗ്രാമത്തിലില്ല. കാർഷികമേഖലയിലും മൃഗസംരക്ഷണരംഗത്തും കുടുംബാംഗങ്ങളുടെ പങ്കാളിത്തം, ധാരാളം മേച്ചിൽപുറങ്ങൾ, ആവശ്യത്തിന് വയ്ക്കോൽ, എന്നിവയെല്ലാം അന്നത്തെഅനുകൂല സാഹചര്യങ്ങളായിരുന്നു. അന്നത്തെ സാഹചര്യങ്ങൾ അപ്പാടെ മാറിപ്പോയിരിക്കുന്നു.

മേച്ചിൽ സ്ഥലങ്ങളുടെ പരിമിതി കുടുംബാംഗങ്ങളുടെ പങ്കാളിത്തമില്ലായ്മ, ആവശ്യമായ കാലിത്തീറ്റകളുടെ വിലക്കുതൽ തുടങ്ങിയവ നിരവധി പ്രതികൂലസാഹചര്യങ്ങൾ നമ്മുടെ പഴയകാല മൃഗസംരക്ഷണ മുറകളെ അപ്പാടെമാറ്റിമറിച്ചിരിക്കുന്നു. ഉഴവുമാടുകളെ സംരക്ഷിക്കുന്ന സംവിധാനം ഉപേക്ഷിക്കപ്പെട്ടിരിയ്ക്കുന്നു. കൂടുതൽ ആദായം നൽകുന്ന കറവമാടുകളെ വളർത്തുന്നതിനുള്ള പ്രചാരണവും പ്രോത്സാഹനവും സർക്കാർതലത്തിൽ തന്നെ ശക്തമാക്കിയതോടെ കറവമാടുകളെ വളർത്തുന്നതിലേക്കുമാത്രം ജനശ്രദ്ധേ തിരിഞ്ഞിരിക്കുകയാണ്. കൃത്രിമ ബീജോല്പാദനത്തിലൂടെ അത്യുല്പാദനശേഷിയുള്ള ഇനം പശുക്കൾ മാത്രമായി തീർന്നതോടെ നാടൻ ഇനങ്ങൾ അപ്രതീക്ഷമായി. അത്യുല്പാദനശേഷിയുള്ള ഇനങ്ങൾ പ്രചരിപ്പിയ്ക്കുന്നതോടപ്പംതന്നെ നാടൻ ഇനങ്ങൾ നമുക്ക് നഷ്ടപ്പെട്ടുപോകാതെ സൂക്ഷിക്കുന്നതിനുള്ള അതിപ്രധാനമായ ചുമതല സർക്കാർതലത്തിൽ ഏറ്റെടുക്കാതിരുന്നത് ഒരു ദേശീയനഷ്ടമാണ്.

പഞ്ചായത്തിൽ 5500 ഓളം കുടുംബങ്ങളുള്ള

തിൽ 1104 വീടുകളിൽ കന്നുകാലികളെ വളർത്തുന്നുണ്ട്. 1095 വീടുകളിൽ ആടുകളേയും 2064 വീടുകളിൽ കോഴികളേയും വളർത്തുന്നു. ഇവയൊന്നുമില്ലാത്ത 2807 വീടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ മൃഗപക്ഷിസമ്പത്തു മൃഗസംരക്ഷണവകുപ്പിന്റെ കണക്കനുസരിച്ച് താഴെ പറയും പ്രകാരമാണ്.

പശുക്കൾ	–	18500
ആടുകൾ	–	2500
എരുമകൾ	–	100
പോത്ത്	–	42
വളർത്തു നായ്ക്കൾ	–	2500
കോഴികൾ	–	4060

പശുക്കളിൽ 99.6 ശതമാനവും സങ്കരയിനം പശുക്കളാണ്. മറ്റ് മൃഗങ്ങളുടേയും, കോഴികളുടേയും കാര്യത്തിലും സങ്കരഇനങ്ങൾ പ്രചാരത്തിൽ വന്നു തുടങ്ങിയിരിക്കുന്നു. അത്യുല്പാദനശേഷിയുള്ള കറവമാടുകൾ പ്രചാരത്തിൽ വന്നകാലത്ത് പച്ചപ്പുല്ലിന്റേയും വൈക്കോലിന്റേയും ലഭ്യതയും താരതമ്യേന കാലിത്തീറ്റകൾക്കുള്ള വിലക്കുറവും കൊണ്ട് പല കുടുംബങ്ങൾക്കും ലാഭകരമായ ഒരു ഉപജീവനമാർഗ്ഗമായിരുന്നു പശുവളർത്തൽ, ഇന്ന് ആസ്ഥിതിക്ക് ഒട്ടൊക്കെ ഒരു മാറ്റം വന്നിരിക്കുന്നു. റബ്ബർ കൃഷിയുടെ കടന്നുകയറ്റം മേച്ചിൽപ്പുറങ്ങൾ ഇല്ലാതാക്കി. അനധികൃതമായി പാടങ്ങൾ നികത്തുന്നതുകൊണ്ടും തരിശിടുന്നതുകൊണ്ടും വൈക്കോലിനും ദൗർലഭ്യം നേരിട്ടിരിക്കുന്നു. ഇതിനൊക്കെപുറമേ കാലിത്തീറ്റയ്ക്കു അമിതമായി വില വർദ്ധിച്ചിരിക്കുന്നു. സങ്കരയിനം കറവമാടുകൾക്ക് ഉണ്ടാകുന്നരോഗങ്ങളും മൃഗസംരക്ഷകരെ ഈ മേഖലയിൽ നിന്നും പിൻതിരിപ്പിയ്ക്കുന്നു. (പട്ടിക 1 കാണുക)

കാലിവളർത്തുന്നവരെ പ്രതികൂലമായി ബാധിക്കുന്ന ഒട്ടേറെ പ്രശ്നങ്ങളുണ്ടെങ്കിലും മറ്റുള്ളവ

ക്രമനമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന
1	ദഹനസംബന്ധമായവ	680	14	252	–	102	450	15	16	–	–
2.	ശ്വാസകോശസംബന്ധം	180	10	350	–	80	364	–	8	–	–
3.	ഉപാപചയസംബന്ധം		240	4	128	–	15	–	–	–	
4.	ത്വക്ക് രോഗങ്ങൾ		312	8	180	–	60	–	–	–	
5.	ധാതുലവണങ്ങളുടെ അഭാവം		142	2	38	–	42	12	–	–	
6.	പരാദരോഗങ്ങൾ		1240	4	230	–	65	240	–	8	–
7.	പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ		272	1	68	–	2	–	–	–	–
8.	വന്ധ്യത		204	–	–	–	–	–	–	–	– –
9.	അകിടുവീക്കം		256	–	105	–	–	–	–	–	– –
10.	മുടന്തൻ പനി		308	8	–	–	–	–	–	–	–
11.	പകർച്ചവ്യാധികൾ		–	–	–	–	–	220	–	–	

നമ്മുടെ ആഹാരരീതിയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ അനുസരിച്ചു പോഷകഘടകങ്ങൾ ഉൾക്കൊള്ളിക്കുന്നതിന് പാലും പാലുല്പന്നങ്ങളും ഇറച്ചിയും മുട്ടയുമൊക്കെ ഒഴിവാക്കാൻ പറ്റാത്ത ഘടകങ്ങളാണ്. ജീവിതഗുണമേന്മയിൽ ഏറെ മുന്നിൽ നിൽക്കുന്ന കേരളീയന് കായിക ശേഷിയിൽ വികസിതരാജ്യങ്ങളോടൊപ്പമെത്താൻ കഴിഞ്ഞിട്ടില്ലെന്നത നമ്മുടെ ആഹാരത്തിലെ പോഷകഘടകങ്ങളുടെ അപര്യാപ്തതയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. അതുകൊണ്ടു ഈ ഉല്പന്നങ്ങളുടെ പരിപോഷണത്തിന് പ്രത്യേക ഊന്നൽ നൽകേണ്ടതുണ്ട്.

തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്ന നമ്മുടെ നാട്ടിൽ കാലിവളർത്തലും, ആടുവളർത്തലും, കോഴിവളർത്തലും നടത്തുന്നതിന് പ്രത്യേക പരിശീലനവും സാമ്പത്തികസഹായവും നൽകിയാൽ തൊഴിലില്ലായ്മക്കു പ്രത്യേകിച്ചും സ്ത്രീകളുടെ ഇടയിൽ ഒരു പരിഹാരമാകും. ഇതോടനുബന്ധിച്ച്, കറവ, പാൽ വിപണന, പാലുല്പന്നങ്ങളുടെ നിർമ്മാണം എന്നീ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുന്നതിനും ഇതു സഹായകമാകും. കൃഷിയ്ക്ക് ജൈവവളം ലഭിക്കുന്നതിനും അതുവഴി ഭൂമിയുടെ ജൈവസന്തുലിതാനവസ്ഥ നിലനിർത്തുന്നതിനും കാലി വളർത്തൽ അത്യാവശ്യമാണ്. അതുകൊണ്ട് ആ മേഖലയിലുള്ള ഏതുതരത്തലുള്ള ആസൂത്രണവും കൃഷിയും കാലിവളർത്തലും പരസ്പരം ബന്ധപ്പെടുത്തിയുള്ളതാവണം.

പണ്ടും ഇന്നും പാവപ്പെട്ടവന്റെ ഒരു വളർത്തുമൃഗമാണ് ആട്. പച്ചിലകൾ ധാരാളം കിട്ടിയിരുന്ന പഴയകാലങ്ങളിൽ പ്രത്യേക ചെലവുകളൊന്നും കൂടാതെ തന്നെ ആടിനെ വളർത്തിയിരുന്നു. ഇന്ന് ആസ്ഥിതിയ്ക്ക് അല്പ മാറ്റം വന്നിട്ടുണ്ടെങ്കിലും അനുകൂല സാഹചര്യങ്ങൾ അധികമുണ്ട്. ഒരു കുടുംബത്തിന്റെ ആവശ്യത്തിനുള്ള പാൽ ലഭിക്കുന്നതിനു പുറമേ ഏറ്റവും കൂടുതൽ ഇറച്ചി നൽകിയിരുന്ന; നൽകുന്ന ഒരു മേഖലയാണ് ആടുവളർത്തൽ. കൂടുതൽ ആദായമുള്ള ഒരു തൊഴിലാണിത്. ഇന്ന് പച്ചിലകൾക്കുപുറമേ കാലിത്തീറ്റകളും ആഹാരത്തിന്റെ ഒരു ഭാഗമായി തീർന്നിരിക്കുന്നു. നാട്ടിൽ സർവ്വസാധാരണമായി വളർത്തുന്നത് നാടൻ ഇനങ്ങളാണ്. പാവപ്പെട്ടവന് ലാഭകരമായി വളർത്താവുന്ന ഒരു മൃഗമെന്ന നിലയിൽ ഇത് കൂടുതൽ പ്രോത്സാഹനം അർഹിക്കുന്നു.

കോഴിവളർത്തലും സാധാരണക്കാരന്റെ ഒരു വരുമാനമാർഗ്ഗമാണ്. നാലോ അഞ്ചോ കോഴികൾ സാധാരണ വീട്ടുവളപ്പുകളിൽ വളർത്തുന്നരീതി പണ്ടുമുതലേ നമ്മുടെ നാട്ടിൽ സ്വീകരിച്ചിരുന്നു. ഇന്നും അതിനു സാഹചര്യങ്ങളുണ്ട്. കോഴിവളർത്തൽ ഒരു വ്യവസായമായി വളർന്നിരിയ്ക്കുന്നു. മുട്ടക്കോഴികളേയും, ഇറച്ചിക്കോഴികളേയും വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നത് ലാഭകരമായ ഒരു തൊഴിലായിരിയ്ക്കുന്നു. ഇറച്ചിക്കോഴി വളർത്തുന്നതിനുള്ള സൗകര്യങ്ങളും ഇവിടെയുണ്ട്. ശരിയ്ക്കും ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങൾ സജീവമായുണ്ടാവണം. കുഞ്ഞുങ്ങളെ യഥാസമയം എത്തിക്കുന്നതിനും ഏഴോ, എട്ടോ ആഴ്ച പ്രായമാകുമ്പോൾ വിറ്റഴിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടാകണം. കോഴിത്തീറ്റയുടെ വില വർദ്ധന കോഴി വളർത്തുന്നവരെ പിൻതിരിപ്പിക്കുന്ന ഒരു പ്രശ്നമാണ്. താറാവ് വളർത്തലിന് അനുകൂലസാഹചര്യങ്ങൾ നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം വിരളമാണ്. വർഷത്തിന്റെ എല്ലാക്കാലത്തും വെള്ളംകിട്ടുന്ന പാടങ്ങളോ കുളങ്ങളോ നാട്ടിൽ സുലഭമല്ല. എങ്കിലും അപൂർവ്വമായെങ്കിലും കോഴിവളർത്തൽപോലെ വീടുവളപ്പുകളിൽ താറാവുകളെ വളർത്തുന്നുണ്ട്. ഇതുസംബന്ധിച്ചുള്ള സാധ്യതകൾ ആരായേണ്ടതാണ്.

വ്യാപകമായിട്ടെങ്കിലും തേനീച്ചവളർത്തലും പല കുടുംബങ്ങളും ഒരു വരുമാനമാർഗ്ഗമായി സ്വീകരിച്ചിട്ടുണ്ട്. പണ്ട് തേനീച്ചകളെ വളർത്തിയിരുന്നില്ലെങ്കിലും പ്രകൃതിദത്തമായുണ്ടാകുന്ന തേൻ ശേഖരിക്കൽ അപൂർവ്വമാളുകളെങ്കിലും ഒരു തൊഴിലായി സ്വീകരിച്ചിരുന്നു. അടുത്ത കാലത്ത് തേനീച്ചവളർത്തലിന് പ്രചാരം സിദ്ധിച്ചുവന്നതാണ്. പക്ഷെ രാജ്യവ്യാപകമായി തേനീച്ചയ്ക്കുണ്ടായ പകർച്ചവ്യാധി ആ മേഖലയെ ആകെ തകർത്തു

കളഞ്ഞു. ഇന്ന് അപൂർവ്വമായി മാത്രം തേനീച്ച വളർത്തലുണ്ട്. റബ്ബർ കൃഷി സാർവ്വത്രികമായിരിക്കുന്ന ഈ പ്രദേശത്ത് തേനീച്ച വളർത്തലിന് വളരെയേറെ സാധ്യതകളുണ്ട്. കൂട്ടിൽ തേനീച്ചകൾ വളർന്നു തുടങ്ങിയാൽ പ്രത്യേകപരിചരണങ്ങളൊന്നും കൂടാതെ ആദായം നൽകുന്ന ഒരു തൊഴിൽ എന്ന നിലയ്ക്ക് ഈ മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി പരിപോഷിപ്പിക്കേണ്ടതാണ്.

കല്ലറ ഗ്രാമപഞ്ചായത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ചു മൃഗസംരക്ഷണത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. മാവേലിസ്റ്റോർ തുടങ്ങിയ ന്യായവില ഷോപ്പുകളിലൂടെ കുറഞ്ഞവിലക്കുറച്ച് ലഭ്യമാക്കണം. കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ പ്രാദേശികമായി ലഭ്യമാക്കുന്ന വിഭവങ്ങൾ സമാഹരിച്ച് തീറ്റയുൽപാദിപ്പിക്കുവാൻ കഴിയും. മരച്ചീനി, തവിട്, വൈയ്ക്കോൽ എന്നിവയ്ക്ക് പ്രാദേശികമായി നല്ല വില ലഭിയ്ക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇതു സഹായിക്കും.
2. പുറമ്പോക്കുസ്ഥലങ്ങളും തുടമകളുടെ തരിശുസ്ഥലങ്ങളും കണ്ടെത്തി ലേലവ്യവസ്ഥയിൽ പഞ്ചായത്ത് നിർദ്ദേശമനുസരിച്ച് പുൽകൃഷിക്കുപയോഗിക്കണം. വേണ്ടുന്ന ശാസ്ത്രസാങ്കേതിക സൗകര്യങ്ങൾ സർക്കാർതലത്തിൽ ചെയ്തകൊടുക്കേണ്ടതാണ്.
3. പാൽവിപണന സ്ഥാപനങ്ങൾ കർഷകന് പ്രാപ്യമായ സ്ഥലത്ത് സ്ഥാപിക്കുകയും പാൽശേഖരണ വിപണന സൗകര്യങ്ങൾ പലയിടത്തായി ഏർപ്പെടുത്തുകയും ചെയ്യാവുന്നതാണ്. പാലിന് അർഹമായ വില ഉറപ്പുവരുത്തുകയും വേണം.
4. വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തണം. ദുർവിനിയോഗം ഒഴിവാക്കുന്നതിനും തിരിച്ചടവ് കൃത്യമാക്കുന്നതിനും വേണ്ടി പാൽസൊസൈറ്റി ഭാരവാഹികൾ, ധനകാര്യസ്ഥാപനങ്ങൾ, പഞ്ചായത്ത് വാർഡുമെമ്പർ, കർഷകർ എന്നിവർചേർന്ന് കൂട്ടുത്തരവാദിത്വ സംവിധാനം ഉണ്ടാക്കണം. തെരഞ്ഞെടുക്കപ്പെടുന്നവർ യഥാർത്ഥഗുണഭോക്താക്കളും, മൃഗസംരക്ഷണ മേഖലയിൽ പ്രത്യേക താല്പര്യമുള്ളവരും ആയിരിക്കണം.
5. മൃഗാശുപത്രികളിൽ ആവശ്യം വേണ്ടുന്ന മരുന്നുകൾ ലഭ്യമാക്കണം. ഇത് സഹകരണാടിസ്ഥാനത്തിൽ കർഷകസമിതികൾ മുഖേനയുമാകാം. സൗജന്യമായോ, സൗജന്യനിരക്കിലോ ആവശ്യാനുസരണം ഉപയുക്തമാക്കണം.
6. പഞ്ചായത്തുതലത്തിൽ വളർത്തുമൃഗങ്ങൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടാകണം.
7. കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങൾ 500 പശുക്കൾക്ക് ഒന്ന് എന്ന തോതിൽ പുനരാസൂത്രണം ചെയ്ത് മൃഗാശുപത്രിയുടെ അധികാരപരിധിക്കുള്ളിൽ കൊണ്ടു വരുന്നതു നന്നായിരിക്കും. പ്രതിരോധ കുത്തിവെയ്പുകൾക്കും പ്രാഥമിക റിപ്പോർട്ടുകൾക്കും ഈ സെന്ററുകളുടെ സേവനം ശാസ്ത്രീയമായി ഉപയുക്തമാക്കാൻ കഴിയും.
8. ആധുനിക രീതിയിലുള്ള അറവുശാലകൾ പ്രാദേശികമായി, സ്ഥാപിക്കുകയും ബീഫ് പാക്കറ്റുകൾ ലഭ്യമാക്കുകയും വേണം. പരസ്യമായി കൊലചെയ്യുന്നത് തടയുകയും രോഗപരിശോധന നിർബന്ധമാക്കുകയും വേണം. പൊതുജനാരോഗ്യം മുൻനിർത്തി ഈ മേഖലയ്ക്ക് വളരെ പ്രാധാന്യം കൊടുക്കേണ്ടതാണ്.
9. മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ വിവിധ ഏജൻസികൾ നടപ്പാക്കുന്നത് ഏകോപിപ്പിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ശാസ്തീയമായി നടപ്പിലാക്കാനുള്ള സംവിധാനം ഉണ്ടാവണം.
10. ചികിത്സാരംഗം രജിസ്ട്രേഷനുള്ളവർക്കു മാത്രമായി പ്രാബല്യത്തിൽ വരുത്തണം. ഇതുപരിശോധിക്കാനുള്ള അധികാരം പഞ്ചായത്തിനുണ്ടാകണം. ഇന്ന് നിർദ്ദിഷ്ട യോഗ്യതയില്ലാത്തവർ ഹോർമോണുകളും ആന്റിബയോട്ടിക്കുകളും കോർട്ടിക്കോസ്റ്റിറോയ്ഡുകളും അനിയന്ത്രിതമായി ചികിത്സക്കുപയോഗിച്ച് കർഷകന് സാമ്പത്തികനഷ്ടവും, ഇവ കലർന്ന ഉല്പന്നങ്ങൾ ഉപയോഗിക്കുകവഴി മനുഷ്യന് ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്.
11. വനിതസംഘടനകൾ വഴി മൃഗസംരക്ഷണമേഖലയിലെ പദ്ധതികൾ നടപ്പിൽ വരുത്താൻ കൂടുതൽ ശ്രമിക്കാം. സ്ത്രീകൾക്ക് തൊഴിൽ

സാദ്ധ്യതയും വരുമാനവും സമൂഹത്തിൽ മാന്യമായ സ്ഥാനവും ഉണ്ടാകണം.

12. മൃഗാശുപത്രിവികസന സമിതി രൂപീകരിച്ച് ആധുനിക സൗകര്യങ്ങളോടെ മൃഗാശുപത്രികൾ പുനർനിർണ്ണയം ചെയ്യാം സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് ആശുപത്രി മാറ്റണം. റഫ്രിജറേറ്റർ, ടെലഫോൺ, വാഹനസൗകര്യം, ലബോറട്ടറി, ഓപ്പറേഷൻ തിയേറ്റർ, ക്വാർട്ടേഴ്സ് ഇവ ഉണ്ടായിരിയ്ക്കണം.

13. പേ വിഷ നിർമ്മാർജ്ജന പരിപാടി സാർവത്രികമാക്കണം. സൗജന്യനിരക്കിൽ എല്ലാ വളർത്തു നായ്ക്കൾക്കും പ്രതിരോധകുത്തിവയ്പ് ഏർപ്പെടുത്തണം. ലൈസൻസ് സംവിധാനം നിർബന്ധമാക്കണം. അലഞ്ഞുതിരിയുന്ന തെരുവു നായ്ക്കളെ നശിപ്പിക്കുകയും പെൺപട്ടികളെ അനാഥമാക്കി ഉപേക്ഷിയ്ക്കുന്ന പ്രവണത നിറുത്തി അവയെ ഓപ്പറേഷനുവിധേയമാക്കി സംരക്ഷിക്കുന്നതടക്കമുള്ള ബോധവല്ക്കരണ പരിപാടി പഞ്ചായത്തിലുട നീളം നടത്തണം.

14. സമ്പന്നരായ മൂവുടമകളെ മൃഗസംരക്ഷണ മേഖലയിലേയ്ക്കാകർഷിക്കാൻ ഒരു ശ്രമം ഊർജ്ജിതമായി നടത്തണം. ഇവർക്കാവശ്യമായ ഈ മേഖലയിലെ തൊഴിലാളികളെ പരിശീലനം നൽകി ഉപയുക്തമാക്കണം. കറവയിലും, പാലുല്പാദന വിപണനത്തിലും വൈദഗ്ദ്യമാർജ്ജിച്ച ഒരു പുതിയ തൊഴിലാളി വിഭാഗം സമൂഹത്തിലുണ്ടാകണം.

15. പ്രത്യേക കന്നുകുട്ടിപാലന പദ്ധതി സാമ്പത്തികപരിഗണന കൂടാതെ എല്ലാവിഭാഗം ജനങ്ങൾക്കും ബാധകമാക്കണം. അവരുടെ സങ്കരയിനം പശുക്കുട്ടികളെയും എരുമക്കുട്ടികളെയും പദ്ധതിയിലുൾപ്പടുത്തി കാലിത്തീറ്റ വില വർദ്ധനയ്ക്കനുസരിച്ച് സബ്സിഡി ഉയർത്തണം.

16. കന്നുകാലികളെ രോഗങ്ങൾക്കെതിരായ പ്രതിരോധകുത്തിവെയ്പുകൾ യഥാസമയം ചെയ്തിപ്പിക്കുവാൻ പഞ്ചായത്ത് തലത്തിൽ നടപടികൾ ഉണ്ടാകണം.

17. പന്നിവളർത്തൽ, മുയൽ വളർത്തൽ എന്നിവയ്ക്ക് താല്പര്യമുള്ളവരെ കണ്ടെത്തി ആവശ്യമായ സാങ്കേതികസാമ്പത്തിക സഹായം എത്തിക്കാൻ കഴിയണം.

18. ആടു വളർത്തൽ പദ്ധതിയ്ക്ക് വളരെ അനുയോജ്യമായ ഈ സ്ഥല വേണ്ടുവോളം പ്രയോജനപ്പെടുത്തണം. ഈ മേഖല ഇന്ന് വളരെ ലാഭകരമായ ഒരു കുടിൽ വ്യവസായമാക്കി മാറ്റാവുന്നതാണ്. ആടുവളർത്തൽ ഗ്രാമങ്ങളിൽ സംഘടിപ്പിയ്ക്കാൻ കഴിയും.

19. ഇറച്ചിക്കോഴി വളർത്തലിന് കർഷകരുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അതുവഴി ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാൻ ശ്രമിയ്ക്കാം.

20. എഗ്ഗർ നഴ്സറികൾ പഞ്ചായത്തു തലത്തിൽ ഒന്നെങ്കിലും ഉണ്ടാവണം. സർക്കാർഫാമിൽ നിന്നോ സ്വകാര്യമേഖലയിൽ നിന്നോ ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കി 2 മാസം വരെ വളർത്തി നിർദ്ദിഷ്ട വിലയ്ക്ക് പദ്ധതി പ്രകാരം പ്രാദേശികമായി വിതരണ ചെയ്യണം. ഇതിന് സർക്കാർതലത്തിൽ സഹായ പദ്ധതിയുണ്ട്. സാംപത്തിക ചുറ്റുപാടുള്ളവരെ ഈ രംഗത്തേയ്ക്ക് കൊണ്ടുവരാൻ ശ്രമിയ്ക്കണം.

21. അടുക്കളമുറ്റത്തെ കോഴിവളർത്തൽ പദ്ധതി സാർവത്രികമാക്കണം. ആവശ്യക്കാർക്ക് സൗജന്യ നിരക്കിൽ നല്ല കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ കഴിയണം. കൂടും കോഴിത്തീറ്റയും ലഭ്യമാക്കണം. പ്രാദേശികമായി മുട്ട ശേഖരണ വിപണന സൗകര്യങ്ങളുമുണ്ടാക്കണം.

22. സ്കൂൾ തലത്തിൽ വിദ്യാർത്ഥികൾക്ക് മൃഗസംരക്ഷണ മേഖലയുമായി ആഭിമുഖ്യം ഉണ്ടാകത്തക്ക പദ്ധതികൾ ആസൂത്രണം ചെയ്യണം. ഓമനമൃഗങ്ങളെ വളർത്തുന്നതിലും കൈകാര്യം ചെയ്യുന്നതിലും പരിശീലനം നൽകാം. കോഴിവളർത്തലിലും കന്നുകാലി വളർത്തലിലും വേണ്ടുന്ന പ്രാഥമിക അറിവ് പകർന്നു കൊടുക്കാൻ ഓരോ സ്കൂളിനും വെറ്ററിനറി ഡോക്ടർക്ക് നിശ്ചിത സമയം അനുവദിയ്ക്കണം, ഒരു മാസത്തിലൊരിയ്ക്കലോ മറ്റോ.

23. ചെറുകിട ഡയറിയൂണിറ്റുകൾക്ക് സഹായ പദ്ധതികൾ വിപുലമാക്കണം.

ഗതാഗതം

ഗതാഗതവികസനം ആധുനിക മനുഷ്യന്റെ സാമൂഹിക, സാമ്പത്തിക, സാംസ്ക്കാരിക ജീവിതത്തിന്റെ വികസനത്തിന് ഒരു മുൻ ഉപാധിയാണ്. വ്യാവസായിക വിപ്ലവത്തിന്റെ ആരംഭത്തോടെ പുതിയ മാർക്കറ്റുകൾ കണ്ടെത്താൻ യുറോപ്പിയൻ ശക്തികൾ നടത്തിയ ധീരമായ യാത്രകൾ പുതിയ പുതിയ ഗതാഗത റൂട്ടുകൾ കണ്ടെത്തുകയായിരുന്നു. അതിലൂടെ രാജ്യങ്ങളേയും ലോകത്തെ തന്നെയും അടുപ്പിയ്ക്കുകയായിരുന്നു. പിന്നീട് ഈ യാത്രകളും മാർക്കറ്റ് കണ്ടെത്തലുകളും വെട്ടിപ്പിടുത്തങ്ങളിലും അധികാരം കവർന്നെടുക്കലുകളിലും കോളനി സ്ഥാപിയ്ക്കലുകളിലും ഒക്കെയാണ് അവസാനിച്ചതെന്ന് ചരിത്രം നമ്മോട് വിളിച്ച് പറയുന്നു. അന്ന് നാവികഗതാഗതത്തിനായിരുന്നു പ്രാമുഖ്യം. ആധുനിക ഗതാഗത മാർഗ്ഗങ്ങൾ പ്രധാനമായും റോഡു ഗതാഗതം, ജലഗതാഗതം, റെയിൽ ഗതാഗതം, വ്യോമഗതാഗതം എന്നിങ്ങനെ തിരിയ്ക്കാം.

നമ്മുടെ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം റോഡ് ഗതാഗതത്തിന് മാത്രമേ പ്രസക്തിയുള്ളൂ. പഞ്ചായത്ത് അതിർത്തിയിലൂടെ ഒഴുകുന്ന വാമനപുരം നദിയുടെ കുറുകെ വള്ളം തുഴഞ്ഞ് സമീപപഞ്ചായത്തിലേയ്ക്ക് മഴക്കാലത്ത് ജനങ്ങൾ സഞ്ചരിയ്ക്കുന്നു എന്നതാണ് ജലഗതാഗതവുമായി പഞ്ചായത്തിനുള്ള ബന്ധം. റെയിൽഗതാഗതവുമായി പഞ്ചായത്ത് ബന്ധിക്കപ്പെട്ടിട്ടേയില്ല. റോഡുകളുടെ എണ്ണത്തിലും നീളത്തിലും ആശാവഹമായ വികസനം നടന്നിട്ടുണ്ട്. എല്ലാ വാർഡുകളിലും പരമാവധി കുടുംബങ്ങളെ റോഡുമായി ബന്ധിപ്പിയ്ക്കാനുള്ള ശ്രമങ്ങൾ ഇതിനകം നടത്താൻ കഴിഞ്ഞിട്ടുണ്ട്. പുതിയ റോഡുകളുടെ ആദ്യശ്രമങ്ങളൊക്കെ ജനങ്ങളുടെ ഇച്ഛാശക്തിയിൽ നിന്ന് ഉരുത്തിരിഞ്ഞ സന്നദ്ധപ്രവർത്തനത്തിലൂടെയാണ് നടന്നിട്ടുള്ളത്. അതിനുശേഷം പഞ്ചായത്ത് ഏറ്റെടുത്ത് മെയിന്റനൻസ് നടത്തുകയും പിന്നീട് ജണ്ട ഏറ്റെടുക്കുകയും ചെയ്ത റോഡുകൾ പഞ്ചായത്തിലുണ്ട്. 86.260 കിലോമീറ്റർ പക്കാറോഡുകളും 12.50 കി.മീറ്റർ പഞ്ചായത്ത് ടാർ റോഡുകളും 31.00 കി.മീറ്റർ ജണ്ട ടാർ റോഡുകളും ഉൾപ്പെടെ 129.840 കി.മീറ്റർ റോഡുകളാണ് പഞ്ചായത്തിലുള്ളത്. പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം കണക്കിലെടുക്കുമ്പോൾ റോഡുകളുടെ നീളം കുറവാണെന്ന് പറയാനാവില്ല. പക്ഷേ, ഇപ്പോഴുള്ള റോഡുകളുടെ നീളം തന്നെയും മൊത്തം കുടുംബങ്ങളുടെ ആവശ്യത്തിന് മതിയാകുന്നില്ല എന്ന് ഗ്രാമസഭകളിൽ ഉയർന്ന ജനങ്ങളുടെ പരാതികളിൽ നിന്ന് മനസ്സിലാക്കാം. വാർഡുകൾക്കുള്ളിലൂടെ കടന്നുപോകുന്ന മിക്കറോഡുകളുടേയുംപൊതുസ്ഥിതി, കുണ്ടും കുഴിയും കാരണം സഞ്ചാരയോഗ്യമല്ല എന്നതാണ്. പുതിയ റോഡുകൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഉടനെ നിർമ്മിച്ചില്ലെങ്കിലും നിലവിലുള്ള റോഡുകളെ സഞ്ചാരയോഗ്യമാക്കി തീർക്കുകയാണ് അടിയന്തരമായി ചെയ്യേണ്ടത്. പഞ്ചായത്തിലെ ഏറ്റവും അപകടം പതിയിരിക്കുന്ന റോഡാണ് കല്ലറ-ചെറുവാളം ജണ്ട റോഡ്. വാഹനങ്ങളുടേയും ജനങ്ങളുടേയുംഇത്രയധികം തിരക്കുള്ള റോഡ് പഞ്ചായത്തിൽ വേറെയില്ല. റോഡിന്റെ വീതി മിക്ക ഇടങ്ങളിലും ഒരു ബസ്സിന് കടന്നുപോകാൻ കഴിയുന്നു ആത്രമാത്രം. റോഡിന്റെ ഇരുവശങ്ങളിലും മാറിമാറി കുന്നും അഗാധ ഗർത്തങ്ങളും ഉണ്ട്. ഈ റോഡിന്റെ പണി അടിയന്തിരമായി ചെയ്യാൻ PWD യുടെ മേൽ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. മറ്റു റോഡുകളുടേയും മെയിന്റനസ് ജോലികൾ ഏറ്റെടുക്കാൻ ആവശ്യപ്പെടണം. 1995-96 വർഷത്തിൽ ജവഹർ റോസ്കാർ യോജന (JRY) സ്കീ മിൽപ്പെടുത്തി പഞ്ചായത്തിൽ നടന്നപണികളെക്കുറിച്ച്

താഴെ രേഖപ്പെടുത്തിയ പട്ടികയിൽ നിന്ന് മനസ്സിലാക്കണം.

പട്ടിക – 1

പണിയുടെ പേര്	എസ്റ്റിമേറ്റ് തുക	നൽകിയത്
1. കോടംപ്പൊച്ചി ഏലാ നടപ്പാലം	12,000	11,265
2. വളക്കുഴിപ്പച്ച ഏലാ നടപ്പാലം	20,000	20,000
3. മീനൂർ നടപ്പാലം	15,000	14,136
4. K.T. കുന്ന്, ഈച്ചുട്ടിക്കോണം–പാട്ടറ റോഡിന്റെ പുനരുദ്ധാരണം	84,130	66,000
5. തുമ്പോട് ഏലാനടപ്പാലം	12,000	11,785

ബസ്റ്റാന്റ്, ഓട്ടോറിക്ഷാ സ്റ്റാന്റ്, ടാക്സി സ്റ്റാന്റ് ഇവയൊക്കെ തിരക്കുള്ള നിരത്തിൽ തന്നെയാണ് ഇപ്പോൾ പ്രവർത്തിച്ച് വരുന്നത്. കല്ലറ മാർക്കറ്റിന്റേയും 3500-ൽ അധികം കുട്ടികൾ പഠിക്കുന്ന കല്ലറ ഹൈസ്ക്കൂളിന്റേയും തിരക്കിനിടയിൽ ഇവ കൂടി ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് വലിയൊരു പ്രശ്നം തന്നെയാണ്. ബസ്സ് സ്റ്റാന്റ് സ്ക്കൂളിനോട് ചേർന്ന്, സൗകര്യപ്രദമല്ലാത്ത നിലയിലാണ് അതിന്റെ നിർമ്മിതി. ജനതിരക്കിനിടയിൽ അത് തീരെ അപര്യാപ്തം. അത് പൊളിച്ച് സൗകര്യപ്രദമായി മറ്റെവിടെയെങ്കിലും സ്ഥാപിക്കുന്ന കാര്യം ആലോചിയ്ക്കണം. അതുപോലെ ആട്ടോറിക്ഷാ സ്റ്റാന്റും, ടാക്സി സ്റ്റാന്റും ഇപ്പോൾ പാർക്ക് ചെയ്തുകൊണ്ടിരിക്കുന്ന പൊതുനിരത്തിൽ നിന്ന് മാറ്റിയേ തീരൂ. അതിനും സൗകര്യപ്രദമായ സ്ഥലം കണ്ടെത്തുകതന്നെ വേണം.

വാർഡുകളെ തിരിച്ച് നിർമ്മാണം പൂർത്തിയാക്കിയ സാമൂഹിക ആസ്തികളുടെ വിവരം.

പട്ടിക. 2

റോഡ് കി. മീ

വാർഡുകൾ	ടാർ ചെയ്തത് ചെയ്യാനുള്ളത്	പുതിയത് ചെയ്യാനുള്ളത്	ഇനി ടാർ ചെയ്യാനുള്ളത്	അറ്റകുറ്റപ്പണികൾ	മറ്റുനിർമ്മാണ പ്രവർത്തനങ്ങൾ
1	0.300	4.000	2.000	2.049	
2	2.400	6.000	8.000	6.000	
3	0.800	1.429	3.500	0.820	
4	1.300	0.800	4.000	4.870	
5	–	4.000	3.500	2.950	
6	–	1.200	4.900	3.800	
7	3.000	2.000	3.100	2.060	
8	0.600	–	4.265	3.000	
9	–	1.200	2.400	1.420	
10	1.400	0.600	3.500	2.970	
11	2.780	1.000	5.300	1.890	

പ്രശ്നങ്ങൾ

ചില വാർഡുകളിൽ ഇനിയും റോഡ് നിർമ്മിക്കേണ്ടി വരും. നിലവിലുള്ള റോഡുകളുടെ നിലവാരം തീരെ മോശമാണ്. മിക്ക റോഡുകൾക്കും ഓടകളില്ല.

മഴയത്ത് കയറിനിലനിൽക്കാൻ ബസ്സ്സ്റ്റോപ്പുകളിൽ ഷെൽറ്ററുകളില്ല. റോഡുകളുടെ വീതി വളരെ കുറവാണ്.

റോഡുകളുടെ അറ്റകുറ്റപ്പണി യഥാസമയം നടത്താറില്ല.

സാദ്ധ്യതകൾ

എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മിക്കാനുള്ള പ്രവർത്തനം. (സന്ധ്യാപ്രവർത്തനവും ആലോചിക്കണം.)

ബഹുജനസഹകരണത്തോടെ റോഡുകളുടെ അറ്റകുറ്റപ്പണി നടത്താൻ പരിപാടി.

പ്രധാന റോഡുകൾ ടാർ ചെയ്യാൻ പദ്ധതി.

മുൻഗണനാക്രമത്തിൽ പുതിയ റോഡുകളുണ്ടാക്കാൻ പദ്ധതി. റോഡുസംരക്ഷണത്തിന് പ്രാദേശികജനകീയ സമിതികൾ.

വാർഡുകളിൽ കൂടിയവിശേഷാൽ ഗ്രാമസഭകളിൽ വീറോടും വാശിയോടും ചർച്ചനടന്ന വിഷയമാണ് ഗതാഗതം. വാർഡ് മെമ്പർമാരുടെ പൊതു അഭിപ്രായം അംഗീകരിച്ച് ആ ചർച്ചകളിൽ രൂപപ്പെട്ട നിർദ്ദേശങ്ങൾ അതേ രൂപത്തിൽ ഇവിടെ രേഖപ്പെടുത്തുകയാണ്.

1. കല്ലറ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ മാർക്കറ്റ് മാറ്റുകയും ആ സ്ഥലം ബസ്സ്റ്റേഷൻ ആക്കുകയും വേണം.
2. ഗതാഗത സാന്ദ്രത കുറയ്ക്കാൻ പള്ളിമുക്ക് ജംഗ്ഷനിൽ നിന്ന് പടിഞ്ഞാറുഭാഗത്തുകൂടി ഒരു സമാന്തരറോഡ് നിർമ്മിച്ച് പാർവ്വതി ആശുപത്രിയ്ക്ക് അടുത്ത് ബന്ധിപ്പിയ്ക്കുക.
3. കല്ലറ ജംഗ്ഷനിൽ ഒരു കിലോമീറ്റർ ചുറ്റളവിൽ വൈദ്യുതി ലൈനുകൾ (LT & 11 KV) അണ്ടർഗ്രൗണ്ട് കേബിൾ ആക്കുക.
4. കല്ലറ-വളക്കുഴിപച്ച-മഹാദേവർപച്ച റോഡ് (സൈഡിൽ ഓട നിർമ്മിയ്ക്കണം) വീതി കൂട്ടി ഗതാഗതയോഗ്യമാക്കണം.
5. A.R.S വളക്കുഴി പച്ച റോഡ് ഗതാഗത യോഗ്യമാക്കണം.
6. ഗോൾഡാ ഹോട്ടലിന് എതിർവശത്തു കൂടിയുള്ള ഇടവഴി താലൂക്ക് ഓഫീസ്സ് അംഗീകരിച്ച പ്ലാൻ പരിശോധിച്ച് വളക്കുഴിപച്ച റോഡുമായി ബന്ധിപ്പിച്ച് സഞ്ചാരയോഗ്യമാക്കണം.
7. ശരവണ ജംഗ്ഷൻ-മുണ്ടോണിക്കര റോഡ് വികസിപ്പിച്ച് സഞ്ചാരയോഗ്യമാക്കണം.
8. സ്റ്റേഡിയം-തണ്ണിയം റോഡ് സഞ്ചാരയോഗ്യമാക്കണം.
9. കല്ലറ K.S.R.T.C. ഓപ്പറേറ്റിംഗ് സെന്റർ ആക്കണം.
10. വർക്കല (viz കല്ലറ)-പൊൻമുടി റോഡ് ജില്ലാ റോഡായി വികസിപ്പിക്കണം.
11. വിനോദസഞ്ചാരികൾക്ക് കല്ലറ ഒരു വിശ്രമകേന്ദ്രം സ്ഥാപിയ്ക്കണം.
12. ഒരു പബ്ലിക് കംഫോർട്ട് സ്റ്റേഷൻ സ്ഥാപിയ്ക്കണം.
13. കല്ലറ പഞ്ചായത്തിലെ വെയ്റ്റിംഗ് ഷെഡ് മാറ്റി സ്ഥാപിയ്ക്കണം.
14. ജീപ്പ്, ട്രക്കർ സ്റ്റാന്റ് പഞ്ചായത്ത് റോഡിൽ മാറ്റി സ്ഥാപിക്കുക
15. കല്ലറ-ശ്രേയസ്സ് ജംഗ്ഷനിലും പള്ളിമുക്കിലും A.R.S ജംഗ്ഷനിലും ബംബുകൾ സ്ഥാപിച്ച് ബോർഡുകൾ വച്ച് ഗതാഗതം നിയന്ത്രിക്കുക.
16. മാർക്കറ്റിനും സ്ക്കൂൾമതിലിനും ഇടയിൽ കൂടിയുള്ള ഇടവഴി വൃത്തിയാക്കി സ്റ്റേഡിയം റോഡുമായി ബന്ധിപ്പിക്കുക.
17. മരുതമൺ കലുങ്കിന്റെ ഇടിഞ്ഞുപോയ സൈഡ് വാൾ നിർമ്മിക്കുക
18. കല്ലറ പഞ്ചായത്ത് ഓഫീസിന് പുറകിലുള്ള റോഡ് ടാർ ചെയ്യുക.
19. പാറമുകളിൽ-മൂർത്തിക്കോണം ഇടവഴി വികസിപ്പിച്ച് തണ്ണിയം റോഡുമായി ബന്ധിപ്പിക്കുക.
20. കൊച്ചുകട പാൽക്കുളം - പാലുവള്ളിറോഡ് ടാറിട്ട് ഗതാഗത യോഗ്യമാക്കുക.

പാൽക്കുളം വാർഡ്

21. പാങ്ങൽകുന്ന് - പാലുവള്ളി തോട്ടുംപുറം വട്ടക്കരിക്കകം റോഡ് പൂർണ്ണമായി ടാറിടണം. തോട്ടുംപുറം കലിങ്ക് പൊളിച്ചു ലോഡുവണ്ടികൾക്ക് പോകുവാൻ പറ്റുന്ന വിധത്തിൽ പുതുക്കി പണിയുക.
22. കൊടിതൂക്കിയകുന്ന്-ഈച്ചുട്ടിക്കോണം വണ്ടി

തോടും പാലുവള്ളിയിൽ നിന്നുമുള്ള റോഡുകളുമായി ബന്ധിപ്പിക്കുക.

23. വാഴത്തോപ്പുപച്ച വെള്ളംകുടി റോഡ് ടാർ ഇട്ട് ഗതാഗതയോഗ്യമാക്കുക.
24. പാലുവള്ളി-കടമാൻകുഴി റോഡ് ലോഡു വണ്ടി കടന്നുപോകുന്ന രീതിയിൽ വികസിപ്പിക്കുക.
25. പച്ചയിൻമുക്ക്-കൊടുങ്കയം റോഡ് ഗതാഗത യോഗ്യമാക്കണം.
26. കൊടിതൂക്കിയകുന്ന് - ആനാംപച്ച റോഡ് ഗതാഗതയോഗ്യമാക്കണം.
27. പാട്ടറ അങ്കൻവാടി റോഡ് ഗതാഗതയോഗ്യമാക്കണം.

പുതുതായി നിർമ്മിയ്ക്കേണ്ടവ

1. കാപ്പിവിള വാഴത്തോപ്പുപച്ചറോഡ്
2. കൊടിതൂക്കിയ കുന്ന് - കൊടുങ്കയം
3. തോട്ടുപുറം - കീഴേക്കരിക്കകം - ആനാംപച്ച റോഡ്.
   ആ മൂന്ന് റോഡുകൾക്ക് ശ്രമദാനത്തിന് തയാറാണ്.

ചന്ത

പാൽക്കുളം വാർഡിൽ ആഴ്ചയിൽ 2 ദിവസം പ്രവർത്തിക്കുന്ന ഒരു ചന്ത സ്ഥാപിക്കാൻ വേണ്ട നടപടി കല്ലറ പഞ്ചായത്ത് മുൻകൈയെടുത്ത് നടപ്പാക്കുക.

Bus Service

വാർഡിന്റെ മദ്ധ്യ ഭാഗത്തുകൂടി പോകുന്ന കൊച്ചുകട-പാൽക്കുളം-പാലുവള്ളി-തോട്ടുംപുറം-വട്ടക്കരിക്കകം റോഡിലൂടെയും.

കൊടിതൂക്കിയകുന്ന്-ഈച്ചൂട്ടിക്കോണം-വണ്ടിത്തടം പാട്ടറ റോഡുവഴിയും.

പാലുവള്ളി കടുമാങ്കുഴി റോഡുവഴിയും Bus Service ആരംഭിക്കണം.

തൂമ്പോട് വാർഡ്

28. കോട്ടൂർ-കോലാംകോണം റോഡ് തറട്ടറോഡുമായി ബന്ധിപ്പിക്കുക.
29. പാലുവിഗുക്ക്-തൈലറോട്ടുകോണം-മൈലിയിൽ-മൈലോട്ടുകോണം ഏല-പഴയ ചന്തറോഡ് നിർമ്മിയ്ക്കുക.
30. കളനിൽക്കും പൊയ്ക-കോണത്തുറോഡ് ഉപയോഗ യോഗ്യമാക്കുക.
31. വട്ടത്താമരക്കുഴി-പോങ്ങുവിള കോണത്തു റോഡ് തുമ്പോട് ഏലാവഴി പുളിമൂടുമായി ബന്ധിപ്പിയ്ക്കുക.
32. കോട്ടൂർ താപസഗിരി റോഡ് ഉപയോഗപ്രദമാക്കുക.
33. കളനിൽക്കും പൊയ്ക-കോട്ടൂർ-വെള്ളംകുടി റോഡ് യാത്രായോഗ്യമാക്കണം.
34. തറട്ട-കുളപ്പനച്ച റോഡ് യോഗ്യമാക്കണം.
35. പുളിമൂട് (തറട്ട) - ഒഴുകുപാറ ഏലാറോഡ് നിർമ്മിക്കണം.
36. പള്ളിമുക്ക് - പൂവണത്തുംമൂട് റോഡ് സഞ്ചാരയോഗ്യമാക്കുക.
37. പഴയചന്ത - മാടൻനട - മൈലോട്ടുകോണം റോഡ് യോഗ്യമാക്കുക
38. കോട്ടൂർ - കളനിൽക്കും പൊയ്ക - താപസഗിരി റോഡ്.
39. ശ്രേയസ്സ് - തുമ്പോട് റോഡിന്റെ ഇരു വശങ്ങളിലും ഓടകൾ നിർമ്മിയ്ക്കുക.
40. ഉണ്ണിമുക്ക് - മാതുമേശിരി റോഡ്.
41. വർക്കല - പൊൻമുടി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ബന്ധിപ്പിച്ച് നിലവിലുള്ള റോഡ് ജില്ലാ റോഡായി മാറ്റുക.
42. തറട്ടയിൽ ഒരു വെയിറ്റിംഗ് ഷെഡ്.
43. നെടുമങ്ങാട് ഫാസ്റ്റ് പാസഞ്ചർ തറട്ടവഴിയാക്കുക. (രോഗികളുടെ സൗകര്യാർത്ഥം)

കുറുമ്പയം വാർഡ്

44. കല്ലറ - ചെറവാളം റോഡ് വീതി കൂട്ടുക.
45. പച്ച - കുറുമ്പയം കഴുകൻപച്ച വരിക്കപ്ലാമൂട് റോഡ് ടാറിട്ട് Bus Service അനുവദിക്കുക.
46. കഴുകൻ പച്ച - തെങ്ങുംകോട് ലിങ്ക് റോഡ് നിർമ്മിയ്ക്കുക.
47. കുറുമ്പയം - പൂതക്കുഴി - വട്ടത്താമരക്കുഴി റോഡ് വികസിപ്പിച്ച് വാഹനഗതാഗത യോഗ്യമാക്കുക.

48. കുറുമ്പയം - കല്ലറ P H C വഴി (ഏലാവഴി) വാഹന ഗതാഗത യോഗ്യമാക്കുക.
49. കുറുമ്പയം - കന്യാരുകുഴിറോഡും ചൂട്ടയിൽക്കാവ് - കന്യാരുകുഴി റോഡും കന്യാരുകുഴി തോട്ടിൽ ഒരു പാലം കെട്ടിയോജിപ്പിക്കുക.
50. ഉണ്ണിമുക്ക് - കുമാർ ഇൻഡസ്ട്രിയൽ റോഡിന്റെ മദ്ധ്യഭാഗത്തു നിലത്തിലൂടെ റോഡുണ്ടാക്കുക.
51. പൂതക്കുഴി ഏലാത്തോട്ടിൽ 5 നടപ്പാത നിർമ്മിയ്ക്കുക.
52. റോഡുകളുടെ മദ്ധ്യഭാഗത്തു നിൽക്കുന്ന വൈദ്യുത പോസ്റ്ററുകൾ സൈഡിലേയ്ക്ക് മാറ്റിയിടുക.
53. കുറുമ്പയം ബസ്സ് റൂട്ട് കുറഞ്ഞത് 8 ട്രിപ്പുകളെങ്കിലും ഓപ്പറേറ്റ് ചെയ്യുക.
54. വെള്ളംകുടി പൂതക്കുഴി റോഡ് ഗതാഗതയോഗ്യമാക്കുക.
55. പാട്ടറ-കുറുമ്പയം LPS വരെ പൂതക്കുഴി ഏലായിൽകൂടി ഒരു റോഡ് നിർമ്മിയ്ക്കുക.

തെങ്ങുംകോട് വാർഡ്

56. ഡീസന്റ്മുക്ക് - പരപ്പിൽ വാർഡിൽ കയറുന്ന റോഡ് (നാട്ടുകാർ സ്വന്തമായി വെട്ടിക്കൊണ്ടിരിക്കുന്നത്) പഞ്ചായത്ത് ഏറ്റെടുക്കണം.
57. ചാമ്പൽ വിള - മുളയിൽക്കോണം റോഡ് ടാർ ഇടുക
58. കുറുമ്പായം - പെരുമ്പേലി - മുളയിൽക്കോണം ലിങ്ക് റോഡിന്റെ പണി നടത്തുക.
59. മുളയിൽക്കോണം - ചിറക്കോണം കോളനി - പെരുമ്പേലി - ഡീസന്റ്മുക്ക് - സഞ്ചാരയോഗ്യമാക്കുക.
60. K.T. കുന്ന് - നെടുന്തേരി റോഡും - പുളിമാത്ത് കുന്ന് - ഹരിജൻകോളനി റോഡും ടാർ ഇടുക.
61. തെങ്ങുംകോട് - റേഷൻകട ജംഗ്ഷൻ - ഏലാ റോഡ് ടാർ ഇടുക.
62. MLA റോഡിലെ ഉതിരക്കുഴി - മുളമൂട് റോഡ് മിത്രമ്മല ക്ഷേത്ര റോഡുമായി ബന്ധിപ്പിയ്ക്കുക.
63. K.T കുമ്മ് - പോങ്ങുംമൂട് MLA റോഡ് റീടാർ ചെയ്യുക.
64. ങഘഅ റോഡിൽനിന്ന് 4 സെന്റ് കോളനി വഴി പെരുമ്പേലി റോഡ് ഗതാഗതയോഗ്യമാക്കുക.
65. MLA റോഡിൽ നിന്ന് കത്തിതേയ്ക്കും പാറ വഴിയുള്ള ഇടവഴി സഞ്ചാരയോഗ്യമാക്കുക.
66. ഡീസന്റ്മുക്ക് - പോരുമ്പോലി വഴി - കുറുമ്പയം റോഡ് ഗതാഗതയോഗ്യമാക്കുക.
67. തോങ്ങുംകോട് - മുതുവിള ഏലാറോഡ് നിർമ്മിയ്ക്കുക.
68. തെങ്ങുംകോട് LPS ജംഗ്ഷൻ - പ്ലാക്കോട് റോഡ്, കഴുകൻ പച്ച മേലെപെരുമ്പേലി റോഡ്, റേഷൻകട ജംഗഷൻ - നാരുംകാട് റോഡ് എന്നിവ ഗതാഗതയോഗ്യമാക്കുക.
69. കഴുകൻ പച്ച ഏലായിൽ നടപ്പാത നിർമ്മിയ്ക്കുക.
70. മിത്രമ്മല - കുഞ്ചിലക്കാട് തോട്ടിൽ നടപ്പാലം നിർമ്മിക്കുക.
71. മേലേ പെരുമ്പേലി - പാലക്കുഴി നടപ്പാലം നിർമ്മിയ്ക്കുക.
72. പുനലൂർ - തോങ്ങുംകോട് (മുതുവിള വഴി) നെടുമങ്ങാട് പുതിയ ബസ്സ് സർവീസ് ആരംഭിയ്ക്കുക.
73. തെങ്ങുംകോട് ഏലായിൽ കാരാംകുന്ന് കലുങ്ക് നിർമ്മിയ്ക്കുക.
74. തെങ്ങുംകോട് - പ്ലാക്കോട് തോട്ടിൽ നടപ്പാലം നിർമ്മിയ്ക്കുക.
75. ഊന്നമ്പാറ-തെങ്ങുംകോട് റോഡ് പൂച്ചടിക്കാട് റോഡുമായി ബന്ധിപ്പിച്ച് ഗതാഗതയോഗ്യമാക്കണം.

ചെറുവാളം വാർഡ്

76. ചെറുവാളം-ആനാകുളം-പരപ്പിൽറോഡ് ഗതാഗതയോഗ്യമാക്കണം.
77. തെങ്ങുംകോട് ക്ഷേത്രം റോഡ് പൂച്ചടിക്കാട് റോഡുമായി ബന്ധിപ്പിയ്ക്കണം.
78. ചടയൻമുക്ക് പുത്തൻവിള-തോട്ടുമുക്ക്-പള്ളിമുക്കുവരെയുള്ള റോഡ് ടാർ ചെയ്യണം.
79. ചെറുവാളം ചാത്തൻവെട്ടിയമൂല ചെറ്റപ്പാടുറോ

ഡുമായി ബന്ധിപ്പിക്കാൻ ഒരു പാലം പണിയണം.

80. ലക്ഷംവീട് വെങ്കട്ടമൂട് ഏലാവഴി മുളമുക്ക് കാഞ്ഞിനടറോഡുമായി ബന്ധിപ്പിച്ച് സഞ്ചാരയോഗ്യമാക്കണം.

81. വട്ടക്കരിക്കകം-ആയിരവല്ലിപ്പാറ വഴി പുത്തൻവിള മുക്കിൽ കയറുന്ന വഴി സഞ്ചാരയോഗ്യമാക്കണം.

82. പടന്നൻമുക്ക്-നെടുന്തേരി കയറ്റം പടവുകൾ കെട്ടി സഞ്ചാരയോഗ്യമാക്കണം.

83. ചെറുവാളം ഓരങ്കോടുമുതൽ മലപ്പുറം ക്ഷേത്രം വരെ റോഡ് ടാർ ചെയ്യണം.

84. ആനകുളം റോഡിൽ നിന്ന് പനകുന്നം ക്ഷേത്രത്തിലേയ്ക്കുള്ള റോഡു വികസിപ്പിയ്ക്കണം. ക്ഷേത്രത്തിൽ നിന്ന് പരപ്പിൽ ഏലായിലേക്കുള്ള വഴി സഞ്ചാരയോഗ്യമാക്കുകയും ചെയ്യുക.

85. കൊടിതൂക്കിയകുന്ന് - ഓറങ്കോടുവഴി ചെറുവാളത്തേക്കുള്ള റോഡ് ടാർ ചെയ്യണം.

86. ആനകുളം - താഴെപ്പരപ്പിൽ ക്ഷേത്രം റോഡ് വികസിപ്പിക്കുകയും ഗതാഗത യോഗ്യമാക്കുകയും വേണം.

87. ചെറുവാളം ലക്ഷംവീട് റോഡിൽ നിന്ന് കരിമ്പുവിള കുന്നിലേക്കുള്ളതടം സഞ്ചാരയോഗ്യമാക്കണം.

88. നെടുന്തേരി-തെങ്ങുംകോട് റോഡ്, - തെങ്ങുംകോട് റേഷൻകട റോഡുമായി ബന്ധിപ്പിക്കുക.

89. ഊന്നമ്പാറ ആനക്കുഴി പരപ്പിൽ ഏലാവഴി താഴെ പ്പരപ്പിൽ ക്ഷേത്രത്തിലേക്ക് ഒരു റോഡ് നിർമ്മിക്കണം.

90. ഊന്നമ്പാറ പനകുന്നം ക്ഷേത്രം വഴി ഒരു പുതിയ റോഡ് നിർമ്മിക്കണം.

Bus

ചെറുവാളത്ത് നിലവിലുണ്ടായിരുന്ന മൈയാടെ പുനഃസ്ഥാപിക്കണം.

ചെറുവാളം-പരപ്പിൽ നെടുമങ്ങാട് വഴി മെഡിഃകോളേജിലേക്ക് ബസ്സ് അനുവദിക്കണം.

പാലോട്-കൊച്ചാലുംമൂട്-കാഞ്ഞിനട-ചെറുവാളം നെടുമങ്ങാട് ബസ്സ് സർവീസ് അനുവദിക്കുക.

ചെറുവാളം-കല്ലറ-കടയ്ക്കൽ-നിലമേൽ വഴി കൊട്ടാരക്കര ബസ്സ്, നെടുമങ്ങാട് നിന്നും മുതുവിള വരെ വരുന്ന യൗര ചെറുവാളം വരെ നീട്ടണം.

പരപ്പിൽ

1. ആകെ 3.5 KM റോഡ് ടാർ ഇട്ടിട്ടുണ്ട്.
2. ആകെ ഇനിയെത്ത 7 KM റോഡ് മൺ. (മുളമൂട്-പൂച്ചടി, ചന്തയിൽകാട് തെങ്ങിൻകോട്, പരപ്പിൽ സ്കൂൾ ജംഗ്ഷൻ - ആലുകോട് കരിക്കകം, കുമ്മൂർ ആലംകോട് കരിക്കകം, റേഷൻകടമുക്ക് - ആനകുളം, പരപ്പിൽ-ആറ്റുകടവ്)
3. ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ചെല്ലഞ്ചിപാലം പണി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കണം.
4. റേഷൻകട ജംഗ്ഷനിൽ നിന്നും ആനകുളം ചെറുവാളം റോഡുപണിഎത്രയും പെട്ടന്ന് പൂർത്തിയാക്കണം.
5. മുളമൂടിനും പരപ്പിലിനും ഇടയ്ക്ക് കോടംപ്ലാച്ചി കലിങ്ക് വീതി കൂട്ടി സൈഡ് വാൾ നിർമ്മിയ്ക്കാൻ വേണ്ട നടപടി ഉണ്ടാകണം.
6. കോടംപ്ലാച്ചി തെങ്ങുംപണ റോഡിന്റെ പണി എത്രയും പെട്ടന്ന് നടത്തണം.
7. പച്ചള്ളൂർ ഒരുപ്പുചെല്ലഞ്ചി റോഡ് പണിയണം.

പുതിയ റോഡ്

8. പരപ്പിലും ചന്തയിൽ കാടും തമ്മിൽ ബന്ധിപ്പിക്കുന്ന 5 ലിങ്ക്സ് വീതിയുള്ള ഇടവഴിയുണ്ട്. ഈ വഴി ഗതാഗത സൗകര്യമുള്ളതാക്കണം.
9. ബസ്സ് സ്റ്റാന്റ് ചെല്ലഞ്ചിറോഡ്, പരപ്പിൽ ആലുകോട് കരിക്കകം, കുമ്മൂർ ആലംകോട് കരിക്കകം, ചന്തയിൽ കാട് താന്നിക്കുന്ന് കോടംപ്ലാച്ചി തെങ്ങുംകോട്, ചന്തയിൽകാട് ഗണപതി ക്ഷേത്രം എന്നീ റോഡുകൾ വികസിപ്പിച്ച് ടാർ ഇടുകയും ഈ ഭാഗങ്ങളിൽ വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുക.
10. പരപ്പിൽ റേഷൻകട ജംഗ്ഷനിൽ നിന്നും ആന

ക്കുഴി ഭാഗത്തേയ്ക്ക് പോകുന്ന ഇടവഴി വീതി കൂട്ടി ഗതാഗത യോഗ്യമാക്കുക.

11. പരപ്പിലിനും ബസ്സ് സ്റ്റാന്റിനും ഇടയ്ക്കുള്ള വീതി കുറഞ്ഞ റോഡ് വീതി കൂട്ടി സൈഡ് വാൾ നിർമ്മിയ്ക്കുക.
12. പരപ്പിൽ ബസ്സ് സ്റ്റാന്റിൽ നിന്നും ഊറാൻകുഴി ഇടക്കോട് കരിക്കകം ഇടവഴി വീതികൂട്ടി ഗതാഗത യോഗ്യമാക്കുക.
13. പരപ്പിൽ ആലംകോട് കരിക്കകം റോഡിൽ അവസാനം ഒരു കലിങ്ക് നിർമ്മിക്കുക.
14. പരപ്പിൽ സ്കൂളിൽ നിന്നും ചന്തയിൽക്കാടുമായി ബന്ധിപ്പിക്കുന്ന ഇടവഴി വീതി കൂട്ടുക.
15. പരപ്പിൽ സ്കൂൾ പഞ്ചായത്ത് കിണറിന്റെ സൈഡിൽനിന്നും ആലംകോട് കരിക്കകം റോഡ് വീതികൂട്ടുക.
16. മുതുവിള വെമ്പായം ചെയിൻ സർവീസുകൾ പരപ്പിൽ വരെ നീട്ടുക.
17. 8.10ന് ആറ്റിങ്ങലിൽ നിന്നും ആരംഭിക്കുന്ന, പരപ്പിൽ വെഞ്ഞാറമൂട് ആറ്റിങ്ങൽ സർവ്വീസ് എത്രയും വേഗം പുനരാരംഭിക്കുക.
18. 1967-ൽ ആരംഭിച്ച പരപ്പിൽ തിരുവനന്തപുരം സർവ്വീസ് അടിയന്തരമായി പുനരാരംഭിക്കുക.
19. 8 മണിക്ക് കിളിമാനൂരിൽ നിന്നും ആരംഭിക്കുന്ന ഫാസ്റ്റ് പാസഞ്ചർ (പരപ്പിൽ-തിരുവനന്തപുരം) പുനരാരംഭിക്കുക.
20. പരപ്പിൽ വഴി പോകുന്ന സ്വകാര്യബസ്സുകൾ പരപ്പിൽ ബസ്സ് സ്റ്റാന്റിൽവന്നു തിരിഞ്ഞുപോകാൻ നിർദ്ദേശിക്കുക.

മുതുവിള വാർഡ്

1. ഇടത്തട്ട് - നാണംകോട് കീഴാർ റോഡ് - ടാർ ചെയ്യണം.
2. മുളമൂട് - വനത്തിൽ - കല്ലുവരമ്പ് - അരുവിപ്പുറം റോഡ് ടാർ ചെയ്യണം.
3. കുമ്മൂർ - പച്ചള്ളൂർ - കോട്ടയിൽ റോഡ് ടാർ ചെയ്യണം.
4. നാണംകോട്-മരക്കാട്-അയണിക്കുഴി റോഡ് ടാർ ചെയ്യണം.

4a. നാണംകോട്

5. മുളമൂട്-അമ്പലമുക്ക് റോഡ് തെങ്ങുംകോട് വരെ ടാർ ചെയ്യണം.
6. മുതുവിള-പരപ്പിൽ ചെല്ലഞ്ചി ആറ്റിൽ പാലം പണിയണം.
7. ഇടത്തട്ട്-കൊച്ചുവിള-ആരുവിപ്പുറം തടം റോഡാക്കുക.
8. തോട്ടുമുക്കിൽ നിന്നും കുറക്കോട് തടം കലുങ്ക് കെട്ടി ഗതാഗതയോഗ്യമാക്കുക.
9. മുതുവിളയിലെ ടാക്സി പാർക്കിംഗ് പുതുക്കുക.
10. മുതുവിളയിൽ ട്രാൻസ്പോർട്ട് സബ്ഡിപ്പോ സ്ഥാപിക്കുക.
11. രാത്രി 9 മണിയ്ക്ക് കിളിമാനൂരിൽ നിന്ന് മുതുവിള വരെ ബസ്സ് അയക്കുക
12. പൊന്മുടി-നെടുമങ്ങാട്-മുതുവിള-കല്ലറ വഴി, ഗുരുവായൂർ റൂട്ടിൽ ബസ്സ് റൂട്ട് അനുവദിക്കുക.
13. മുതുവിളയിൽ ഉമശഹ്യ ജൗയഹശര ങമൃ സലര, കമ്മ്യൂണിറ്റി ഹാൾ.
14. മുതുവിള - തിരുവനന്തപുരം; അരുവിപ്പുറം-ഇക്: കോളേജ് ബസ്സ് പുനസ്ഥാപിക്കുക.
15. മുതുവിള തടിമില്ല് റോഡുമുതൽ കുറക്കോട് അമ്പലം റോഡുവരെ നടപ്പാത നിർമ്മിക്കുക.
16. അരുവിപ്പുറം-മുത്താൻകടവിൽ നിന്നും കീഴാർ റോഡുവരെ ഉള്ള തടം റോഡാക്കുക.
17. ഈട്ടിമൂട് മുതൽ - ശ്രീഹാലസ്യ ഗിരീശ ക്ഷേത്രം തടം റോഡാക്കുക.
    ഊറ്റുകുഴി - കല്ലുവരമ്പ്-കോട്ടയിൽ റോഡുമായി ബന്ധിപ്പിക്കുക.
18. ആയിരവല്ലിക്കുന്ന്-കൊച്ചുവിള ക്ഷേത്രം-തടം ഗതാഗത യോഗ്യമാക്കുക.

18a. ആയിരവല്ലിക്കുന്ന് - ആരുവിപ്പുറം റോഡ്

18b. മുതുവിള ജംഗ്ഷനിൽ ഓട നിർമ്മിക്കുക.

19. മുതുവിള-കല്ലറ, മുതുവിള-പരപ്പിൽ, മുതുവിള-നെടുമങ്ങാട് - അരുവിപ്പുറം എന്നീ റോഡിൽ ബംബുകൾ നിർമ്മിക്കുക.
20. നെടുമങ്ങാട്-മുതുവിള-കല്ലുവരമ്പ് ബസ്സ് സർവ്വീസ് ആരംഭിക്കുക.
21. വനത്തിൽ ഊറ്റുകുഴി മുതുവിളയിൽ വരുന്ന ഇടവഴിസഞ്ചാരയോഗ്യമാക്കണം.

അരുവിപ്പുറം വാർഡ്

1. കല്ലറ മുതുവിള റോഡ് പുനഃരുദ്ധരിയ്ക്കണം.
2. ചാത്തൻകോണം തടം stepകൾ എടുത്ത് കളഞ്ഞ് ഗതാഗതയോഗ്യമാക്കണം.
3. പുത്തൻവിള ഭാഗത്തെ പഞ്ചായത്ത് വഴി, വിപുലീകരിക്കണം.
4. തോട്ടുമുക്കിലും ഇരപ്പിൽ തലയിലും ഓരോ ചെറിയ പാലം സ്ഥാപിക്കണം.
5. സ്കൂളിന്റെ ഭാഗത്തുള്ള റോഡ് സൈഡ് വാൾ കെട്ടി വീതി കൂട്ടണം.
6. പാകിസ്ഥാൻ മുക്കിൽ നിന്നും പുതുവൽ ഭാഗത്തേക്കുള്ള വഴി വിപുലീകരിക്കണം.
7. പാക്കിസ്ഥാൻ മുക്ക് വളവിൽ സൈഡ് വാൾ അത്യാവശ്യമാണ്.
8. കുറിഞ്ചിലക്കാട് പാലച്ചിറ റോഡ് ടാർ ചെയ്യണം.

കുറിഞ്ചിലക്കാട് വാർഡ്

1. പാകിസ്ഥാൻമുക്ക് തൊട്ടുപുറം ഇടത്തട്ട് - റോഡ് ടാർ ചെയ്ത ഗതാഗതയോഗ്യമാക്കുക.
2. പഴവിള കുറുഞ്ചിലക്കാട് പ്ലാച്ചിക്കുന്ന് വഴി നീർമൺ കടവിൽ പോകുന്ന റോഡ് ഗതാഗതയോഗ്യമാക്കുക.
3. കുറുഞ്ചിലക്കാട് ചെമ്പൻകോട് റോഡ് ഗതാഗത യോഗ്യമാക്കുക.
4. കുറുഞ്ചിലക്കാട് രാമന്റവിള നീർമൺകടവ് റോഡ് ഗതാഗതയോഗ്യമാക്കുക.
5. പാകിസ്ഥാൻ മുക്ക് കടുവാക്കുഴിക്കര ഏലായിൽ ഇറങ്ങുന്ന തടം സഞ്ചാരയോഗ്യമാക്കുക.
6. നീർമൺകടവ്-കുംബളത്തുംപാറ-തോട്ടിൽ സ്ലാബ് വാർത്ത സഞ്ചാരയോഗ്യമാക്കുക.
7. മുത്തുക്കുഴി തോട്ടിൻമുഖം പാലച്ചിറ കുറുഞ്ചിലക്കാട് പള്ളിമുക്കുവരെയുള്ള തടം ഗതാഗതയോഗ്യമാക്കുക.
8. തോട്ടിൻ മുഖത്ത് ഒരു മിനിപാലം കെട്ടി റോഡുകൾ തമ്മിൽ ബന്ധിപ്പിക്കുക.
9. ചെമ്പൻകോട് തെള്ളിക്കചാൽ - ആറ്റിൽ കടത്തുവള്ളം അനുവദിക്കുക.
10. മുത്തുക്കുഴി കുമ്പിക്കോട് ഇരപ്പിൻ തലവഴി ആരീസ് പാലം വരെ റോഡ് വെട്ടുക.
11. നീർമൺകടവ് ചെമ്പൻകോട് റോഡ് ടാർ ചെയ്യുക.
12. കുറക്കോട് അമ്പലംറോഡ് കുമ്പിക്കാട് വഴി ഇരപ്പിൻ തലവരെ ബന്ധപ്പെടുത്തി തോട്ടിൽ ഫൂട്ട് ബ്രിഡ്ജ് നിർമ്മിക്കുക.
13. മുത്തുക്കുഴി-തോട്ടിൻമുഖം റോഡും, തോട്ടിൽ പാലവും പണിയുക
14. പള്ളിമുക്കിൽ നിന്നും പണയിലേക്ക് പോകുന്ന ഇടവഴിസഞ്ചാരയോഗ്യമാക്കുക.
15. നീർമൺകടവ് കടത്ത് കടവിലേയ്ക്കുള്ള വഴിയിലേയ്ക്കു കെട്ടി സഞ്ചാരയോഗ്യമാക്കുക.
16. നീർമൺകടവ് അംഗൻവാടിയിലേക്കുള്ള വഴി വെട്ടി സഞ്ചാരയോഗ്യമാക്കുക.
17. കുറുഞ്ചിലക്കാട് ബസ്സ്റ്റാന്റിൽ നിന്നും തോട്ടുമുക്കുവരെ പോകുന്ന തടം വെട്ടി സഞ്ചാരയോഗ്യമാക്കുക.
18. പ്ലാച്ചിക്കുന്നിൽ നിന്നും കോടം വിളാകം വഴി പാലച്ചിറയ്ക്ക് പോകുന്നവഴി സഞ്ചാരയോഗ്യമാക്കുക.
19. പള്ളിമുക്കിൽ നിന്നും കോടംവിളാകം വഴി പാലച്ചിറയ്ക്ക് പോകുന്നവഴി സഞ്ചാരയോഗ്യമാക്കുക.
20. ചെമ്പൻകോടുനിന്ന് കുംബളത്തും പറയ്ക്ക് പോകുന്ന റോഡ് ഗതാഗതയോഗ്യമാക്കുക.
21. പ്ലാച്ചികുന്നിൽനിന്നും അമ്പലംവഴി ചെമ്പൻകോടു വരെ പോകുന്ന ഇടവഴി വെട്ടി സഞ്ചാരയോഗ്യമാക്കുക.

മിതൃമ്മല വാർഡ്

1. വെട്ടുവിള-മടത്തുവാതുക്കൽ റോഡ് 8 മീറ്റർ വീതിയിൽ വോട്ടിച്ച് ടാർ ചെയ്യുക.
2. മാടൻകാവ്-മുളയിൽകോണം ലിങ്ക് റോഡ് പണിയുക.
3. വലിയകാട്-ചാവരുകാണി റോഡ് പുതുതായി വെട്ടി വികസിപ്പിക്കുക.
4. വാഴവിള-ചാവരുകാണി റോഡ് സഞ്ചാരയോഗ്യമാക്കുക.

5. ഹിന്ദുമിഷൻ മുക്ക്-ഇലങ്കം-പ്ലാക്കോട് റോഡ് വികസിപ്പിച്ച് ടാറിട്ട് ബന്ധിപ്പിക്കുക.
6. ഇലങ്കം-കുഞ്ചിലക്കാട് ഏലാ റോഡ് നിർമ്മിച്ച് MLA റോഡുമായി ബന്ധിപ്പിക്കുക.
7. കോണത്തുമുക്ക്-കടുവാക്കുഴിക്കര റോഡ് നിർമ്മാണം.
8. ചാമ്പലുവിള-കല്ലിടുക്ക്-കോളംകോട് പുതുതായി റോഡ് നിർമ്മിക്കുക.
9. മാടൻകാവ്, ചിലന്തിവലക്കുന്ന് തോട്ടത്തിൽ റോഡും ശാഖകളും വികസിപ്പിക്കുക.
10. വൈദ്യശാല-കോയിപ്പുറം റോഡ് വികസിപ്പിക്കുക.
11. കുയിമ്പിൽ-ഇലങ്കം ഏലാ ബണ്ട് റോഡ് നിർമ്മിക്കുക.
12. കല്ലറ മിതൃമ്മല അരുവിപ്പുറം PWD റോഡ് വീതികൂട്ടി പുനരുദ്ധരിയ്ക്കുക.
13. ചൂട്ടയിൽക്കാവ്-മുളയിൽക്കോണം റോഡ് ടാർ ഇടുക.
14. ചൂട്ടയിൽക്കാവ്-കുയിമ്പിൽ തടത്തിന്റെ വികസനം.
15. കടുവാക്കുഴിക്കര-നീറുമൺകടവ് റോഡ് ടാറിംഗ്.
16. കോണത്തുമുക്ക് കാന്താരിവിള കരിക്കകം റോഡ് പുതുതായിനിർമ്മിക്കുക.
17. വലിയകാട് വൈദ്യശാലറോഡ് പുനരുദ്ധരിക്കുക.
18. പ്ലാക്കോട് ചാവരുകാണി റോഡ് പുതുതായി നിർമ്മിക്കുക.
19. പതിനെട്ടുപറ തടത്തിന്റെ വികസനം.
20. മാടൻകാവിൽ പൊതു മാർക്കറ്റ്.
21. മുളയിക്കോണം-കോയിപ്പുറം റോഡ് വൈദ്യശാലമുക്കുമായി ബന്ധിപ്പിക്കുക.

21a. തിരുവനന്തപുരം ഇരുളൂർ FP ആരംഭിക്കുക.

21b. ഇക്:കോളേജ്-അരുവിപ്പുറം പുനരാരംഭിക്കുക.

c. പരപ്പിൽ എജ പുനരാരംഭിക്കുക

d. മിതൃമ്മലയിൽ K.S.R.T.C ഓപ്പറേറ്റിംഗ് സെന്റർ.

e. തിരുവനന്തപുരം - ചെമ്പൻകോട് പുതിയ സർവ്വീസ്.

f. തിരുവനന്തപുരം : മുളയിൽക്കോണം പുതിയ ബസ്സ് സർവ്വീസ് ആരംഭിക്കുക.

വ്യവസായം

വികസനമെന്നാൽ ജീവിതനിലവാരത്തിലെ പടിപടിയായ ഉയർച്ചയും സാമ്പത്തിക വളർച്ചയുമാണ്. കാർഷിക, വ്യാവസായിക മേഖലകളുടെ വളർച്ചയിലൂടെ മാത്രമെ സാമ്പത്തിക പുരോഗതി കൈവരിയ്ക്കാനാവുകയുള്ളൂ. വ്യാവസായിക വളർച്ചാ രംഗത്ത് ഇന്ത്യ പൊതുവേയും കേരളം പ്രത്യേകിച്ചും പിന്നിലാണ്.

കേരളത്തിൽ കഴിഞ്ഞ 10 വർഷത്തെ വളർച്ചാ നിരക്ക് വളരെ തുച്ഛമാണ്. പരമ്പരാഗത വ്യവസായങ്ങളുടെ പ്രതിസന്ധി മൂർച്ചിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ പകരം പുതിയ ആധുനിക വ്യവസായങ്ങൾ ഉണ്ടാകുന്നുമില്ല. വൻകിട വ്യവസായങ്ങളുടെ കാര്യത്തിൽ കേന്ദ്രപൊതുമേഖലയുടേയും ദേശീയ കുത്തകയുടേയും നിക്ഷേപം താരതമ്യേന കുറവാണിവിടെ.

ഈ നിശ്ചലാവസ്ഥയിൽ നിന്നൊരു പുതിയ ചലനത്തിന് ഒരു കുതിച്ചുചാട്ടത്തിനു തന്നെ സമയമായിരിക്കുന്നു. നമ്മുടെ വിഭവങ്ങളൊക്കെ വ്യവസായികൾക്കു വിൽക്കുന്ന രീതി മാറ്റി, മൂല്യമേറിയ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് ഉപഭോക്താക്കൾക്ക് എത്തിച്ചു കൊടുക്കുന്ന ഒരു പുത്തൻ സമീപനം നമ്മുടെ ലക്ഷ്യമായി പ്രഖ്യാപിച്ചുകൊണ്ട് കല്ലറ ഗ്രാമപഞ്ചായത്തു പ്രദേശത്തെ വ്യാവസായിക മേഖലയിലേയ്ക്ക് ശ്രദ്ധ തിരിയ്ക്കാം. നമ്മുടെ പഞ്ചായത്തിൽ ഇന്ന് എടുത്ത് പറയാവുന്ന ഒരു വ്യവസായ സ്ഥാപനവും ഇല്ല.

1970-കളിൽ ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ ഒരു ബ്രാഞ്ച് കല്ലറയിൽ സ്ഥാപിതമായ തോടുകൂടി പലരും കളിപ്പാക്ക്, ചുടുകട്ട, ഫർണീച്ചർ, ബട്ടൻസ് തുടങ്ങിയ മേഖലയിൽ വലിയ മുതൽ മുടക്കു സാദ്ധ്യത മുന്നിൽ കണ്ടുകൊണ്ട് ബാങ്ക് ലോൺ എടുക്കുകയുണ്ടായി. നിർഭാഗ്യവശാൽ ഇവ എല്ലാം തന്നെ വിവിധ കാരണങ്ങളാൽ പരാജയപ്പെടുകയുണ്ടായി. ചില പരാജയകാരണങ്ങൾ താഴെ സൂചിപ്പിക്കുന്നു.

1. സാമ്പത്തിക അച്ചടക്കമില്ലായ്മ.
2. വിപണി കണ്ടെത്താനുള്ള കഴിവില്ലായ്മ.
3. വ്യവസായ സംബന്ധമായ വിഷയങ്ങളിലെ അറിവില്ലായ്മ.
4. സംരംഭകരുടെ മറ്റ് മേഖലയിലേയ്ക്കുള്ള ശ്രദ്ധ തിരിയൽ.
5. സമയോചിത സാങ്കേതിക വിദ്യാ പരിഷ്ക്കരണത്തിന്റെ അഭാവം.

1980-കളിൽ കല്ലറ ഭാഗത്ത് ഒരു ഖാദി നൂൽ ഉൽപന്ന യൂണിറ്റും ഒരു തീപ്പെട്ടി നിർമ്മാണ യൂണിറ്റും പ്രവർത്തനമാരംഭിച്ചു. തീപ്പെട്ടി നിർമ്മാണം ഇപ്പോൾ പ്രവർത്തനരഹിതമാണ്. നൂൽ ഉല്പാദനം നാമ മാത്രവും സമീപകാലത്തുണ്ടായ ഭവന നിർമ്മാണ രംഗത്തെയും വാഹന ഗതാഗത രംഗത്തെയും വമ്പിച്ച മുന്നേറ്റത്തിന്റെ ഭാഗമായി പഞ്ചായത്തു പ്രദേശത്ത് ഏതാനും ചെറിയ തൊഴിൽ സംരംഭങ്ങൾ നിലവിൽ വന്നു. എല്ലാറ്റിലും വിരലിലെണ്ണാവുന്നത്ര സ്ഥിരം ജോലിക്കാരും ഏതാനും ദിവസകൂലിക്കാരും പണിയെടുക്കുന്നു.

പട്ടിക

വെൽഡിംഗ് സെന്റർ - 10
ഓട്ടോ മൈബൈൽ വർക്കഷോപ്പ് ഉദ്ദേശം - 25
ഹോളോ ബ്രിക്ക്സ് (താവുക്ക്) നിർമ്മാണ യൂണിറ്റ് - 1
കസേരകൾക്കാവശ്യമായ പ്ലൈവുഡ് നിർമ്മാണ യൂണിറ്റ - 1
സാമിൽ - 5
എണ്ണയാട്ടുമിൽ - 4

കൂടാതെ മരുതമൺ ഭാഗത്ത് ഒരു കശുവണ്ടി സംസ്ക്കരണശാല ആണ്ടിൽ മൂന്ന് മാസത്തിൽ താഴെ മാത്രം പ്രവർത്തിക്കുന്നു. ഇതിലപ്പുറം വ്യവസായ ശാലകളൊന്നും നമ്മുടെ പ്രദേശത്തില്ല.

പരമ്പരാഗത വ്യവസായങ്ങൾ

നീറുമൺകടവിൽ തറുതലക്കുന്ന്, മുതുവിള, വെള്ളംകുടി, ചെറുവാളം എന്നീ മേഖലകളിൽ ഈറ വ്യവസായം നാമ മാത്രമായി നടന്നുവരുന്നു. ഈറയുടെ ദൗർലഭ്യവും മുതലാവാത്ത ജോലിക്കൂലി നിരക്കും കാരണം ഇവ നശിച്ചു കൊണ്ടിരിക്കുന്നു. തെങ്ങുംകോട് കഴിഞ്ഞ 30 വർഷമായി കൈകൊണ്ട് ചകിരിപിരിച്ച് കയറുണ്ടാക്കുന്ന ഒരു കുടുംബം താമസിക്കുന്നു. കല്ലറ, കടുവാക്കുഴിക്കര, വെള്ളംകുടി, പെരുമ്പേലി, വെട്ടുവിള, കഴുകൻപച്ച എന്നീ സ്ഥലങ്ങളിലായി 12 കുടുംബങ്ങൾ പപ്പടം നിർമ്മിച്ചു വിപണനം നടത്തുന്നു. ഈ മേഖല പുരോഗതി പ്രാപിക്കുന്നുണ്ട്. കൂട്ടത്തിൽ കല്ലറയിൽ ഒരു യന്ത്ര വൽകൃത പപ്പട നിർമ്മാണ യൂണിറ്റും ഉണ്ട്.

തൊഴിലാളി മേഖല

പഞ്ചായത്തടിസ്ഥാനത്തിൽ 1991-ലെ സെൻസസ് റിപ്പോർട്ടിലെ തൊഴിലാളികളുടെ കണക്ക് ഭൂപ്രകൃതിയും വിഭവങ്ങളും എന്ന വിഷയത്തിൽ പട്ടിക രൂപത്തിൽ വിശദീകരിച്ചിരിക്കുന്നു. ഇതു പ്രകാരം 10,000 സ്ത്രീകളും 5,000 പുരുഷന്മാരും തൊഴിലില്ലാത്തവരായി കാണുന്നു. ഈ പട്ടിക പ്രകാരം ഒരു വീട്ടിൽ ശരാശരി 5 അംഗങ്ങളുള്ളതായും അതിൽ 2പേർ തൊഴിൽ ചെയ്യുന്നതായും 3 പേർക്ക് തൊഴിൽ ഇല്ലാത്തതായും കാണാം. ഇതിൽ ഒരാൾ പുരുഷനും 2പേർ സ്ത്രീകളുമാണ്.

ആകെ തൊഴിലില്ലാത്തവരിൽ പകുതി കൃഷി, കച്ചവടം, തുടങ്ങിയ മേഖലകളിൽ തൊഴിൽ കണ്ടെത്തിയാൽത്തന്നെ ബാക്കി വരുന്ന 7500 പേർക്ക് വ്യാവസായിക മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടിയിരിക്കുന്നു. 9-ാം പദ്ധതി കാലയളവുകൂടി കണക്കിലെടുത്താൽ ഉദ്ദേശം 10,000 പേർക്ക് തൊഴിലവസരങ്ങൾ കണ്ടെത്തുവാൻ വ്യാവസായിക മേഖലയെ ആശ്രയിക്കേണ്ടി വരും.

അടിസ്ഥാന സൗകര്യങ്ങൾ

വ്യാവസായിക മേഖലയേയും തൊഴിലവസരങ്ങളെയും ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ താഴെ പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ ആദ്യമെ തന്നെ വിലയിരുത്തപ്പെടേണ്ടിയിരിക്കുന്നു.

1. സ്ഥല ലഭ്യത

1970-കളിൽ കേരളത്തിൽ ന്യൂ ഇൻഡസ്ട്രീസ് പ്രോഗ്രാം എന്നൊരു പദ്ധതി നടപ്പാക്കുവാൻ പഠന പ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. ഈ കണക്കു പ്രകാരം ഒരാളിന് ശരാശരി ഒരു സെന്റു സ്ഥലം വ്യാവസായിക ആവശ്യത്തിന് വേണ്ടി വരുന്നു. ഇതൊരു അടിസ്ഥാനമാക്കി ചിന്തിച്ചാൽ 10000 ആളുകൾക്ക് 40 ഹെക്ടർ (100 ഏക്കർ) സ്ഥലം നമ്മുടെ പഞ്ചായത്തു പ്രദേശത്ത് ആവശ്യമായി വരും.

ഇന്നു നിലവിലുള്ള സ്ഥല പരിമിതികളും വില നിലവാരത്തിലുള്ള ഉയർച്ചയും വ്യവസായങ്ങളുടെ ആധുനിക വൽക്കരണവും കണക്കിലെടുത്ത് മുകളിൽ പ്രസ്താവിച്ച രേഖയിലെ ഒറ്റ നില ഫാക്ടറി കെട്ടിടങ്ങൾക്കു പകരം രണ്ടും മൂന്നും നിലകളുള്ള കെട്ടിടം പണിതാൽ സ്ഥലത്തിന്റെ അളവ് 20 ഹെക്ടർ ആയി കുറയ്ക്കാം. ഒരു വാർഡിൽ ആകെക്കൂടി രണ്ട് ഹെക്ടർ സ്ഥലം. ഇത് നമ്മുടെ പഞ്ചായത്തു പ്രദേശത്ത് ഒരു പ്രശനമാവുകയില്ല. അതുകൊണ്ട് സ്ഥല ലഭ്യത നമുക്ക് ബുദ്ധിമുട്ടുള്ള ഒരു കാര്യമല്ല.

2. വൈദ്യുതി

ഇന്നു നിലവിലുള്ള വ്യവസായങ്ങൾ തന്നെ വൈദ്യുതിയുടെ കാര്യത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഈ നിലയിൽ പുതിയ വ്യവസായങ്ങളുടെ കാര്യം പറയുകയും വേണ്ട. എങ്കിലും 9-ാം പഞ്ചവത്സര പദ്ധതി പ്രാവർത്തികമാവുന്ന മുറയ്ക്ക് ഈ നില മാറും എന്ന് പ്രതീക്ഷിയ്ക്കാം ആഥവാ കുറവു വന്നാൽ സൗരോർജ്ജം മുതലായവയുടെ സഹായത്തോടെ വ്യവസായ സ്ഥാപനങ്ങൾക്കുതന്നെ ആ കുറവ് നികത്താവുന്നതാണ്. അതിനാൽ വൈദ്യുതി ഒരു തടസ്സമാവുകയില്ലെന്ന് പ്രതീക്ഷിയ്ക്കാം.

3. മൂലധനം

കുറഞ്ഞ തോതിൽ ഒരു തൊഴിലാളിയ്ക്ക് ഒരു ലക്ഷം രൂപ വ്യവസായം ആരംഭിക്കുവാൻ വേണ്ടിവരും. മൂലധന നിക്ഷേപം കുറഞ്ഞ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഈ തുകയിൽ ഗണ്യമായ കുറവ് വരുത്താൻ ശ്രമിയ്ക്കാവുന്നതാണ്. മൂലധനത്തിന്റെ 60% ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലോണുകളായി സംഘടിപ്പിക്കാൻ കഴിഞ്ഞേയ്ക്കാം. 20% സംരംഭകർ സമാഹരിക്കേണ്ടിവരും. 20% വ്യാവസായിക സബ്സിഡികളായും മാർജിൻ മണിയായും സർക്കാർ തലത്തിൽ നിന്നും ലഭ്യമാക്കണം.

4. വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യത

നമ്മുടെ പ്രദേശത്ത് വ്യവസായങ്ങൾ ഇല്ലാത്തതുകൊണ്ടുതന്നെ വിദഗ്ദ്ധ തൊഴിലാളികളും വേണ്ടത്ര ഇല്ല. ഒരു ചെറിയ ശതമാനം മറ്റു സ്ഥലങ്ങളിലെ വ്യവസായ ശാലകളിലും വിദേശങ്ങളിലും പണി എടുത്തു വരുന്നുണ്ട്. ഇതിൽ നിന്ന് ചുരുക്കം ആളുകൾ തിരികെ വന്നാൽ പോലും ആവശ്യമായത്ര വിദഗ്ദ്ധരെ കിട്ടുകയില്ല. അതിനാൽ ആസൂത്രണം ചെയ്യുന്ന വ്യവസായത്തിന് ആവശ്യമായ വിദഗ്ദ്ധ തൊഴിലാളികളെ പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു.

5. തൊഴിൽ സംരംഭകരുടെ ലഭ്യത

കൃഷിയിൽ മാത്രം ഊന്നി നില്ക്കുന്ന ഒരു പ്രദേശം എന്നുള്ളതു കൊണ്ടു തന്നെ വ്യാവസായിക ചിന്തകൾ നമുക്കാവശ്യമാണ്. സർക്കാർ ജോലികളോടുള്ള ആഭിമുഖ്യം, ഗൾഫിൽ ഒരു ജോലി എന്ന സ്വപ്നം, മറ്റ് സാമൂഹ്യ പ്രശ്നങ്ങൾ തുടങ്ങി നമ്മുടെ ചെറുപ്പക്കാർ പൊതുവേ സ്വയം തൊഴിലെന്ന നിലയിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ വിമുഖരാണ്. കൂട്ടത്തിൽ പരാജയപ്പെട്ടാലോ എന്ന ഭീതിയും. വ്യവസായ സംരംഭങ്ങളുമായി ബന്ധപ്പെട്ട പ്രശനങ്ങളിൽ ഒരു സമഗ്രബോധവൽക്കരണ പരിപാടിയിലൂടെ മാത്രമേ ഈ പ്രശ്നം പരിഹരിയ്ക്കപ്പെടുകയുള്ളൂ.

6. അസംസ്കൃത സാധനങ്ങളുടെ ലഭ്യത

നമ്മുടെ കാർഷികോല്പന്നങ്ങളൊക്കെത്തന്നെ വ്യവസായത്തിന്റെ മുന്നിൽ അസംസ്കൃത പദാർത്ഥങ്ങളാണ്. പഞ്ചായത്തു പ്രദേശത്തെ ഏറ്റവും വലിയ ഉല്പന്നമായ റബ്ബർ, വ്യവസായത്തിന് ഏറ്റവും പറ്റിയ അസംസ്കൃത വസ്തുവാണ്. അതുപോലെ നാളികേരം, പഴ വർഗ്ഗങ്ങൾ, കുരുമുളക് തുടങ്ങി എല്ലാം ഇക്കൂട്ടത്തിൽപ്പെടുമെങ്കിലും കുറെയൊക്കെ പുറത്തുനിന്നും സംഘടിപ്പിക്കേണ്ടിവരും. ഇത് നമ്മുടെ ഒരു വലിയ പ്രശ്നമാവുകയില്ല. പരമാവധി നമ്മുടെ പ്രാദേശിക ഉല്പന്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് മാത്രം.

7. വിപണി

നമ്മുടെ വ്യാവസായിക ഉല്പന്നങ്ങളുടെ ഒരു അളവുവരെയുള്ള വിപണിയും നമ്മുടെ ഗ്രാമപ്രദേശങ്ങൾ തന്നെയായിരിക്കും ബാക്കിയുള്ളവ വിദൂരങ്ങളിലുള്ള ഉപഭോക്താക്കൾക്ക് എത്തിച്ചുകൊടുക്കേണ്ടി വരും. ജനകീയ ആസൂത്രണത്തിന്റെ ഫലമായി വന്നേക്കാവുന്ന കുതിച്ചുചാട്ടത്തിന്റെ അടിസ്ഥാനത്തിൽ വിപണന സാദ്ധ്യതയിൽ മാറ്റങ്ങൾ വരാം. വിപണന മേഖല ചെറുതായും വിപണനത്തോത് ഉയരുകയും ചെയ്യാം. വിദേശങ്ങൾ വരെ നമ്മുടെ വിപണിയാക്കേണ്ടതായും വരും.

8. തൊഴിൽ പരിശീലനം

നമ്മുടെ പ്രദേശത്ത് തൊഴിൽ പരിശീലനം നല്കുന്നതിനുള്ള സംരംഭങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. തൊട്ടടുത്ത പ്രദേശങ്ങളിലും ഇല്ലന്നുതന്നെ പറയാം. നിലവിലുള്ള തൊഴിലില്ലാത്തവർക്ക് പരിശീലനം നല്കുന്നതിനും വരും തലമുറയെ വേണ്ട രീതിയിൽ സജ്ജമാക്കുന്നതിനും അനുയോജ്യമായ ഒരു പരിശീലനകേന്ദ്രത്തിന്റെ അഭാവം വളരെ വലുതാണ്. ഇതിനൊരു പരിഹാരം പദ്ധതിക്കാലത്ത് പ്രതീക്ഷിക്കാം. ഇവിടെ വ്യവസായ വകുപ്പ് കിഡ്ക്കോ തുടങ്ങിയ സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്താം.

9. പരിസ്ഥിതി പ്രശ്നം

കാര്യമായ പരിസ്ഥിതി പ്രശ്നങ്ങളൊന്നും ഇല്ലാത്ത പ്രദേശമാണിത്. വ്യവസായങ്ങൾ പല പ്പോഴും പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. പുതിയ സംരംഭങ്ങളെക്കുറിച്ച് ആലോചിക്കു മ്പോൾ പ്രശ്നങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടിയി രിക്കുന്നു. മലിനീകരണം കുറവുള്ള വ്യവസായ ങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടി വരും. എങ്കിലും റബ്ബർ വ്യവസായം പ്രശ്നങ്ങൾ സൃഷ്ടിക്കുവാനുള്ള സാദ്ധ്യത ചെറുതല്ല. ഇത്തരം വ്യവസായങ്ങൾ ആരംഭിക്കുമ്പോൾ പൊതുവേ ആൾ പ്പാർപ്പ് കുറഞ്ഞ പ്രദേശങ്ങൾ തെരഞ്ഞെടു ക്കുകയും പരമാവധി മലനീകരണം തടയുവാ നുള്ള മുൻകരുതൽ സ്വീകരിക്കുകയും വേണം.

ഇത്രയും അടിസ്ഥാന സൗകര്യങ്ങൾ വില യിരുത്തിക്കൊണ്ട് വിശേഷാൽ ഗ്രാമ സഭകളിൽ നിന്നുയർന്നു വന്നിട്ടുള്ള ആവശ്യങ്ങൾ പരിശോ ധനാ വിധേയമാക്കാം.

ഗ്രാമസഭാ ചർച്ചകളിൽ നിന്നുയർന്നു വന്നിട്ടുള്ള ആവശ്യങ്ങൾ

പഞ്ചായത്തിന്റെ 11 വാർഡുകളിലും നിന്നും ലഭിച്ചിട്ടുള്ള ഗ്രാമസഭാറിപ്പോർട്ടുകൾ ക്രോഡീക രിയ്ക്കുകയും അതിൽ നിന്നും ഉയർന്നു വന്നിട്ടുള്ള പ്രശനങ്ങൾ വിലയിരുത്തുകയും ചെയ്തു. പല വാർഡുകളിലും നിന്ന് സമാന സ്വഭാവമുള്ള ധാരാളം കാര്യങ്ങൾ ഉയർന്നു വന്നിരിക്കുന്നു. അതി നാൽ അവയ്ക്ക് ഒരു പൊതു സ്വഭാവം വരുത്തി യത് താഴെ വിശദീകരിക്കുന്നു.

1. റബ്ബർ അധിഷ്ടിത വ്യവസായങ്ങൾ

ഏറ്റവും അധികം പ്രാധാന്യം വ്യവസായങ്ങ ളുടെ കൂട്ടത്തിൽ റബ്ബറിന് നല്കണമെന്ന ഒട്ടുമിക്ക ഗ്രാമ സഭകളും ആവശ്യപ്പെട്ടിരിയ്ക്കുന്നു. ചെറു കിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കണമെന്ന് പൊതുവെ താല്പര്യപ്പെട്ടിരിക്കുന്നു.

ധാരാളം ചെറിയ യൂണിറ്റുകളുണ്ടാകുമ്പോൾ ഇവയുടെ സുഗമമായ പ്രവർത്തനത്തിനും സാമ്പ ത്തിക ലാഭത്തിനും റബ്ബർ അരച്ചു പാകപ്പെടുത്തു ന്ന ഒരു കേന്ദ്രീകൃത സേവന സംരംഭം ഉണ്ടാവണം.

2. വസ്ത്ര നിർമ്മാണ യൂണിറ്റുകൾ

വീട്ടുജോലികൾക്കൊപ്പം തന്നെ തൊഴിൽ ചെയ്യുവാൻ കഴിയുന്ന ഒരു മേഖലയാണിത്. അധികം മുതൽ മുടക്കും അടിസ്ഥാന വിദ്യാഭ്യാ സവും ആവശ്യമില്ലാത്ത ഒരു തൊഴിലായതിനാൽ വസ്ത്ര നിർമ്മാണ യൂണിറ്റുകൾ എല്ലാ വാർഡുക ളിലും സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

3. കമ്പ്യൂട്ടർ സോഫ്റ്റുവെയർ മേഖല

ഇന്നു ലോക വിപണിയിൽ ഏറ്റവും കൂടു തൽ ആവശ്യമുള്ളതും ദിനംപ്രതി വർദ്ധിച്ചുകൊ ണ്ടിരിക്കുന്നതുമായ എരു ഉൽപ്പന്നമാണ് കമ്പ്യൂട്ടർ സോഫ്റ്റുവെയർ. അസംസ്കൃത വസ്തുക്കൾ ആവശ്യമില്ലാത്ത ഒരു ഉല്പന്നമാണിത്. ഇവയ്ക്ക് സംഭരണ വിതരണത്തിനുള്ള മാധ്യമങ്ങൾ മാത്രമെ ആവശ്യമുള്ളൂ. മനുഷ്യ ബുദ്ധി ഉപയോഗിച്ച് എഴുതി ഉണ്ടാക്കുന്ന പ്രോഗ്രാമുകളാണ് ഉല്പന്ന ങ്ങൾ. ഈ രംഗത്ത് ഭാഗീകമായി പരിജ്ഞാനം ലഭി ച്ചിട്ടുള്ള ധാരാളം യുവതീയുവാക്കൾ ഉണ്ട്. ഇവരെ ട്രെയിനിംഗ് പ്രോഗ്രാമുകളിലൂടെ പ്രാപ്തരാക്കു വാൻ കഴിയും. കഴിവുള്ള എത്ര ആളുകൾക്കു വേണമെങ്കിലും അവർക്ക് ഇഷ്ടമുള്ളത്ര സമയം ജോലി ചെയ്യുകയും താരതമ്യേന ഉയർന്ന ഒരു വരു മാനം ഉണ്ടാകുകയും ചെയ്യാം.

4. ഇലക്ട്രോണിക്സ് ഉല്പന്ന നിർമ്മാണം

ടെലിവിഷൻ, റേഡിയോ, കമ്പ്യൂട്ടർ തുടങ്ങി വിവിധതരം ഇലക്ട്രോണിക്സ്-ഇലക്ട്രിക്കൽ സാധനങ്ങളുടെ അസംബ്ലിംഗ് നടത്താൻ കഴിവുള്ള ധാരാളം പേർ നമ്മുടെ പ്രദേശങ്ങളിലുണ്ട്. കല്ലറ V.H.S.S.ൽ ഈ വിഷയം പഠിപ്പിക്കുന്നുണ്ട്. വൻ കിട സ്ഥാപനങ്ങൾക്ക് ജോബ് ഓർഡർ വ്യവസ്ഥ യിൽ പണിയെടുക്കുവാനും കഴിയും വാർഡടിസ്ഥാ നത്തിലും കേന്ദ്രീകൃമായും ഈ മേഖലയിൽ സ്ഥാപനങ്ങൾ ആരംഭിക്കണം.

5. പ്രിന്റിംഗ് & ബുക്ക് ബയന്റിംഗ്

ഇന്ന് ട്രിഡിൽ പ്രസ്സുകളുടെ പ്രസക്തി നഷ്ടപ്പെട്ടുകൊണ്ടിരിയ്ക്കുന്നു. ആയതിനാൽ DTP (ഡസ്ക്ക് ടോപ് പബ്ലിഷിംഗ്) സിസ്റ്റം ഉൾപ്പെടെ പല ആധുനിക സംവിധാനങ്ങളും ഉപയോഗിച്ചുകൊണ്ട് ഈ രംഗത്ത് വ്യാവസായിക യൂണിറ്റുകൾ ആരംഭിക്കണം.

6. കൈത്തറി വ്യവസായം

ഇവിടെ കൈത്തറി നെയ്ത്തറിയാവുന്ന ആൾക്കാർ ധാരാളമുണ്ട്. നൂൽ ലഭ്യമാക്കുന്നതിനും തുണിത്തരങ്ങളുടെ വിപണനത്തിനും സൗകര്യങ്ങളില്ല. പഞ്ചായത്തു പ്രദേശത്ത് ഒരു സഹകരണ സ്ഥാപനം ആരംഭിക്കുകയും കൈത്തറി നെയ്ത്തുകാരെ സംഘടിപ്പിക്കുകയും ചെയ്താൽ വളരെയധികം തൊഴിൽ സാദ്ധ്യത ഇവിടെ ഉണ്ട്. ഇതു മുതലെടുത്ത് ഒരു വ്യവസായമായി ആരംഭിക്കുവാൻ വേണ്ട നടപടികൾ പഞ്ചായത്തടിസ്ഥാനത്തിൽ ചെയ്യണം.

7. ഖാദി ഗ്രാമ വ്യവസായം

കല്ലറ കേന്ദ്രീകരിച്ച് ഒരു നൂലുല്പാദന കേന്ദ്രം ഉള്ളതിൽ തന്നെ 60-ൽ 51 ചർക്കകളും കേടുവന്നു കിടക്കുന്നു. ഈ യൂണിറ്റ് വീണ്ടും സജീവമാക്കുന്നതോടപ്പം പല മേഖലകളിലും ഖാദിഗ്രാമ വ്യവസായ യൂണിറ്റുകൾ പുതുതായി ഉണ്ടാക്കുകയും ഈ വഴി ധാരാളം ആളുകൾക്ക് തൊഴിൽ ഉണ്ടാക്കുകയും ചെയ്യണം.

8. കാലിത്തീറ്റ നിർമ്മാണം

കാലിത്തീറ്റ കർഷകർക്ക് ഒരു പ്രധാന ആവശ്യ വസ്തുവാണ്. ആയതിനാൽ ഗുണമേന്മയുള്ള കാലിത്തീറ്റ നിർമ്മാണത്തിന് ഒരു ഫാക്ടറി സ്ഥാപിക്കുകയും ധാരാളം ആളുകൾക്ക് ജോലി ലഭ്യമാക്കുകയും വേണം.

9. കാർഷിക-ഗൃഹോപകരണ നിർമ്മാണം

വീട്ടു ജോലികളുടെ ലഘൂകരണം ലാക്കാക്കി നാനാതരം ഗൃഹോപകരണങ്ങൾ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്നു. നല്ല വ്യവസായിക സാധ്യതയുള്ള ഈ മേഖലയിൽ യൂണിറ്റുകൾ ആരംഭിക്കണം. യന്ത്ര വൽകൃത യൂണിറ്റുകൾ ആവശ്യമാണ്.

10. കെട്ടിട നിർമ്മാണ വസ്തുക്കളുടെ ഉല്പാദനം

താമസത്തിനും, കച്ചവടം, വ്യവസായങ്ങൾ തുടങ്ങി പല ആവശ്യത്തിനും കെട്ടിട നിർമ്മാണം വൻതോതിൽ വേണ്ടി വരുന്ന ഒരു സമയ മാണിത്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം എല്ലാ മേഖലയിലും ഒരു പ്രശനമാണ്. മണലിന്റെ ക്ഷാമം പാറപ്പൊടിയുടെ ആവശ്യകതയിലേക്ക് എത്തി നിൽക്കുന്നു. ഗുണമേന്മ ഉറപ്പുവരുത്തുന്നതും പെട്ടെന്ന് ഉപയോഗിക്കാവുന്നതുമായ എല്ലാ കെട്ടിട നിർമ്മാണ സാമഗ്രികളും ഒരു മേല്ക്കൂരക്കീഴിൽ ലഭ്യമാക്കുന്ന ഒരു വ്യവസായം തികച്ചും പ്രസക്തമാണ്.

11. ഫർണിച്ചർ നിർമ്മാണം

ഇന്ന് ഫർണിച്ചർ നിർമ്മാണം ഒരു ആസൂത്രിത രീതിയിൽ അല്ല നടക്കുന്നത്. പല സ്ഥലങ്ങളിലും ഒറ്റപ്പെട്ട നിർമ്മാണ യൂണിറ്റുകൾ പൊന്തിവരികയും നശിച്ചു പോവുകയും ചെയ്യുന്നു. വ്യത്യസ്ത ആവശ്യങ്ങൾക്കുള്ള തടിക്കഷണങ്ങൾ നിശ്ചിതമായ അളവുകളിൽ മുറിച്ച് സീസൻ ചെയ്ത് ഓരോ ഉപകരണത്തിനും ആവശ്യമായവ ഒരു കിറ്റ് ആക്കി വിപണനം നടത്തിയാൽ സമയ ലാഭം, തടി വിലയിൽക്കുറവ്, പണിക്കൂലിയിൽ കുറവ് തുടങ്ങി ധാരാളം ഗുണ ഫലങ്ങൾ ലഭ്യമാകും. നമ്മുടെ നാട്ടിൽ സുലഭമായ റബ്ബർ തടി ട്രീറ്റ്മെന്റിലൂടെ ഫർണിച്ചർ നിർമ്മാണത്തിന് ഉപയുക്തമാക്കിയാൽ രണ്ടുണ്ട് മെച്ചം. നല്ല വ്യാവസായിക സാധ്യതയുള്ള ഒരു മേഖലയാണിത്. ഇത്തരം യൂണിറ്റുകൾ ആരംഭിക്കണം.

12. നാളികേര സംസ്ക്കരണം

റബ്ബർ കഴിഞ്ഞാൽ പിന്നെ വ്യാവസായിക പ്രാധാന്യമുള്ള വസ്തു നാളികേരമാണ്. ഇതിന്റെ ആധുനിക രീതിയിലുള്ള സംസ്ക്കരണവും വിപണനവും ഏർപ്പെടുത്തണം ഇതിൽ നിന്ന് ലാഭിപ്പ

ക്കാവുന്ന വസ്തുക്കളുടെ നീണ്ട പട്ടിക കൃഷിയുമായി ബന്ധപ്പെടുത്തി ചർച്ച ചെയ്യപ്പെട്ടിരിയ്ക്കുന്നു. ധാരാളം വ്യാവസായിക സാദ്ധ്യതയുള്ള ഇത്തരം യൂണിറ്റുകൾ സംഘടിപ്പിയ്ക്കണം.

13. ആയുർവേദ ഔഷധ നിർമ്മാണം

നമ്മുടെ പ്രദേശത്ത് ഔഷധ സസ്യങ്ങൾ സാർവ്വത്രികമായി കാണുന്നു. കൃഷി ചെയ്യപ്പെടാനുള്ള സാധ്യതയുമുണ്ട്. ഇവയുടെ ഒരു നീണ്ട ലിസ്റ്റ് കൃഷിയുടെ ഭാഗത്ത് ചേർത്തിരിക്കുന്നു. ഔഷധ നിർമ്മാണത്തിനു കഴിവുള്ള വിദഗ്ധരുടെ സേവനവും ലഭ്യമാണ്. ഗുണമേന്മ ഉറപ്പുവരുത്തുന്ന ഔഷധ നിർമ്മാണ യൂണിറ്റുകൾ വ്യാവസായികാടിസ്ഥാനത്തിൽ ആരംഭിക്കണം.

14. പരമ്പരാഗത വ്യവസായങ്ങൾ

തോടുകൾ, ആറ് എന്നിവയുടെ വശങ്ങളിലും പുരയിടങ്ങളിൽ വേലിയായും മണ്ണൊലിപ്പ് തടയുന്നതിനുള്ള അതിരുകളായും ഈറ, ചൂരൽ, മുള എന്നിവ കൃഷി ചെയ്യാവുന്നതാണ്. നിർമ്മിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉയർത്തിയും ചായം തേച്ച് ആകർഷകമാക്കിയും സാങ്കേതിക വിദ്യകളുപയോഗിച്ച് ക്ഷമത വർദ്ധിപ്പിച്ചും ഈ വ്യവസായം ലാഭകരമാക്കാം. ഇതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കണം.

15. റഡിമെയ്ഡ് ഭക്ഷണ പദാർത്ഥങ്ങൾ

അച്ചാർ, പഴവർഗ്ഗങ്ങളിൽ നിന്നുള്ള വിവിധതരം ഉല്പന്നങ്ങൾ ബേക്കറി വസ്തുക്കൾ തുടങ്ങിയ നിർമ്മിക്കാനാവശ്യമായ വസ്തുക്കൾ ഇവിടെ സുലഭമാണ്. സ്ത്രീകൾക്ക് നല്ല തൊഴിലവസരം ഉണ്ടാക്കാൻ കഴിയും. ഇത്തരം ഉല്പന്നങ്ങൾ ഗുണമേന്മ ഉറപ്പുവരുത്തിയും സ്വാദിഷ്ടമായും ഉണ്ടാക്കി വിപണനം നടത്തുന്ന ഒരു കേന്ദ്രീകൃത സംവിധാനവും കുറെ യൂണിറ്റുകളും വ്യാവസായികാടിസ്ഥാനത്തിൽ തുടങ്ങണം.

16. മരച്ചീനിയിൽ നിന്ന് സ്റ്റാർച്ച്

കാർഷിക പുരോഗതിയുടെ ഭാഗമായി മരച്ചീനി ഉല്പാദനം ഉയരുവാൻ സാധ്യത ഉണ്ട്. ഒരു സ്റ്റാർച്ച് ഫാക്ടറി വന്നിച്ച കാർഷിക പുരോഗതിയും തൊഴിലവസരങ്ങളും സൃഷ്ടിക്കുമെന്നതിനാൽ പ്രസക്തമാണ്.

17. സോപ്പുനിർമ്മാണം

വൻകിട കമ്പനികളുടെ സോപ്പുകൾ ഇന്ന് വിപണി അടക്കി വാഴുന്നു. നമുക്കാവശ്യമായ എല്ലാത്തരം സോപ്പും നമ്മുടെ പ്രദേശത്ത് തന്നെ ഉല്പാദിപ്പിക്കുവാനും ഒരു പൊതുപേരിൽ ഗുണനിലവാരം ഉറപ്പുവരുത്തി വിപണിയിൽ ഇറക്കുവാനും കഴിയുന്ന രീതിയിൽ സോപ്പു വ്യവസായം സംഘടിപ്പിക്കണം. കുടിൽ വ്യവസായങ്ങളായി ഉല്പാദനം സാദ്ധ്യമാക്കണം.

18. ബീഡി നിർമ്മാണം

പുകവലി ആരോഗ്യത്തിന് ഹാനികരമാണെങ്കിലും ബീഡി നമ്മുടെ നാട്ടിൽ ധാരാളം വിറ്റഴിയുന്നു. പണ്ടുകാലത്തെ ബീഡിക്കടകളും, തെരുപ്പുബീഡിയും ഇന്നപ്രത്യക്ഷമായിരിക്കുന്നു. ഇന്ന് എല്ലാം കവർ ബീഡികളാണ്. ബീഡി നിർമ്മാണം തൊഴിലവസരം ഉണ്ടാക്കുന്ന ഒരു വ്യവസായമായി പുനഃസംഘടിപ്പിക്കണം. വളരെയധികം തൊഴിലവസരമുണ്ടാക്കാം.

19. കരകൗശല വസ്തു നിർമ്മാണം

കളിമണ്ണ്, തടി, പേപ്പർ പൾപ്പ്, ചിരട്ട, മുള, ഈറ തുടങ്ങി പലതും കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുപയോഗിക്കാം. അലങ്കാരം നമ്മുടെ വീടുകളിൽ ഇന്നൊരാവശ്യമായി വളർന്നിരിയ്ക്കുന്നു. നല്ലൊരു ടൂറിസ്റ്റു കേന്ദ്രമായ കേരളത്തിൽ ഇതിന്റെ പ്രസക്തി പ്രത്യേകം പ്രസ്താവ്യമാണ്. ഈ സാഹചര്യം മുതലെടുത്ത് ഇതൊരു വ്യവസായമാക്കി കേരളത്തിലും വിദേശത്തും വിപണി കണ്ടെത്തി ധാരാളം തൊഴിലവസരവും സമ്പത്തും നേടിയെടുക്കാം.

20. തിരി നിർമ്മാണം

മെഴുകുതിരി, ചന്ദനത്തിരി എന്നിവയുടെ

ഉല്പാദനം ആരംഭിക്കണം. മെഴുകു ലഭ്യമാക്കാൻ ഇന്നുള്ള നിയമ തടസ്സങ്ങൾ ഒഴിവാക്കുകയും സർക്കാർതലത്തിൽ മെഴുകിന്റെ ലഭ്യത കൂട്ടുകയും വേണം. ചന്ദനത്തിരി നിർമ്മാണം അറിയാവുന്ന പലരും നമ്മുടെ പ്രദേശത്ത് ഉണ്ട്.

21. മലഞ്ചരക്ക് സംസ്ക്കരണവും വിപണനവും

കുരുമുളക്, മഞ്ഞൾ, അടയ്ക്ക, ഇഞ്ചി തുടങ്ങിയ മലഞ്ചരക്കുകൾ സംസ്ക്കരിച്ച് അവയിൽ നിന്ന് എസൻഷ്യൽ ഓയിൽ തുടങ്ങി പല ഉല്പന്നങ്ങളും നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുക. ഇന്നു നമ്മൾ പുറത്തേയ്ക്കയക്കുന്ന കുരുമുളകിന്റെ നല്ലൊരു ശതമാനം ഇവിടത്തന്നെ ഉല്പന്നങ്ങളാക്കി മാറ്റാം.

22. ഉണക്ക മത്സ്യ വിപണനം

ഇന്ന് മത്സ്യമാർക്കറ്റുകളിൽ മാത്രമാണ് നമ്മുടെ നാട്ടിൽ ഉണക്ക മത്സ്യം വിറ്റു വരുന്നത്. അതും അശാസ്ത്രീയമായി സംസ്ക്കരിച്ചവയും അശ്രദ്ധമായി സൂക്ഷിക്കപ്പെടുന്നതും. ആരോഗ്യത്തിന് ഹാനികരമായ ഈ പ്രവണത മാറ്റേണ്ട കാലം പണ്ടേ കഴിഞ്ഞുപോയി. അതിനാൽ മത്സ്യം കൂടുതലുള്ള സമയത്ത് അവ ശേഖരിച്ച് ചീത്തയാകുന്നതിനു മുമ്പുതന്നെ ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ ഉണക്കി വായുകയറാത്ത പ്ലാസ്റ്റിക് കവറുകളിൽ നിശ്ചിത അളവുകളിൽ നിറച്ച് എല്ലാ കടകളിലൂടെയും ഏതു സമയത്തും വാങ്ങാൻ കിട്ടുന്ന ഒരു ഉല്പന്നമാക്കി മാറ്റാം. ഇതിന്റെ വ്യാവസായിക സാദ്ധ്യത വളരെ വലുതാണ്. ഉണക്ക മത്സ്യ വിപണന രംഗത്ത് നല്ലൊരു കാലയ്പ്പാണിതെന്ന് പറയാം.

23. കശുവണ്ടി സംഭരണവും സംസ്ക്കരണവും

കല്ലറയിൽ ഒരു കശുവണ്ടി ഫാക്ടറി നിലവിലുണ്ടെങ്കിലും പ്രവൃത്തി ദിവസങ്ങൾ വളരെക്കുറച്ചു മാത്രമാണ് കശുവണ്ടി ഉല്പാദനം പദ്ധതി കാലയളവിൽ ഉയരാൻ തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു. സംഭരണം ശാസ്ത്രീയമായി പുനഃക്രമീകരിക്കണം. സ്ത്രീകൾക്ക് ധാരാളം തൊഴിലവസരങ്ങൾ ലഭ്യമാക്കാവുന്ന ഈ മേഖലയിൽ നിലവിലുള്ളവർക്കും പുതുതായി കുറെ പേർക്ക് കൂടിയും തൊഴിലവസരമുണ്ടാക്കത്തക്ക രീതിയിൽ മാറ്റം വരുത്തണം.

24. കയറുല്പന്നങ്ങളുടെ നിർമ്മാണം

വ്യാവസായികാടിസ്ഥാനത്തിൽ കയറുല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുവാൻ സാഹചര്യം ഉണ്ട്. ഈ മേഖലയിൽ വ്യവസായങ്ങളാരംഭിക്കുവാൻ അവസരമുണ്ട്.

25. ഖനന വ്യവസായം

നമ്മുടെ പഞ്ചായത്തിലെ പല സ്ഥലങ്ങളിലും അഭ്രശേഖരവും ചില സ്ഥലങ്ങളിൽ പ്രത്യേകിച്ചും ആറ്റുതീരങ്ങളിൽ വൈഡൂര്യവും കിട്ടാൻ സാധ്യതയുള്ളതായി പഠന പര്യടനത്തിൽ കണ്ടെത്തിയിരിക്കുന്നു. സർക്കാർ മേഖലയിൽ ഇവയുടെ ഖനന സാധ്യത വിലയിരുത്തുകയും ഖനന വ്യവസായത്തിലൂടെ തൊഴിലവസരം ഉണ്ടാക്കാനും കഴിയും.

ഇത്രയും വിഷയങ്ങളെ ആധാരമാക്കിയുള്ള ആവശ്യങ്ങളാണ് ഗ്രാമസഭകൾ ഉയർത്തിയിട്ടുള്ളത്. പ്രശനങ്ങളെ സാധ്യമാക്കിയാണ് ഇവിടെ ചർച്ച ചെയ്തീരിക്കുന്നത്. എങ്കിലും പൊതുവായ പല പ്രശനങ്ങളും അവശേഷിക്കുന്നു. നമ്മുടെ തൊഴിലില്ലായ്മയുടെ അളവും ഗ്രാമസഭാ ചർച്ചകളും ബന്ധപ്പെടുത്തി ചിന്തിക്കുന്നതു പ്രസക്തമാണ്.

തൊഴിലവസരങ്ങളുടെ ഏകദേശ ക്രോഡീകരണം

ഗ്രാമസഭകളിൽ നിന്നുയർന്നുവന്നിരിയ്ക്കുന്ന അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന മുഴുവൻ വ്യവസായങ്ങളും അതിന്റെ പരമാവധി ഉല്പാദനം കൈവരിച്ചാൽ താഴെ പട്ടികയിൽ പറയുന്നത്ര ആളുകൾക്ക് ജോലി ലഭ്യമാക്കാൻ കഴിയുമോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

പട്ടികയും ഏകദേശം വേണ്ടിവരുന്ന തൊഴിലവസരവും

നമ്പർ	വ്യവസായം	തൊഴിലവസരം		
		പുരുഷൻ	സ്ത്രീ	ആകെ
1.	റബ്ബർ അധിഷ്ടിത വ്യവസായം	400	100	500
2.	വസ്ത്ര നിർമ്മാണ യൂണിറ്റ്	300	1200	1500
3.	കമ്പ്യൂട്ടർ സോഫ്റ്റ് വെയർ	200	300	500
4.	ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ	300	700	1000
5.	പ്രിന്റിംഗ് & ബയന്റിംഗ്	100	200	300
6.	കൈത്തറി	100	200	300
7.	ഖാദി ഗ്രാമ വ്യവസായം	100	200	300
8.	കാലിത്തീറ്റ നിർമ്മാണം	50	50	100
9.	കാർഷികോപകരണം	150	50	200
10.	കെട്ടിട നിർമ്മാണ വസ്തുക്കൾ	400	600	1000
11.	ഫർണിച്ചർ	300	100	400
12.	നാളികേര സംസ്ക്കരണം	200	100	300
13.	ഔഷധ നിർമ്മാണം	50	50	100
14.	പരമ്പരാഗത വ്യവസായം	200	300	500
15.	റെഡിമെയ്ഡ് ഭക്ഷണവസ്തുക്കൾ	100	200	300
16.	മരച്ചീനി സ്റ്റാർച്ച്	50	50	100
17.	സോപ്പ് നിർമ്മാണം	150	150	300
18.	ബീഡി വ്യവസായം	100	400	500
19.	കരകൗശല വസ്തുക്കൾ	50	50	100
20.	മെഴുകുതിരി ചന്ദനത്തിരി	100	200	300
21.	മലഞ്ചരക്ക്	100	200	300
22.	ഉണക്ക മത്സ്യം	50	100	150
23.	കശുവണ്ടി സംസ്ക്കരണം	50	200	250
24.	കയറുല്പന്നങ്ങൾ	100	100	200
25.	ഖനനം	50	50	100
		5850	3750	9600

ചർച്ച ചെയ്ത പദ്ധതികൾക്ക് വരാവുന്ന പ്രശനങ്ങൾ

ഗ്രാമ സഭകളിൽ ചർച്ച ചെയ്യപ്പെട്ടിരിക്കുന്ന തരത്തിലുള്ള വ്യവസായ സംരംഭങ്ങൾക്ക് പല പരാധീനതകളും ഉണ്ടാകുവാൻ സാധ്യതയുണ്ട്. അവ താഴെ പരാമർശിക്കപ്പെടുന്നു.

1. സമാന വസ്തുക്കളുടെ ഉല്പാദനം

കല്ലറ ഗ്രാമപ്പഞ്ചായത്തിൽ ചർച്ച ചെയ്യപ്പെട്ട വ്യവസായ യൂണിറ്റുകളുടെ അതേ സ്വഭാവമുള്ള യൂണിറ്റുകൾ തന്നെ കേരളത്തിലെ ഒട്ടുമിക്ക പഞ്ചായത്തുകളിലും ചർച്ച ചെയ്യപ്പെടാനുള്ള സാധ്യത വളരെ കൂടുതലാണ്. ഇങ്ങനെ സമാന സ്വഭാവമുള്ള വസ്തുക്കളുടെ ഉല്പാദനം ഉപഭോഗത്തിന്റെ അനേകം ഇരട്ടിയാവാൻ സാധ്യതയുണ്ട്. അതുകൊണ്ടുതന്നെ ഉല്പന്നങ്ങൾ വിപണിയിൽ ലഭിക്കാത്ത ഒരവസ്ഥ സംജാതമാകും.

2. കുത്തകകളുമായുള്ള മത്സരം

ഇവിടെ ഉല്പാദിപ്പിക്കുന്ന തീപ്പെട്ടി വസ്ത്ര നിർമ്മാണം, റബ്ബർ ഉല്പ്പന്നങ്ങൾക്കുവരെ മിക്ക വസ്തുക്കളും കുത്തകകൾ കയ്യടക്കി വച്ചിരിക്കുന്ന മേഖലയിൽപ്പെടുന്നു. വൻകിട വ്യവസായങ്ങളുടെ ഉല്പാദന ചെലവ് എപ്പോഴും ചെറുകിട വ്യവസായത്തിലേതിനേക്കാൾ കുറയും. അതുകൊണ്ടുതന്നെ വില നിലവാരത്തിൽ പിടിച്ചു നിൽക്കാൻ കഴിയാതെ വരുകയും വ്യവസായം നഷ്ടത്തിൽക്കലാശിക്കുകയും ചെയ്യും.

3. സാങ്കേതിക വിദ്യയിൽ വരുന്ന മാറ്റം

ഓരേ ഉല്പന്നത്തിന്റെയും സാങ്കേതിക വിദ്യകൾ അനുദിനം പരിഷ്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ പരിഷ്ക്കാരങ്ങൾ യഥാസമയം നടപ്പാക്കുവാൻ ചെറുകിട വ്യവസായത്തിന് ബുദ്ധിമുട്ടുണ്ടാകാം.

4. പരസ്യങ്ങളുടെ തള്ളിക്കയറ്റം

ഈ കാലഘട്ടം പരസ്യങ്ങൾ വിപണി കയ്യടക്കുന്ന ഒരു കാലഘട്ടമാണ്. വൻകിട പരസ്യങ്ങളുമായി നമ്മുടെ സ്ഥാപനങ്ങൾക്ക് മത്സരിക്കേണ്ടിവരും.

5. ബാങ്കിംഗ് സംവിധാനത്തിലെ അപര്യാപ്തതകൾ

കല്ലറയിൽ കഹഅ യുടെ ഒരു ബ്രാഞ്ചും

തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ബ്രാഞ്ചും മിതൃമ്മല സർവ്വീസ് സഹകരണ ബാങ്കും പാലോട് കാർഷിക വികസന ബാങ്കും മാത്രമാണ് ബാങ്കിംഗ് മേഖലയിൽ ആകെയുള്ള സ്ഥാപനങ്ങൾ. ഈ സ്ഥാപനങ്ങളുടെ ഇന്നത്തെ സ്ഥിതിയനുസരിച്ച് വമ്പിച്ച ഒരു തുക ലോണായി ലഭിക്കുവാൻ ബുദ്ധിമുട്ടുണ്ടാകും. ഇനിയുള്ള സാങ്കേതിക വിദഗ്ധരുടെ അഭാവം, വ്യവസായ സംരംഭങ്ങളുടെ അഭാവം, എന്നിവ തുടക്കത്തിൽ ചർച്ച ചെയ്യപ്പെട്ടിരിക്കുന്നു.

കണ്ടെത്താവുന്ന പരിഹാര മാർഗ്ഗങ്ങൾ

മുകളിൽ ചർച്ച ചെയ്യപ്പെട്ടിരിക്കുന്ന പ്രശനങ്ങൾക്ക് സമഗ്രമായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തിയാൽ മാത്രമേ നമ്മുടെ വ്യവസായ സംരംഭങ്ങൾ പ്രവർത്തിപ്പിക്കുവാൻ കഴിയുകയുള്ളു, ഈ വിഷയത്തിൽ വികസന സെമിനാറിൽ വിശദമായ ചർച്ച ആവശ്യമായിരിക്കുന്നു. ചില നിർദ്ദേശങ്ങൾ ചർച്ച ചെയ്യപ്പെടാനായി താഴെ സൂചിപ്പിച്ചിരിക്കുന്നു.

1. ഉല്പാദനം ഗ്രാമത്തിന് പുറത്തേയ്ക്കും വിദേശങ്ങളിലേയ്ക്കും വരെ എത്തിയ്ക്കാത്തക്ക വിപണന സംവിധാനങ്ങളെപ്പറ്റി ചിന്തിക്കുക. ഇതിനായി സെയിൽസ് എമ്പോറിയങ്ങളും സെയിൽ ഏജൻസികളുടെ സേവനങ്ങളും ഉപയോഗപ്പെടുത്തുക.

2. മത്സര സ്വഭാവമുള്ളവ ഒഴിവാക്കി കൂറവുള്ള വയിലേയ്ക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക.

3. ചെറുകിട വ്യവസായ ഉല്പന്നങ്ങൾ സംരേക്കുന്നതിനും വിപണനം നടത്തുന്നതിനും കേന്ദ്രീകൃതമായി സംരംഭങ്ങൾ ആരംഭിക്കുക. ഇതുവഴി ഒരു പരിധിവരെ വിപണന സാധ്യതകൾ വർദ്ധിപ്പിക്കുവാൻ കഴിയും പല സ്ഥാപനങ്ങളിൽ ഉണ്ടാക്കാവുന്ന സമാന സ്വഭാവമുള്ള സാധനങ്ങൾ ഒരു സ്ഥലത്ത് കേന്ദ്രീകരിക്കുകയും ഒരേ ബ്രാണ്ട്നെം ഉപയോഗിച്ച് വിപണനം നടത്തുകയും ചെയ്യുക.

4. ഗുണനിലവാരം ഉറപ്പുവരുത്തുക. ഒരു കേന്ദ്രീകൃത ഗുണ നിലവാര പരിശോധനാ കേന്ദ്രം സ്ഥാപിയ്ക്കുകയും അവ കൃത്യമായി പ്രവർത്തിക്കുകയും വേണം. മറ്റുള്ള ഉല്പാദകർക്കൊപ്പം നമ്മുടെ ഗുണ നിലവാരം ഉയർത്തുക എന്നതിലുപരി മറ്റുള്ളവർക്ക് നമ്മുടെ മുന്നിൽ എത്തിച്ചേരാൻ കഴിയാത്ത രീതിയിൽ നമ്മൾ മുന്നിലായിരിക്കണം എന്നതാവണം ലക്ഷ്യം.

5. കാലാനുസൃതമായി പ്രോജക്റ്റുകൾക്ക് വേണ്ട മാറ്റങ്ങൾ വരുത്താൻ കഴിയത്തക്ക രീതിയിൽ വ്യവസായങ്ങൾ രൂപകല്പന ചെയ്യുക. പുതിയ പുതിയ രീതികളെപ്പറ്റി പഠിക്കുകയും വേണ്ടിവന്നാൽ ഗവേഷണങ്ങൾ വരെ നടത്തുവാൻ കഴിയുകയും ചെയ്യുന്ന സ്ഥാപനങ്ങൾ ഉണ്ടാവണം.

6. നമ്മുടെ ഉല്പന്നങ്ങൾ പരിചയപ്പടുത്തുന്ന പ്രത്യേക അനുകാലിക പ്രസിദ്ധീകരണം ഉണ്ടാകുകയും അത് നമ്മുടെ ഉല്പന്നങ്ങൾ എത്തിച്ചേരാൻ സാധ്യത ഉള്ള എല്ലാ സ്ഥലത്തും എത്തിക്കുകയും വേണം.

7. നമ്മുടെ വ്യവസായങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ തൊഴിലാളികളെയും സാങ്കേതിക വിദഗ്ധരെയും പരിശീലിപ്പിച്ചെടുക്കുവാൻ ഇതിനാവശ്യമായ കേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിലയിൽത്തന്നെ ഉണ്ടാക്കുക പാഠ്യക്രമത്തിനൊപ്പം ഇത്തരം വിഷയങ്ങൾ സ്കൂൾ സിലബസിൽത്തന്നെ ഉൾപ്പെടുത്തുക രീതിയിൽ സിലബസ്സ് പരിഷ്ക്കരിക്കുവാൻ സർക്കാരിനോട് ആവശ്യപ്പെടുക.

8. സ്വയം തൊഴിൽ കണ്ടെത്താൻ താല്പര്യമുള്ള ആളുകളുടെ വിവരങ്ങൾ ശേഖരിക്കുകയും അവർക്കാവശ്യമായ പദ്ധതികൾ നടപ്പാക്കുകയും ചെയ്യുക എന്താണ് വേണ്ടത് എന്ന ലക്ഷ്യബോധം ചെറുപ്പക്കാരിൽ വളർത്തിയെടുക്കുക. ബ്ലോക്കടിസ്ഥാനത്തിലെങ്കിലും സ്വയം തൊഴിൽ എക്സ്ചേഞ്ചുകൾ ഏർപ്പെടുത്തുക.

9. വ്യവസായങ്ങൾക്കനുകൂലമായ വിധത്തിൽ ഒരു സാമൂഹിക പശ്ചാത്തലം ഒരുക്കുക. ആവശ്യമായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക.

10. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വ്യവസായ സംരംഭകേ ക്ലബ്ബുകളും ഗൈഡൻസ് സെന്ററുകളും സ്ഥാപിക്കുക.

11. വലിയ തോതിൽ മുതൽ മുടക്കുകൾ നടത്തുവാൻ സന്നദ്ധതയുള്ള യൂണിറ്റ് ട്രസ്റ്റ് ഓഫ് ഇൻഡ്യ ഇൻഡസ്ട്രിയൻ റീകൺസ്ട്രക്ഷൻ ബാങ്ക് ഓഫ് ഇൻഡ്യ, സെൻട്രൻ സ്ക്കൂൾ ഇൻഡ്യ കോർപ്പറേഷൻ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ബ്യൂട്ടീഷ് മിഡിൽ ഈസ്റ്റ് ബാങ്ക് മുതലായ സ്ഥാപനങ്ങളുടെ വായ്പകൾ നേടുവാൻ ശ്രമിക്കുക.

12. നമ്മുടെ ചുറ്റുവട്ടത്തുള്ള ഗൾഫ് മലയാളികൾ ബാങ്കുകളിൽ തുക നിക്ഷേപിച്ച് തുച്ഛമായ പലിശ സ്വീകരിക്കുന്നു. ഇവരുടെ ശ്രദ്ധ വ്യാവസായിക സംരംഭങ്ങളിലേയ്ക്ക് തിരിച്ച് വിടുക.

തൊഴിലവസരങ്ങളിൽ വരുത്താവുന്ന ചില പുതുമകൾ

പല തൊഴിൽ മേഖലകളിലും ഇന്ന് വേണ്ടത്ര ആൾക്കാരെ ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. അത്തരം മേഖലകൾ കണ്ടെത്തുകയും വരുത്താവുന്ന പുതുമകളെപ്പറ്റി ആലോചിക്കുകയും വേണം. ഏതാനും പരിപാടികൾ താഴെ ചർച്ച ചെയ്യുന്നു.

1. തെങ്ങുകയറ്റം

തെങ്ങുകയറ്റത്തിന് ഇന്ന് ആൾക്കാരെ വളരെ ബുദ്ധിമുട്ടുണ്ട്. തെങ്ങുകയറുവാനുള്ള യന്ത്രം നിലവിൽ വന്നു കഴുഞ്ഞു. ഈ യന്ത്രം പരിചയപ്പെടുത്തുന്ന ധാരാളം ആളുകളെ ഇതിലേയ്ക്ക് ആകർഷിക്കുകയും ചെയ്യാം.

2. അലക്ക്

യന്ത്ര വൽകൃത അലക്ക് സംവിധാനങ്ങൾ ഇന്ന് സാർവ്വത്രികമാണ്. ഇത്തരം യൂണിറ്റുകൾ സ്ഥാപിച്ച് പുതിയ തൊഴിൽ കണ്ടെത്തേണം.

3. ലേബൽ സപ്ലൈ യൂണിറ്റുകൾ

ഇന്ന് പല ആളുകൾക്കും വീട്ടുജോലി, കൃഷിപ്പണി, അടുക്കളത്തോട്ടനിർമ്മാണവും സംരക്ഷണവും സാധനങ്ങൾ എത്തിച്ചു കൊടുക്കൽ ഗ്രാമീണ ടെക്നീഷ്യന്മാർ, ഗൃഹനിർമ്മാണത്തൊഴിലുമായി ബന്ധപ്പെട്ടവർ തുടങ്ങി പല മേഖലകളിലും തൊഴിൽ ചെയ്യുന്നവരെ സംഘങ്ങളായി രജിസ്റ്റർ ചെയ്യുകയും ഇവരുടെ സേവനങ്ങൾ യഥാസമയം ഉത്തരവാദിത്തോടെ ലഭ്യമാക്കുകയും ചെയ്യുന്ന യൂണിറ്റുകൾ ഉണ്ടാക്കാം.

ചർച്ച ചെയ്യപ്പെടാത്ത വ്യവസായങ്ങൾ

ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടാത്തതും എന്നാൽ നമ്മുടെ നാട്ടിൽ സാധ്യതയുള്ളതുമായ പുതിയ വ്യവസായ സംരംഭങ്ങളെക്കുറിച്ച് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഇത്തരം വ്യവസായങ്ങളുടെ കണ്ടെത്തലിലൂടെ മാത്രമേ നമുക്കു വന്നേക്കാവുന്ന പല ബുദ്ധിമുട്ടുകളിൽ നിന്നും രക്ഷപ്പെടാൻ കഴിയുകയുള്ളൂ.

ചില നിർദ്ദേശങ്ങൾ താഴെപ്പറയുന്നു.

1. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ

ഇന്ന് പ്ലാസ്റ്റിക യുഗമാണ്. മോൾഡിംഗ് മെഷീനുകളുടെ സഹായത്തോടെ ഇലക്ട്രിക് സാധനങ്ങൾ ഉൾപ്പെടെ ധാരാളം ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാൻ വലിയ ബുദ്ധിമുട്ടും മുതൽമുടക്കും ആവശ്യമില്ല.

2. ഫൈബർ ഗ്ലാസ് ഉപയോഗിച്ച് വാട്ടർ ടാങ്കുകളും മറ്റും

3. അലുമിനിയം – സ്റ്റീൽ പാത്ര നിർമ്മാണം

4. ബോഡീ ബിൽഡിംഗ് യൂണിറ്റുകൾ

5. മെറ്റൽ ഡൈകാസ്റ്റിംഗ് യൂണിറ്റ്

തുടങ്ങി ധാരാളം പുതിയ സംരംഭങ്ങളെപ്പറ്റി ആലോചിക്കുകയും അവയുടെ വിശദാംശങ്ങൾ പഠിക്കുകയും ആരംഭിക്കുകയും ചെയ്യാവുന്നതാണ്.

വികസന റിപ്പോർട്ടിൽ ഈ വിഷയം ആരംഭിച്ചിടത്തു സൂചിപ്പിച്ചത് ആവർത്തിച്ചുകൊള്ളട്ടെ. വികസനം നമ്മുടെ വരുമാനം ഉയർത്തും. കാർഷിക മേഖലയിലെ ഉയർച്ച നിശ്ചിതവും മന്ദഗതിയിലുള്ളതുമായിരിക്കുമ്പോൾ വ്യവസായ മേഖലയിൽ ഉയരുന്നതിന് പരിധിയില്ല.

എപ്പോഴാണ് ഭാരതം പൂർണ്ണ സ്വാതന്ത്ര്യം നേടുക എന്ന് ഒരു പത്രപ്രവർത്തകൻ ഗാന്ധിജിയോടു ചോദിച്ചു.

"സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന് എപ്പോൾ ജനസാമാന്യത്തിന് തോന്നുന്നുവോ അപ്പോൾ മാത്രം."

ആലോചിക്കാൻ സമയമെടുക്കാതെ അദ്ദേഹം ഉത്തരം പറഞ്ഞു.

ഊർജം

ഊർജമില്ലാത്ത ആധുനിക സാമൂഹ്യ ജീവിതം നമുക്കിന്ന് സങ്കൽപിക്കാനാവുമോ? അത്രമാത്രം മനുഷ്യജീവിതവുമായി ഇഴുകിച്ചേർന്നിരിക്കുന്നു, ഊർജം. ഊർജം എന്നു കേൾക്കുമ്പോൾ വൈദ്യുതി ഉത്പാദനവും വിതരണവുമായിരിക്കും മനസ്സിലോടിയെത്തുക. എന്നാൽ വൈദ്യുതി മാത്രമല്ല, ഊർജം. ധാരാളം ഊർജസ്രോതസ്സുകൾ നമുക്കിന്ന് ലഭ്യമാണ്. കൽക്കരി, എണ്ണ, പ്രകൃതിവാതകം. വൈദ്യുതി ഇവയെ വാണിജ്യ ഇന്ധനങ്ങൾ (Commercial Fuels) എന്നുപറയുന്നു. വിറക്, ചാണകവരളി, ചപ്പുചവറുകൾ എന്നിവയാണ് വ്യാപകമായി ഉപയോഗിക്കുന്ന മറ്റു ഊർജ സ്രോതസ്സുകൾ. കാർഷിക മേഖലയിൽ കന്നുകാലികളും മനുഷ്യധ്വാനവും പ്രധാന പങ്കുവഹിക്കുന്നു. കാറ്റ് മറ്റൊരു ഊർജസ്രോതസ്സാണ്. ഏറ്റവുമൊടുവിൽ വികസിച്ചു കൊണ്ടിരിക്കുന്ന ഒരു ഊർജസ്രോതസ്സാണ്. സൂര്യനിൽ നിന്നു കിട്ടുന്ന ചൂട്. ഊർജ ഉപഭോഗം പ്രധാനമായി നാലു മേഖലകളിലാണ് നടക്കുന്നത്. ഗാർഹികം, കാർഷികം, വാണിജ്യം, വ്യവസായം. വീടുകളിൽ ഉപയോഗിക്കുന്ന ഊർജത്തിനെ ഗാർഹികോർജം എന്നു പറയുന്നു. കാർഷികാഭിവൃദ്ധിക്ക്, ജലസേചനത്തിനായി പമ്പു പ്രവർത്തിപ്പിക്കുന്നതിന് കാർഷിക മേഖലയിൽ ഊർജം ഉപയോഗിക്കുന്നു. ഹോട്ടലുകൾ, വാണിജ്യസ്ഥാപനങ്ങൾ, വ്യവസായികേതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഊർജ ഉപയോഗത്തെയാണ് വാണിജ്യം എന്ന മേഖലയിൽ ഉൾപ്പെടുത്തുന്നത്. പരമ്പരാഗത വ്യവസായങ്ങളും ആധുനിക വ്യവസായങ്ങളും ചേർന്നാൽ വ്യാവസായിക മേഖലയായി.

വ്യാവസായിക മേഖല നമ്മുടെ ഗ്രാമത്തെ സംബന്ധിച്ചിടത്തോളം വികാസം പ്രാപിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഈ മേഖലയിൽ വൈദ്യുതി ഉപഭോഗം - താരതമ്യേന കുറവാണ്. വിരലിലെണ്ണാവുന്ന ചില ചെറുകിട വ്യവസായങ്ങൾ ഒഴിച്ചാൽ ഈ മേഖല ദരിദ്രം തന്നെ. ഗ്രാമത്തിലെ തൊഴിലില്ലായ്മ വർധിക്കുന്നതിന്റെ കാരണം വേറെ തിരയേണ്ടതില്ല. കാർഷിക മേഖലയിലെ ഊർജത്തിന്റെ ഉപഭോഗവും ഒട്ടും ആശാവഹമല്ല. ജലസേചനത്തിന് പമ്പും ട്രാക്ടറും പ്രവർത്തിപ്പിക്കുന്നതിനാണ് ഈ മേഖലയിൽ ഊർജം വേണ്ടത്. എണ്ണ, വൈദ്യുതി തുടങ്ങിയ ഊർജസ്രോതസുകളെയാണ് ഈ മേഖല ആശ്രയിക്കുന്നത്. പമ്പുസെറ്റും ട്രാക്ടറും കാർഷികമേഖലയ്ക്ക് അനിവാര്യഘടകമായി മാറിക്കഴിഞ്ഞിട്ടില്ല. വൈദ്യുതി ഗണ്യമായി ഉപയോഗിക്കുന്ന ഒരു മേഖലയാണ് വാണിജ്യം. വിറക്, കൽക്കരി, എണ്ണ, വൈദ്യുതി എന്നീ ഊർജ സ്രോതസുകളാണ് ഈ മേഖലയിൽ ഉപയോഗിക്കുന്നത്. നമ്മുടെ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കൽക്കരിക്ക് പ്രാധാന്യമില്ല. ഹോട്ടലുകളിൽ ഇപ്പോഴും വിറകു തന്നെയാണ് പ്രധാന ഇന്ധനമായി ഉപയോഗിക്കുന്നത്. അതുകഴിഞ്ഞാൽ എണ്ണയ്ക്കാണ് സ്ഥാനം. വൈദ്യുതിയുടെ താരതമ്യേന ഉയർന്ന നിരക്കു കൊണ്ടാകണം ഉപയോഗം അത്രത്തോളം എത്തിയിട്ടില്ല. പക്ഷേ വാണിജ്യസ്ഥാപനങ്ങളിൽ പ്രകാശോർജമായി അധികം പേരും ഉപയോഗിക്കുന്നത് വൈദ്യുതിയാണ്. ഗാർഹികമേഖലയിൽ ഉപയോഗിക്കുന്ന പ്രധാന ഊർജസ്രോതസുകൾ വൈദ്യുതി, മണ്ണെണ്ണ, പ്രകൃതിവാതകം. വിറക് എന്നിവയാണ്. ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല. അതുകൊണ്ടുതന്നെ വീടുകളിൽ പ്രകാശോർജമായി ഇപ്പോഴും ഉപയോഗിക്കുന്നത് മണ്ണെണ്ണയാണ്. പാചകവാതകം അപൂർവം ചില വീടുകളിൽ മാത്രമേ എത്തിയിട്ടുള്ളൂ. അതുകൊണ്ട് വിറകാണ് പ്രധാന താപോർജ ഉറവിടമായി ഉപയോഗിക്കുന്ന ഇന്ധനം.

ആറാം പഞ്ചവൽസര പദ്ധതി മുതൽ നടപ്പിലാക്കി വരുന്ന സംയോജിത ഗ്രാമീണ ഊർജാസൂത്രണ പദ്ധതി (IREP) എല്ലാത്തരത്തിലുമുള്ള ഊർജഉപയോഗങ്ങളും കണക്കിലെടുക്കാനും അവയുടെ ഉപയോഗം മെച്ചപ്പെടുത്താനും ലാഭകരമാക്കാനും ജീവിത നിലവാരം ഉയർത്താനും ലക്ഷ്യമിട്ട സമഗ്ര ഊർജാസൂത്രണ പരിപാടിയായിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഒഴിച്ചു നിർത്തിക്കൊണ്ടും, വേണ്ടത്ര ജനപങ്കാളിത്തമില്ലാതെയും നടപ്പിലാക്കിയ ഈ പദ്ധതി ലക്ഷ്യം കാണാൻ സഹായകമായില്ല. അക്ഷയഖനികളല്ലാത്ത ഊർജസ്രോതസുകളായ പെട്രോളിയം, കൽക്കരി, ഗ്യാസ് ഇവയുടെ ഉപയോഗം ശ്രദ്ധാപൂർവം നടത്തേണ്ടതാണ്. പാചകവാശ്യത്തിന് ഒരു ശരാശരി അമേരിക്കക്കാരൻ ഉപയോഗിക്കുന്നതിനേക്കാൾ ഊർജം ഒരിന്ത്യാക്കാരൻ ഉപയോഗിക്കുന്നു. പാചകം ചെയ്യാൻ അമേരിക്കക്കാരൻ ഉപയോഗിക്കുന്ന

മൈക്രോവേവ് ഗ്യാസ് അടുപ്പുകൾ നമ്മുടെ വിറക് അടുപ്പുകളേക്കാൾ മൂന്നോ നാലോ ഇരട്ടി ക്ഷമതയുള്ളതാണ്. നമ്മുടെ വിറകടുപ്പുകളിൽ കത്തിക്കുന്ന വിറകിന്റെ തൊണ്ണൂറ് ശതമാനം പുട്ടും യഥാർത്ഥത്തിൽ പാഴായിപ്പോവുകയാണ്. ഇതുണ്ടാക്കുന്ന ദേശീയ നഷ്ടം എത്രയെന്ന് കണക്കാക്കാനാവുമോ?

നമ്മുടെ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 5548 വീടുകളിൽ 4009 കുടുംബങ്ങൾക്കാണ് വൈദ്യുതി കണക്ഷൻ ഉള്ളത്. 7021 വ്യാപാരസ്ഥാപനങ്ങൾ വൈദ്യുതി ഉപയോഗിക്കുന്നു. 50 വ്യവസായങ്ങൾക്കും വൈദ്യുതിയുണ്ട്. പഞ്ചായത്തിലാകെ 209 ജലസേചന പമ്പുസെറ്റുകളാണുള്ളത്. വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷിച്ചവരിൽ ഓർഡിനറിയിൽ 649 പേർക്കും ഒ.ടി.പി (Out Tem priority) യിൽ 39 പേർക്കും OYEC (Own Your Electric Connection) യിൽ 148 പേർക്കും സർവീസ് കണക്ഷൻ ലഭിക്കാനുണ്ട്. പ്രതിമാസം 6268 രൂപ ഇലക്ട്രിസിറ്റി ബോർഡിന് പഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റിന് കറൻറ് ചാർജ് അടച്ചുവരുന്നു. പഞ്ചായത്തിൽ 13 ഹരിജൻ കോളനികൾ അംഗീകരിച്ചിട്ടുള്ളതിൽ തെങ്ങുംകോട്, പരപ്പിൽ, ആലുകോട്ടു കരിക്കകം, പെറുവാളം, നെടുന്തേരി, കുറുമ്പയം എന്നീ ഹരിജൻ കോളനികൾ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ. ഇവയിൽ തന്നെയും ഒട്ടുമിക്ക ഹരിജൻ കുടുംബങ്ങളും ഇനിയും സർവീസ് കണക്ഷൻ എടുത്തിട്ടില്ല. 1996-ൽ ഇതുവരെ ഓർഡിനറി സർവീസ് 44 എണ്ണവും OTP യിൽ 20 എണ്ണവും OYEC യിൽ 112 എണ്ണവുമാണ് നൽകിയിട്ടുള്ളത്. പഞ്ചായത്തിലാകെ 11 L.T. ട്രാൻസ്ഫോർമറുകളാണ് ഇപ്പോൾ വൈദ്യുതി വിതരണം നിയന്ത്രിക്കുന്നത്. ട്രാൻസ്ഫോർമറുകളുടെ സ്ഥാനം പട്ടിക നോക്കി മനസ്സിലാക്കുക.

പട്ടിക 1

കല്ലറ ഗ്രാമപഞ്ചായത്ത്

10.1 വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ

a) ഗാർഹികം - 4009

b) വ്യാപാരം - 794

c) വ്യവസായികം - 50

d) കാർഷികം - 209

2. കണക്ഷൻ ലഭിക്കാൻ - ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

a) ഓർഡിനറി - 649

b) OTP - 39

c) OYEC - 148

3. സർവീസ് വൈറിങ്ങുള്ള എണ്ണം

a) ബൾബ് 40W

60W

ആറുമണിക്കൂർ 67

b) ട്യൂബ് 6 മണിക്കൂർ 16 എണ്ണം

c) ഫ്രൈക്കുറി പേപ്പർ 250 W

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ 5 എണ്ണം

5. തദ്ദേശത്തെ കണക്ഷൻ ഓർഡിനറി 44

OTP 20

OYEC 112

6. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ.റ്റി ട്രാൻസ്ഫോർമറുകളുടെ പേരുകൾ

1. പരപ്പിൽ

2. പെറുവാളം

3. തെങ്ങുംകോട്

4. പ്ലാവറ

5. കല്ലറ

6. തുമ്പോട്

7. തറട്ട

8. മിതൃമല

9. മുതുവിള

10. തണ്ണിയം

11. പഴയചന്ത

അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാ തീയതി

OYEC - O.H. - 31 - 7 -93

OYEC - W.F - 30-9-96

NORMAL - O.H.- 1-91

NORMAL - W.P. - 29-12-93

അവലംബം കെഎസ്ഇബി സബ് എഞ്ചിനീയർ ഓഫീസിലെ വിവരങ്ങൾ.

ഈ പട്ടിക നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചു വസ്തുതാപരമാകാൻ ഇടയില്ല. ഇതനുസരിച്ച് പഞ്ചായത്തിൽ ഇനി വൈദ്യുതി കണക്ഷൻ ലഭിക്കാൻ 1539 വീടുകളെ ബാക്കിയുള്ളു എന്ന് പട്ടിക പറയുന്നു. ഈ പട്ടിക കല്ലറ സബ് എഞ്ചിനീയർ ഓഫീസിന്റെ കീഴിലുള്ള മൊത്തം ഉപഭോക്താക്കളാകാനാണ് സാധ്യത. ഇതിൽ വാമനപുരം, പാങ്ങോട്, പുളിമാത്ത് പഞ്ചായത്തുകളിലെ ഉപഭോക്താക്കളും ഉണ്ടാകും. അതുകൊണ്ട് ഈ പട്ടികയെ ആശ്രയിക്കാനാവില്ല. പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളിൽ മിക്കതും കത്താതെ കിടക്കുകയാണ്. കത്താത്ത ലൈറ്റുകൾക്കും ഉപയോഗിക്കാത്ത വൈദ്യുതിക്കുമാണ് പഞ്ചായത്ത് മാസംതോറും പൊതുഫണ്ട് അടച്ചുകൊണ്ടിരിക്കുന്നത് എന്നത് ഒരു ദു:ഖസത്യമാണ്. ആയതിനാൽ ബൾബുകളും ട്യൂബുകളും യഥാസമയം കത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക തന്നെ വേണം.

കൂടാതെ ഇതിൽ നിന്നും വ്യക്തമാകുന്ന ഒരു വസ്തുത: വൈദ്യുതി കണക്ഷന് അപേക്ഷിച്ച് അഞ്ചുവർഷങ്ങൾ കാത്തിരുന്നാലും പോസ്റ്റ് വേണ്ടുന്ന ഒരു സാധാരണ അപേക്ഷകന് സർവീസ് കണക്ഷൻ കിട്ടില്ലെന്നാണ്. ഈ വർഷം തന്നെ ഓർഡിനറി കണക്ഷൻ 44 എണ്ണം മാത്രം നൽകിയപ്പോൾ OYEC നൽകിയത് 112 എണ്ണമാണ്. എസ്റ്റിമേറ്റ് തുക ഒരുമിച്ചടക്കാൻ നിവൃത്തിയില്ലാത്ത പാവപ്പെട്ട അപേക്ഷകർക്ക് വൈദ്യുതി വെളിച്ചം ലഭിക്കാനുള്ള സാധ്യത അകന്നകന്നു പോകുന്നു.

പ്രശ്നങ്ങൾ

1. വോൾട്ടതാ കുറവ് - കറന്റ് ഉണ്ടായിരിക്കുമ്പോഴും ആവശ്യത്തിന് മറ്റു ഊർജ്ജസ്രോതസുകളെ ആശ്രയിക്കേണ്ടി വരിക. ഉദാഹരണം മണ്ണെണ്ണ, മെഴുകുതിരി, എമർജൻസി ലാമ്പ് മുതലായവ. പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ തുടരെത്തുടരെയുള്ള പവർകട്ടുകൾ.

2. ആർഭാടമായി സമ്പന്നരും ഗൾഫ് മലയാളികളും ആവശ്യമില്ലാതെ അനേകം ബൾബുകളും കളർ ബൾബുകളും കത്തിച്ചിടുന്നതും സ്റ്റെപ്പ് അപ്പ് ട്രാൻസ്ഫോർമറുകൾ ഉപയോഗിച്ച് മറ്റുള്ളവർക്ക് സൃഷ്ടിക്കുന്ന വോൾട്ടതാ പ്രശ്നങ്ങളും.

3. നമ്മുടെ ഗ്രാമപ്രദേശത്തു പോലും വിറകുലഭ്യത കുറഞ്ഞുവരുന്നു. വിറകിന്റെ വിലയേറിക്കൊണ്ടിരിക്കുന്നു.

സാധ്യതകൾ

1. വോൾട്ടതാ പ്രശ്നം പരിഹരിക്കാൻ അടുത്തടുത്ത് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നത് ആലോചിക്കാം. ലൈനുകൾ ത്രീ ഫേസ് ആക്കുന്നത് പരിഗണിക്കാവുന്നതാണ്. ത്രീഫേസ് ലൈനുകളിൽ തന്നെ ഡ്യൂപ്ലിക്കേറ്റ് ലൈനുകൾ വലിക്കാവുന്നതാണ്. ലൈനുകളിൽ തട്ടിനിൽക്കുന്ന വൃക്ഷശിഖരങ്ങൾ യഥാസമയം വെട്ടിമാറ്റുക, ലൈനുകളുടെ മെയിന്റനൻസ് യഥാസമയം ചെയ്യുന്നതിനുക, പ്രസരണനഷ്ടം പരമാവധി കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുക എന്നിവ വോൾട്ടത പ്രശ്നങ്ങളെ കുറെയെങ്കിലും ലഘൂകരിക്കാൻ ഉതകുന്നതാണ്. കേടുവന്ന മീറ്ററുകൾ മാറ്റിയാൽ അമിത ഉപയോഗം നിയന്ത്രിക്കാനാവും. ഷെഡ്യൂൾ മെയിന്റനൻസ് എല്ലാ ലൈനുകളിലും യഥാസമയം നടത്തുന്നതും പ്രയോജനപ്രദമാകും.

2. ബോംബേ ഹൈയിൽ വർഷംതോറും കത്തിച്ചു

കളയുന്ന പ്രകൃതിവാതകം ദക്ഷിണ വാതക ഗ്രിഡ് രൂപീകരിച്ച് കൊച്ചിയിൽ പൈപ്പുലൈൻ വഴി കൊണ്ടുവന്നാൽ താപ വൈദ്യുതനിലയങ്ങൾ സ്ഥാപിക്കാനും പാചക വാതക സിലിണ്ടറുകൾ നാട്ടിൻപുറങ്ങളിലെ പാവപ്പെട്ടവർക്കു പോലും വിതരണം ചെയ്യാനും കഴിയും.

3. പഞ്ചായത്ത് അതിർത്തിയിലൂടെ ഒഴുകുന്ന വാമനപുരം നദിയിൽ മീൻമുട്ടി, ആനകുളം, അരുവിപ്പുറം എന്നീ സ്ഥലങ്ങളിൽ മിനി വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കാൻ പറ്റിയ നിലയിൽ ജലപാതങ്ങളുണ്ട്. ഈ സാധ്യതയെക്കുറിച്ചാരായാൻ അടിയന്തരമായി ഇൻവെസ്റ്റിഗേഷൻ നടത്തണം. കുറഞ്ഞപക്ഷം ഒരു ബ്ലോക്ക് പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വിതരണം ചെയ്യാനുള്ള വൈദ്യുതിയെങ്കിലും ലഭ്യമാക്കാനാവും. ബ്ലോക്കു പഞ്ചായത്തിന്റെ അടിയന്തര ശ്രദ്ധ പതിയേണ്ട ഒരു വിഷയമാണിത്.

4. ദക്ഷത കൂടുതലുള്ള പരിഷത്ത് അടുപ്പുകളുടെ പ്രചാരണം കാര്യക്ഷമമാക്കണം. 285 രൂപ മുഖവിലയുള്ള ഈ അടുപ്പിന് 235 രൂപ സബ്സിഡിയുണ്ട്. സാധാരണ അടുപ്പിനേക്കാൾ മൂന്നിരട്ടി ദക്ഷത ഇതിനുണ്ട്. പുകകുഴലിലൂടെ പുറത്തുപോകുന്നു എന്ന മെച്ചം വീട്ടമ്മമാരെ ചുടും പുകയും ഏൽക്കുന്നതു മൂലമുണ്ടാകുന്ന രോഗങ്ങളിൽ നിന്നും മോചനം നൽകാൻ സഹായിക്കുന്നു.

5. കച്ചിപ്പെട്ടി, പ്രഷർകുക്കർ തുടങ്ങിയ ദക്ഷത കൂടിയ ഉപകരണങ്ങൾ പ്രചരിപ്പിക്കുക. ഈ ഉപകരണങ്ങളിൽ അരി തിളച്ചുകഴിഞ്ഞാൽ പിന്നെ ചൂട് കൊടുക്കേണ്ടതില്ല. ആ ചൂട് നിലനിർത്തുകയേ വേണ്ടൂ. ഒരു വീഞ്ഞപ്പെട്ടിയിൽ കച്ചിയോ (വൈക്കോൽ) ചകിരിയോ നിറച്ച് അതിനകത്ത് അരിക്കലം ഇറക്കിവച്ച് അടച്ചാൽ അരി അവിടെയിരുന്ന് വെന്തുകൊള്ളും. പ്രഷർകുക്കർ സബ്സിഡി റേറ്റിൽ അനെർട്ട് വിതരണം ചെയ്തു കൊണ്ടിരിക്കുന്നു. വിറകടുപ്പിൽ പോലും ഇത് ഉപയോഗിക്കാൻ കഴിയും.

6. വിറകുൽപ്പാദനം വർധിപ്പിക്കാൻ സാമൂഹ്യ വനവൽക്കരണം പദ്ധതി സ്വീകരിക്കാം. പക്ഷേ പഞ്ചായത്തിലെ പ്രധാന വിള റബ്ബർ ആയതുകൊണ്ട് ഈ സാധ്യത ദുർബലമാണ്. എന്നാലും കഴിയുന്നത്ര പൊതുസ്ഥലങ്ങളിലും സ്വകാര്യ സ്ഥലങ്ങളിലും മരങ്ങൾ വച്ചുപിടിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

7. ഊർജലാഭമുള്ള വൈദ്യുത ദീപങ്ങളുടെ പ്രചാരണം:- ബൾബുകൾ വെളിച്ചത്തേക്കാൾ ചൂടാണ് നൽകുന്നത്. ട്യൂബ് ലൈറ്റിന് ബൾബുകളേ നാലിരട്ടിയോളം പ്രകാശക്ഷമതയുണ്ട്. പക്ഷേ കൂടുതലും ചോക്കു പ്രവർത്തിപ്പിക്കുന്നതിനു വേ W കുറഞ്ഞ് വേണ്ടിവരുന്നു എന്നതും ഒരു പോരായ്മ വോൾട്ടത കുറവാണെങ്കിൽ ട്യൂബ് കത്തുകയി കുറവ് പരിഹരിക്കുന്ന ഉപകരണമാണ് കോം ഫ്ലൂറസെൻറ് ലാമ്പ്. വെളിച്ചം നാലിരട്ടി; ആ പതിന്മടങ്ങ്. ഒരു ഒൻപത് വാട്ട് കോംപാക്ട് ഫ്ലൂറ ലാമ്പ് ഉപയോഗിച്ചാൽ ഒരുവർഷം അൻപത് കറൻറ് ലാഭിക്കാൻ കഴിയും. പക്ഷേ ഇതിന്റെ വില രൂപയാണ്. സബ്സിഡി നിരക്കിൽ ഇത് വി ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടായാൽ ഉപഭോഗത്തിൽ ഗണ്യമായ കുറവുണ്ടാക്കാൻ ക

8. സൗരോർജം വഴി പ്രവർത്തിപ്പി ഉപകരണങ്ങളുടെ പ്രചരണം- സൂര്യവിളക്കുക പ്രചരണവും വിതരണവും അനർട്ട് സബ്സിഡി നിര നടത്തുന്നുണ്ട്. എങ്കിലും അതിന്റെ വില താരത കൂടുതലാണ്. വൈദ്യുതി എത്തിക്കാൻ കഴിയാത്ത ന ഗ്രാമത്തിലെ ഉൾനാടൻ വീടുകൾക്ക് ആശ്രയിക്കാ ഒന്നാണ് സൂര്യവിളക്കുകൾ. ദുർബല വിഭാഗങ്ങ ട്രൈബൽ സബ് പ്ലാൻ, സ്പെഷ്യൽ കംബോണൻറ് എന്നീ പദ്ധതികളിൽപെടുത്തി കൂടുതൽ സൗജന്യ നൽകുവാൻ കഴിയുമോ എന്ന് ആലോചിക്കാവുന്നത

9. ബയോഗ്യാസ് പ്ലാൻറുകൾ വ്യാപകമ പ്രചരിപ്പിക്കണം. വിറക്, കാർഷികാവശിഷ്ടങ മുതലായവയിൽ നിന്ന് അനെയ്റോബിക് ദഹനത്തിലൂ ഇന്ധനവാതകം ഉണ്ടാക്കുന്ന സാങ്കേതിക വിദ്യയ ബയോഗ്യാസ് പ്ലാൻറുകളിൽ പ്രയോജനപ്പെടുത്തുന്ന ഇത് പ്രധാനമായും പാണകം ലഭ്യമായ കുടുംബങ്ങൾ ആലോചിക്കാവുന്നതാണ്. പ്രത്യേകിച്ചും വൈദ്യു എത്തിക്കാൻ വിഷമമുള്ള ഉൾനാടൻ കുടുംബങ്ങൾ ആശ്രയിക്കാവുന്ന ഒന്നാണിത്. ഇത്തരം പ്ലാൻറുക ആരംഭിക്കാനാവശ്യമായ ബോധവൽക്കര പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. റബ്ബ സംസ്കരിക്കുന്നതിന്റെ അവശിഷ്ടങ്ങൾ (വെള്ള ഗ്യാസ്) ബയോഗ്യാസ് പ്ലാൻറുകൾക്ക് അനുയോജ്യമാണ

10. വോൾട്ടത പ്രശ്നം പരിഹരിക്കാൻ കൂറുമ്പയത ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ 1995-ൽ ആരംഭി പണികൾ മുന്നോട്ടുപോയിട്ടില്ല. വഴിനീളെ പോസ്റ്റുക കിടക്കുന്നുണ്ട്. അടിയന്തരമായി പ്രസ്തുത പ

പൂർത്തിയാക്കിയാൽ വോൾട്ടത പ്രശ്നം ഏറെക്കുറെ പ്രാദേശികമായി പരിഹരിക്കാനാവും.

വാർഡുകളിൽ കൂടിയ വിശേഷാൽ ഗ്രാമസഭകളിൽ വളരെ വിശദമായ ചർച്ചകളാണ് വൈദ്യുതിയെ സംബന്ധിച്ച് നടന്നത്. അത് വാർഡ് മെമ്പർമാരുടെ പൊതു അഭിപ്രായമനുസരിച്ച് അതേപടി ഇവിടെ രേഖപ്പെടുത്തുകയാണ്.

വാർഡ് - കല്ലറ

1. മുതുവിളക്ക് സമീപം അരുവിപ്പുറത്ത് ഒരു മൈക്രോ ഇലക്ട്രിക് പ്രോജക്ട് സ്ഥാപിച്ചാൽ ഒന്നുരണ്ടു പഞ്ചായത്തുകൾക്കുള്ള വൈദ്യുതി-സുലഭമായി ലഭിക്കും.

2. 9000-ൽ അധികം കൺസ്യൂമേഴ്സ് ഉള്ള കല്ലറ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനെ ഒരു മേജർ സെക്ഷൻ ഓഫീസ് ആയി ഉയർത്തുക.

3. പഴകി ദ്രവിച്ച വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.

4. സ്ട്രീറ്റ് ലൈറ്റുകൾ എല്ലാം പ്രകാശിപ്പിക്കുക.

5. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

6. റോഡരികത്തുള്ള എല്ലാ ഇലക്ട്രിക് പോസ്റ്റുകളിലും വഴിവിളക്കുകൾ സ്ഥാപിക്കുക.

7. പാറമുകൾ അംഗൻവാടി വരെ എത്തിനിൽക്കുന്ന വൈദ്യുത ലൈൻ വെള്ളം കൂടി ജംഗ്ഷനുമായി ബന്ധിപ്പിക്കുക.

8. വൈദ്യുതി എത്താത്ത ഭാഗങ്ങളിൽ വൈദ്യുതി എത്തിക്കുക.

9. വയറിംഗ് പൂർത്തിയാക്കിയ എല്ലാ വീടുകൾക്കും ഉടൻ കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കുക.

10. നിർദ്ധനരായ ആളുകൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുക.

11. ലൈനിൽ തട്ടി നിൽക്കുന്ന വൃക്ഷശിഖരങ്ങൾ വെട്ടിമാറ്റുക.

വാർഡ് - പാൽക്കുളം

1. കൊച്ചുകട - പാലുവള്ളി റോഡിൽ വൈദ്യുതി എത്തിയിട്ടില്ലാത്ത 800 മീറ്റർ ഭാഗം വൈദ്യുതീകരിക്കണം.

2. കൊടിതൂക്കിയകുന്ന്-ഈഴചുട്ടിക്കോണം-വണ്ടിത്തടം-പാട്ടറ റോഡിൽ വൈദ്യുതി എത്തിയിട്ടില്ലാത്ത ഭാഗം വൈദ്യുതീകരിക്കണം.

3. പാലുവള്ളി-കടുമാൻകുഴി റോഡിൽ വൈദ്യുതീകരിക്കാത്ത ഭാഗം വൈദ്യുതീകരിക്കുകയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും വേണം.

4. തണ്ണിയം-വാഴത്തോപ്പു പച്ച ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

5. പാൽക്കുളം ഡീസൻറുമുക്കിലും പാട്ടറ വണ്ടിത്തടത്തിലും തെരുവുവിളക്കുകൾ സ്ഥാപിക്കണം.

6. മേലേ പാലുവള്ളി ഭാഗത്തുനിന്നും തോട്ടുംപുറം പള്ളി വരെയുള്ള ഭാഗത്ത് ത്രീഫേസ് ലൈൻ വലിച്ചാൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാം.

7. കൊടിതൂക്കിയകുന്ന് ഭാഗത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് വൈദ്യുതിക്ഷാമം പരിഹരിക്കണം.

8. വാമനപുരം നദിയിൽ അരുവിപ്പുറത്ത് ഒരു ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് സ്ഥാപിക്കുക.

വാർഡ് - തുമ്പോട്

1. കല്ലറ പ്രൈമറി ഹെൽത്ത് സെൻറർ റഫറൽ ആശുപത്രിയായി ഉയർത്തിയ പ്രത്യേക സാഹചര്യം പരിഗണിച്ച് ശ്രേയസ് ജംഗ്ഷൻ മുതൽ തുമ്പോട് കടകപ്പാട് ജംഗ്ഷൻ വരെയുള്ള ഇലക്ട്രിക് പോസ്റ്റുകൾ പാതയോരത്തേക്ക് മാറ്റി സ്ഥാപിക്കുകയും അതിൽ ~~സ്ട്രീറ്റ് ലൈറ്റുകൾ~~ സ്ഥാപിക്കുകയും ചെയ്യുക.

2. ആശുപത്രി കോമ്പൗണ്ടിൽ ഇലക്ട്രിക് ലൈറ്റുകൾ സ്ഥാപിക്കുക.

3. കോട്ടൂർ പഞ്ചായത്തുകുളം - തറട്ട റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.

4. പഴയചന്ത-മൈലോട്ടുകോണം-മാടൻനട എന്നീ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന റോഡിൽ വൈദ്യുതീകരിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കണം.

5. ഹരിജനങ്ങൾക്ക് കുടിൽജ്യോതി പ്രാവർത്തികമാക്കണം.

6. കോട്ടൂർ-കളനിൽക്കുംപൊയ്ക വഴി ഗാന്ധർവിള

വാർഡ് - മിതൃമ്മല

1. പ്ലാക്കോട്-നീറുമൺകടവ് റോഡിന്റെ ബാക്കിഭാഗം സ്ട്രീറ്റ് ലൈറ്റ് ഇടുക.

2. മാടൻകാവ്- ചിലന്തിവലക്കുന്ന് റോഡിൽ വൈദ്യുതീകരിക്കുക.

3. മാടൻകാവ്-കോണത്തുമുക്ക് റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.

4. പ്ലാക്കോട്-ഇലങ്കംറോഡിൽ വൈദ്യുതീകരണം പൂർത്തിയാക്കുക.

5. ഈഴക്കോട്- കോയിപ്പുറം റോഡ് വൈദ്യുതീകരിക്കുക.

6. മൃഗാശുപത്രി-മാത്തുവാതുക്കൽ റോഡ് വൈദ്യുതീകരിക്കുക.

7. വാഴവിള-ചാവരുകാണി റോഡിൽ തെരുവുവിളക്ക് സ്ഥാപിക്കുക.

8. പ്ലാക്കോട് ജംഗ്ഷനിൽ പഴക്കം ചെന്ന ട്രാൻസ്ഫോർമർ മാറ്റി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

9. വലിയകാട് ലക്ഷംവീട് കോളനി വൈദ്യുതീകരിക്കുക.

10. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് സൗജന്യമായി വൈദ്യുതി നൽകുക.

11. ചാമ്പലുവിള-കല്ലിടുക്കു ഭാഗത്ത് വൈദ്യുതി എത്തിക്കുക.

12. മാടൻകാവ്-മുളയിൽകോണം ഭാഗത്ത് തെരുവുവിളക്ക് സ്ഥാപിക്കുക.

13. ചാങ്ങയിൽകോണം ശേഷിക്കുന്ന ഭാഗത്ത് വൈദ്യുതീകരിക്കുക.

14. കടമ്പാട്ടുനിന്നും പട്ടൻവിള വരെ വൈദ്യുതീകരിക്കുക.

15. മിതൃമ്മലയിൽ ഒരു കളക്ഷൻ സെൻറർ തുറക്കുക.

16. മിതൃമ്മല വാർഡിലെ കത്താത്ത തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കുക.

17. ചാമ്പലുവിള-ചൂട്ടയിൽകാവ് റോഡിന്റെ ബാക്കിഭാഗത്ത് തെരുവുവിളക്കുകൾ സ്ഥാപിക്കുക.

പാർപ്പിടം, സാമൂഹ്യക്ഷേമം.

പാർപ്പിടം

മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളിൽ പ്രധാനപ്പെട്ട തെന്നാണ് പാർപ്പിടം. പോക്കേറാൻ ഒരിടം തോടുക എന്നത് മൃഗങ്ങളുടെ, പറവകളുടെ പോലും ജീവിത ലക്ഷ്യമാണ്. ബോധപൂർവ്വം കുടുംബജീവിതം നയിക്കുന്ന മനുഷ്യനെ സംബന്ധിച്ചിടത്തോളം പാർക്കാൻ ഒരിടം ജീവവായുപോലെ അനിവാര്യമാണ് പ്രത്യേകിച്ചും കുടുംബങ്ങളുടെ സ്വകാര്യത അനുനിമിഷം ഏറികൊണ്ടിരിക്കുന്ന ആധുനിക ജീവിതത്തിൽ. അതുകൊണ്ട് തന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ പാർക്കുന്ന അവസ്ഥ വിലയിരുത്തേണ്ടതുണ്ട്. ജനങ്ങൾ നേരിടുന്ന പാർപ്പിടപ്രശ്നങ്ങൾ, പ്രതിസന്ധികൾ മനസ്സിലാക്കേണ്ടതുണ്ട്. എങ്കിലെ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും കണ്ടെത്താനും ആകൂ.

നമ്മുടെ പഞ്ചായത്തിൽ 5548 കുടുംബങ്ങളാണുള്ളത്. സ്വന്തമായി ഒരു വീടുണ്ടാക്കുകയാണ് സമൂഹത്തിന്റെ ഏറ്റവും വലിയ പ്രശ്നം. കാരണം കെട്ടിടത്തിന് ചെലവാക്കുന്ന സംഖ്യയിൽ പകുതിയിലേറെ ഒരുമിച്ച് പിരിവഴിച്ചാൽ മാത്രമേ പൂർത്തീകരിക്കാതെ കയറികിടക്കാനുള്ള ഘട്ടത്തിലെങ്കിലും എത്തിക്കാൻ കഴിയൂ. ഈ സ്ഥിതിയാണ് പല കുടുംബ പ്രശ്നങ്ങൾക്കു വഴി വെക്കുന്നത്. പോരെങ്കിൽ ആധുനിക കുടുംബസങ്കൽപ്പം വളരെ ചെലവേറിയതാണ്. പുതിയ തലമുറ കോൺക്രീറ്റ് കെട്ടിടങ്ങളെക്കുറിച്ച് തന്നെയാണ് ചിന്തിക്കുന്നത്. പക്ഷേ കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലയും കൂലിയും ദിവസംതോറും വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. 1986 മുതൽ 1996 വരെയുള്ള കെട്ടിട നിർമ്മാണ ചെലവിന്റെ വ്യതിയാനം പരിശോധിച്ചാൽ വളരെ ഭീകരമാണ് സ്ഥിതി എന്ന് കാണാം. അതിന്റെ വിവരം താഴെ കൊടുക്കുന്നു.

ഇനം	1985	1996
കൈയ്യാൽ കൂലി	25/-	80/-
കൊത്താൾ കൂലി	40/-	120/-
ചുടുകല്ല് 1000ന്	310/-	1000/-
പാറ ഒരു ലോഡിന്	210/-	650/-
കമ്പി - 1 കിലോ	8.10/-	16.00/-
സിമന്റ് - 1 ചാക്ക്	81/-	180/-
മണൽ - 1 ലോഡ്	240/-	1800/-
മെറ്റൽ - 1 ലോഡ്	600/-	1750/-

അവലംബം: നാട്ടറിവ്

ഈ വിവിരം തെളിയിക്കുന്ന ഒരു വസ്തുത 10 വർഷം കൊണ്ട് കെട്ടിട നിർമ്മാണച്ചെലവ് മൂന്നിരട്ടിയിലധികം വർദ്ധിച്ചിരിക്കുന്നു എന്നാണ്. ഈ തോതിനേക്കാൾ ഉയർന്നതാണ് തടിയുടെ വില വർദ്ധന. ഗ്രാമപ്രദേശങ്ങളിൽ പോലും തടി കിട്ടുന്നതിന് ഇപ്പോൾ പ്രയാസം അനുഭവപ്പെടുകയാണ്. എന്തുകൊണ്ടാണ് കെട്ടിട നിർമ്മാണ രംഗത്ത് ഇത്രയും വലിയ വ്യതിയാനം സംഭവിച്ചത്. പ്രധാനമായും നിർമ്മാണ പ്രവർത്തനങ്ങളുടെ എണ്ണത്തിൽ വന്ന വർദ്ധന തന്നെ. ഗൾഫ് നാടുകളിൽ നിന്ന് സംസ്ഥാനത്തേക്ക് ഒഴുകുന്ന ഏകദേശം 2000ത്തിലധികം കോടി രൂപയിൽ സിംഹഭാഗവും കെട്ടിട നിർമ്മാണ പ്രവർത്തനത്തിനാണ് വിനിയോഗിക്കുന്നത്. നമ്മുടെ ധനകാര്യ സ്ഥാപനങ്ങൾ വളരെ ഉദാരമായി നൽകുന്ന കെട്ടിട വായ്പകളും കെട്ടിടനിർമ്മാണത്തെ ത്വരിതപ്പെടുത്തുന്ന ഘടകമാണ്. ഇങ്ങനെ വർദ്ധിച്ച തോതിലുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ തന്നെയാണ് ഈ രംഗത്ത് ഇത്രയും വലിയ വർദ്ധന ഉണ്ടാക്കിവെച്ചത്. ഈ തോത് ഇപ്പോഴും അനിയന്ത്രിതമായി വർദ്ധിച്ചു

കൊണ്ടേയിരിക്കുന്നു. പത്തുവർഷം മുമ്പ് 1,25,000 രൂപയ്ക്ക് തീരുമാനമായിരുന്ന ഒരു കെട്ടിടം ഇന്ന് പൂർത്തിയാക്കാൻ 4,00,000 രൂപയിലധികം വേണ്ടിവരും. ഇടത്തരം കുടുംബങ്ങൾക്കുപോലും ഒരു പാർപ്പിടം ഇന്ന് വലിയ ഒരു പ്രശ്നം തന്നെ. ഓലക്കെട്ടിടത്തെക്കുറിച്ച് ആളുകൾ ചിന്തിക്കുന്നതു തന്നെ ഒയച്കിതരായിട്ടാണ്. കാരണം വർഷത്തിലൊരിക്കൽ വന്നുവീഴുന്ന ആവർത്തന ചെലവായ ഓലക്കെട്ടു നടത്താൻ ജനങ്ങൾ വളരെ ബുദ്ധിമുട്ടുന്നു. നമ്മുടെ പഞ്ചായത്ത് പ്രദേശത്തുപോലും ആവശ്യത്തിന് ഓല ഇന്ന് ലഭ്യമല്ല. കാറ്റുവീഴ്ചയാലും രോഗമൂലവും തെങ്ങിന്റെ നാശം തന്നെ പ്രധാനകാരണം. ഓലയുടെ വിലയും കൂലിച്ചെലവും സാധാരണക്കാരന് താങ്ങാനാവാത്തവിധം ഉയർന്നുനിൽക്കുന്നു. ഇരുന്നൂറ് മടൽ ഓല കെട്ടുന്നതിന് ആയിരത്തിലധികം രൂപ വേണ്ടുന്ന അവസ്ഥ സാധാരണക്കാരന് താങ്ങാനാവാത്തവിധം ഉയർന്നു നിൽക്കുന്നു. ഇരുനൂറ് മടൽ ഓല കെട്ടുന്നതിന് ആയിരത്തിലധികം രൂപ വേണ്ടുന്ന അവസ്ഥ സാധാരണക്കാരണ് ഒരു ഭാരം തന്നെയാണ്. വല്ലവിധത്തിലും ഓല കെട്ടിയാലോ, ആറുമാസം ആകുന്നതിന് മുമ്പേ ചോർന്നൊലിക്കും. കാരണം ഓലയ്ക്ക് പഴയ ഗുണനിലവാരം ഇന്നില്ല. തെങ്ങിന്റെ രോഗം തന്നെ അതിന് കാരണം. അതുകൊണ്ടാണണ് ഓലകെട്ടിനെക്കുറിച്ച് മയപ്പാടോടെ ആളുകൾ ചിന്തിക്കുന്നത്. പക്ഷേ സമൂഹത്തിലെ നല്ലൊരു ശതമാനം ഒരു ഓലക്കെട്ടിടമെങ്കിലും ഒത്തുകിട്ടിയാൽ എന്ന് ആഗ്രഹിക്കുന്ന ഭൗതിക സാഹചര്യമാണ് ഇന്നന് പഞ്ചായത്തിലുള്ളത്. കോൺക്രീറ്റ് കെട്ടിടങ്ങളുണ്ടാക്കാൻ കഴിയാത്തവൻ ആഗ്രഹിക്കുന്നത് ഓടിട്ട കെട്ടിടങ്ങളാണ്. അതിന് പ്രധാനകാരണം ആവർത്തന ചിലവ് ഇല്ലെന്നതു തന്നെ. പക്ഷേ തടിയുടെ ലഭ്യത വലിയ പ്രശ്നമാണ്. കോൺക്രീറ്റ് കെട്ടിടങ്ങളേക്കാൾ ചിലവ് കുറച്ചുമതി. എന്നാൽ കാര്യമായ ഒരു വ്യത്യാസം ഉണ്ടെന്ന് പറയാനും പറ്റില്ല. ചിലവ് കുറച്ച കെട്ടിടനിർമ്മാണ സംവിധാനം പഞ്ചായത്തിൽ പ്രായോഗികമായി കഴിഞ്ഞിട്ടില്ല. ഉദാഹരണമായി നിർമ്മിതി കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണ രീതികൾ. അതിന്റെ സാദ്ധ്യത ആരായുകയും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ചിലവു കുറഞ്ഞ കെട്ടിട നിർമ്മാണ രീതികൾ പ്രചരിപ്പിക്കുകയും ചെയ്യണം. പഞ്ചായത്തിൽ ഇപ്പോഴുള്ള പാർപ്പിടങ്ങളുടെ സ്ഥിതി വിവരം പട്ടികയിൽ കൊടുക്കുന്നു.

ഈ സ്ഥിതിവിവരത്തിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്ന ഒരു വസ്തുത പഞ്ചായത്തിലെ പാർപ്പിടങ്ങളിൽ കൂടുതലും ഓലക്കെട്ടിടങ്ങളിലും തുടർന്ന് ഓടിട്ട കെട്ടിടങ്ങളുമാണെന്നാണ്. കോൺക്രീറ്റ് കെട്ടിടങ്ങൾ കുറവാണ്. പക്ഷേ ഈ അടുത്ത വർഷങ്ങളിൽ കോൺക്രീറ്റ് കെട്ടിടങ്ങളോട് പൊതുവേ അഭിനിവേശം കൂടുതലാണ്. എന്താണ് ഇതിന് കാരണം? കോൺക്രീറ്റ് കെട്ടിട നിർമ്മാണം പൊതുവെ എളുപ്പമായതുകൊണ്ടാണോ? ഒന്നിലധികം നിലകൾ ഉണ്ടാക്കാൻ കൂടുതൽ സൗകര്യം ഉള്ളതുകൊണ്ടാണോ? ഇതിലൊക്കെ ഉപരി തന്റെ സാമൂഹിക പദവി ഉയർത്താൻ കോൺക്രീറ്റ് കെട്ടിടം സഹായകമാവുന്നു എന്ന ധാരണയും ഒരു ഘടകമാണ്. നമ്മുടേതുപോലെയുള്ള സമശീതോഷ്ണ കാലാവസ്ഥകളിൽ കോൺക്രീറ്റ് കെട്ടിടങ്ങൾ കൂടുതൽ ചൂടുണ്ടാക്കാൻ മാത്രമേ പര്യാപ്തമാവൂ. നമുക്ക് ഏറ്റവും അനുയോജ്യമായ മേൽക്കൂര ഓലതന്നെയാണ്. പക്ഷേ അതുണ്ടാക്കുന്ന ആവർത്തന ചിലവ് ഒരു സാമ്പത്തിക ബാദ്ധ്യതയായി നമ്മെ പിന്തിരിപ്പിക്കുന്നു.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ ലഭ്യതയുടെ കാര്യത്തിൽ പഞ്ചായത്തിൽ പ്രശ്നങ്ങളില്ല. പക്ഷേ ഇടയ്ക്കിടയ്ക്ക് സിമന്റിന്റെ അഭാവം ഉണ്ടാകാറുണ്ട്. എങ്കിലും അത് അധികം നീണ്ടുനിൽക്കാറില്ല. എന്നാൽ ഈ സാമഗ്രികളുടെ വിപണന കേന്ദ്രങ്ങളെല്ലാം സ്വകാര്യമേഖലയിൽ മാത്രമാണ്. അത് ഗുണഭോക്താക്കളെ അമിത ചൂഷണത്തിന് വിധേയരാക്കുന്നില്ലേ എന്ന് സംശയിക്കേണ്ടതുണ്ട്. ഇതിന്റെ വിപണനത്തിന് ഒരു പൊതുമേഖല സംവിധാനം അനിവാര്യമാണ്. കുറഞ്ഞപക്ഷം സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലെങ്കിലും വിപണനകേന്ദ്രം ആലോചിക്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദന രംഗത്ത് പഞ്ചായത്ത് വളരെ പിന്നോക്കമാണ്. പാറപൊട്ടിക്കുന്ന ചില കേന്ദ്രങ്ങളുണ്ട്. ഹോളോബ്രിക്സ് നിർമ്മിക്കുന്ന ഒരു സ്വകാര്യ സ്ഥാപനവും ഉണ്ട്. ഇനി പഞ്ചായത്തിൽ സാദ്ധ്യതയുള്ള രണ്ട് നിർമ്മാണ പ്രവർത്തനങ്ങളാണ് മുടുകല്ലും, മെറ്റലും. രണ്ടും പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാൻ ഇടയുള്ളതാണ്. അത് പരിഹരിച്ച് ഇവയുടെ നിർമ്മാണ സാദ്ധ്യത ആരായേണ്ടതുണ്ട്.

കെട്ടിട നിർമ്മാണ തൊഴിൽ രംഗം വളരെ സജീവമാണ്. പലപ്പോഴും ഈ രംഗത്ത് തൊഴിലാളികളെ കിട്ടാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. പൊതുവെ, ഉയർന്ന കൂലിനിരക്കാണ് ഈ രംഗത്തെ തൊഴിലാളികൾക്ക് ലഭിക്കുന്നത്. ഈ തൊഴിൽ മേഖലയിലേക്ക് പുതിയ

തൊഴിലാളികളുടെ തള്ളിക്കയറ്റം ഉണ്ടാകുന്നു. എന്നിട്ടും ആവശ്യത്തിന് തൊഴിലാളികൾ പലപ്പോഴും ലഭ്യമല്ല. ആ പ്രശ്നം പരിഹരിക്കുന്നതിന് തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികളാണ്. അവരുടെ 'ഗൾഫ്' എന്നോ പറുദീസ എന്നോ പറയാവുന്ന ഭൂമിയാണുപോലും കേരളം. അവരുടെ നാട്ടിലെ കൂലിയേക്കാൾ ആകർഷകമായ കൂലി നിരക്കാണ്. അതികാധ്വാനത്തിലൂടെ കിട്ടുന്ന അധിക വേതനം. ഒരു ശരാശരി തമിഴന് മാസം 3000ലധികം രൂപ നാട്ടിൽ അയയ്ക്കാൻ കഴിയുന്നു. കേരളം തമിഴന്റെ 'ഗൾഫ്' തന്നെ. കോൺട്രാക്ട് അടിസ്ഥാനത്തിൽ പാർപ്പിട നിർമ്മാണം പഞ്ചായത്തിൽ വ്യാപകമായിട്ടില്ല. എന്നാൽ അപൂർവ്വും ചിലർ കോൺട്രാക്ട് അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണം നടത്തുന്നുണ്ട്.

ള്ള പ്രസിഡൻറ് ശ്രീ. ജി. ശിവദാസനാണ്. ഈ സൊസൈറ്റി ഇപ്പോൾ വാമനപുരം പഞ്ചായത്തിന്റെ അതിർത്തിയിലാണ് സ്ഥിതിചെയ്യുന്നത്. അവർ അവരുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തും എന്നതുകൊണ്ട് വിശദാംശങ്ങൾ ഇവിടെ ചർച്ച ചെയ്യുന്നില്ല.

പഞ്ചായത്തിൽ മുർബ്ബല വിഭാഗങ്ങൾ താമസിക്കുന്ന കോളനികളിലെ പാർപ്പിടപ്രശ്നം പരിഹരിയ്ക്കേണ്ടതുണ്ട്. ഹരിജൻ കോളനികളെക്കുറിച്ചുള്ള വിവരത്തിന് പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം നോക്കുക.

ഓരോ കോളനിയിലേയും സാമൂഹ്യ സാമ്പത്തിക സ്ഥിതി വിലയിരുത്തി മുൻഗണനാ ക്രമത്തിൽ പാർപ്പിടങ്ങൾ ലഭ്യമാക്കണം.

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഇനിൽകൂടുതൽ നിലവിലുള്ള കെട്ടിടങ്ങളുടെ എണ്ണം	കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
1	646	15	160	202	250	19
2	520	3	47	147	287	36
3	527	7	161	166	281	12
4	549	2	76	163	270	28
5	512	7	54	153	259	39
6	534	8	61	147	267	51
7	429	9	51	127	231	11
8	610	11	79	149	356	15
9	655	9	77	167	387	15
10	560	9	53	136	347	21
	5548	84	719	1557	2941	247

നമ്മുടെ പഞ്ചായത്തിൽ കെട്ടിട നിർമ്മാണത്തിന് ധനസഹായം നൽകുന്ന ഒരു സൊസൈറ്റി ഉണ്ട്. അതാണ് കല്ലറ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി. നമ്പർ ടി. 751 1980ൽ ഇത് പ്രവർത്തനം തുടങ്ങി. ആകെ 612 അംഗങ്ങളുള്ള ഈ സൊസൈറ്റിയുടെ നിലവിലു

നമ്മുടെ പഞ്ചായത്തിൽ ഐ. ആർ. ഡി. പി. സർവ്വെ പ്രകാരം വീട് ആവശ്യമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെയും അനുവദിച്ച വീടുകളുടേയും ഇനിയും വീട് ആവശ്യമുള്ള കുടുംബങ്ങ

ടേയും സ്ഥിതിവിവരം താഴെ കൊടുക്കുന്നു.

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (I.R.D.P.സർവ്വെ പ്രകാരം)	വിവിധ പദ്ധതികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	അനുവദിച്ചതിൽ ഇനിയും പൂർത്തീകരിക്കാനുള്ളവീട്	ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം
1	180	4	4	-	150
2	280	19	19	-	242
3	285	8	8	-	232
4	318	15	15	-	285
5	312	13	13	-	250
6	386	8	8	-	310
7	260	8	8	-	240
8	260	6	6	-	252
9	310	6	6	-	250
10	250	9	9	-	220
11	210	10	10	-	185

അവലംബം: സെക്രട്ടറി ഡേറ്റ

ഈ സ്ഥിതിവിവര കണക്കിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്ന വസ്തുത, നമ്മുടെ പഞ്ചായത്തിലെ പകുതിയോളം കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്നും അവർക്ക് പുതുതായി പാർപ്പിടം കണ്ടെത്തേണ്ടതുണ്ടെന്നുമാണ്. സംയോജിത ഭവന നിർമ്മാണ പദ്ധതിയൊക്കെ നടപ്പിലാക്കിയെങ്കിലും വളരെ മുന്നോട്ടുപോകാൻ നമുക്കായിട്ടില്ല. 92-93ൽ സംയോജിത ഭവന നിർമ്മാണ പദ്ധതിയിലൂടെ 12000/- വീതം മൂന്നു പേർക്കായി 36000/- രൂപ നൽകി. ഭൂരഹിതർ, ഭവന രഹിതർ പുനരധിവാസ പദ്ധതി അനുസരിച്ച് 92 -93ൽ 17,000/ വീതം രണ്ട് പേർക്ക് 34000 നൽകി. തീവ്ര സങ്കേത വികസന പരിപാടി അനുസരിച്ച് 92 - 93ൽ 1200/- വീതം രണ്ട് പേർക്ക് 24000/- നൽകി. 95 -96ൽ 12 പേർക്ക് 12000/ - വീതം 1,44,000/- നൽകി. ഈ സഹായധനങ്ങളൊക്കെ ആവശ്യവുമായി പരിഗണിക്കുമ്പോൾ തീരെ അപര്യാപ്തമാണെന്ന് പറയേണ്ടതില്ലല്ലൊ. ഒന്ന് നമുക്ക് ഉറപ്പിക്കേണ്ടതുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെ നിൽക്കുന്നവരുടെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിയുന്ന സൂക്ഷ്മക്ഷേമ പരിപാടകൾ ആസൂത്രണം ചെയ്ത് മതിയാവൂ. അതിലൂടെ ഒരു പാർപ്പിടത്തിനുള്ള അടിസ്ഥാനവും. അല്ലാതെ ഒരു സർക്കാരിനും ആവശ്യമുള്ളവർക്കൊക്കെ വീട് നൽകാനാവില്ല.

പ്രശ്നങ്ങൾ

- കെട്ടിട നിർമ്മാണ സാമഗ്രികളുടേയും ഭൂമിയുടേയും വിലക്കയറ്റം
- കോളനികളിൽ പശ്ചാത്തല സൗകര്യങ്ങളില്ലാത്ത അവസ്ഥ.
- ചിലവുകുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന് വിദഗ്ധരുടെ അഭാവം

- ഹൗസിംഗ് സൊസൈറ്റികളുടെ പ്രശ്നങ്ങൾ
- വായ്പകൾ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് കിട്ടുന്നതിനുള്ള ബുദ്ധിമുട്ട്

സാദ്ധ്യതകൾ

- ഹൗസിംഗ് സൊസൈറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി
- കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലകുറയ്ക്കാനുള്ള പരിപാടി
- ചിലവ് കുറഞ്ഞ നിർമ്മാണ രീതികളുടെ പ്രചരണം
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ പ്രത്യേക ഭവന നിർമ്മാണ പരിപാടി. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലൂടെ വരുമാനം വർദ്ധിപ്പിച്ച് പാർപ്പിടത്തിന് അടിസ്ഥാനം ഇടണം.
- ഭവന നിർമ്മാണത്തിന് സബ്സിഡിയോടെ കൂടുതൽ വായ്പാസൗകര്യങ്ങൾ
- ഭവന നിർമ്മാണത്തിന് സന്നദ്ധസംഘങ്ങളുടേയും ധനകാര്യ സ്ഥാപനങ്ങളുടേയും കൂട്ടായ യത്നം.

സാമൂഹ്യക്ഷേമം

ഒരു രാജ്യത്തിന്റെ പൊതുവായ വികസനത്തിൽ നിന്ന് അതിന്റെ പിന്നാംപുറങ്ങളിലേക്ക് തള്ളപ്പെട്ടുപോകുന്ന ജനങ്ങൾ ആ രാജ്യത്തിന് ഒരു ബാദ്ധ്യതയാണ്. ആ ജനസംഖ്യയുടെ തോത് അനുസരിച്ചാണ് ഒരു രാഷ്ട്രത്തിന്റെ വികസനത്തെ വിലയിരുത്തേണ്ടത്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ദാരിദ്രരേഖയ്ക്ക് താഴെയുള്ള ജനങ്ങൾ 40 ശതമാനത്തിന് മുകളിലാണ്. കേരളവും നമ്മുടെ ഗ്രാമപഞ്ചായത്തും ആ സ്ഥിതിയിൽനിന്നും ഒട്ടും വ്യത്യസ്ഥമാകാൻ ഇടയില്ല. തൊഴിലില്ലായ്മയും ദാരിദ്ര്യവും ഓരോ പഞ്ചവത്സര പദ്ധതികൾ കഴിയുന്തോറും കുറഞ്ഞുവരുന്ന പ്രവണതയല്ല കാണുന്നത്. തൊഴിൽശേഷിയുള്ള ജനങ്ങളുടെ ശേഷി പ്രയോജനപ്പെടുത്താൻ ആവില്ലല്ലോ. ആദ്യത്തെ മൂന്ന് പഞ്ചവത്സര പദ്ധതികളുടേയും ലക്ഷ്യം ഉൽപ്പാദനവും ദേശീയ വരുമാനവും വർദ്ധിപ്പിക്കുക എന്നതായിരുന്നു. ഉൽപ്പാദന വർദ്ധനവുണ്ടായി. പക്ഷെ അതിന്റെ പ്രയോജനം പാവപ്പെട്ടവനിലേക്ക് കനിഞ്ഞിറങ്ങിയില്ല. നാലാം പദ്ധരിമുതൽ ആസൂത്രണത്തിന്റെ സമീപനത്തിൽ മാറ്റംവരുകയും ദാരിദ്ര്യ നിർമ്മാർജനം ഒരു ലക്ഷ്യമായി അംഗീകരിക്കുകയും ചെയ്തു. അങ്ങനെയാണ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് ആസൂത്രണത്തിൽ സ്ഥാനം കിട്ടിയത്. ദാരിദ്ര്യത്തെ നേരിട്ട് ആക്രമിക്കുക എന്ന തന്ത്രത്തിലൂടെ ദാരിദ്ര നിർമ്മാർജ്ജന സമീപനങ്ങൾ പദ്ധതികളുടെ ഭാഗമായി.

പാവപ്പെട്ടവർക്ക് മാത്രം പ്രയോജനം കിട്ടുന്ന സാമൂഹ്യ ആസ്ഥികളാണ് ദാരിദ്ര്യ നിർമാർജ്ജന പദ്ധതിയിലൂടെ നിർമ്മിയ്ക്കേണ്ടത്. പക്ഷേ ഇത്തരം പദ്ധതികളുടെ ഗുണഫലങ്ങൾ ഏറിയപങ്കും മദ്ധ്യവർഗ്ഗമോ, മേലേക്കിടയിലുള്ളവരോ തട്ടിയെടുക്കുന്നു. നമ്മുടെ വികസനത്തിന്റെ ദിശാബോധം ഇപ്പോഴും സമൂഹത്തിലെ അടിസ്ഥാന വർഗ്ഗത്തെ ലക്ഷ്യമാക്കിയല്ല രൂപപ്പെടുന്നത്. കൂറ്റൻ വ്യവസായശാലകൾ, കൂറ്റൻ നഗരങ്ങൾ, ഗവേഷണ കേന്ദ്രങ്ങൾ, ആണവോർജ്ജം ഇങ്ങനെയാണ് വികസനത്തിന്റെ തന്ത്രം ഇപ്പോഴും മെനയുന്നത്. പലരംഗത്തും ഇതിനകം പുരോഗതി കൈവരിച്ചു എന്നത് വസ്തുതയാണ്. പക്ഷെ തൊഴിൽ, പാർപ്പിടം, കുടിവെള്ളം, ആരോഗ്യം, കുട്ടികളുടെ ഭാവി ഒക്കെ പ്രശ്നങ്ങളായി തുടരുകയാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ അപേക്ഷിച്ച് വൻകിട ആശുപത്രികൾക്കും, പ്രാഥമിക വിദ്യാലയങ്ങളെ അപേക്ഷിച്ച് സർവ്വകലാശാലകൾക്കും അങ്ങനെ സമ്പന്നർക്ക് അനുകൂലമായിട്ടാണ് പദ്ധതികൾ രൂപപ്പെടുന്നത്. നാട്ടിൻപുറത്തെ ജീവിതനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് ജവഹർ യോസ്ഗാർ യോജന എന്ന തൊഴിൽ പദ്ധതികൾ ആരംഭിച്ചത്. കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുകയും പാവപ്പെട്ടവർക്ക് നേരിട്ട് പ്രയോജനം കിട്ടുന്ന സ്ഥായിയായ സാമൂഹ്യ ആസ്ഥികൾ നിർമ്മിക്കുകയും ഇതിന്റെ ലക്ഷ്യമായിരുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനം സാമൂഹ്യനീതിയുടെ പ്രശ്നമാണെന്ന കാഴ്ചപ്പാട് സ്വീകരിയ്ക്കേണ്ടതുണ്ട്.

ഇനി നമ്മുടെ ഗ്രാമപഞ്ചായത്തിൽ I.R.D.P സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണവും അവർക്കുവേണ്ടി ചെയ്തിട്ടുള്ള സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചും വിശകലനം ചെയ്യാം. (പട്ടിക -1 നോക്കുക).

പഞ്ചായത്തിൽ ആകെയുള്ള കുടുംബങ്ങളിൽ ഭൂരിപക്ഷവും ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്ന് സ്ഥിതിവിവരം വ്യക്തമാക്കുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 3653 കുടുംബങ്ങളിൽ ഇതുവരെ സഹായം ലഭിച്ചത് 301 കുടുംബങ്ങൾക്കാണ്. അതിൽ തന്നെ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിക്കാൻ കഴിഞ്ഞ കുടുംബങ്ങൾ 244 എണ്ണവും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ആശാവഹമായ രീതിയിലല്ല നടക്കുന്നതെന്ന് വ്യക്തം.

പട്ടിക - 1

വാർഡ്	സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാന്ത്വനിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയവർ	ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആകെ കുടുംബാംഗങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	322	20	27	9	20	302
2	341	84	28	14	22	319
3	316	18	26	10	24	292
4	386	90	27	13	22	364
5	359	80	30	15	26	333
6	451	85	26	10	21	430
7	351	65	25	12	20	331
8	350	60	30	15	24	326
9	411	55	28	14	22	389
10	83	30	28	8	23	60
11	283	40	26	14	20	261
	3653	627	301	134	244	3409

അവലംബം: സെക്കൻറി ഡേറ്റ

തൊഴിൽ രഹിതവേതനം

കല്ലറ വില്ലേജിൽ നിന്നും 1989 മുതൽ 1994 വരെ തൊഴിൽ രഹിതവേതനം കൈപ്പറ്റിയവരുടെ വിവരം താഴെ കൊടുക്കുന്നു.

വേതനത്തിന് അപേക്ഷിച്ച വർഷവും വില്ലേജും	മൊത്തംകിട്ടിയ അപേക്ഷകൾ	അനുവദിച്ച അപേക്ഷകൾ	നിരസിച്ച അപേക്ഷകൾ	തീരുമാനം ആകാത്തവ
കല്ലറ - 1989	84	46	25	13
കല്ലറ - 1990	119	92	16	11
കല്ലറ - 1991	132	81	13	38
കല്ലറ - 1993	141	51	11	79
കല്ലറ - 1994	96	7	-	89

അവലംബം: സെക്കൻറി ഡേറ്റ

തൊഴിൽ രഹിത വേതനത്തിനുള്ള അപേക്ഷകൾ മുൻവർഷങ്ങളെ അപേക്ഷിച്ച് ഗണ്യമായി 1994ൽ കുറഞ്ഞിരിക്കുന്നു. തൊഴിലില്ലായ്മയുടെ തോത് കുറഞ്ഞതുകൊണ്ട് അപേക്ഷകളുടെ എണ്ണം കുറഞ്ഞതാണോ? അങ്ങനെയാകാൻ ഇടയില്ലെന്ന് അനുഭവങ്ങൾ തെളിയിക്കുന്നു. അപേക്ഷിക്കുന്ന അപേക്ഷകളിൽ പകുതിയിൽ താഴെ മാത്രമേ തൊഴിൽ രഹിത വേതനത്തിന് അനുവദിച്ചുള്ളു. ബാക്കിയുള്ള 89 എണ്ണത്തിനും ഇതുവരെ തീരുമാനം ആയിട്ടില്ല. അപേക്ഷിച്ച് രണ്ടുവർഷം കഴിഞ്ഞിട്ടും ഇത്രയും അപേക്ഷകളിൽ തീരുമാനം ആകാതിരിക്കുന്നത് ദുരൂഹമായിരിക്കുന്നു. അപേക്ഷകളുടെ എണ്ണം കുറയാനുള്ള കാരണവും ഇതാണോ? പരിശോധിയ്ക്കേണ്ടതുണ്ട്. 1994 വർഷത്തിൽ കല്ലറ വില്ലേജിൽ തൊഴിൽ രഹിത തേവനം ലഭിച്ചവർ 7 പേർ മാത്രമേയുള്ളു എന്നറിയുക. 1992 വർഷത്തെ സ്ഥിതിവിവരം ലഭ്യമായ ഡേറ്റയിൽ കാണുന്നില്ല. തൊഴിൽ രഹിതവേതനം നൽകുന്നതിൽ ഗണ്യമായ കാലതാമസം ഉണ്ടായിരുന്നു. അത് പരിഹരിക്കേണ്ടതാണ്.

ആതുരപെൻഷൻ

ക്ഷയരോഗ പെൻഷൻ – 7
കാൻസർ പെൻഷൻ – 5
കുഷ്ഠരോഗ പെൻഷൻ – 1
വികലാംഗ പെൻഷൻ – 90

കർഷക തൊഴിലാളി പെൻഷൻ

കല്ലറ പഞ്ചായത്തിൽ നിന്ന് കർഷക തൊഴിലാളി പെൻഷൻ വാങ്ങുന്നവരുടെ വിവരം ലഭ്യമായിട്ടുണ്ട്. 60 വയസ്സുകഴിഞ്ഞ കർഷകതൊഴിലാളികൾക്ക് നൽകിവരുന്ന വേതനമാണിത്. അതിന്റെ വിവരം താഴെ ചേർക്കുന്നു

പട്ടിക3

മാസങ്ങൾ	പെൻഷൻ ലഭിച്ചവർ
10/93 to 12/93	518
1/94 to 3/94	517
4/94 to 6/94	495
7/94 to 9/94	495
10/94 to 12/94	495
1/95 to 3/95	486
4/95 to 6/95	470
7/95 to 9/95	475

അവലംബം: സെക്കൻറി ഡേറ്റ

വേതനം പറ്റുന്ന കർഷകതൊളികളുടെ എണ്ണം കുറഞ്ഞുവരുന്നയായി രേഖസുചിപ്പിക്കുന്നു. കർഷകതൊളിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നു എന്നത് വസ്തുതയാണ് പാടത്ത് പണിയെടുക്കേണ്ട പല തൊഴിലുകർക്കും പഞ്ചായത്തിൽ ഇന്ന് കൃഷി തൊളിലാളികളുടെ അപര്യാപ്തത ഉണ്ട്. പലപ്പോഴും അമിതമായ കൂലികൊടുക്കാനും കർഷകർ നിർബന്ധിരാക്കുന്നു. കൃഷി അനാകർഷകമാക്കുന്നു ഒരു രംഗമാണിത്.കൂടുതൽ പഠനവും ശ്രദ്ധയും ഈ കാര്യത്തിലുണ്ടാകണം.

കാർഷിക തൊളിലാളി ക്ഷേമനിധി

കല്ലറപഞ്ചായത്തിലെ കർഷകതൊഴിലാളി ക്ഷേമനിധിയിൽ 1600 അംഗങ്ങളുണ്ട്. ഇവരിൽ പകുതി അംഗങ്ങളും മാസവരിയായ 2രൂപ കുടിശ്ശിക വരുത്തിയിരിക്കുന്നു. 18 വയസ്സ് മുതൽ 57 വയസ്സ്വരെയുള്ളവർക്ക് ക്ഷേമനിധിയിൽ അംഗങ്ങളുമായി ചേരാവുന്നതാണ്. മുടങ്ങാതെ ക്ഷേമനിധി അടയ്ക്കുന്നവർക്ക് 60 വയസ്സാക്കുമ്പോൾ 25000 രൂപ വരെ ലഭിക്കുവാൻ അർഹതയുണ്ട്.

ട്രൈസം തൊഴിലാളിപരിപാലനം

ദുർബ്ബലവിഭാഗങ്ങളിലെ തൊഴിൽരഹിതർക്ക് തൊഴിൽ പരിശീലനം നൽകി ഉല്പാദനം പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുകയാണ് ട്രൈസ്രം തൊഴിൽ പരിശീലനം കൊണ്ട് ഉദ്ദേശിക്കുന്നത്. കുടുംബങ്ങളുടെ വരുമാനം ഉയർത്തിക്കൊണ്ട് ദാരിദ്ര്യരേഖയുടെ കീഴിൽ നിന്ന് മുകളിലെത്തിക്കുക എന്ന ലക്ഷ്യവും ഈ പരിപാടിക്കുണ്ട്. നമ്മുടെ പഞ്ചായത്തിൽ നിന്ന് ഇങ്ങനെ തൊഴിൽ പരിശീലനം ലഭിച്ചവരുടെയും സ്വയം തൊഴിൽ കണ്ടെത്തിയവരുടെയും എണ്ണം താഴെ ചേർക്കുന്നു.(പട്ടിക 4 കാണുക)

പട്ടികയിൽ നിന്ന് വ്യക്തമാകുന്ന വസ്തുത, ആകെ 12 പേർക്കാണ്. നമ്മുടെ പഞ്ചായത്തിൽ ട്രൈസം പരിശീലനം നൽകിയത്. നെയ്ത്ത്, ടൈപ്പറൈറ്റിഗ്, മോട്ടർ മെക്കാനിസം എന്നീ തൊഴിൽ മേഖലകളിലാണ് പരിശീലനം നൽകിയത്. അതിൽ 5 പോർക്ക് മാത്രമേ സ്വയം തൊഴിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളു. അവശേഷിക്കുന്ന 7 പേർ പരിശീലനം ലഭിച്ചതൊഴിൽ ഉപേക്ഷിച്ച് മറ്റ് തൊഴിൽ മേഖലകളിലണ് പണിയെടുക്കുന്നത്. ചുരുക്കത്തിൽ ട്രൈസ്രം തൊഴിൽ പരിശീലനം കൊണ്ട് ലഷ്യത്തിലെത്താൻ കഴിഞ്ഞില്ല എന്നു മാത്രമല്ല,സമൂഹത്തിന്റെ ആവശ്യകതയുമായി തട്ടിച്ചുനോക്കിയാൽ കടലിൽ കായം കലക്കിയ അനുഭവമാണ് ഉണ്ടായിട്ടുള്ളത്.

DWCRA പദ്ധതിപ്രകാരം രൂപപ്പെട്ടതൊഴിൽ സംരംഭങ്ങൾ

തൊഴിൽ അധിഷ്ഠിത ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായങ്ങളും മറ്റാനുകൂല്യങ്ങളും നൽക്കുന്നതിന് ഏർപ്പെടുത്തിട്ടുള്ള പദ്ധതിയാണ് DWCRA. ഇത് പ്രകാരം ധാരാളം തൊഴിൽ അവസരങ്ങൾ ഗ്രാമപ്രദേശങ്ങളിൽ സൃഷ്ടിക്കാൻ കഴിയുമെന്നാണ് കരുതിയിരുന്നത്. പക്ഷേ വിഭാവനം ചെയ്തതു പോലെ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞില്ല. ആരംഭിച്ച തൊഴിൽ സംരംഭങ്ങൾ മിക്കതും ലാഭകരമല്ലാതെ പ്രവർത്തന രഹിതമായിക്കൊണ്ടിരിക്കുന്നു. ഈ പദ്ധതി പ്രകാരം നമ്മുടെ പഞ്ചായത്തിൽ ഒമ്പതാം വാർഡിൽ ഒരു ഡയറി യൂണിറ്റാണ് ആകെ ആരംഭിച്ചിട്ടുള്ളത്. 1995 – 96ൽ ആരംഭിച്ച ഈ ഡയറി യൂണിറ്റിൽ എട്ടംഗങ്ങൾ പ്രവർത്തിയെടുക്കുന്നു. പ്രവർത്തനം പൊതുവെ തൃപ്തികരമാണെന്ന് കരുതപ്പെടുന്നു.

ഭവന നിർമ്മാണം

ദുർബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം ലഭിക്കാറുണ്ട്. അതനുസരിച്ച് 144 വീടു

പട്ടിക – 4

വാർഡ്	പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
1	ഇല്ല	-	-	-	-
2	നെയ്ത്ത്	1	1	-	-
3	ഇല്ല	-	-	-	-
4	1. നെയ്ത്ത് 2. ടൈപ്പ് റൈറ്റിംഗ് 3. മോട്ടോർ മെക്കാനിസം	1 1 1	- - -	1 1 1	- - -
5	നെയ്ത്ത്	1	1	-	-
6	നെയ്ത്ത്	1	-	1	-
7	നെയ്ത്ത്	1	-	1	-
8	1. നെയ്ത്ത് 2. റൈപ്പ് റൈറ്റിംഗ്	1 1	- -	1 1	-
9	-	-	-	-	-
10	-	-	-	-	-
11	1. നെയ്ത്ത് 2. മോട്ടോർ മെക്കാനിസം	2 1	2 1	- -	- -

കളാണ് പണികഴിപ്പിച്ചിട്ടുള്ളത്. ഇത് ആവശ്യകതയുമായി തട്ടിച്ചുനോക്കിയാൽ അപര്യാപ്തമാണെന്ന് വ്യക്തമാകും. ഭവന നിർമ്മാണത്തിന്റെ വിശദവിവരം പാർപ്പിടം എന്ന അദ്ധ്യായത്തിൽ പട്ടികയായി കൊടുത്തിട്ടുണ്ട്.

കക്കൂസുകളുടെ നിർമ്മാണം

ഗ്രാമപ്രദേശങ്ങളിൽപ്പോലും സാമൂഹിക ജീവിതം കോളനിവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടു തന്നെ മാലിന്യ നിർമാർജ്ജനവും പരിസരശുചിത്വവും നിലനിർത്തേണ്ട ആവശ്യകത ഏറിക്കൊണ്ടിരിക്കുന്നു. അതിന് ഏറ്റവും പ്രാധാന്യം നൽകേണ്ട ഒന്നാണ് മനുഷ്യ വിസർജ്യങ്ങളുടെ മറവു ചെയ്യൽ. അതിന് ഓരോ വീട്ടിലും കക്കൂസ് കൂടിയേ തീരൂ. പല പകർച്ചവ്യാധികളും ജലജന്യരോഗങ്ങളും ഉണ്ടാകുന്നത് കക്കൂസില്ലായ്മയിൽ നിന്നാണ് എന്നത് ഒരു വസ്തുതയാണ്. നമ്മുടെ പഞ്ചായത്തിലെ കക്കൂസുകളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു. (പട്ടിക 5 കാണുക)

ദുർബ്ബല വിഭാഗങ്ങൾക്ക് ഇതുവരെ അനുവദിച്ച കക്കൂസുകൾ 89 ആണ്. അതിൽ പൂർത്തിയായിട്ടുള്ളത് 85. ഇനിയും 3002 വീടുകൾക്ക് കക്കൂസുകൾ ഉണ്ടാവണം. ഒരു വലിയ വികസന പ്രതിസന്ധിതന്നെയാണ് അത്. പരിഹരിക്കാതെ നമ്മുടെ രോഗാതുരയുടെ തോത് കുറക്കാനാവില്ല.

CCS for SF/MF പരിപാടികൾ അനുസരിച്ചുള്ള ആസ്തികൾ

മേൽ പരിപാടി അനുസരിച്ച് പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള കിണറുകൾ, കുളങ്ങൾ, വാട്ടർ ടാങ്കുകൾ, പമ്പ് ഹൗസുകൾ, പമ്പു സെറ്റുകൾ തുടങ്ങിയവയുടെ വിവരങ്ങൾ പട്ടിക 6ൽ കൊടുത്തിരുക്കുന്നു.

പട്ടിക – 5

വാർഡ്	സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (I.R.D.P. സർവ്വേ)	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം	പൂർത്തീകരിച്ചവയുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
I	300	15	14	250
II	312	5	4	280
III	246	7	7	285
IV	356	6	6	315
V	318	22	21	300
VI	400	9	8	380
VII	285	3	3	251
VIII	286	4	4	240
IX	385	4	4	360
X	283	4	4	201
XI	150	10	10	140
	3321	89	85	3002

പട്ടിക – 6
വാർഡ് ആസ്തികളുടെ എണ്ണം, അളവ്

ക്രമ നം.	പരിപാടി നടപ്പിലാക്കിയ കാലയളവിൽ നിർമ്മാണം പൂർത്തിയാക്കിയ ആസ്തികൾ	1	2	3	4	5	6	7	8	9	10	11	ആകെ
1	കിണറുകൾ	-	2	-	-	5	3	-	-	-	1	1	12
2	കുളങ്ങൾ	-	-	-	-	-	-	-	-	-	-	-	-
3	പമ്പു സെറ്റുകൾ	8	10	9	12	20	15	12	11	6	8	12	123
4	വാട്ടർ ടാങ്കുകൾ	1	2	3	-	5	3	-	-	-	1	1	16
5	പമ്പ് ഹൗസുകൾ	1	2	3	-	5	3	-	-	-	1	1	16
	ജലസേചനം നടത്തിയ കൃഷി ഭൂമിയുടെ അളവ്(ഏക്കറിൽ)	8	10	10	15	21	18	15	11	5	10	15	-

കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ (R.A.P.)

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി അനുസരിച്ച് ഈ പഞ്ചായത്തിന്റെ ചിലർക്ക് ലഭ്യമായിട്ടുണ്ട്. അതിന്റെ വിവരങ്ങൾ താഴെ രേഖപ്പെടുത്തുന്നു (പട്ടിക – 7 കാണുക).

ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം പഞ്ചായത്തിൽ 229 കൈത്തൊഴിലുകാരുണ്ട്. അതിൽ 96 പേർക്ക് മാത്രമേ സഹായം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുള്ളു. ഇനിയും 205 പേരെ കൈത്തൊഴിലുകാർക്ക് സഹായം ലഭിക്കാനർഹതയുണ്ട്. ആവശ്യാനസുരണം ഫണ്ട് ലഭിക്കാത്തതുകൊണ്ട് സഹായം എത്തിക്കാൻ കഴിയുന്നില്ല.

അംഗൻവാടികൾ

പഞ്ചായത്തിൽ 24 അംഗൻവാടികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ ചിലതിന് സ്വന്തമായി കെട്ടിടം ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട് ചിലത് ഇപ്പോഴും അനാരോഗ്യകരമായ അന്തരീക്ഷത്തിലാണ് പ്രവർത്തിക്കുന്നത്. വിശദവിവരങ്ങൾ വനിതാക്ഷേമ അദ്ധ്യായത്തിൽ കാണാം.

കുഴൽ കിണറുകൾ, കിണറുകൾ, തോടുകൾ, കുളങ്ങൾ

പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള പൊതു കിണറുകൾ കുളങ്ങൾ, കിണറുകൾ, തോടുകൾ എന്നിവയുടെ വിവരം പട്ടിക – 8ൽ കൊടുക്കുന്നു. ഇവയിൽ പലതും ഉപയോഗയോഗ്യമല്ല. പ്രധാനമായി കുഴൽ കിണറുകളിൽ നിന്ന് തുരുമ്പു കലർന്ന വെള്ളമാണ് ലഭിക്കുന്നത് അത് കുടിക്കാൻ പറ്റിയതല്ല. ഓരോ വാർഡിലും ഇവയുടെ ആസ്തിയെക്കുറച്ചുള്ള വിവരം പട്ടിയിൽ കാണാം.

പട്ടിക – 7

വാർഡ് നമ്പർ	I.R.D.P. സർവ്വേപ്രകാരം പ്രാചീന കൈത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം	കുറിപ്പ്
I	25	1	15	ആധുനിക ഉപകരണങ്ങൾ ലഭിച്ചവരുടെ എണ്ണം
II	23	1	18	
III	15	-	15	
IV	23	1	20	
V	19	2	17	
VI	25	-	25	
VII	20	-	20	
VIII	21	2	19	
IX	19	1	18	
X	19	-	19	
XI	20	1	19	
	229	9	205	

പട്ടിക – 8

വാർഡ്	കുഴൽകിണറുകൾ	കുളങ്ങൾ	തോടുകൾ	കിണറുകൾ
1 കല്ലറ	1. തിരുപ്പട്ടി ആപ്പിസ് ജംഗ്ഷൻ 2. താവേലി സ്റ്റോർ ജംഗ്ഷൻ	1. മുഞ്ഞാണിക്കര 2. വളക്കുഴിപച്ച 3. താഹസിൽ	1. വെള്ളംകുടി – തുമ്പോട് ഏല 2. പനച്ചമൂട് ഏല 3. വളക്കുഴിപച്ച ഏല	പഞ്ചായത്താപ്പീസ് കോമ്പൗണ്ട് 2 എണ്ണം പാറ മുകളിൽ – 2 എണ്ണം
2 പാൽക്കുളം	1. പട്ടറ അംഗൻവാടി 2. വാഴത്തോപ്പ് പച്ചക്കുന്നിൽ	1. കാപ്പിവിള	1. പാൽക്കുളം ഏല 2. കാപ്പിവിള ഏല	1. പട്ടറ അംഗൻവാടി 2. വഴിക്കുപ്പാമൂട് 3. കെ. ടി. കുന്ന് – കുടുംബ ക്ഷേമ കെട്ടിട കിണർ
3 തുമ്പോട്	1. തറട്ട ജംഗ്ഷൻ	1. തുമ്പോട് ആശുപത്രിക്ക് താഴെ 2. തുമ്പോട് ചിറ 3. കോട്ടുർ	1. പള്ളിമുക്ക് ഏല 2. പഴയ ചന്ത – നെല്ലിട പ്പാറ ഏല 3. തൈലോട്ടുകോണം ഏല	1. തറട്ട പി.എച്ച് സെന്റർ 2. താഹസിൽ
4 കുറുമ്പയം	1. വെള്ളംകുടി എ. കെ.ജി. കോളനി 2. പാട്ടറ ജംഗ്ഷൻ	1. ഒഴുകുംപാറ 2. വെള്ളംകുടി	1. ഒഴുകുംപാറ കുഴിവിള ഏല 2. പാട്ടറ പുതക്കുഴി ഏല 3. കയിയ്ക്കം പുതക്കുഴി ഏല 4. കുറുമ്പയം ഏല	1. പാട്ടറ 2. പച്ചയിൽകുന്നിൽ 3. കുറുമ്പയം സ്കൂൾ ജംഗ്ഷൻ 4. കുറുമ്പയം അംഗൻവാടി 5. വെട്ടുവിള 6. പുട്ടയിൽക്കോവ് 7. വെള്ളംകുടി 8. വെള്ളംകുടി എ. കെ. ജി. സെന്റർ 9. കഴുകൻപച്ച അംഗൻവാടി
5 തെങ്ങുംകോട്	1. തെങ്ങുംകോട്	1. തെങ്ങുംകോട് ഏലാക്കുളം	1. തെങ്ങുംകോട് കുറക്കോ ട് ഏല	1. പുല്ലിമാത്ത് കുന്ന് കോളനി–2 2. നാലുസെന്റ് കോളനി –1 3. മഹാത്മാഗാന്ധി കോളനി–1 4. തെങ്ങുംകോട് യു. പി. എസ്.–1
6 പെരുവാളം	1. പെരുവാളം ജംഗ്ഷൻ 2. പെരുവാളം ഹരിജൻ കോളനി 3. ഉണ്ണാംപാറ	—	1. പെരുവാളം ഏല 2. വെട്ടുമുട്പാല	1. പെരുവാളം ലക്ഷംവീട് 2. പെരുവാളം ഹരിജൻ 3. തെങ്ങുംതേരിക്കുന്ന്
7 പരപ്പിൽ	1. കോടാംപ്പാച്ചി 2. ചന്തയിൽത്തടം	1. കോടാംപ്പാച്ചി	1.ആനക്കുഴി പരപ്പിൽ ഏല 2. പരപ്പിൽ സ്കൂൾ ജംഗ്ഷൻ 3. കോടാംപ്പാച്ചി 4. ചന്തയിൽകോട് താന്നിക്കുന്ന് – തെങ്ങുംകോട് ഏല 5. കുന്നുർ ചെപ്പിലാട് ഏല	1. പരപ്പിൽ ബസ്സ്റ്റാൻഡ്–1 2. പരപ്പിൽ സ്കൂൾ ജംഗ്ഷൻ –1 3. ചന്തയിൽകോട് – 1 4. പരപ്പിൽ അംഗൻവാടി – 1 5. ചന്തയിൽത്തടം – 1

8 മുതുവിള	1. മുതുവിള 2. താണംകോട്	1. നാണംകോട്	1. ഇടത്തട്ട് കുറക്കോട് ഏല 2. മുതുവിള കല്ലുവരമ്പ് കോട്ടയിൽ 3. പച്ചള്ളൂർ പേപ്പിലോട് തെങ്ങുംകോട് കുറക്കോട് ഏല	1. അന്തിക്കട ജംഗ്ഷൻ 2. കല്ലുവരമ്പ് കിണർ 3. മുതുവിള കോളനി 4. മുതുവിള ബാലവാടി 5. നാണംകോട്
9 അരുവിപ്പുറം	1. മരുതുംമൂട്	-	1. കരിച്ചാണംഏല 2. പാലോട്ടുകോണം ഏല 3. കടുവാക്കുഴിക്കര ഏല	1. അരുവിപ്പുറം സ്കൂൾ 2. ചാണിൽ 3. മരുതുംമൂട് ചന്ത
10 മിതൃമല	1. മിതൃമല	-	കരിച്ചാണംഏല	-

വിധവാ പെൻഷൻ, വാർദ്ധക്യ പെൻഷൻ

വിധവ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല. അവയ്ക്കുള്ള ഫോറങ്ങൾ ബന്ധപ്പെട്ട ആപ്പീസിൽ നൽകിയെങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല.

മിശ്ര വിവാഹിതർക്കുള്ള സാമ്പത്തിക സഹായം

മിശ്രവിവാഹിതരായ പട്ടികജാതിക്കാർക്ക് 93 - 94ലും 94 - 95ലും ഓരോ ആൾക്ക് 2000 രൂപവീതം താലൂക്ക് പട്ടികജാതി വികസന ആപ്പീസിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.

പെൺമക്കളുടെ വിവാഹത്തിനുള്ള സാമ്പത്തിക സഹായം

പട്ടികജാതിക്കാരുടെ പെൺമക്കൾക്ക് വിവാഹത്തിന് സാമ്പത്തിക സഹായം നൽകുന്ന പരിപാടി താലൂക്ക് വികസന ആപ്പീസ് മുഖാന്തിരം നടത്തി വരുന്നുണ്ട്. 1992 - 93 വർഷത്തിൽ ഒരു കുടുംബത്തിനും 94 - 95 വർഷത്തിൽ മറ്റൊരു കുടുംബത്തിനും 2000 രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്.

ഓലമേയുന്നതിനുള്ള ധനസഹായം

പട്ടികജാതിക്കാർക്ക് ഓലമേയുന്നതിന് ധനസഹായം നൽകുന്ന പരിപാടി താലൂക്ക് വികസന ആപ്പീസ് മുഖാന്തിരം നടത്തിവരുന്നുണ്ട്. 93 - 94, 94 - 95 എന്നീ വർഷങ്ങളിൽ 500 രൂപാവീതം ഓരോ കുടുംബത്തിനും നൽകിയിട്ടുണ്ട്.

രോഗ ചികിത്സക്ക് ധനസഹായം

ക്ഷയരോഗത്തിന് ഒരാൾക്കും അർബുദത്തിന് ഒരാൾക്കും വികലാംഗ പെൻഷൻ 90 പേർക്കും വിതരണം ചെയ്തു വരുന്നുണ്ട്. വിവിധ സാമൂഹ്യക്ഷേമ പരിപാടികൾ സാമൂഹ്യ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിവരുന്നുണ്ട്. അവയെക്കുറിച്ച് പഞ്ചായത്തിൽ ആർക്കൊക്കെ ധനസഹായം ലഭിച്ചിട്ടുണ്ട് എന്നറിവില്ല. അതിന്റെ രേഖകൾ ഓഫീസിൽ നിന്ന് ലഭിച്ചിട്ടില്ല. അത്തരം പദ്ധതികളാണ് താഴെ ചേർക്കുന്നത്.

1. വികലാംഗർക്ക് യാത്രാബത്ത.
2. വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്.
3. വികലാംഗ വിദ്യാർത്ഥികൾക്കുള്ള സംസ്ഥാന സ്കോളർഷിപ്പ്
4. തൊഴിൽ പരിശീലനത്തിനുള്ള സംസ്ഥാന സ്കോളർഷിപ്പ്
5. ബുദ്ധിമാന്ദ്യം സംഭവിച്ച വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
6. തൊഴിൽ പരിശീലനത്തിനുള്ള സ്കോളർഷിപ്പ്
7. വികലാംഗ സംരക്ഷണ ജീവനങ്ങൾക്കുള്ള സംസ്ഥാന ധനസഹായം
8. പട്ടികജാതി / പട്ടികവർഗ്ഗേതര മിശ്ര വിവാഹിതരായ ദമ്പതികൾക്കുള്ള ധനസഹായം
9. വികലാംഗർക്ക് ആവശ്യമായ പ്രത്യേക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള കേന്ദ്ര പദ്ധതി
10. വികലാംഗ ക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കുള്ള സഹായ പദ്ധതി.
11. അന്ധരായ അദ്ധ്യാപകർക്കുള്ള ധനസഹായം.
12. വാഹന ഉടമകളായ വികലാംഗർക്ക് പെട്രോൾ സബ്സിഡി

13. തൊഴിൽ പരിശീലനത്തിനുള്ള സംസ്ഥാന സ്റ്റൈപ്പെൻറ്

ഈ പദ്ധതികളുടെ വിശദാംശങ്ങൾ അറിയുന്നതിന് സാമൂഹ്യക്ഷേമ വകുപ്പുമായി ബന്ധപ്പെടുക. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള "പഞ്ചായത്ത് വികസന സഹായി" എന്ന പുസ്തകത്തിലെ 16 അദ്ധ്യായം പരിശോധിച്ചാൽ വിശദാംശം അറിയാൻ കഴിയും.

പ്രശ്നങ്ങൾ

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ വളരെ കുറച്ച് കുടുംബങ്ങൾക്കേ പ്രയോജനപ്പെടുന്നുള്ളൂ.

ഐ. ആർ. ഡി. പി. ലിസ്റ്റിൽ അർഹത കുടുംബങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. അതിനാൽ അർഹരായവരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് നീക്കി വയ്ക്കുന്ന സംഖ്യയിൽനിന്ന് ചൂഷണം നടത്തുന്നതു. പദ്ധതിയുടെ വിവരം പലർക്കും അറിയില്ല. ഈ സുതാര്യത ഇല്ലായ്മ ചൂഷണത്തിന് നല്ല വിളനിലമാണ്. അത് അങ്ങനെതന്നെ നിലനിർത്താൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നു. കിട്ടേണ്ട ആനുകൂല്യങ്ങൾ തന്നെ യഥാസമയം കിട്ടുന്നില്ല.

സാധ്യതകൾ

1. ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം അർഹതയുള്ള എല്ലാവർക്കും ആനുകൂല്യം നൽകാനുള്ള പദ്ധതി ആസൂത്രണം ചെയ്യണം.

2. വനിതകൾക്ക് ഡി. ഡബ്ല്യു സി ആർ എ സ്കീം അനുസരിച്ച് തൊഴിൽ പരിശീലനത്തിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക.

3. ട്രൈസം പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ സാധ്യത ഉണ്ടാക്കാനുള്ള പരിപാടികൾ ആരംഭിക്കുക.

4. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഗ്രാമസഭകളെ ഉപയോഗപ്പെടുത്തുക.

5. മഹിളാ സമാജങ്ങൾ, ബാലവാടികൾ എന്നിവയെ കേന്ദ്രീകരിച്ച് പോഷകാഹാരം, പ്രതിരോധ ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുക.

6. സ്ത്രീകൾക്കും, പുരുഷന്മാർക്കും തുല്യജോലിക്ക് തുല്യവേതനം ഏർപ്പെടുത്തുക.

7. തൊഴിൽ രഹിതരായ പെൺകുട്ടികൾക്ക് ഉപജീവന മാർഗ്ഗം കണ്ടെത്തുക. കോഴി, ആട് പച്ചക്കറി കിറ്റുകൾ ഇവയൊക്കെ ആലോചിക്കാം.

8. അംഗൻവാടികളിൽ കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ ഏർപ്പെടുത്തുക.

9. പുറംപോക്കുകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുക.

10. പെൻഷൻ ലഭിക്കാൻ അർഹതയുള്ളവർക്ക് പെൻഷൻ ലഭ്യമാക്കുക.

11. അസുഖങ്ങൾ ബാധിച്ചവർക്ക് ഭവന നിർമ്മാണ സഹായങ്ങൾക്ക് മുൻഗണന നൽകുക.

12. പാൽക്കുളം വാർഡിൽ ഈച്ചൂട്ടിക്കോണത്ത് ഒരു കമ്മ്യൂണിറ്റിഹാൾ സ്ഥാപിക്കണം. അതിനുവേണ്ട സ്ഥലം അഞ്ച് സെൻറോ അതിൽ കൂടുതലോ എസ്. യൂസഫും ശശിധരനും (കുഞ്ചു) സംഭാവന ചെയ്യാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. സ്വന്തമായി പൊതുസ്ഥാപനങ്ങളില്ലാത്ത ഈ വാർഡിൽ സമ്മതിദാനാവകാശംപോലും അന്യവാർഡുകളെ ആശ്രയിച്ചാണ് നടത്തുന്നത്. വോട്ടർമാർക്ക് ധാരാളം അസൗകര്യങ്ങൾ ഉണ്ടാക്കുന്നു. പോളിംഗ് ശതമാനം കുറയുന്നതന് കാരണമാകുന്നു. ഗ്രാമസഭ വിളിച്ചുചേർക്കാൻ ഒരിടമില്ല. വിശേഷാൽ ഗ്രാമസഭ വിളിച്ച് ചേർത്തത് തെരുവോരത്താണ്. ഇവയൊക്കെ പരിഹരിക്കാൻ വാർഡിലെ ജനങ്ങളുടെ, സംഘം ചേർന്നുള്ള മറ്റ് ആവശ്യങ്ങൾ നിറവേറ്റാനുമനിവാര്യമായ ഒന്നാണ് കമ്മ്യൂണിറ്റി ഹാൾ.

സഹകരണം

സ്വന്തം സാമ്പത്തിക താല്പര്യങ്ങളുടെ ഉന്നമനാർത്ഥം വ്യക്തികൾ മനുഷ്യരെന്ന സമഭാവനയുടെ അടിസ്ഥാനത്തിൽ സ്വമേധയാ സംഘടിക്കുകയും അതിന്റെ ഭരണം നീതിനിഷ്ഠമായ രീതിയിൽ നടത്തുകയും ചെയ്യുന്ന സ്വയം പ്രേരിതമായ ഒരു സംഘടനയാണ് സഹകരണ സംഘം.

ഔദ്യോഗികമായി ഇൻഡ്യയിൽ സഹകരണ പ്രസ്ഥാനം ആരംഭിച്ചത് 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിലാണെങ്കിലും സഹകരണ സിദ്ധാന്തം നമ്മുടെ ജീവിതചര്യയിൽ പണ്ടേ സ്വീകരിക്കപ്പെട്ടിരിക്കുന്നു. 1903ൽ അന്നത്തെ ഗവർണർ ജനറലായിരുന്ന കഴ്സൺ പ്രഭു പാർലമെന്റിൽ ഒരു ബിൽ അവതരിപ്പിക്കുകയും പിന്നീടത് സഹകരണ വായ്പാ സംഘം ആക്ട് (Co-operative Credit Societies Act 1904) എന്ന പേരിൽ നിയമമാകുകയും ചെയ്തതോടെ ഇൻഡ്യയിലെ ഒന്നാമത്തെ സഹകരണ സംഘനിയമം നിലവിൽ വന്നു. ഇന്ന് വിവിധ മേഖലകളിലായി 20 കോടിയിൽപ്പരം അംഗങ്ങളുള്ള 4 ലക്ഷത്തിലധികം സംഘങ്ങളായി വളർന്നു പന്തലിച്ചിരിക്കുന്ന ഒരു മഹാപ്രസ്ഥാനമാണ് സഹകരണ പ്രസ്ഥാനം.

കേരളത്തിൽ 1914ൽ തിരുവിതാംകൂർ, പരസ്പര സഹായ സംഘം നിയമം എന്ന പേരിൽ ആദ്യത്തെ സഹകരണ നിയമം പാസാക്കുകയുണ്ടായി. ഈ നിയമം വഴി ആദ്യമായി രൂപം കൊണ്ട സഹകരണ പ്രസ്ഥാനമാണ് തിരുവിതാംകൂർ സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്ക്. പ്രസ്തുത സ്ഥാപനമാണ് ഇന്നത്തെ കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്. പരസ്പര സഹായത്തിൽകൂടിയുള്ള സ്വാശ്രയത്വം എന്ന സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂറിൽ തുടങ്ങിയ സംഘങ്ങൾ ആദ്യകാലത്ത് കൃഷിക്കാരന് കടം കൊടുക്കുന്നതിനുവേണ്ടി മാത്രമുള്ള സ്ഥാപനങ്ങളായിരുന്നു.

കാലങ്ങളിലൂടെയുള്ള പരിണാമങ്ങൾക്കുശേഷം ഇന്നത് ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റാനുപകരിക്കുന്ന സുസജ്ജമായ ഒരു പ്രസ്ഥാനമായി കഴിഞ്ഞിരിക്കുന്നു. ഇൻഡ്യയിലെ സഹകരണ ഭൂപടത്തിൽ കേരളത്തിന്റെ സ്ഥാനം അദ്വിതീയമാണ്.

1956ൽ കേരളം രൂപംകൊണ്ടെങ്കിലും കേരളത്തിനാകെ ബാധകമാകുന്ന ഒരു നിയമം കേരള സഹകരണ സംഘം നിയമം നിലവിൽ വന്നത് 1969 മേയ് 15 മുതലാണ്. ഈ നിയമം പ്രാബല്യത്തിൽ വരുമ്പോൾ കേരളത്തിൽ 27 ലക്ഷം അംഗങ്ങളും 18.14 കോടി രൂപ ഓഹരി മൂലധനവും 107.09 കോടി രൂപ പ്രവർത്തന മൂലധനവും ഉള്ള 8485 സഹകരണ സ്ഥാപനങ്ങൾ ഉണ്ടായിക്കഴിഞ്ഞിരുന്നു. പിന്നീടുള്ള 10 വർഷം കൊണ്ട് 60.03 ലക്ഷം അംഗങ്ങളും 67.50 കോടി രൂപ ഓഹരി മൂലധനവും 509.65 കോടി രൂപ പ്രവർത്തന മൂലധനവും ഉള്ള 11,000 സഹകരണ സംഘങ്ങളായി അഭൂതപൂർവ്വമായ വളർച്ചയാണ് കൈ വരിച്ചിരിക്കുന്നത്. ഇന്ന് കേരളത്തിലെ ജനങ്ങളിൽ 5ൽ ഒരാൾ എങ്കിലും ഒരു സഹകരണ സംഘത്തിലെ അംഗമാണ്.

1991ലെ കണക്കനുസരിച്ച് തിരുവനന്തപുരം ജില്ലയിൽ 84 പഞ്ചായത്തുകളിലായി 102 പ്രാഥമിക സംഘങ്ങളും കാർഷികേതര മേഖലയിൽ 4 മാർക്കറ്റിംഗ് സംഘങ്ങളും 11 കോഴി വളർത്തൽ സംഘങ്ങളും 76 കൺസ്യൂമർ സംഘങ്ങളും 11 ജോയിന്റ് ഫാമിംഗ് സംഘങ്ങളും 158 ഉദ്യോഗസ്ഥ സംഘങ്ങളും 306 പട്ടികജാതി സംഘങ്ങളും 55 ഹൗസിംഗ് സംഘങ്ങളും 28 ലേബർ കോൺട്രാക്ട് സംഘങ്ങളും 8 ട്രാൻസ്പോർട്ടിംഗ് സംഘങ്ങളും 49 വനിതാസംഘങ്ങളും 22 വിദ്യാഭ്യാസ സംഘങ്ങളും 3 ടൈല

റിംഗ് സംഘങ്ങളും 10 കാന്റീൻ സർവ്വീസ് സംഘങ്ങളും തുടങ്ങി ജീവിതത്തിന്റെ എല്ലാ മേഖലയിലും സഹകരണ സ്ഥാപനങ്ങൾ നമ്മുടെ ഒരു ഭിഭാജ്യഘടകമായി മാറിയിരിക്കുന്നു.

നമ്മുടെ പ്രദേശത്തെ സഹകരണ സ്ഥാപനങ്ങൾ

കല്ലറ പഞ്ചായത്തു പ്രദേശത്തെ ആദ്യത്തെ സഹകരണ സ്ഥാപനം 1945ൽ ആരംഭിച്ച മിതൃമ്മല സഹകരണസംഘം ലിമിറ്റഡ് ആണ്. തുടർന്നു കുറേക്കാലത്തേക്ക് കാര്യമായ വളർച്ച കാണുന്നില്ല. പിന്നീട് ഒരു ക്ഷീര വ്യവസായ സഹകരണ സംഘവും ഒരു കൺസ്യൂമർ സഹകരണസംഘവും കല്ലറയിൽ സ്ഥാപിതമായി. കുറേക്കാലം പ്രവർത്തനം നടന്നുവെങ്കിലും നേതൃത്വത്തിന്റെ കാര്യക്ഷമതക്കുറവും മറ്റു ചില കാരണങ്ങളും മൂലം രണ്ടിന്റെയും പ്രവർത്തനം നിലച്ചു. കൺസ്യൂമർ സംഘം കടലാസിൽ നിലനിൽക്കുന്നുണ്ടെങ്കിലും ക്ഷീരസംഘം ലിക്വിഡേറ്റ് ചെയ്യുകയും പകരം ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ ഉണ്ടാകുകയും ചെയ്തു.

കഴിഞ്ഞ 15 വർഷത്തിനിപ്പുറമാണ് സഹകരണ പ്രസ്ഥാനം നമ്മുടെ പ്രദേശത്ത് കാമ്യമായ വളർച്ച കൈവരിച്ചത്. ഇക്കാലത്ത് പലമേഖലകളിലും സംഘങ്ങൾ സ്ഥാപിക്കപ്പെട്ടു. അവയുടെ പ്രവർത്തനത്തിന്റെ ഒരു ചെറിയ ചിത്രം താഴെക്കൊടുക്കുന്നു.

1. കല്ലറ ഹൗസിംഗ് സഹകരണസംഘം

ഈ രംഗത്ത് ഒരു സഹകരണ സ്ഥാപനം ആരംഭിച്ചത് സ്വന്തമായി ഒരു വീട് എന്ന നമ്മുടെ സ്വപ്നം സാക്ഷാത്കരിക്കുവാൻ ഒരളവുവരെ സഹായമായിരിക്കുന്നു. കല്ലറ കേന്ദ്രമാക്കി 1980ൽ ഈ സ്ഥാപനം ആരംഭിച്ചു. ഇപ്പോൾ 612 അംഗങ്ങളുള്ള ഈ സംഘത്തിന്റെ ആസ്തി 85 ലക്ഷം രൂപയാണ്. കഴിഞ്ഞ 5 വർഷക്കാലയളവിൽ സംഘം നല്കിയ വായ്പകളുടെ വിവരം താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നു.

വർഷം	ലോൺ എടുത്തവരുടെ എണ്ണം	ആകെത്തുക (ലക്ഷം)
1991	10	5
1992	8	4
1993	16	8
1994	21	13
1995	25	24

സംഘത്തിന് കേരളാസ്റ്റേറ്റ് ഹൗസിംഗ് ഫെഡറേഷൻ സാമ്പത്തിക സഹായം ലഭ്യമാക്കുന്നു. 15 വർഷമാണ് ലോൺ തിരിച്ചടവു കാലാവധി. അർദ്ധവാർഷിക ഗഡുക്കളായി തിരിച്ചടക്കാവുന്നതാണ്. നല്ല പ്രവർത്തന പുരോഗതിയുള്ളതായി പട്ടിക സൂചിപ്പിക്കുന്നു.

2. ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ

ആനന്ദ് മാതൃകയിൽ പ്രത്യേക ഭരണ സംവിധാനത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഈ സംഘങ്ങൾ ക്ഷീര വിപണന രംഗത്ത് നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്നു. പാലിന്റെ ഗുണനിലവാരത്തിനനുസരിച്ചു മാത്രം വില നൽകുന്നു. ഗുണനിലവാരമുള്ള പാൽ ഉപഭോക്താവിന് ഏതളവിലും ഏതാവശ്യത്തിനും ലഭ്യമാകുന്നത് ഒരനുഗ്രഹം തന്നെ. ആകെ 4 ക്ഷീരോത്പാദക സംഘങ്ങൾ (MPCS) നമ്മുടെ പ്രദേശത്ത് പ്രവർത്തിച്ചു വരുന്നു. അവയുടെ പാൽശേഖരണ വിവരങ്ങൾ പട്ടിക രൂപത്തിൽ ചുവടെ കൊടുത്തിരിക്കുന്നു.

കുറുമ്പയം MPCSന്റെ പ്രവർത്തനമേഖലയുടെ നല്ലൊരു ഭാഗവും സംഘം ഓഫീസും പുളിമാത്തു പഞ്ചായത്തിലാണ്.

ഈ സംഘങ്ങൾ ശേഖരിക്കുന്നതിന്റെ മുന്നിൽ ഒരു ഭാഗം പാൽ പ്രാദേശികമായിത്തന്നെ വിപണനം നടക്കുന്നു.

കൊടിതൂക്കിയ കുന്ന് MPCS-ന്റെ 1996 ഒക്ടോബർ മാസത്തെ വിലനിലവാരമനുസരിച്ച് ഒരു

സംഘത്തിന്റെ പേര്	ഒരു മാസം ശേഖരിച്ച പാൽ ലിറ്റർ	പഞ്ചായത്തിൽത്തന്നെ വിൽക്കുന്നത് ലിറ്റർ	മിൽമക്ക് അയക്കുന്നത് ലിറ്റർ
MPCS കൊടിതൂക്കിയകുന്ന്	3513	1273	2240
MPCS മുതുവിള	5949	1421	4528
MPCS മിതൃമ്മല	6213	2967	3246
MPCS കുറുമ്പയം	5615	3256	2359
ആകെ	21290	8917	12373

ലിറ്റർ സ്റ്റാൻഡേർഡ് പാലിന്, ഉല്പാദകന് 8.35 രൂപ വില ലഭിക്കുന്നു. സംഘത്തിന് മിൽമ 8.65 രൂപ വില ലഭ്യമാക്കുന്നു. മിൽമ ലിറ്ററിന് 11 രൂപ വിലക്ക് വിതരണം നടത്തുന്നു.

ഉല്പാദന ച്ചെലവിനാനുപാതികമായ വില ഉല്പാദകന് ലഭ്യമാകുന്നില്ലെന്നതുകൊണ്ട് ഉല്പാദനമുയരുന്നില്ലെന്നതും പശു വളർത്തലിന് ബാങ്കു വായ്പ ലഭ്യമാക്കാനുള്ള ബുദ്ധിമുട്ടുകളുമാണ് സംഘത്തിന്റെ പ്രധാന പ്രശ്നങ്ങൾ.

3. റബ്ബർ ഉല്പാദക സംഘങ്ങൾ

റബ്ബർ കർഷകരുടെ താല്പര്യസംരക്ഷണാർത്ഥം പ്രവർത്തിക്കുന്ന സംഘങ്ങളാണ് റബ്ബർ ഉല്പാദകസംഘങ്ങൾ. 1989-90 കാലഘട്ടത്തിൽ ചാരിറ്റബിൾ ആക്ടു പ്രകാരം നമ്മുടെ പഞ്ചായത്തു പ്രദേശത്ത് 2 സംഘങ്ങൾ പ്രവർത്തനമാരംഭിച്ചു.

1. കൊടിതൂക്കിയകുന്ന് റബ്ബർ ഉല്പാദക സംഘം

സംഘം ഓഫീസിനോട് ചേർന്ന് ഒരു ഒട്ടുകറശേഖരണകേന്ദ്രവും വാഴത്തോപ്പു പച്ചയിൽ റബ്ബർ പാലും ഒട്ടുകറയും ശേഖരിക്കുന്ന ഒരു കേന്ദ്രവും ഇതിന്റെ കീഴിൽ പ്രവർത്തിക്കുന്നു. കർഷകന് സബ്സിഡിറേറ്റിൽ വളവും മറ്റു കാർഷികാവശ്യ വസ്തുക്കളും ലഭ്യമാക്കുന്നു. പൊന്മുടി റബ്ബേഴ്സിന്റെ ഷെയർ ഹോൾഡറാണ്.

2. ചെറുവാളം റബ്ബർ ഉല്പാദകസംഘം

ചെറുവാളത്ത് റബ്ബർ പാൽശേഖരണം നടത്തി വന്നിരുന്നെങ്കിലും കളക്ഷൻ ഏജന്റിന് ലഭ്യമാകുന്ന വേതനം തുശ്ചമായതിനാൽ ഇപ്പോൾ നടക്കുന്നില്ല. 80 അടി ഉയരത്തിൽ വരെ മരുന്നു തളിക്കാൻ കഴിയുന്ന ഒരു സ്പ്രേയർ കർഷകർക്ക് വാടകക്ക് ലഭ്യമാക്കുന്നു. പൊന്മുടി റബ്ബേഴ്സിന്റെ ഷെയർ ഹോൾഡറാണ്.

4. സെറികൾച്ചർ സഹകരണസംഘം

കല്ലറ പഞ്ചായത്തു പ്രദേശം പ്രവർത്തന മേഖലയാക്കി കൊടിതൂക്കിയകുന്ന് സെറികൽച്ചർ സഹകരണ സംഘം എന്ന പേരിൽ ഒരു സംഘം രജിസ്റ്റർ ചെയ്തു. 50 അംഗങ്ങളുള്ള സംഘം പ്രവർത്തനം ആരംഭിച്ചെങ്കിലും മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. പട്ടുനൂൽപുഴുവളർത്തിലിനാവസ്യമായ മൾബറി ച്ചെടിയുടെ 20 ടൺ വിത്തുകമ്പുകൾ സൗജന്യമായി വിതരണം നടത്തിയെങ്കിലും മിക്ക ആളുകളും അതു നട്ടുപിടിപ്പിച്ചില്ല. റബ്ബർ സാർവത്രികമായതിനാൽ ആവശ്യമുള്ളത്ര സ്ഥലം ലഭ്യമല്ല എന്നതു തന്നെ പ്രശ്നം. നട്ടുപിടിപ്പിച്ചവർക്കുതന്നെ പുഴുവലർത്തിലാവശ്യമായ സാങ്കേതിക സഹായം നല്കുവാൻ സംഘത്തിന് കഴിഞ്ഞതുമില്ല. ഫലത്തിൽ ഈ ശ്രമം പരാജയപ്പെട്ടു.

5. പട്ടിക ജാതി സഹകരണസംഘം

മുതുവിള കേന്ദ്രമാക്കി മുതുവിള, അരുവിപ്പുറം പരപ്പിൽ പ്രദേശത്തെ പട്ടികജാതിക്കാരായ ആളുകളെ അംഗങ്ങളാക്കി ഒരു സംഘം ആരംഭിച്ചു. കാര്യക്ഷമതയുള്ള നേതൃത്വത്തിന്റെ അഭാ

വത്തിൽ ഈ സംഘം നിർജീവാവസ്ഥയിലാണി പ്പോൾ. ഈ സംഘം പുനരുജ്ജീവിപ്പിക്കണമെന്ന് ഗ്രാമസഭാചർച്ചയിൽ അഭിപ്രായം പൊന്തിവന്നി ട്ടുണ്ട്.

ജോയിന്റ് ഫാമിംഗ് സഹകരണ സംഘം

കൃഷിക്കാവശ്യമായ വായ്പകൾ ലഭ്യമാ ക്കുക എന്ന ലക്ഷ്യവുമായി 6.6.1994-ൽ രജി സ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സ്ഥാപനമാണിത്. ഇപ്പോൾ 92 അംഗങ്ങളുണ്ട്. നിലവിൽ ഇപ്പോൾ ഒരു ഗ്രൂപ്പ് ഫാമിംഗ് സെന്റർ മാത്രമേയുള്ളുവെ ങ്കിലും ജനകീയാസൂത്രണവും വികസനവും പ്രാവർത്തികമാകുമ്പോൾ ഈ സംഘത്തിന് കാര്യമായി പ്രവർത്തിക്കുവാനുള്ള അവസരമു ണ്ടായേക്കും. സർക്കാരിൽ നിന്നും സഹകരണ ബാങ്കിൽനിന്നും ലഭിക്കുന്ന വായ്പ, അഡ്വാൻ സുകൾ, ഡിപ്പോസിറ്റുകൾ എന്നിവ വഴി പ്രവർ ത്തന ധനം സമാഹരിക്കുന്നു.

ഖാദി ബോർഡിന്റെ കീഴിലുള്ള സംഘങ്ങൾ

രണ്ടു സഹകരണസംഘങ്ങൾ കല്ലറ കേന്ദ്ര മാക്കി പ്രവർത്തനം ആരംഭിച്ചു. ഇവയുടെ വിശ ദാംശങ്ങൾ വ്യവസായവുമായി ബന്ധപ്പെടുത്തി ചർച്ചചെയ്യപ്പെട്ടിരിക്കുന്നതിനാൽ വീണ്ടും വിശ ദീകരിക്കുന്നില്ല.

6. ബാങ്കിംഗ് മേഖലയിലുള്ള സ്ഥാപനങ്ങൾ

മിതൃമ്മല സർവ്വീസ് സഹകരണ ബാങ്ക്, തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ കല്ലറ ശാഖ എന്നിവയാണ് നമ്മുടെ പ്രദേ ശത്തെ സഹകരണ മേഖലയിലെ ധനകാര്യ സ്ഥാപനങ്ങൾ. കൂടാതെ പാലോട് കാർഷിക വികസന ബാങ്ക്, ഇൻഡ്യൻ ഓവർസീസ് ബാങ്കി ന്റെ കല്ലറ ശാഖ, നമ്മുടെ പഞ്ചായത്തിലെ 2 വാർഡുകൾ പ്രവർത്തനമേഖലയാക്കിയിട്ടുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ബാങ്കിന്റെ പാങ്ങോടു ശാഖ എന്നിവയും നമ്മുടെ പ്രദേ ശത്തെ ധനകാര്യസ്ഥാപനങ്ങളിൽപ്പെടും.

1. ജില്ലാസഹകരണ ബാങ്കിന്റെ കല്ലറ ശാഖ

ഈ ശാഖ കല്ലറ കേന്ദ്രമാക്കി 14-12-83ൽ പ്രവർത്തനം ആരംഭിച്ചു. ജനങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിക്കുകയും കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾക്ക് വായ്പ ലഭ്യമാക്കുകയും ചെയ്യുന്നു. 1996-97 വർഷാരം ഭത്തിലെയും 30-9-1996ലെയും വായ്പകളുടെ വിവരം താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

നമ്പർ	ലോണുകളുടെ വിവരം	തുക - ലക്ഷത്തിൽ 1-4-96	30-9-96
I.	വ്യക്തികൾക്കുള്ള ലോൺ		
1.	സ്വർണ്ണപ്പണയം	30.64	32.42
2.	മധ്യകാല വായ്പ (കാർഷികേതര ആവശ്യങ്ങൾ)	29.05	28.71
3.	ദീർഘകാല വായ്പ	10.03	9.68
4.	ബിസ്നസ് ആവശ്യങ്ങൾക്ക്	22.12	22.12
	ആകെ	*91.84*	*92.93*
II.	സൊസൈറ്റി വഴിയുള്ള ലോൺ		
1.	ഹ്രസ്വകാല വായ്പ (കാർഷികാവശ്യം)	84.25	95.62
2.	മധ്യകാല വായ്പ	3.42	2.88
3.	ദീർഘകാല വായ്പ	16.94	16.12
4.	മറ്റ് ആവശ്യങ്ങൾക്കുള്ള കടം	5.20	5.20
	ആകെ	*109.81*	*119.82*
	ആകെ ലഭ്യമാക്കിയ ലോൺ (I&II)	**201.65**	**212.75**

പ്രസ്തുത കാലയളവിൽ സ്വീകരിച്ച ഡെപ്പോസിറ്റുകളുടെ വിവരം

നമ്പർ	നിക്ഷേപങ്ങളുടെ വിവരം	തുക - ലക്ഷത്തിൽ 1-4-96	30-9-96
1.	വ്യക്തികളിൽ നിന്നുള്ളവ	203.40	188.42
2.	സൊസൈറ്റികളിൽ നിന്നുള്ളവ	39.00	44.06
	ആകെ നിക്ഷേപം	**242.40**	**232.48**

ആകെ നല്കിയിട്ടുള്ള ലോണുകളുടെയും ശേഖരിച്ച നിക്ഷേപങ്ങളുടെയും വിലയിരുത്തൽ പട്ടിക രൂപത്തിൽ.

1-4-1996			30-9-1996		
നിക്ഷേപം	ലോൺ	%	നിക്ഷേപം	ലോൺ	%
242.40	201.65	83.2	232.48	212.75	91.5

നിക്ഷേപത്തിന്റെ ഏകദേശം 90% വരെ ലോണുകളായി ഈ പ്രദേശത്തുതന്നെ നല്കിയിരിക്കുന്നതായി കാണാം. നിക്ഷേപം ഒട്ടുമുക്കാലും നമ്മുടെ പ്രദേശത്തുതന്നെ വിതരണം നടത്തപ്പെടുന്നത് നാടിന്റെ വികസനത്തെ സഹായിക്കുന്നു.

2. പാലോട് കാർഷിക വികസന ബാങ്ക്

സഹകരണ മേഖലയിലുള്ള ഒരു ബാങ്കാണിത്. കല്ലറ ഗ്രാമ പഞ്ചായത്തു പ്രദേശം ഈ ബാങ്കിന്റെ പ്രവർത്തന മേഖലയിൽപ്പെടുന്നു. കാർഷികവും കാർഷികേതരവുമായ ഒട്ടനവധി സ്കീമുകൾക്കായി സാമാന്യം വലിയ തുക ഇവിടെ നിന്നും വായ്പയായി നല്കിവരുന്നു. സ്കീമുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. *റൂറൽ ഡവലപ്മെന്റ്* - കെട്ടിടനിർമ്മാണം, പുതുക്കൽ
2. *ഡയറി സ്കീം* - പശു, കാലിത്തൊഴുത്ത്
3. *റബ്ബർ ഡവലപ്മെന്റ് സ്കീം* - റബ്ബർ കൃഷി
4. *ലാന്റ് ഡവലപ്മെന്റ് സ്കീം* -
5. *ഐ.ഡി. സ്കീം* - പുകപ്പുര, റബ്ബർ റോളർ, റോളർ ഷെഡ്.
6. *മൈനർ ഇറിഗേഷൻ* - കിണർ, പമ്പുസെറ്റ്
7. *ഓർഡിനറി ലോൺ*
8. *എൻ.എഫ്. ലോൺ* - റബ്ബർ അധിഷ്ടിത വ്യവസായം, ഫർണിച്ചർ മാർട്ട്, കൊപ്ര സംസ്കരണം, ബേക്കറി, ഹോട്ടൽ, ചുടുകട്ട തുടങ്ങിയവ.
9. *ഐ.എൽ.സ്കീം* - സാമിൽ, പാറപൊട്ടിക്കൽ തുടങ്ങിയവ. 10 ലക്ഷം വരെ അനുവദിക്കും.

ഈ ബാങ്കിൽനിന്ന് 1991-92 മുതൽ 1995 - 96 വരെ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നമ്മുടെ പ്രദേശത്ത് കാർഷികം, കാർഷികേതരം, ഭവന നിർമ്മാണം എന്നീ മേഖലകളിൽ 613 ആളുകൾക്കായി 105 ലക്ഷംരൂപ വായ്പയായി വിതരണം നടത്തിയിരിക്കുന്നു.

3. ഇൻഡ്യൻ ഓവർസീസ് ബാങ്കിന്റെ ശാഖ

സഹകരണ മേഖലയിൽ അല്ലാത്ത ഒരു ധനകാര്യ സ്ഥാപനമാണിത്. 30-09-96 വരെയുള്ള കണക്കനുസരിച്ച് വിവിധ ഇനങ്ങളിലായി ഈ ബാങ്ക് ലഭ്യമാക്കിയ വായ്പയുടെ വിവരം.

എത്ര പേർക്ക്	ഏത് ഇനം വായ്പ	തുക (ലക്ഷം)
650	ഹ്രസ്വകാല വിളകൾക്ക്	32.00
70	ജലസേചനം (കിണർപമ്പുസെറ്റ്)	5.00
6	റബ്ബർ കൃഷി വികസനം	3.00
10	മധ്യകാല വായ്പകൾ	0.60
260	പശുവളർത്തൽ	12.00
20	ആടുവളർത്തൽ	0.50
2	കോഴിവളർത്തൽ	1.75
1018	ആകെ	54.85

ഈ ബാങ്കിലെ നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട മറ്റു രേഖകളൊന്നും ലഭ്യമായില്ല. അതുകൊണ്ടുതന്നെ നിക്ഷേപത്തിന്റെ എത്രശതമാനം ഈ പ്രദേശത്തുതന്നെ വായ്പകളായി വിതരണം നടത്തുന്നുവെന്ന് പഠന വിധേയമാക്കുവാൻ കഴിഞ്ഞിട്ടില്ല. ബാങ്കുകൾക്ക് നിർദ്ദേശം ലഭിച്ചിട്ടില്ലെന്ന കാരണത്താൽ അവർ വിമുഖരാണ്.

4. എസ്.ബി.റ്റി. പാങ്ങോട് ശാഖ

നമ്മുടെ പഞ്ചായത്തിലെ പാൽക്കുളം, ചെറുവാളം എന്നീ വാർഡുകൾ ഈ ബാങ്കിന്റെ പ്രവർത്തന മേഖലയിൽപ്പെടും. ഈ പ്രദേശത്ത് പ്രസ്തുത ബാങ്കിൽ നിന്ന് നല്കിയ വായ്പകളുടെ ശരിയായ വിവരം ലഭ്യമാവുക ബുദ്ധി

മുട്ടാണ്. കാരണം പാങ്ങോടു പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളുടെയും കൂടെ ഇടകലർന്ന രേഖകളിൽനിന്ന് ഇവ വേർതിരിച്ചെടുക്കുക ശ്രമകരമായ പണിയായതിനാൽ ശ്രമം ഉപേക്ഷിച്ചു.

മിക്ക കുടുംബങ്ങളിൽ നിന്നും ഒന്നും ചിലപ്പോൾ രണ്ടുംപേർ ഗൾഫിൽ ജോലി നോക്കിവരുന്ന പ്രദേശമാണ് നമ്മുടേത്. അവരുടെയൊക്കെ എൻ.ആർ.ഐ. അക്കൗണ്ടുകൾ 10 ഐ.ഒ. ബി.യും കുറേ എസ്.ബി.ടി.യുമാണ് കൈകാര്യം ചെയ്യുന്നത്. നമ്മുടെ കച്ചവട കേന്ദ്രമായ കല്ലറയിലെ ബാങ്കിംഗ് സ്ഥാപനവും 10 ഐ.ഒ. ബി. തന്നെ. കണക്കുകൾ ലഭ്യമല്ലെങ്കിലും ഈ പ്രദേശത്തെ ബാങ്കുനിക്ഷേപം വളരെ വലിയ ഒരു തുകയായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. കേരളത്തിലെ ഇത്തരം ബാങ്കുകളുടെ നിക്ഷേപ-വായ്പാ അനുപാതം 40%നു താഴെ മാത്രമാണ്. താരതമ്മേന ഇതിലും വളരെ താഴ്ന്ന ഒരു അനുപാതമായിരിക്കും നമ്മുടെ പ്രദേശത്തിന്റേത്.

മിതൃമ്മല സർവ്വീസ് സഹകരണ ബാങ്ക്

തുടക്കത്തിൽ പരാമർശിക്കപ്പെട്ടപോലെ നമ്മുടെ പ്രദേശത്തെ ആദ്യത്തെ സഹകരണ സ്ഥാപനമാണിത്.

തുടക്കം

കൊല്ലവർഷം 1120 മകരം 27നു (1945) മിതൃമ്മല സഹകരണ സംഘം ലിമിറ്റഡ് എന്ന പേരിൽ ഈ സംഘം സ്ഥാപിതമായി. ഇതിലെ ഒന്നാമത്തെ അംഗം ശ്രീ.എ. രാമൻ ഉണ്ണിത്താൻ എന്നയാളാണ്. ഇദ്ദേഹംതന്നെയായിരുന്നു ആദ്യത്തെ പ്രസിഡന്റും എന്ന് അറിയുന്നു. (വ്യക്തമായ രേഖ ലഭ്യമായില്ല) ശ്രീ. പി. മാധവൻനായർ ആയിരുന്നു ആദ്യത്തെ സെക്രട്ടറി. ആദ്യത്തെ ഒരു വർഷകൊണ്ട് 90 അംഗങ്ങളും 286 ഓഹരികളിലായി 1068 രൂപ ഓഹരി മൂലധനവും ഉണ്ടായി. ഇന്ന് കല്ലറ, പാങ്ങോട്, വാമനപുരം പഞ്ചായത്തിൽപ്പെടുന്ന മിക്ക പ്രദേശങ്ങളും ഇതിന്റെ പ്രവർത്തന മേഖലയിൽപ്പെട്ടിരുന്നു.

വളർച്ച

ഇങ്ങനെ പ്രവർത്തനം ആരംഭിച്ച ഈ സംഘം 31-10-1956ലെ ബൈലാ ഭേദഗതിയിലൂടെ മിതൃമ്മല വിവിധോദ്ദേശ സഹകരണ സംഘം എന്ന പേരിലേയ്ക്കും 11.6.1963 ലെ ഭേദഗതിയിലൂടെ മിതൃമ്മല സർവ്വീസ് സഹകരണ സംഘം എന്ന പേരിലേയ്ക്കും മാറി. വളർച്ചയുടെ പല പടവുകളിലും പ്രവർത്തനം മന്ദീഭവിച്ചു പോവുകയും ചിലപ്പോൾ നിലച്ചുപോകുകയും ഉണ്ടായിട്ടുണ്ട്. 1968 മുതൽ 1977 വരെ പത്തുവർഷം പ്രവർത്തനമില്ലാതെ കിടന്നതാണ് ഇതിൽ ഏറ്റവും വലിയ കാലയളവ്. ഇത്തരം മുടങ്ങലുകൾ സംഘത്തെ നഷ്ടത്തിൽനിന്ന് നഷ്ടത്തിലേയ്ക്കു നയിച്ചു. 1988-89 കാലയളവുമുതൽ സംഘം ലാഭത്തിലേക്കു കടന്നു. എങ്കിലും വന്നുപെട്ട കടക്കെണിയിൽ നിന്നും മുക്തമായിരുന്നില്ല. 28-12-90ന് നിലവിൽ വന്ന ബൈലാ ഭേദഗതിയിലൂടെ ഇതിന്റെ പേര് മിതൃമ്മല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2452 എന്ന പേരിൽ എത്തി. 1995-96 ലെ ഓഡിറ്റു സർട്ടിഫിക്കറ്റു ലഭ്യമാക്കുമ്പോൾ സംഘം അതിന്റെ എല്ലാ മുൻകാല കടക്കെണിയിൽനിന്നും മുക്തമായി ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു സംഘമായി കഴിഞ്ഞിരിക്കും.

പ്രവർത്തനം

ഇപ്പോൾ ശ്രീ. കെ. ശാന്തകുമാർ പ്രസിഡന്റായി പ്രവർത്തിക്കുന്ന ബാങ്ക് കല്ലറ പഞ്ചായത്തു പ്രദേശവും വാമനപുരം പഞ്ചായത്തിലെ ഇരുളൂർ വാർഡും പ്രവർത്തന മേഖലയാക്കിയിരിക്കുന്നു. ഇന്ന് നിലവിൽ 4505 എ. ക്ലാസ് അംഗങ്ങളും 10.59 ലക്ഷം രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവും ഉണ്ട്. ഒരു ഓഹരിയുടെ വില 5 രൂപയിൽ നിന്ന് 10 രൂപയിലേയ്ക്ക് ഉയർത്തിയപ്പോൾ ബാക്കിത്തുക അടക്കാത്ത 1165 അംഗങ്ങളെ സസ്പെൻസിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇവർ അപേക്ഷിക്കുന്ന മുറക്ക് അംഗത്വം നല്കുന്നതായിരിക്കും. സർക്കാർ ഓഹരി ഇനത്തിൽ 44,500 രൂപ ലഭ്യമായിട്ടുണ്ട്.

സംഘം നടപ്പാക്കുന്ന സ്കീമുകൾ

വായ്പകൾ

എ. കാർഷികം

ഹ്രസ്വകാല വായ്പ - എല്ലാത്തരം കൃഷികൾക്കും കാലാവധി 1 വർഷം

മധ്യകാല വായ്പ - വെറ്റിലക്കൊടി, കുരുമുളക് തുടങ്ങിയവ. കാലാവധി 5 വർഷം

ദീർഘകാല വായ്പ - റബ്ബർ, കശുമാവ്, തെങ്ങ് തുടങ്ങിയ കൃഷികൾക്ക്. 13 വർഷമാണ് കാലാവധി

ബി. കാർഷികേതരം

പശു, ആട്, തേനീച്ച, കോഴി, പന്നി വളർത്തൽ തുടങ്ങിയവ. കാലാവധി 6 വർഷം

ഈ രണ്ടു സ്കീമുകൾക്കും ആവശ്യമായ തുക ജില്ലാബാങ്ക്, നബാർഡ് തുടങ്ങിയവ വഴി ലഭ്യമാക്കുന്നു. പലിശ താരതമ്യേന കുറവാണ്.

സി. സാധാരണ വായ്പ

മിക്കവാറും എല്ലാ ആവശ്യങ്ങൾക്കും ഉദ്യോഗസ്ഥ ജാമ്യത്തിൽ നല്കുന്ന വായ്പയ്ക്ക് പലിശ ഉയർന്ന നിരക്കിലാണ്. സംഘത്തിന്റെ സ്വന്തം ഫണ്ടുപയോഗിച്ചാണ് ഇവ നടപ്പാക്കുന്നത്.

ഡി. സ്വർണ്ണപ്പണയം

പരമാവധി 25,000 രൂപ വരെ ലഭ്യമാക്കും.

ഇ. വിദ്യാഭ്യാസ വായ്പ

വിദ്യാഭ്യാസ ആവശ്യത്തിന് ലഭ്യമാക്കുന്ന ഈ ലോൺ എടുത്തവർ തിരിച്ചടക്കാത്ത കാരണം ഇപ്പോൾ നിർത്തിവച്ചിരിക്കുന്നു.

എഫ്. മറ്റു ഏജൻസികൾ മുഖേന ലഭ്യമാക്കുന്നവ

IRDP പോലുള്ള സ്കീമുകൾക്കനുസരിച്ചാണ് ഇതുപയോഗിക്കുന്നത്.

മറ്റു പ്രവർത്തനങ്ങൾ

വളംവിതരണം സംഘത്തിന്റെ കീഴിൽ മിതൃമ്മല, മുതുവിള, കല്ലറ, പാട്ടറ, ചെറുവാളം എന്നിവിടങ്ങളിലായി 5 വിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. രാവിലെ 10 മുതൽ 1 മണിവരെയും വൈകുന്നേരം 3 മണിമുതൽ 5 മണിവരെയും ഇതു പ്രവർത്തിക്കും.

ക. നിക്ഷേപങ്ങൾ

എ. സ്ഥിരനിക്ഷേപം -

45 ദിവസം മുതൽ 20 വർഷം വരെ.

ബി. ഹ്രസ്വകാല നിക്ഷേപം -

ലോൺ എടുക്കുന്നവരുടെ പക്കൽ നിന്നു സ്വരൂപിക്കുന്നത്.

സി. ചിട്ടികൾ -

5000 മുതൽ 25,000 രൂപ വരെ സലയുള്ളവ

30-9-96ലെ കണക്കനുസരിച്ച് സംഘം സ്വീകരിച്ചതും വിതരണം ചെയ്തതുമായ വായ്പകളുടെ വിവരം.

നമ്പർ	വായ്പകളുടെ ഇന വിവരം	സ്വീകരിച്ചത് (ലക്ഷം)	വിതരണം ചെയ്തത് (ലക്ഷം)
	കാർഷിക വായ്പകൾ		
1.	ഹ്രസ്വകാല കാർഷിക വായ്പ	37.60	49.38
2.	ഐ.ആർ.ഡി.പി.	0.89	0.81
3.	വിവിധ സ്കീമുകൾ	8.26	7.83
	മറ്റു വായ്പകൾ		
4.	സാധാരണ വായ്പ		50.36
5.	സ്വർണപ്പണയം		18.45
6.	വിദ്യാഭ്യാസ വായ്പ		0.05
7.	മറ്റുള്ളവ		1.53
	സ്ഥിരനിക്ഷേപം	70.09	
	ഹ്രസ്വകാല നിക്ഷേപം	15.10	
	ആകെ	131.94	128.41

കാലാവധി കഴിഞ്ഞിട്ടും തിരിച്ചടയ്ക്കാത്ത വായ്പകളുടെ വിവരം

നമ്പർ	വായ്പാസ്വഭാവം	തുക (ലക്ഷം)	%
1.	ഹ്രസ്വകാല കാർഷിക വായ്പ	15.67	31.7
2.	സ്കീം വായ്പകൾ	0.91	11.6
3.	ഐ.ആർ.ഡി.പി.	0.05	6.2
4.	സാധാരണ വായ്പ	4.28	8.5
7.	മറ്റുള്ളവ	0.17	11.1
	ആകെ	21.08	16.4

സംഘം നല്കിയിരിക്കുന്ന ലോണുകളിൽ 16.4% തുക തിരിച്ചടക്കപ്പെടാതെ കുടിശികയായി കിടക്കുന്നു. ഇതിൽ കാർഷിക വായ്പയാണ് വളരെകൂടുതൽ, 37.7%. ഇത് വിതരണം ചെയ്ത തുകയുടെ മൂന്നിലൊന്നു ഭാഗം വരും എടുക്കുന്ന ലോൺ പലപ്പോഴും ശരിയായ ആവശ്യത്തിന് ഉപയോഗിക്കപ്പെടുന്നില്ലെന്നതാണ് ഇതിന്റെ കാരണം. കാർഷികാവശ്യത്തിനെടുക്കുന്ന ലോൺ അത്യാവശ്യ കുടുംബാവശ്യങ്ങൾക്ക് ചെലവഴിക്കേണ്ടി വരുന്നു.

ഈ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ പല പ്രശ്നങ്ങളും പരിഹൃതമാകുകയും പുതിയ സാധ്യതകൾ കണ്ടെത്തുകയും വേണം. അവയൊക്കെത്തന്നെ ഈ സംഘത്തിന്റെ മാത്രമല്ല കേരളത്തിലെ മൊത്തം പ്രാഥമിക സഹകരണ സംഘങ്ങളുടെയും പ്രശ്നമാണ്.

ഗ്രാമസഭാ ചർച്ച

ഗ്രാമ സഭകളിൽ വളരെ ആഴത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടില്ലാത്ത വിഷയമാണ് സഹകരണം. സഹകരണ മേഖലയിൽ വാർഡുതലത്തിൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കണമെന്ന ഏകീകൃത സ്വഭാവമുള്ള ആവശ്യങ്ങൾ ഉയർത്തുക മാത്രം ചെയ്തുകൊണ്ട് ചർച്ചകൾ അവസാനിച്ചിരിക്കുന്നതായി കാണാം. മിതൃമ്മല സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന പരപ്പിൽ വാർഡിലെ ചർച്ചയിലെ ഒരു പരാമർശം മാത്രമാണ് ഇതിനൊരു വ്യത്യാസം. ചർച്ചയിൽ പൊന്തിവന്നിട്ടുള്ള കാര്യങ്ങൾ ക്രോഡീകരിക്കപ്പെട്ടിരിക്കുന്നു. താഴെ പറയുന്ന സംരംഭങ്ങൾ എല്ലാം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കണം എന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

1. കൈത്തറി നെയ്ത്ത്
2. തേനീച്ച വളർത്തൽ
3. റഡീമെയ്ഡ് വസ്ത്രനിർമാണം
4. പരമ്പരാഗത വ്യവസായം
5. കേന്ദ്രീകൃതമായ സംഭരണ വിതരണ സംവിധാനം
6. മിനി വ്യവസായ എസ്റ്റേറ്റ്
7. മുട്ടക്കോഴി – ഇറച്ചിക്കോഴി വളർത്തൽ
8. ആയുർവേദ മരുന്നു കൃഷിയും ഉല്പാദനവും
9. ബേക്കറി യൂണിറ്റുകൾ
10. അച്ചാർ പഴവർഗ്ഗ സംസ്ക്കരണം
11. റബ്ബർ പാൽ സംഭരണ കേന്ദ്രം
12. പ്രിന്റിംഗ് & പബ്ലിഷിംഗ്
13. അഗർബത്തി നിർമ്മാണം
14. ക്ഷീര, ക്ഷീരോല്പന്ന സംഘം
15. ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾ
16. പച്ചക്കറി സംഭരണവും വിതരണവും
17. മിതൃമ്മല സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ബ്രാഞ്ച് കല്ലറയിൽ സ്ഥാപിക്കുക.

ഇവിടെ പരാമർശിച്ചിക്കുന്ന 17 കാര്യങ്ങളിൽ 16 എണ്ണവും കൃഷി, വ്യവസായം, വനിത എന്നീ വിഷയങ്ങളിൽ ചർച്ച ചെയ്യുകയും സാധ്യതകൾ ആരായുകയും ചെയ്തിരിക്കുന്നതിനാൽ ഒരു ആവർത്തനം ആവശ്യമില്ല. സ്കീമുകൾ തയ്യാറാക്കുമ്പോൾ സാധ്യമായതൊക്കെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്. 17-ാം മതു പറഞ്ഞിരിക്കുന്ന കാര്യം വളരെ പ്രയോജനപ്രദമാണ്. സഹകരണ മേഖലയിലെ ഒരു പ്രധാന പ്രശ്നമാണിത്.

സഹകരണ മേഖലയിലെ പ്രശ്നങ്ങൾ

ഗ്രാമസഭാ റിപ്പോർട്ടു ക്രോഡീകരണത്തിന്റെ ഭാഗമായി നടന്ന ചർച്ചയിൽ താഴെപറയുന്ന പ്രശ്നങ്ങൾ പരാമർശ വിഷയമായി.

1. സഹകരണ വിദ്യാഭ്യാസം

ഈ മേഖലയിലെ അറിവിന്റെ പരിമിതിയുടെ പ്രത്യക്ഷോദാഹരണമാണ് ഗ്രാമസഭാ ചർച്ചകളിൽ കാണുന്നത്. സഹകരണം ഇന്ന് ജീവിതത്തിന്റെ എല്ലാമേഖലകളിലും പടർന്നു പന്തലിച്ചിരിക്കുന്ന ഒരു പ്രസ്ഥാനമാണെങ്കിലും വേണ്ടത്ര അറിവ് ആളുകളുടെ ഇടയിൽ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. വായ്പകൾ ശരിയായ അർഥത്തിൽ ഉപ

യോഗിക്കപ്പെടാത്തതും എടുക്കുന്നവ തിരിച്ചടയ്ക്കപ്പെടാതെ പോകുന്നതുമൊക്കെ ഇതുകൊണ്ടാണ്. ആയതിനാൽ സഹകരണ വിഷയങ്ങളിൽ സമഗ്രമായ ബോധവൽക്കരണം അത്യാവശ്യമായിരിക്കുന്നു.

2. തൊഴിൽ സംഘടനകളുടെ രൂപീകരണം

വികസന പ്രക്രിയയുടെ ഭാഗമായി വരുന്ന വിവിധ മേഖലകളിൽ തൊഴിൽ സംഘങ്ങൾ ആരംഭിക്കുകയോ നിലവിലുള്ള സംഘങ്ങളിൽ നിയമ ഭേദഗതികളിലൂടെ തൊഴിൽ സംഘങ്ങളെ ഉൾക്കൊള്ളാനുള്ള സംവിധാനം ഉണ്ടാകുകയോ വേണം.

വിപണനാവശ്യങ്ങൾക്കും മേൽപ്പറഞ്ഞ രീതിയിൽ സംഘങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. അവയ്ക്കും വേണ്ട സംവിധാനങ്ങൾ ഉണ്ടാക്കുക. ഉല്പാദന മേഖലയിൽ കേന്ദ്രീകൃതമായ ഗുണനിലവാര നിർണയം, പരസ്യം, വിപണനം തുടങ്ങിയ ആവശ്യങ്ങൾക്ക് പറ്റുന്ന രീതിയിൽ പുതിയ സംഘങ്ങൾ ആരംഭിക്കുക.

3. വികസന പ്രവർത്തനങ്ങളിൽ സഹായം

നമ്മുടെ പ്രദേശത്തെ വികസന പ്രവർത്തനങ്ങൾ ജന പങ്കാളിത്തത്തോടെ പ്രാദേശിക സമിതികൾ ഏറ്റെടുക്കുമ്പോൾ പ്രാഥമിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ അഡ്വാൻസുകൾ സംഘങ്ങൾവഴി നല്കുന്നതിനും പേമെന്റ് സമയത്ത് അവ തിരിച്ചു പിടിക്കുന്നതിനും ആവശ്യമായ നിയമ നിർമ്മാണം നടത്തുക.

4. നിക്ഷേപ ശതമാനം ഉയർത്തൽ

പഞ്ചായത്തു പ്രദേശത്തെ ആകെ ബാങ്കുനിക്ഷേപത്തിന്റെ തീരെ ചെറിയ ഒരു വിഹിതമാണ്. (ഒരു പക്ഷേ 10%നും താഴെ) സഹകരണമേഖലയിൽ നമ്മുടെ നിക്ഷേപം. മറ്റു പൊതുമേഖലാ ബാങ്കുകൾ നിക്ഷേപത്തിന്റെ 40%-ത്തിൽ താഴെ തുക മാത്രം ഇവിടെ വായ്പയായി വിതരണം നടത്തുമ്പോൾ സഹകരണ ബാങ്കുകൾ നിക്ഷേപത്തിന്റെ 100 മുതൽ 150% വരെ ലോണുകളായി വിതരണം നടത്തുന്നു. അതിനാൽ നമ്മുടെ ഇടയിലെ 'നിക്ഷേപിക്കാൻ കല്ലറ പോകുക, ലോണെടുക്കാൻ മിത്രമ്മല പോവുക എന്ന മനോഭാവം മാറേണ്ടിയിരിക്കുന്നു. മിത്രമ്മല സർവ്വീസ് സഹകരണ ബാങ്ക് നിക്ഷേപങ്ങൾക്ക് ഇൻഷ്യുറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയും നിക്ഷേപങ്ങളുടെ രഹസ്യസ്വഭാവം നിലനിർത്തുകയും ചെയ്യുന്നു. നിക്ഷേപ ശതമാനം ഉയരുവാൻ സർക്കാർ തലത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.

1. ബ്രാഞ്ചുകൾ തുറക്കുവാൻ സർവ്വീസ് സഹകരണ ബാങ്കിനെ അനുവദിക്കുക. ഇതു കൊണ്ടുള്ള ഗുണങ്ങൾ അനവധിയാണ്.
   1. കൂടുതൽ സഹകാരികളെ കണ്ടെത്താം.
   2. പരമാവധി നിക്ഷേപം സ്വരൂപിക്കാം.
   3. ആളുകളുടെ തിരിച്ചടവ് കപ്പാസിറ്റി അറിയാനും അതനുസരിച്ച് ലോണുകൾ അനുവദിക്കാനും കഴിയും.
   4. വായ്പകൾ ശരിയായ ആവശ്യത്തിനു തന്നെ ഉപയോഗിക്കുന്നോ എന്ന് ഉറപ്പു വരുത്താം.
   5. സഹകരണ ബോധവൽക്കരണം എളുപ്പമാക്കാം.
2. പലിശ ഏകീകരണം – കേരളത്തിലെ എല്ലാത്തരം ബാങ്കുകളിലേയും നിക്ഷേപങ്ങളുടെയും ലോണുകളുടെയും പലിശ നിരക്കുകൾ കർശനമായും ഏകീകരിക്കാൻ വേണ്ട നടപടി എടുക്കുക.
3. എൻ.ആർ.ഐ. അക്കൗണ്ടുകൾ നേരിട്ടു കൈകാര്യം ചെയ്യുവാൻ വേണ്ട നിയമ നിർമ്മാണം നടത്തുകയും വിദേശ ബാങ്കുമായി വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
4. സഹകരണ ബാങ്കുകളിലെ സ്ഥിര നിക്ഷേപങ്ങളുടെ 25% തുക 7% പലിശനിരക്കിൽ ജില്ലാബാങ്കിൽ നിക്ഷേപിക്കണമെന്ന നിയമം പുനപരിശോധിക്കുകയും ശാസ്ത്രീയമാക്കുകയും ചെയ്യുക.
5. ഒരാൾക്ക് പരമാവധി 50,000 രൂപ വരെ മാത്രമേ ലോണെടുക്കുവാൻ പാടുള്ളൂ എന്ന നിബന്ധന കാലാനുസൃതമായി പരിഷ്കരിക്കുക.
6. വ്യാവസായികാവശ്യങ്ങൾക്ക് ലോൺ ലഭ്യമാക്കാനുള്ള വ്യവസ്ഥകൾ ഉദാരമാക്കുക.

7. അംഗങ്ങളുടെ എല്ലാത്തരം ആവശ്യങ്ങൾക്കും ലോൺ വ്യവസ്ഥയിൽ ധനസഹായം ലഭ്യമാക്കുവാൻ വേണ്ട നിയമ നിർമ്മാണം നടത്തുക.

8. മുഴുവൻ കുടുംബങ്ങളെയും സഹകരണ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെടുത്തുക. നിലവിലുള്ള അനുപാതം 5-ൽ ഒന്ന് എന്നതാണ്. ഇത് മാറ്റിയെടുക്കണം.

9. കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക. ഇപ്പോൾ സംഘാംഗങ്ങളിൽ 30% മാത്രമേ എതെങ്കിലും ആവശ്യത്തിനായി ബന്ധപ്പെടുന്നുള്ളു. സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരോ ജംഗ്ഷനിലും സഹകാരി സമ്മേളനങ്ങൾ സംഘടിപ്പിച്ച് കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കാം.

10. സഹകരണ സംഘങ്ങൾ ഗ്രഷ്ടത്തിലായിരുന്നാൽ പ്പോലും ഷെയർ ഹോൾഡേഴ്സിന് ഒരു മിനിമം ഡിവിഡന്റോ പലിശയോ ഏർപ്പെടുത്തുക.

11. അംഗങ്ങൾക്ക് ചെറിയ വാർഷിക ഗിഫ്റ്റുകൾ നല്കുക. സംഘവും അംഗങ്ങളും തമ്മിലുള്ള ബന്ധം പുതുക്കുവാൻ ഇതുപകരിക്കും.

12. വനിതകളുടെ ആനുപാതിക പ്രാതിനിധ്യം സഹകരണ മേഖലയിലും ഏർപ്പെടുത്തുക. ഭരണ സമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് വാർഡടിസ്ഥാനത്തിൽ ക്രമീകരിക്കുക.

13. സംഘം ജീവനക്കാർക്കും ഭരണസമിത അംഗങ്ങൾക്കും സമയാ സമയങ്ങളിൽ വേണ്ട പരിശീലനം ഏർപ്പെടുത്തുകയും അവ ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.

14. സംഘം ജീവനക്കാരും സഹകാരികളും തമ്മിലുള്ള ബന്ധം എപ്പോഴും നല്ലതായിരിക്കുവാൻ ശ്രദ്ധിക്കുക.

15. അക്കൗണ്ടിംഗ് സംവിധാനം കാലാനുസൃതമായി ആധുനികവല്ക്കരിക്കുകയും ഇടപാടുകളുടെ വേഗത വർദ്ധിപ്പിക്കുകയും ചെയ്യുക

16. സംഘങ്ങളിൽ സേഫ്ഡെപ്പോസിറ്റ് ലോക്കർ സംവിധാനം ഏർപ്പെടുത്തുക.

ഗാന്ധിജി വിഭാവനം ചെയ്ത 'ഗ്രാമസ്വരാജി'ന് വേണ്ട മുന്ന് അടിസ്ഥാന ഘടകങ്ങളാണ് ഗ്രാമപഞ്ചായത്ത്. പ്രാഥമിക വിദ്യാലയം, സഹകരണ സംഘം എന്നിവ ഗ്രാമപഞ്ചായത്തിന്റെയും സഹകരണ സംഘത്തിന്റെയും കൂട്ടായ പ്രവർത്തനങ്ങൾ വഴിമാത്രമേ ഗ്രാമവികസനം കൈവരിക്കാനാവുകയുള്ളു എന്ന സത്യം നാം അറിയുക. നമ്മുടെ പ്രദേശത്ത് ഏതെങ്കിലും ഒരു സഹകരണ പ്രസ്ഥാനത്തിൽ അംഗമല്ലാത്ത ആരുമില്ലാത്ത ഒരു ദിനം പിറക്കുവാൻ ഇനി താമസിച്ചുകൂടാ.

വിദ്യാഭ്യാസം

വിദ്യാഭ്യാസം ഒരു സാമൂഹിക പ്രക്രിയയാണ്. എക്കാലത്തും എല്ലാവരാലും ശ്രദ്ധിക്കപ്പെടുന്ന സാംസ്കാരിക നിലവാരത്തിന്റെ അളവുകോലായ വിദ്യാഭ്യാസം സമൂഹത്തിന്റെ സർവതോമുഖമായ വളർച്ചയെ ലക്ഷ്യമാക്കുന്നു. അറിവ് നേടുന്നതിനുള്ള ഉപാധിയും ഒരു വികസന പ്രവർത്തനവുമായ വിദ്യാഭ്യാസം ഇന്ന് പ്രധാനമായും വിദ്യാലയങ്ങളിലൂടെയാണ് തുടർന്നുകൊണ്ടിരിക്കുന്നത്. സാംസ്കാരിക ചരിത്ര പശ്ചാത്തലം വിവരിച്ചപ്പോൾ പഞ്ചായത്തിനകത്ത് ആദ്യകാലങ്ങളിലുണ്ടായ വിദ്യാലയങ്ങളെ സ്പർശിച്ചുപോകാനേ കഴിഞ്ഞുള്ളു. ഇവിടെ അവയുടെ ചരിത്രം പുരുക്കി വ്യക്തമാക്കേണ്ടിയിരിക്കുന്നു.

വാമനപുരത്തിനിപ്പുറത്ത് കൊല്ലവർഷം 1080-നു മുമ്പ് വിദ്യാലയങ്ങൾ ഉണ്ടായിരുന്നതായി അറിവില്ല. ശ്രീമൂലം തിരുനാൾ മഹാരാജാവ് (1885-1924) പ്രാഥമിക വിദ്യാഭ്യാസത്തിന് വളരെ പ്രാധാന്യം നൽകിയിരുന്ന കാലത്താണ് നമ്മുടെ പ്രദേശത്ത് കല്ലറയിൽ പഞ്ചായത്തിലെ ആദ്യവിദ്യാലയം ആരംഭിക്കുന്നത്. കൊല്ലവർഷം 1088 ഇടവം എന്നാണ് സ്കൂളിന്റെ സ്ഥാപനവർഷത്തെക്കുറിച്ച് മുഖാമുഖങ്ങളിൽ നിന്നു ലഭിക്കുന്ന അറിവ്. 1080 എന്നും ചിലർ പറയുന്നുണ്ട്. കല്ലറ തെങ്ങുംപണയിൽ ചിന്നൻപിള്ളയും ഭാര്യസഹോദരനായ മിതൃമ്മല കട്ടയ്ക്കാലിൽ രാമൻപിള്ളയും നാരായണപിള്ളയും ചേർന്നാണ് സ്കൂളിനുള്ള ശ്രമം തുടങ്ങിയത്. തെങ്ങുംപണയിൽക്കാരുടെ വക 50 സെൻറ് സ്ഥലം സ്കൂളിനായി വിട്ടുകൊടുത്തു. കൊയിപ്പുറത്തു ണ്ണിത്താൻമാരും പാറയിൽകോണത്തുകാരും കൂടി സഹായിച്ച് കെട്ടിടം ഉണ്ടാക്കി സർക്കാരിനെ ഏൽപിച്ചു. അവർ വിശാല മനസ്സോടെ കല്ലറയിൽ സ്ഥാപിച്ച സ്കൂളിന് "മിതൃമ്മല പ്രൈമറി സ്കൂൾ" എന്നായിരുന്നു പേര്. പിൽക്കാലത്ത് മിതൃമ്മല പ്രദേശത്ത് വേറെ സ്കൂൾ ഉണ്ടാവുകയും ഒരേ പേരിൽ രണ്ടിടത്ത് സ്കൂളുകൾ ഉണ്ടായിരിക്കുന്നത് ഡിപ്പാർട്ടുമെൻറിനു തന്നെ ബുദ്ധിമുട്ടുളവാകുകയും ചെയ്തപ്പോൾ പ്രസ്തുത സ്കൂളിന്റെ പേര് 'കല്ലറ ഗവൺമെൻറ് പ്രൈമറി സ്കൂളെ'ന്ന് തിരുത്തി. 1957-വരെ പ്രൈമറി വിഭാഗം. മാത്രമായിരുന്ന സ്ഥാപനം 1957 മുതൽ മിഡിൽ സ്കൂളായും 1976-77 മുതൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. വീണ്ടും 1989ൽ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളായി ഉയർന്നു. പ്രൈമറി വിഭാഗം മുതൽ ഹയർ സെക്കൻററി വിഭാഗം വരെയുള്ള ക്ലാസുകൾ ഇവിടുണ്ട്. ഹയർ സെക്കൻ ഒഴികെ 2979 വിദ്യാർഥികൾ പഠിക്കുന്ന പഞ്ചായത്തി ഏറ്റവും വലിയ വിദ്യാലയമാണിത്. കല്ലറ ഠൗണിനും പു മാർക്കറ്റിനുമിടയിൽ ശാന്തം മുട്ടിക്കഴിയുന്ന സ്ഥാപനത്തിൽ നിന്ന് പ്രൈമറി വിഭാഗത്തെ വേർതിരിക്കേണ്ടിയിരിക്കുന്നു.

കൊല്ലവർഷം 1096 ഇടവത്തിൽ ആ അരുവിപ്പുറം പ്രൈമറി സ്കൂളാണ് ഈ പ്രദേ രണ്ടാമതായി ഉണ്ടായ വിദ്യാലയം. മുതുവിള, കെ മുതലാളിയുടെ ഭാര്യാസഹോദരൻ വേലു വാദ്യ സ്കൂളിന്റെ സ്ഥാപകൻ. മഠ്ഗാവിൽ നാരായണപിള്ള വീടുകളിലായാണ് ക്ലാസാരംഭിച്ചത്. തുടർന്ന് ഇന്ന് സ് ഇരിക്കുന്ന സ്ഥലത്ത് 33 സെൻറ് സ്ഥലം വാങ്ങിമുള്ള കെട്ടിടം ഉണ്ടാക്കി അവിടെ ക്ലാസുകൾ തു കൊല്ലവർഷം 1099-ൽ കുഞ്ഞുശങ്കരപ്പിള്ള സാ സ്കൂൾ വിലയ്ക്കുവാങ്ങി. ദാനവും വിലയും ഉൾപ്പെ സെൻറ് സ്ഥലം കൂടി ചേർത്ത് നാട്ടുകാ സഹായത്തോടെ തിരിപ്പോടുകൂടി 140 അടി നീള ഒരു സ്ഥിരം കെട്ടിടം പണികഴിപ്പിച്ചു. കുഞ്ഞുശങ്കര സർ നാട്ടിലെ വലിയൊരു വിഭാഗം ജനങ്ങ അക്ഷരദാനം നൽകിയ ഗുരുശ്രേഷ്ഠനായിരുന്നു. വി വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവും ആക്കിയ പേരിൽ സ്കൂൾ സർക്കാർ ഏറ്റെടുത്ത് കെട്ടിടം പു പണിയിച്ചു. ആവശ്യമുള്ളത്ര ക്ലാസ് മു ലഭ്യമല്ലാത്തതിനാൽ ഷിഫ്റ്റ് സമ്പ്ര നിലവിലിരിക്കുന്നത് അധ്യയനത്തെ ദോഷക ബാധിക്കുന്നു.

നാലാം ക്ലാസ് കഴിഞ്ഞാൽ തുടർവിദ്യാഭ്യാസത്തി സൗകര്യം ഇല്ലാതെയായി. നാട്ടിൽനിന്നും വളരെക്കുറച്ച ആറ്റിങ്ങൽ പോലുള്ള ദൂരസ്ഥലങ്ങളിൽ പോയി വിദ്യാ തുടർന്നിട്ടുണ്ട്. നടന്നുപോയി വരികയോ, അവിടെ ചില വീടുകളിൽക്കൂടി താമസിക്കുകയോ ചെയ്താണ് നടത്തിയിരുന്നത്. ഈ രീതിയിൽ ബുദ്ധിമുട്ടിയവ വാമനപുരം വില്ലേജിലെ ആദ്യബിരുദധാരി അവരിലൊരാളായ എം. ആർ. മാധവക്കുറുപ്പി ശ്രമഫലമായി കൊല്ലവർഷം 1111 ഇടവം 19-ാം തീ (1936 ജൂൺ) മിതൃമ്മല മാധവവിലാസം മലയാളം മി സ്കൂൾ സ്ഥാപിതമായി. അതോടെ വലിയൊരു പ്രദേശ കുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തിനുള്ള ആഭ്യന്തര കരഗതമായി. അന്ന് ഏഴാം ക്ലാസ് പാസാകുന്ന നാലാം ക്ലാസ് വരെയുള്ള വിദ്യാലയത്തി അധ്യാപകനാകാനുള്ള യോഗ്യതയുമായിരു സ്കൂളിനാവശ്യമായ 50 സെൻറ് സ്ഥലം കൊയിപ്പു

പൊന്നമ്മ ഇട്ടിയാണ് നൽകിയത്. സ്വാതന്ത്ര്യാനന്തരമുണ്ടായ പരിഷ്കാരമനുസരിച്ച് തിരുവിതാംകൂറിലെ എല്ലാ മലയാളം മിഡിൽ സ്കൂളുകളും ഇംഗ്ലീഷ് മിഡിൽ സ്കൂളുകളായി രൂപാന്തരപ്പെട്ടു. 1948-ൽ മാനേജർ ഈ സ്കൂൾ സർക്കാരിന് വിട്ടുകൊടുത്തു. (Surrendered) നാട്ടുകാരുടെ അശ്രാന്തപരിശ്രമഫലമായി 1950 മുതൽ ഇതൊരു ഹൈസ്കൂളായി തീർന്നു. ആറ്റിങ്ങലിനും കിളിമാനൂരിനും കിഴക്കുള്ള ആദ്യത്തെ ഹൈസ്കൂളായിരുന്നു ഇത്. കുട്ടികളുടെ ക്രമാതീതമായ വർധന പരിഗണിച്ച് 1974-ൽ ആൺ-പെൺ ഹൈസ്കൂളുകളായി വേർതിരിക്കേണ്ടിവന്നു. (Bifurcated) സ്കൂളിന്റെ കനകജൂബിലി 1986-ൽ മൂന്നുദിവസത്തെ വിപുലമായ പരിപാടികളോടു കൂടി കൊണ്ടാടപ്പെട്ടു.

മിതൃമ്മല ഹൈസ്കൂൾ ആരംഭിച്ചതിനു ശേഷം ഇതിനുചുറ്റും പത്തിലധികം ഹൈസ്കൂളുകൾ ആരംഭിച്ചിട്ടുണ്ട്. പ്രതിവർഷം ആയിരക്കണക്കിന് വിദ്യാർഥികൾ എസ്എസ്എൽസി പരീക്ഷ എഴുതുന്നു. ഇത് ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള മുറവിളിക്ക് ആക്കം കൂട്ടി. 1978-ൽ മിതൃമ്മല ഗേൾസ് ഹൈസ്കൂളിനുവേണ്ടി പുതുതായി പണികഴിപ്പിച്ച കെട്ടിടങ്ങളുടെ ഉത്ഘാടനത്തിനെത്തിയ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി മുഹമ്മദ് കോയയ്ക്ക് നാടിന്റെ ആവശ്യം ബോധ്യപ്പെട്ടു. അദ്ദേഹം താൽപര്യപ്പെട്ടതനുസരിച്ച് (Government letter No. 571/K2/79/H.Edn. dt. 231979) പ്രകാരം കോളിജിയേറ്റ് ഡയറക്ടറുടെ No. D.415746/79 നമ്പർ അറിയിപ്പ് കോളേജിനു വേണ്ടിയുള്ള കമ്മിറ്റിയുടെ കൺവീനർക്ക് ലഭിച്ചു. 1980-81ൽ മിതൃമ്മലയിൽ ഒരു ഗവൺമെൻറ് കോളേജ് ആരംഭിക്കുന്നതിന് നാട്ടുകാർ ചെയ്തുകൊടുക്കേണ്ടതായുള്ള വ്യവസ്ഥകളായിരുന്നു അറിയിപ്പിലെ ഉള്ളടക്കം. സ്ഥലം എംഎൽഎ ശ്രീ. എൻ വാസുദേവൻപിള്ളയും വാമനപുരം ബ്ലോക്കിൽപെട്ട പഞ്ചായത്ത് പ്രസിഡൻറുമാരും കൺവീനറും നാട്ടുകാരും ചേർന്ന് വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്ന് രേഖാമൂലം ഡയറക്ടർക്ക് ഉറപ്പുനൽകി. അതിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി കമ്മീഷൻ പരിശോധന പൂർത്തിയാക്കുകയും 1980-81 അധ്യയനവർഷത്തിൽ പുതുതായി തുടങ്ങാൻ യൂണിവേഴ്സിറ്റിയും ഗവൺമെൻറും തീരുമാനിച്ച മൂന്നു കോളേജുകളിലൊന്നായി മിതൃമ്മല ഗവൺമെൻറ് കോളേജ് അംഗീകരിക്കപ്പെടുകയും ചെയ്തു. എന്തുകൊണ്ടോ പ്രസ്തുത കോളേജ് ഇനിയും നിലവിൽ വന്നിട്ടില്ല. ഗ്രാമസഭകളിലെല്ലാം ഉയർന്നുവന്ന ആവശ്യങ്ങൾ പരിഗണിച്ച് പ്രസ്തുത കോളേജിനു വേണ്ടി പഞ്ചായത്ത് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു.

ഈ പ്രദേശത്ത് നാലാമതായി ആരംഭിച്ച വിദ്യാലയമാണ് തെങ്ങുംകോട് പ്രൈമറി സ്കൂൾ. മിതൃമ്മല മാധവവിലാസം സ്കൂൾ സ്ഥാപിച്ച് മൂന്നുവർഷം കഴിഞ്ഞ് അതേ മാനേജർ സ്വന്തം നാട്ടിൽ തെങ്ങുംകോട് പ്രൈമറി സ്കൂൾ ആരംഭിച്ചു. രണ്ടു സ്കൂളുകൾ ഒരുമിച്ച് നടത്തിക്കൊണ്ടു പോകുന്നതിന് അന്ന് അദ്ദേഹത്തിന് കഴിയാതെ വന്നപ്പോൾ 8 വർഷം കഴിഞ്ഞ് പ്രസ്തുത സ്കൂൾ കരടിച്ചാണി മൂലയിൽ ഭാസ്കരപിള്ളയ്ക്ക് കൈമാറ്റം ചെയ്തു. അദ്ദേഹത്തിന്റെ മാനേജ്മെൻറിലിരിക്കുമ്പോൾ ഒരു കൊടുംകാറ്റിലും മഴയിലും പെട്ട് സ്കൂൾ നിലംപതിച്ച് അധ്യയനം മുടങ്ങി. ഒടുവിൽ സ്കൂൾ സർക്കാർ ഏറ്റെടുത്തതാണ് ഇന്നു കാണുന്ന തെങ്ങുംകോട് ഗവൺമെൻറ് ലോവർ പ്രൈമറി സ്കൂൾ. അമ്പതു സെൻറ് സ്ഥലവും കെട്ടിടവും സ്കൂളിനുണ്ട്. പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതവും സൗജന്യവുമാക്കിയതിന്റെ ഭാഗമായി പഞ്ചായത്തിലെ മുതുവിള പരപ്പിൽ കുറുമ്പയം എന്നിവിടങ്ങളിൽ ഓരോ സർക്കാർ പ്രൈമറി സ്കൂളുകൾ നിലവിൽ വന്നു. ഇതോടൊപ്പം അനുവദിക്കപ്പെട്ട മഠത്തുവാതുക്കൽ പ്രൈമറി സ്കൂൾ ഈ പഞ്ചായത്തിനകത്തല്ലെങ്കിലും മിതൃമ്മല വാർഡിലെ കുട്ടികളുടെ അധ്യയനത്തെ സുഗമമാക്കുന്നു. 1957-ലെ കല്ലറ പഞ്ചായത്തിന്റെ മാനേജ്മെൻറിൽ തെങ്ങുംകോട് ഡീസൻറ്മുക്ക് എന്ന സ്ഥലത്ത് പുതിയ മിഡിൽ സ്കൂൾ ആരംഭിച്ചു. 1962-ൽ മുതുവിള SKVUPS നിലവിൽ വന്നു. 1964-ൽ തുമ്പോട് SNV LPS-ഉം 1966-ൽ വെങ്കിട്ടമൂട് SKV LPS-ഉം മാനേജ്മെൻറിൽ അനുവദിക്കപ്പെട്ടു. ഇപ്പോൾ പഞ്ചായത്തിനകത്ത് V.H.S.S. ഉൾപ്പെടെ മൂന്നു ഗവൺമെൻറ് ഹൈസ്കൂളുകളും രണ്ട് മാനേജ്മെൻറ് മിഡിൽ സ്കൂളുകളും ഏഴ് പ്രൈമറി സ്കൂളുകളും ഉണ്ട്.

വിദ്യാഭ്യാസത്തെപ്പറ്റി ചിന്തിക്കുമ്പോൾ സ്കൂളുകളുടെ കാര്യം മാത്രം പരിഗണിച്ചാൽ പോരല്ലോ. സമാന്തര വിദ്യാലയങ്ങൾ നൽകുന്ന സേവനങ്ങളെ തള്ളിക്കളയാനാകില്ല. വിദ്യാലയങ്ങളുടെ സമീപത്ത് ട്യൂട്ടോറിയലുകൾ സാധാരണമായിരിക്കുന്നു. കല്ലറ, മിതൃമ്മല, മുതുവിള എന്നിവിടങ്ങളിലായി അനവധി പാരലൽ കോളേജുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. പല കാരണങ്ങളാൽ വിദ്യാലയങ്ങളിൽ നഷ്ടപ്പെടുന്ന അധ്യയനസമയം ഇത്തരം സമാന്തര സ്ഥാപനങ്ങൾ നികത്തുന്നുവെന്നു മാത്രമല്ല, ഉന്നത വിദ്യാഭ്യാസത്തിന് കോളേജുകളിൽ ചെന്നെത്താനാകാത്തവർക്ക് ഇത്തരം സ്ഥാപനങ്ങൾ സഹായകവുമാണ്. പോസ്റ്റ് ഗ്രാജുവേഷനുള്ള ക്ലാസുകൾ നടത്തുന്ന സമാന്തര വിദ്യാലയങ്ങളും ഇവിടെയുണ്ട്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളും ഇവിടെ ആരംഭിച്ചിരിക്കുന്നു. ഇത്തരം സ്ഥാപനങ്ങൾ സ്വയം തൊഴിൽ കണ്ടെത്തുന്നുവെന്നതും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മക്ക് ഒരു പരിഹാരമാർഗമാണെന്നതും ശ്രദ്ധേയമാണ്.

ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകളാണ് ഇവിടെയുണ്ടായ ആദ്യ സാങ്കേതികസ്ഥാപനങ്ങൾ. അതിന്നും പലേടത്തും നിലവിലുണ്ട്. തയ്യൽ സ്കൂളുകൾ, കമ്പ്യൂട്ടർ സെൻറർ, കല്ലറ ഹൈസ്കൂളിനോടു ചേർന്നുള്ള വിഎച്ച്എസ്എസ് എന്നിവയാണ് മറ്റു സാങ്കേതിക സ്ഥാപനങ്ങൾ.

പ്രീ പ്രൈമറി വിദ്യാഭ്യാസം ഇന്നൊരാവശ്യമായി മാറിയിട്ടുണ്ട്. പഞ്ചായത്തിലെ ഇരുപത്തിനാല് അംഗൻവാടികളിലും മിതൃമ്മല ഗേൾസ് ഹൈസ്കൂളിലും പ്രീ പ്രൈമറികൾ നിലവിലിരിക്കുന്നു.

പ്രശ്നങ്ങൾ

1. വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.

2. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ പരിമിതപ്പെട്ടിരിക്കുന്നു. കെട്ടിടം, അടിസ്ഥാനസൗകര്യങ്ങൾ, കളിസ്ഥലം എന്നീ ആവശ്യങ്ങൾ തൃപ്തിപ്പെടുത്താനാകുന്നില്ല.

3. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പോലുള്ള Unaided സ്ഥാപനങ്ങൾ പൊതു വിദ്യാലയങ്ങൾക്ക് വെല്ലുവിളിയുയർത്തുന്നു.

4. അധ്യാപക രക്ഷാകർതൃ സംഘടനകൾ കാര്യക്ഷമമാകുന്നില്ല.

5. വിദ്യാലയങ്ങളിലെ സാധ്യായ ദിവസങ്ങൾ പല കാരണങ്ങളാൽ കുറഞ്ഞുവരുന്നു.

6. ഇൻ സർവീസ് കോഴ്സുകളും മറ്റു ചുമതലകളും സാധ്യായ ദിവസങ്ങളിൽ അധ്യാപകർക്ക് നൽകുന്നത് വിദ്യാർഥികളുടെ അധ്യയന സമയത്തെ കാർന്നുതിന്നുന്നു.

സാധ്യതകൾ

1. സ്കൂൾ കോംപ്ലക്സുകൾ പഞ്ചായത്തു തലത്തിൽ മുറയ്ക്ക് ചിട്ടയായി നടത്തുക.

2. കുട്ടികളുടെ വാസനകൾ വളർത്താനുതകും വിധം പാഠ്യേതര പ്രവർത്തനങ്ങൾ സ്ഥിരമായും ചിട്ടയായും താൽപര്യപൂർവവും സംഘടിപ്പിക്കുക.

3. മത്സരങ്ങൾക്ക് കുട്ടികളെ സ്കൂൾതലത്തിൽ വർഷാരംഭം മുതൽ സജ്ജരാക്കിയെടുക്കുക.

4. വിദ്യാർഥി-അധ്യാപക അനുപാതം കുറയ്ക്കുക.

5. നിലവിലുള്ള സാഹചര്യത്തിലും അധ്യയനം എങ്ങനെ മെച്ചപ്പെടുത്താമെന്ന് സ്വയം വിമർശനത്തിലൂടെ അധ്യാപകർ തീരുമാനിക്കുകയും Criticism Class പോലുള്ള പരിപാടികൾ സ്കൂൾ തലത്തിലും സ്കൂൾ കോംപ്ലക്സുകളിലും നടത്തുകയും ചെയ്യുക.

6. ലഭ്യമായ ലാബറട്ടറി, കളിസ്ഥലങ്ങൾ, ലൈബ്രറി എന്നിവ ആത്മാർഥതയോടെ പ്രയോജനപ്പെടുത്തുക.

7. സമർത്ഥരായ അധ്യാപകരെ പഞ്ചായത്തു തലത്തിൽ കണ്ടുപിടിച്ച് അവാർഡ് നൽകി ആദരിക്കുക.

8. അധ്യാപക ദിനം പഞ്ചായത്തടിസ്ഥാനത്തിൽ ആഘോഷിക്കുക.

9. വിദ്യാലയത്തോടു കുട്ടികൾക്കുള്ള മമത വർധിപ്പിക്കുന്ന രീതിയിൽ വാർഷികാഘോഷങ്ങളും മറ്റും പ്രയോജനകരമായി സംഘടിപ്പിക്കുക.

നിർദ്ദേശങ്ങൾ

1. അധ്യാപകരുടെ ഒഴിവുകൾ തക്കസമയത്ത് നികത്തുക.

2. കെട്ടിടം, കളിസ്ഥലം, അടിസാമാനങ്ങൾ, പഠനോപകരണങ്ങൾ എന്നിവയുടെ കുറവു നികത്തുക.

3. ലോവർ പ്രൈമറി സ്കൂളുകൾ ഇല്ലാത്ത വാർഡുകളിലോ പ്രദേശത്തോ പുതിയ സ്കൂളുകൾ ആരംഭിക്കുക. നിലവിലുള്ള സ്കൂളുകളിൽ ഉയർന്ന ക്ലാസുകൾ ഏർപെടുത്തേണ്ടതുള്ളിടത്ത് (അപ്ഗ്രേഡ്) അപ്രകാരം ചെയ്യുക.

4. മൂത്രപ്പുര, കക്കൂസ് ഇവ ഇല്ലാത്ത സ്കൂളുകളിൽ അടിയന്തര പ്രാധാന്യത്തോടെ അവ നിർമ്മിക്കുക.

5. ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാൻ നടപടിയെടുക്കുക.

6. പ്രീ പ്രൈമറി വേണ്ടിടത്തെല്ലാം ഏർപെടുത്തുക.

7. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും പഠിത്തത്തിൽ പിന്നോക്കം പോകുന്നവർക്കും സാമ്പത്തികം ഉൾപ്പെടെയുള്ള ആനുകൂല്യം നൽകി കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുക.

8. സ്കൂൾ കോമ്പൗണ്ടുകൾ കെട്ടിയടച്ച് സ്കൂളും വസ്തുവകകളും സുരക്ഷിതമാക്കുക.

9. മിതൃമ്മല ഗേൾസ് ഹൈസ്കൂളിൽ തുടങ്ങിവച്ച ഓപ്പൺ എയർ ആഡിറ്റോറിയത്തിന്റെ പണി പൂർത്തിയാക്കുക.

10. കായിക പരിശീലനത്തിനായി സ്കൂൾ ഗ്രൗണ്ടുകൾ അംഗീകൃത സംഘങ്ങൾക്ക് നൽകുക.

11. ഹൈസ്കൂളുകളിലെ ലൈബ്രറികളിൽ പുറത്തുള്ളവർക്ക് റഫറൻസ് സൗകര്യം അനുവദിക്കുക.

12. പരപ്പിൽ, മുതുവിള, മിതൃമ്മല റൂട്ടിൽ വിദ്യാർഥികൾക്ക് വേണ്ടി പ്രത്യേക ബസ് സർവീസ് ഏർപെടുത്തുക.

13. അനൗപചാരിക വിദ്യാഭ്യാസത്തിന് നാഷണൽ ഓപ്പൺ സ്കൂൾ മാതൃകയിൽ സംവിധാനം ഏർപെടുത്തുക.

14. വിദ്യാഭ്യാസത്തെപ്പറ്റി രക്ഷകർത്താക്കളെ

ബോധവൽക്കരിക്കുക.

15. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സൗകര്യം വർധിപ്പിക്കുക.

16. വിദ്യാലയ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ പഞ്ചായത്തുതലത്തിൽ ഒരു വിദ്യാഭ്യാസ ഉപദേശക സമിതി രൂപീകരിക്കുക.

17. പ്രീ-പ്രൈമറിയിലും അംഗൻവാടികളിലും ശിശുക്കളെ പരിചരിക്കുന്നതിന് മനഃശാസ്ത്ര വിദഗ്ധർ തയ്യാറാക്കുന്ന ഒരു പദ്ധതി (Scheme) സ്വീകരിക്കുക.

ഗ്രന്ഥശാലകളും ക്ലബ്ബുകളും സംബന്ധിച്ച നിർദ്ദേശങ്ങൾ

1. ഗ്രന്ഥശാലകൾക്കും ക്ലബ്ബുകൾക്കും കെട്ടിടങ്ങൾക്കുള്ള ധനസഹായം നൽകുക.

2. ഗ്രന്ഥശാലകൾക്ക് പുതിയ പുസ്തകങ്ങൾ വാങ്ങാനുള്ള ധനസഹായം അനുവദിക്കുക.

3. തുടർവിദ്യാഭ്യാസ പദ്ധതി ഗ്രന്ഥശാലകളിലൂടെ തുടർന്ന് നടത്തുക.

4. വായനാശീലം പ്രോൽസാഹിപ്പിക്കുന്നതിന് ഉതകുന്ന രീതിയിൽ ഗ്രന്ഥങ്ങളെയും, ഗ്രന്ഥകാരൻമാരെയും കുറിച്ച് ചർച്ചകളും സിമ്പോസിയങ്ങളും നടത്താൽ പ്രേരണ ചെലുത്തുക.

5. കായിക പരിശീലന സൗകര്യങ്ങൾ വാർഡുതോറും ഏർപെടുത്തുക.

6. അഭ്യസ്തവിദ്യരടങ്ങുന്ന സന്നദ്ധ സംഘടനകളുടെ സേവനം, സർവെ, സെൻസസ്, ക്ലോറിനേഷൻ തുടങ്ങിയ ജോലികൾക്ക് വിനിയോഗിക്കുക.

7. അധ്യയനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ ട്യൂഷൻ സന്നദ്ധ സംഘടനകൾ വഴി ഏർപെടുത്തുക.

8. കല്ലറ വാസുദേവൻപിള്ള സ്മാരക ഗ്രന്ഥശാലയെ ഇൻഫർമേഷൻ സെൻററാക്കി ഉയർത്തി അവിടെ മുഴുവൻ സമയ ലൈബ്രേറിയനെ നിയമിക്കുക.

9. മുണ്ടോണിക്കര, ഡീസൻറുമുക്ക് എന്നിവിടങ്ങളിൽ പുതിയ ഗ്രന്ഥശാലകൾ രൂപീകരിക്കാൻ സഹായിക്കുക.

10. സൗജന്യമായി മുറി വിട്ടുതരാൻ ആളുകളുള്ള പാൽക്കുളം പോലുള്ള വാർഡുകളിൽ സാംസ്കാരിക കേന്ദ്രങ്ങൾ പണിയിക്കുക.

പട്ടിക 1 എ

വിദ്യാലയ പൊതുസ്ഥിതി

			വിദ്യാർഥികൾ			അധ്യാപകർ			
നമ്പർ	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	Area
1	ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ, മിതൃമല	ഗവൺമെന്റ്	722	-	722	14	15	29	3 ഏക്കർ
2	ഗവ. ഗേൾസ് ഹൈസ്കൂൾ മിതൃമല	ഗവൺമെന്റ്	-	785	785	12	19	31	2 ഏക്കർ 34 സെന്റ്
3	യു.പി.എസ് തെങ്ങുംകോട്	പഞ്ചായത്ത്	115	131	246	-	9	9	1.5 ഏക്കർ
4	യു.പി.എസ് മുതുവിള	പ്രൈവറ്റ്	158	165	323	3	9	12	1.25 ഏക്കർ
5	എൽ.പി.എസ്. അരുവിപ്പുറം	ഗവൺമെന്റ്	113	112	225	5	1	6	50 സെന്റ്
6	എൽ.പി.എസ്. മുതുവിള	ഗവൺമെന്റ്	153	132	285	3	4	7	50 സെന്റ്
7	എൽ.പി.എസ്. പരപ്പിൽ	ഗവൺമെന്റ്	43	57	100	1	2	3	50 സെന്റ്
8	എൽ.പി.എസ്. കുറുമ്പയം	ഗവൺമെന്റ്	105	96	201	1	5	6	50 സെന്റ്
9	എൽ.പി.എസ്. തെങ്ങുംകോട്	ഗവൺമെന്റ്	130	147	277	2	5	7	50 സെന്റ്
10	എൽ.പി.എസ്. വെങ്കട്ടമുട്	പ്രൈവറ്റ്	61	58	119	4	1	5	1 ഏക്കർ 40 സെന്റ്
11	S.N.V.L.P.S തുമ്പോട്	പ്രൈവറ്റ്	94	76	170	1	5	6	1 ഏക്കർ 50 സെന്റ്
12	വി.എച്ച്.എസ്.എസ് കല്ലറ	ഗവൺമെന്റ്	1460	1519	2979	46	41	87	1.30 ഏക്കർ
	പ്രീ പ്രൈമറി								
	ജി.എച്ച്.എസ്, മിതൃമല	ഗവൺമെന്റ്	19	21	40		1	1	
		ഗവൺമെന്റ് സ്കൂളുകൾ - 8 മാനേജ്മെന്റ് സ്കൂളുകൾ - 4 അൺഎയ്ഡഡ് സ്കൂളുകൾ ഇല്ല. പ്രീ-പ്രൈമറി കൂടാതെ							

7032 കുട്ടികൾ പഞ്ചായത്തിലെ 12 സ്കൂളുകളിലായി അദ്ധ്യയനം നടത്തിവരുന്നു.
ഇത് നമ്മുടെ ജനസംഖ്യയുടെ 21 ശതമാനത്തോളം വരുന്നു.

അക്കാദമിക് നിലവാരം – കുട്ടികളുടെ പൊതുനിലവാരം									S.S.L.C വിജയശതമാനം				
നമ്പർ	സ്കൂളിന്റെ പേര്	സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ	30%-നു താഴെ	30% to 40%	40% to 50%	50% to 60%	60-നു മേൽ	91-92	92-93	93-94	94-95	95-96
1	S.N.V. LPS തുന്നോട്	3	39	13	6	5	8	7					
		4	52	20	10	6	6	10					
2	ഗവ LPS തെങ്ങുംകോട്	3	67	25	4	10	8	20					
		4	76	35	8	11	7	14					
3	SKV LPS വെങ്കട്ടോട്	3	32	15	10	4	2	1					
		4	32	14	8	6	2	2					
4	ഗവ LPS പകലിൽ	3	28	7	4	3	4	10					
		4	26	5	5	3	2	11					
5	ഗവ LPS മുതുവിള	3	77	26	8	8	13	22					
		4	78	20	6	15	16	21					
6	ഗവ LPS അരുവിപുറം	3	63	7	34	7	7	8					
		4	70	6	1	18	22	22					
7	ഗവ LPS കുറുമ്പയം	3	46	11	8	7	10	10					
		4	58	11	12	12	13	10					
8	UPS തെങ്ങുംകോട്	5	79	32	11	9	11	16					
		6	81	48	13	9	3	8					
		7	82	43	12	12	8	7					
9	SKV. UPS മുതുവിള	5	103	37	15	15	15	21					
		6	101	47	13	10	11	20					
		7	115	166	16	8	4	21					
10	ഗവ ബോയ്സ് H.S. മിയ്യല	5	86	16	20	20	20	10					
		6	83	15	20	23	20	7					
		7	113	30	25	30	18	10					
		8	173	50	40	38	30	15					
		9	169	48	37	38	31	15					
		10	122	35	28	30	17	12	48	52	50	52	
11	ഗവ ഗേൾസ് H.S മിയ്യല	5	116	26	45	25	15	10					
		6	130	60	25	20	15	10					
		7	124	69	25	13	10	7					
		8	162	97	20	25	10	10					
		9	141	84	20	12	15	10					
		10	111	51	20	20	10	10	49.1	51	46	56	
12	V.H.S.S. കല്ല	3	147	65	30	25	20	7					
		4	175	74	28	24	28	21					
		5	323	127	101	40	29	26					
		6	332	115	109	38	40	30					
		7	328	120	115	35	33	25					
		8	494	207	155	48	45	39					
		9	518	178	110	91	80	60					
		10	397	100	97	90	70	40	39	39.5	40	41.2	
			6432	33.3	18.83	11.97	11.32	9.87					

ഒന്നും രണ്ടും സ്റ്റാൻഡേർഡുകൾ വിദ്യാഭ്യാസ സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ഈ പട്ടികയിൽ പെടുന്നില്ല. ആകെ വിദ്യാർഥികളിൽ 33.3% 30 ശതമാനത്തിനു താഴെ മാർക്കുനേടുന്നവരും 9.87 ശതമാനം 60നുമേൽ മാർക്കു നേടുന്നവരുമാണ്. S.S.L.C വിജയം 50%-നു താഴെയുമാണ്.

9.4 അക്കാദമിക് സൗകര്യങ്ങൾ

സ്കൂളിന്റെ പേര്	ലൈബ്രറി	കമ്പ്യൂട്ടർ	പഠനോപകരണങ്ങൾ	ദൃശ്യശ്രാവ്യ ഉപകരണങ്ങൾ (എണ്ണം)								സ്റ്റാഫ് പൊസിഷൻ		25-ൻ അധ്യാപകരുടെ	സയൻസ് ലാബ് സൗകര്യം	പ്രൊമോഷൻ ലഭിച്ച അധ്യാപകരുടെ	മാതൃസംഘം രജിസ്റ്റർ ചെയ്തിട്ടുണ്ടോ	ക്ലാസ് തല PTA പ്രവർത്തനം
				ഗൈഡോ	ടേപ്പ് റിക്കാർഡർ	T.V.	V.C.R V.C.P	സ്ലൈഡ് പ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	OH പ്രൊജക്ടർ	കംപ്യൂട്ടർ	വേണ്ടത്	നിലവിലുള്ളത്					
1. V.H.S.S. കല്ലറ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	1		191	12	7	സജീവം	പ്രവർത്തിക്കുന്നു
2. B.H.S. മിത്രമല	ഉണ്ട്	ഉണ്ട്	വേണ്ടത്രയില്ല	ഉണ്ട് പ്രവർത്തിക്കുന്നില്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	22	18	176	11	5	സജീവം	പ്രവർത്തിക്കുന്നു
3. G.H.S. മിത്രമല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	20	20	192	5	9	സജീവം	പ്രവർത്തിക്കുന്നു
4. LPS തുമ്പോട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	6	4	190	-	2	സജീവം	പ്രവർത്തിക്കുന്നു
5 LPS തെക്കുംകോട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	8	5	195	-	2	സജീവം	പ്രവർത്തിക്കുന്നു
6. UPS തെക്കുംകോട്	ഉണ്ട്	ഉണ്ട്	-	-	-	-	-	-	-	-	-	8	8	193	2	5	സജീവം	പ്രവർത്തിക്കുന്നു
7. LPS വെങ്കിട്ടമൂട്	ഇല്ല	ഇല്ല	ഉണ്ട്	-	-	-	-	-	-	-	-	8	8	194	-	2	സജീവം	പ്രവർത്തിക്കുന്നു
8. LPS പരപ്പിൽ	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	-	-	-	-	-	-	-	5	5	194	2	4	സജീവം	പ്രവർത്തിക്കുന്നു
9. U.P.S മുതുവിള																		
10. LPS അരുവിക്കുഴം	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	-	-	-	-	-	-	8	8	186	4	6	സജീവം	പ്രവർത്തിക്കുന്നില്ല
11. LPS മുതുവിള	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	-	-	-	-	-	-	-		1	194	ഇല്ല	ഇല്ല	സജീവം	പ്രവർത്തിക്കുന്നില്ല
12. LPS കുറുമ്പയം	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	-	-	-	-	-	-	-	-	-	-	-	-		

സാമ്പത്തികമായുള്ളും ലഭിക്കുന്ന വിദ്യാർഥികളുടെ വിവരം

		സ്കോളർഷിപ്പുകൾ								
നമ്പർ	സ്കൂളിന്റെ പേര്	മെറിറ്റ് സ്കോളർഷിപ്പ്	ടോപ്പ് അപ്പ്	മുസ്ലീം പെൺകുട്ടി സ്കോളർഷിപ്പ്	നിലവാര സ്കോളർഷിപ്പ്	ഓവർസീസ് മലയാളി	ഡിഡി മൊബിലൈ മലയാളി	മറ്റു മൊബിലൈ മലയാളി	മറ്റുള്ളവ	റിമാർക്ക്
1	V.H.S.S. കല്ലാ	-	354	130	28	-	-	-	-	
2	B.H.S. വിതുര	-	103	-	6	2	-	-	-	
3	G.H.S. വിതുര	Rs. 120	Rs. 8810	Rs. 4600	Rs. 1700	-	-	-	Rs. 470	(USS & LSS)
4	L.P.S തൊളിക്കോട്	-	5	-	-	-	-	-	-	
5	LPS തൊളിക്കോട്	-	41	-	-	-	-	-	-	
6	UPS തൊളിക്കോട്	5	35	12	-	-	-	-	-	
7	SKV LPS വെള്ളനാട്	-	Rs. 4695	-	-	-	-	-	-	
8	LPS പാലോട്	-	17	-	-	-	-	-	-	
9	LPS മുതുവിള	-	63	-	-	-	-	-	-	
10	LPS തൊളിക്കുഴി	-	16	-	-	-	-	-	-	
11	LPS കുറുമ്പാല			-	-	-	-	-	-	
12	UPS മുതുവിള	-	86	1	2	2	-	-	3	(ഓറിയന്റൽ സ്കോളർഷിപ്പ്)

S.S.L.C പരീക്ഷാഫലം							
1		കോളേജിലെ എണ്ണം	പാലോട് കോളേജുകളിൽ	ജാതികിള സ്ഥാപനങ്ങളിൽ	മറ്റിടം	ആകെ	ഒന്നിലും പെടാതെ
1	SSLC പരീക്ഷകൾ	75	195	15	10	300	5
2	PDC, VHSE പരീക്ഷ	70	85	15	5	195	10
3	DC പരീക്ഷകൾ	10	15	10	5	50	10
4	PG പരീക്ഷകൾ	-	-	-	5	10	5

ഈ പഞ്ചായത്തിൽ മാത്രം പ്രതിവർഷം 300 കുട്ടികളെങ്കിലും SSLC പാസ്സായി ഇറങ്ങുന്നു. പട്ടികവർഗത്തിൽ ഒരു കോളേജിലെ ആവശ്യം നിറവേറ്റുന്നു.

A. ഗ്രന്ഥശാലകൾ

നമ്പർ	പേര്	സ്ഥാപിതവർഷം	രജിസ്ട്രേഷൻ	പുസ്തകങ്ങളുടെ എണ്ണം	സ്വന്തമായി സ്ഥലം	ടി.വി റേഡിയോ	പ്രവർത്തനങ്ങൾ
1	YMA ഗ്രന്ഥശാല, കല്ലറ	1949			ഉണ്ട്		പുസ്തകങ്ങൾ ആനുകാലികങ്ങൾ
2	ഗ്രാമീണ ഗ്രന്ഥശാല, പാട്ടറ	24-7-'63					,,
3	നവോദയ ഗ്രന്ഥശാല, കൊടിതൂക്കിമുക്ക്	1954	3599				,,
4	നേതാജി സ്മാരക ഗ്രന്ഥശാല, പരപ്പിൽ						,,
5	മഹാത്മാഗാന്ധി മെമ്മോറിയൽ ഗ്രന്ഥശാല, മുതുവിള				ഉണ്ട്		,,
6	നേതാജി സ്മാരക ഗ്രന്ഥശാല, മിത്രമല	1949			ഉണ്ട്	T.V.	,,
7	ഗോപാലൻ സ്മാരക ഗ്രന്ഥശാല ചെറുവാളം						,,
8	മഹിമ ഗ്രന്ഥശാല, തറട്ട	1986	1990				,,
9	N.C. വെള്ളൻ മെമ്മോറിയൽ ഐയുർ വേള റഫറൻസ് ലൈബ്രറി, മുതുവിള						റഫറൻസ് ഗ്രന്ഥങ്ങൾ
10	വിജ്ഞാന പ്രദീപം വായനശാല നീറമൺകടവ്						

വായനശാലകൾ രൂപം കൊള്ളുന്നതിനു മുമ്പുതന്നെ പത്രപാരായണ സൗകര്യം ലഭിച്ചിരുന്നു. സാഹിത്യകൃതികൾ വീടുതോറും കയറി ഇറങ്ങി വിൽപന നടത്തിയിരുന്നതും വായനാശീലത്തെ പ്രോത്സാഹിപ്പിച്ചിരുന്നു.

B. ക്ലബ്ബുകൾ

	പേര്	സ്ഥാപന വർഷം	അംഗസംഖ്യ	സംഗീതനാടക അക്കാദമി സ്റ്റാർട്ടിസ് കൗൺസിൽ അഫിലിയേഷൻ	സ്വന്തമായ കെട്ടിടം	T.V. റേഡിയോ	മുഖ്യ പ്രവർത്തനങ്ങൾ
1	ഗ്രാമീണ കലാക്ഷേത്രം	1976		അക്കാദമി അംഗികാരം ഉണ്ട്			നാടൻ കലാരൂപങ്ങളെ അവതരിപ്പിക്കുന്നു.
2	പി.കെ. തിയേറ്റേഴ്സ്						,,
3	കെ.പി.എ.സി പൂക്കോട്		45		ഇല്ല	ഇല്ല	
4	സേവന, മിത്രമല	1992	50		ഇല്ല	റേഡിയോ	
5	ദുർഗ്ഗ ആർട്സ് & സ്പോർട്സ്, വാഴവിള	1992	48		ഇല്ല	ഇല്ല	
6	മഹിമ ആർട്സ് & സ്പോർട്സ് സൊസൈറ്റി	1986	40	അക്കാദമി അംഗികാരം ഉണ്ട്		ഇല്ല	തെരുവുനാടകം സംഗീതശില്പം, കമ്പടവുകളി
7	സോഷ്യൽ വെൽഫെയർ റിക്രിയേഷൻ സെന്റർ, മരുതുംമൂട്						
8	പാർത്ഥസി ആർട്സ് & സ്പോർട്സ് മുതുവിള						
9	ഉഷസ് ആർട്സ് സ്പോർട്സ്, കുറുമ്പയം	1970	250	-	ഇല്ല	ഇല്ല	സാമൂഹ്യപ്രവർത്തനം
10	KKSN ആർട്സ് & സ്പോർട്സ്, പാട്ടറ						,,
11	ദർശന ആർട്സ് & സ്പോർട്സ്, പാലുവള്ളി						,,
12	അക്ഷര ആർട്സ് & സ്പോർട്സ് ക്ലബ്	1992	45	-		ഉണ്ട്	,,

കുടിവെള്ളം, പൊതുജനാരോഗ്യം

കുടിവെള്ളം

ഇന്ത്യയിൽ ജലലഭ്യതയിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 43000 ദശലക്ഷം ക്യൂ. മീ. ജലം നമ്മുടെ 43 നദികളിലൂടെ ഓരോ വർഷവും കഴുകിയെത്തുന്നു. ഭൂഗർഭജല പോഷണത്തിന്റെ വാർഷിക നിരക്ക് 7900 ദശലക്ഷം ക്യൂ. മീ. ആണ്. എന്നിട്ടും കേരളത്തിൽ വളരൾച്ചയും കുടിവെള്ളക്ഷാമവും അനുഭവപ്പെടുന്നു. എന്തുകൊണ്ടാണിത്?

നമ്മുടെ പരമ്പരാഗത ജലസ്രോതസ്സുകളാണ് കിണറുകൾ, കുളങ്ങൾ, നീരുറവകൾ, അരുവികൾ, ചെറു ജലാശയങ്ങൾ, നദികൾ. ഈ ജലസ്രോതസ്സുകളെ മനുഷ്യന്റെ ആധുനിക സാമൂഹിക ജീവിതം കടന്നാക്രമിച്ചു കൊണ്ടിരിക്കുന്നു. അതിന്റെ ഫലമായി ഇവയുടെ ജലശേഷി ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുന്നു. നഗരവൽക്കരണം, കുടിയേറ്റം, അനുയോജ്യമല്ലാത്ത ഭൂവിനിയോഗ രീതി, വന നശീകരണം, ജനസംഖ്യാ വർദ്ധന, ജല ഉപയോഗ രീതിയിലെ മാറ്റം, നദികളിലെ മണൽ ഖനനം, അനിയന്ത്രിതമായ പമ്പിംഗ് എന്നിങ്ങനെ പ്രകൃതിക്കു മേൽ മനുഷ്യന്റെ ബോധപൂർവ്വമോ, അബോധപൂർവ്വമോ ആയ ഇടപെടൽ ഈ ജല സ്രോതസ്സുകളുടെ ശേഷി ചോർത്തിക്കൊണ്ടിരിക്കുന്നു. നഗരങ്ങളിൽ മാത്രമല്ല ഗ്രാമങ്ങളിൽ പോലും പൈപ്പു വഴിയുള്ള ശുദ്ധജലത്തിന് ആക്കം കൊടുക്കപ്പെടും. സ്രോതസ്സുകളുടെ ശേഷിയെക്കാൾ കൂടുതൽ വെള്ളം പമ്പുചെയ്ത് സ്രോതസ്സുകളെ ദുർബലമാക്കി. ഫലമോ കുടിവെള്ളക്ഷാമം. ആസൂത്രമില്ലായ്മയോ വികലമായ ആസൂത്രണമോ ആണ് ഈ സ്ഥിതി ഉണ്ടാക്കിയത്.

നമ്മുടെ പഞ്ചായത്തിലെ മുഖ്യജല സ്രോതസ്സ് ഇപ്പോഴും കിണർവെള്ളം തന്നെയാണ്. നീരുറവകളുടെയും ഭൂഗർഭ ജലത്തിന്റെയും സ്രോതസ്സ് താഴ്ന്നുകൊണ്ടിരിക്കുന്നു എന്ന് പഠനങ്ങളും അനുഭവങ്ങളും തെളിയിക്കുന്നു. മേൽ സൂചിപ്പിച്ചതുപോലെ പ്രകൃതിയുടെ മേൽ മനുഷ്യർ നടത്തിയ ഇടപെടൽ സൃഷ്ടിച്ച പ്രശ്നമാണിത്. പഞ്ചായത്തിൽ ആകെ 43 പൊതു കിണറുകളും 14 കുളങ്ങളും 15 കുഴൽക്കിണറുകളും ഇതിനകം നിർമ്മിച്ചിട്ടുണ്ട്. കല്ലറ ജംഗ്ഷനിലും പരിസര പ്രദേശങ്ങളിലും ശുദ്ധജല വിതരണത്തിനായി വർഷങ്ങൾക്ക് മുമ്പ് കേരള വാട്ടർ അതോറിട്ടിയുടെ ഒരു സ്കീം ഇവിടെ നടപ്പിലാക്കി. കല്ലറ ജംഗ്ഷനിലും അവിടെ നിന്ന് പാട്ടറ വരെയും തുമ്പോട് സ്കൂൾ ജംഗ്ഷൻ വരെയും മരുതമൺ ജംഗ്ഷൻ വരെയും വാഴത്തോപ്പുപച്ച ജംഗ്ഷൻ വരെയും ശുദ്ധജല വിതരണം നിലനിന്നിരുന്നു. എന്നാൽ ഇപ്പോൾ ഈ ജലവിതരണ സമ്പ്രദായം ആകെ തകർന്നു. കല്ലറ ജംഗ്ഷനിൽ രണ്ട് പൊതുടാപ്പുകളിൽ നിന്ന് വല്ലപ്പോഴും വെള്ളം ലഭിക്കുന്ന അവസ്ഥയിൽ എത്തിനിൽക്കുന്നു. വാട്ടർ അതോറിട്ടിയുടെ ശ്രദ്ധയില്ലായ്മയും അറ്റകുറ്റപണികൾ യഥാസമയം തീർക്കാതിരുന്നതുമാണ് ഈ സ്ഥിതി ഉണ്ടാക്കിയത്. യഥാർത്ഥത്തിൽ വാട്ടർ അതോറിട്ടിയുടെ സേവനം ഈ പഞ്ചായത്തിന് ഈ നിലയിൽ ആവശ്യമില്ല തന്നെ. ജനങ്ങൾ ഉപയോഗിക്കാത്ത വെള്ളത്തിന് വാട്ടർ അതോറിട്ടി പഞ്ചായത്തിനുമേൽ ചുമത്തിയിരിക്കുന്ന വെള്ളക്കരത്തിന്റെ കുടിശിക എഴുതിതള്ളേണ്ടതാണ്. കുഴൽ കിണറുകളുടെ സ്ഥിതിയും മനുഷ്യന് പ്രയോജനപ്പെടുന്ന അവസ്ഥയിലല്ല. കുഴൽ കിണറുകളിൽ ഇറക്കിയിരിക്കുന്ന ഇരുമ്പ് പൈപ്പുകളിൽ നിന്ന് തരുമ്പ് കലർന്ന വെള്ളമാണ് മുകളിലെത്തുക. ഇത് കുടിക്കാൻ കൊള്ളില്ല എന്നു മാത്രമല്ല അശുദ്ധവുമാണ്.

പൊതുജനാരോഗ്യത്തിന്റെ പ്രഥമവും പ്രധാനവുമായ സൂചിക ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യതയാണ്. അതുകൊണ്ടാണ് ഓരോ രാജ്യത്തെ വാട്ടർടാപ്പുകളുടെ എണ്ണം കണക്കാക്കി ആ രാജ്യത്തെ പൊതുജനാരോഗ്യത്തിന്റെ നിലവാരം നിർണ്ണയിക്കാമെന്ന് വൈദ്യശാസ്ത്ര വിദഗ്ധൻമാർ പറയുന്നത്. ജലസമ്പത്തിന്റെ കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് സ്വാശ്രയത്വം നേടേണ്ടതുണ്ട്. നഷ്ടപ്പെട്ടു കഴിഞ്ഞ ജലസംരക്ഷണ വികസന പരിപാലന പ്രക്രിയ പുനഃസൃഷ്ടിച്ചുകൊണ്ടേ നമുക്ക് കഴിയൂ. പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും 200 മീറ്റർ ദൂരപരിധിക്കുള്ളിൽ കുടിവെള്ളം ലഭ്യമാക്കുകയായിരിക്കണം നമ്മുടെ ലക്ഷ്യം. ജല സ്രോതസ്സുകൾ ജനങ്ങളുടെ സംരക്ഷണയിലാകണം. ജല വിതരണത്തിന് ജനകീയ സ്വഭാവം കൈവരണം. ജല ലഭ്യത, ഗുണനിലവാരം ഇവയുടെ ഉത്തരവാദിത്വം സമൂഹത്തിനായിരിക്കണം. നമ്മുടെ പഞ്ചായത്തിലെ പരമ്പരാഗത ജലസ്രോതസ്സുകളുടെ സാധ്യതകൾ വിലയിരുത്തി അവ ഫലപ്രദമായി ഉപയോഗിക്കുന്നതിന് പ്രാദേശിക അറിവും നവീന

സാങ്കേതിക വിദ്യകളും സമുന്നയിപ്പിച്ചുകൊണ്ട് ഒരു ആസൂത്രണ രീതിയും പദ്ധതി രൂപീകരണവും സാധ്യമാക്കണം.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ചില വാർഡുകളിൽ ജലക്ഷാമം അനുഭവപ്പെടുന്നു. ജനുവരി മുതൽ മെയ് മാസം വരെയാണ് ഇത് രൂക്ഷമായി അനുഭവപ്പെടുന്നത്.

2. ചില വാർഡുകളുടെ ചില പ്രദേശങ്ങളിൽ കരിങ്കൽ പാറകളുള്ളതിനാൽ കിണറുകളെ ആഴംകൂട്ടി ജലലഭ്യത ഉറപ്പുവരുത്താൻ കഴിയുന്നില്ല.

3. ചില കുഴൽ കിണറുകളിൽ ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല. രുചിവ്യത്യാസം അനുഭവപ്പെടുന്നു.

4. പൈപ്പുവെള്ളം കല്ലറ ജംഗ്ഷനിൽപ്പോലും ആവശ്യത്തിന് വിതരണം ചെയ്യാൻ കഴിയുന്നില്ല.

5. യഥാസമയം അറ്റകുറ്റപ്പണി നടത്താൻ ആളില്ലാത്തതു കാരണം ധാരാളം വെള്ളം പൈപ്പിൽ നിന്നും നഷ്ടപ്പെടുന്നു.

സാധ്യതകൾ

ശുദ്ധജല വിതരണത്തിനായി വാമനപുരം നദിയിൽ ഒരു ബ്യൂഹ്ത് പദ്ധതിയ്ക്ക് വാട്ടർ അതോറിട്ടി ആരംഭം കുറിച്ചിട്ടുണ്ട്. വാമനപുരം നദിയിൽ തടയണകെട്ടി വെള്ളം പൈപ്പുവഴി തെങ്ങുംകോട് എത്തിച്ച് ശുദ്ധീകരിച്ച് അവിടെനിന്ന് കൊടിതൂക്കിയ കുന്നിൽ പമ്പ് ചെയ്ത് കയറ്റി രണ്ട് പഞ്ചായത്തുകൾക്ക് കുടിനീർ വിതരണം ചെയ്യാനാണ് പദ്ധതി എന്നറിയുന്നു. എങ്കിലും ഇതിന് വർഷങ്ങൾ കലാതാമസമുണ്ടാകും എന്ന് ഉറപ്പാണ്.

പഞ്ചായത്തിൽ അതിരൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് കല്ലറ വാർഡിലെ പാറമുകൾ, ചന്തേക്കാട്ട്, മുതുവിള വാർഡിലെ അയണിക്കുഴി, തെങ്ങുംകോട് പുളിമാത്ത് കുന്നുകോളനി, പാൽക്കുളം വാർഡിലെ പാങ്ങൽകുന്ന്, അരുവിപ്പുറം വാർഡിലെ പാലച്ചിറ - തൂക്കക്കുന്ന് എന്നിവ. കുടിവെള്ളത്തിന്റെ പ്രശ്നമായതുകൊണ്ട് ബ്യൂഹ്ത് പദ്ധതി വരുന്നതുവരെ കാത്തിരിക്കാനാവില്ല. താൽക്കാലിക സംവിധാനം ഉണ്ടാക്കിയേ മതിയാകൂ. പാറമുകളിൽ താഴെയുള്ള ചാത്തൻകോണത്ത് നിലവിലുള്ള കുളം വികസിപ്പിച്ച് വെള്ളം പമ്പ് ചെയ്ത് മുകളിലെത്തിച്ച് വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാകണം. നെടുന്തേരിയിൽ ഓറൻകോട്, കൂവക്കാട് നെടുന്തേരി തെക്കേ ചരിവിലെ കുളത്തിൽനിന്ന് വെള്ളം പമ്പുചെയ്ത് മുകളിൽ എത്തിച്ച് വിതരണം ചെയ്യണം. ചന്തേക്കാട്ടിൽ കൂവക്കുഴിയിൽ കുളം നിർമ്മിച്ച് ചന്തത്തടത്തിൽ ടാങ്ക് കെട്ടി വെള്ളം എത്തിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്യണം. അയണിക്കുഴിയിൽ കുളം നിർമ്മിച്ച് മരക്കാട്ടുകുന്നിൽ ടാങ്കുകെട്ടി വെള്ളമെത്തിക്കണം. തെങ്ങുംകോട് ഏലായിലെ പൊതുകുളത്തിൽ നിന്ന് കോളനിയിൽ ടാങ്ക് നിർമ്മിച്ച് വെള്ളം എത്തിക്കണം. പാൽക്കുളത്ത് കുളം നിർമ്മിച്ച് പാങ്ങൽ കുന്നിൽ വെള്ളം എത്തിക്കുക. അരുവിപ്പുറം വാർഡിലെ പഞ്ചായത്തു കിണർ ആഴംകൂട്ടി പമ്പുസെറ്റ് വച്ച് വെള്ളം ലഭ്യമാക്കുക താപസഗിരിയിൽ നിലവിലുള്ള കിണറിന്റെ ആഴം കൂട്ടി പമ്പ് സൈറ്റ് വയ്ക്കണം. വെള്ളം കുടി കോളനിയിലേയും എ.കെ.ജി. കോളനിയിലേയും കിണർ ആഴം കൂട്ടി പമ്പ് സൈറ്റ് വയ്ക്കണം.

നിലവിലുള്ള പൊതുകിണറുകളെല്ലാം ഉപയോഗയോഗ്യമാക്കണം. പഞ്ചായത്തിലാകെ ജലസംരംക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. ജലമലിനീകരണം തടയാൻ പ്രാഥമികാരോഗ്യ കേന്ദ്രവുമായി യോജിച്ച് പരിപാടികൾ തയ്യാറാക്കണം. കുഴൽക്കിണറുകളിൽ ഇരുമ്പ് പൈപ്പിന് പകരം പി.വി.സി. പൈപ്പ് ഇടാനുള്ള സംവിധാനം ഉണ്ടാക്കണം. ജലസംരക്ഷണത്തെക്കുറിച്ചും ജലജന്യ രോഗങ്ങളെക്കുറിച്ചും വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തണം. കുടിവെള്ള വിതരണത്തിൽ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണം ഉറപ്പുവരുത്തണം. വാമനപുരം നദിയുടെ നീർത്തട പ്രദേശമാണ് (Watershet) നമ്മുടെ പഞ്ചായത്ത്. പഞ്ചായത്തിനെ ഉപനീർത്തട പ്രദേശം (സബ് വാട്ടർ ഷെഡ്) ആയി തിരിച്ച് മണ്ണ് - ജല സംരക്ഷണ പരിപാടികൾ നടത്താൻ കഴിയും. ഈ പഞ്ചായത്തിന്റെ 75% പ്രദേശമെങ്കിലും ഈ പ്രവർത്തനത്തിന് വിധേയമാക്കേണ്ടതാണ്. 2500ഓളം ഹെക്ടർ വിസ്തീർണ്ണം വരുന്ന ഒരു വലിയ നീർത്തടപ്രദേശമായ കുറിഞ്ഞിലക്കാടിന്റെ ഒരു ഭാഗമായ മൂതക്കുഴി ഉപനീർത്തട പ്രദേശത്തിന്റെ ഒരു പദ്ധതി തയ്യാറാക്കി സോയിൽ കൺസർവേഷന്റെ ഡയറക്ടർ ഓഫീസിൽ അനുമതി കാത്തുകിടക്കുകയാണ്. ഈ പദ്ധതി പഞ്ചായത്തിലെ 1, 3, 4 വാർഡുകൾക്ക് പ്രയോജനം ചെയ്യുന്നതാണ്. 60 ലക്ഷം രൂപയിലേറെ എസ്റ്റിമേറ്റുള്ള ഈ പദ്ധതി നടപ്പിലാക്കിയാൽ 450 ഹെക്ടറിലേറെ പ്രദേശത്ത് മണ്ണ് - ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്താൻ കഴിയും. ഇതിന് വാർഡിന്റെ (Rural infrastructur Development

Fund) ധനസഹായം തേടാവുന്നതാണ്. കുറിഞ്ഞിലക്കാട് ബ്യൂഹ്ത് നിർത്തട പദ്ധതിയും ഭാവിയിൽ പരിഗണിക്കേണ്ട ഒന്നാണ്. കൂടാതെ തണ്ണിയം മൈക്രോ നീർത്തട പദ്ധതിയും ഭാവി വികസനത്തിന് പരിഗണിക്കേണ്ടതാണ്. ഈ പദ്ധതികൾ നടപ്പിലാക്കിയാൽ വേനൽക്കാല വരൾച്ചയുടെ രൂക്ഷത കുറയ്ക്കാനാകും. താഴ്ന്നുകൊണ്ടിരിക്കുന്ന ജലനിരപ്പ് ഉയരുന്നതുമൂലം കുടിവെള്ള ക്ഷാമം പരിഹരിക്കാനാവും. സുരക്ഷിതമായ കൃഷിയിലൂടെ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും.

പൊതുജനാരോഗ്യം

കേരളത്തെ അന്താരാഷ്ട്ര പ്രശസ്തിയിലേക്ക് ഉയർത്തിയ ശ്രദ്ധേയമായ വികസന സൂചകമാണ്, പൊതുജനാരോഗ്യരംഗത്ത് നാം കൈവിച്ച നേട്ടങ്ങൾ. പൊതുവിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങളും ഇതിന് കാര്യമായ പങ്കു വഹിച്ചിട്ടുണ്ട്. കേരള വികസന മാതൃക ലോകത്തെ ഏറെ ചർച്ചചെയ്യപ്പെടുന്ന ഒന്നാണ്. എന്താണ് കേരള വികസന മാതൃക? സാമ്പത്തികമായ പിന്നോക്കാവസ്ഥ നിലനിൽക്കുമ്പോഴും ഉയർന്ന സമ്പദ്‌വ്യവസ്ഥയുടെ ചില ലക്ഷണങ്ങൾ പ്രകടിപ്പിക്കുക. ഒരു ഇന്ത്യാക്കാരന്റെ ശരാശരി ദേശീയ വരുമാനത്തേക്കാൾ താഴെയാണ് കേരളീയന്റെ ശരാശരി വരുമാനം. എന്നിട്ടും ജീവിത ഗുണമേന്മയുടെ കാര്യത്തിൽ കേരളീയൻ ഇന്ത്യാക്കാരനേക്കാൾ മേലാണെന്ന് മാത്രമല്ല, വികസിത രാഷ്ട്രങ്ങളോടൊപ്പം നിൽക്കുന്നു. ഇതാണ് കേരള മോഡൽ വികസന മാതൃക. പ്രതിശീർഷ ആയുർദൈർഘ്യത്തിലും ശിശുമരണ നിരക്കിലും മാതൃമരണ നിരക്കിലും സാക്ഷരതയിലും വികസിത രാഷ്ട്രങ്ങളോടൊത്ത് നിൽക്കുന്ന കേരളത്തിന്റെ വികസന സൂചിക. ഇതെങ്ങനെ കൈവരിക്കാൻ കഴിഞ്ഞു എന്നാണ് പരിശോധിക്കേണ്ടത്.

ഈ ഉയർന്ന ജീവിത ഗുണമേന്മ നാം കൈവരിച്ചപ്പോഴും കേരളീയന്റെ പൊതുജനാരോഗ്യസ്ഥിതി മെച്ചമാണെന്ന് പറയാൻ പറ്റില്ല. ദാരിദ്ര്യത്തിനിടയിലും ആരോഗ്യം (Health amidst poverty) ഇതാണ് കേരളീയന്റെ പൊതുവായ അവസ്ഥ. ഉയർന്ന വിദ്യാഭ്യാസ നിലവാരം, സ്ത്രീ സാക്ഷരത, മൂപരിഷ്ക്കരണ നടപടികളിലൂടെ സാമൂഹ്യ സാമ്പത്തിക സമനയത്തിനുവേണ്ടി നടന്ന പ്രവർത്തനങ്ങൾ, രാജവാഴ്ചയുടെ കാലത്തു തന്നെ വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും സർക്കാർ നൽകിയ മുൻഗണന, കേരളത്തിലെ ക്രിസ്ത്യൻ മിഷണറിമാർ ആതുരശുശ്രൂഷാരംഗത്ത് നടത്തിയ പ്രവർത്തനങ്ങൾ ഇവയൊക്കെ ആരോഗ്യ ശീലങ്ങളെക്കുറിച്ച് ഒരു പുതിയ അവബോധം കേരളീയരിൽ സൃഷ്ടിക്കുവാൻ പര്യാപ്തമായിട്ടുണ്ട്. ശുദ്ധജല ലഭ്യതയും പരിസര ശുചീകരണാവബോധവും പോഷകാഹാരക്കുറവിനിടയിലും നല്ല ആരോഗ്യശീലനങ്ങളായി. കേരളത്തിലെ ജനായത്ത സർക്കാരുകൾ വിദ്യാഭ്യാസം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ സംഖ്യ ബജറ്റിൽ നീക്കിവച്ചത് ആരോഗ്യത്തിനാണ്. അത് ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുന്നു. ഗ്രാമപ്രദേശങ്ങളിൽപ്പോലും എത്തിനിൽക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നു ലഭിക്കുന്ന രോഗപ്രതിരോധ സംവിധാനങ്ങൾ വഹിച്ചിട്ടുള്ള പങ്കും ചെറുതല്ല. പ്രവർത്തനങ്ങളിലാകെ വൈകല്യങ്ങളും കാര്യശേഷിയില്ലായ്മയും അപര്യാപ്തതകളും ഉണ്ടെങ്കിൽ കൂടി കേരളത്തിന്റെ ആരോഗ്യ സ്ഥിതിയെക്കുറിച്ച് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് നടത്തിയ ഒരു പഠനത്തിൽ പറയുന്നത് "ഉയർന്ന രോഗാവസ്ഥയും, താഴ്ന്ന മരണനിരക്കും" ആണ് കേരളീയന്റെ പൊതുസ്ഥിതിയെന്നാണ്. മരണനിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിൽ അത് രോഗബാധയ്ക്ക് ശേഷമുള്ള ചികിത്സകാരണമാണ്. അല്ലാതെ രോഗവിമുക്തമായ സമൂഹത്തിന്റെ മെച്ചപ്പെട്ട ജീവിതരീതികൊണ്ടല്ല. ചുരുക്കത്തിൽ രോഗാതുരത (Morfirtily) ആണ് കേരളീയന്റെ പൊതുആരോഗ്യ സ്ഥിതി. അതിവേഗം മരണത്തിലേക്ക് നയിക്കാത്ത സ്ഥിയിയായ രോഗാവസ്ഥ എന്നർത്ഥം.

പട്ടിക - 1: രോഗാതുരതയുടെ നിരക്ക് ഇന്ത്യൻ സംസ്ഥാനങ്ങളിൽ

സംസ്ഥാനം	രോഗാതുരത 1000 ജനസംഖ്യക്ക്	
	ഗ്രാമം	നഗരം
ആന്ധ്രപ്രദേശ്	31.94	27.84
ആസ്സാം	17.40	11.66
ബിഹാർ	10.16	11.42
ഗുജറാത്ത്	10.17	6.26
ഹരിയാന	15.96	16.47
കാശ്മീർ	17.79	12.80
കർണ്ണാടകം	16.92	13.35
കേരളം	71.21	61.84
മദ്ധ്യപ്രദേശ്	20.89	21.72
മഹാരാഷ്ട്ര	27.57	32.18
ഒറീസ	24.20	24.38
പഞ്ചാബ്	27.47	24.62
രാജസ്ഥാൻ	17.33	12.55
തമിഴ്നാട്	33.99	31.98
ഉത്തരപ്രദേശ്	13.22	10.54
പശ്ചിമബംഗാൾ	27.71	33.85
ഇന്ത്യ	22.46	22.77

അവലംബം: കേരളത്തിന്റെ ആരോഗ്യസ്ഥിതി ഒരു പഠനം

പട്ടികയിൽനിന്ന് വ്യക്തമാകുന്ന വസ്തുത ശരാശരി ഇന്ത്യാഗ്രാമങ്ങളിൽ രോഗാതുരത 22.46ഉം നഗരങ്ങളിൽ 22.77ഉം ആയിരിക്കുമ്പോൾ കേരളത്തിൽ 72.21ഉം 61.84ഉം ആണെന്നാണ്. ചുരുക്കത്തിൽ കേരളീയന്റെ ദീർഘാസ്ഥായി രോഗങ്ങളായ പ്രമേഹം, ഹൃദ്രോഹം,

ഹൈപ്പർ ടെൻഷൻ, ക്ഷയം എന്നീ രോഗങ്ങൾക്ക് എതിരായ പോരാട്ടങ്ങളായിരിക്കണം രോഗാതുര കുറയ്ക്കാനുള്ള ഒരേ ഒരു മാർഗ്ഗം.

പഞ്ചായത്തിലെ ജനനനിരക്ക് എത്രയെന്ന് നോക്കാം. ജനനനിരക്ക് കാണുന്നതിന് പഞ്ചായത്തിലെ ഒരുവർഷത്തെ മൊത്തം ജനനത്തെ മൊത്തം ജനസംഖ്യകൊണ്ട് ഹരിച്ച് 1000 കൊണ്ട് ഗുണിച്ചാൽ മതി. ഒരുവർഷം നടന്ന (1995-96) മൊത്തം ജനനം 652 ആണ്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 1991-ലെ സെൻസ്സസ് അനുസരിച്ച് 240248.

ജനനനിരക്ക് = $\frac{652 \times 1000}{24048}$ = 27

കേരളത്തിലെ ശരാശരി ജനനനിരക്ക് 17 ആണ്. 1000 ൽ പത്ത് ജനനം കൂടുതൽ ആണ്. നമ്മുടെ പഞ്ചായത്തിൽ.

പഞ്ചായത്തിന്റെ പൊതുമരണ നിരക്ക് ആദ്യം വിലയിരുത്താം പഞ്ചായത്തിൽ കഴിഞ്ഞ വർഷം (95-96) നടന്നതാകെ മരണങ്ങൾ 96 ആണ്. മരണ നിരക്ക് കാണുന്നതിന് ഒരു വർഷം നടന്ന എല്ലാ മരണങ്ങളുടെയും മൊത്തം എണ്ണത്തെ മൊത്തം ജനസംഖ്യകൊണ്ട് ഗുണിച്ച് ആയിരം കൊണ്ട് ഹരിച്ചാൽ മതി.

പഞ്ചായത്തിലെ മരണനിരക്ക് = $\frac{96 \times 1000}{28,000}$ = 3.44

കേരളത്തിലെ പൊതുമരണ നിരക്ക് 5.9 ആണ്.

കേരളത്തിലെ ഗ്രാമങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ 93 - 94മുതൽ 1995 - 95 വരെയുള്ള ജനനമരണ വിവരങ്ങൾ പട്ടിക 2 ൽ.

വർഷം	ജനനം	മരണം	ചാപിള്ള ജനനം
1993-94	730	109	ഇല്ല
1995-95	756	87	-
1995-96	652	96	-

ആരോഗ്യരംഗത്ത് ശക്തമായ ഒരു പൊതുമേഖലാ സംവിധാനം കേരളത്തിലുണ്ട്. ഇന്ന് ബഡ്ജറ്റിന്റെ 17% ആരോഗ്യ രക്ഷക്കുവേണ്ടി ചിലവഴിക്കുന്നു. കേരളത്തിന്റെ സവിശേഷമായ ആരോഗ്യമാതൃക രൂപപ്പെടുത്തുന്നതിൽ ധർമ്മാശുപത്രികൾ വഹിക്കുന്നു പങ്ക് വളരെ വലുതാണ്. കേരളത്തിലെ ഗ്രാമങ്ങളിൽ പോലും വികസിച്ചു കഴിഞ്ഞ പ്രാഥമികാരോഗ്യകേന്ദ്രങ്ങളും ആരോഗ്യപ്രവർത്തകരുമാണ് മലമ്പനി ക്ഷയം,കുഷ്ടം എന്നീ പകർച്ച വ്യാധികളുടെ വ്യാപനത്തേയും വ്യാപകമായുണ്ടാക്കുന്ന വയറിളക്കരോഗങ്ങളെയും അപകടകരമാകാതെ നോക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് കല്ലറ പ്രൈമറി ഹെൽത്ത് സെൻറാണ്. ഈ സെൻററിന്റെ പ്രവർത്തനം ഈ കാലത്ത് മെച്ചപ്പെട്ട നിലയിലാണ് നടന്നു വരുന്നത്. ഒരു പ്രൈമറി ഹെൽത്ത് സെന്ററിന്റെ പരിമതികൾക്ക് അതീതമായ സേവനം ഇന്ന് ജനങ്ങൾക്ക് ലഭിക്കുന്നുണ്ട്. എന്നാൽ ഫീൽഡ് സ്റ്റാഫിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് പറയാൻ പറ്റില്ല. ഏറെ ശ്രദ്ധ ഇക്കാര്യത്തിൽ ആവശ്യമാണ്. കാര്യശേഷിഇല്ലായ്മ പരിഹരിക്കപ്പെടുകതന്നെ വേണം.

കല്ലറ P H Cക്കു കീഴിൽ അഞ്ച് സബ് സെൻററുകൾ ഉണ്ട്. മാതൃശിശുസംരക്ഷണ കേന്ദ്രങ്ങളായ ഇവ കൊടിതൂക്കിയകുന്ന്, തെങ്ങുംകോട്, മുതുവിള, മരുതുംമൂട്, തറട്ട എന്നീ സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഈ സബ്സെൻററുകളുടെ പ്രവർത്തനം തൃപതികരമായല്ല നടക്കുന്നത്. രാത്രികാലങ്ങളിൽ സബ്സെൻററുകളിൽ ആരോഗ്യപ്രവർത്തകർ ഉണ്ടാകാറില്ല. കല്ലറPHCൽ 1992 - 93 മുതൽ 95 - 96 വരെ നടത്തിയ രോഗചികിത്സയുടെ വിശദവിവം പട്ടികയിൽ കൊടുക്കുന്നു. (പട്ടിക 3 കാണുക).

ഈ പട്ടികയിൽ നിന്ന് വ്യക്തമാകുന്ന ഒരു വസ്തുത നമ്മുടെ പഞ്ചായത്തിൽ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു കൊണ്ടിരിക്കുന്നു എന്നതാണ്. ഏറ്റവും അപകടകരമായ ഒരു പ്രവണത കാണുന്നത് പകർച്ച വ്യാധികളുടെ കാര്യത്തിൽ നമ്മുടെ പ്രതിരോധ സംവിധാനങ്ങൾ ഏശുന്നില്ലാ എന്നതാണ്. ഈ കണക്കുകൾ തന്നെയും പഞ്ചായത്തിലെ മൊത്തം രോഗികളെ പ്രതിധിനികരിക്കുന്ന ഒന്നല്ല. കാരണം രോഗികളിൽ ഭൂരിഭാഗവും ചികിത്സ നടത്തുന്നത് സ്വകാര്യ ആശുപത്രികളിലാണ്. ഏന്തുകൊണ്ടാണ് ആളുകൾ സ്വകര്യ ആശുപത്രികളിലേക്ക് പോകുന്നത്? മെച്ചപ്പെട്ട സേവനവും പെരുമാറ്റവും പ്രതീക്ഷിച്ച് ആധുനിക ജീവിതത്തിന്റെ തിരക്കിനിടയിൽ സർക്കാർ ആശുപത്രികളിലെ നിണ്ട ക്യൂവിൽ അധികം സമയം കളയാൻ മിക്കവർക്കും നേരമില്ല തന്നെ.

			രോഗം സംബന്ധിച്ച വിവരം പ്രതിവർഷം (എണ്ണം)					
വർഷം	ഇൻപേഷ്യൻറ് എണ്ണം	ഔട്ട് പേഷ്യൻറ് എണ്ണം	ത്വക്രോഗം	വാതരോഗം എല്ലാ വിഭാഗവും	പകർച്ച വ്യാധികൾ	വിഷ ചികിത്സ	മറ്റു രോഗങ്ങൾ	ആകെ
1992-93	1771	59043	3040	9122	2912	125	45615	60814
1993-94	3139	67657	3521	10619	3539	108	53009	70796
1994-95	3200	99615	5140	15422	4312	115	77826	102815
1995-96	2614	101198	5190	15571	4520	118	78413	103812
ആകെ	10724	327513	16891	50734	15283	466	254863	338237

അവലംബം: സെക്കൻറി ഡേറ്റ

സാമ്പത്തികമായി ഇടത്തരം കുടുംബങ്ങളുടെ എണ്ണം ഗണ്യമായി വർദ്ധിച്ച സാമൂഹ്യാവസ്ഥ സർവ്വോപരി സ്വകാര്യ ആശുപത്രിയിലെ ചികിത്സ തന്നെറ സാമൂഹ്യപദവി ഉയർത്താൻ സഹായകമാവും എന്ന ധാരണ. സമൂഹത്തിന്നെറ വർദ്ധിച്ചുവരുന്ന ആരോഗ്യാവശ്യങ്ങൾക്കനുസരിച്ച് സർക്കാരിന് ബഡ്ജറ്റിൽ തുക വകകൊള്ളിക്കാനോ മരുന്നോ മറ്റ് സൗകര്യങ്ങളോ വർദ്ധിപ്പിക്കാനോ കഴിയുന്നില്ലായെന്നത് നേരാണ്. ഈ അവസ്ഥയിൽ സാമ്പത്തികശേഷിയില്ലാത്ത ആളുകൾ കൂടി സ്വകാര്യആശുപത്രിയിലേക്ക് പോവുകയാണ് ഇത് പൊതുജനാരോഗ്യ സംവിധാനത്തെ ആകെ തളർത്തുന്നു. ഈ തളർച്ച ജപ്പാൻജ്വരം, മലമ്പനി, എലിപ്പനി, എന്നീ രോഗങ്ങളും വയറിളക്കരോഗങ്ങളും കടന്നു വരാൻ ഇടയാക്കുന്നു. ഈ പഴുതിലൂടെ സ്വകാര്യമേഖല പുതിയ, പുതിയ ആശുപത്രി സംവിധാനങ്ങളിലൂടെ ജനങ്ങളെ ആകർഷിക്കാൻ ശ്രമിക്കുന്നു. രോഗപ്രതിരോധം സ്വകാര്യമേഖലയുടെ ലക്ഷ്യമല്ല. ആരോഗ്യത്തിന്നെറ സുസ്ഥിതിയും അവരുടെ അജണ്ടയിലില്ല. കമ്പോള വൽക്കരണത്തിന്നെറ പുത്തൻ സങ്കേതങ്ങളിലൂടെ വിറ്റ് കാശാക്കാനുള്ള ഒരു ചരക്ക് മാത്രമാണ് അവർക്ക് ആരോഗ്യം. പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തി കൊണ്ടും രോഗചികിത്സാ സംവിധാനങ്ങളും സൗകര്യങ്ങളും ഔഷധങ്ങളും ലഭ്യമാക്കിക്കൊണ്ടും മാത്രമേ ഇതിനെ നേരിടാനാകൂ.

1995 - 96 വർഷത്തിൽ കുട്ടികൾക്കും ഗർഭിണികൾക്കും പ്രതിരോധകുത്തിവയ്പ്പ് നടത്തിയത് സംബന്ധിച്ച് വിവരം അടുത്ത പേജിൽ ചേർക്കുന്നു. (പട്ടിക 4, 5)

ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം=649.

ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം= 1029.

വിറ്റാമിൻ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം=548.

ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം=826.

വിട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം=1.

(അവലംബം: സെക്കൻറി ഡേറ്റ)

പഞ്ചായത്തിനുള്ളിൽ ആരോഗ്യരംഗത്ത് പൊതുമേഖലയിലും സ്വകാര്യമേഖലയിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളും അവയിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണവും പട്ടിക ആറിൽ കൊടുക്കുന്നു.

മേൽ വിവരിച്ച ലിസറ്റിൽ നിന്നും വ്യക്തമാക്കുന്ന ഒരു വസ്തുത പൊതുമേഖലയേക്കാൾ പഞ്ചായത്തിൽ ആരോഗ്യ രംഗത്ത് രോഗ ചികിത്സ നടത്തുന്നത് സ്വകാര്യ മേഖലയിലാണന്ന് മനസ്സിലാക്കാൻ കഴിയും. പൊതുമേഖലയിൽ അലോപ്പതി ചികിത്സാലയം മാത്രമേ പഞ്ചായത്തിനുള്ളു. ആയുവേദം, ഹോമിയോ, തുടങ്ങിയ ചികിത്സാലയങ്ങൾ സ്വകാര്യ മേഖലയിൽ ചികിത്സിച്ചവരുടെ സ്ഥിതിവിവരം സംഭരിക്കാൻ കഴിഞ്ഞിട്ടില്ല. അതും കൂടി ലഭ്യമായാലെ പഞ്ചായത്തിലെ രോഗാതുരയുടെ യഥാർത്ഥചിത്രം ലഭിക്കൂ. പഞ്ചായത്തിൽ അലോപ്പതി ചികിത്സാരംഗത്ത് 68 ജീവനക്കാരും, ആയുവേദം ഹോമിയോ എന്നിമേഖലകളിൽ യഥാക്രമം 4,2 എന്നി ജീവനക്കാരും പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ കല്ലറ ജംഗഷനിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി മൂന്ന് ജീവനക്കാരെ നിയമിച്ചിട്ടുണ്ട് ഒരു പൊതു കക്കൂസും, മൂത്രപ്പുരയും കല്ലറ മാർക്കറ്റിൽ സ്ഥാപിച്ചിട്ടുണ്ട്. പൊതുശ്മശാനങ്ങൾ, അറവുശാലകൾ എന്നിവ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ശ്മശാനത്തിന്നെറ ആവശ്യകത ഇപ്പോൾ തന്നെ ഉയർന്നു വന്നി

പട്ടിക 4

		ഡി.ടി.പി				പോളിയോ				ഡി.ടി				
കുട്ടികൾ	ബി.സിജി	1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	മീസിൽസ്
1 വയസിൽ താഴെ	373	1045	977	1014	-	1045	977	1014	893					778
1-3 വയസ്					685				893					
3-6 വയസ്											104	108	667	

പട്ടിക 5

ടെറ്റനസ് ടോക്സോയിഡ് (T.T.)

ഗർഭിണികൾ	1D	2D	BD	
	801	837	217	

പട്ടിക 6

നമ്പർ	സ്ഥാപനത്തിന്റെ പേരും സ്ഥലവും	ഇനം	കെട്ടിടം സ്വന്തം/ വാടക	ഉദ്യോഗസ്ഥന്മാരുടെ എണ്ണം
1	പ്രൈമറി ഹെൽത്ത് സെന്റർ, കല്ലറ	അലോപ്പതി	സ്വന്തം	37
2	ശങ്കേഴ്സ് ഹോസ്പിറ്റൽ കല്ലറ (സ്വകാര്യം)	"	വാടക	8
3	ലക്ഷ്മി മെഡിക്കൽ സെന്റർ കല്ലറ (സ്വകാര്യം)	"	സ്വന്തം	6
4	പാർവതി ഹോസ്പിറ്റൽ കല്ലറ (സ്വകാര്യം)	"	സ്വന്തം	11
5	ശ്രീകൃഷ്ണ ഹോസ്പിറ്റൽ കല്ലറ (സ്വകാര്യം)	"	വാടക	6
6	നിഷാ ഹോസ്പിറ്റൽ (സ്വകാര്യം)	ആയുർവേദം	സ്വന്തം	3
7	ജ്യോതി ഹോസ്പിറ്റൽ (സ്വകാര്യം)	ആയുർവേദം	വാടക	1
8	നന്ദു ഹോമിയോ ക്ലിനിക്, കല്ലറ (സ്വകാര്യം)	ഹോമിയോ	വാടക	1
9	എം.ആർ മെമ്മോറിയൽ ക്ലിനിക് (സ്വകാര്യം)	ഹോമിയോ	വാടക	1

ട്ടുണ്ട്. അറവുശാലയുടെ അഭാവം ചില മാലിന്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. മാലിന്യ നിക്ഷേപത്തിനുള്ള ഏകമാർഗ്ഗം കല്ലറ മാർക്കറ്റ് പിറ്റ് മാത്രമാണ്. ഈ സംവിധാനം അപര്യാപ്തമാണ്. കൂടുതൽ സൗകര്യങ്ങൾ കണ്ടെത്തേണ്ടതുണ്ട്. 95-96 വർഷത്തിൽ 83612/50 രൂപ പഞ്ചായത്ത് പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇത് പഞ്ചായത്തിന്റെ മൊത്തം ചെലവിന്റെ 5.20% മാത്രമാണ്.

ശാരീരകവും, മാനസികവുമായ ആരോഗ്യമാണ് ജനജീവിതത്തിന്റെ അടിത്തറ. അങ്ങനെയുള്ള ജനസമൂഹത്തിനു മാത്രമേ ഉൽപാദന പ്രവർത്തനങ്ങളിൽ ക്രിയാത്മകമായ പങ്ക് വഹിക്കാനാകൂ. അതിലൂടെ മാത്രമേ പഞ്ചായത്തിന് സുസ്ഥിതി കൈവരുത്താൻ കഴിയൂ. അതിനു അനുയോജ്യമായ ഭൗതിക പശ്ചാത്തലം ഒരുക്കാൻ നമുക്ക് ആകണം. ഡോക്ടർമാരും ആശുപത്രിയും മരുന്നുകളും മാത്രമല്ല ആരോഗ്യം തരുന്നത്. അവക്കും പങ്കുണ്ട്. പക്ഷേ അവ സെക്കൻറി മാത്രമാണ്. പോഷക ഗുണമുള്ള ഭക്ഷണം, ശുദ്ധമായ കുടിവെള്ളം, വൃത്തിയുള്ള ചുറ്റുപാട്, രോഗപ്രതിരോധം എന്നിവയാണ് പ്രധാനവും പ്രാഥമികവുമായ ഘടകങ്ങൾ. ഈ പശ്ചാത്തല സൗകര്യങ്ങൾ നിലനിർത്തിക്കൊണ്ട് നമുക്ക് നമ്മുടെ ഗ്രാമജനതയെ ആരോഗ്യപൂർണ്ണമായി നിലനിർത്താൻ കഴിയും. ഭക്ഷണത്തെ സംബന്ധിച്ച നമ്മുടെ

സങ്കൽപ്പങ്ങളിൽ മാറ്റങ്ങൾ വേണം. ചിലവുകുറഞ്ഞ രീതിയിൽ നമുക്ക് പോഷകമൂല്യമുള്ള ആഹാരം കഴിക്കാനാകും. ഇലക്കറികൾ ഭക്ഷണത്തിന്റെ അദ്ദേഭാഗമാകണം. മുരിങ്ങയില, ചീര, പയറ്റില തൈനംദിന ഭക്ഷണത്തിന്റെ ഭാഗം തന്നെ. പപ്പക്കത്തോരനായാലും, പഴമായാലും പാഴാക്കരുത്. പയറിനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള നാരുകൾ അധികമുള്ള ഭക്ഷണക്രമത്തിന് പ്രാധാന്യം നൽകാൻ മറക്കണ്ട. പരിസര ശുചീകരണത്തിന്റെ കാര്യത്തിൽ അടിയന്തരമായി ഒഴിവാക്കേണ്ട ഒന്നാണ് വെളിപ്രദേശങ്ങളുടെ മലവിസർജ്ജനം. കക്കൂസുള്ള കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇപ്പോഴും ഭൂരിപക്ഷമില്ല. കക്കൂസുള്ള കുടുംബങ്ങൾ സുരക്ഷിതരാണെന്ന വ്യാമോഹവും വേണ്ട. തൊട്ടടുത്ത വീടുകളിൽ കക്കൂസ്സ് ഇല്ലെങ്കിൽ അവിടെനിന്നുള്ള മാലിന്യത്തിൽ നിന്നും പകർച്ചവ്യാധികളിൽനിന്നും കക്കൂസുള്ള കുടുംബങ്ങൾ മോചിതരല്ല. അതുകൊണ്ട് ഇതൊരു സാമൂഹിക പ്രശ്നമായി കണ്ട് പരിപാടികൾ ആസൂത്രണം ചെയ്യണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. ദാരിദ്ര്യജന്യരോഗങ്ങൾ ബാധിച്ച ആളുകളെ എല്ലാ വാർഡുകളിലും കാണുന്നു.
2. പരിസരജന്യ രോഗങ്ങൾ ബാധിച്ച ആളുകളെ പഞ്ചായത്തിലുടനീളം കാണാം.
3. കക്കൂസുകൾ ഇല്ലായ്മ, അതില്ലാത്ത കുടുംബങ്ങളെ മാത്രമല്ല കക്കൂസുകൾ ഉള്ള കുടുംബങ്ങളേയും മാലിന്യത്തിൽ നിന്നും പകർച്ച വ്യാധികളിൽ നിന്നും വിമുക്തമാക്കുന്നില്ല.
4. പ്രൈമറി ഹെൽത്ത് സെന്ററുകൾ നടത്തുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങൾ അപര്യാപ്തമാണ്.
5. പഞ്ചായത്തിലെ രോഗികളെ മുഴുവൻ ചികിത്സാവിധേയമാക്കാൻ പ്രൈമറി ഹെൽത്ത് സെന്ററിന് കഴിയുന്നില്ല.
6. ആശുപത്രിയിൽ രോഗികൾക്ക് ആവശ്യമായ മരുന്ന് വിതരണം ചെയ്യാൻ പി. എച്ച്. സി.ക്ക് ആകുന്നില്ല.
7. കുടുംബാസൂത്രണ പ്രവർത്തനങ്ങളിൽ പി. എച്ച്. സി. മുന്നേറേണ്ടിയിരിക്കുന്നു.
8. പൊതുജനാരോഗ്യ പ്രവർത്തനത്തിന് പഞ്ചായത്ത് ചിലവഴിക്കുന്നു തുക താരതമ്യേന കുറവാണ്.

സാധ്യതകൾ

1. മാതൃശിശു സംരക്ഷണവും ആശുപത്രതി ചികിത്സയും ഫലപ്രദമായി ലഭിക്കണമെങ്കിൽ ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് ധാർമിക ഉത്തരവാദിത്വം (Moral Responsibility) ഉണ്ടാകണമെങ്കിൽ ആശുപത്രി പ്രവർത്തനത്തിലാകെ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തണം. ബഹുജന ഉദ്യോഗസ്ഥ ജനപ്രതിനിധിബന്ധം ഇതിന്റെ മുൻഉപാധിയാണ്. ജനകീയാസൂത്രണ പ്രവർത്തനത്തിലൂടെ ബഹുജന പ്രവർത്തനങ്ങളും ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള അടുപ്പം വർദ്ധിക്കും. അതിലൂടെ ധാർമിക ഉത്തരവാദിത്വത്തെക്കുറിച്ച് ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്താൻ കഴിയും.

2. കല്ലറ ഹെൽത്ത് സെൻറർ ഫസ്റ്റ് റഫറൽ യൂണിറ്റ് (F.R.U.) ആയി തെരഞ്ഞെടുത്തിരിക്കുകയാണ്. ഐക്യരാഷ്ട്രസംഘടനയുടെ (U.N.O.) ഘടകമാണ് യൂണിസെഫ് (United Nations International Cinildren's Emergency Fund) ആണ് നമ്മുടെ ആശുപത്രിയെ F.R.U. ആയി തെരഞ്ഞെടുത്തത്. കേരളത്തിലെ ആയിരത്തിലധികം വരുന്ന പ്രൈമറി ഹെൽത്ത് സെൻററുകളിൽ F.R.U. ആയി തെരഞ്ഞെടുത്ത ഏക ആശുപത്രിയാണ് നമ്മുടേത്. യൂണിസെഫ് അനുവദിച്ച് 73 എഫ്. ആർ. യുകളിൽ 72 എണ്ണവും താലൂക്ക്, ജില്ലാ ആശുപത്രികൾക്കാണ് നൽകിയത്. പി. എച്ച്. സികളിൽ ഏറ്റവും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവച്ചതിനുള്ള അംഗീകാരം എന്ന നിലക്കാണ് നമ്മുടെ ആശുപത്രിക്ക് ഇത് ലഭ്യമായത്. ഏറ്റവും കൂടുതൽ കുട്ടികളെയും ഗർഭിണികളെയും പരിശോധിക്കുകയും ഏറ്റവും അധികം പ്രസവം നടത്തുകയും ചെയ്ത പി. എച്ച്. സി.യാണ് നമ്മുടേത്. നമ്മുടെ ബഹു. ഡോ. രാമൻനായർ അവർകൾക്ക് 95-ലെ ഏറ്റവും നല്ല ഡോക്ടർ ബഹുമതി ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഈ നേട്ടത്തിൽ ഈ ഗ്രാമത്തിന്റെ അഭിനന്ദനം അദ്ദേഹത്തെ അറിയിക്കട്ടെ. ചുരുക്കത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും ജില്ലാ ആശുപത്രിയിൽ കിട്ടുന്ന ചികിത്സാ സംവിധാനം നമ്മുടെ ആശുപത്രികളിൽ നിന്നും കിട്ടും. പക്ഷേ ഇതിന്റെ കെട്ടിട സംവിധാനം നമ്മൾതന്നെ ഒരുക്കിക്കൊടുക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി ഗ്രാമപഞ്ചായത്ത് പുനരർപ്പണദിനമായ നവംബർ ഒന്നിന് മൂന്നുലക്ഷം രൂപ ചെലവഴിച്ച് കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

3. എല്ലാ വീടുകളിലും കക്കൂസ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം സമയബന്ധിതമായി നടപ്പിലാക്കണം.

4. പരിസരശുചീകരണം, കുടുംബക്ഷേമം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുക.

5. കുടുംബക്ഷേമ കേന്ദ്രങ്ങളിൽ ഡോക്ടറുടെ സേവനം ഉറപ്പാക്കണം.

6. ബന്ധപ്പെട്ട അധികാരികളെക്കൊണ്ട് ഗുണനിലവാരം ഉറപ്പുവരുത്തിയ മാംസങ്ങൾ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നുവെന്ന് ബോധ്യപ്പെടുത്തണം.

7. മാംസാവശിഷ്ടങ്ങൾ യഥാസമയം മറവുചെയ്തുവെന്ന് ഉറപ്പ് വരുത്തണം.

8. കല്ലറ പി. എച്ച്. സി.യിൽ ഒ. പി. വിഭാഗം രോഗികൾക്ക് ഒരു വിശ്രമസ്ഥലവും കക്കൂസ്സ് സൗകര്യവും ഉറപ്പുവരുത്തുക.

9. പി. എച്ച്. സി.യിൽ ഒരു വേസ്റ്റ് റിമൂവിംഗ് ആൻറ് ഡിസ്ട്രോയിംഗ് സിസ്റ്റം ഏർപ്പെടുത്തണം.

10. വാർഡുതലത്തിൽ ഹെൽത്ത് സാനിറ്റേഷൻ കമ്മിറ്റി (മെഡിക്കൽ ആപ്പീസറുടെ നേതൃത്വത്തിൽ) രൂപീകരിച്ച് പ്രവർത്തനം എല്ലാ വീടുകളിലും എത്തിക്കുക.

11. എഫ്. ആർ. യു. ആയി പ്രഖ്യാപിച്ച കല്ലറ പി. എച്ച്. സി.യിൽ ഒരു മനോരോഗ ചികിത്സാവിഭാഗം കൂടി ആരംഭിക്കുക.

12. കല്ലറ പി. എച്ച്. സി.യിൽ ആംബുലൻസ്സ് സൗകര്യം കൂടി ഏർപ്പെടുത്തുക.

13. സ്ലാട്ടർ ഹൗസ്സ് ആരംഭിക്കുക.

14. കടുവാക്കുഴിക്കര ജംഗ്ഷനിൽ സംഭാവന ചെയ്ത സ്ഥലത്ത് കുടുംബക്ഷേമകേന്ദ്രം നിർമ്മിക്കുക.

15. അരുവിപ്പുറം പാലത്തിനു സമീപം ആശുപത്രിക്കുവേണ്ടി വിലക്ക് വാങ്ങിയിട്ടുള്ള ഒരേക്കർ സ്ഥലത്ത് ആയുർവേദ ആശുപത്രി സ്ഥാപിക്കുക.

16. തെങ്ങുംകോട് സാംസ്കാരിക സംഘടനയുടെ സ്ഥലം ഉപയോഗിച്ച് ഒരു ഹോമിയോ ആശുപത്രി നിർമ്മിക്കുക.

17. പേ വിഷബാധയിൽ നിന്ന് ഗ്രാമത്തെ വിമുക്തമാക്കുക.

മാർക്കറ്റ്

ഏതു ജനസമൂഹത്തിനും പരസ്പരം കൊടുക്കൽ വാങ്ങലുകൾ നടത്താതെ ദൈനംദിന ജീവിതം നയിക്കാനാവില്ല. പ്രാകൃത സമൂഹങ്ങളിൽ സാധനങ്ങളാണ് പരസ്പരം കൈമാറിയിരുന്നതെങ്കിൽ ആധുനിക സമൂഹങ്ങളിൽ സാധനങ്ങൾക്ക് തുല്യമായ മൂല്യം നിർണ്ണയിക്കുന്ന മറ്റുപാധികൾ സ്വീകരിച്ചുവരുന്നു. അങ്ങനെയാണ് നാണയങ്ങൾ കൈമാറ്റോപാധിയായത്. ഇത്തരം കൈമാറ്റ കേന്ദ്രങ്ങളാണ് മാർക്കറ്റുകൾ. മാർക്കറ്റുകളുടെ ഗുണഭോക്താക്കൾ പഞ്ചായത്തതിർത്തികൾ കടന്ന് ജില്ലാ - സംസ്ഥാന - രാജ്യാതിർത്തികളും കടന്ന് അന്തർദ്ദേശീയ സൂപ്പർ മാർക്കറ്റുകളിലേക്ക് കടന്നിരിക്കുന്നു. സൂപ്പർ മാർക്കറ്റുകളില്ലാതെ ഇന്ന് ഒരു രാജ്യത്തിനും നിലനിൽക്കാനാവില്ല എന്നതാണ് സ്ഥിതി.

നമ്മുടെ ഗ്രാമപഞ്ചായത്തിലേക്ക് തന്നെ തിരിച്ചുവരാം. നമ്മുടെ പഞ്ചായത്തിൽ രണ്ട് പൊതുമാർക്കറ്റുകളാണ് ഉള്ളത്. കല്ലറ മാർക്കറ്റും മരുതുംമൂട് മാർക്കറ്റും. കല്ലറ മാർക്കറ്റ് എൺപതോളം വർഷം പഴക്കമുള്ളതാണ്. കാർഷിക പ്രധാനമായ ഈ പ്രദേശത്തെ ജനങ്ങളുടെ സാമ്പത്തിക ജീവിതം രൂപപ്പെടുത്തിയിരുന്നത് ഈ മാർക്കറ്റുകളാണ്. ആദ്യകാലങ്ങളിൽ സാധനങ്ങൾ വാങ്ങുന്നതിനേക്കാൾ കാർഷികോൽപ്പന്നങ്ങൾ വിൽക്കുന്ന കേന്ദ്രങ്ങളായിരുന്നു ഈ മാർക്കറ്റ്. ഈ നാട്ടുകാർ വാങ്ങിയിരുന്നത് പ്രധാനമായും മത്സ്യവും മാംസവുമായിരുന്നു. ആദ്യകാലത്ത് ഈ ചന്ത ഇന്ന് പഴയ ചന്ത എന്നറിയപ്പെടുന്ന സ്ഥലത്താണ് പ്രവർത്തിച്ചിരുന്നത്. പിന്നീടാണ് ഇപ്പോൾ പ്രവർത്തിക്കുന്ന കല്ലറ ജംഗ്ഷനിലേക്ക് മാറ്റിയത്. ആദ്യകാലത്ത് വെള്ളിയും തിങ്കളുമായിരുന്നു ചന്ത ദിവസങ്ങൾ. പിന്നീട് തിങ്കളും വ്യാഴവും ചന്തദിവസങ്ങളാവുകയും ചെയ്തു. ഈ ചന്ത ജനങ്ങളുടെ സാമ്പത്തിക ജീവിതം മാത്രമല്ല നിയന്ത്രിച്ചത്. ജനങ്ങളുടെ സാംസ്കാരിക - സാമൂഹിക - രാഷ്ട്രീയ ജീവിതത്തേയും രൂപപ്പെടുത്തുന്ന വേദിയായി ഈ മാർക്കറ്റ്. ജനങ്ങൾക്ക് പരസ്പരം കാണാനും കാര്യങ്ങൾ സംസാരിക്കാനും പരിചയം പുതുക്കാനുമുള്ള അവസരമായിരുന്നു ചന്തദിവസം അവർക്ക് ലഭിച്ചത്. 1114ൽ നടന്ന കല്ലറ - പാങ്ങോട് സ്വാതന്ത്ര്യ സമരത്തിന്റെ ആദ്യ ചിന്തകൾ രൂപപ്പെട്ടതും ഈ ചന്തയിൽ നിന്നാണ്. ചന്തയിൽ കൂടാനിരുന്ന യോഗമാണ് ഒരു ജനക്കൂട്ടത്തിന്റെ പ്രക്ഷോഭമായി ഉരുത്തിരിഞ്ഞ് പോലീസ് സ്റ്റേഷൻ ആക്രമണമായി രൂപാന്തരപ്പെട്ടത്. ആദ്യകാലം മുതൽ തന്നെ നെടുമങ്ങാട് കടയ്ക്കൽ ചന്തകൾക്കൊപ്പം പ്രാധാന്യമുണ്ടായിരുന്നതാണ് കല്ലറ ചന്തയും. പക്ഷേ ഇന്ന് ചന്തയുടെ രൂപത്തിലും ഭാവത്തിലും വലിയ മാറ്റങ്ങൾ സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. കൃഷിയിടങ്ങളൊക്കെ റബ്ബർ വിളകളായി മാറിയതുകൊണ്ട് കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തെക്കാൾ പ്രാധാന്യം ഉപഭോഗ സാധനങ്ങളുടെ വാങ്ങൽ കേന്ദ്രമായി ചന്ത മാറിക്കഴിഞ്ഞിരിക്കുന്നു. കല്ലറ ഗ്രാമപഞ്ചായത്തിന്റെ സാമൂഹിക - സാമ്പത്തിക ജീവിതം ഈ മാർക്കറ്റിനെ ഒഴിവാക്കി ചിന്തിക്കാൻകൂടി കഴിയില്ല. അത്രമാത്രം ഈ മാർക്കറ്റ് ജംഗ്ഷന്റെ അവിഭാജ്യ ഭാഗമായി കഴിഞ്ഞിരിക്കുന്നു. അനുനിമിഷം ഉത്തരോത്തരം കമ്പോളവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ജനസമൂഹത്തിന് ആവേശം പകരാൻ മാർക്കറ്റ് അതിന്റെ പങ്ക് വഹിക്കുന്നു.

പക്ഷേ ഈ മാർക്കറ്റ് ഇന്ന് സ്ഥിതിചെയ്യുന്നിടം കല്ലറ ജംഗ്ഷന് ഒരു ഭാരമായി തീർന്നിട്ട് ഇത്തിരിക്കാലമായി. മാർക്കറ്റിനോട് ചേർന്ന് 3500ഓളം കുട്ടികൾ പഠിക്കുന്ന വോക്കേഷണൽ ഹൈയർ സെക്കണ്ടറി സ്കൂൾ. വിവിധ തരത്തിലുള്ള വികസനത്തിന്റെ പേറ്റുനോവ് ഒഴിയാത്ത ഗർഭപാത്രവുമായി കല്ലറ ജംഗ്ഷൻ പൂരപ്പറമ്പിലെ തിരക്ക് ഓർമ്മിപ്പിക്കുന്ന തെരുവോരങ്ങൾ. അതിനിടക്ക് നൂറുകണക്കിന് ടാക്സികളും ഓട്ടോറിക്ഷകളും, ട്രക്കറുകളും കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് മുമ്പേ എത്താൻ മത്സരയോട്ടം നടത്തുന്ന പ്രൈവറ്റ് ബസുകൾ. ഈ തിക്കിനും തിരക്കിനും ഇടയിൽ ജനങ്ങളുടേയും പിഞ്ചുകുട്ടികളുടേയും ജീവന് ഹാനിസംഭവിക്കാതിരിക്കുന്നത് അത്ഭുതമെന്നേ പറയാൻ കഴിയൂ. അതുകൊണ്ട് ടാക്സിയുടേയും ഓട്ടോ റിക്ഷയുടേയും സ്റ്റാൻഡ് മാറ്റുന്നതോടൊപ്പം മാർക്കറ്റും മാറ്റണം. മാർക്കറ്റ് മാറ്റാൻ തൊട്ടുതാഴെയുള്ള പുരയിടത്തെക്കുറിച്ചുള്ള ആലോചനകൾ മുമ്പ് നടന്നതാണ്. അന്നത് നടന്നില്ല. ഇപ്പോൾ ആ സ്ഥലം ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കണം. നിലവിലുള്ള മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ആക്കി മാറ്റുകയോ, സ്റ്റേഡിയം ആക്കി മാറ്റുകയോ ചെയ്യാം. മാർക്കറ്റ് ജംഗ്ഷനിൽനിന്ന് വളരെ അകലേക്ക് മാറ്റുന്നതിനെ കുറിച്ച് ആലോചിക്കരുത്. അത് ആത്മഹത്യാപരമാണ്.

രണ്ടാമത്തെ മാർക്കറ്റ് മരുതുംമൂട് ഇനിയും വികസനം നടക്കേണ്ട ഒന്നാണ്. അതിന്റെ സാധ്യത ഗൗരവപൂർവ്വം ആലോചിക്കേണ്ടതുണ്ട്. ഇനിയും പഞ്ചായത്തിനുള്ളിൽ പുതിയ മാർക്കറ്റുകൾ ആരംഭിക്കാനുള്ള സാധ്യതയുണ്ട്. മാടൻകാവ് ജംഗ്ഷനിൽ അനൗപചാരികമായി ഒരു വ്യക്തിയുടെ സ്വകാര്യ സ്ഥലത്ത് ചന്ത നടന്നുവരുന്നു. അത് പബ്ലിക്ക് മാർക്കറ്റായി വികസിപ്പിക്കാനുള്ള സാധ്യത ആരായണം. ഇനി ഒരു മിനിമാർക്കറ്റ് ആവശ്യമുള്ള സ്ഥലമാണ് ചെറുവാളം. അതിന്റെ സാധ്യതയും പരിഗണിക്കേണ്ടതുണ്ട്. 95-96 വർഷം മാർക്കറ്റിൽ നിന്നും പഞ്ചായത്തിനുണ്ടായ വരുമാനം താഴെ ചേർക്കുന്നു.

ഇനം	കല്ലറ മാർക്കറ്റ്	മരുതുംമൂട് മാർക്കറ്റ്	ആകെ
ഗേറ്റ് ലേലം	1,26,000.00	6,500.00	1,32,500
ആട്ടിറച്ചി	56,850.00	11,000.00	67,850.00
മാട്ടിറച്ചി	1,40,001.00	--	1,40,001.00
ഷോപ്പിംഗ് കോംപ്ലക്സ്(കടകൾ)	20,003.00	—	20,003.00
ഫലവൃക്ഷം	875.00	75.00	950.00
ചവറ്	800.00	55.00	855.00
ആകെ	3,44,529.00	17,630.00	3,62,159.00

കല്ലറ മാർക്കറ്റിൽനിന്നും 3,44,529 രൂപയും മരുതുംമൂട് മാർക്കറ്റിൽനിന്നും 17,630 രൂപയും വരുമാനമുണ്ടായതായി കണക്കുകൾ രേഖപ്പെടുത്തുന്നു.

മാർക്കറ്റുകളുടെ വികസനത്തിനും വരുമാന വർദ്ധനവിനും ആവശ്യമായ പരിപാടികൾ ആലോചിക്കണം. അതിൽ പ്രധാനം സ്റ്റാളുകളുടെ നിർമ്മാണം. അതിന്റെ ആവശ്യത്തിനായി റൂറൽ ഡവലപ്പുമെന്റ് ബോഡിൽ (ആർ. ഡി. ബി.) നിന്ന് ഫണ്ട് സമാഹരിക്കാൻ കഴിഞ്ഞേക്കും. ഇനി ആലോചിക്കേണ്ട ഒരു കാര്യമാണ് സ്ലാട്ടർ ഹൗസ്. നല്ലതും ശുദ്ധവുമായ ഇറച്ചി ജനങ്ങൾക്ക് വിതരണം ചെയ്യുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. ഒപ്പം പരിസരശുചിത്വവും പ്രധാന ഘടമാണ്. ഇത് രണ്ടും നിറവേറ്റാനുള്ള സംവിധാനങ്ങളെ കുറച്ച് ആലോചിക്കണം.

സംസ്കാരം

നിങ്ങളൊരു കാലയളവിലെ ജീവിതസാരാംശമാണല്ലോ സംസ്ക്കാരം. മനുഷ്യരുടെ ധാർമ്മിക വിശ്വാസങ്ങളും, മൂല്യബോധങ്ങളും, ആചാരങ്ങളും, അനുഷ്ഠാനങ്ങളും എല്ലാമതിൽപ്പെടും. കാർഷികവൃത്തിയിൽ അദ്ധ്വാനശീലരായ നമ്മുടെ ആളുകൾ സഹാനുഭൂതിയും, ജീവകാരുണ്യവുമുള്ളവരായിരുന്നു. പ്രകൃത്യാ ശാന്ത പ്രകൃതരായിരുന്നവർ ജീവിതായോധനത്തിൽ വന്നുപെടുന്ന സ്വാർത്ഥതയ്ക്കും, അന്ധവിശ്വാസത്തിനും അക്രമവാസനകൾക്കുമടിമപ്പെട്ടിരിക്കുന്നു.

ഹിന്ദുക്കളും, മുസ്ലീങ്ങളും. ഇടകലർന്ന് ജീവിക്കുന്ന ഈ പ്രദേശത്ത് മതപരമായ സ്പർദ്ധയുടെ സന്ദർഭങ്ങളില്ല. അംഗീകരിക്കാനും, ഉൾക്കൊള്ളാനുമുള്ള മഹാമനസ്ക്കതയുടെ നേട്ടങ്ങളാണ് ഇവിടത്തെ ജീവിത വിജയം. മതാചാരങ്ങളും അനുഷ്ഠാനങ്ങളും മനുഷ്യനെ നന്മയിലേക്ക് തിരിച്ചുവിടാനുള്ള ഉപാധികളാണെന്ന് ഏവരും മനസ്സിലാക്കുന്നു.

നമുക്ക് ദീർഘമായൊരു സാംസ്കാരിക പൈതൃകം അവകാശപ്പെടാനുണ്ട്. പോയ തലമുറകളുടെ ജീവിതനിലവാരവും, നിലവിലിരുന്ന ജാതി - ഉപജാതി വ്യവസ്ഥകളും, ചരിത്ര സാംസ്ക്കാരിക പശ്ചാത്തലത്തിൽ പരാമർശിക്കപ്പെടുന്നുണ്ടല്ലോ. അസ്വാതന്ത്ര്യത്തിന്റെയും, ഇല്ലായ്മയുടേയും കാലഘട്ടത്തിലൂടെ വളർന്നുവന്ന നൈസർഗ്ഗിക ഗുണവിശേഷങ്ങളാണ് നമ്മെ നയിക്കുന്നത്.

ആരാധനാലയങ്ങളിലൂടെയാണ് സദ്ഭാവനകൾ വികസിച്ചിരുന്നത്. അവ ഒത്തുചേരലിന്റെയും, നന്മയെക്കുറിച്ചുള്ള ചർച്ചകളുടെയും വേദികളൊരുക്കി. ഉത്സവങ്ങൾ ഒരു വിഭാഗത്തിന്റെ മാത്രം വകയല്ലാതായി രസാസ്വാദനതൃഷ്ണയെ മതിൽക്കെട്ടുകൾകൊണ്ട് മൂടിവയ്ക്കാനാകുകില്ലല്ലോ. മുസ്ലീം പള്ളികളിൽ മതപ്രഭാഷണങ്ങളും (ഹദീദ്) സർവ്വമത സമ്മേളനങ്ങളും നടക്കുന്നുണ്ട്. ഓണവും പെരുന്നാളും, ക്രിസ്തുമസ്സുമൊക്കെ ഇവിടെ മതസൗഹാർദത്തിന്റെ സന്ദർഭങ്ങളാണ്. ഓണാംശസകളും നവവത്സരാശംസകളും മലയാളിക്കൊരുപോലെയാണ്.

ദേശീയാഘോഷങ്ങളാകുന്ന ഉത്സവങ്ങളിൽ ആരും അന്യരാകുന്നില്ല. നിലവിലിരുന്ന അനുഷ്ഠാനകലകൾ നമ്മുടെ പ്രാചീന സംസ്ക്കാരത്തിന്റെ പ്രതിരൂപങ്ങളായിരുന്നു. കേരളത്തിന്റെ തനത് കലകളായ കഥകളി, ഓട്ടൻതുള്ളൽ എന്നിവയ്ക്ക് ഇവിടെ ഉറച്ച അടിത്തറ ഉണ്ടായിരുന്നു. മറ്റ് കലകളിൽനിന്ന് വ്യത്യസ്തമായി കഥകളിയ്ക്കുള്ള ചിട്ടവട്ടങ്ങൾ അത് അഭ്യസിക്കാനും, കൊണ്ടുനടക്കാനും ആളെ കിട്ടാത്ത അവസ്ഥയിലെത്തിച്ചു. മഹത്തായ ഇത്തരം കലകളെ പരിപോഷിപ്പിക്കുന്നതിന് ഒരു കളരി (കലാക്ഷേത്രം) പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സ്ഥാപിക്കുന്നത് അഭികാമ്യമായിരിക്കും.

ആരാധനാലയങ്ങളിൽ പ്രധാനപ്പെട്ടവ ഇലങ്കം ശ്രീ പറങ്ങോട്ടപ്പൻക്ഷേത്രം (മിതൃമ്മല), തുമ്പോട് ശ്രീ. മഹാദേവക്ഷേത്രം, ശ്രീഭദ്രേശ്വരീക്ഷേത്രം (തുമ്പോട്, മുടിപ്പുര), മലപ്പുറം ദേവീക്ഷേത്രം (തെങ്ങുംകോട്), കുറക്കോട് ദേവീക്ഷേത്രം, ഹലാസ്യഗിരീശ്വരക്ഷേത്രം (മുതുവിള) എന്നിവയാണ് . കൂടാതെ അനവധി ആയിരവില്ലിക്കളങ്ങളും ഇവിടെ നിലവിലുണ്ട്. കൊക്കര എന്ന ഉപകരണം ഉപയോഗിച്ച് കാണിക്കാർ നടത്തുന്ന ചാറ്റ് പാട്ടുകൾ ആയിരവില്ലിക്കളങ്ങളിലും, അനുഷ്ഠാനത്തിന്റെ ഭാഗമായി തോറ്റംപാട്ട്, കുത്തിയോട്ടപ്പാട്ട് എന്നിവ മുടിപ്പുര ഭദ്രേശ്വരീക്ഷേത്രത്തിലും നിലവിലുണ്ട്. മുസ്ലീം ആരാധനാലയങ്ങളിൽ കല്ലറ മുഹ്യുദ്ദീൻ ജുമാ മസ്ജിദ് (പഴയ പള്ളി),,കല്ലറ ഠൗൺപള്ളി, കുറിഞ്ചിലക്കാട് പള്ളി, പാട്ടറ പള്ളി എന്നിവ പ്രാധാന്യമർഹിക്കുന്നു. അനവധി 'മദ്രസ'കളും നിലവിലുണ്ട് പരിവർത്തിത ക്രൈസ്തവരുടെ പള്ളികളും നിലവിലുണ്ട്.

അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളാണ് ഗ്രന്ഥശാലകൾ. നാടിന്റെ സാംസ്കാരിക വളർച്ചക്കുതകുംവിധം മാനസിക വളർച്ചക്ക് ഏറെ സഹായിക്കുന്ന ഗ്രന്ഥശാലകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുവരുന്നു. ജനതയുടെ ഐക്യവും, സാഹോദര്യവും ദേശീയബോധവും, സേവന സന്നദ്ധതയും ഉറപ്പുവരുത്താൻ ഇവയ്ക്ക് കഴിയുന്നു. വൈ. എം. എ. ഗ്രന്ഥശാല കല്ലറ, ഗ്രാമീണ ഗ്രന്ഥശാല പാട്ടറ, നവോദയ ഗ്രന്ഥശാല കൊടിതൂക്കിയകുന്ന്, നേതാജി ഗ്രന്ഥശാല പരപ്പിൽ, നേതാജി ഗ്രന്ഥശാല മിതൃമ്മല, മഹാത്മാഗാന്ധി ഗ്രന്ഥശാല മുതുവിള, ഗോപാലൻ സ്മാരക ഗ്രന്ഥശാല ചെറുവാളം, മഹിമ ഗ്രന്ഥശാല തറട്ട, എൻ. സി. വൈദ്യൻ മെമ്മോറിയൽ ആയുർവേദ റഫറൻസ് ലൈബ്രറി മുതുവിള, ഇസ്ലാമിക് ലൈബ്രറി ആൻഡ് റീഡിംഗ് റൂം, 'കല്ലറ ആൻഡ് പാട്ടറ ഇവ എടുത്തു

പറയത്തക്കതാണ്.

സാമൂഹ്യ നവോത്ഥാനത്തിനും, ദേശീയോദ്ഗ്രഥനത്തിനും കായിക - കലാസമിതികളുടെ നിസ്തുല സേവനം പ്രശംസനീയമാണ്. മഹിമ ആർട്സ് ആൻഡ് സ്പോർട്സ് സൊസൈറ്റി [90/86], കെ. കെ. എസ്. എൻ. എം. എ. സി. പാട്ടറ, സേവന മിത്രമ്മല [453/92], ദൃശ്യ ആർട്സ് ആൻഡ് സ്പോർട്സ് വാഴവിള [670/92]; കെ. പി. എ. സി. പ്ലാക്കാട്, പൗർണ്ണമി ആർട്സ് ആൻഡ് സ്പോർട്സ്, മുരുവിള, ഉഷസ് ആർട്സ് ആൻഡ് സ്പോർട്സ് കുറുമ്പയം, ദർശന ആർട്സ് ആൻഡ് സ്പോർട്സ് പാലുവള്ളി സോഷ്യൽവെൽഫയർ റിക്രിയേഷൻ സെൻറർ മമ്മറുതുംമൂട്, യുവചേതന കല്ലറ, മനീഷ കല്ലറ, കൈരളി തെങ്ങുംകോട്, വിജയകലാസമിതി വട്ടക്കരിക്കകം തുടങ്ങിയവ ഉദാഹരണങ്ങളാണ്. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ കീഴിലുള്ള നെഹ്റുയുവകേന്ദ്ര ജില്ലാഘടകം വാമനപുരം ബ്ലോക്കിലെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ആർട്സ് ആൻഡ് സ്പോർട്സ് സൊസൈറ്റിക്കുള്ള അംഗീകാരം തറട്ട 'മഹിമ'യ്ക്ക് നൽകിയിട്ടുണ്ട്.

സമിതികളുടെ പ്രവർത്തനം ഇനിയും കാര്യക്ഷമമാക്കേണ്ടതുണ്ട്. വനിതകളുടെ പങ്കാളിത്തം കൂടുതൽ ഉറപ്പാക്കേണ്ടിയിരിക്കുന്നു. കാലിക പ്രാധാന്യമുള്ള വിഷയങ്ങളെ സംബന്ധിച്ച ചർച്ചകൾ, സംവാദങ്ങൾ, സെമിനാറുകൾ, കലാ-കായിക പരിപാടികൾ, മറ്റ് സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയുടെ ആധിക്യം വർദ്ധിപ്പിക്കാൻ സമിതികളുടെ പ്രവർത്തനത്തിൽ പഞ്ചായത്തിന്റെ അടിയന്തര ശ്രദ്ധ പതിയേണ്ടതുണ്ട്. സമാന സ്വഭാവ സംഘടനകളുടെ ഏകോപനവും അടിയന്തര പ്രാധാന്യമർഹിക്കുന്നു. ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ അതിപ്രസരം സാംസ്കാരിക പ്രവർത്തനത്തെ ഒരു പരിധിവരെ ബാധിച്ചിട്ടുണ്ട്.

മഹത്തായ ഒരു നാടക പാരമ്പര്യമാണ് കല്ലറയ്ക്കുള്ളത്. 'ദൃക്സാക്ഷി', 'കിട്ടനും കൊച്ചുകിട്ടനും' (ഹാസ്യ നാടകം) എന്നിവയുടെ രചയിതാവായ പാങ്ങലുകുന്നിൽ ഗോപിനാഥൻ അൻപതുകളിലെ നാടകരംഗത്തെ ശ്രദ്ധേയനാണ്. ശ്രീ. വിജയരംഗന്റെ "തോറ്റം" ആധുനിക നാടക സങ്കേതങ്ങളോടു കൂടിയ പ്രൊഫഷണൽ നാടകമായിരുന്നു. കുട്ടികളുടെ നാടകരംഗത്തേയും, ആധുനിക നാടക സംഘാടന രംഗത്തേയും ഏറെ ശ്രദ്ധേയരാണ് മുതുവിള എം ശിവപ്രസാദും, ശ്രീ. ജി. എസ്. കുറുപ്പും.

ഗ്രാമീണകലാ ക്ഷേത്രം മുതുവിള, പി. കെ. തീയറ്റേഴ്സ്, സപ്തസാഗര എന്നീ കലാസമിതികൾ, കാക്കാരിശ്ശി, തെയ്യം, പടയണി, കുറത്തിയാക്കട്ടം, തിരുവാതിര തുടങ്ങിയ ഗ്രാമീണകലകൾ അഭ്യസിപ്പിക്കുകയും, അവതരിപ്പിക്കുകയും ചെയ്തുവരുന്നു. കേരളത്തിനുവെളിയിൽപ്പോലും വേദികൾ കൈയ്യടക്കിയ സമിതിയാണ് പി. കെ. തീയറ്റേഴ്സ്. നാടൻ കലാരൂപങ്ങൾ അവതരിപ്പിക്കുന്ന മറ്റൊരു സമിതിയാണ് നാട്യരംഗം. തറട്ട മഹിമ അമേച്വർ നാടക രംഗത്തെ ശ്രദ്ധേയരാണ്. മിത്രമ്മല ബി. പി. എ. സി. കഥാവിൽമേള അവതരിപ്പിച്ചുവരുന്നു. ഇവിടെ നടന്നുവരുന്ന ടൂർണമെൻറുകൾ കായിക പ്രേമികൾക്ക് ആവേശം പകരുന്നവയാണ്. ഈ രംഗത്ത് പഞ്ചായത്തിലെ നിലവിലുള്ള കളിസ്ഥലം പ്രയോജനപ്രദമാണ്. പരിമിതികൾ ധാരാളമുണ്ടെങ്കിലും ഡിപ്പാർട്ടുമെൻറുകളിലെ സ്പോർട്ട്സ് ഡിവിഷനുകളിൽ കല്ലറയിലെ കായിക താരങ്ങൾ ഏറെപ്പേരുണ്ട്. കരാട്ടെ, കളരി എന്നീ ക്ലാസ്സുകളും അങ്ങിങ്ങായി നടന്നുവരുന്നു. ഇന്ത്യയിലെ ഏറ്റവും മികച്ച ബോൾബാറ്റമിൻറൻറ് കളിക്കാരിക്കുള്ള "സ്റ്റാർ ഓഫ് ഇന്ത്യ" ബഹുമതി നേടിയ ഷീബാ ബിഗം കല്ലറയുടെ വാഗ്ദാനമാണ്.

പ്രസിദ്ധീകരണ രംഗത്ത് കാവ്യരുചി, മാതൃവന്ദനം, കലാചന്ദ്രിക, മിത്രമ്മലർ തുടങ്ങിയവ ശ്രദ്ധേയങ്ങളാണ്. പുസ്തക പ്രസിദ്ധീകരണ രംഗത്തും, ആനുകാലികങ്ങളിലും ഇവിടത്തുകാരുടെ കലാമുകുളങ്ങൾ പ്രത്യക്ഷപ്പെടുക സർവ്വസാധാരണമാണ്. കല്ലറ മധു, കല്ലറ മോഹൻദാസ് തുടങ്ങിയ അഭിനേതാക്കൾ, ടി. വി. സിനിമാ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. കല്ലറ ഗോപൻ എന്ന അനുഗൃഹീത ഗായകൻ ഇന്ന് ദേശീയധാരയിലേക്ക് ഉയർന്നിരിക്കുന്നു.

ചിത്രകാരനായ വിജയ് കല്ലറ ഏറെ ശ്രദ്ധേയനാണ്. വാമനൻ എന്ന തൂലികാനാമത്തിൽ അറിയപ്പെട്ടിരുന്ന അനശ്വരനായ എം. ആർ. മാധവക്കുറുപ്പ്, വിദ്യാഭ്യാസ - സാംസ്കാരിക - സാഹിത്യ രംഗത്തെ അതികായനും ബഹുമുഖ പ്രതിഭയുമായിരുന്നു. "വിലങ്ങ്തടികൾ" എന്ന നാടകത്തിന്റെ കർത്താവും, നിരൂപകനുമായ വേളമാനൂർ എൻ. ജനാർദ്ദനൻപിള്ള, കവി, നാടകകൃത്ത്, ആട്ടക്കഥാകാരൻ എന്നീ നിലകളിൽ ശ്രദ്ധേയനായ കെ. എസ്. മിത്രമ്മല (കെ. എസ്സ്. ഉണ്ണിത്താൻ), ഇരുളൂർ എൻ. കെ. ദാമോദരൻ, ശ്രീ. ഭുവനൻ മിത്രമ്മല, കവിയും സിനിമാ പ്രവർത്തകനുമായ പരപ്പിൽ പ്രഭാതൻ, യുവ എഴുത്തുകാരായ കല്ലറ അജയൻ, കീഴാർ മുരളി,

കുഴിവിള മധു, മിത്രമ്മല രാജ്, പാട്ടറ ഹംസ, ഡി. സജീവ, ജി. കെ. സാബു തുടങ്ങിയവരൊക്കെ കല്ലറയുടെ വാഗ്ദാനങ്ങളാണ്. എ ഐ ആറിലെ അനവധി ഗ്രേഡ് ആർട്ടിസ്റ്റുകളേയും, പ്രൊഫഷണൽ, അമേച്വർ രംഗത്തെ അനവധി കലാകാരന്മാരെയുംകൊണ്ട് അനുഗ്രഹീതമാണ് കല്ലറ പഞ്ചായത്ത്.

പഞ്ചായത്തിലെ സാംസ്ക്കാരിക രംഗശത്തക്കുറിച്ച് പ്രതിപാദിക്കുമ്പോൾ മൂന്ന് സിനിമാശാലകൾ ഇവിടെ പ്രവർത്തിക്കുന്നുവെന്നത് പ്രസ്താവ്യമാണ്.

പഞ്ചായത്തിലെ ജനസംഖ്യ 24,048 ആണ്. 12 വിദ്യാലയങ്ങളും അനവധി ഗ്രന്ഥശാലാ - സാംസ്ക്കാരിക സംഘടനകളും, സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിക്കുന്ന കല്ലറ പഞ്ചായത്ത് ഇതിനകം സാക്ഷരത കൈവരിച്ചിട്ടുണ്ട്. സാക്ഷരത കൈവരുത്തുന്ന കാര്യത്തിൽ സാംസ്ക്കാരിക പ്രവർത്തകരുടേയും കേരള ശാസ്ത്രാ സാഹിത്യ പരിഷത്തിന്റേയും ഉദ്യോഗസ്ഥ - അനുദ്യോഗസ്ഥ സംഘടനകളുടേയും സേവനം ഏറെ പ്രശംസനീയമാണ്.

പഞ്ചായത്തിൽ പ്രചാരത്തിലുള്ള ആനുകാലികങ്ങളിൽ ചിലത്.

ദിനപ്പത്രങ്ങൾ	എണ്ണം
മലയാള മനോരമ	750
മാതൃഭൂമി	600
കേരള കൗമുദി	600
ദേശാഭിമാനി	100
മാധ്യമം	100
ഇന്ത്യൻ എക്സ്പ്രസ്	30

ആനുകാലികങ്ങൾ	എണ്ണം
മലയാളമനോരമ	1000
മംഗളം	900
മാതൃഭൂമി	100
കലാകൗമുദി	100
തൊഴിൽവാർത്ത	100
ഇന്ത്യാടുഡെ	80
കർഷകശ്രീ	40

കുടാതെ മറ്റ് ചില പത്രങ്ങളും കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ശാസ്ത്ര മാസികകളും, ബാല സാഹിത്യ - ചിത്രകഥാ മാസികകളും നിലവിലുണ്ട്. കല്ലറയിലെ സാംസ്ക്കാരിക രംഗത്ത് ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളാണ് സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ. വിദ്യാസമ്പന്നരായ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരമാണ് ഇത്തരം സ്ഥാപനങ്ങൾ.

വനിത

"പിതാ രക്ഷതി കൗമാരേ
ഭർത്താ രക്ഷതി യൗവനേ
പുത്രോ രക്ഷതി വാർദ്ധക്യേ
ന സ്ത്രീ സ്വാതന്ത്ര്യ മർഹതി"

ഈ സിദ്ധാന്തം പ്രവർത്തിക മാക്കിയിരുന്ന ഒരു കാല ഘട്ടമായിരുന്നു. അൻപത് വർഷത്തിന് മുൻപ് ഉണ്ടായി രുന്നത്. കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ അന്ത്യഘട്ടമാ യിരുന്നു അത്. അതിനു മുൻപ് കൂട്ടുകുടുംബ സംവിധാ നത്തിൽ സ്ത്രീകളുടെ സ്ഥിതി മേൽ വിവരിച്ച സ്ഥിതിയി ലേയ്ക്ക് മാറ്റുകയും ചെയ്തു. പുരുഷ മേധാവിത്വം സ്ത്രീകളുടെ മാന്യതയേയും പദവിയേയും തരംതാഴ് ത്തുന്നതിന് ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. തുടർ ന്നുള്ള കാലഘട്ടത്തിൽ സ്ത്രീകളുടെ സാമ്രാജ്യം അടുക്ക ളയായി ചുരുങ്ങുകയും "വീടാകുന്ന കൂട്ടിലെ തത്തമ്മ" യായി അവർ അധഃപതിക്കുകയും ചെയ്തു.

അടുത്ത കാലം വരെ ഈ സാമൂഹിക ക്രമം തുടർ ന്നു വരികയും ഈയിടെ മാത്രം വനിത വിമോചന പ്രസ് ഥാനക്കാർ ഇതിനെതിരായി ശബ്ദം ഉയർത്തുകയും ചെയ്തു. ഇവരുടെ ശബ്ദത്തിന് സമൂഹത്തിൽ ചലനങ്ങ ളുണ്ടാക്കാൻ കഴിഞ്ഞു എങ്കിലും കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കാൻ ഇതുവരെയും കഴിഞ്ഞില്ല. സ്ത്രീകൾ അവരു ടെ ശക്തി മനസ്സിലാക്കുകയും അവർ ഒരേ മനസ്സോടെ സംഘടിച്ച് അവകാശങ്ങൾ നേടിയെടുക്കാൻ തയ്യാറാവു കയും ചെയ്യേണ്ടിയിരിക്കുന്നു.

വിവിധ സമുദായത്തിൽപ്പെട്ട സ്ത്രീകൾക്കിടയിൽ വിവിധതരത്തിലുള്ള ആചാരാനുഷ്ഠാനങ്ങൾ നിലനിന്നി രുന്നു. പ്രായമായ ഹിന്ദു സ്ത്രീകൾ തോർത്തു മുണ്ടുടു കയും കോട്ടാറൻ നേര്യത് ചുറ്റിമാറ് മറയ്ക്കുകയും ചെയ്തിരുന്നു. പെറുപ്പക്കാർ റൗക്കയും മേൽ മുണ്ടും ധരിച്ചിരുന്നു. കാതിൽ 'തോട' എന്ന ആഭരണം ധരിച്ചിരു ന്നു. പാലക്കാമേതിരം പറ്റക്കെട്ട് കാൽമാല വെള്ളിഅര ഞ്ഞാണ്. പഴരീതിയിലുള്ള കൊലുസ് കാലവിരലുകളിൽ മിഞ്ചി എന്നിവ ധരിച്ചിരിന്നു. വിശേഷാവസരങ്ങളിൽ ഇവർ കസവ് വസ്ത്രങ്ങൾ ഉപയോഗിച്ചിരുന്നു. നൂല്കെ ട്ട്, നാമകരണം ചോറുണ് കാതുകുത്ത് ഇവയെല്ലാം ആർഭാടമായി കൊണ്ടാടിയിരുന്നു. ഇതിനും പുറമേ കെട്ട്കല്ല്യാണം (അഞ്ച് വയസ്സിനകത്ത് പ്രായമുള്ള പെൺ കുട്ടികളെ മുറച്ചെറുക്കനെക്കൊണ്ട് മിന്നുകെട്ടിക്കുക.) ഋതുകല്ല്യാണം, പുളികുടി സീമന്തം എന്നി ചടങ്ങുകളും ആർഭാടപൂർവ്വം നടത്തിയിരുന്നു മരണത്തോടനുബന്ധി ച്ചും അനേകം ചടങ്ങുകൾ ഉണ്ടായിരുന്നു. ബലി ആട്ടബ ലി എന്നിവ പ്രധാനമായിരുന്നു. തിങ്കളാഴ്ച്ച വ്രതം, സൂര്യ പ്പൊങ്കാല, ചന്ദ്രപൊങ്കാല മുതലായ ആചാരങ്ങൾ സ്ത്രീകൾ ധാരാളമായി അനുഷ്ടിച്ചിരുന്നു.

ഹിന്ദുക്കൾ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിൽ കൂടുതൽ താമസിക്കുന്നത് മുസ്ലീങ്ങളാണ്. മുസ്ലീം സ്ത്രീ കളുടെ വേഷവിധാനങ്ങൾ വിശേഷപ്പെട്ടതായിരുന്നു. മുസ്ലീം സ്ത്രീകൾ പ്രായമായവരും പെറുപ്പക്കാരും കാച്ചുമുണ്ടും , കുപ്പായവും തട്ടവും ഉപയോഗിച്ചിരു ന്നു. ഇവയെല്ലാം തന്നെ പ്രത്യേക രീതിയിൽ നെയ്തുണ്ടാ ക്കിയതായിരുന്നു. കാതിൽ കമ്മലിനു പുറമേ അലുക്ക ത്ത് ധരിച്ചിരുന്നു. ഹിന്ദുസമുദായത്തിയേതു പോലെ തന്നെ മുസ്ലീം സ്ത്രീകൾക്കും കാര്യമായ സ്വാതന്ത്ര്യമൊ ന്നും ഉണ്ടായിരുന്നില്ല. പൊതുരംഗത്ത് പ്രവർത്തിക്കുന്ന മുസ്ലീം വനിതകൾ ഉണ്ടായിരുന്നില്ല.

മത പരിവർത്തനം നടത്തിയ ചില കൃസ്ത്യൻ കുടും ബങ്ങളല്ലാതെ ഈ പഞ്ചായത്തിൽ ക്രിസ്ത്യാനികൾ ആരും തന്നെ ഇല്ല. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകളെ സംബന്ധിച്ചടത്തോളം അവർ എന്നും പട്ടി ണിക്കാർ തന്നെ ആയിരുന്നു. അന്നന്ന് കൊണ്ട്വരുന്നത് അന്നന്ന് ചിലവഴിച്ചിരുന്നു ഇവർ ഭാവിയെപ്പറ്റിയാതൊ രു പ്രതീക്ഷയും വച്ചു പുലർത്തിയിരുന്നില്ല. ഇവരെ സംബന്ധിച്ചിടത്തോളം ജാതീയമായ പല അവഗണനക ളും നേരിടേണ്ടിവന്നു. പട്ടികജാതി പട്ടികവർഗ്ഗത്തിൽ പ്പെട്ട സ്ത്രീകൾ കൃഷികാര്യങ്ങളിൽ ഭർത്താവിനെ സഹാ യിച്ചിരുന്നു. ഉന്നത കുടംബങ്ങളിലെ സ്ത്രീകൾ അകത്ത ളങ്ങളിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞിരുന്ന കാലത്ത് സാധാ രണ സ്ത്രീകൾ കൊയ്ത്ത് മെതി തുടങ്ങിയ കൃഷികാര്യ ങ്ങളിൽ സജീവമായി പങ്കെടുത്തിരുന്നു. എന്നാൽ തുല്യ ജോലി ചെയ്തിരുന്ന സ്ത്രീയ്ക്കും പുരുഷനുമിടയിൽ വേതനത്തിന് വലിയ അന്തരമുണ്ടയിരുന്നു. പുരുഷന് ലഭിച്ചിരുന്നതിന്റെ പകുതി വേതനം മാത്രമേ സ്ത്രീക്ക് ലഭിച്ചിരുന്നുള്ളൂ.

കലാപരമായ കാര്യങ്ങളിൽ സ്ത്രീകൾ ഒട്ടും പിന്നി ലായിരുന്നില്ല. മലയാളി സ്ത്രീകളുടെ ഒരു പ്രധാന കലാ പരിപാടിയാണ് കൈകൊട്ടിക്കളി (തിരുവാതിരക്കളി). ഈ കല ശാസ്ത്രീയമായി പഠിപ്പിച്ചിരുന്ന പല ആശാട്ടി

മാരും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിരുന്നു. പുരാണപരായണം ശാസ്ത്രീയമായി അഭ്യസിച്ചിരുന്നവരും ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്നു. കൊയ്ത്ത് പാട്ടുകൾ പാടിയിരുന്ന അനേകം തൊഴിലാളി സ്ത്രീകൾ നമ്മുടെ ഗ്രാമത്തിൽ ഇന്നും ഉണ്ട്.

വിദ്യാഭ്യാസ സൗകര്യങ്ങൾ ഇന്നത്തെപ്പോലെ അന്ന് ഉണ്ടായിരുന്നില്ല. ഇത് കൂടുതൽ ബാധിച്ചിരുന്നത് സ്ത്രീകളെയാണ്. ആൺകുട്ടികൾ മൈലുകൾ താണ്ടി സ്കൂളിൽ പഠിക്കാൻ പോകുമ്പോൾ പെൺകുട്ടികളെ അത്തരം ദൂരെയുള്ള പഠനകേന്ദ്രങ്ങളിലൊന്നും തന്നെ അയച്ചിരുന്നില്ല. അതുകൊണ്ട് സ്ത്രീ – പുരുഷസാക്ഷരതയിൽ വലിയ അന്തരമുണ്ടായിരുന്നു. ശരിയായ വിദ്യാഭ്യാസം ലഭിക്കാതിരുന്നതു മൂലം സ്ത്രീകൾക്കിടയിൽ പലതരത്തിലുള്ള അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിന്നിരുന്നു.

ഇങ്ങനെ ഒതുങ്ങിക്കഴിഞ്ഞിരുന്ന സ്ത്രീകൾ ഇന്ന് ഏതാരു രംഗത്തും വളരെ ലാഘവത്തോടെ ഇറങ്ങിത്തിരിച്ചിരിക്കുന്നു. സ്ത്രീക്ക് ഏത് മേഖലയിലും ശോഭിക്കാൻ കഴിയുമെന്ന് അനുഭവങ്ങൾ തെളിയിക്കുന്നു സാമൂഹിക മേഖലയിലായാലും ഔദ്യോഗകിക മേഖലയിലായാലും ഇന്ന് സ്ത്രീകൾ പുരുഷനോടാപ്പം മാറ്റുരച്ചുകഴിഞ്ഞു. സ്ത്രീക്ക് അവൾ ഏറ്റെടുക്കുന്ന ഏത് തൊഴിലും വളരെ കൃത്യതയോടും ഉത്തരവാദിത്വത്തോടും ഭംഗിയായി ചെയ്തു തീർക്കാൻ സാധിക്കും. ഇന്ന് ശരിയ്ക്കും അവളുടെ അവകാശങ്ങൾ എന്തെല്ലാമാണ് എന്നതിനെക്കുറിച്ച് അവൾ ബോധവതിയാണ്.

ഇന്ന് വിദ്യാഭ്യാസ രംഗത്തെ സ്ത്രീ പങ്കാളിത്തം നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്. സ്കൂൾ അധ്യാപകരുടെ കാര്യത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ വളരെ മുന്നിലാണ്. പ്രൈമറി സ്കൂകളിൽ പണിയെടുക്കുന്ന അദ്ധ്യാപകരിൽ 70% പേർ സ്ത്രീകളാണ്.

കല്ലറ പഞ്ചായത്തിൽ സ്വാതന്ത്ര്യ ലബ്ധിക്ക് മുമ്പുതന്നെ പല അടിച്ചമർത്തലുകളേയും അവഗണിച്ച് സ്ത്രീകൾ മുന്നോട്ടുവന്നിരുന്നു. ഇതിന് തെളിവാണ് 1946-ൽ നിലവിൽവന്ന ഗ്രാമോദ്ധാരണ സമിതിയിൽ ആദ്യമായൊരു വനിതാമെമ്പർ, ശ്രീമതി. സി. പി. പത്മാക്ഷി അമ്മ' – നോമിനേറ്റ് ചെയ്യപ്പെട്ടത്. അതിനുശേഷമുള്ള കാലങ്ങളിൽ സ്ത്രീകളിൽ പൊതുവെ ഈ രംഗത്ത് കടന്നുവരാൻ തുടങ്ങി. സ്ത്രീകളുടെ സേവനം ഈ രംഗങ്ങളിൽ ഒരു അനിവാര്യഘടകമായി മാറി.

നമ്മുടെ പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. 24048ൽ 12498 പേർ സ്ത്രീകളാണ്. അതായത് 51.8% പഞ്ചായത്തിലെ എല്ലാവാർഡുകളിലും ഈ സ്ഥിതി തന്നെയാണ്.

1990–ൽ നമ്മുടെ സംസ്ഥാന സർക്കാർ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയ സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിന്റെ ഫലമായി പഞ്ചായത്തിലെ 77.5% സ്ത്രീകളും സാക്ഷരരാണ്. പഞ്ചായത്തിലെ ആകെ സ്ത്രീജനസംഖ്യയിൽ 25% സ്ത്രീകളും മെട്രിക്കുലേറ്റാണ്. അതിൽ 50%വും അതിനു മുകളിൽ വിദ്യാഭ്യാസം നേടിയവരും ആണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്ത്രീകൾ ഒട്ടും പിന്നിലല്ല. സ്കൂളുകളിലെ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും നിരക്കെടുത്താലും ഇതുതന്നെയാണ് കാണാൻ കഴിയുന്നത്. ഇന്നത്തെ നമ്മുടെ ന്യൂക്ലിയർ കുടുംബത്തിൽ ഒന്നോ രണ്ടോ കുട്ടികളാണുള്ളത്. അത് ആണായാലും പെണ്ണായാലും വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഒരുപോലെയാണ്. അതായത് പെൺകുട്ടികളെ അവൾ 'പെണ്ണ്' എന്ന പേരിൽ വിദ്യാഭ്യാസത്തിൽ നിന്നും മാറ്റി നിർത്തുന്നില്ല.

പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ മറ്റ് വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ എണ്ണത്തിൽ കുറവുള്ളതായി കാണാൻ സാധിക്കും. ഇതിന് കാരണം കുടുംബവരുമാനം തന്നെയാണ്.

രോഗാതുരതയുടെ കാര്യത്തിൽ നമ്മുടെ സ്ത്രീകൾ പുരുഷൻമാരേക്കാൾ അൽപ്പം മുന്നിലാണ്. ഇതിനുള്ള പ്രധാന കാരണം ആരോഗ്യ വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത തന്നെയാണ്. പി. എച്ച് സെൻററുകളിൽ എത്തുന്ന ആകെ ജനസംഖ്യയെടുത്താൽ അതിൽ സ്ത്രീകൾ തന്നെയാണ് കൂടുതൽ. കാരണം കുട്ടികളുടെ ചുമതല പുരുഷനേക്കാൾ ഇന്നും സ്ത്രീയിലാണ് കൂടുതൽ നിക്ഷിപ്തമായിട്ടുള്ളത്. അതിനാൽ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങളുമായി ആശുപത്രിയിൽ എത്തുന്നതും അവർ തന്നെ.

ഇന്ന് കാർഷിക മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുന്നു. എന്നാൽ മറ്റ് മേഖലകളിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിച്ചിട്ടുമുണ്ട്.

വിവിധ മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീ –

പുരുഷ തൊഴിൽ പങ്കാളിത്ത നിരക്ക്.

തൊഴിൽമേഖല	പുരുഷന്മാർ	സ്ത്രീകൾ
കർഷകർ	5712	1255
കർഷക തൊഴിലാളികൾ	1161	214
മൃഗസംരക്ഷണം	2346	693
നിർമ്മാണ തൊഴിലാളികൾ	210	40
വ്യാപാര - വ്യവസായം	93	36
ഗതാഗതം - വാർത്താവിനിമയം	402	47

നെല്ലിൽനിന്ന് മറ്റ് വിളകളിലേക്കുള്ള മാറ്റം കാർഷിക മേഖലയിൽ സ്ത്രീ പങ്കാളിത്തം കുറയ്ക്കാൻ കാരണമായി. പരമ്പരാഗതമായി നമ്മുടെ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ സ്ത്രീകൾ ചെയ്തിരുന്ന കുട്ട, വട്ടി, മുറം, പായ് നെയ്ത്ത് തുടങ്ങിയ പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരുന്ന സ്ത്രീ തൊഴിലാളികൾക്ക്, ഇന്ന് തൊഴിൽ ചെയ്യാൻ ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ലഭിക്കുന്നില്ല. ഇത് തൊഴിലില്ലായ്മക്കൊരു കാരണമാണ്.

നമ്മുടെ പഞ്ചായത്തിൽ തൊഴിലില്ലാത്ത സ്ത്രീകളാണധികവും. ബിരുദാനന്തര ബിരുദം വരെ എത്തിവരിൽപ്പോലും തൊഴിലില്ലാത്ത സ്ത്രീകളുടെ നിരക്ക് പത്തു ശതമാനമാണ്. എന്നാൽ മറ്റ് കാണാപ്പണികളുമായി ബന്ധപ്പെട്ടിരിക്കുന്ന സ്ത്രീകൾ ധാരാളമുണ്ട്. അതായത് കന്നുകാലി വളർത്തൽ പച്ചക്കറി കൃഷി ചെയ്യുന്നവർ, ഇത്തരത്തിൽ കുടുംബം പുലർത്തുന്ന സ്ത്രീകൾ അധികവും കുടുംബനാഥകളായിരിക്കും.

ഇന്ന് വീട്ടുജോലിക്കുപോകാൻ സ്ത്രീകൾ തയ്യാറാകുന്നില്ല. അതിനു പ്രധാന കാരണം വേതനക്കുറവു തന്നെയാണ്. മാത്രമല്ല മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാക്ഷരതയിൽ മുന്നിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനത്തെ സ്ത്രീകളിൽ ഉണ്ടായിരിക്കുന്ന അപകർഷതാബോധവും ഭാര്യയും ഭർത്താവും ജോലിക്കുപോകുന്ന വീടുകളെ സംബന്ധിച്ച് കുട്ടികളുടെ പുമതല ഏറ്റെടുത്തുകൊണ്ട് ചൈൽഡ് കെയർ സെന്റർ പോലുള്ള സ്ഥാപനങ്ങൾ നിലവിൽ വന്നാൽ അതിലൂടെ പഞ്ചായത്തിലെ രണ്ടോമൂന്നോ സ്ത്രീകൾക്ക് തൊഴിൽ നൽകാൻ സാധിക്കും. മാത്രമല്ല രക്ഷാകർത്താക്കൾക്ക് മനസ്സമാധാനത്തോടെ ജോലിക്കു പോകാനും കഴിയും.

കല്ലറ ഗ്രാമ പഞ്ചായത്തിൽ ഇപ്പോൾ 24 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം പൊതുവിൽ മെച്ചമാണ്. ഓരോ അംഗൻവാടിയോടും അനുബന്ധിച്ച് മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. 1967-ലാണ് മഹിളാസമാജങ്ങൾ നിലവിൽ വന്നത്. കല്ലറ പഞ്ചായത്തിലെ മുതുവിള വാർഡിലാണ് ആദ്യത്തെ മഹിളാസമാജം പ്രവർത്തനം ആരംഭിക്കുന്നത്. ഇന്ന് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മഹിളാ അസോസിയേഷന്റെ പ്രവർത്തനം കുറച്ചുകൂടി കാര്യക്ഷമമാക്കിയാൽ സ്ത്രീ പ്രശ്നങ്ങൾ വ്യക്തമായി ചർച്ച ചെയ്യുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും സാധിക്കും.

അംഗൻവാടികൾ

വാർഡ്		
1. കല്ലറ	:	1. പാറമുകൾ
		2. വളക്കുഴിപച്ച
2. പാൽക്കുളം	:	1. പാട്ടറ
		2. പാൽക്കുളം
		3. കൊടിതൂക്കിയകുന്ന്
3. തുമ്പോട്	:	1. പഴയചന്ത
		2. കോട്ടൂർ
4. കുറുമ്പയം	:	1. കുറുമ്പയം
		2. കഴുകൻപച്ച
		3. എ. കെ. ജി. കോളനി
5. തെങ്ങുംകോട്	:	1. പെരുമ്പേലി
		2. പുളിമാത്ത് കുന്ന്
6. പെരുവാളം	:	1. നെടുന്തേരിക്കുന്ന്
		2. പെരുവാളം
7. പരപ്പിൽ	:	1. പരപ്പിൽ
		2. ചന്തയിൽ തടം
8. മുതുവിള	:	1. മുതുവിള
		2. കല്ല്വരമ്പ
		3. കീഴാർ നാണംകോട്
9 അരുവിപ്പുറം	:	1. മരുതുംമൂട്
10. കുറിഞ്ഞിലക്കാട്	:	1. കുറിഞ്ഞിലക്കാട്
		2. നീറുമൺകടവ്
11. മിതൃമ്മല	:	1. മിതൃമ്മല
		2. വെട്ടുവിള

മഹിളാസംഘടനകൾ

1. എസ്. എൻ. ഡി. പി. യൂണിറ്റ്, മുതുവിള: ഇതിന്റെ ആദ്യകാല പ്രവർത്തനം ഒരുവിധം മെച്ചമായിരുന്നു. എന്നാൽ ഇപ്പോൾ പ്രവർത്തനം മന്ദീഭവിച്ചി

രിക്കുകയാണ്.

2. മഹിളാ സ്വസ്ത് സംഘം: ഈ സംഘടനയുടെ പ്രവർത്തനം പഞ്ചായത്തിൽ വ്യാപകമായി നടന്നുവരികയാണ്. സ്ത്രീകൾ മാത്രം നയിക്കുന്ന ഡയറി യൂണിറ്റ് അരുവിപ്പുറത്ത് പ്രവർത്തിക്കുന്നു. ഇത്തരം പദ്ധതികളെക്കുറിച്ച് സ്ത്രീകൾ ബോധവതികളല്ല എന്നതാണ് കൂടുതൽ യൂണിറ്റുകൾ തുടങ്ങാതിരിക്കാനുള്ള കാരണം. ഇപ്പോൾ കല്ലറയിൽ ഒരു റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ് തുടങ്ങാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

പൊതുവായ പ്രശ്നങ്ങൾ

1. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ സ്ത്രീപങ്കാളിത്തത്തിന്റെ കുറവ്.
2. തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള വിവിധതരത്തിലുള്ള വിവേചനങ്ങൾ.
3 ഇപ്പോഴും സാമൂഹ്യരംഗത്ത് കടന്നുവരുന്ന സ്ത്രീകളുടെ എണ്ണത്തിലുള്ള കുറവ്
4. സ്ത്രീധന സമ്പ്രദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.
5 സ്ത്രീകളുടെ തൊഴിലില്ലായ്മ.
6. പൊതുസ്ഥലങ്ങൾ പ്രാമികാവശ്യം നിർവ്വഹിക്കുവാനുള്ള സൗകര്യം ഇല്ലായ്മ.
7. സാമ്പത്തിക ഞെരുക്കം, സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിൽ നിന്ന് സ്ത്രീകളെ പിന്തിരിപ്പിക്കുന്നു.
8 സർക്കാർ നൽകുന്ന വിവിധതരത്തിലുള്ള വികസന പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.

ഇന്ന് പഞ്ചായത്തിലെ സ്ത്രീകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളും സാധ്യതകളും ഗ്രാമസഭാ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ് വന്നത് സംഗ്രഹിക്കുന്നു.

1. തൊഴിൽ പ്രശ്നങ്ങൾ: നമ്മുടെ സ്ത്രീകൾ നേരിടുന്ന പ്രധാനപ്രശ്നം തൊഴിലില്ലായ്മയാണ്. ഇത് പരിഹരിക്കാൻ ധാരാളം സാധ്യതകളുണ്ട്.

1. പാലും പാൽ ഉൽപ്പന്നങ്ങളും സംസ്ക്കരിച്ച് വിപണനം നടത്താനാവശ്യമായ സാമ്പത്തിക - സാങ്കേതിക സഹായം പഞ്ചായത്തുകൾ വഴി ലഭ്യമാക്കണം.
2 റെഡിമെയ്ഡ് ഗാർമെന്റിന്റെ നിർമ്മാണവും വിപണനവും. ഇത് സ്ത്രീകൾക്ക് ചെയ്യാൻ കഴിയുന്ന ഒരു തൊഴലിൽ മേഖലയാണ്. ഇതിനുവേണ്ടി ഒരു വനിതാ സഹകരണ സംഘം ആരംഭിക്കുന്നതിന് ആവശ്യമായ ധനസഹായവും പരിശീലനവും ലഭ്യമാക്കണം.
3 കശുമാങ്ങ, മാങ്ങ, ചക്ക ഇവയുടെയൊക്കെ സീസണാകുമ്പോൾ ധാരാളം പഴങ്ങൾ ഉപയോഗിക്കാതെ നശിച്ചുപോകുന്നതായി കാണാം. ഈ പഴങ്ങൾ പോഷകസമ്പുഷ്ടമാണ്. മാത്രമല്ല സ്വാദിഷ്ടമായ ധാരാളം വിഭവങ്ങൾ ഉണ്ടാക്കുകയും ചെയ്യാം. ഒരു വനിതാ പഴവർഗ്ഗ സംസ്ക്കരണ യൂണിറ്റ് പഞ്ചായത്തു തലത്തിൽ നടപ്പിലാക്കിയാൽ ഇത്തരത്തിലുള്ള പഴങ്ങൾ നശിച്ചുപോകാതെ സംസ്ക്കരിച്ചെടുക്കാം എന്നു മാത്രമല്ല തൊഴിൽ കണ്ടെത്തുകയും ചെയ്യാം. ഇതിനാവശ്യമായ ധനസഹായവും പരിശീലനവും ലഭ്യമാക്കണം.
4 നമ്മുടെ ഭക്ഷണത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് പച്ചക്കറികൾ. ഈ പച്ചക്കറികളിൽ ഏറിയ പങ്കും നാം അന്യസംസ്ഥാനങ്ങളിൽനിന്ന് വാങ്ങുകയാണ് ചെയ്യുന്നത്. ഇതിനൊരു പരിഹാരമായി വീട്ടമ്മമാർക്കു തന്നെ അടുക്കളതോട്ടങ്ങൾ നിർമ്മിക്കാം. അടുക്കള തോട്ടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ വിത്തും വളവും സാങ്കേതിക വിദ്യയും പഞ്ചായത്തു തലത്തിൽ ലഭ്യമാക്കണം.
5 നമ്മുടെ വനിതകൾക്ക് ഏറ്റവും പ്രിയങ്കരമാണ് പുഷ്പം. നമുക്കിന്ന് ആവശ്യമുള്ള പുഷ്പത്തിന്റെ പകുതിയലികം മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമാണ് ലഭിക്കുന്നത്. പുഷ്പകൃഷി പഞ്ചായത്തുതലത്തിൽ വ്യാപകമാക്കിയാൽ വനിതകൾക്ക് തൊഴിലും വരുമാനവുമായി. ഇതിന് വിത്തും വളവും സാങ്കേതിക വിദ്യയും ലഭ്യമാക്കണം.
6 ആടുമാടുകളെ വളർത്തൽ, കോഴി കൃഷി എന്നിവയ്ക്ക് ആവശ്യമായ ധനസഹായം ലഭ്യമാക്കണം. ഒരു കോഴിക്കൃഷി യൂണിറ്റ് അതായത് 25 കോഴികളും ഒരു കൂടും ലഭ്യമാക്കിയാൽ നിർദ്ധന കുടുംബത്തിലെ സ്ത്രീകൾക്ക് നല്ലൊരു വരുമാനമാർഗ്ഗമാകും. അതുപോലെ ആടുമാടുകളെ സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയും വേണം.
7 ഇന്ന് പ്ലാസ്റ്റിക്കിന്റെ യുഗമാണല്ലോ. ധാരാളം പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ ദിവസവും നാം ഉപയോഗിക്കുന്നു. പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലും കരകൗശല പണികളിലും പരിശീലനം പഞ്ചായത്തു തലത്തിൽ ലഭ്യമാക്കണം. ഇത് വളരെയധികം തൊഴിൽ സാധ്യതയുള്ള ഒരു മേഖലയാണ്.

8 വനിതകൾക്കായി ഒരു ഖാദി വ്യവസായ യൂണിറ്റ് പഞ്ചായത്തു തലത്തിൽ ആരംഭിക്കണം. ഖാദിമേഖല ഇടയ്ക്ക് അൽപ്പം വിപണിയില്ലായ്മ നേരിട്ടുവെങ്കിലും ഇന്ന് ഗവൺമെൻറ് ചില ആനുകൂല്യങ്ങളൊക്കെ അനുവദിച്ചതിൻെറ ഫലമായി ഈ മേഖല പുഷ്ടിപിടിച്ചുവരികയാണ്.

9 പെൺകുട്ടികൾക്ക് ചെയ്യാൻ കഴിയുന്ന ചില വ്യവസായ യൂണിറ്റുകളാണ് പനിനീർ, മെഴുകുതിരി, അച്ചാർ, സ്കാഷ് തുടങ്ങിയവയുടെ നിർമ്മാണം. ഇതിനാവശ്യമായ ധനസഹായവും പരിശീലനവും ലഭ്യമാക്കിയാൽ നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങൾ വായിച്ച് സമയം കൊല്ലുന്ന പെൺകുട്ടികൾക്ക് വിനോദവും വരുമാനവുമായി ഇത്തരം സംരംഭങ്ങൾ മുന്നോട്ടു വരണമെങ്കിൽ ആവശ്യമായ പ്രോത്സാഹനം അവർക്ക് നൽകണം.

10 പ്രത്യേകിച്ച് സ്ഥലമോ വിലപിടിപ്പുള്ള ഉപകരണങ്ങളോ ആവശ്യമില്ലാത്ത ഒരു മേഖലയാണ് കൂൺകൃഷി. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കൂൺകൃഷി ചെയ്യുന്ന ഒറ്റവീടുപോലുമില്ല. ഇത് സ്ത്രീകൾക്ക് ഒരു വിനോദവും വരുമാനവുമാണ്. ഇതിനാവശ്യം പരിശീലനമാണ്. അത് പഞ്ചായത്തുതലത്തിൽ ലഭ്യമാക്കണം. ഇതിനാവശ്യമായ വിപണിയും കണ്ടെത്തണം.

11 ചെസ്സ് ബോഡ്, കൊതുകുവല, സ്പോർട്സ് ഉപകരണങ്ങൾ എന്നിവ നിർമ്മിച്ച് ദേശീയതലത്തിൽ വിപണനം നടത്തുന്നതിനാവശ്യമായ പരിശീലനവും ധനസഹായവും ലഭ്യമാക്കണം. ഇതിന് ഏറെ സാധ്യതയുണ്ട്.

12 ബ്ലോക്കു വഴിയുള്ള D.W.C.R.A. ധനസഹായം ലഭ്യമാക്കി സ്ത്രീകളെ കൂടുതൽ വ്യാവസായികമായി മുന്നോട്ടു വരാൻ പ്രേരിപ്പിക്കണം.

സാമൂഹിക മേഖലയിലും ധാരാളം പ്രശ്നങ്ങൾ സ്ത്രീകൾ അഭിമുഖീകരിക്കുന്നുണ്ട്. ഇതില്ലാതാക്കാൻ എല്ലാ മേഖലയിലും സ്ത്രീക്കും 50% സ്ഥാനം ഉറപ്പാക്കണം. സ്ത്രീകളെ മാനസികമായും ശാരീരികമായും സാമൂഹികമായും പീഡിപ്പിക്കുന്ന മറ്റൊരു പ്രശ്നം. മദ്യപാനത്തിനും മയക്കു മരുന്നിനും അടിമകളായ പുരുഷന്മാരാണ്. ഇതിനുവേണ്ടത് മദ്യനിരോധനം പൂർണ്ണമായും നടപ്പാക്കുക എന്നതാണ്. സ്ത്രീകളെ പരസ്യങ്ങളിൽ മോശമായി ചിത്രീകരിക്കുന്ന ഒരു രീതി ഇപ്പോഴുണ്ടായി കാണുന്നുണ്ട്. ഇത് വളരെ ഗൗരവത്തോടെ കാണുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും വേണം.

സ്ത്രീധനം ഒരു ശാപമായി മാറിയിരിക്കുന്ന ഈ കാലഘട്ടത്തിൽ നിർദ്ധന കുടുംബത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് ഇന്ന് ഭാരിച്ച ഉത്തരവാദിത്വമാണ് മാതാപിതാക്കൾ ചുമക്കേണ്ടിയിരിക്കുന്നത്. സ്ത്രീധന നിരോധനവുമായി ബന്ധപ്പെട്ട ധാരാളം നിയമനടപടികൾ നിലവിൽവന്നുവെങ്കിലും ഇതുവരെ ശാശ്വതമായ ഒരു പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. സാക്ഷരതാ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തണം. സാക്ഷരതാ പ്രവർത്തവനം വെറും സാക്ഷരതയിൽ ഒതുക്കിനിർത്താതെ അതിലുപരി മറ്റ് മേഖലകളെക്കുറിച്ചുള്ള ഒരു ബോധവൽക്കരണം നടത്തിയെങ്കിൽ മാത്രമേ വിവിധ മേഖലകളെക്കുറിച്ചുള്ള അറിവ് അവർക്ക് ലഭിക്കുകയുള്ളൂ. അതിലൂടെ മാത്രമേ അവർക്ക് അവകാശങ്ങൾ നേടിയെടുക്കാനാവൂ. ഇത് ഒരു തുടർ വിദ്യാഭ്യാസ പരിപാടിയായി കണക്കാക്കി പഞ്ചായത്തുകളിലൂടെ വേണ്ട നടപടികൾ സ്വീകരിക്കണം.

സ്ത്രീപീഡന കേസ്സുകൾ അർഹമായ പ്രാധാന്യത്തോടെ തന്നെ കാണുകയും പരിഹരിക്കുകയും വേണം. നൂറുശതമാനവും സാക്ഷരരാണ് എന്നഭിമാനിക്കുന്ന നാം സ്ത്രീ പീഡനക്കേസ്സിലൂടെയും അതിലൂടെയുണ്ടാകുന്ന ആത്മഹത്യയുടേയും കാര്യത്തിൽ മുന്നിൽ തന്നെയാണ്. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് സ്ത്രീ പീഡനക്കേസ്സുകൾ വളരെ ഭീകരമാണ്. നമ്മുടെ പഞ്ചായത്തിൽ ഇത്തരം കേസ്സുകൾ കുറവാണെന്നു പറയാം.

വനിതാ പീഡനം ശരിയായ ബോധവൽക്കരണത്തിലൂടെ പരിഹരിക്കാൻ സാധിക്കും. നമ്മുടെ മഹിളാ സമാജങ്ങളിലൂടെയും വനിതാ ഫെഡറേഷനിലൂടെയും പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തിയാൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും.

കല്ലറ പഞ്ചായത്തിൽ സ്ത്രീകൾ പുലർത്തുന്ന ധാരാളം കുടുംബങ്ങൾ ഉണ്ട്. ഇത്തരം വീടില്ലാത്ത നിർദ്ധനകൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിനു വേണ്ട നടപടികൾ പഞ്ചായത്തിൽ നിന്നും ഉണ്ടാകണം. അതുപോലെ ആൺമക്കളില്ലാത്ത നിർദ്ധന കുടുംബിനികൾക്ക് ആവശ്യമായ സഹായങ്ങൾ (വീട്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയവ) ലഭ്യമാക്കണം.

ചുരുക്കത്തിൽ ഒരു വീട്ടിൽ ഒരു സ്ത്രീക്കെങ്കിലും ജോലി ലഭ്യമാക്കാൻ (ഉന്നത വിദ്യാഭ്യാസം ഉള്ളവർക്കും ഇല്ലാത്തവർക്കും) ആവശ്യമായ നടപടികൾ പഞ്ചായത്തു തലങ്ങളിലൂടെ ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന ശുഭപ്രതീക്ഷയോടുകൂടി ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

"ഓണം പിറന്നാലും ഉണ്ണി പിറന്നാലും
കോരനു കുമ്പിളിൽ കഞ്ഞി"

എന്ന ചൊല്ല് സാർത്ഥകമാക്കും വിധമായിരുന്നു 1957-നു മുൻപ് ഉണ്ടായിരുന്ന പട്ടികജാതിക്കാരുടെ സ്ഥിതി. കേറികിടക്കാൻ സ്വന്തമായൊരു വീടോ കൃഷിചെയ്യാൻ ഒരു തുണ്ട് ഭൂമിയോ ഒരു കുടുംബത്തിനും സ്വന്തമായി ഉണ്ടായിയരുന്നില്ല. ഭൂപ്രഭുക്കൻമാരുടെ പണിയാളൻമാരായാണ് കഴിഞ്ഞിരുന്നത്. പാടത്തും പറമ്പിലും പകലന്തിയോളം പുരുഷൻമാർ പണിയെടുക്കണം വൈകുന്നേരം കൂലി നെല്ലായി ലഭിയ്ക്കും. അത് ഭക്ഷണമാക്കി ഉറങ്ങാൻ കിടക്കുമ്പോൾ നേരം അർദ്ധരാത്രി കഴിഞ്ഞിരിയ്ക്കും ഒരാണ്ടിൽ മിക്കവാറും ദിവസങ്ങളിൽ ജൻമിതമ്പുരാന്റെ വീട്ടിൽ ജോലി ലഭിച്ചിരുന്നു. ആശ്രിത വത്സലൻമാരായ ചില തമ്പുരാക്കൻ മാർ അടിയാളൻമാർക്ക് മാടം വച്ച് താമസിക്കുന്നതിനും അൽപ്പ സ്വൽപ്പം കൃഷികൾ ചെയ്യാന്നതിനും വേണ്ടി ഭൂമി വിട്ടുകൊടുത്തിരുന്നു. വീട്ടിലെ വിശേഷങ്ങൾ, മരണം, വിവാഹം തുടങ്ങിയവയ്ക്കും വേണ്ടുന്ന സഹായവും സ്വമേധയാ ചെയ്തിരുന്നു. ഈ ആവശ്യത്തിലേക്ക് ചെലവാക്കുന്ന സഹായധനം പിന്നീട് ജോലിക്കൂലിയിൽ തട്ടിക്കിഴിച്ചിരുന്നു.

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വാസസ്ഥലങ്ങൾ കുമാരനാശാൻ വർണ്ണിച്ചതു പോലെ ചെറ്റമാടങ്ങളായിരുന്നു. അറുകാലിൽ ഓലകൊണ്ട് മറച്ച ചെറ്റക്കുടിലുകളിൽ അന്തിയുറങ്ങുകയും ജനനവും വിവാഹവും മരണവുമെല്ലാം ഇതിനുള്ളിൽ തന്നെ നടക്കുകയും ചെയ്തിരുന്നു. കുടുംബ സംവിധാനത്തെപ്പറ്റി ആർക്കും തന്നെ യാതൊരു ബോധവും ഇല്ലായിരുന്നു. ശവമടക്കുന്നതിനു പോലും ജന്മി തമ്പുരാന്റെ ഔദാര്യം നേടേണ്ടിയിരുന്നു. ആരോഗ്യപരിപാലനത്തിന്റെ കാര്യത്തിൽ യാതൊരു ശ്രദ്ധയും ഉണ്ടായിരുന്നില്ല. കുടിവെള്ളംപോലും നീരുറവകളിൽ നിന്നാണ് എടുത്തിരുന്നത്. വയൽവരമ്പിനോട് ചേർന്ന് ചെറിയ കുളം നിർമ്മിച്ച് അതിൽനിന്ന് വെള്ളംകോരി കുടിക്കുന്നവരായിരുന്നു അധികവും. ഇക്കാരണത്താൽ തന്നെ അനാരോഗ്യമൂലം ശിശുമരണനിരക്ക് വളരെ കൂടിയിരുന്നു. രോഗശുശ്രൂഷയുടെ കാര്യത്തിലും ഇവർ അജ്ഞരായിരുന്നു. നാടൻ മരുന്നുകളേയും മന്ത്രവാദത്തെയുമാണ് അധികം ആശ്രയിച്ചത്.

വിവാഹം തുടങ്ങിയ മംഗളകർമ്മങ്ങൾ നടക്കുമ്പോൾ ബന്ധുജനങ്ങൾ വധുവിന്റെ വീട്ടിൽ കൂടി തങ്ങൾ കൊണ്ടുവരുന്ന ഭക്ഷ്യപദാർത്ഥങ്ങൾ പാകം ചെയ്തനഭവിച്ചിരുന്നു. സ്വർണ്ണാഭരണങ്ങൾ മരീചികയായിരുന്നു. പുരഷന്മാർക്ക് ഒറ്റത്തോർത്തുമുണ്ടും ചുറ്റിത്തോർത്തുമായിരുന്നു സാധാരണ വേഷം. സ്ത്രീകൾ ഒറ്റമുണ്ടും തോർത്തും ഉപയോപിച്ചിരുന്നു. കൊച്ചുകുട്ടികൾ ഏതാണ്ട് 14 വയസ്സുവരെ (ആൺകുട്ടികൾ) കൗപീനമാണ് ധരിച്ചിരുന്നത്. പെൺകുട്ടികൾ പ്രായപൂർത്തിയാകുന്നതുവരെ ഒറ്റകുട്ടി മുണ്ട് ഉടുത്തിരുന്നു. ശുചീകരണത്തിന്റെ കാര്യത്തിൽ ഇവർ വളരെ പിന്നിലായിരുന്നു.

ജന്മി കുടിയാൻ ബന്ധങ്ങൾ അക്കാലത്ത് ദൃഡമായിരുന്നു. വിശേഷാവസരങ്ങളിൽ കുടിയാൻ ജന്മിക്ക് അവലും പഴവും വാഴക്കൂലയും മറ്റ് കായ്കനികളും കാഴ്ചവച്ചിരുന്നു. ജന്മി കോടിമുണ്ടും ഭക്ഷണ പദാർത്ഥങ്ങളും സമ്മാനമായി നൽകുന്നതും പതിവായിരുന്നു. അന്നന്ന് കിട്ടുന്നത് അന്ന് ചെലവാക്കുക എന്ന ജീവിതരീതി ഭാവിയിലേക്ക് വേണ്ടി ഒന്നുംതന്നെ കരുതിവെച്ചിരുന്നില്ല. മുറുക്ക്, പുകവലി, മദ്യപാനം എന്നിവ പുരുഷന്മാരെയും ഏറെക്കുറെ സ്ത്രീകളെയും ബാധിച്ചിരുന്നു. മിക്കവാറും വീടുകളിൽ മന്ത്രവാദം തുടങ്ങിയ ചടങ്ങുകൾ കൂടെക്കൂടെ നടന്നിരുന്നു. ദുർമന്ത്രവാദികൾക്കും കള്ള സന്യാസിമാർക്കും ഈ സാധുക്കളെ എളുപ്പം ചൂഷണം ചെയ്യാൻ കഴിഞ്ഞിരുന്നു. അക്ഷരാഭ്യാസം സിദ്ധിച്ചിരുന്നില്ല. ഇതിൽ താൽപര്യവും ഉണ്ടായിരുന്നില്ല.

1957ലാണ് ഈ സ്ഥിതിക്ക് ഒരു മാറ്റം വന്നത്. കേരള കർഷകബന്ധ നിയമം നടപ്പിലാക്കിയതോടുകൂടി കുടികിടപ്പവകാശം ജന്മാവകാശമായി കിട്ടി. നിർബന്ധിത വിദ്യാഭ്യാസം കുട്ടികളെ വിദ്യാലയത്തിൽ എത്തിക്കുകയും അയിത്താചാരണം ഒരു പരിധിവരെ അവസാനിക്കുകയും ചെയ്തു. ക്ഷേത്രപ്രവേശന വിളംബരം പട്ടികജാതിക്കാരുടെ ഒന്നാം സ്വാതന്ത്ര്യലബ്ധിയാണെന്ന് പറയാം. സർക്കാരിന്റെയും സന്നദ്ധ സംഘടനകളുടേയും സഹായത്തോടുകൂടി പരമ്പരാഗത തൊഴിലുകൾ മെച്ചപ്പെടുത്തുകയും വേതനം പണമായി ലഭിക്കുന്നതിനുള്ള അവസരം കൈരിക്കുകയും ചെയ്തു. വിദ്യാഭ്യാസം നിർബന്ധിതമാക്കിയതോടുകൂടി എല്ലാ തരത്തിലും പെട്ട സർക്കാർ തുറകളിൽ ആളുകൾ എത്തിച്ചേർന്നു. സൗജന്യമായി വീട്, വൈദ്യുതി, കൃഷിഭൂമി, കുടിവെള്ളം

എന്നിവ ലഭിച്ചതോടുകൂടി സാമൂഹ്യ നിലവാരത്തിലും മാറ്റമുണ്ടായി. സാമ്പത്തികവും സാമൂഹകവുമായ പിന്നോക്കാവസ്ഥ ഒരു കാലത്തിവരെ പരിവർത്തനത്തിനു പ്രേരിപ്പിച്ചിരുന്നു. പ്രലോഭനങ്ങൾക്ക് വിധേയരായി സംവരണാനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടപ്പോൾ അതിനെതിരേ സംഘടിക്കുകയും സമരമുറകളിൽ ഏർപ്പെടുകയും ചെയ്തു. തങ്ങളുടെ അവകാശങ്ങളെപ്പറ്റി ശരിക്കും ബോധവന്മാരാകാത്തതുമൂലം പല ആനുകൂല്യങ്ങളും നഷ്ടപ്പെട്ടിട്ടുണ്ട്. ഇന്ന് ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്വതന്ത്രമായി കടന്നുചെല്ലുന്നതിന് അപകർഷതാ ബോധമോ അധ:കൃത ചിന്തയോ കൂടാതെ നാടിന്റെ വികസനത്തിൽ പരിപൂർണ്ണമായി പങ്കെടുക്കുന്നതിന് അവസരം ലഭിച്ചിട്ടുണ്ടെന്നത് ശ്ലാഘനീയമായ ഒരു നഗ്ന സത്യമാണ്.

ഇന്ന് ഗവൺമെൻറ് എല്ലാ മേഖലകളിലും സംവരണം ഏർപ്പെടുത്തിക്കൊണ്ട് ഇവരെ മുന്നോട്ടു കൊണ്ടുവരാൻ ശ്രമിക്കുന്നുവെങ്കിൽപോലും പൂർണ്ണമായി വിജയിക്കുന്നില്ല. സർക്കാരിന്റെ പല ധനസഹായ പദ്ധതികളും യഥാവിധി പ്രയോജനപ്പെടുത്തുന്നില്ല എന്ന കാരണത്താൽ ഒരു വിഭാഗം ഇന്നും ഇല്ലായ്മയിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു.

കല്ലറ പഞ്ചായത്തിൽ പട്ടികജാതിക്കാർ മാത്രമേ ഇപ്പോൾ നിലവിലുള്ളു. 1991-ലെ സെൻസസ് പ്രകാരം പട്ടികജാതി ജനസംഖ്യ 2965 ആണ്. ഇതിൽ 1417 പുരുഷന്മാരും 1548 സ്ത്രീകളുമാണ്. ഇത് ആകെ ജനസംഖ്യയുടെ 12.32% ആണ്. രണ്ട് വാർഡുകളിലൊഴികെ മറ്റെല്ലാ വാർഡുകളിലും പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്.

പട്ടികജാതി കോളനികൾ

നമ്മുടെ പഞ്ചായത്തിൽ അംഗീകരിക്കപ്പെട്ട 13 കോളനികളാണുള്ളത്. പൊതുവിൽ ഈ കോളനികളുടെ നില തൃപ്തികരമാണ്.

ക്രമ. നം.	കോളനികൾ	വീടുകളുടെ എണ്ണം
1	ചെറുവാളം	61
2	പനച്ചമൂട്	17
3	ആലംകോട്ട് കരിക്കകം	15
4	പാറമുകൾ	11
5	തെങ്ങുംകോട്	50
6	നാണംകോട് (I.H.D.P.)(92-93)	55
7	പാലോട്ടുകോണം	15
8	ചിറക്കോണം	10
9	വെള്ളംകുടി	40
10	തെങ്ങുംകോട് (നായ്ക്കരിമ്പുമൂല)	50
11	ചൂട്ടയിൽക്കാവ്	15
12	കുറുമ്പയം	13
13	എ.കെ.ജി. കോളനി	34

നമ്മുടെ പഞ്ചായത്തിൽ നിരക്ഷരരുടെ എണ്ണം കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി ഇനിയും കൈവരിച്ചിട്ടില്ല. മറ്റ് വിഭാഗം വിദ്യാർത്ഥികളുടെ പഠനനിലവാരവുമായി താരതമ്യം ചെയ്യുമ്പോൾ പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം പൊതുവെ മോശമാണ്. വിവിധ സ്കൂളുകളിലായി പഠിക്കുന്ന നാലായിരത്തി അഞ്ഞൂറ്റി പഴുപത്തിയഞ്ച് കുട്ടികളിൽ 797 കുട്ടികൾ പട്ടികജാതിക്കാരാണ്. ഇത് ആകെ വിദ്യാർത്ഥികളുടെ 21.12 ശതമാനം മാത്രമാണ്.

പൊതുവായ പ്രശ്നങ്ങൾ

1. കോളനികളിലെ സൗകര്യങ്ങളുടെ അപര്യാപ്തത.
2. ആനുകൂല്യങ്ങൾ കിട്ടുന്നതിനുള്ള കാലതാമസം.
3. ആനുകൂല്യങ്ങൾ സ്വീകരിക്കുന്നതിന് ചാടിക്കടക്കേണ്ട കടമ്പകൾ.
4. തൊഴിൽ പ്രശ്നം
5. സാമൂഹ്യ ഉച്ചനീചത്വങ്ങൾ
6. ദാരിദ്ര്യം

ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളും സാധ്യതകളും

1. ഇന്ന് പട്ടികജാതിക്കാർ നേരിടുന്ന ഒരു പ്രധാന പ്രശ്നം എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാരിൽ നിന്നും ഉള്ളത് എന്നതിനെക്കുറിച്ച് ശരിയായ അറിവില്ലായ്മയാണ്. ഇത് പരിഹരിക്കാൻ നിലവിലുള്ള അർഹമായ ആനുകൂല്യങ്ങളെപ്പറ്റി ബോധവൽക്കരിക്കുകയും നടപടിക്രമങ്ങളിലെ നിയമ വ്യവസ്ഥകൾ ലഘൂകരിക്കുകയും ചെയ്യണം.
2. കേറിക്കിടക്കാൻ സ്വന്തമായൊരു വീടില്ലാത്ത, ചെറുമാടങ്ങളിൽ കഴിയുന്ന ധാരാളം പട്ടികജാതി കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇത്തരക്കാരെ കണ്ടെത്തുകയും കേറിക്കിടക്കാൻ അനുയോജ്യമായ വീടുകൾ സൗജന്യമായി നിർമ്മിച്ചു കൊടുക്കുകയും വേണം.

3 കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. കോളനികളായി പരിഗണിച്ച് അവിടെ നിർമ്മിക്കപ്പെട്ട പല വീടുകളും ഇന്ന് ശോചനീയാവസ്ഥയിലാണ്. ഈ വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ ധനസഹായം അടിയന്തരമായി ലഭ്യമാക്കണം. അതുപോലെ കോളനികളിൽ സ്വന്തമായി കിണർ, കക്കൂസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളിലാത്ത ധാരാളം കുടുംബങ്ങളുണ്ട്. ഇത് പരിഹരിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളണം. ചില കോളനികളിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്

4 സ്വന്തമായൊരു വീട് നിർമ്മിക്കാൻ പോലും ഒരു തുണ്ട് ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് സർക്കാർ ആഭിമുഖ്യത്തിൽ സൗജന്യമായി ഭൂമി ലഭ്യമാക്കണം.

5 ശാസ്ത്രലോകം ഇത്രയധികം പുരോഗിച്ചുവെങ്കിൽ പോലും ചില അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വച്ചു പുലർത്തുന്ന പട്ടികജാതി കുടുംബങ്ങളുണ്ട്. ഇത്തരം അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും വിധേയമായി മാറാരോഗങ്ങൾക്കുപോലും ശരിയായ ചികിത്സ നടത്താൻ തയ്യാറാകുന്നില്ല. ഇത്തരം ദുഷ്പ്രവണതകൾ മാറ്റിയെടുക്കാൻ ശാസ്ത്രീയ ബോധവത്ക്കരണം ആവശ്യമാണ്. മാറാരോഗങ്ങൾക്കടിമപ്പെട്ടവരെ ചികിത്സിക്കാൻ നടപടി സ്വീകരിക്കുക.

6 പെൺകുട്ടികൾക്ക് വിവാഹത്തിന് കൊടുക്കുന്ന ധനസഹായം വർദ്ധിപ്പിക്കുകയും നിയമ നപടികൾ ലഘൂകരിക്കുകയും വേണം. പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് ടെസ്റ്റുകൾക്കും മറ്റും യാത്രാബത്ത അനുവദിക്കാറുണ്ട്. ഈ യാത്രാബത്ത ലഭിക്കുന്നതിനുവേണ്ട നിയമ നടപടികൾ ലഘൂകരിച്ച് പഞ്ചായത്തുകൾ വഴി വിതരണം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

7 ഇന്ന് മറ്റുള്ള വാർത്താ മാദ്ധ്യമങ്ങളെ അപേക്ഷിച്ച് ജനലക്ഷങ്ങളുടെ ശ്രദ്ധ പിടിച്ചു പറ്റാൻ കഴിഞ്ഞിരിക്കുന്നത് ദൃശ്യമാധ്യമമായ ടെലിവിഷനാണ്. വിജ്ഞാനവും വിനോദവും പ്രദാനം ചെയ്യുന്ന ടെലിവിഷൻ സൗകര്യം കോളനികളിൽ ലഭ്യമാക്കിയാൽ ഇവർക്ക് സമൂഹവുമായി കൂടുതൽ ഇടപഴകുവാനും അതിലൂടെ വിവിധ മേഖലകളെക്കുറിച്ചുള്ള അവബോധം വളർത്തിയെടുക്കുവാനും കഴിയും.

8 പട്ടികജാതിക്കാരുടേതു മാത്രമായ കോളനി വ്യവസ്ഥ അവസാനിപ്പിക്കുകയും ഒരു സമ്മിശ്ര താമസ വ്യവസ്ഥ ഏർപ്പെടുത്തുകയും വേണം. ഇത് മറ്റ് മുന്നോക്ക സമുദായത്തിലെ ജനങ്ങളുമായി കൂടുതൽ ഇടപഴകുന്നതിനും സാമൂഹിക സാംസ്ക്കാരിക മേഖലകളിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും സഹായിക്കും. ഇരത്തിലുള്ള ഒരു കോളനി വ്യവസ്ഥ രൂപപ്പെടുത്തുന്നതിൽ ഇക്കൂട്ടർ തന്നെ മുന്നോട്ട് വരേണ്ടിയിരിക്കുന്നു. ഈ വ്യവസ്ഥയോട് പെട്ടെന്ന് യോജിക്കാൻ ഇവർക്ക് കഴിഞ്ഞെന്നു വരില്ല. ഇത് പടിപടിയായുള്ള ബോധവൽക്കരണത്തിലൂടെ സാധിക്കാവുന്നതാണ്.

9 വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങളുടെ തുക വർദ്ധപ്പിക്കണം. വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ സ്പെഷ്യൽ ട്യൂഷൻ ഏർപ്പെടുത്തണം. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മറ്റ് കുട്ടുകളുടേതുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണെന്നു കാണാം. നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളിൽ പട്ടികജാതി വിദ്യാർത്ഥികളുടെ വിജയം വെറും 10% മാത്രമാണ്. ഈ വിദ്യാഭ്യാസ നിലവാരം കുറച്ചുകൂടി മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. അതുപോലെ ടെസ്റ്റുകൾ എഴുതാൻ വേണ്ടി തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികളെ സഹായിക്കാൻ ഒരു പ്രീ-എക്സാമിനേഷൻ സെൻറർ പഞ്ചായത്തു തലത്തിൽ സ്ഥാപിക്കുകയും ഇവിടെ നിന്നും സൗജന്യമായി അറിവ് പകർന്നുകൊടുക്കുകയും വേണം. ഇത് ഉദ്യോഗ മേഖലയിൽ ഇവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ഒരു പരിധിവരെ സഹായിക്കും.

10 തയ്യൽ പരിശീലനം കഴിഞ്ഞുനിൽക്കുന്ന ധാരാളം യുവതികൾ നമ്മുടെ ഗ്രാമത്തിലുണ്ട്. സ്വന്തമായൊരു തയ്യൽമെഷിൻ വാങ്ങാനുള്ള സാമ്പത്തികമായ കഴിവില്ലായ്മ പഠിച്ചതൊഴിൽ തന്നെ ചെയ്യാനുള്ള സാദ്ധ്യതയെ ഇല്ലാതാക്കുന്നു. ഇത് പരിഹരിക്കാൻ തയ്യൽ പരിശീലനം കഴിഞ്ഞുനിൽക്കുന്ന എല്ലാ വനിതകൾക്കും തയ്യൽ മെഷീൻ വാങ്ങിക്കാനാവശ്യമായ തുക സൗജന്യമായി നൽകണം.

11 എല്ലാ പട്ടികജാതി പെൺകുട്ടികൾക്കും ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ ആവശ്യമായ തുക സൗജന്യമായി ലഭ്യമാക്കണം. മെഴുകുതിരി വ്യവസായം, തീപ്പെട്ടി വ്യവസായം, പഴവർഗ്ഗ സംസ്ക്കരണ

യൂണിറ്റ് തുടങ്ങിയവ നമ്മുടെ പെൺകുട്ടികൾക്ക് ചെയ്യുവാൻ കഴിയുന്ന തൊഴിലുകളാണ്. അതുപോലെ ഈറ്റ നെയ്ത്ത്, തയ്യൽ, തിരിനിർമ്മാണം, കരകൗശല വസ്തുനിർമ്മാണം തുടങ്ങിയ ചെറുകിട കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ ജനങ്ങളെ ഇതിധലക്ക് കൊണ്ടുവരുന്നതിനുംവേണ്ടി ഒരു പട്ടികജാതി സഹകരണ സംഘം പഞ്ചായത്തിൽ സ്ഥാപിക്കണം. ഈ സഹകരണ സംഘത്തിലൂടെ ഈ മേഖലയിൽ തൊഴിൽ നേടാൻ താൽപ്പര്യത്തോടെ മുന്നോട്ടുവരുന്ന യുവതീയുവാക്കൾക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് സൗകര്യം ഉണ്ടായിരിക്കും.

12 ഇന്ന് തൊഴിലധിഷ്ടിത വിദ്യാഭ്യാസത്തിന്റെ പ്രസക്തി കൂടി വരികയാണല്ലോ. തൊഴിലില്ലായ്മ ഒരു മഹാമാരിയായി സമൂഹത്തെ കീഴടക്കിയിരിക്കുന്ന ഈ കാലഘട്ടത്തിൽ തൊഴിൽ ഒരു വിദൂര സ്വപ്നമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഇതിന് ഒരു പരിധിവരെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പരിഹാരം കണ്ടെത്തുന്നു. കൂടുതൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ടിത വിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്തണം.

13 എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും പശു, ആട്, കോഴി എന്നിവ സൗജന്യമായി നൽകുക. ഇവ നൽകുന്നതോടൊപ്പം പരിപാലിക്കുന്നതിനാവശ്യമായ സൗകര്യങ്ങളും - അതായത് തൊഴുത്തിൽ, കോഴിക്കൂട് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ തുടങ്ങിയവ.

14 പതിനഞ്ച് വയസ്സിന് താഴെയുള്ള എല്ലാ കുട്ടികൾക്കും നിർബന്ധിത വിദ്യാഭ്യാസം ഉറപ്പാക്കുക. പഞ്ചായത്തിലെ ചില സ്കൂളുകളിൽ കുട്ടികളുടെ കൊഴിഞ്ഞുപോകൽ ധാരാളമായി നടക്കുന്നുണ്ട്. ഈ കൊഴിഞ്ഞുപോകൽ നിർബന്ധിത വിദ്യാഭ്യാസത്തിലൂടെ പരിഹരിക്കാൻ സാധിക്കും. ഈ കൊഴിഞ്ഞു പോകലിന് ഒരു കാരണമായി പറയുന്നത് സാമ്പത്തികഭാരം തന്നെയാണ്. ഇതിനുള്ള പരിഹാരം വിദ്യാർത്ഥികൾക്കാവശ്യമായ പഠനോപകരണങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നപടികൾ കൈക്കൊള്ളുക എന്നതാണ്.

15 സഹകരണ ബാങ്കുകളിൽ നിന്നും ലഭിക്കുന്ന വായ്പകൾക്ക് പലിശയിളവ് അനുവദിക്കുക. അതുപോലെ സ്വയം തൊഴിൽ കണ്ടെത്തുന്നുതിനുവേണ്ടി സർക്കാർ വിവിധ വകുപ്പുകളിലൂടെ നൽകുന്ന വായ്പകൾക്ക് പലിശയിളവ് അനുവദിക്കുക. ഇത് ഈ വിഭാഗത്തെ സ്വയം തൊഴിൽ പദ്ധതികളുമായി മുന്നോട്ടു വരാൻ പ്രേരണ നൽകും.

16 വിധവകൾ കുടുംബം നോക്കുന്ന ധാരാളം വീടുകൾ ഈ പഞ്ചായത്തിലുണ്ട്. ഇവ ഏറെയും കോളനികളിലുമാണ്. ഇത്തരം കുടുംബങ്ങൾക്ക് എല്ലാ മേഖലകളിലും പ്രത്യേകം പരിഗണനയും ധനസഹായവും ലഭ്യമാക്കണം. അതുപോലെ ഇത്തരം കുടുംബങ്ങൾക്ക് കേറിക്കിടക്കാൻ സുരക്ഷിതമായ വീടും വൈദ്യുതി, കുടിവെള്ളം തുടങ്ങിയവയും പ്രത്യേക താൽപ്പര്യത്തോടെ ലഭ്യമാക്കേണ്ടതുമാണ്.

17 സ്ത്രീകളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുപകരം പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും ഒരു പട്ടികജാതി വനിതാ ഫെഡറേഷന് രൂപം നൽകുക. പഞ്ചായത്തു തലത്തിൽ ഇത്തരത്തിൽ ഒരു വനിതാ ഫെഡറേഷനു രൂപം നൽകിയാൽ വനിതാ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതോടൊപ്പം ചെറുകിട കുടിൽ വ്യവസായങ്ങൾക്ക് പരിശീലനം നൽകുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ സാധിക്കും.

18 ഇന്ന് എല്ലാ കലാകായിക വിനോദങ്ങളും മത്സരങ്ങളായി മാറിയിരിക്കുകയാണല്ലോ. പണ്ട് വിനോദത്തിനുവേണ്ടി മാത്രം അവതരിപ്പിച്ചിരുന്ന കലകൾ ഇന്ന് മത്സരവേദികളിൽ മാത്രം കാണാൻ കഴിയുന്ന കലയായി മാറിയിരിക്കുന്നു. കലാകായിക രംഗങ്ങളിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി വേണ്ടുന്ന പ്രോത്സാഹനം പഞ്ചായത്തു തലത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക. ഇത്തരം കുട്ടികളെ കണ്ടെത്താൻ വേണ്ടി വാർഡ് തലത്തിൽ ഫെസ്റ്റിവൽ സംഘടിപ്പിക്കുക. ഇതിലൂടെ പാരമ്പര്യ - അനുഷ്ഠാന കലകൾക്ക് കൂടുതൽ പ്രാമുഖ്യം നൽകുവാൻ സാധിക്കും. പണ്ട് പട്ടികജാതിക്കാർമാത്രം അനഷ്ഠിച്ചിരുന്ന ചില പാരമ്പര്യകലകൾ തന്നെയുണ്ട്. അതിൽ ചിലതൊക്കെ ഇന്ന് കാലഹരണപ്പെട്ടിരിക്കുന്നു. മറ്റ് ചിലവ മറ്റുള്ളവർ കൈയ്യടക്കിയിരിക്കുന്നു.

19 സ്കീമുകളനുസരിച്ച് വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുകയും അംഗീകരിക്കാത്ത കോളനികളെ അംഗീകരിക്കുകയും കോളനികൾക്ക് ലഭ്യ

മാക്കാവുന്ന സഹായങ്ങൾ ലഭ്യമാക്കുകയും വേണം. ഇവർ തിങ്ങിപ്പാർക്കുന്ന കോളനി പ്രദേശങ്ങളിൽകൈത്തറിനെയ്ത്ത് സഹകരണ സംഘങ്ങൾ സ്ഥാപിച്ച് ആവശ്യമായ പരിശീലനം ലഭ്യമാക്കിയാൽ ഒരു വിഭാഗം പെൺകുട്ടികൾക്ക് തൊഴിൽ കണ്ടെത്താൻ കഴിയും.

ഐ. എച്ച്. ഡി. പി. കോളനികൾക്ക് ധാരാളം ആനുകൂല്യങ്ങൾ ഇന്ന് സർക്കാർ നൽകുന്നുണ്ട്. ഐ. എച്ച്. ഡി. പി. കോളനികളാകാൻ യോഗ്യതയുള്ള പ്രദേശങ്ങളെ ഐ. എച്ച്. ഡി. പി. കോളനികളായി അംഗീകരിച്ച് ഈ ആനുകൂല്യങ്ങൾ ലഭ്യമാക്കണം. തെങ്ങുംകോട് വാർഡിലെ പുളിമാത്ത് കുന്ന് കോളനി, നാലുസെൻറ് കോളനി, മഹാത്മാഗാന്ധി കോളനി എന്നിവ ഐ. എച്ച്. ഡി. പി. കോളനികളാകാൻ യോഗ്യതയുള്ളവയാണ്. കോളനി പ്രദേശങ്ങളിൽ ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുക. അതുപോലെ പഞ്ചായത്തിലെ കോളനികളിൽക്കൂടി കടന്നു പോകുന്ന റോഡുകൾ സഞ്ചാരയോഗ്യമാക്കി തീർക്കുക. കോളനികളിലെ വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തി താമസയോഗ്യമാക്കി തീർക്കുക. മുതുവിള കേന്ദ്രീകരിച്ച് പ്രവർത്തിച്ചുകൊണ്ടിരുന്ന സഹകരണസംഘം ഇന്ന് പ്രവർത്തനക്ഷമമല്ല. ഈ സഹകരണ സംഘത്തെ പ്രവർത്തനക്ഷമമാക്കുക.

ഈ മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് D.W.C.R.A. സ്കീമിൽ ഉൾപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുക.

ഗ്രാമപ്രദേശങ്ങളിലെ സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന ഈ സ്കീം വഴി ധാരാളം സ്ത്രീകൾക്ക് തൊഴിൽ കൊടുക്കാൻ സാധിക്കും. വിവിധ മേഖലകളുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളെ കണ്ടെത്തുമ്പോൾ വിധവകൾ, വികലാംഗർ തുടങ്ങിയവർക്ക് മുൻഗണന നൽകുക.

കൃഷി

കല്ലറ തികച്ചും ഒരു മലയോര ഗ്രാമമാണ്. കാർഷിക പ്രധാനമായ ഈ ഗ്രാമത്തിലെ ജനവാസത്തിന് 200 വർഷത്തിലേറെ പഴക്കമുണ്ടാവില്ല. ഈ പ്രദേശത്തുവന്ന ആദി പിതാമഹൻമാർ കാടു വെട്ടിത്തെളിച്ചും കാട്ടുമൃഗങ്ങളോട് മല്ലടിച്ചും കൃഷി മുഖ്യ ജീവിതോപാധിയായി സ്വീകരിച്ചവരാണ്. ഈ പ്രദേശത്തിന്റെ സമീപസ്ഥലങ്ങളിൽ ഏകദേശം 30 വർഷം മുമ്പുവരെയും ഇടവനങ്ങൾ നിലനിന്നിരുന്നു. കുന്നുകളും താഴ്വാരങ്ങളും നിറഞ്ഞ ഈ പ്രദേശം കാർഷികയോഗ്യമാകുന്നതിന് അനുഭവിക്കേണ്ടിവന്ന യാതനകളെക്കുറിച്ചുള്ള നിരവധി കഥകൾ പ്രായമേറിയ അനുഭവ സമ്പന്നരായ കൃഷിക്കാർക്ക് ഇന്നും പറയാനുണ്ട്.

കല്ലറ ഗ്രാമപഞ്ചായത്ത് പൊതുവെ കിഴക്കുനിന്ന് പടിഞ്ഞാറേക്ക് ചരിഞ്ഞു കിടക്കുന്ന ഭൂമിയാണ്. വലിയ കുന്നുകളും, ചെങ്കുത്തായ ചരിവുകളും നിറഞ്ഞതാണ് ഈ പ്രദേശം. ഈ പ്രദേശത്തിന്റെ പ്രത്യേകതകൾ കണക്കിലെടുക്കുമ്പോൾ മണ്ണുസംരക്ഷണ നടപടികൾ പരിമിതമായി മാത്രമേ നടത്തിയിട്ടുള്ളൂ. പട്ടിക കാണുക.

വരെ ഉയരത്തിലാണ് ഈ പ്രദേശം. പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ കുന്ന് ``കൊടുതൂക്കിയകുന്ന്'' ആണ്. മലകളുടെ ഇടയ്ക്കുള്ള ജലലഭ്യതയുള്ള പ്രദേശങ്ങൾ, വയലേലകളാക്കി നെൽകൃഷി യോഗ്യമാക്കിയിരിക്കുന്നു. വയലേലകളുടെ പാർശ്വങ്ങളിലുള്ള തോടുകൾ മലയിടുക്കുകളുടെ തുടർച്ചയായ കിടപ്പനുസരിച്ച് വടക്കുനിന്നും തെക്കോട്ട് ഒഴുകി വാമനപുരം ആറ്റിലും പോഷകനദികളിലും ചേരുന്നു. ഈ ഗ്രാമപഞ്ചായത്തിന്റെ മൊത്ത വിസ്തീർണം 26.77 ചതുരശ്ര കിലോമീറ്ററാണ്. ജൂലൈ മുതൽ ആഗസ്റ്റ് വരെയുള്ള ഇടവപ്പാതിയിൽ 944 മീറ്റർ മഴയും സെപ്റ്റംബർ മുതൽ നവംബർ വരെയുള്ള തുലാവർഷത്തിൽ 717 മീറ്റർ മഴയും ശരാശരി ലഭിക്കാറുണ്ട്. തിരുവനന്തപുരം ജില്ലയിൽ കുറഞ്ഞതും കൂടിയതുമായ താപനില, 32.8 C, 22.4 C ഈ പ്രദേശത്തും അനുഭവപ്പെടുന്നു.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നത് നെൽകൃഷിക്കായിരുന്നു. സ്ഥലത്തിന്റെ ആകെ വിസ്തീർണത്തിൽ പത്തു ശതമാനത്തോളം മാത്രമാണ് വയലുകൾ ഉണ്ടായിരുന്നതെങ്കിലും പുരയിടങ്ങളിൽപ്പോലും ഇടവിളയായി `മലവെള്ള' തുടങ്ങിയ നെൽവിത്ത് കൃഷി ചെയ്തിരുന്നു. പുരയിടങ്ങൾ ആകെതന്നെ മരച്ചീനി കൃഷിക്ക് ഉപയോഗിച്ചിരുന്നു. കിഴങ്ങുവർഗങ്ങളായ ചെറുകിഴങ്ങ്, നനകിഴങ്ങ്, മുക്കെഴങ്ങ്, കാച്ചിൽ, ചേന, മധുരക്കിഴങ്ങ്, കൂവ, പാണ്ടിക്കൂവ എന്നിവയും ധാരാളമായി കൃഷി ചെയ്തിരുന്നത് കൂടാതെ ഇടവിളയായി പയർവർഗങ്ങളും എള്ളും കൃഷി ചെയ്തിരുന്നു. പ്രധാന നാണ്യവിളകൾ തെങ്ങ്,

മണ്ണുസംരക്ഷണം

പദ്ധതിയുടെ പേര്	പദ്ധതി പ്രദേശത്തെ നീർപ്പരപ്പുകളുടെ നിള	പദ്ധതി പ്രദേശത്തെ നീർപ്പരപ്പുകളുടെ നിള	അടങ്കൽ തുക	മൊത്തം ഗുണഭോക്താക്കൾ	പദ്ധതി ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണം	പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം	ചെലവായ തുക
കുട്ടയിൽകടവ് ഹരിജൻ കോളനി	3.6195 H	-	59387	54 NO	1991	27-3-1991	2.50 H	-	26239
നാണൻകോട് ഹരിജൻകോളനി	4.7080 H	-	75987	47	1991	27-3-1991	3.50 H	-	42777
പുതക്കുഴി മൈക്രോ വാട്ടർ ഷെഡ്	106.243 H	-	94400	557	1991	9-10-1991	0.50 H	-	5479

സമതലം എന്നുപറയാവുന്ന പ്രദേശം ഇവിടെ ഇല്ലെന്നു തന്നെ പറയാം. ഭൂമിശാസ്ത്രപരമായി `ഇടനാട്' മേഖലയിൽ പെട്ടതാണ് ഈ ഗ്രാമം. സമുദ്രനിരപ്പിൽ നിന്ന് 900 മീറ്റർ മുതൽ 1000 മീറ്റർ

കുരുമുളക്, കശുമാവ്, കമുക് എന്നിവയായിരുന്നു. ഇഞ്ചി, മഞ്ഞൾ എന്നിവയും കൃഷി ചെയ്തിരുന്നു. എല്ലാ വീട്ടുപരിസരങ്ങളിലും ആവശ്യത്തിനുവേണ്ട വാഴ, പച്ചക്കറികൾ, (കൂമ്പൻ, മത്തൻ, വെള്ളരി, കുമ്പളം, പടവലം, പാവൽ, വാളരി,

വെണ്ട, പച്ചമുളക്, ചതുരപ്പയർ, മുരിങ്ങ) തുടങ്ങിയവ നട്ടുവളർത്തിയിരുന്നു. മിക്കു വീട്ടുവളപ്പിലും ആളലോടകം, നെച്ചി, മുരത്ത, കൊടുവേലി, ചിറ്റമൃത് തുടങ്ങിയ ഔഷധസസ്യങ്ങളും വളർത്തിയിരുന്നു. വെറ്റില കൃഷിയും അന്ന് സാർവത്രികമായിരുന്നു. വയലുകളിലും പൂരയിടങ്ങളിലും ഉൽപാദിപ്പിച്ചിരുന്ന നെല്ലും, കിഴങ്ങുവർഗങ്ങളും ആഹാരകാര്യത്തിൽ നമ്മുടെ ഗ്രാമത്തെ സ്വയം പര്യാപ്തമാക്കിയിരുന്നു. അന്നത്തെ കൃഷിരീതികളെക്കുറിച്ചും വിത്തിനങ്ങളെക്കുറിച്ചും പരിഗണിക്കേണ്ടതുണ്ട്. കൃഷി മുഖ്യതൊഴിലായി സ്വീകരിച്ചിരുന്ന കുടുംബാംഗങ്ങളായിരുന്നു ഏറിയ പങ്കും. കുടുംബത്തിന്റെ വലിപ്പച്ചെറുപ്പം പരിഗണിക്കാതെ തന്നെ എല്ലാ കുടുംബാംഗങ്ങളുടെയും കൂട്ടായ്മ കൃഷിപ്പണിയിലുണ്ടായിരുന്നു എന്നത് ശ്രദ്ധിക്കപ്പെടേണ്ട പ്രസ്തുതയാണ്. എല്ലാ കുടുംബങ്ങളിലും കാലിസമ്പത്ത് ഒരു അനുപേക്ഷണീയമായ ഘടകമായിരുന്നു. കൃഷികൾക്ക് വളമായി ചാണകം, ചാരം സമൃദ്ധമായുണ്ടായിരുന്ന പച്ചില എന്നിവ മാത്രമാണ് ഉപയോഗിച്ചിരുന്നത്.

നെൽകൃഷിക്ക് അറാം വെള്ള, പാലിക്കറുപ്പൻ, ഓവുമുണ്ടകൻ, ഒരുവെള്ളം, കുറ്റിച്ചോറാടി തുടങ്ങിയ നാടൻ വിത്തിനങ്ങൾ ഉപയോഗിച്ചിരുന്നു. 15-20 മേനിവിളവ് ലഭിച്ചിരുന്നു. നെല്ലിന് ഓലചുരുട്ടിപ്പുഴു, ചാഴി എന്നീ കീടബാധയല്ലാതെ മറ്റു രോഗബാധയുണ്ടായതായി കേട്ടറിവില്ല. കീടങ്ങൾക്ക് പ്രതിവിധിയായി അഴുകിയ മത്സ്യത്തിന്റെ വെള്ളം തളിക്കുക. രാവിലെ മഞ്ഞിന്റെ ഈർപ്പം മാറുന്നതിനുമുമ്പ് ചാരം വിതറുക, പുഴു തട്ടിക്കളയുക എന്നിങ്ങനെയുള്ള നാടൻ സമ്പ്രദായങ്ങൾ സ്വീകരിച്ചിരുന്നു. നെൽകൃഷിയിൽ ഒരുതവണത്തെ കൃഷിച്ചെലവ് ഒഴിവാക്കി കൃഷി ലാഭകരമാക്കുന്നതിനു വേണ്ടി 'പഴമുട്' ഇടുക എന്നൊരു സമ്പ്രദായം അടുത്ത കാലം വരെയും നിലവിലുണ്ടായിരുന്നു. മേടകൃഷിക്ക് മൂപ്പുകുറഞ്ഞ (90-120 ദിവസം) വിത്തുകൾക്കൊപ്പം മൂന്നിലൊന്ന് എന്ന തോതിൽ 160 മുതൽ 180 ദിവസം വരെ മൂപ്പുള്ള വിത്തുകൾ കൂട്ടിക്കലർത്തി കൃഷി ഇറക്കും. മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ചിങ്ങമാസത്തോടെ കൊയ്യാറാകുകയും മൂപ്പുകൂടിയ കതിരുവരാതെ നിൽക്കുകയും ചെയ്യും. ഇത് മൊത്തമായി കൊയ്തെടുത്താൽ മൂപ്പു കൂടിയ നെല്ലിന്റെ കുറ്റികൾ വീണ്ടും തളിരിട്ട് തഴച്ചു വളരുകയും മകരമാസത്തോടെ കൊയ്യാൻ പാകമാകുകയും ചെയ്യുന്നു. ഇതുകൊണ്ട് കന്നിമാസത്തിലെ കൃഷിപ്പണി മൊത്തമായിത്തന്നെ ഒഴിവാക്കിയിരുന്നു.

കരയിൽ പ്രധാനമായും മരച്ചീനിയാണ് കൃഷി ചെയ്തിരുന്നത്. 'ഇടവിളയായി കരകൃഷിക്ക് യോജിച്ച മലവെള്ള തുടങ്ങിയ നെല്ലുവിത്തുകളും ഉപയോഗിച്ചിരുന്നു'. മഴയെമാത്രം ആശ്രയിച്ചിരുന്നതു കൊണ്ട് മഴക്കാലവുമായി ബന്ധപ്പെട്ടാണ് മരച്ചീനികൃഷി ചെയ്തിരുന്നത്. കർക്കിടക മാസത്തിലും തുലാമാസത്തിലും കാലവർഷാരംഭത്തിനു തൊട്ടുമുമ്പ് മീനം, മേട മാസങ്ങളിലുമാണ് മരച്ചീനി കൃഷി ചെയ്തിരുന്നത്. ഏകദേശം ഒരു വർഷത്തോളം മൂപ്പുള്ള കരിന്തണ്ടൻ, തണ്ടുചുമപ്പൻ, ആനക്കൊമ്പൻ, തലവെള്ള തുടങ്ങിയ ഇനങ്ങളാണ് പ്രധാനമായും പ്രചാരത്തിലുണ്ടായിരുന്നത്.

കരിന്തണ്ടൻ, തണ്ടുചുവപ്പൻ എന്നീ ഇനങ്ങൾ കല്ലുള്ളവയായിരുന്നു. അതിനാൽ എളിശല്യം തീരെ ഉണ്ടായിരുന്നില്ല. പച്ചിലവളവും ചാരവും മറ്റുമാണ് വളമായി ഉപയോഗിച്ചിരുന്നത്.

നെല്ലരിയേളം തന്നെ മരച്ചീനിയും ആഹാരത്തിന്റെ ഒരു ഘടകമായിരുന്നുവെന്നത് മരച്ചീനികൃഷിയുടെപ്രാധാന്യം വർധിപ്പിക്കുന്നു. ആവശ്യം കഴിഞ്ഞുള്ള മരച്ചീനി കാളവണ്ടിയിൽ കയറ്റി തീരപ്രദേശങ്ങളായ ചിറയിൻകീഴ്, വക്കം, കടയ്ക്കാവൂർ എന്നീ പ്രദേശങ്ങളിൽ വിറ്റഴിച്ചിരുന്നു. ഇടവിളയായി മേൽസൂചിപ്പിച്ച വിവിധയിനം കിഴങ്ങുവർഗങ്ങളും നമ്മുടെ കാർഷികമേഖലയിൽ ഗണ്യമായ സ്ഥാനം പിടിച്ചിരുന്നു. ഇന്നും വിവിധയിനം കിഴങ്ങുവർഗങ്ങൾ പുഴുങ്ങി വൃശ്ചികമാസത്തിലെ തൃക്കാർത്തിക ദിവസം സന്ധ്യക്ക് നിവേദിക്കുന്ന അനുഷ്ഠാനം ഇവിടെയുണ്ട്.

ആദ്യകാല നാണ്യവിളകളെക്കുറിച്ച് ചിന്തിക്കുമ്പോൾ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകിയിരുന്നത് കുരുമുളകിനായിരുന്നു. എല്ലാ പറമ്പുകളിലും പേഴ്, മരുത്, തേമ്പാവ്, തെങ്ങ തുടങ്ങിയ വൃക്ഷങ്ങളും ധാരാളമുണ്ടായിരുന്നു. അതുകൊണ്ട് കുരുമുളക് പെടികൾക്ക് പ്രത്യേകം താങ്ങുവൃക്ഷങ്ങൾ വേണ്ടിവന്നിരുന്നില്ല. എല്ലാ വൃക്ഷച്ചുവടുകളിലും കുരുമുളക് നട്ടുപിടിപ്പിച്ചിരുന്നു. പച്ചിലവളമാണ് പ്രധാനമായും ഉപയോഗിച്ചിരുന്നത്. മുഖ്യയിനം 'കൊറ്റിനാടൻ' എന്ന ജാതി കുരുമുളകായിരുന്നു. പിൽക്കാലത്ത് കരിമുണ്ട, പന്നിയൂർ ഒന്ന് എന്നീ ഇനങ്ങൾ പരീക്ഷിച്ചെങ്കിലും ഇന്നും ഈ പ്രദേശത്തിന് യോജിച്ച ഇനം കൊറ്റിനാടൻ തന്നെയാണ്. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം കുരുമുളകിനുണ്ടായ അപ്രതീക്ഷിതമായ വിലവർധനവ് ഈ ഗ്രാമത്തിന്റെ സമ്പദ്‌വ്യവസ്ഥയെ വളരെയേറെ ഉയർത്തിയെന്നത്

പ്രസ്താവയോഗ്യമാണ്. നെടുമങ്ങാട് താലൂക്കിൽ ഏറ്റവും കൂടുതൽ കുരുമുളക് ഉൽപാദിപ്പിക്കുന്ന പ്രദേശങ്ങളിൽ ഒന്നായിരുന്നു ഈ ഗ്രാമം. കുരുമുളക് കർഷകരുടെ പ്രധാന വിപണനകേന്ദ്രം കല്ലറച്ചന്ത തന്നെയായിരുന്നു. ഇവിടെ സംഭരിച്ചിരുന്ന കുരുമുളകിന്റെ പ്രധാന വിപണി ആലപ്പുഴയായിരുന്നു.

കുരുമുളക് കഴിഞ്ഞാൽ നാണ്യവിളകളിൽ ഏറെ പ്രാധാന്യം തെങ്ങിനായിരുന്നു. തോട്ടമടിസ്ഥാനത്തിൽ തെങ്ങുകൃഷി ചെയ്തിരുന്നില്ലെന്നു തന്നെ പറയാം. കരഭൂമിയിൽ മറ്റു കൃഷികൾക്ക് ഉപയോഗിച്ചിരുന്ന സ്ഥലത്തുതന്നെ അങ്ങിങ്ങു തെങ്ങുകൃഷി ചെയ്തിരുന്നു. നെൽപ്പാടങ്ങളുടെ കരയ്ക്കുള്ള വരമ്പുകളും തെങ്ങുനടാൻ ഉപയോഗിക്കുന്നു. ആദ്യകാലങ്ങളിൽ ക്ഷേണാവശ്യം പരിഗണിച്ചാണ് ഈ കൃഷി നടത്തിയിരുന്നതെങ്കിലും വ്യാപകമായതോടെ ഗ്രാമത്തിന്റെ സമ്പദ് ഘടനയിലും തെങ്ങുകൃഷി സ്വാധീനം ചെലുത്തി. പ്രത്യേകയിനങ്ങളൊന്നും വേർതിരിച്ച് കൃഷിക്ക് ഉപയോഗിച്ചിരുന്നില്ല. പ്രദേശത്തിന് യോജിച്ച നാടൻ ഇനങ്ങളാണ് ഉണ്ടായിരുന്നത്. തെങ്ങിന് ചാണകം, പച്ചില, ചാരം എന്നിവയാണ് വളമായി ഉപയോഗിച്ചിരുന്നത്. ഉദ്ദേശം 1960 വരെ തെങ്ങിന് കാറ്റുവീഴ്ചയോ മറ്റു രോഗങ്ങളോ ഉണ്ടായിരുന്നില്ല. സാമാന്യം മെച്ചപ്പെട്ട വിളവ് നൽകിയിരുന്നു. ഈ പ്രദേശത്തെ വീടുകളെല്ലാം തന്നെ പുല്ലുമേഞ്ഞതും ഓല മേഞ്ഞതുമായിരുന്നു. അതുകൊണ്ട് തെങ്ങുകൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകിയിരുന്നു. തേങ്ങ, തൊണ്ട് എന്നിവയുടെ പ്രധാന വിപണി ചിറയിൻകീഴ്, വക്കം, കടയ്ക്കാവൂർ എന്നീ തീരദേശങ്ങളായിരുന്നു.

മറ്റൊരു പ്രധാന നാണ്യവിളയായിരുന്നു അടയ്ക്ക. ഗ്രാമത്തിലെ താഴ്വരകളിൽ കമുക് വ്യാപകമായി നട്ടുപിടിപ്പിച്ചിരുന്നു. കാര്യമായ പരിചരണമോ വളംചേർക്കലോ കൂടാതെതന്നെ സമൃദ്ധമായി വിള നൽകിയിരുന്ന ഒരു കൃഷിയായിരുന്നു ഇത്. വ്യാപകമായി കൃഷി ചെയ്തിരുന്ന കമുകിൽ നിന്ന് ജൂലൈ മുതൽ നവംബർ വരെയുള്ള മറ്റു നാണ്യവിളകളൊന്നും ലഭിക്കാതിരുന്ന ഈ ഇടവേളയിൽ വേണ്ടത്ര ആദായം ലഭിച്ചിരുന്നു എന്നതാണ് ഈ കൃഷിയുടെ പ്രധാന പ്രത്യേകത. കല്ലറച്ചന്ത തന്നെയാണ് പ്രധാന വിപണനകേന്ദ്രം.

കമുകിനെപ്പോലെ തന്നെ പ്രത്യേക പരിചരണമോ വളംനൽകലോ കൂടാതെ ആദായം നൽകിയിരുന്ന ഒരു വിളയാണ് കശുമാവ്. എല്ലാ പറമ്പുകളിലും വ്യാപകമായി കൃഷി ചെയ്തിരുന്നു. മറ്റു വിളകൾക്ക് അനുയോജ്യമല്ലാതിരുന്ന പാഴ്ഭൂമികളിൽ പോലും കശുമാവ് സമൃദ്ധമായി വളർത്തിയിരുന്നു. മാർച്ചുമാസം മുതൽ ജൂൺ വരെയുള്ള വിളവെടുപ്പു കാലങ്ങളിൽ ഓരോ കുടുംബത്തിനും ഗണ്യമായ ആദായം നൽകിയിരുന്നു. കല്ലറച്ചന്ത തന്നെയായിരുന്നു കശുവണ്ടിയുടെ പ്രധാന വിപണന കേന്ദ്രം. ഈ പ്രദേശത്തെ ഭൂപ്രകൃതിക്കും കാലാവസ്ഥക്കും ഇണങ്ങിയ നാടൻ ഇനങ്ങളാണ് കൃഷി ചെയ്തിരുന്നത്.

ജലലഭ്യത അനുസരിച്ച് വ്യാപകമായി കൃഷി ചെയ്തിരുന്ന വിളകളാണ് വെറ്റിലക്കൊടിയും വാഴയും. വളരെയേറെ ഗ്രാമീണ കുടുംബങ്ങൾക്ക് സ്ഥിരമായ വരുമാനമാർഗം ആയിരുന്നു ഇത്. ഏറെ ശ്രദ്ധയും പരിചരണവും ആവശ്യമായിരുന്നു വെറ്റിലക്കൊടി കൃഷി. മുഖ്യതൊഴിലും വരുമാനമാർഗവുമായി സ്വീകരിച്ചിരുന്ന നിരവധി കുടുംബങ്ങളുണ്ടായിരുന്നു. വാഴ ഒരു പ്രധാന കൃഷിയായി ആദ്യകാലങ്ങളിൽ കണക്കാക്കിയിരുന്നില്ല. ഇവയുടെയും മുഖ്യ വിപണനകേന്ദ്രം കല്ലറച്ചന്ത തന്നെയായിരുന്നു.

ഇന്ന് കാർഷിക മേഖല ആകെത്തന്നെ മാറിപ്പോയിരിക്കുന്നു. കൃഷിരീതികളിൽ, കൃഷിയോടുള്ള സമീപനത്തിൽ, ഭക്ഷ്യസാധനങ്ങളുടെ ഉപഭോഗത്തിലൊക്കെ ഈ മാറ്റം ദൃശ്യമാണ്. ഇതു ഗുണകരമായ മാറ്റമാണെന്ന് പറയാനാവില്ല. ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനത്തിൽ നാം വളരെ പുറകോട്ടു പോയിരിക്കുന്നു. പ്രധാന നാണ്യവിളയായിരുന്ന കുരുമുളക്, കശുവണ്ടി എന്നിവ അവഗണിക്കപ്പെട്ടിരിക്കുന്നു. തെങ്ങിന് വ്യാപകമായുണ്ടായ കാറ്റുവീഴ്ച പോലുള്ള രോഗങ്ങൾ കേരകർഷകരെ ആ മേഖലയിൽ നിന്നും പിന്തിരിപ്പിക്കുന്നു. കമുക് മഹാളി രോഗം കൊണ്ട് നാശോൻമുഖമായിരിക്കുന്നു. കുറുനാമ്പു പോലുള്ള രോഗങ്ങൾ വാഴക്കും ഭീഷണിയായിരിക്കുന്നു. 1970-നുശേഷം റബറിന്റെ ആധിപത്യം പറമ്പുകളിലെ മരച്ചീനിഉൾപ്പെടെയുള്ള കിഴങ്ങുവർഗങ്ങൾ, കുരുമുളക്, കശുമാവ് എന്നീ വിളകളെ പുറന്തള്ളിയിരിക്കുന്നു. നെൽപ്പാടങ്ങൾ പോലും നികത്തി റബർ കൃഷിചെയ്യുന്ന പ്രവണത കണ്ടുതുടങ്ങിയിരിക്കുന്നു. ഭൂപരിഷ്കരണ നിയമത്തിന് ഈ ഗ്രാമത്തെ സംബന്ധിച്ചിടത്തോളം ഭൂവുടമാ ബന്ധങ്ങളിൽ കാര്യമായ മാറ്റം വരുത്താൻ കഴിഞ്ഞിട്ടില്ല. കുറേയെറെ പേർക്ക് കുടികിടപ്പവകാശം ലഭിക്കുകയും മൂന്നോ നാലോ ഭൂവുടമകളിൽ നിന്നും മിച്ചഭൂമിയെടുത്ത് വിതരണം ചെയ്യുകയും ചെയ്തു എന്നുമാത്രം. 1970-നു മുമ്പുതന്നെ അധികഭൂമി

ഉണ്ടായിരുന്നവർ റബർ കൃഷി നടത്തിക്കഴിഞ്ഞിരുന്നതു കൊണ്ട് ഭൂപരിധി നിയമത്തിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു. ജനസംഖ്യയിൽ വന്ന വർധനവിനനുസരണമായി കൃഷിഭൂമി ചെറിയ തുണ്ടുകളാവുകയും ഓരോ തുണ്ടു ഭൂമിയിലും പാർപ്പിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുകയും ചെയ്തതുകൊണ്ടും കാർഷികാവശ്യത്തിനുള്ള ഭൂമിയുടെ വിസ്തൃതിയിൽ ഗണ്യമായ കുറവുണ്ടായി. ഇത് കാർഷികമേഖലയുടെ അപചയത്തിന് കാരണമായി.

നെൽകൃഷി

റവന്യു രേഖകൾ പ്രകാരം കല്ലറ പഞ്ചായത്തിൽ 516.28 ഏക്കർ നിലമാണുള്ളത്. പട്ടിക കാണുക.

ഭൂമി സംബന്ധിച്ച വിവരങ്ങൾ (അടിസ്ഥാന വിവരരജിസ്റ്റർ - വില്ലേജ് ഓഫീസ്)	
ഇനം	വിസ്തീർണം
നിലം	516-27-750
പുരയിടം	5835-24-034
പുറമ്പോക്ക്	210-23-012
കൃഷിയോഗ്യ തരിശ്	50-92-204
കൃഷിയോഗ്യം അല്ലാത്തത്	-
ആകെ	6612-67-000

ഇത് മൊത്തം വിസ്തീർണ്ണത്തിന്റെ 18.9 ശതമാനമാണ്. പാടങ്ങൾ സ്ഥിരമായി നികത്തിയത് പാടങ്ങളുടെ വിസ്തൃതിയുടെ 5 ശതമാനത്തോളം വരും. ആവർത്തനകൃഷിയെന്ന നിലയ്ക്ക് മരച്ചീനി, വാഴ, പച്ചക്കറി എന്നിവ കൃഷി ചെയ്യാൻ ഉപയോഗിക്കുന്ന നിലങ്ങളും ഏകദേശം 5 ശതമാനത്തോളം വരും. കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്ന ഭൂമിയുടെ അളവും കൂടിയായാൽ നെൽകൃഷിക്കല്ലാതെ മറ്റു കൃഷികൾക്ക് ഉപയോഗിക്കുന്ന ഭൂമിയുടെ അളവും മൊത്തം നിലങ്ങളുടെ 15 ശതമാനമെങ്കിലും വരും. നെൽകൃഷിയിൽ നിന്നും കൃഷിക്കാരെ പിന്തിരിപ്പിക്കുന്ന ഘടകങ്ങൾ താഴെപ്പറയും പ്രകാരം സമാഹരിക്കാം.

ഉത്പാദനക്ഷമത

മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഈ ഗ്രാമത്തിലെ നിലങ്ങൾ ഉത്പാദനക്ഷമത കുറഞ്ഞവയാണ്. ജൈവവളങ്ങളുടെ കുറവും അമിതവും അശാസ്ത്രിയവുമായ രാസവളപ്രയോഗവും കൊണ്ട് മണ്ണിന്റെ സ്ഥായിയായ ഗുണത്തിന് ലോപം സംഭവിച്ചിരിക്കുന്നു. ജൈവവളം മാത്രം ഉപയോഗിച്ച് കൃഷി നടത്തിയിരുന്നപ്പോൾ 15 മുതൽ 20 വരെ മേനി വിളവ് ലഭിച്ചിരുന്നുവെങ്കിൽ ഇന്ന് അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളും രാസവളവും ഉപയോഗിക്കുമ്പോഴും ഉത്പാദനക്ഷമതയിൽ വളരെ വ്യത്യാസമില്ലാതെ തുടരുന്നു. ഇത് സംസ്ഥാന ശരാശരിയേക്കാൾ കുറവല്ലെങ്കിലും നെൽകൃഷിക്കാരെ ഈ മേഖലയിൽ ഉറപ്പിച്ചു നിർത്തുന്നതിന് ഈ വിളവ് പര്യാപ്തമല്ല.

ജലസേചന സൗകര്യങ്ങൾ

മഴയെ മാത്രം ആശ്രയിച്ചാണ് ഇവിടെ നെൽകൃഷി നടത്തുന്നത്. നെൽപ്പാടങ്ങളിൽ ജലസേചന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് അനുയോജ്യമായ ഘടകങ്ങളൊന്നും തന്നെ ഈ പഞ്ചായത്തിലില്ല. നെൽപ്പാടങ്ങളിലെ പാർശ്വങ്ങളിലുള്ള തോടുകൾ, ജലനിർഗമനത്തിനു മാത്രമാണ് പ്രയോജനപ്പെടുത്തുന്നത്. പഞ്ചായത്തിൽ സംരക്ഷിത തോടുകൾ ഉണ്ടെങ്കിലും അവയൊന്നും തന്നെ ജലസേചനത്തിന് അനുഗുണമല്ല. ഈ തോടുകളൊന്നും ഏതെങ്കിലും ജലാശയവുമായി ബന്ധപ്പെട്ടവയല്ല. ജലസേചനം ഉദ്ദേശിച്ച് പഞ്ചായത്തിൽ നിർമ്മിച്ച ഏക ജലാശയം തുമ്പോട് ചിറയാണ്. ഇതുതന്നെ വർഷകാലത്തു മാത്രമേ കവിഞ്ഞൊഴുകാറുള്ളൂ. വേനൽക്കാലത്ത് നിശേഷം വറ്റിപ്പോകുന്നു.

കാർഷികബന്ധങ്ങൾ

പഞ്ചായത്തിൽ നാമമാത്ര കർഷകരാണ് നെൽകൃഷിയുടെ കാര്യത്തിലും കൂടുതലുള്ളത്. പട്ടിക കാണുക.

വർഷങ്ങൾ കഴിയുന്തോറും നെൽപ്പാടങ്ങളും ചെറിയ ചെറിയ തുണ്ടുകളായി കൊണ്ടിരിക്കുന്നു. കുടുംബാംഗങ്ങളുടെ പങ്കാളിത്തം നാമമാത്രമാണ്. നെൽപ്പാടങ്ങളുടെ ഉടമകളിൽ 5 ശതമാനത്തോളം മാത്രമാണ് കൃഷിപ്പണികളുമായി നേരിട്ടു ബന്ധപ്പെടുന്നത്. മൊത്തം ജനസംഖ്യയിൽ 12.6 ശതമാനം കർഷകത്തൊഴിലാളികളാണ്. നെൽകൃഷിക്ക് ഉഴവ്, വരമ്പുവെട്ട്, കിളയ്ക്കൽ, ഞാറുനടീൽ, കളപറിക്കൽ, കൊയ്ത്ത്, മെതി, മരുന്നുതളിക്കൽ തുടങ്ങിയ ജോലികൾക്ക് വേണ്ടത്ര തൊഴിലാളികളെ കിട്ടാനില്ല.

വാർഡ് നമ്പർ	നാമമാത്ര കൃഷി ക്കാർ 1 ഹെക്ടറിനു താഴെ	ചെറുകിടകർഷകർ (1 മുതൽ 2 ഹെക്ടർ)	വൻകിട കൃഷിക്കാർ 2 ഹെ.നു മുകളിൽ
1	817	463	28
2	732	318	39
3	921	407	47
4	790	503	53
5	898	563	46
6	788	459	58
7	690	536	48
8	867	586	57
9	878	519	58
10	839	717	43
11	759	618	39
ആകെ	9029	5798	526

സമയബന്ധിതമായി ചെയ്തുതീർക്കേണ്ട ജോലികൾ പലപ്പോഴും സമയത്ത് തീർക്കാൻ കഴിയാറില്ല.

കർഷകത്തൊഴിലാളികളുടെ വർധിച്ചുകൊണ്ടിരിക്കുന്ന കൂലിയും നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഒരു വസ്തുതയാണ്. മനുഷ്യപ്രയത്നം ഏറ്റവും കൂടുതൽ ആവശ്യമായ മേഖലയാണിത്. കൃഷിച്ചിലവുകളിൽ ഏറ്റവും ഗണ്യമായ ഭാഗം കൂലിച്ചെലവാണ്. അതുകൊണ്ടുതന്നെ കൃഷിക്കാരെ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടിക്കുന്നതും ഈ പ്രശ്നം തന്നെയാണ്. നിലവിലുള്ള കൂലിനിരക്ക് പട്ടികയിൽ കൊടുത്തിരിക്കുന്നു.

വളപ്രയോഗം

ജൈവവളം നാമമാത്രമായാണ് ഉപയോഗിക്കുന്നത്. ഉഴവുമാടുകളെ പോറ്റുന്നത് അമിതച്ചെലവ് ഉള്ളതുകൊണ്ട് ഏറിയ പങ്ക് കൃഷിക്കാരും കാലികളെ വളർത്തുന്നില്ല. അതുകൊണ്ട് ജൈവവളത്തിൽ പ്രാധാന്യമർഹിക്കുന്ന ചാണകം വളരെക്കുറച്ചു മാത്രമേ ഉപയോഗിക്കുന്നുള്ളു. പറമ്പുകളിലുള്ള വൃക്ഷങ്ങളുടെ സ്ഥലമെല്ലാം റബർ കയ്യടക്കിയതുകൊണ്ട് പച്ചിലവളത്തിന്റെ ലഭ്യത തീരെയില്ലെന്നു തന്നെ പറയാം. വളപ്രയോഗത്തിൽ പ്രധാനമായും ആശ്രയിക്കുന്നത് രാസവളം തന്നെയാണ്.

	പുരുഷൻ	സ്ത്രീ
ഉഴവ്, കിളയ്ക്കൽ	90-100 രൂപ വരെ	-
നടീൽ, കള പറിക്കൽ	-	75 രൂപ
കൊയ്ത്ത് മെതി	ആറുപറ നെല്ലിന് ഒരു പറ നെല്ല്	
കൂലിയായി	80-90 വരെ	-
കീടനാശിനി തളിക്കൽ	ഏക്കറിന് 100 രൂപ	-
ഉഴാനും നടാനുമുള്ള ആധുനിക യന്ത്രോപകരണങ്ങൾ ഈ പ്രദേശത്ത് വേണ്ടത്ര ലഭ്യമല്ല.		

രാസവള പ്രയോഗം (കിലോഗ്രാമിൽ) കൃഷിവൻ			
	N	p	k
1988	3680 Kg.	1160	5760
1989	2124	2918	8400
1990	5750	1560	7680
1991	6900	2000	11868
1992	3400	2840	11880
1993	3750	3584	94068
1994	6785	8416	5439
1995	8740	29846	12405
1996	115000	12360	16500

രാസവളത്തിന് അമിതമായ വിലവർധന കൃഷിക്കാരന് അടിസ്ഥാനവളവും രണ്ടു തവണയുള്ള ജൈവവള പ്രയോഗം കൂടിയാകുമ്പോൾ താങ്ങാനാവാത്തതാണ്.

മറ്റു കാർഷികോൽപന്നങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നെല്ലിന്റെ വില വളരെ പരിതാപകരമാണ്. ചെറുകിട കൃഷിക്കാരിൽ പലർക്കും നെല്ല് വിൽക്കാനുണ്ടാവില്ല എന്നത് ശരിയാണെങ്കിലും ന്യൂനപക്ഷം കൃഷിക്കാർക്കെങ്കിലും നെല്ല് വിൽക്കേണ്ടി വരുമ്പോൾ നെല്ലിന് വിപണിയില്ല. നെല്ല് വാങ്ങാനാളില്ല. അതുകൊണ്ട് കിട്ടുന്ന വിലയ്ക്ക് വിൽക്കാൻ നിർബന്ധനാകുന്നു. കാർഷിക പ്രവർത്തനങ്ങളിലൊന്നും തന്നെ കൃഷിക്കാരന്റെ തീരുമാനങ്ങൾക്ക്

-കർഷകത്തൊഴിലാളിക്ക് നൽകുന്ന കൂലി മുതൽ വളത്തിന്റെ വില നൽകുന്നതിലും നെല്ല് വിൽക്കുന്നതിലും വരെ യാതൊരു - പരിഗണനയും ലഭിക്കുന്നില്ല. എന്നുമാത്രമല്ല ബാഹ്യഘടകങ്ങളുടെ തീരുമാനങ്ങൾ നിസഹായനായി ഏറ്റുവാങ്ങേണ്ടി വരുന്നു എന്നതാണ് കൃഷിക്കാരൻ നേരിടേണ്ടിവരുന്ന ഏറ്റവും വലിയ ദുരന്തം.

ഏറ്റവും കൂടുതൽ കായികാധ്വാനവും ശ്രദ്ധയും പരിചരണവും ആവശ്യമായ നെൽകൃഷിക്ക് വേണ്ടിവരുന്ന ചെലവും അതിൽനിന്നുള്ള വരുമാനവും തമ്മിൽ ഒരിക്കലും യോജിച്ചു പോകുന്നില്ല. പൊതുവായി പറഞ്ഞാൽ നെൽകൃഷി നഷ്ടത്തിലേക്ക് നീങ്ങിത്തുടങ്ങിയിട്ട് വർഷങ്ങളായി. അതുകൊണ്ട് കൃഷിക്കാരൻ നെൽപ്പാടങ്ങൾ, താരതമ്യേന ലാഭകരമായ മരച്ചീനി, വാഴ, പച്ചക്കറി എന്നീ കൃഷികൾക്ക് കൂടുതലായി ഉപയോഗിക്കാൻ തുടങ്ങി. സ്ഥിരമായി നികത്തി തെങ്ങ്, റബർ തുടങ്ങിയ ദീർഘകാല നാണ്യവിളകൾക്ക് ഉപയോഗിക്കുന്ന നിലങ്ങളുടെ അളവും ഗണ്യമായി വർധിച്ചു വരുന്നതിന്റെ കാരണവും മറ്റൊന്നല്ല.

നാടൻ വിത്തിനങ്ങളുടെ സ്ഥാനത്ത് അത്യുൽപാദന ശേഷിയുള്ള പുതിയ വിത്തിനങ്ങൾ വന്നതോടുകൂടി നെല്ലിന് വിവിധ രോഗങ്ങൾ ബാധിക്കാൻ തുടങ്ങി. ഈ പ്രദേശത്ത് നെല്ലിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ ബ്ലാസ്റ്റ് (ഇലപ്പുള്ളി), ബ്ലൈറ്റ്, ഇലവാട്ടം ഇവയാണ്. ഹിനോസാൻ എന്ന മരുന്നാണ് ഇവയ്ക്ക് പ്രധാന പ്രതിവിധി. ഇലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ, ഇലതീനിപ്പുഴു, ചാഴി എന്നിവയാണ് പ്രധാന കീടങ്ങൾ. ഇവയ്ക്ക് പ്രതിവിധിയായി എക്കാലക്സ്, മാലത്തിയോൺ എന്നിവയാണ് പ്രധാനമായും ഉപയോഗിക്കുന്നത്.

കൃഷിഭവനിൽ നിന്നും എല്ലാ നെൽകൃഷിക്കാർക്കും യഥാസമയം നിർദ്ദേശങ്ങൾ ലഭിക്കുക സാധ്യമല്ല. അതുകൊണ്ട് കീടരോഗബാധകൾക്കുള്ള മരുന്നുതളി പലപ്പോഴും അശാസ്ത്രീയമായിത്തന്നെ നടത്തേണ്ടിവരുന്നു. ഏതു രോഗം കണ്ടാലും മാർക്കറ്റിൽ കിട്ടുന്ന ഏതെങ്കിലും മരുന്ന് വാങ്ങി തളിക്കുക എന്ന സ്ഥിതിയിലാണ് ഏറെ കർഷകരും. കീടരോഗ നിവാരണത്തിന് പ്രതിവിധിയായി ഉപയോഗിക്കുന്ന മരുന്നിന്റെ വർധിച്ചുകൊണ്ടിരിക്കുന്ന വിലയും കൃഷിക്കാരെ വലയ്ക്കുന്ന പ്രശ്നമാണ്.

കൃഷിക്കാർ കാർഷിക വായ്പകൾക്കുവേണ്ടി സമീപിക്കുന്ന ധനകാര്യസ്ഥാപനങ്ങൾ, ഇന്ത്യൻ ഓവർസീസ് ബാങ്ക്, മിത്രമ്മല സർവീസ് സഹകരണ ബാങ്ക്, ജില്ലാ സഹകരണബാങ്ക് കല്ലറ ശാഖ, പാങ്ങോട് കാർഷിക വികസനബാങ്ക്, എസ്ബിടി പാങ്ങോട് എന്നിവയാണ്. ഏറ്റവും കൂടുതൽ നിക്ഷേപങ്ങൾ ലഭിക്കുന്നത് ഇന്ത്യൻ ഓവർസീസ് ബാങ്കിനാണെങ്കിലും കാർഷികരംഗത്ത് കൂടുതൽ വായ്പാസൗകര്യങ്ങൾ ഏർപെടുത്തിയിട്ടുള്ളത് സഹകരണബാങ്കുകളാണ്. പക്ഷേ ഈ വായ്പാ സൗകര്യങ്ങളൊന്നും തന്നെ നെൽകൃഷിക്ക് ലഭ്യമല്ല.

മേൽസൂചിപ്പിച്ച പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് നെൽകൃഷിക്കാരെ ആ മേഖലയിൽ ഉറപ്പിച്ചു നിർത്തുന്നതിന് ആകർഷകമായ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. നിലവിലുള്ള വർദ്ധമാനമായ കൃഷിച്ചെലവ് കുറച്ചുകൊണ്ടു വരുകയും മറ്റു പ്രോത്സാഹനങ്ങൾ നൽകുകയുമാണ് ഇതിനുവേണ്ടി ചെയ്യാനുള്ളത്. അതിനുവേണ്ടി ആസൂത്രണം നടത്താവുന്ന കാര്യങ്ങളെ താഴെപ്പറയും പ്രകാരം സംഗ്രഹിക്കാം.

ഗ്രൂപ്പ് ഫാമിംഗ്

1989-ൽ ഗ്രൂപ്പ് ഫാമിംഗ് എന്ന ആശയം കാർഷികമേഖലയിൽ പ്രത്യേകിച്ച് നെൽകൃഷിയുടെ രംഗത്ത് വളരെയേറെ ശ്രദ്ധ പിടിച്ചുപറ്റിയതാണ്. ആദ്യകാല പ്രവർത്തനങ്ങൾ പ്രശംസനീയമായിരുന്നു. എന്നാൽ വർഷങ്ങൾ കഴിഞ്ഞതോടെ ഇക്കാര്യത്തിൽ ശ്രദ്ധയില്ലാതാവുകയും കൃഷിക്കാർക്ക് താൽപര്യം കുറയുകയും ചെയ്തു. അതിനുള്ള പ്രധാന കാരണം പലപ്പോഴും ഒരു പാടശേഖരത്തിലെ നിലങ്ങൾ ഒരുമിച്ചൊരുക്കുന്നതിനുള്ള യന്ത്രോപകരണങ്ങൾ കിട്ടായ്ക, ഒരേ സമയത്തുള്ള കൃഷിയായതുകൊണ്ട് എല്ലാ കൃഷിക്കാർക്കും ചെലവുകൾ ഒരുമിച്ചു ചെയ്യുന്നതിനുള്ള സാമ്പത്തികാഭാവം, ഒരേയിനം വിത്തിന്റെ അഭാവം, നടീൽ, കളപറിക്കൽ എന്നിവക്ക് വേണ്ട കർഷകത്തൊഴിലാളികളെ ലഭിക്കായ്ക എന്നിവയാണ്. ഈ രംഗത്ത് കൃഷിക്കാരന് അൽപമെങ്കിലും ആശ്വാസം പകരുന്നതിന് ഫലപ്രദമായ മാർഗം ഇതല്ലാതെ മറ്റൊന്നില്ല. ഗ്രൂപ്പ് ഫാമിംഗ് സുസംഘടിതമാക്കുകയും കൃഷിയാവശ്യത്തിനുള്ളപവർ ടില്ലർ പോലുള്ള യന്ത്രോപകരണങ്ങൾ ഓരോ പാടശേഖരത്തിലും ലഭ്യമാക്കുകയും വേണം. കർഷകത്തൊഴിലാളിയൂണിയനുമായി ബന്ധപ്പെട്ട് ഓരോ വയലേലയ്ക്കും തൊഴിലാളികളെ സ്ഥിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും നന്നായിരിക്കും. ഓരോ ഏലാ വികസനസമിതിക്കും പവർ ടില്ലർ സ്വന്തമായി ഉണ്ടായിരിക്കുകയും യഥാസമയം

മിതമായ നിരക്കിൽ നിലമൊരുക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപെടുത്തുകയും ചെയ്യേണ്ടതാണ്. ഗ്രാമത്തിലെ പല വയലേലകളിലും പവർ ടില്ലർ പോലുള്ള യന്ത്രോപകരണങ്ങളോ വാഹനങ്ങളോ ചെന്നെത്തുന്നതിനുള്ള വഴിസൗകര്യമില്ല. എല്ലാ വയലേലകളിലും വാഹനങ്ങൾ ചെന്നെത്തുന്നതിനുള്ള റോഡുകൾ നിർമ്മിക്കണം. ആവശ്യമുള്ള എല്ലാ കൃഷിക്കാർക്കും യഥാസമയം കാർഷികവായ്പ ലഭ്യമാക്കുകയും കർഷകത്തൊഴിലാളികളുടെ അഭാവം ഒഴിവാക്കുന്നതിന് കർഷകത്തൊഴിലാളിയായി പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ സേവനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ഉണ്ടാകണം. കർഷകത്തൊഴിലാളികളുടെ ക്ഷേമനടപടികളിലൂടെ ആനുകൂല്യം ലഭിക്കുന്നതിന് അർഹത നേടാൻ നെൽകൃഷി രംഗത്ത് ഒരു നിശ്ചിതകാലം ജോലി ചെയ്തിരിക്കണമെന്ന് ഒരു വ്യവസ്ഥ ഉണ്ടാക്കുന്നത് ഈ രംഗത്ത് തൊഴിലാളികളുടെ അഭാവത്തിന് ഒരു പരിഹാരമായിരിക്കും. നെൽകൃഷി രംഗത്ത് സ്ഥിരമായി പണിയെടുക്കുന്ന തൊഴിലാളികൾക്ക് സർക്കാരിൽ നിന്നും പ്രത്യേകമായി എന്തെങ്കിലും ആനുകൂല്യം നൽകുന്നതിനെക്കുറിച്ച് സർക്കാർ തലത്തിൽ പരിഗണിക്കപ്പെടേണ്ടതാണ്. ഇങ്ങനെയുള്ള നടപടി തൊഴിലാളികളെ ഈ മേഖലയിൽ ഉറച്ചുനിൽക്കുന്നതിന് പ്രേരിപ്പിക്കും. ഒരു ഏല, അതെത്ര ചെറുതായാലും കൃഷിക്കാരുടെ കൂട്ടായ്മയും ഗ്രൂപ്പ് ഫാമിംഗും ഉറപ്പുവരുത്തണം. ഒരു ഏലായിൽ ഒരേയിനം വിത്തുതന്നെ കൃഷിക്ക് ഉപയോഗിക്കണം. അതിന് പൊതു ഞാറ്റയടി ഉണ്ടാവുകയും വേണം. കൃഷി ജോലികൾ ആരംഭിക്കുന്നതിനു മുമ്പുതന്നെ കൃഷിഭവന്റെ നേതൃത്വത്തിൽ മണ്ണ് പരിശോധിക്കുകയും ഉപയോഗിക്കേണ്ട വളത്തിനെക്കുറിച്ചുള്ള ഉപദേശം നൽകുകയും വേണം. നടീൽ മുതൽ വിളവെടുപ്പ് വരെയുള്ള പരിചരണം ഒരുമിച്ചു തന്നെ ആവുകയും കാലാകാലങ്ങളിൽ കൃഷി ഓഫീസറുടെ പരിശോധനയും നിർദ്ദേശങ്ങളും ഉണ്ടാവുകയും വേണം.

ഗ്രാമത്തിലെ വയലേലകളിൽ ഒന്നും തന്നെ പ്രത്യേക ജലസേചന സൗകര്യങ്ങളില്ല. മഴയെ മാത്രം ആശ്രയിച്ചാണ് കൃഷി നടത്തുന്നത്. പ്രകൃതിദത്തമായി ലഭിക്കുന്ന ജലം തന്നെ അശാസ്ത്രീയമായ തോടുവികസന പരിപാടികൾ കൊണ്ട് കൃഷിക്ക് ഉപയോഗിക്കാൻ പറ്റാത്ത തരത്തിലാണ്. തോടുകൾ സംരക്ഷിക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട കർഷകരെ ഏൽപിക്കുകയും അതിനാവശ്യമായിവരുന്ന സാമ്പത്തിക സഹായം കൃഷിക്കാർക്ക് നേരിട്ടു നൽകുകയും വേണം. പ്രദേശത്തെ എല്ലാ ഏലാകളും നീർമറി പ്രദേശത്തിന്റെ സ്വഭാവമുള്ളവയാണ്. അതുകൊണ്ട് ഓരോ ഏലായുടെയും ആരംഭത്തിൽ ചിറകൾ നിർമ്മിക്കണം. ഗ്രൂപ്പ് ഫാമിംഗ് സുസംഘടിതമാകുന്നതോടെ എല്ലാ വയലേലകൾക്കും ആവശ്യമായ ജലസേചനം ക്രമീകരിച്ചു നൽകാൻ കഴിയും. വാമനപുരം നദീതടപദ്ധതി പൂർത്തിയാകുമ്പോൾ ഈ ഗ്രാമത്തിലെ നിലം കൃഷിക്കാർക്ക് മറ്റു ജലസേചന സൗകര്യങ്ങളെക്കുറിച്ച് ആലോചിക്കേണ്ടി വരില്ല. അതുകൊണ്ട് വാമനപുരം നദീതടപദ്ധതി എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗുണനിലവാരമുള്ള വിത്തുകൾ യഥാസമയം കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കാനുള്ള സംവിധാനം ഏർപെടുത്തണം. വിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കൃഷിഭവൻ നേരിട്ടുതന്നെ വിത്തുൽപാദിപ്പിക്കണം. അതിനാവശ്യമായ നിലങ്ങൾ (Seed Farm) ഓരോ കൃഷിഭവനിലും ലഭ്യമാക്കണം.

താരതമ്യേന ആദായം കൂടുതലുള്ള മറ്റു കൃഷികൾക്കു വേണ്ടി നിലം നികത്തുന്ന ഒരു പ്രവണത വ്യാപകമായുണ്ട്. നെൽകൃഷിയെ ബാധിക്കുന്ന ഒരു പ്രധാന പ്രശ്നമാണിത്. നിയമം മൂലവും [illegible] ഈ പ്രവണത കർശനമായി തടയണം. നിയമം ലംഘിച്ച് നിലം നികത്തിയാൽ അങ്ങനെയുള്ള സ്ഥലം സർക്കാർ ഏറ്റെടുക്കുകയും നിയമലംഘനത്തിന് കർശനമായ ശിക്ഷ നൽകുകയും വേണം.

പല കാരണങ്ങളാൽ കൃഷിക്കാർ നിലം തരിശിടുന്ന പതിവുണ്ട്. വ്യക്തവും ശാസ്ത്രീയവുമായ കാരണങ്ങൾ കൂടാതെ നിലം തരിശിടുന്നുവെങ്കിൽ താൽക്കാലികമായെങ്കിലും പഞ്ചായത്ത് ഏറ്റെടുക്കുന്നതിനും നെൽകൃഷി നടത്താൻ താൽപര്യമുള്ളവർക്ക് പാട്ട വ്യവസ്ഥയിൽ നൽകുന്നതിനും ആവശ്യമായ നിയമനിർമ്മാണം നടത്തുകയും വേണം.

വളത്തിന്റെ കാര്യത്തിൽ നെൽകൃഷിക്കാർ പ്രധാനമായും ആശ്രയിക്കുന്നത് രാസവളത്തിനെയാണ്. ഓരോ വർഷവും രാസവളത്തിന്റെ ഉപയോഗം വർധിച്ചുകൊണ്ടിരിക്കുന്നു.

- മുൻപട്ടിക കാണുക.-

രാസവളത്തിനും കീടനാശിനികൾ പോലുള്ള രാസവസ്തുക്കൾക്കും വർധിച്ചുവരുന്ന വില കൃഷിക്കാർക്ക് താങ്ങാവുന്നതല്ല. ജൈവവളപ്രയോഗം

നാമമാത്രമാണ്. ജൈവവളം കൂടാതെയുള്ള രാസവളപ്രയോഗം മൂലം മണ്ണിന്റെ ജൈവഘടനയിൽ തന്നെ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഇത് ദൂരവ്യാപകമായ അപകടസന്ധിയിലേക്ക് കൃഷിക്കാരെ കൊണ്ടെത്തിക്കുമെന്നത് പരക്കെ അംഗീകരിക്കപ്പെട്ട വസ്തുതയാണ്. അതുകൊണ്ട് ജൈവവളങ്ങൾക്ക് കൂടുതൽ പ്രചാരവും അതിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള ബോധവൽക്കരണവും അത്യന്താപേക്ഷിതമായിരിക്കുന്നു. നെൽകൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഉഴവുമാടുകളെ സംരക്ഷിക്കുക എന്നത് ഇന്ന് പ്രായോഗികമല്ല. അതുകൊണ്ടുതന്നെ കാലിവളത്തിന്റെ ലഭ്യത ഇല്ലാതാവുന്നു. അതിനു പരിഹാരമായി നെൽകൃഷിക്കാർക്ക് പ്രാദേശികമായി പശുക്കളെ വളർത്തുന്നതിനുള്ള പ്രോത്സാഹനം നൽകിയാൽ കാലിവളത്തിന്റെ കുറവ് ഒരുപരിധി വരെ പരിഹരിക്കാം. ശീമക്കൊന്ന പോലെ പതിവായി പച്ചിലവളം നൽകുന്ന ചെടികൾ നട്ടു പിടിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം നൽകണം. രണ്ടാം വിള കഴിഞ്ഞ് രണ്ടുമൂന്നു മാസക്കാലം മിക്കവാറും നിലങ്ങൾ വെറുതെയിടുകയാണ് പതിവ്. ഇക്കാലയളവിൽ പയറുകൃഷിക്കും പച്ചക്കറി കൃഷിക്കും വേണ്ടി നിലങ്ങൾ ഉപയോഗിച്ചാൽ മണ്ണിലെ ജൈവാംശത്തിന്റെ തോത് ഗണ്യമായി വർധിപ്പിക്കാൻ കഴിയും. മാത്രമല്ല ഇതുമൂലം അധികവരുമാനം ഉണ്ടാക്കാൻ കഴിയും. ഈ ഗ്രാമത്തിൽ വയലുകൾ പച്ചക്കറി കൃഷിക്കും, മുതിര, പയർ, ഉഴുന്ന്, എള്ള് എന്നീ കൃഷികൾക്കും വേണ്ടി ഉപയോഗിക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി വളരെ പരിമിതമാണ്. പട്ടിക കാണുക.

കല്ലറ പഞ്ചായത്തിനകത്തെ പ്രദേശിക സമിതികളും കൃഷിയും

കൃഷിഭവൻ

പേര്	വിസ്തീർണം	കൃഷികൾ	പയർ	പച്ചക്കറികൾ
തെന്നിയം	15 ഹെക്ടർ	നെല്ല്	പയർ	
തൂങ്ങാട്	13	"		
കുന്നുവയം	9	"	പയർ	പച്ചക്കറികൾ
തെങ്ങുംകോട്	20	"		
തുമ്പിവിള	8	"		
പ്ലാക്കോട് കടുവാക്കുഴിക്കര	7	"	പയർ	
മിത്തമ്മല	20	"	പയർ	

ഈ സ്ഥിതി മാറ്റിയെടുക്കുന്നതിനു വേണ്ടി നെൽകൃഷിക്കാർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്. അമിതമായ രാസവള പ്രയോഗത്തിനെതിരെയുള്ള ബോധവൽക്കരണം ആവശ്യമായിരിക്കുന്നു.

ഇതൊക്കെയാണെങ്കിലും രാസവളവും കീടനാശിനികളും നിശ്ശേഷം ഒഴിവാക്കി കൊണ്ടുള്ള നെൽകൃഷിയെ കുറിച്ച് ഇന്ന് ചിന്തിക്കാൻ കഴിയുകയില്ല. ഓരോ വർഷവും രാസവളത്തിന്റെ ഉപഭോഗം വർധിച്ചുകൊണ്ടിരിക്കുകയാണെന്ന് കണക്കുകൾ തന്നെ തെളിയിക്കുന്നു. മുൻപട്ടിക കാണുക.

രാസവളങ്ങളെ ഇത്രകണ്ട് ആശ്രയിക്കേണ്ടിവരുന്ന സാഹചര്യത്തിൽ രാസവളങ്ങളുടെ വിലയിൽ 50% മെങ്കിലും സബ്സിഡി നൽകി നെൽകൃഷിക്കാർക്ക് ആശ്വാസം പകരേണ്ടതാണ്. കീടനാശിനികൾ യഥാസമയം കൃഷിഭവനുകളിൽ നിന്നും നേരിട്ടു കൃഷിക്കാർക്ക് വിതരണം നടത്തണം. വളരെ പ്രചാരം സിദ്ധിച്ചിട്ടില്ലെങ്കിലും മണ്ണിന്റെ ജൈവപരമായ ഘടന നിലനിർത്തുന്നതിന് ഉപകരിക്കുന്നതാണ് ജീവാണു വളങ്ങളും മണ്ണിര കമ്പോസ്റ്റും. ഇതര വളങ്ങളുടെ നിർമ്മാണവും പ്രയോഗവും സംബന്ധിച്ചുള്ള ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

ഇന്ന് പ്രയോഗിക്കപ്പെടുന്ന കീടനാശിനികളിൽ ഏറിയ പങ്കും മാരകമായ വിഷം തന്നെയാണ്. യഥാസമയം വിദഗ്ധോപദേശം ലഭിക്കാത്തതുകൊണ്ട് അശാസ്ത്രീയമായി ഇവ പ്രയോഗിക്കപ്പെടുന്നു. ഇതുമൂലം നെൽപ്പാടങ്ങളിലെ കീടങ്ങളെ തിന്നു നശിപ്പിക്കുന്ന ചെറുതവളകൾ, ചെറുമത്സ്യങ്ങൾ എന്നിവ ചത്തൊടുങ്ങുന്നു എന്നു മാത്രമല്ല, മണ്ണിന്റെ ജൈവഘടന നിലനിർത്താൻ ഉതകുന്ന മണ്ണിലെ ജീവാണുക്കളെ പോലും നശിപ്പിച്ചു കളയുന്നു. അതുകൊണ്ട് കീടനാശിനികളും രോഗനശീകരണത്തിന് പ്രയോഗിക്കപ്പെടുന്ന രാസവസ്തുക്കളും പ്രയോഗിക്കുന്നതിന് ശാസ്ത്രീയമായ അവബോധം ഉണ്ടാകത്തക്ക രീതിയിൽ കൃഷിക്കാർക്ക് ബോധവൽക്കരണം നടത്തണം. കീടനാശിനികളുടെ വിലയും ക്രമാതീതമായി വർധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇവയുടെ വിലയിൽ 50 ശതമാനത്തിൽ കുറയാത്ത സബ്സിഡി നൽകേണ്ടതാണ്. നെൽകൃഷിക്ക് കർഷകരുടെ നിയന്ത്രണങ്ങൾക്ക് അതീതമായ കാരണങ്ങളാൽത്തന്നെ പലപ്പോഴും നാശം സംഭവിക്കുകയും അപ്പാടെ നഷ്ടത്തിൽ കലാശിക്കുകയും

ചെയ്യുന്നത് വിരളമല്ല. അതൊഴിവാക്കുന്നതിന് സൗജന്യമായി വിള ഇൻഷുറൻസ് ഏർപെടുത്തണം.

നെൽകൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഒരു സെൻറിന് ഒരു രൂപ നിരക്കിൽ ഇപ്പോൾ നൽകിവരുന്ന സബ്സിഡി തീരെ അപര്യാപ്തമാണ്. മൊത്തം കൃഷിച്ചെലവിൻെറ 50% മെങ്കിലും സബ്സിഡിയായി നൽകേണ്ടതാണ്. ഗ്രാമത്തിൽ നെല്ലിന് ഒരു വിപണിയില്ലഎന്നത് ഒരു കുറവു തന്നെയാണ്. നെല്ലിന് തറവിലയായി കിൻറലിന് കുറഞ്ഞത് ആയിരം രൂപയെങ്കിലും നിശ്ചയിക്കുകയും ഒരു സംഭരണകേന്ദ്രം ഉണ്ടാക്കുകയും വേണം.

ഭക്ഷ്യധാന്യങ്ങളുടെ കൃഷികാര്യങ്ങളിൽ ദേശീയതലത്തിൽ ഇന്നുണ്ടായിരിക്കുന്ന താൽപര്യക്കുറവ് തുടരുന്ന പക്ഷം ലോകവ്യാപകമായി തന്നെ ഭക്ഷ്യകാര്യത്തിൽ രൂക്ഷമായ ഒരു പ്രതിസന്ധിയെ അഭിമുഖീകരിക്കേണ്ടി വരുമെന്നത് ഒരു വസ്തുതയാണ്. ഈ പശ്ചാത്തലത്തിൽ വേണം നെൽകൃഷിയുടെ പ്രാധാന്യത്തെ വിലയിരുത്തേണ്ടത്. നെൽകൃഷിക്കാർക്ക് എത്രമാത്രം ആനുകൂല്യങ്ങൾ നൽകി പ്രോത്സാഹിപ്പിച്ചാലും അത് അധികമാവുന്നില്ല.

തെങ്ങ്

തോട്ടം അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ തെങ്ങുകൃഷി നടത്തിയിട്ടുള്ളത് വളരെ അപൂർവമാണ്. പഞ്ചായത്തിൻെറ ഭൂപ്രകൃതി തന്നെയാണ് ഇതിനു കാരണം. പഞ്ചായത്തിലെ തെങ്ങുകൃഷിക്ക് പ്രദേശത്തെ ഗൃഹാധിവാസത്തിനോളം തന്നെ പഴക്കമുണ്ട്. ആദ്യകാലങ്ങൾ ആഹാരാവശ്യങ്ങൾക്കു വേണ്ടിമാത്രമാണ് കൃഷി ചെയ്തിരുന്നത്. പിൽക്കാലത്ത് ഒരു പ്രധാന നാണ്യവിളയായി രൂപാന്തരപ്പെട്ടു. ആദ്യകാലങ്ങളിൽ തെങ്ങുകൾക്ക് രോഗബാധ ഉണ്ടായിരുന്നില്ല. പ്രത്യേക പരിചരണം നടത്തിയിരുന്നില്ല. മറ്റു കേരകൃഷിയോടൊപ്പം ഇടവിളയായി എല്ലാ തോട്ടങ്ങളിലും തെങ്ങ് പരിപോഷിപ്പിച്ചുവളർത്തിയിരുന്നു. നാണ്യവിളയായി തീർന്നതോടു കൂടിയാണ് തെങ്ങിന് വർധിച്ച പരിചരണമുറകൾ സ്വീകരിച്ചു തുടങ്ങിയത്. ചാണകം, പച്ചില, ചാരം തുടങ്ങിയ ജൈവവളങ്ങളാണ് തെങ്ങുകൾക്ക് നൽകിയിരുന്നത്. ഇന്ന് കൃഷിഭവനിൽ നിന്നുള്ള കണക്കനുസരിച്ച് കേരകൃഷി ചെയ്യുന്ന സ്ഥലത്തിൻെറ വിസ്തീർണം മൊത്തം ഉൽപാദനവും ഉൽപാദനക്ഷമതയും താഴെപ്പറയുന്ന പ്രകാരമാണ്.

വിള വിസ്തീർണം ഹെക്ടർ	കായ്ക്കുന്ന തെങ്ങുകളുടെ എണ്ണം	മൊത്ത ഉൽപാദനം എണ്ണം	ഉൽപാദനക്ഷമത ഹെക്ടറിന്
865	192089	7352500	8500

ഈ കണക്കു തന്നെ പഞ്ചായത്തു പ്രദേശത്ത് വ്യാപകമായി കൃഷി ചെയ്യുന്ന തെങ്ങുകളുടെ മൊത്തം എണ്ണത്തിൻെറ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ്. രൂക്ഷമായ ജലദൈർലഭ്യം ഉള്ള കുന്നിൻമുകൾ മുതൽ എപ്പോഴും ഈർപം ലഭിക്കുന്ന വയൽവരമ്പിൽ വരെ തെങ്ങ് കൃഷി ചെയ്യുന്നുണ്ട്. ഇന്ന് മണ്ണിൻെറ വളക്കൂറിൻെറ കുറവും ജൈവവളങ്ങളുടെ അഭാവവും കൊണ്ട് പ്രത്യേക പരിചരണം അർഹിക്കുന്ന ഒരു കൃഷിയായിരിക്കുന്ന കേരകൃഷിയും. താരതമ്യേന ഉൽപാദനക്ഷമത കുറവുള്ള കരപ്രദേശങ്ങളിൽ തെങ്ങിനെ റബ്ബർ കീഴടക്കിയിരിക്കുന്നു. ജൈവവളങ്ങളുടെ സ്ഥാനത്ത് രാസവളങ്ങൾ കടന്നു കയറിയിരിക്കുന്നു. രാസവളങ്ങളുടെ വിലവർധന കേരകർഷകനെ അലട്ടുന്ന പ്രശ്നമാണ്.

കേരകൃഷിയെ ഏറ്റവും കൂടുതലായി പ്രതികൂലമായി ബാധിക്കുന്ന കാര്യമാണ് പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന വിവിധയിനം രോഗങ്ങൾ. സർക്കാർ തലത്തിൽ വളരെയേറെ ഗവേഷണങ്ങൾ നടത്തുകയും പലതവണ മരുന്നുതളി പോലുള്ള മാർഗങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടും രോഗങ്ങൾക്കിന്നു വരെ ഫലപ്രദമായ പ്രതിവിധി ആയിട്ടില്ല. ഇതുമൂലം കേരകർഷകന് പ്രതിവർഷം ഉണ്ടാകുന്ന നഷ്ടം വർധിച്ചുകൊണ്ടു തന്നെയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന കാറ്റുവീഴ്ച എന്ന രോഗം (റൂട്ട് വിൽറ്റ്) കേരകൃഷിയുടെ ഭാവിയെത്തന്നെ ആശങ്കാകുലമാക്കിയിരിക്കുകയാണ്. തീരപ്രദേശത്തു മാത്രം കണ്ടിരുന്ന ഓല്ചീയൽ എന്ന രോഗം ഈ പ്രദേശത്തേക്കും വ്യാപിച്ചുതുടങ്ങിയിരിക്കുന്നു. ബഡ് റൂട്ട് രോഗം ഗണ്യമായി വർധിച്ചു കൊണ്ടിരിക്കുന്നു. സ്റ്റെം ബ്ലീഡിംഗ് (ചെന്നീരൊലിപ്പ്) രോഗം ഈ പ്രദേശത്ത് സർവസാധാരണമായിരിക്കുന്നു. മേൽവിവരിച്ച രോഗങ്ങൾക്ക് ഒന്നിനുംതന്നെ ഫലപ്രദമായ നിവാരണമാർഗങ്ങൾ ഉണ്ടായിട്ടില്ല എന്നത് ഗുരുതരമായ പ്രശ്നം തന്നെയാണ്. നമ്മുടെ പഞ്ചായത്തിൽ രോഗബാധിതമായ തെങ്ങുകൾ ഏറ്റവും കൂടുതലുള്ളത് ചെറുവാളം വാർഡിലാണ്. തുടർന്ന് അനുക്രമം കുറിഞ്ഞിലക്കാട്, തുമ്പോട്, അരുവിപ്പുറം എന്നീ വാർഡുകളിലാണ് രോഗം കണ്ടുവരുന്നത്. ഏറിയും കുറഞ്ഞും എല്ലാ വാർഡുകളിലെയും തെങ്ങുകൾ ഈ രോഗത്തിൻെറ പിടിയിൽ അമർന്നിരിക്കുന്നു. കല്ലറ കൃഷിഭവൻ രേഖയനുസരിച്ച് ഓരോ വാർഡിലും രോഗം

വാർഡ് നമ്പർ	തെങ്ങുകൃഷി വിസ്തീർണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	സ്റ്റീ വിക്കറ്റ്	ലിഫ്റ്റോട്ട്	ബഡ്‌വുട്ട്	സെറ്റം ബ്ലിഡിംഗ്
1 കല്ലറ	80 H	4085	23450	27535	951	-	25	26
2 പാൽക്കുളം	60 H	2760	13375	16135	1712	-	27	20
3 തുമ്പോട്	75 H	4305	17806	22115	2148	-	36	18
4 കുറുമ്പയം	82 H	2875	9430	12305	845	-	172	10
5 തെക്കുംകോട്	85 H	3865	21000	24865	306	-	214	15
6 ചെറുവാളം	64 H	4710	14524	19234	3366	-	45	20
7 പരപ്പിൽ	72 H	4993	16472	21327	1189	-	112	10
8 തുരുവിള	91 H	8367	16854	25221	951	-	74	23
9 അരുവിപ്പുറം	77 H	3026	16074	21103	1357	-	206	43
10 കുറിഞ്ചിലക്കോട്	94 H	4031	16620	20657	2496	-	330	75
11 തിരുമല	85 H	3116	6481	8577	355	5	210	22
ആകെ	865 H	46098	182089	227685	15876	5	1451	282

ബാധിച്ച തെങ്ങുകളുടെ പട്ടിക കാണുക.

ലീഫ്റോട്ട് എന്ന രോഗം നാമമാത്രമായെങ്കിലും മിതൃമ്മല വാർഡിലെ തെങ്ങുകളിൽ കണ്ടുതുടങ്ങിയിരിക്കുന്നു. ഇത് പ്രദേശത്തെ തെങ്ങുകളെ വ്യാപകമായ രീതിയിൽ ബാധിക്കുമോ എന്ന ഭീതിയിലാണ് കേരകർഷകർ.

പൊതുവെ പറഞ്ഞാൽ കേരകൃഷി ഇപ്പോൾ മഴയെ മാത്രം ആശ്രയിച്ചാണ് നടത്തിവരുന്നത്. കാർഷികാവശ്യത്തിന് പമ്പുസെറ്റ് അനുവദിച്ചു കൊടുത്തിട്ടുള്ളത് നാമമാത്രമായാണ്. അനുവദിച്ചിട്ടുള്ള പമ്പുസെറ്റുകളുടെ എണ്ണം തന്നെപ്പറയും പ്രകാരമാണ്.

കൃഷിഭവൻ രേഖപ്രകാരം

1992-93	20
1993-94	-
1994-95	6
1995-96	20
ആകെ	46

1992-93 നുമുമ്പും ചെറിയ തോതിൽ പമ്പുസെറ്റുകൾ അനുവദിച്ചിട്ടുണ്ട്. അതിനു വ്യക്തമായ കണക്കുകൾ ലഭിച്ചിട്ടില്ല. ഉദ്ദേശം 15 എണ്ണത്തോളം വരുമെന്ന് കണക്കാക്കാം. എന്നാലും പഞ്ചായത്തു മേഖലയിലാകെ ജലസേചനം നടത്തുന്നതിന് ഇത് തികച്ചും അപര്യാപ്തമാണ്. അനുവദിച്ചിട്ടുള്ള പമ്പുസെറ്റുകൾ തന്നെ യഥാർഥത്തിൽ കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നുണ്ടോ എന്ന് അന്വേഷിക്കുമ്പോൾ കിട്ടുന്ന അറിവ് നിരാശാജനകമായിരിക്കും.

പരിചരണത്തിന് കർഷകതൊഴിലാളികളുടെ ദൈർലഭ്യം ഈ രംഗത്തും കൃഷിക്കാർ നേരിടുന്ന പ്രശ്നമാണ്. യഥാസമയം ചെയ്തുതീർക്കേണ്ട പരിചരണത്തിന് കർഷക തൊഴിലാളികളെ കിട്ടാനില്ല. തെങ്ങുകയറ്റ തൊഴിലാളികളുടെ അഭാവവും പ്രയാസപ്പെടുത്തുന്ന വസ്തുതയാണ്. ഉൽപന്നങ്ങൾക്ക് നിശ്ചിത വില പലപ്പോഴും ലഭിക്കാറില്ല എന്നതാണ് കേരകർഷകരെ വലയ്ക്കുന്ന പ്രധാന പ്രശ്നം. തേങ്ങയുടെ വില നിശ്ചയിക്കുന്നത് ബാഹ്യശക്തികളാണ്. അവരുടെ ആവശ്യത്തിന്റെയും ലാഭ നഷ്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് വില നിശ്ചയിക്കുന്നത്. നാളികേരവും കേരോൽപന്നങ്ങളും ഇറക്കുമതി ചെയ്യുന്നതും നാളികേര വിലയുടെ അനിശ്ചിതത്വത്തിന് കാരണമാവും. കേന്ദ്രസർക്കാരിൽ ദവണ്ടത്ര സമ്മർദം ചെലുത്തി നാളികേരത്തിന്റെ ഇറക്കുമതി അവസാനിപ്പിക്കുക എന്നത്

നമ്മുടെ നാട്ടിലെ കേരകർഷകരുടെ പഴക്കംചെന്ന മുദ്രാവാക്യമാണ്.

നാളികേരത്തിൽ നിന്നും വൈവിധ്യമുള്ള വളരെയേറെ ഉൽപന്നങ്ങൾ നിർമിക്കാമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. തേങ്ങാപ്പാൽ സംസ്കരിച്ച് വളരെക്കാലം കേടുകൂടാതെ സൂക്ഷിക്കാവുന്ന ക്രീം, ചുരണ്ടിയ തേങ്ങ നിറവും ഗുണവും നഷ്ടപ്പെടാതെ ഈർപ്പരഹിതമാക്കി പായ്ക്കറ്റുകളിൽ ആക്കിയത്, ശീതളപാനീയമായി കരിക്കിൻവെള്ളം സംസ്കരിക്കൽ തുടങ്ങിയ അനവധി സാധ്യതകൾ ഈ മേഖലയിലുണ്ട്. ഈ രംഗത്ത് നാം വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ല. കെട്ടിട നിർമാണരംഗത്ത് വ്യാപകമായി ഉപയോഗിക്കുന്നുവെങ്കിലും ഗൃഹോപകരണങ്ങൾ നിർമിക്കുന്നതിന് തെങ്ങിന്റെ തടി വേണ്ടത്ര ഉപയോഗിക്കുന്നതിന് പ്രചാരം ഇന്നും സിദ്ധിച്ചിട്ടില്ല. ചിരട്ട, ചകിരി, കൊതുമ്പ്, ചൂട്ട് ഇവ ഉപയോഗിച്ച് നിരവധി കൗതുക വസ്തുക്കളും ഗൃഹോപകരണങ്ങളും നിർമ്മിക്കുന്നതിനുള്ള സാധ്യത നാം പ്രയോജനപ്പെടുത്തുന്നില്ല. കേരകർഷകരെ നേരിടുന്ന പ്രശ്നങ്ങളിൽ പലതിനും ശാശ്വതമായ പരിഹാരം കാണാൻ സാധിക്കുന്നില്ല. എങ്കിലും കേരകൃഷിയെ സംരക്ഷിച്ചു നിലനിർത്തുന്നതിനും കർഷകർക്ക് ആശ്വാസം പകരുന്നതിനും വേണ്ടി സ്വീകരിക്കാവുന്ന നടപടികൾ താഴെപ്പറയും പ്രകാരം ചിട്ടപ്പെടുത്താം.

1) ഇന്നത്തെ സാഹചര്യത്തിൽ തെങ്ങിന് വ്യാപകമായി ബാധിച്ചിരിക്കുന്ന രോഗങ്ങൾക്ക് പ്രതിവിധി കണ്ടുപിടിക്കുകയും രോഗവ്യാപനം തടയുകയുമാണ് അടിയന്തരമായി ചെയ്യേണ്ടത്. തെങ്ങിനെ ബാധിച്ചിരിക്കുന്ന രോഗത്തിന് ഫലപ്രദമായ ചികിൽസാ സമ്പ്രദായം ഇന്നുവരെ കണ്ടെത്തിയിട്ടില്ല. അതുകൊണ്ട് തെങ്ങുകളിലേക്ക് രോഗം പകരാതിരിക്കുന്നതിന് രോഗം ബാധിച്ച എല്ലാ തെങ്ങുകളും നശിപ്പിക്കുക എന്നതാണ് ഒരു മാർഗം. ഇങ്ങനെ ഒരു പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും പ്രതിഫലം കൊടുക്കാനുള്ള ഫണ്ടിന്റെ അപര്യാപ്തത മൂലം രോഗം ബാധിച്ച എല്ലാ തെങ്ങുകളും മുറിച്ചുമാറ്റുന്നതിന് കഴിയാറില്ല. എല്ലാ കൃഷിക്കാർക്കും ഇതിന്റെ ഗുണഫലം കിട്ടണമെന്ന വികലമായ നയമാണ് പലപ്പോഴും സ്വീകരിച്ചു കാണുന്നത്. പത്തു രോഗം ബാധിച്ച തെങ്ങുകളുള്ള ഒരു കൃഷിക്കാരന്റെ രണ്ടു തെങ്ങുകളായിരിക്കും മുറിക്കാൻ അനുവദിക്കുന്നത്. ഈ രീതി നമ്മൾ ഉദ്ദേശിക്കുന്ന ഫലമുണ്ടാക്കുന്നില്ല. ചില കൃഷിക്കാരെങ്കിലും രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റാൻ വിസമ്മതിക്കുന്നുണ്ട്. അതിനുള്ള കാരണങ്ങൾ ഒന്ന് രോഗബാധ ഉണ്ടെങ്കിലും കായ്ഫലം തന്നുകൊണ്ടിരിക്കുന്നു എന്നതാണ്. മറ്റൊന്ന് മുറിച്ചുമാറ്റുന്നതിന് ഇന്ന് നൽകുന്ന പ്രതിഫലത്തിന്റെ അപര്യാപ്തത. പിന്നൊന്ന് തെങ്ങിൽ കൂരുമുളക് പടർത്തിയിരിക്കുന്നതു കൊണ്ട്. ഇങ്ങനെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇന്നു നൽകുന്ന പ്രതിഫലം 200 രൂപയിൽ നിന്നും 500 രൂപയായി വർധിപ്പിക്കുക. കായ്ഫലം നൽകുന്ന തെങ്ങുകളുടെ കാര്യത്തിൽ തെങ്ങിന്റെ പ്രായവും ഇപ്പോൾ തെങ്ങിലുള്ള തേങ്ങയുടെ എണ്ണവും കണക്കാക്കി 40 വർഷം പൂർത്തിയാകാൻ ബാക്കി ശേഷിക്കുന്ന വർഷങ്ങളിൽ കിട്ടാവുന്ന ആദായത്തിന് തുല്യമായ തുക പ്രതിഫലമായി നിശ്ചയിക്കുക. ഒരു പ്രദേശത്തെ രോഗം ബാധിച്ച എല്ലാ തെങ്ങുകളും മുറിച്ചുമാറ്റി ഒരുമിച്ച് പ്രതിഫലം നൽകുക എന്നത് ഭാരിച്ച സാമ്പത്തിക ബാധ്യത ഉള്ളതുകൊണ്ട് പ്രായോഗികമല്ല. ഈ പ്രതിസന്ധിയെ നേരിടുന്നതിന് രോഗം ബാധിച്ച എല്ലാ തെങ്ങുകളുടെയും വസ്തുനിഷ്ഠമായ കണക്ക് ശേഖരിക്കുകയും നിശ്ചിത കാലാവധിക്കുള്ളിൽ എല്ലാം മുറിച്ചു മാറ്റുകയും ഓരോ കൃഷിക്കാരനും പ്രതിഫലമായി കൊടുക്കേണ്ട തുകയ്ക്കുള്ള കടപ്പത്രം നൽകുകയും വേണം. ഈ നടപടി സ്വീകരിച്ചുകഴിയുമ്പോൾ പഞ്ചായത്ത് അതിർത്തിയിൽ രോഗബാധയുള്ള തെങ്ങുകൾ ഇല്ലെന്ന് ഉറപ്പുവരുത്തണം.

രോഗപ്രതിരോധ ശക്തിയുള്ള തെങ്ങിൻതൈകൾ വിതരണം ചെയ്യുക, അതിന് കൃഷിഭവന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ തൈകൾ ഉൽപാദിപ്പിക്കുന്നതിനുള്ള നേഴ്സറികൾ സ്ഥാപിക്കുകയും വേണം. തെങ്ങിടകളിലെ റബ്ബർ പോലുള്ള തെങ്ങിന്റെ ഉത്പാദനക്ഷമതയെ ബാധിക്കുന്ന ദീർഘകാല വിളകൾ നിരുത്സാഹപ്പെടുത്തുക. എല്ലാ തെങ്ങുകൾക്കും ജലസേചനം നടത്തുക പ്രായോഗികമല്ലെങ്കിലും സാധ്യതയുള്ള സ്ഥലങ്ങളിലൊക്കെ ജലസേചനത്തിനുള്ള സൗകര്യങ്ങൾ ഏർപെടുത്തണം. തെങ്ങുകൃഷിയിലും ചാണകം, പച്ചിലവളം, ചാരം, മണ്ണിര കമ്പോസ്റ്റ്, ജീവാണു വളങ്ങൾ എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ജൈവവള പ്രയോഗത്തിന് പ്രോത്സാഹനം നൽകുകയും വേണം. കേരകർഷകന് മതിയായ വില ഉറപ്പുവരുത്തുന്നതിന് സംസ്ഥാന തലത്തിൽ ഫലപ്രദമായി ചെയ്യാവുന്നത് കൊപ്രായ്ക്ക് കിൻറലിന് 4500 രൂപ തറവില നിശ്ചയിക്കുകയും കൊപ്ര സംഭരിക്കുന്നതിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ്.

നാളികേരം എണ്ണക്കുരുവായി കേന്ദ്ര ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും സാധാരണ എണ്ണക്കുരുക്കൾക്ക് നൽകിവരാറുള്ള കാർഷിക ആനുകൂല്യങ്ങൾ ഒന്നും തന്നെ കേരകർഷകർക്ക് നൽകുന്നില്ല. കേരകർഷർക്കു കൂടി ഈ ആനുകൂല്യങ്ങൾ നൽകിയാൽ ഈ രംഗത്ത് കർഷകരെ ഉറപ്പിച്ചു നിർത്താൻ സഹായകരമാകും. നാളികേരത്തിൽ നിന്നും വിവിധ ഉൽപന്നങ്ങൾ നിർമിക്കുന്നതിനുള്ള സാധ്യതകൾ പരിഗണിക്കുകയും അതിനുള്ള വിദഗ്ധ ഉപദേശവും സൗകര്യവും ചെയ്തു കൊടുക്കുകയും വേണം. ചിരട്ട പൗഡർ, ചിരട്ടക്കരി എന്നിവ പെയിൻറ് നിർമാണം,

മൈക്ക നിർമ്മാണം എന്നീ വ്യവസായ രംഗങ്ങളിൽ ഒഴിച്ചു കൂടാനാവാത്ത അസംസ്കൃത വസ്തുക്കളാണ്. ചിരട്ട പൗഡറാക്കുന്നതിനും കതിനിർമ്മിക്കുന്നതിനും ആവശ്യമായ യൂണിറ്റുകൾ ഉണ്ടാക്കണം. തൊണ്ട് അഴുക്കി ചകിരിനാര് ഉണ്ടാക്കാനുള്ള സൗകര്യങ്ങൾ ഈ ഗ്രാമത്തിലില്ല. അതുകൊണ്ട് യാന്ത്രിക സഹായത്തോടെ പച്ചത്തൊണ്ടിൽ നിന്നും ചകിരിനാര് ഉണ്ടാക്കാനുള്ള യൂണിറ്റുകൾ ഉണ്ടായാൽ കേരകർഷകർക്ക് തേങ്ങയ്ക്ക് മതിയായ വില ലഭിക്കുമെന്നു മാത്രമല്ല, ഇതുമൂലം കുറേ പേർക്ക് തൊഴിൽ ലഭിക്കുന്നതുമാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ കേരകർഷകന് കർഷക തൊഴിലാളികളുടെ കൂലിവർധനവും രാസവളങ്ങളുടെ അമിതമായ വിലവർധനവും മൂലം ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതകൾ കണക്കിലെടുത്ത് കായ്ഫലം ഉള്ള തെങ്ങൊന്നിന് ഒരു വർഷം 15 രൂപ ക്രമത്തിൽ സാമ്പത്തിക സഹായം നൽകേണ്ടതാണ്.

റബർ

റബർ കൃഷിയുടെ രംഗത്ത് സംസ്ഥാന റബർ ബോർഡ് ഇപ്പോൾ തന്നെ നടത്തിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ വളരെ വിലപ്പെട്ടതാണ്. റബർ തൈകൾ തിരഞ്ഞെടുക്കുന്നതു മുതൽ ടാപ്പിംഗ് വരെയുള്ള എല്ലാ രംഗങ്ങളിലും റബർ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള റബർ കർഷകരുടെ പ്രവർത്തനങ്ങളിൽ എല്ലാം യഥാസമയം ശ്രദ്ധിക്കുകയും വിദഗ്ധ ഉപദേശം നൽകുകയും കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിലാവാം ഗ്രാമതലത്തിലുള്ള കൃഷിഭവനുകളുടെ പ്രവർത്തന പരിധിയിൽ റബർകൃഷി ഉൾപ്പെടുത്തിയിട്ടില്ല. റബർ ബോർഡുമായി ബന്ധപ്പെടാതെ തന്നെ റബർകൃഷി നടത്തുന്ന അനവധി കൃഷിക്കാരുണ്ട്. അതുകൊണ്ട് ഗ്രാമത്തിലെ റബർ കൃഷിയും കൃഷിഭവനുകളുടെ പ്രവർത്തന മേഖലയിൽ കൊണ്ടു വരേണ്ടതാണ്.

കല്ലറ ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതൽ പ്രധാനപ്പെട്ട കൃഷി റബറായി മാറിക്കഴിഞ്ഞിട്ട് പതിറ്റാണ്ടുകൾ കഴിഞ്ഞു. ഗ്രാമത്തിലെ റബറിന്റെ ആവിർഭാവത്തിന് 35 വർഷത്തിലധികം പഴക്കമില്ല. ഇന്ന് റബർ സാർവത്രികമായിരിക്കുന്നു. നമ്മുടെ ഗ്രാമത്തിന്റെ ഭൂപ്രകൃതി പരിഗണിക്കുമ്പോൾ എല്ലാ സ്ഥലത്തും കൃഷി ചെയ്യാവുന്ന ഒരു നാണ്യവിളയാണ് ഇത്. കൃഷിഭവൻ രേഖയനുസരിച്ച് 3870.49 ഏക്കർ സ്ഥലത്ത് റബർ കൃഷി ചെയ്യുന്നുണ്ട്. ഇത് പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 58.53 ശതമാനമാണ് എന്നതു തന്നെ റബർ പഞ്ചായത്തിന്റെ കാർഷിക മേഖലയെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് ബോധ്യപ്പെടുത്തുന്നു. പഞ്ചായത്തിലെ ഉത്പാദനം പ്രതിവർഷം 31,34,000 കി.ഗ്രാം റബറാണ്. ഉത്പാദനക്ഷമത ഹെക്ടറിന് 2000 കിലോഗ്രാമാണ്. അത്യുൽപാദന ശേഷിയുള്ള RRII - 105, TRI M 600, GT-1 എന്നീ ഇനങ്ങളാണ് കൃഷിചെയ്യുവരുന്നത്. എന്നാൽ കൂടുതലായി കൃഷി ചെയ്തു വരുന്നത് RRII-105 ആണ്. ചെങ്കുത്തായ താഴ്വാരകളിലും ഇത് ധാരാളമായി കൃഷി ചെയ്യുന്നതു കൊണ്ട് ഒരു പരിധിവരെ മണ്ണൊലിപ്പ് തടയുന്നതും ആശ്വാസകരമാണ്. റബർ കൃഷിയെ ബാധിക്കുന്ന രോഗങ്ങളാണ് പട്ട മരവിപ്പ്, പട്ട ചീയൽ, കറ പൊട്ടിയൊലിക്കൽ, ചീക്ക്, ഇലപ്പുള്ളി എന്നിവ.

റബർ കൃഷിയുടെ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ ശാസ്ത്രീയമായ പരിചരണത്തെ കുറിച്ചുള്ള അവബോധം കൃഷിക്കാർക്ക് കുറവാണ്. പുതുതായി സ്വീകരിക്കപ്പെട്ട കൃഷി എന്ന നിലയിൽ പരമ്പരഗതമായ അറിവ് വിരളമാണ്. അതുകൊണ്ടുതന്നെ ഈ രംഗത്തെ ബോധവൽക്കരണം അത്യന്താപേക്ഷിതമായിരിക്കുന്നു. റബറിന്റെ വിലയിൽ ഉണ്ടായിരിക്കുന്ന അസ്ഥിരത കൃഷിക്കാരെ ഭീതിപ്പെടുത്തുന്ന ഒരു വസ്തുതയാണ്. റബറിന്റെ വില നിയന്ത്രിക്കുന്നത് സംസ്ഥാനത്തിനു വെളിയിലുള്ള വ്യവസായ ലോബിയാണ്. റബറിന്റെ കാലാകാലങ്ങളിൽ ഉണ്ടാകുന്ന ഇറക്കുമതിയും പ്രതികൂലമായി ബാധിക്കുന്ന പ്രധാനപ്പെട്ട പ്രശ്നമാണ്. സ്വകാര്യ മേഖലയിൽ റബർ നഴ്സറികൾ നടത്തുന്നത് ഇന്ന് ആദായകരമായ സംഗതിയാണ്. ദീർഘകാല വിളയായ റബറിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ യാതൊരു ഉത്തരവാദിത്വവും ഇല്ലാത്ത അവസ്ഥയാണ് ഇന്നുള്ളത്. ആറോ ഏഴോ വർഷം പരിചരിച്ച് ടാപ്പിംഗിനുള്ള സമയമാകുമ്പോൾ ആയിരിക്കും കർഷകൻ നട്ടുവളർത്തിയ റബറിന്റെ യഥാർഥ നിലവാരം മനസിലാക്കാൻ കഴിയുക. റബർ കൃഷി ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര മാർഗങ്ങൾ താഴെപ്പറയുന്ന പ്രകാരം ചിട്ടപ്പെടുത്താം.

1) ഗുണനിലവാരം ഉള്ളതും അത്യുൽപാദന ശേഷിയുള്ളതുമായ റബർ തൈകൾ ശാസ്ത്രീയമായി തയ്യാർ ചെയ്ത് വിതരണം ചെയ്യുക. അതിന് കൃഷിഭവൻ നേരിട്ടോ കൃഷിഭവന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും സ്വകാര്യ വ്യക്തികൾക്ക് അംഗീകാരം നൽകിയോ ഇത് ഉൽപാദിപ്പിക്കാവുന്നതാണ്. ഈ തൈകളാണ് കർഷകർ ഉപയോഗിക്കുന്നതെന്ന് ഉറപ്പു വരുത്തണം.

2) തൈകൾ നടുന്നതിനും അതിനുള്ള പരിചരണത്തിനും ശാസ്ത്രീയമായ അവബോധം ലഭ്യമാക്കുകയും കാലാകാലങ്ങളിൽ ചെയ്യുന്ന പരിചരണങ്ങൾക്ക് കൃഷിഭവൻ മേൽനോട്ടം വഹിക്കുകയും ചെയ്യുക.

3) മണ്ണിന്റെ ജൈവാംശം നിലനിർത്തുന്നതിന്റെ പ്രാധാന്യത്തെ കുറിച്ച് കൃഷിക്കാർക്ക് ബോധവൽക്കരണം നടത്തുക.

4) മണ്ണ് കാലാകാലങ്ങളിൽ പരിശോധിച്ച് ആവശ്യാനുസൃതമായ വളപ്രയോഗം നടത്തുന്നതിന് കൃഷിക്കാരെ സഹായിക്കുക.

5) റബറിനെ ബാധിക്കുന്ന രോഗങ്ങൾക്ക് ശാസ്ത്രീയമായ പ്രതിവിധി നിർദ്ദേശിക്കുകയും വിദഗ്ധരുടെ നിർദ്ദേശാനുസരണം അവ നിർവഹിക്കുന്നതിന് കൃഷിക്കാരെ സഹായിക്കുകയും ചെയ്യുക.

6) ശാസ്ത്രീയമായ ഗുണനിലവാരമുള്ള റബർ ഷീറ്റ് തയ്യാറാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കുക. അതിന് പഞ്ചായത്തിലെ ഓരോ വാർഡിലും പാൽ സംഭരിക്കുന്നതിനും ഗുണനിലവാരമുള്ള ഷീറ്റുകൾ തയ്യാറാക്കുന്നതിനും ഉള്ള യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. റബറിന്റെ വിലയിൽ പ്രാദേശികമായ വ്യത്യാസങ്ങൾ ഉണ്ട്. പൊതുവിലയിൽ തന്നെ ദിവസംപ്രതി ഉണ്ടായികൊണ്ടിരിക്കുന്ന വ്യത്യാസം ആശങ്ക ഉണർത്തുന്നതാണ്. ഇത് ഒഴിവാക്കുന്നതിന് റബറിന് തറവിലയായി കിലോഗ്രാമിന് 50 രൂപ നിശ്ചയിക്കുകയും സംഭരിക്കുന്നതിന് സർക്കാർ തലത്തിൽ സംവിധാനം ഏർപെടുത്തുകയും ചെയ്യണം.

7) റബർ ഷീറ്റുകൾ നിർമ്മിക്കുന്നതിനുള്ള യാന്ത്രിക സംവിധാനങ്ങളും ആസിഡ് പോലുള്ള രാസപദാർഥങ്ങളും കുറഞ്ഞ വിലയിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

8) റബറിന്റെയും ബന്ധപ്പെട്ട മറ്റു സാധനങ്ങളുടെയും വിപണനത്തിനും വിതരണത്തിനും നിലവിലുള്ള റബർ ഉത്പാദന സഹകരണ സംഘങ്ങളെ ചുമതലപ്പെടുത്തുക.

9) റബർ തടി ശാസ്ത്രീയ സങ്കേതങ്ങൾ ഉപയോഗിച്ച് എല്ലാത്തരം ഗാർഹിക ഉപകരണങ്ങളും നിർമ്മിക്കാൻ കഴിയും. അതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ സംരംഭങ്ങൾ ഉണ്ടാകണം.

10) നിലവിലുള്ള റബർ ഉത്പാദക സഹകരണസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും വിപണനരംഗത്ത് സജീവ സാന്നിധ്യം ഉറപ്പു വരുത്തുകയും വേണം.

കുരുമുളക്

പഞ്ചായത്ത് പ്രദേശത്ത് റബർ ആധിപത്യം ഉറപ്പിക്കുന്നതിനു മുമ്പ് ഏതാണ്ട് 1960 വരെ നമ്മുടെ പ്രദേശത്തിന്റെ സാമ്പത്തിക രംഗത്ത് ആധിപത്യം സ്ഥാപിച്ചിരുന്ന ഒരു നാണ്യവിളയാണ് കുരുമുളക്. താരതമ്യേന കുറഞ്ഞ തോതിലുള്ള പരിചരണവും കൂടുതൽ ആദായം ലഭിക്കുന്ന റബറിന്റെ കടന്നുകയറ്റം കുരുമുളക് കൃഷിയെപ്പോലും പുറന്തള്ളിയിരിക്കുന്നു. 1950 കളുടെ ആദ്യപകുതിയിൽ കുരുമുളകിന് അപ്രതീക്ഷിതമായുണ്ടായ വിലവർധനവാണ് കർഷകരെ ഈ രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ പ്രേരിപ്പിച്ചത്. എങ്കിലും തുടർന്ന് കുരുമുളകിലുണ്ടായ വമ്പിച്ച വിലയിടിവ് കൃഷിക്കാരുടെ ശ്രദ്ധ ഈ രംഗത്തുനിന്ന് തിരിച്ചുവിടാൻ പ്രേരകമായിരുന്നു. റബറിനെ പ്രധാന കൃഷിയായി സ്വീകരിക്കാൻ കൃഷിക്കാരെ പ്രേരിപ്പിച്ച സംഗതിയും ഇതുതന്നെയാണ്. കൃഷിഭൂമിയിൽ 59 ശതമാനത്തോളം റബർ കൃഷിക്കു വേണ്ടി മാറുകയും ജനസംഖ്യാനുപാതികമായി വർധിച്ചുവരുന്ന ഭവനങ്ങൾക്കും അനുബന്ധ സൗകര്യങ്ങൾക്കും വേണ്ടി ഉപയോഗിക്കുകയും ചെയ്തപ്പോൾ സ്ഥലപരിമിതി ഒരു പ്രശ്നമാവുകയും ചെയ്തു. കെട്ടിടം പണിക്കും മറ്റും വേണ്ടി പറമ്പുകളിലെ വൃക്ഷങ്ങൾ മുറിച്ചു മാറ്റിയപ്പോൾ കുരുമുളക് കൊടി പടർത്തുന്നതിനുള്ള താങ്ങുവൃക്ഷങ്ങളും ഇല്ലാതായി. ആദ്യകാലങ്ങളിൽ സമൃദ്ധമായി ഉണ്ടായിരുന്ന വിവിധയിനം വൃക്ഷങ്ങളിലെല്ലാം കുരുമുളക് വള്ളി പടർത്തി പരിചരിച്ചിരുന്ന നമ്മുടെ പ്രദേശത്ത് കുരുമുളക് കൃഷിക്ക് പ്രത്യേകമായി താങ്ങുവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കേണ്ട അവസ്ഥ വന്നിരിക്കുന്നു. കുരുമുളക് കൃഷിക്ക് വ്യാപകമായ രോഗബാധയില്ല. പ്രത്യേകമായി ജലസേചനം ആവശ്യമില്ലാത്ത ഒരു കൃഷിയാണിത്. ഇന്നും ജൈവവളങ്ങൾ മാത്രമാണ് ഈ കൃഷിക്ക് ഉപയോഗിച്ചു വരുന്നത്. പച്ചിലയും ചാണകവും ചാരവുമാണ് പ്രധാന വളമായി ഉപയോഗിക്കുന്നത്. രാസവള പ്രയോഗം വ്യാപകമായിട്ടില്ല. ജൈവവളങ്ങളുടെ കുറവ് വിളവിന്റെ തോതിൽ കുറവ് വരുത്തുന്നുണ്ട്. വർഷാരംഭത്തിൽ ചുവട്ടിൽ ചവറിട്ട് തടം മൂടൽ യഥാസമയം കൊടിത്തലകൾ താങ്ങുവൃക്ഷത്തിൽ ചേർത്തു കെട്ടുക എന്നിവയാണ് പ്രധാന പരിചരണങ്ങൾ. രോഗബാധ അപൂർവമായതു കൊണ്ട് അതിനെതിരെ മരുന്നുതളി പോലുള്ള സംരക്ഷണ നടപടികൾ ആവശ്യമില്ല എന്നു തന്നെ പറയാം.

തെങ്ങിൽ കുരുമുളക് പടർത്തണമെന്ന് കൃഷിവകുപ്പ് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും കുരുമുളക് പടർത്തുന്ന തെങ്ങിന് എത്ര വളം നൽകിയാലും കായ്ഫലം കുറയുകയും തെങ്ങിന്റെ വളർച്ച മുരടിക്കുകയും ചെയ്യുമെന്ന് കൃഷിക്കാർ അനുഭവത്തിൽ നിന്നും പറയുന്നു. വാർഷിക വിളയായ കുരുമുളകിന്റെ വിലയിൽ ഉണ്ടായിരിക്കുന്ന അസ്ഥിരത കൃഷിക്കാരെ പലപ്പോഴും നിരാശപ്പെടുത്തുന്നുണ്ട്. കുരുമുളക് കൃഷിയിൽ നാടൻ ഇനങ്ങളായ കൊറ്റിനാടൻ, അമ്പിരിയൻ എന്നീ ഇനങ്ങളാണ് സാർവത്രികമായി കൃഷി ചെയ്തു വരുന്നതും കൂടുതൽ വിളവ് തരുന്നതും കരിമുണ്ട, പന്നിയൂർ 1 എന്നീ ഇനങ്ങൾ പല കൃഷിക്കാരും പരീക്ഷിച്ചു നോക്കിയിട്ടുണ്ടെങ്കിലും നമ്മുടെ നാട്ടിൽ കൂടുതൽ ഇണങ്ങുന്നത് കരിമുണ്ടയാണ്. എന്തായാലും നമ്മുടെ നാട്ടിന്റെ സാമ്പത്തിക സ്ഥിതിയെ ഇന്നും ഏറെ സ്വാധീനിക്കുന്ന ഒരു നാണ്യവിളയാണ് കുരുമുളക്.

അതുകൊണ്ട് ഈ രംഗത്ത് കൃഷിക്കാർക്ക് വേണ്ട പരിരക്ഷയും പ്രോത്സാഹനവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

കൃഷിക്കാരെ ഈ രംഗത്ത് ഉറപ്പിച്ചു നിർത്തുന്നതിന് താഴെ കൊടുക്കുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

1) നമ്മുടെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും ഇണങ്ങുന്നതുമായ അത്യുൽപാദന ശേഷിയുള്ളതുമായ തൈകൾ സൗജന്യമായി കൃഷിക്കാർക്ക് നൽകണം. താങ്ങുവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതിന് ധനസഹായം നൽകുക. റബർ ബോർഡിന്റെ മാതൃകയിൽ കുരുമുളക് കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും സാമ്പത്തിക സഹായം തുടങ്ങിയ ആശ്വാസ നടപടികൾ സ്വീകരിക്കുന്നതിനും ഉതകത്തക്ക വണ്ണം പ്രത്യേകമായി കുരുമുളക് ബോർഡ് സ്ഥാപിക്കുകയും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയും ചെയ്യുക.

2) അശാസ്ത്രീയമായ സംസ്കരണ മുറകൾ നമ്മുടെ കയറ്റുമതി രംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതൊഴിവാക്കുന്നതിന് ശാസ്ത്രീയമായ സംസ്കരണ ബോധവൽക്കരണം നടത്തണം. കുരുമുളകിന്റെ വിപണനരംഗത്ത് സർക്കാരിന്റെ സജീവ സാന്നിധ്യം ഉറപ്പാക്കണം.

3) വിലനിലവാരം നിയന്ത്രിക്കുന്നത് ബാഹ്യശക്തികളാണ്. കുരുമുളകിന് തറവില നിശ്ചയിക്കുകയും സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ സംഭരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

4) മഴയെ മാത്രം ആശ്രയിക്കുന്ന ഒരു കൃഷിയെന്ന നിലയിൽ പലപ്പോഴും വിളവിന് ഭീമമായ ഏറ്റക്കുറച്ചിൽ അനുഭവപ്പെടുന്നുണ്ട്. കൂടാതെ പ്രകൃതിക്ഷോഭം കൊണ്ട് കുരുമുളക് കൊടികൾ അപ്പാടെ നശിച്ചു പോകാറുണ്ട്. ഇതിന് ആശ്വാസ നടപടികളെന്ന നിലയിൽ സൗജന്യമായ വിള ഇൻഷുറൻസ് ഏർപെടുത്തണം.

5) ജോലിക്കൂലിയിൽ വന്ന വർധനവും ജൈവ വളങ്ങൾ സംഭരിക്കുന്നതിനു വേണ്ടിവരുന്ന ഭാരിച്ച ചെലവും കണക്കിലെടുത്ത് കൊടിയൊന്നിന് 15 രൂപ വാർഷിക ധനസഹായം ചെയ്യണം.

കമുക്

ഏതാണ്ട് 1960 വരെയുള്ള കാലങ്ങളിൽ കൃഷിക്കാർക്ക് ഗണ്യമായ ആദായം നൽകിയിരുന്ന ഒരു നാണ്യവിളയായിരുന്ന കമുക്. ഈർപ്പമുള്ള മണ്ണിൽ പ്രത്യേക പരിചരണമൊന്നും കൂടാതെ ആദായം നൽകിയിരുന്നു എന്നതാണ് കമുക് കൃഷിയുടെ ഒരു പ്രത്യേകത. മറ്റൊന്ന് ഇതര നാണ്യവിളകൾ ഒന്നും ലഭിക്കാത്ത പഞ്ഞമാസങ്ങളായ മിഥുനം മുതൽ വൃശ്ചികം - ജൂലൈ മുതൽ ഒക്ടോബർ വരെയുള്ള കാലങ്ങളിൽ കർഷകന് വളരെയേറെ ആശ്വാസം പകർന്നിരുന്ന ഒരു കൃഷിയായിരുന്ന കമുക്.

കമുക് കൃഷി ഇന്ന് നാശോന്മുഖമായിരിക്കുന്നു. അതിനുള്ള പ്രധാന കാരണം ഇന്നുവരെ പ്രതിവിധി കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ലാത്ത മഹാമാരി എന്ന രോഗമാണ്. ഓലകൾക്ക് മഞ്ഞനിറം ബാധിക്കുകയും വളർച്ച നിന്നു മുരടിച്ചുപോകുകയും ചെയ്യുന്ന രോഗമാണിത്. ആരംഭത്തിൽ ബോർഡോ മിശ്രിതം പോലുള്ള മരുന്നുകൾ തളിച്ചെങ്കിലും യാതൊരു പ്രയോജനവും ഉണ്ടാകാത്തതു കൊണ്ടും മറ്റു വിദഗ്ധ ഉപദേശങ്ങൾ ലഭിക്കാത്തതിനാലും സംരക്ഷണ നടപടികളിൽ നിന്ന് കൃഷിക്കാർ വിമുഖരായി. ഉണ്ടായിരുന്ന കമുകിൻ തോട്ടങ്ങൾ അപ്പാടെ നാമാവശേഷമായി. ഒറ്റയ്ക്ക് വളർത്തുമ്പോൾ വയൽവരമ്പുകൾ പോലും കമുക് കൃഷിക്ക് ഉപയോഗിച്ചിരുന്നു. മറ്റേതൊരു കൃഷിക്കും ഇടവിളയായി കമുക് കൃഷി ചെയ്യാമെന്നത് ഒരു പ്രത്യേകതയാണ്. നമ്മുടെ ഗ്രാമത്തിൽ രോഗം ബാധിക്കാത്തതായി അപൂർവമായെങ്കിലും കമുകുകൾ അവശേഷിക്കുന്നു. കൃഷിവേൻ രേഖ അനുസരിച്ച് 20H സ്ഥലത്ത് ഇപ്പോഴും കൃഷിയുണ്ട്. 60,00,000 ത്തോളം അടയ്ക്ക ഉൽപാദിപ്പിക്കുന്നുണ്ട്. ഇത് തെളിയിക്കുന്നത് രോഗപ്രതിരോധ ശേഷിയുള്ള തൈകൾ കിട്ടുമെങ്കിൽ ഈ കൃഷിയെ ഇനിയും പുനരുജ്ജീവിപ്പിക്കാം എന്നാണ്. 100 അടയ്ക്കക്ക് 30 രൂപ വില കണക്കാക്കിയാൽ 18 ലക്ഷം രൂപയുടെ വാർഷിക വരുമാനം ഇന്നും അവശേഷിക്കുന്ന കമുകുകൾ നേടിത്തരുന്നുണ്ട്. കമുക് കൃഷിയെ സംരക്ഷിക്കുന്നതിന് വളരെ ലളിതമായ മാർഗങ്ങൾ സ്വീകരിച്ചാൽ മതിയാകും. രോഗപ്രതിരോധ ശേഷിയുള്ള കമുകിൻ തൈകൾ കൃഷിക്കാരന് നൽകുക.

ഈർപ്പമുള്ള എല്ലാ സ്ഥലങ്ങളിലും കമുക് കൃഷി ചെയ്യുന്നതിന് കർഷകന് പ്രോത്സാഹനം നൽകുക.

റബർ തോട്ടങ്ങളുടെ അരികിൽ നട്ടുപിടിപ്പിക്കുന്നതിന് കൃഷിക്കാരനെ പ്രേരിപ്പിക്കുക.

കേര വികസന സമിതികളെ കമുകിന്റെ സംരക്ഷണ ചുമതല കൂടി ഏൽപിക്കുക.

കർഷകന് അടയ്ക്കക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

കശുമാവ്

40 വർഷങ്ങൾക്കു മുമ്പ് നാടിന്റെ സാമ്പത്തിക മേഖലയെ കാര്യമായി സ്വാധീനിച്ചിരുന്ന ഒരു നാണ്യവിളയായിരുന്ന കശുമാവ്. പ്രത്യേകമായ പരിചരണമൊന്നും കൂടാതെ ആദായം നൽകിയിരുന്ന ഒരു

വാർഷിക വിളയാണിത്. നമ്മുടെ പ്രദേശത്തിന്റെ ഏതു ഭൂവിഭാഗങ്ങളിലും സമൃദ്ധിയായി വളരുകയും വിളവു നൽകുകയും ചെയ്തിരുന്നു. ചെങ്കുത്തായി ചരിഞ്ഞ പ്രദേശങ്ങളിലെ മണ്ണൊലിപ്പും ഒരുപരിധിവരെ നിയന്ത്രിക്കുന്നതിന് സഹായിച്ചിരുന്നു. എല്ലാ പറമ്പുകളിലെയും സാർവത്രികമായ ഒരു കൃഷിയായിരുന്ന കശുമാവ്. കശുവണ്ടിയോടൊപ്പം പാചകാവശ്യത്തിന് വിറക് നൽകുന്ന കാര്യത്തിലും കശുമാവ് വളരെയേറെ സഹായകമായിരുന്നു. പ്രത്യേക രോഗബാധയോ കീടബാധയോ ഈ കൃഷിയെ ബാധിച്ചിരുന്നില്ല.

റബർകൃഷി സാർവത്രികമായതോടെയാണ് കശുമാവ് സ്വാഭാവികമായി ക്ഷയിച്ചുപോയത്. കശുവണ്ടിയുടെ വിലയിലുള്ള അസ്ഥിരതയും കൃഷിക്കാരെ ഈ മേഖലയിൽ നിന്നും പിന്തിരിപ്പിച്ചിട്ടുണ്ട്. നമ്മുടെ കൃഷിയിടങ്ങളുടെ സ്ഥലപരിമിതി പടർന്നു പന്തലിച്ച് വൻവൃക്ഷങ്ങളായി വളരുന്ന നാടൻ ഇനങ്ങൾ കൃഷി ചെയ്യുന്നതിൽ നിന്നും കർഷകരെ പിന്തിരിപ്പിച്ചു. വൃവസായ തൊഴിൽ മേഖലയിൽ കാര്യമായ സ്വാധീനം ചെലുത്തുന്ന കശുമാവ് കൃഷി അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്. നാടിന്റെ മാത്രമല്ല സംസ്ഥാനത്തിന്റെ പൊതു താൽപര്യം സംരക്ഷിക്കുന്നതിനും ഇതാവശ്യമാണ്. അതുകൊണ്ട് കശുമാവ് കൃഷിയെ പരിപോഷിപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കണം.

1) നമ്മുടെ കൃഷിയിടങ്ങളുടെ പരിമിതികൾക്ക് അനുയോജ്യമായ പടർന്നു പന്തലിച്ച് വൻവൃക്ഷങ്ങളാകാത്ത അത്യുൽപാദന ശേഷിയുള്ള പുതിയ ഇനങ്ങൾ കണ്ടെത്തുകയും സൗജന്യമായി കൃഷിക്കാർക്ക് വിതരണം ചെയ്യുകയും വേണം.

2) പാഴായിപ്പോകുന്ന കശുമാങ്ങ സംസ്കരിച്ച് ഭക്ഷണപാനീയങ്ങൾ നിർമ്മിക്കുന്നതിന് വളരെയേറെ സാധ്യതയുണ്ട്. ഇതിന് വേണ്ടത്ര പ്രോത്സാഹനം നൽകണം.

3) കശുവണ്ടി വിലയിലെ അസ്ഥിരത ഒഴിവാക്കുന്നതിനും ന്യായമായ വില ഉറപ്പുവരുത്തുന്നതിനും തറവില നിശ്ചയിക്കുകയും സർക്കാർ ഏജൻസി മുഖാന്തിരം സംഭരിക്കുകയും ചെയ്യുക.

മരച്ചീനി

നെടുമങ്ങാട് താലൂക്കിലെ ഏറ്റവും വലിയ കൃഷിയായി കണക്കാക്കിയിരുന്ന ഒരു ക്ഷേത്രവിളയാണ് മരച്ചീനി. രണ്ടാം ലോകമഹായുദ്ധത്തെ തുടർന്ന് നമ്മുടെ നാട്ടിലുണ്ടായ രൂക്ഷമായ ക്ഷാമകാലത്ത് പ്രദേശത്തെ ജനങ്ങളുടെ ആഹാരത്തിൽ 80 ശതമാനത്തിലേറെ മരച്ചീനിയായിരുന്നു. ഈ പ്രദേശത്തെ മാത്രമല്ല തീരദേശങ്ങളായ പിറയിൻകീഴ്, വക്കം, കടയ്ക്കാവൂർ മേഖലകളിലെ ക്ഷേത്രക്ഷാമം പരിഹരിക്കുന്നതിനും നമ്മുടെ മരച്ചീനികൃഷി സഹായിച്ചിരുന്നു. ഇത് ക്ഷേത്രാവശ്യത്തിനു മാത്രമല്ല, നാടൻ വാണിജ്യാവശ്യത്തിനു കൂടി വേണ്ടിയാണ് കൃഷി ചെയ്തിരുന്നത്. വിളവെടുപ്പ് സമയം കഴിഞ്ഞാലും ഒരു വർഷത്തോളം കേടുകൂടാതെ ഉപയോഗിക്കാവുന്ന നാടൻ ഇനങ്ങളായ `കരിന്തണ്ടൻ' തണ്ടുചുവപ്പൻ' തുടങ്ങിയവ കൃഷി ചെയ്തിരുന്നതു കൊണ്ടും വിവിധ കാലങ്ങളിൽ വിളവെടുക്കാവുന്ന ഇനങ്ങൾ കൃഷി ചെയ്തിരുന്നതുകൊണ്ടും വർഷത്തിൽ എല്ലാക്കാലത്തും മരച്ചീനി സുലഭമായിരുന്നു. മണ്ണിന്റെ ജൈവഗുണം കൂടുതലുണ്ടായിരുന്ന അക്കാലത്ത് മരച്ചീനിക്ക് പ്രത്യേകം വളപ്രയോഗം ആവശ്യമായിരുന്നില്ല. വ്യാപകമായി കൃഷി ചെയ്തിരുന്നതു കൊണ്ട് എലി, കീരി തുടങ്ങിയ ജന്തുക്കളുടെ ഉപദ്രവവും താരതമ്യേന കുറവായിരുന്നു. 1940 കളുടെ രണ്ടാം പകുതിയിൽ മരച്ചീനി മാവു നിർമ്മാണം ഒരു കുടിൽ വ്യവസായമായിത്തന്നെ നമ്മുടെ നാട്ടിൽ നിലനിന്നിരുന്നു. പിൽക്കാലത്ത് 1953-ൽ അധികാരത്തിൽ വന്ന ആദ്യ പഞ്ചായത്തുകമ്മിറ്റി ഒരു സ്റ്റാർച്ച് ഫാക്ടറി കല്ലറ കേന്ദ്രമായി സ്ഥാപിക്കുന്നതിന് സർക്കാരിനോട് അഭ്യർഥിക്കുന്നതിന് ഒരു പ്രമേയത്തിലൂടെ തീരുമാനിച്ചതു തന്നെ അക്കാലത്തെ മരച്ചീനികൃഷിക്ക് നമ്മുടെ നാട്ടിലുള്ള പ്രാധാന്യം വ്യക്തമാക്കുന്നു.

മരച്ചീനി കൃഷിയുടെ അപചയത്തിനുള്ള പ്രധാന കാരണം റബറിന്റെ കടന്നുകയറ്റം തന്നെയാണ്. ശേഷിച്ച ഭൂമിയിൽ തെങ്ങ്, കുരുമുളക് തുടങ്ങി മറ്റു കൃഷികൾക്ക് ഉപയോഗിക്കുന്ന സ്ഥലമൊഴിച്ചാൽ മരച്ചീനി കൃഷിക്ക് ഉപയോഗിക്കാൻ കഴിയുന്ന സ്ഥലം വളരെ പരിമിതമാണ്. നമ്മുടെ കൃഷിവേൻ രേഖകൾ അനുസരിച്ച് പഞ്ചായത്തിലൊട്ടാകെ 200 ഹെക്ടർ സ്ഥലമാണ് മരച്ചീനി കൃഷിക്ക് ഉപയോഗിക്കുന്നത്. അത് പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 7.53 ശതമാനം മാത്രമാണ്. ഒട്ടാകെ 4000 ടൺ മരച്ചീനി ഉൽപാദിപ്പിക്കുന്നു. പറമ്പുകളിൽ വ്യാപകമായി കൃഷി ഇല്ലാത്തതുകൊണ്ട് അൽപമാത്ര സ്ഥലങ്ങളിൽ കൃഷി ചെയ്യുന്ന കർഷകരെ ബാധിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് എലി, കീരി തുടങ്ങി ജന്തുക്കളുടെ ഉപദ്രവം. അതുകൊണ്ട് അവശേഷിക്കുന്ന കരപ്പുരയിടങ്ങളിൽ മരച്ചീനി കൃഷി ചെയ്യാൻ കൃഷിക്കാർ തയ്യാറാകുന്നില്ല. ചെറുവാളം പ്രദേശങ്ങളിൽ കാട്ടുപന്നികളുടെ ഉപദ്രവം മരച്ചീനി കൃഷിക്ക് ഒരു ഭീഷണിയായി തീർന്നിരിക്കുന്നു. ഇപ്പോഴത്തെ മണ്ണിന്റെ ജൈവാംശത്തിൽ ഉണ്ടായി കൊണ്ടിരിക്കുന്ന ശോഷണവും മാറിക്കൊണ്ടിരിക്കുന്ന മറ്റു സാഹചര്യങ്ങൾക്ക് ഇണങ്ങുന്നതും അത്യുൽപാദന ശേഷിയുള്ളതുമായ മരച്ചീനി ഇനങ്ങളുടെ അഭാവവും

മറ്റൊരു കാര്യമാണ്. സാധാരണ ഈ പ്രദേശത്ത് വ്യാപകമായി കൃഷി ചെയ്യുന്നത് താരതമ്യനേ മൂപ്പു കൂടിയ ഇനമായ എം. 4 ആണ്. ഏകദേശം പത്തു മാസത്തോളം മൂപ്പുള്ള ഇനമാണിത്. ആറുമാസക്കാലം കൊണ്ട് പ്രായമെത്തുന്ന ഒരിനം മരച്ചീനി അപൂർവമായിട്ടെങ്കിലും ഈ ഭാഗത്ത് പ്രചരിച്ചു തുടങ്ങിയിരുന്നു. മൂപ്പു കുറഞ്ഞ പുതിയ ഇനങ്ങൾ കൃഷി ചെയ്യുമ്പോൾ പ്രത്യേക രീതിയിലുള്ള വളപ്രയോഗവും പരിചരണ മുറകളും ആവശ്യമാണ്. അതിനെ കുറിച്ചുള്ള ശരിയായ അവബോധത്തിന്റെ അഭാവവും ഒരു പ്രശ്നം തന്നെയാണ്. പുതിയ ഇനങ്ങൾക്ക് വ്യാപിക്കുന്ന ഇലമുടിക്കൽ രോഗം മൊസൈക് എന്ന ഇലപ്പുള്ളി രോഗം എന്നിവ വിളവിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഈ രോഗങ്ങൾക്ക് ഫലപ്രദമായ പ്രതിവിധി ഇതുവരെ ഉണ്ടായിട്ടില്ല എന്നതാണ് മറ്റൊരു പ്രശ്നം. രോഗബാധയില്ലാത്ത വിത്തു കമ്പുകൾ തെരഞ്ഞെടുക്കുക എന്നതാണ് കൃഷിവിദഗ്ധർ ഉപദേശിക്കുന്ന ഏക മാർഗം. ഇപ്പോൾ ഈ പ്രദേശത്ത് കൃഷി ചെയ്യുന്ന മരച്ചീനി പ്രാദേശീകമായ ഭക്ഷണാവശ്യത്തിനു മാത്രമാണ് ഉപയോഗിക്കുന്നത്. കല്ലറച്ചന്തയാണ് മരച്ചീനിയുടെ പ്രധാന വിപണന കേന്ദ്രം. കൃഷിക്കാരുടെ വീടുകളിലും ഗണ്യമായ തോതിൽ കച്ചവടം നടത്തുന്നുണ്ട്. ഇപ്പോൾ മരച്ചീനി കൃഷിക്ക് വേണ്ടിവരുന്ന രാസവളത്തിന്റെ വിലയും വർധിച്ചുകൊണ്ടിരിക്കുന്ന കൂലിച്ചെലവും ജന്തുക്കളിൽ നിന്നുണ്ടാകുന്ന ഉപദ്രവവും കണക്കാക്കുമ്പോൾ മരച്ചീനി കൃഷി ആകർഷകമായ ഒരു കൃഷിയല്ലാതായി തീർന്നിട്ടുണ്ട്. മരച്ചീനി കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന പരിഹാര മാർഗങ്ങൾ സ്വീകരിക്കാവുന്നതാണ്.

പ്രധാനമായും സ്വീകരിക്കേണ്ട നടപടി എലിനശീകരണമാണ്. ഇന്ന് അവലംബിച്ചുവരുന്ന മാർഗങ്ങൾ വർധിച്ചുവരുന്ന എലികളെ നശിപ്പിക്കാൻ അപര്യാപ്തമാണ്. ഒരു തീവ്ര യത്ന പരിപാടിയെന്ന നിലയ്ക്ക് എലികളെ അപ്പാടെ നശിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടതാണ്.

രോഗപ്രതിരോധ ശേഷിയും അത്യുൽപാദന ശേഷിയുമുള്ള കുറഞ്ഞ കാലം കൊണ്ട് വിളവ് തരുന്ന വിത്തുകമ്പുകൾ വിതരണം ചെയ്യുക.

പുതിയ ഇനം കൃഷി ചെയ്യുന്നതിനുള്ള സാങ്കേതിക ഉപദേശവും മേൽനോട്ടവും കൃഷിഭവനിൽ നിന്നും ലഭ്യമാക്കുക.

ഇന്ന് അവശേഷിക്കുന്ന കരഭൂമി മുഴുവൻ മരച്ചീനി കൃഷി നടത്തുന്നതിന് പ്രോത്സാഹനവും സാമ്പത്തിക സാങ്കേതിക സഹായവും ലഭിക്കത്തക്കവണ്ണം കേര വികസന സമിതിയുടെ മാതൃകയിൽ ഒരു മരച്ചീനി വികസന സമിതി ഉണ്ടാക്കുകയും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുകയും ചെയ്യുക.

മരച്ചീനി നേരിട്ടു പാകം ചെയ്ത് ആഹാരമായി കഴിക്കുകയാണ് പതിവ്. മരച്ചീനിയിൽ നിന്നും വറ്റൽ തുടങ്ങിയ വിവിധ ഭക്ഷ്യോൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

വ്യാവസായിക ആവശ്യത്തിന് ടെക്സ്റ്റൈൽ മേഖലയിൽ മരച്ചീനിയിൽ നിന്നു കിട്ടുന്ന 'മാവ്' അവശ്യഘടകമാണ് അതുകൊണ്ട് മരച്ചീനിയിൽ നിന്നും സ്റ്റാർച്ച് നിർമ്മിക്കുന്ന ഒരു ഫാക്ടറി സ്ഥാപിക്കുകയും അതുവഴി മരച്ചീനി കൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. ഒരുകാലത്ത് പ്രധാന വിളയും ആഹാരത്തിന്റെ മുഖ്യ ഘടകവുമായിരുന്ന മരച്ചീനി കൃഷി പുന:സ്ഥാപിക്കുന്ന കാര്യം വളരെയധികം പ്രാധാന്യമർഹിക്കുന്നതാണ്. ചെറുവാളം വാർഡിൽ കിഴക്കൻ മേഖലയിൽ ഉണ്ടാകുന്ന കാട്ടു മൃഗങ്ങളിൽ നിന്ന് കൃഷിയെ സംരക്ഷിക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുക. മരച്ചീനി കൃഷിയുടെ സ്ഥിതി പുന:സ്ഥാപിക്കുന്ന പ്രശ്നം വളരെ ഗൗരവപൂർവം കണക്കിലെടുക്കുകയും ഈ കൃഷിയുടെ പ്രാമുഖ്യം ഉറപ്പുവരുത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ അത്യന്താപേക്ഷിതമാണ്.

മറ്റു കിഴങ്ങുവർഗങ്ങൾ

മരച്ചീനിയോളം പ്രാധാന്യമില്ലെങ്കിലും നാലു പതിറ്റാണ്ടുകൾ മുമ്പുവരെ നാട്ടിലെ ആഹാരാവശ്യങ്ങളിൽ മുഖ്യമായ സ്ഥാനം വഹിച്ചിരുന്ന ഘടകമാണ് മറ്റു കിഴങ്ങുവർഗങ്ങൾ. ചേന, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ്, നനകിഴങ്ങ്, മുക്കിഴങ്ങ്, മധുരക്കിഴങ്ങ്, കൂവ എന്നിവയാണ്. ഇതിൽ ചെറുകിഴങ്ങ്, നനകിഴങ്ങ്, മുക്കിഴങ്ങ് എന്നിവ ഏതാണ്ട് അപ്രത്യക്ഷമായി എന്നു പറയാമെങ്കിലും വംശമറ്റിട്ടില്ല. കൂവ, മധുരക്കിഴങ്ങ് എന്നിവയുടെ കൃഷിയും നാശോന്മുഖമാണ്. പതിവായി നിലവിലുള്ള കൃഷികൾ ചേന, ചേമ്പ്, കാച്ചിൽ എന്നിവയാണ്. തിരുവനന്തപുരത്തെ കിഴങ്ങുവർഗ ഗവേഷണ കേന്ദ്രം തന്നെ കുറെയെങ്കിലും ശ്രദ്ധിച്ചിട്ടുള്ളത് ചേമ്പ്, മധുരക്കിഴങ്ങ്, മരച്ചീനി എന്നീ കിഴങ്ങുവർഗങ്ങളിൽ മാത്രമാണ്. കൃഷിഭവനുകളുടെ പ്രവർത്തനത്തിലും കിഴങ്ങുകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. ഒരുകാലത്ത് നാടൻ വാണിജ്യവിള ആയിരുന്ന ഇവ ഇന്ന് ഗാർഹികാവശ്യത്തിനു മാത്രം കൃഷി ചെയ്യുന്ന ഒരു വിളയായി മാറിയിട്ടുണ്ട്.

ചേന, ചേമ്പ് എന്നിവ പച്ചക്കറി ചന്തയിലെ ഒരു അവിഭാജ്യഘടകമാണ്. കൂടുതൽ വികസനസാധ്യതയുള്ള കൃഷികളാണിവ. നാട്ടിൽ പച്ചക്കറിമാർക്കറ്റിൽ വിറ്റഴിക്കുന്ന ചേനയുടെയും ചേമ്പിന്റെയും അധികഭാഗവും ഇപ്പോൾ തമിഴ്നാട്ടിൽ നിന്നും ഇറക്കുമതി ചെയ്യുന്നതാണ്. കാച്ചിലിൽ മൂറംചാരി, ആനക്കാലൻ, പുളിന്തോടൻ, വിളകാച്ചിൽ, അകംനീല തുടങ്ങിയ വിവിധ നാടൻ ഇനങ്ങൾ

നിഴവിലുണ്ടെങ്കിലും ചെറുകിഴങ്ങ്, ചേന തുടങ്ങിയവയ്ക്ക് പ്രത്യേക ഇനങ്ങൾ നിഴവിലില്ല. ചേമ്പിൽ താമരക്കണ്ണൻ, കരിഞ്ചേമ്പ്, വെള്ളച്ചേമ്പ് തുടങ്ങിയ നാടൻ ഇനങ്ങൾ നിഴവിലുണ്ട്. കിഴങ്ങുവർഗഗവേഷണകേന്ദ്രം അത്യുൽപാദന ശേഷിയുള്ള ഇനങ്ങൾ വികസിപ്പിച്ച് എടുത്തിട്ടുണ്ടെങ്കിലും പുതിയ ഇനങ്ങൾക്ക് കൃഷിക്കാരുടെ ഇടയിൽ പ്രചാരം സിദ്ധിച്ചിട്ടില്ല. ബിസ്കറ്റ് നിർമ്മാണ രംഗത്ത് ഏറെ പ്രാധാന്യമുള്ള കിഴങ്ങാണ് കൂവ. താരതമ്യേന പരിചരണം കുറവുള്ളതും ആദായകരവുമായ കൃഷിയാണിത്. ചെറുകിഴങ്ങ്, നനകിഴങ്ങ്, മുക്കിഴങ്ങ് എന്നിവയും അവഗണിക്കപ്പെട്ടിരിക്കുന്ന കിഴങ്ങുവർഗങ്ങളാണ്. ഇവയുടെയെല്ലാം കൃഷിക്ക് ജൈവവളങ്ങളാണ് ഉപയോഗിക്കുന്നത്. രാസവള പ്രയോഗം ഇല്ലെന്നു തന്നെ പറയാം. ഈ കിഴങ്ങുവർഗങ്ങളുടെയും പ്രാധാന്യം കണക്കിലെടുത്ത് ഇവയുടെ വികസനത്തിന് ആവശ്യമായ നടപടികൾ താഴെ പറയും പ്രകാരം ചിട്ടപ്പെടുത്താം.

പച്ചക്കറിയുടെ ഘടകങ്ങളായ ചേന, ചേമ്പ്, കാച്ചിൽ എന്നീ കിഴങ്ങുവർഗങ്ങൾ നമ്മുടെ പ്രദേശത്തു തന്നെ ഉൽപാദിപ്പിക്കുന്നതിനു വേണ്ട സഹായം ചെയ്തു കൊടുക്കുക.

ചെറുകിഴങ്ങ്, നനകിഴങ്ങ്, മുക്കിഴങ്ങ്, മധുരക്കിഴങ്ങ് എന്നിവയിൽ സമൃദ്ധമായുള്ള സ്റ്റാർച് വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിക്കാനുള്ള പ്രോത്സാഹനം ചെയ്യേണ്ടതും വിപണന സാധ്യതകൾ ആരായേണ്ടതുമാണ്.

വികസിപ്പിച്ചെടുത്ത അത്യുൽപാദന ശേഷിയുള്ള ഇനങ്ങൾ കൃഷി ചെയ്യുന്നതിന് കൃഷിക്കാർക്ക് വിത്ത് സൗജന്യമായി നൽകേണ്ടതും സാങ്കേതിക നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും കർഷകർക്ക് ന്യായമായ വില ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. കിഴങ്ങുവർഗങ്ങൾ നമ്മുടെ ആഹാര ക്രമത്തിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഇവയുടെ പോഷക മൂല്യം കണക്കിലെടുത്ത് നിത്യ ആഹാരത്തിൽ ഇവ കൂടി ഭാഗമാക്കുന്നതിനുള്ള പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക.

ഇവയിലേതെങ്കിലും ഒരിനം പ്രത്യേകമായി കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നവർക്ക് സാങ്കേതിക സഹായം ചെയ്തു കൊടുക്കുക.

കൃഷിച്ചെലവിന് വേണ്ടിവരുന്ന തുകയുടെ 50 ശതമാനം സബ്സിഡി അനുവദിക്കുക. അപൂർവ കിഴങ്ങുവർഗങ്ങൾ കൃഷി ചെയ്യുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

അപ്രധാനമല്ലാത്ത കിഴങ്ങുവർഗ കൃഷിയിൽ ഇന്നു കാണുന്ന അശ്രദ്ധ ഒഴിവാക്കുക. വൈവിധ്യ പൂർണമായ ഈ ഭക്ഷ്യോൽപാദനത്തിന് വേണ്ടത്ര പരിരക്ഷ നൽകുകയും ചെയ്യേണ്ടതാണ്.

പച്ചക്കറി കൃഷി

മൂന്നുനാലു പതിറ്റാണ്ടുകൾക്കുള്ളിൽ നമ്മുടെ ആഹാര രീതിയിൽ വന്ന സമൂലമായ മാറ്റം പച്ചക്കറി കൃഷിയുടെ പ്രാധാന്യം വർധിപ്പിച്ചിരിക്കുന്നു. ചേമ്പിൻതണ്ടും വാഴത്തടയും ചേനത്തടയും പയറിന്റെയും മത്തന്റെയും ഇലയുമൊക്കെ സ്വാദിഷ്ടമായ ആഹാരമായി സ്വീകരിച്ചിരുന്ന രീതി അപ്പാടെ മാറിയിരിക്കുന്നു. ഇന്ന് ഇംഗ്ലീഷ് പച്ചക്കറികൾ സാധാരണ ജനസാമാന്യത്തിന്റെ ആഹാരത്തിലെ ഒഴിച്ചുകൂടാനാവാത്ത ഇനങ്ങളായി മാറിക്കഴിഞ്ഞു. പോഷക സമൃദ്ധവും ചെലവു കുറഞ്ഞതുമായ നമ്മുടെ കറിസമ്പ്രദായത്തിന് കൂടുതൽ ബോധവൽക്കരണം ആവശ്യമായിരിക്കുന്നു എങ്കിലും മറ്റു പച്ചക്കറികൾ നമ്മുടെ ക്ഷേണക്രമത്തിന് ഉണ്ടാക്കുന്ന സ്വാധീനം അവഗണിക്കാൻ ആവുകയില്ല.

സംസ്ഥാനത്തു നിന്നും പ്രതിവർഷം 600 കോടിയിലേറെ രൂപ അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു. ഈ ഒഴുക്ക് അവസാനിപ്പിക്കുന്നതിന് വളരെയേറെ സാധ്യതകൾ ഉണ്ടെങ്കിലും നാം ഈ അനുകൂല സാഹചര്യം ഒട്ടും പ്രയോജനപ്പെടുത്തുന്നില്ല എന്നത് ഗൗരവപൂർവം പരിഗണിക്കേണ്ട വസ്തുതയാണ്. നമ്മുടെ നാട്ടിൽത്തന്നെ പ്രതിവർഷം ഉദ്ദേശം ലക്ഷക്കണക്കിനു രൂപ വില വരുന്ന പച്ചക്കറികൾ വിറ്റഴിക്കുന്നുണ്ട്. ഇതൊഴിവാക്കാനുള്ള സാധ്യത നാം പ്രയോജനപ്പെടുത്തുന്നില്ല.

പച്ചക്കറി കൃഷി ഒരു വ്യവസായമായി മാറിയതോടുകൂടി കൂടുതൽ ആദായം കിട്ടുന്നതിന് ഏതു മാർഗവും സ്വീകരിക്കുന്ന പ്രവണതയാണ് ഇന്നുള്ളത്. പ്രാണികളിൽ നിന്നും കൃഷിയെ സംരക്ഷിക്കുന്നതിന് ഫ്യൂറിഡാൻ പോലുള്ള ചെടിയിൽ വിഷാംശം നിലനിർത്തുന്ന മാരകമായ വിഷപ്രയോഗം നടത്തുന്നുണ്ട്. നാലുമാസക്കാലത്തോളം ചെടിയിൽ വിഷാംശം നിലനിൽക്കുന്നതാണ്. മൂന്നുമാസം കൊണ്ട് വിളവെടുപ്പ് അവസാനിക്കുന്ന പാവൽ, പടവലം, മുളക്, ചീര തുടങ്ങിയ മാർക്കറ്റിൽ കിട്ടുന്ന പച്ചക്കറികളിൽ ഏറിയ കൂറും വിഷം കലർന്നതാണ്. ഇതേക്കുറിച്ച് ഉപഭോക്താക്കൾക്ക് ബോധവൽക്കരണം അത്യന്തപേക്ഷിതമാണ്. ഇത്തരം വിഷവസ്തുക്കൾ

പച്ചക്കറികൾക്ക് ഉപയോഗിക്കുന്നത് നിരുൽസാഹപ്പെടുത്തുകയും ജൈവ കീടനാശിനികൾക്ക് വേണ്ടത്ര പ്രചാരണം നൽകുകയും വേണം. ഓരോ കുടുംബത്തിനും ആവശ്യമായ പച്ചക്കറികളിൽ ഏറിയ പങ്കും അതത് വീട്ടുവളപ്പിൽ പ്രത്യേക അധ്വാനഭാരം കൂടാതെ ഉൽപാദിപ്പിക്കുന്നതിനുള്ള സാധ്യതകളും പൂഷണം ചെയ്യപ്പെടുന്നില്ല.

അപൂർവമായെങ്കിലും നമ്മുടെ പഞ്ചായത്തു മേഖലയിൽ പച്ചക്കറി കൃഷി നടത്തിവരുന്ന കർഷകരുണ്ട്. കുറുമ്പയം, തെങ്ങുംകോട്, ചെറുവാളം എന്നീ വാർഡുകളിൽ പ്രാദേശിക വിപണിയെ ലക്ഷ്യമാക്കി കൃഷി ചെയ്യുന്നുണ്ട്. മറ്റു ചില പ്രദേശങ്ങളിലും ചെറിയ തോതിൽ കൃഷി ചെയ്യുന്നുണ്ട്. കൃഷിഭവന്റെ കണക്കുകൾ പ്രകാരം 20 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടത്തുന്നുണ്ട്. പ്രതിവർഷം 600 കിൻറൽ വിവിധയിനം പച്ചക്കറികൾ ഉൽപാദിപ്പിക്കുന്നുണ്ട്. അപൂർവമായി ചിലർ വീട്ടുവളപ്പിലും പച്ചക്കറി കൃഷി നടത്തുന്നുണ്ട്.

പച്ചക്കറി കൃഷിക്ക് ഏറ്റവും വലിയ ഭീഷണിയായി നിൽക്കുന്നത് രോഗബാധയും കീടബാധയുമാണ്. അതുകൊണ്ടുതന്നെ വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിക്ക് പരിചരണം വളരെയേറെ ആവശ്യമായി വരുന്നു. ജലസേചന സൗകര്യത്തിന്റെ അഭാവം മറ്റൊരു പ്രശ്നമാണ്. വളരെയേറെ മനുഷ്യധ്വാനം ആവശ്യമുള്ള ഈ കൃഷി ലാഭകരമാവുകയില്ല എന്ന ധാരണയും കൃഷിക്കാരെ ഈ രംഗത്തുനിന്നും പിന്തിരിപ്പിക്കുന്നു.

പച്ചക്കറി കൃഷിയുടെ സാധ്യതകളെക്കുറിച്ച് ചിന്തിക്കുമ്പോൾ, `കഞ്ഞിക്കുഴി മാതൃക' നമ്മുടെ മുമ്പിലുണ്ട്. എല്ലാ വീട്ടുവളപ്പിലും എത്ര ചെറിയ വിസ്തൃതിയിലായാലും പച്ചക്കറി കൃഷി നടത്തുന്നതിന് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ മാതൃകയിൽ തന്നെ വിത്തും വളവും സൗജന്യമായി നൽകുകയും വീട്ടുവളപ്പിലെ കൃഷിയെ കൃഷിഭവന്റെ നേതൃത്വത്തിൽ നിരീക്ഷിക്കുകയും വേണ്ട ഉപദേശങ്ങൾ നൽകുകയും വേണം. ഏറെക്കുറെ മഴയെ ആശ്രയിച്ചു ചെയ്യുന്ന ഈ കൃഷിക്ക് യഥാസമയം കൃഷിയിറക്കുന്നതിനും വളം നൽകുന്നതിനുമുള്ള ബോധവൽക്കരണം നടത്തണം.

ജൈവവളങ്ങൾക്ക് കൂടെ പ്രാധാന്യമുള്ള കൃഷിയായതിനാൽ ചാണകം, പച്ചില, ചാരം ഇത്തരം വളങ്ങൾ നൽകുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക, രാസവള പ്രയോഗം ശാസ്ത്രീയമായി നടത്തുന്നതിനുള്ള ബോധവൽക്കരണം നടത്തുക.

പഞ്ചായത്തു പ്രദേശത്ത് വിപുലമായി തന്നെ പച്ചക്കറി കൃഷിക്ക് സാധ്യതയുള്ള കാലമാണ് ഫെബ്രുവരി മുതൽ മേയ് വരെയുള്ള മാസങ്ങൾ. ഇരിപ്പു കൃഷി നിലങ്ങൾ മകരക്കൊയ്ത്ത് കഴിഞ്ഞാൽ ഏതാണ്ട് നാലു മാസത്തോളം വെറുതെ കിടക്കുകയാണ് പതിവ്. ഇക്കാലം വ്യാപകമായി പച്ചക്കറി കൃഷി ചെയ്യുന്നതിന് കൃഷിക്കാർക്കും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്കും വേണ്ട പ്രചോദനവും പ്രോത്സാഹനവും നൽകി കൃഷി വ്യാപിപ്പിച്ചാൽ ആ കാലങ്ങളിലെങ്കിലും പച്ചക്കറി ഉൽപാദനത്തിൽ വമ്പിച്ച കുതിച്ചുചാട്ടം ഉണ്ടാക്കാൻ കഴിയും. താൽപര്യമുള്ള ചെറുപ്പക്കാരുടെ സംഘങ്ങൾ ഉണ്ടാക്കി നെൽപ്പാടങ്ങളിൽ പച്ചക്കറി കൃഷി നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കണം.

കോട്ടയം ജില്ലയിലെ പടിഞ്ഞാറൻ താലൂക്കുകളിൽ മകരക്കൊയ്ത്ത് കഴിഞ്ഞ പാടങ്ങൾ പാട്ടത്തിനെടുത്ത് വ്യാപകമായി കൃഷി നടത്തി വരുന്നുണ്ട്. ഈ മാതൃക ഇവിടെയും സ്വീകരിക്കാവുന്നതാണ്. നിലമുടമ നേരിട്ടോ മറ്റാളുകൾക്ക് പാട്ടത്തിന് നൽകിയോ നെൽകൃഷിക്ക് തടസ്സം കൂടാതെ തന്നെ പച്ചക്കറി കൃഷി ചെയ്യാം. പാവൽ, പടവലം, പയർ, വെള്ളരി എന്നീ മൂന്നുമാസക്കാലം കൊണ്ട് വിളവെടുപ്പ് കഴിയുന്ന ഇനങ്ങൾ ഇതിന് ഉപയോഗപ്പെടുത്താം. വെണ്ട, വഴുതന, അമര തുടങ്ങിയ ഇനങ്ങൾ മൂന്നുമാസം കൊണ്ട് വിളവെടുപ്പ് പൂർത്തിയാകാത്തവ ആയതിനാൽ ഇവയ്ക്ക് കരഭൂമി കണ്ടെത്തണം. പച്ചക്കറി കൃഷി ചെയ്യുന്നതുകൊണ്ട് മണ്ണിന് ജൈവാംശം കൂടുതൽ ഉണ്ടാകുന്നതുകൊണ്ട് നെൽകൃഷിക്ക് ഉപയോഗപ്രദമാണ്. നമ്മുടെ പ്രദേശത്തെ പാടങ്ങളുടെ അരികുകളിൽ ചെറുകുളങ്ങൾ തീർത്താൽ ആവശ്യത്തിനു വെള്ളം കിട്ടും എന്നതുകൊണ്ട് ജലസേചനത്തിന് സൗകര്യമുണ്ടാകും. കുളം കുഴിക്കുന്നതിനും പമ്പുസെറ്റുകൾ വച്ചു പ്രവർത്തിപ്പിക്കുന്നതിനും വേണ്ട സാമ്പത്തിക സഹായം ചെയ്തുകൊടുക്കണം. വ്യാപകമായി പാടശേഖരങ്ങളിൽ ഈ കൃഷി ചെയ്യുമ്പോൾ കൃഷിഭവന്റെ നേരിട്ടുള്ള മേൽനോട്ടം ഇക്കാര്യത്തിൽ ഉണ്ടാകണം. പാവൽ, പടവലം എന്നിവ കൃഷി ചെയ്യുന്നതിന് പ്രാരംഭ ജോലികൾക്കായി ഗണ്യമായ ഒരു തുക ചെലവാക്കേണ്ടി വരും. അതുകൊണ്ട് കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ അളവിന് ആനുപാതികമായി, മുൻകൂറായി സാമ്പത്തിക സഹായം ഉറപ്പുവരുത്തണം. വിവിധയിനം പച്ചക്കറികൾക്ക് ബ്ലോക്കുകൾ ഉണ്ടാകുന്നത് വളമിടീൽ, മരുന്നുതളി തുടങ്ങിയ പരിചരണങ്ങൾക്ക് സൗകര്യപ്രദമായിരിക്കും.

നമ്മുടെ പ്രദേശത്തെ സംബന്ധിച്ചിടത്തോളം കരഭൂമിയുടെ പരിമിതി ഒരു പ്രധാന പ്രശ്നം തന്നെയാണ്. ഓരോ വീട്ടുവളപ്പിലും കഴിയുന്നത്ര സ്ഥലത്ത് പച്ചക്കറി

കൃഷി നടത്തുന്നതിന് 50 വീട്ടമ്മമാരടങ്ങുന്ന സംഘങ്ങൾ രൂപീകരിക്കുകയും മേൽനോട്ടം വഹിക്കുകയും വേണം.

പച്ചക്കറി കൃഷിയിൽ കൂട്ടായ്മ ഒരു പ്രധാന കാര്യമാണ്. പരിചരണത്തിന് ഇത് അത്യാവശ്യമാണ്. വർധിച്ചു വരുന്ന കൂലി കണക്കിലെടുക്കുമ്പോൾ പച്ചക്കറി കൃഷി ലാഭമായി നടത്തുന്നതിന് ഈ കൂട്ടായ്മ ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. എല്ലാ വീട്ടുവളപ്പിലും അതത് കുടുംബത്തിന്റെ ആവശ്യത്തിന് പച്ചക്കറി കൃഷി ചെയ്താൽ നമ്മുടെ പഞ്ചായത്ത് പച്ചക്കറിയുടെ കാര്യത്തിൽ സ്വയം പര്യാപ്തമാകും.

പച്ചക്കറികളുടെ കൂട്ടത്തിൽ ദീർഘവിളയായ മുരിങ്ങ, അഗസ്തി, പപ്പായ, ശീമപ്ലാവ് തുടങ്ങിയ ഇനങ്ങളാണ്. ഇവയുടെ അത്യുൽപാദന ശേഷിയുള്ള ഇനങ്ങൾ കൃഷിക്കാർക്ക് വിതരണം ചെയ്യുകയും സാങ്കേതിക നിർദ്ദേശങ്ങൾ നൽകുകയും വേണം.

ഉൽപാദിപ്പിക്കപ്പെടുന്ന പച്ചക്കറി നാടൻ വിപണിയിൽ തന്നെ വിറ്റഴിക്കുന്നതിനു വേണ്ട സാധ്യതയുണ്ട്. കൃഷി വ്യാപകമാകുന്നതനുസരിച്ച് കർഷകർക്ക് മതിയായ വില നൽകി പച്ചക്കറി സംഭരിക്കുന്നതിനുള്ള കേന്ദ്രം പഞ്ചായത്തു തലത്തിൽ സ്ഥാപിക്കണം. ബാക്കിയുണ്ടാകുന്ന പച്ചക്കറി സൂക്ഷിക്കാനുള്ള ശീതീകരണ സംവിധാനം ഉണ്ടാകണം.

മഴക്കാലത്ത് സ്വാഭാവികമായി വളരെയധികം കൂണുകൾ ഇവിടെ ലഭ്യമാണ്. കൂൺ കൃഷി പഠിച്ച ഏതാനും പേർ പഞ്ചായത്തിൽ ഉണ്ടെങ്കിലും വിപണിയുടെ അഭാവംമൂലം അവ ശാസ്ത്രീയമായി ഉത്പാദിപ്പിക്കാൻ കഴിയുന്നില്ല. പഞ്ചായത്തിന്റെ സാഹചര്യം കണക്കിലെടുത്ത് പരിപോഷിപ്പിക്കേണ്ടതാണ്. കൃഷിച്ചെലവിന്റെയും രാസവളത്തിനെയും കീടനാശിനിയുടെയും 50 ശതമാനം സബ്സിഡി അനുവദിക്കണം.

ഏറ്റവും നല്ല രീതിയിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകന് പ്രത്യേക സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കണം.

അനുകൂല സാഹചര്യങ്ങൾ ശരിക്കും പ്രയോജനപ്പെടുത്തുകയാണെങ്കിൽ വളരെയേറെ സാധ്യതകൾ കണ്ടെത്താവുന്ന ഒരു മേഖലയാണിത്. വീട്ടമ്മമാർക്കു തന്നെ സ്വന്തം ആവശ്യങ്ങൾ നിർവഹിക്കുന്നതിന് ഓരോ വീട്ടിലും അടുക്കളത്തോട്ടം മതിയാകും. അതിനുവേണ്ടി അൽപം പരിശ്രമവും ശ്രദ്ധയും ഉണ്ടെങ്കിൽ കുടുംബ ബജറ്റിനെ തന്നെ മാറ്റിമറിക്കാൻ കഴിയും. വീട്ടമ്മമാർക്കു കിട്ടുന്ന വിശ്രമ സമയത്തിൽ ഒന്നോ രണ്ടോ മണിക്കൂർ ചെലവാക്കുന്നതു കൊണ്ടുണ്ടാകുന്ന സാമ്പത്തികവും ആരോഗ്യപരവുമായ നേട്ടങ്ങൾ ബോധ്യപ്പെടുത്തുന്നതിന് ഒരു സംഘടിത ശ്രമം ആവശ്യമാണ്.

വെറ്റില കൃഷി

വെറ്റിലകൃഷിക്ക് ഈ നാട്ടിലെ ജനാധിവാസത്തിനോളം തന്നെ പഴക്കമുണ്ട്. നമ്മുടെ നാടിന്റെ ഭൂപ്രകൃതി വെറ്റിലക്കൊടിക്ക് വളരെയേറെ സാധ്യതയുള്ളതാണ്. മതിയായ ജലസേചനവും ജൈവവള സമൃദ്ധിയുമാണ് വെറ്റിലക്കൊടിയുടെ അത്യാവശ്യ ഘടകങ്ങൾ. കുന്നിന്റെ താഴ്വരകളിൽ വെറ്റിലകൊടി സമൃദ്ധമായി കൃഷി ചെയ്യാവുന്നതാണ്. ആദ്യകാലങ്ങളിൽ വലിപ്പച്ചെറുപ്പം കൂടാതെ മിക്കവാറും കുടുംബങ്ങൾ ഒരു പ്രധാന വരുമാന മാർഗമായി ഈ കൃഷി സ്വീകരിച്ചിരുന്നു. കല്ലറച്ചന്തയാണ് വെറ്റിലയുടെ പ്രധാന വിപണനകേന്ദ്രം. കൊടിവള്ളി പടർത്തുന്നതിന് താങ്ങുകാലുകളും ചെറുകമ്പുകളും വളരെയേറെ ആവശ്യമായ കൃഷിയാണിത്. അതുപോലെ വളരെയേറെ പരിചരണങ്ങളും ഇതിനാവശ്യമാണ്. "താൻ വീട്ടിലെങ്കിൽ കൊടി മൂട്ടിലാണ്" എന്നൊരു പഴമൊഴി തന്നെ നിലനിൽക്കുന്നു. ആഴ്ചയിലൊരിക്കൽ ഗണ്യമായ വരുമാനം നൽകിയിരുന്ന വെറ്റിലകൃഷിക്ക് ഇന്ന് പ്രാധാന്യം കുറഞ്ഞുപോയിരിക്കുന്നു.

വെറ്റിലക്കൊടിയെ ബാധിക്കുന്ന പ്രധാന രോഗമാണ് പുള്ളിരോഗം. വളരെ പെട്ടെന്നു തന്നെ വ്യാപകമായി പടർന്നുപിടിക്കുന്ന ഒരു സാംക്രമിക രോഗമാണിത്. താങ്ങുകാലുകളുടെ ചെറുകമ്പുകളുടെയും അഭാവമാണ് മറ്റൊരു പ്രശ്നം. പുള്ളിരോഗം പ്രതിരോധിക്കുന്നതിനോ രോഗനിവാരണത്തിനോ ഫലപ്രദമായ ചികിൽസാരീതി ഇതുവരെ ഉണ്ടായിട്ടില്ലെന്നതും ഇതിന്റെ നാശത്തിന് കാരണമാണ്. വേണ്ടിവരുന്ന ജോലിക്കൂലിയും ജൈവവളത്തിന്റെ കുറവും ഒരു പ്രധാന പ്രശ്നമാണ്.

നമ്മുടെ നാടിന് യോജിച്ച ഒരു കാർഷിക വിഭവം എന്ന നിലയ്ക്ക് വെറ്റിലക്കൊടി കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാമ്പത്തിക സാങ്കേതിക സഹകരണം ഉണ്ടാകേണ്ടതാണ്. രോഗപ്രതിരോധ ശേഷിയുള്ള ഇനം വള്ളികൾ ഇനിയും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. എങ്കിലും നിലവിലുള്ള അനുകൂല സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി കൂടുതൽ പ്രോത്സാഹനം നൽകേണ്ടതാണ്. ഇപ്പോൾ സഹകരണ ബാങ്കിൽ നിന്നും നാമമാത്രമായ

വായ്പാസൗകര്യങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും ഇത് തികച്ചും അപര്യാപ്തമാണ്. ഇപ്പോൾത്തന്നെ പ്രതിവർഷ ഏകദേശം 20 ലക്ഷം രൂപയോളം വിലവരുന്ന വെറ്റിലയുടെ വ്യാപാരം കല്ലറച്ചന്തയിൽ നടക്കുന്നുണ്ടെന്നത് ഈ കൃഷി ഗ്രാമത്തിന്റെ സാമ്പത്തിക രംഗത്ത് ചെലുത്തുന്ന സ്വാധീനത്തിന് ഉദാഹരണമാണ്. കർഷകരെ വെറ്റിലക്കൊടിയിലേക്ക് ആകർഷിക്കുന്നതിന് സൗജന്യമായ ഇൻഷുറൻസ് സംരക്ഷണം നൽകണം.

കാർഷികാവശ്യത്തിനു വേണ്ടിവരുന്ന ചെലവിന്റെ 50 ശതമാനം സബ്സിഡി നൽകണം. സഹകരണ മേഖലയിൽ നിന്നുള്ള സാമ്പത്തിക സഹായം കൂടുതൽ ഉദാരമാക്കണം. കൂളം കുഴിക്കുന്നതിനും പമ്പുസെറ്റ് സ്ഥാപിക്കുന്നതിനും 50 ശതമാനം സബ്സിഡിയോടെ സാമ്പത്തിക സഹായം നൽകണം.

പഴവർഗങ്ങൾ

പഴവർഗങ്ങളുടെ കൂട്ടത്തിൽ വാഴയ്ക്കാണ് ഏറെ പ്രാധാന്യം. 50 വർഷങ്ങൾക്കു മുമ്പ് ഈ പ്രദേശത്തുണ്ടായിരുന്ന പ്രധാന വാഴയിനങ്ങൾ പാളയംകോടൻ, ഞാലിപ്പൂവൻ, കപ്പവാഴ, പച്ചച്ചിങ്ങൻ, മൊന്തൻ, പടറ്റി, കുമ്പിള്ളാക്കണ്ണൻ, കരങ്കദളി, പൂവൻ, കദളി, ചെറുകദളി, ഏത്തവാഴ എന്നിവയാണ്. ജൈവ സമ്പുഷ്ടമായിരുന്ന അക്കാലത്തെ മണ്ണിൽ പ്രത്യേക പരിചരണങ്ങളൊന്നും കൂടാതെ തന്നെ ഇവ ധാരാളമായി വളർന്ന് വിളവ് നൽകിയിരുന്നു. ആദ്യകാലങ്ങളിൽ വീട്ടാവശ്യങ്ങൾ കഴിഞ്ഞുള്ള വിളവ് കല്ലറച്ചന്തയിൽ വിറ്റഴിഞ്ഞിരുന്നു. പ്രത്യേക വളപ്രയോഗമോ മറ്റു പരിചരണ മുറകളോ ആവശ്യമില്ലാതിരുന്ന അക്കാലത്ത് വാഴകൃഷി ആദായകരമായിരുന്നു, വർഷങ്ങൾ കഴിയുംതോറും മണ്ണിന്റെ ജൈവവള സമ്പത്ത് കുറഞ്ഞുവന്നതോടു കൂടി പ്രത്യേക വളപ്രയോഗവും പരിചരണമുറകളും ആവശ്യമായി വന്നു. നമ്മുടെ പ്രദേശത്തെ നീർവാഴ്ചയുള്ള മണ്ണും അനുകൂലമായ കാലാവസ്ഥയും വാഴകൃഷിക്ക് ഏറ്റവും അനുയോജ്യമാണ്. ഒരു പ്രത്യേക കൃഷി എന്ന മട്ടിൽ ഏത്തവാഴ മാത്രമാണ് കൃഷി ചെയ്തുവന്നത്. മറ്റിനങ്ങൾ പറമ്പിൽ പല മൂലകളായി നട്ടു പിടിപ്പിച്ചിരുന്നു. പിൽക്കാലത്ത് വാഴസമ്പത്തിനെ പ്രതികൂലമായി ബാധിച്ച രോഗമാണ് കുറുനാമ്പു രോഗം. ഈ രോഗത്തിന്റെ നീരാളിപിടുത്തത്തിൽ പഴയ കാലത്തുണ്ടായിരുന്ന പലയിനം വാഴകളും അപ്രത്യക്ഷമായിരിക്കുന്നു. കരിംകദളി, പച്ചചിങ്ങൻ, ചെറുകദളി എന്നീ ഇനങ്ങൾ അപ്രത്യക്ഷമായവയാണ്. നാട്ടിൽ ഇന്ന് നിലവിലിരിക്കുന്ന ഒരിനം വാഴയ്ക്കും ഈ രോഗത്തെ ചെറുത്തുനിൽക്കാൻ ആവില്ല. ഏറ്റവും വലിയ കുലകൾ തരുന്നതും വലിയ വില ലഭിക്കുന്ന കപ്പവാഴയും ഈ രോഗത്തിന്റെ പിടിയിലാണ്. ക്ഷേത്രചടങ്ങുകൾക്ക് ഒഴിവാക്കാൻ ആകാത്തതും തനതും വളരെയേറെ സ്വാദിഷ്ടവുമായ ഒരിനമായിരുന്ന ചെറുകദളി. പതിറ്റാണ്ടുകൾക്കു മുമ്പ് ഇവ സമൃദ്ധമായുണ്ടായിരുന്നു. കപ്പവാഴയും ഏത്തവാഴയും പ്രധാന കൃഷിയായി സ്വീകരിച്ചിട്ടുള്ള കർഷകർ ഫ്യൂരിഡാൻ എന്ന വിഷവസ്തു എല്ലാക്കാലത്തും തുടർച്ചയായി വാഴയ്ക്ക് നൽകിയാണ് വാഴയെ നിലനിർത്തുന്നത്.

നാടൻ ഇനങ്ങളിൽ പലതും നമ്മുടെ പ്രദേശത്തു നിന്നും അപ്രത്യക്ഷമായെങ്കിലും അതിന് അനുസരിച്ച് പുതിയ ഇനങ്ങൾ കാർഷികമേഖലയിലേക്ക് കടന്നു വന്നിട്ടില്ല. ഈ പ്രദേശത്ത് നാമമാത്രമായി കടന്നുവന്നിട്ടുള്ള റോബസ്റ്റ എന്ന ഇനത്തെ വിസ്മരിക്കുന്നില്ല. എന്നാൽ കർഷകരുടെ അനുഭവത്തിൽ നിന്ന് നാടൻ ഇനങ്ങളെക്കാൾ വേഗത്തിൽ കുറുനാമ്പ് എന്ന രോഗം ഇവയേയും കീഴ്പ്പെടുത്തുന്നു. ഏത്തവാഴ കൃഷിയെ ബാധിക്കുന്ന മറ്റൊരു രോഗമാണ് ഇലപ്പുള്ളി. ഇതിനും ശരിയായ പ്രതിവിധി ഇതുവരെ കണ്ടെത്തിയിട്ടില്ല. വാഴയെ ബാധിക്കുന്ന കുറുനാമ്പ് രോഗത്തിന് ഫ്യൂറിഡാൻ വിഷം പ്രയോഗിക്കലാണ് ഏക മാർഗമായി നമ്മുടെ നാട്ടിലെ കൃഷിക്കാർ സ്വീകരിച്ചിട്ടുള്ളത്. ആരോഗ്യത്തെ സാരമായി ബാധിക്കുന്ന ഈ പ്രവണത നിരുൽസാഹപ്പെടുത്തണം. ഈ രോഗം തടയുന്നതിന് കൃഷി വിദഗ്ൻമാർ ഉപദേശിക്കുന്നത് രോഗം ബാധിച്ച വാഴയെ ചുവടോടെ നശിപ്പിക്കുക എന്നതാണ്.

ജൈവവളത്തിന് ഏറെ പ്രാധാന്യമുള്ള വാഴകൃഷിക്ക് വേണ്ടത്ര ജൈവവളങ്ങൾ ലഭ്യമാക്കാൻ കഴിയുന്നില്ല എന്നത് കർഷകന്റെ ഒരു പരിമിതിയാണ്. മിക്ക കൃഷിക്കാരും അശാസ്ത്രീയമായ രാസവള പ്രയോഗത്തിലൂടെയാണ് കൃഷി നടത്തുന്നത്. അതുകൊണ്ടുതന്നെ വാഴകൃഷിയും ചെലവേറിയ കൃഷിയായി മാറിയിരിക്കുന്നു. വാഴക്കുലയുടെ പ്രധാന വിപണി കല്ലറ ചന്തയാണ്. കൃഷിച്ചെലവുമായി തട്ടിച്ചു നോക്കുമ്പോൾ കൃഷിക്കാരന് ഇന്നു കിട്ടുന്ന വില ആകർഷകമല്ല. എങ്കിലും നമ്മുടെ നാട്ടിലെ സമ്പദ്ഘടനയിൽ അപ്രധാനമല്ലാത്ത ഒരു പങ്ക് വാഴകൃഷിക്കുണ്ട്. കൃഷിവകുപ്പിന്റെ കണക്കനുസരിച്ച് 240 ഹെക്ടർ സ്ഥലത്ത് വാഴകൃഷി ചെയ്യുന്നു. മൊത്തം 1800 മെട്രിക് ടൺ വാഴക്കുല നമ്മുടെ ഗ്രാമത്തിൽ

ഉൽപാദിപ്പിക്കുന്നുണ്ട്, ഒരു കിലോഗ്രാം വാഴക്കായ്ക്ക് ശരാശരി പത്തുരൂപ വീതം നിശ്ചയിച്ചാൽ തന്നെ അവഗണിക്കാനാകാത്ത ഒരു വരുമാന മാർഗമാണിതെന്ന് വ്യക്തമാണ്.

വാഴകൃഷിയെ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള മാർഗങ്ങൾ ഈ പ്രദേശത്തിന്റെ പരിസ്ഥിതികൾ കൂടി പരിഗണിച്ച് താഴെ പറയുന്ന മട്ടിൽ ചിട്ടപ്പെടുത്താവുന്നതാണ്.

അന്യംനിന്നു പോയ നാടൻ വാഴയിനങ്ങൾ കണ്ടുപിടിച്ച് സംരക്ഷിക്കുന്നതിനുള്ള ഒരു തീവ്രയത്ന പരിപാടി ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിന് പരമ പ്രാധാന്യം നൽകണമെന്ന് നമ്മൾ കരുതുന്നു.

ഇന്നു നിലനിൽക്കുന്ന നാടൻ ഇനങ്ങളിൽ തന്നെ പ്രകൃത്യാ രോഗപ്രതിരോധ ശേഷിയുള്ളവ അപൂർവമായെങ്കിലും ഉണ്ട്. ശാസ്ത്രീയമായി ഇവയെ തെരഞ്ഞെടുത്ത് കൃഷിക്കാർക്ക് നൽകുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

രോഗപ്രതിരോധ ശേഷിയുള്ള വിത്തിനങ്ങൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുകയും മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് കൃഷിക്കാർക്ക് ബോധവൽക്കരണം നടത്തുകയും ചെയ്യണം. ഭൂമിയുടെ ലഭ്യത അനുസരിച്ച് അഭ്യസ്തവിദ്യരും, തൊഴിൽരഹിതരുമായ ചെറുപ്പക്കാരുടെ സംഘങ്ങൾ ഉണ്ടാവുകയും കൂട്ടായി വാഴകൃഷി ചെയ്യുന്നതിന് എല്ലാ സഹായവും ചെയ്ത് ചെറുപ്പക്കാരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുകയും ചെയ്യണം. പഞ്ചായത്ത് പ്രദേശത്ത് ഇങ്ങനെയുള്ള ഇരുപത്തഞ്ചോ മുപ്പതോ സംഘങ്ങൾ പ്രവർത്തന നിരതരായാൽ നമുക്കൊരു വാഴഗ്രാമം തന്നെ സൃഷ്ടിക്കാൻ കഴിയും.

വാഴകൃഷി നടത്തുന്നവർക്ക് കൃഷിച്ചെലവിന്റെ 50 ശതമാനം സബ്സിഡി അനുവദിക്കണം. ജലസേചനത്തിന് കുളങ്ങൾ കുഴിക്കുന്നതിനും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും സാമ്പത്തിക സഹായങ്ങൾ നൽകണം. രോഗം പോലെതന്നെ വാഴകൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ് മാണപ്പുഴു. ഇതിനെ നിയന്ത്രിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം. വാഴകൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഒരു പ്രധാന പ്രശ്നമാണ് പ്രകൃതി ക്ഷോഭം മൂലമുള്ള കൃഷിനാശം. കൂട്ടമായി ബാധിക്കുന്ന രോഗവും കൃഷിനാശത്തിന് കാരണമാകുന്നു. ഇത്തരം സാഹചര്യത്തിൽ കൃഷിക്കാരെ സംരക്ഷണം നൽകുന്നതിനു വേണ്ടി സൗജന്യമായി ഇൻഷുറൻസ് പരിരക്ഷ നൽകണം.

ഉൽപന്നത്തിന് മതിയായ വില ഉറപ്പുവരുത്തുന്നതിന് സർക്കാർ തലത്തിൽ ഗ്രാമത്തിൽ ഒരു വാഴക്കുല സംഭരണകേന്ദ്രം ഉണ്ടാകണം.

സഹകരണസ്ഥാപനങ്ങൾ ഇന്ന് നൽകുന്ന വായ്പാ സൗകര്യങ്ങൾ അപര്യാപ്തമാണ്, ഇത് കൂടുതൽ ഉദാരമാക്കണം.

അപൂർവ വാഴ സംരക്ഷിക്കുന്നവർ ഉണ്ടെങ്കിൽ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം.

വാഴയ്ക്കായിൽ നിന്നും വിവിധയിനം ഭക്ഷ്യോൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ സംഘടിപ്പിക്കുക. പഴം സംസ്കരിക്കുന്നതിനുള്ള സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകണം.

പഴവർഗങ്ങളിൽ അപ്രധാനമല്ലാത്ത സ്ഥാനമാണ് മാമ്പഴത്തിനും ചക്കപ്പഴത്തിനും ഉള്ളത്. റബറിന്റെ കടന്നുകയറ്റത്തിനു മുമ്പ് നമ്മുടെ പറമ്പുകൾ മാവ്, പ്ലാവ് എന്നീ ഫലവൃക്ഷങ്ങൾ കയ്യടക്കിയിരുന്നു എന്നുതന്നെ പറയാം. പ്രത്യേക പരിചരണങ്ങൾ കൂടാതെ വേണ്ടുവോളം ഫലം നൽകിയിരുന്ന വൃക്ഷമാണ് മാവ്. വരിക്കമാവ്, കോട്ടൂർകോണം, കിളിച്ചുണ്ടൻ, കർപ്പൂരമാവ്, എരിയനാടൻ, താളി മാവ്, കിഴക്കൻ താളി എന്നീ സ്വാദിഷ്ടമായ ഫലങ്ങൾ നൽകിയിരുന്നവയും അച്ചാറിന് അതിവിശിഷ്ടമായ നാട്ടുമാവ് ഇന്ന ഇനവും നാട്ടിൽ സമൃദ്ധമായിരുന്നു. മാമ്പഴം മലയാളിക്ക് മറക്കാനാവാത്ത ബാല്യകാല സ്മരണകൾ നിറഞ്ഞതായിരുന്നു. ``മാമ്പഴം വീഴുന്നേരം ഓടിച്ചെന്നെടുക്കാത്ത'' മലനാട്ടുകാർ ഉണ്ടാവില്ല. ഇന്ന് മാവ് ഒരു അപൂർവ ഫലവൃക്ഷമായി മാറിയിരിക്കുന്നു. ഭൂമിയുടെ വിസ്തൃതി കുറഞ്ഞതും താൽക്കാലിക ലാഭത്തിനു വേണ്ടി നിർദയമായി മാവുകളെ മുറിച്ചുമാറ്റിയതും ഇതിന് കാരണമാണ്. വൻവൃക്ഷങ്ങളായി വളരുന്ന നാടൻ ഇനങ്ങളെ ഉൾക്കൊള്ളാനുള്ള ശേഷി തുണ്ടുഭൂമികൾക്ക് ഇല്ലാതെ പോയതും നാടൻ ഇനങ്ങളുടെ നാശത്തിനു കാരണമാണ്.

പ്ലാവിന്റെ സ്ഥിതിയും വിഭിന്നമല്ല. ആഹാരത്തിൽ മരച്ചീനി പോലെ തന്നെ പ്രധാനമായ പങ്കുവഹിച്ചിരുന്ന ഒരു ഫലമാണ് ചക്ക. ക്ഷാമകാലങ്ങളിൽ ചക്കയും നമ്മുടെ പ്രധാന ആഹാരമായിരുന്നു. ചക്കയുടെ കരിമുള്ള്, കട്ടിപ്പാട ഇവയൊഴികെ ബാക്കിയെല്ലാം രോഗങ്ങളും ആഹാരത്തിന്റെ രോഗമായിരുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. പ്ലാവിൽ കൂഴ, വരിക്ക എന്ന രണ്ടിനങ്ങളാണ് അന്നും ഇന്നുമുള്ളത്. നമ്മുടെ ഭക്ഷണരീതിയിൽ വന്ന മാറ്റം ചക്കയെ അപ്രധാനമാക്കിയിരിക്കുന്നു. ഏറെ പോഷകമൂല്യങ്ങളുള്ള ചക്കപ്പഴക്കത്തിന് ഇന്ന് വേണ്ടത്ര പ്രാധാന്യം കൽപിക്കുന്നില്ല. പ്ലാവിൽ നിന്നും

പഴുത്തുവീണു പാഴായിപ്പോകുന്ന അവസ്ഥയാണ് ഇന്നുള്ളത്. പാഴായിപ്പോകുന്ന ചക്കയിൽ നിന്നും വിവിധയിനം ഭക്ഷ്യോൽപന്നങ്ങൾ നിർമ്മിക്കാൻ ഏറെ സാധ്യതകൾ ഉണ്ടെങ്കിലും അതു നാം ശരിക്കും പ്രയോജനപ്പെടുത്തുന്നില്ല. പ്ലാവ് തടി വിലപ്പെട്ടതായതുകൊണ്ട് നട്ടുപിടിപ്പിക്കാൻ കൃഷിക്കാർ താൽപര്യം കാണിക്കുന്നുണ്ട്. പുതിയ ഇനം മാവിൻതൈകൾ ഇന്ന് പല ഏജൻസികളും വിപണിയിൽ ഇറക്കുന്നുണ്ട്. ഇതിന്റെ ഗുണനിലവാരം മനസ്സിലാക്കാൻ കൃഷിക്കാർ മാവ് കായ്ക്കുന്നതുവരെ കാത്തിരിക്കേണ്ടി വരും.

ഈ ഫലവൃക്ഷങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ താഴെ കൊടുത്തിരിക്കുന്നു.

നശിച്ചുകൊണ്ടിരിക്കുന്ന നാടൻ ഇനങ്ങൾ സംരക്ഷിക്കുന്നതിന് കൃഷി ഡിപ്പാർട്ടുമെൻറ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വൻവൃക്ഷങ്ങൾ ആകാത്തതും കൂടുതൽ ഫലം നൽകുന്നതും സ്വാദിഷ്ടവുമായ ഇനം തൈകൾ സൗജന്യമായി വിതരണം ചെയ്യുക.

മാമ്പഴത്തിൽ നിന്നും പാഴായിപ്പോകുന്ന ചക്കയിൽ നിന്നും കേടുകൂടാതെ ദീർഘകാലം സൂക്ഷിക്കാവുന്ന വിവിധ തരം ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

നാട്ടുമാങ്ങ ഉപയോഗിച്ച് വളരെക്കാലം സൂക്ഷിച്ചു വെച്ചുപയോഗിക്കാവുന്ന അച്ചാർ നിർമ്മാണത്തിന് കേന്ദ്രങ്ങൾ സംഘടിപ്പിക്കുക.

ഒരുകാലത്ത് വ്യാപകമായി കൃഷി ചെയ്തിരുന്ന ഒരു പ്രധാന പഴവർഗമായിരുന്ന പുറുത്തി (കൈതച്ചക്ക). ഇന്നിത് ഏതാണ്ട് നാശോൻമുഖമാണ്. വളരെയേറെ സാധ്യതകളുള്ള കൃഷിയാണിത്. റബറിന്റെ ഇടവിളയായി കൃഷി ചെയ്യുന്നതിനുള്ള സാധ്യതകൾ ഇന്ന് പ്രയോജനപ്പെടുത്തുന്നില്ല.

പുറുത്തികൃഷിക്ക് വേണ്ട പ്രോത്സാഹനം നൽകേണ്ടതാണ്. ഈ പഴത്തിൽ നിന്നും വിവിധയിനം ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായങ്ങൾ നൽകേണ്ടതാണ്.

രോഗ കീടബാധ അധികമില്ലാത്ത കൈത കൃഷിക്ക് താരതമ്യേന പരിചരണമുറകൾ കുറവാണ്. അതുകൊണ്ട് അത്യുൽപാദന ശേഷിയുള്ള ഇനങ്ങൾ കർഷകർക്ക് നൽകുകയും ഒരുമിച്ച് വിളവ് ലഭിക്കുന്നതിനുള്ള സാങ്കേതിക സഹകരണം നൽകുകയും വേണം. ഉൽപന്നങ്ങൾക്ക് മതിയായ വില ഉറപ്പു വരുത്തുന്നതിനാവശ്യമായ സംഭരണകേന്ദ്രങ്ങൾ ഉണ്ടാകണം.

നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്നതും വേണ്ടത്ര പ്രയോജനപ്പെടുത്താത്തതുമായ പഴവർഗങ്ങളെയാണ് നാമിതുവരെ പര്യാലോചനയ്ക്കു വിധേയമാക്കിയത്. ഇവ കൂടാതെ അടുത്ത കാലത്ത് പ്രചാരം ലഭിച്ചിട്ടുള്ള സപ്പോട്ട, പപ്പായ, എഗ് ഫ്രൂട്ട് തുടങ്ങിയ അനവധി പഴവർഗങ്ങൾ നമ്മുടെ നാട്ടിലുണ്ട്. പോഷക ഗുണങ്ങൾ അധികം ഉള്ളതും സ്വാദിഷ്ടവുമായ ഈ പഴങ്ങളും കൃഷി ചെയ്യുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടത്ര പ്രചരണവും പ്രോത്സാഹനവും നൽകേണ്ടതാണ്.

ഔഷധച്ചെടികൾ

ആയുർവേദത്തിന്റെ ഭാഗമായി പഠനപഠനത്തിൽ ശ്രദ്ധയിൽപെട്ട പ്രധാനപ്പെട്ട ഒരു വസ്തുതയാണ് ഔഷധ സസ്യങ്ങളുടെ വൈവിധ്യമാർന്ന ബാഹുല്യം. ഇവയിൽ അപൂർവമായി നട്ടുവളർത്തുന്നവയും മറ്റുള്ളവ സ്വാഭാവികമായി വളരുന്നവയുമാണ്. 1950 നുമുമ്പ് ഈ പ്രദേശത്ത് ആയുർവേദ ചികിൽസയാണ് ലഭിച്ചിരുന്നത്. അലോപ്പതിയുടെ ആവിർഭാവം ആയുർവേദ ചികിൽസയെ ഒട്ടൊക്കെ പിന്തള്ളിയിട്ടുണ്ടെങ്കിലും ഇന്നും നമ്മുടെ നാട്ടിൽ കിട്ടുന്ന അപൂർവമായ പച്ചമരുന്നുകൾ ഉപയോഗിച്ചു നടത്തുന്ന നാടൻ ചികിൽസാരീതി നിലവിലുണ്ടെന്നു മാത്രമല്ല, അതിനു കൂടുതൽ പ്രചാരം സിദ്ധിച്ചു വരികയുമാണ്. മുൻകാലങ്ങളിൽ ഈ പച്ചമരുന്ന് കൃഷി ചെയ്തിരുന്നില്ല; പ്രകൃതിയുടെ ഒരു വരദാനമായി നമുക്ക് കിട്ടിയ ഒരു അമൂല്യ സമ്പത്തായിരുന്നു അത്. ഇന്നും ജലദൈർലഭ്യമില്ലാത്ത പറമ്പുകളുടെ താഴ്വരകളിലും നെൽപ്പാടങ്ങൾ കരകിലുള്ള കണ്ണേനുകളിലും വംശനാശം സംഭവിക്കാതെ നിലനിൽക്കുന്നു. ഒരുപക്ഷേ മനുഷ്യന്റെ കടന്നുകയറ്റം ആസന്നഭാവിയിൽ തന്നെ ഈ അമൂല്യ സമ്പത്തിന്റെ വംശനാശത്തിനു കാരണമാകും. അതുകൊണ്ട് ഈ ഔഷധ സമ്പത്ത് സംരക്ഷിക്കേണ്ട ചുമതല ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

പഠനപഠനവേളയിൽ കാണാൻ കഴിഞ്ഞ ഔഷധ സസ്യജാലങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ഈ ഔഷധ സസ്യങ്ങൾ തോട്ടം അടിസ്ഥാനത്തിൽ കൃഷി ചെയ്ത് സംരക്ഷിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം നൽകണം.

ഇങ്ങനെ കൃഷി ചെയ്തുണ്ടാക്കുന്ന ഔഷധ സസ്യങ്ങൾ ഉപയോഗിച്ച് ഒരു ഔഷധ നിർമ്മാണശാല തുടങ്ങാവുന്നതാണ്. മുതുവിള വാർഡിൽ വാമനപുരം നദിയുടെ തീരത്ത് ആയുർവേദ ആശുപത്രിക്കു വേണ്ടി വാങ്ങിയിട്ടുള്ള ഒരേക്കർ ഭൂമി ഇതിനുവേണ്ടി പ്രയോജനപ്പെടുത്തണം. അപൂർവം വ്യക്തികൾ ഔഷധ സസ്യങ്ങൾ സംരക്ഷിക്കുന്നവരായുണ്ട്. ഇവയിൽ തന്നെ വംശഭീഷണി നേരിടുന്ന ഔഷധ സസ്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകി സംരക്ഷിക്കുന്നതിനുള്ള തീവ്ര യത്ന പരിപാടി സ്വീകരിക്കേണ്ടതാണ്. അപൂർവ സസ്യങ്ങളെ സംരക്ഷിക്കുന്നവർക്ക് പ്രോത്സാഹനവും ഗ്രാൻറും നൽകണം.

പുഷ്പകൃഷി

മുൻകാലങ്ങളിൽ വീട്ടുവളപ്പുകളിൽ റോസ, പിച്ചി, മുല്ല, ചെമ്പരത്തി, കനകാംബരം, രാജമല്ലി, പാരിജാതം, നന്ത്യാർവട്ടം തുടങ്ങിയ പൂച്ചെടികൾ നട്ടുപിടിപ്പിച്ചിരുന്നു. ഇവയ്ക്ക് സാമ്പത്തിക മേഖലയിൽ യാതൊരു സ്ഥാനവും കൽപിച്ചിരുന്നില്ല. മതപരമായ ചടങ്ങുകൾക്കും സ്ത്രീകൾക്ക് മുടിയിൽ ചൂടുന്നതിനും മാത്രം ഉപയോഗിച്ചിരുന്നു. പൂജാദി കർമ്മങ്ങൾക്ക് ഉപയോഗിച്ചിരുന്ന തെറ്റി, തുളസി, ചെമ്പകം എന്നിവ പറമ്പുകളിൽ നിന്നുതന്നെ സുലഭമായി ലഭിച്ചിരുന്നു.

ഇന്ന് നാടൻ ഇനങ്ങളിൽ പലതും അപ്രത്യക്ഷമായിരിക്കുന്നു. പകരം പുതിയ ഇനങ്ങളായ ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല, ബന്ദി, വാടാമുല്ല തുടങ്ങിയവ വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുള്ള പ്രേരണയും പ്രോത്സാഹനവും സർക്കാർ വാഗ്ദാനം ചെയ്തിട്ടുള്ളതാണ് എന്നാൽ അത് കൃഷിക്കാരിൽ വലിയ സ്വാധീനം ചെലുത്തിയിട്ടില്ല. ചെറിയ തോതിലെങ്കിലും വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നുണ്ട്. മുതുവിള വാർഡിലെ നിശാഗന്ധി നഴ്സറി ലാഭകരമായി തന്നെ ആന്തൂറിയവും ഓർക്കിഡും കൃഷി ചെയ്യുകയും തൈകൾ ഉൽപാദിപ്പിക്കുകയും ചെയ്യുന്നുണ്ട്.

പഞ്ചായത്തിൽ ഇത്തരം കൂടുതൽ യൂണിറ്റുകൾ സ്ഥാപിച്ച് ആദായകരമായി കൃഷി ചെയ്യുന്നതിനുള്ള സാധ്യതകളുണ്ട്. ഈ സാധ്യതകൾ ശരിക്കും പ്രയോജനപ്പെടുത്താനുള്ള നടപടികൾ ഉണ്ടാകണമെന്നു മാത്രം.

നടീൽവസ്തുക്കളുടെ അഭാവവും നടുന്നതിനും പരിചരിക്കുന്നതിനുമുള്ള അവബോധം ഇല്ലാത്തതുമാണ് ഈ രംഗത്തെ പ്രധാന പ്രശ്നം. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ചെറുപ്പക്കാരുടെ സംഘങ്ങൾ രൂപീകരിച്ച് വേണ്ട പരിശീലനം നൽകി സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകേണ്ടതാണ്.

നിലവാരമുള്ള നടീൽ വസ്തുക്കൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യണം. പൂക്കളുടെ വിപണനത്തിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കണം.

വർഷത്തിലൊരിക്കൽ ഒരാഴ്ചയെങ്കിലും നീണ്ടുനിൽക്കുന്ന ഒരു കാർഷിക വ്യാവസായിക മേള സംഘടിപ്പിക്കണം. മേളയിൽ വെച്ച് ഏറ്റവും നല്ല കൃഷിക്കാരനെയും കന്നുകാലി സംരക്ഷകനെയും തെരഞ്ഞെടുക്കുകയും സമ്മാനം നൽകുകയും വേണം.

കർഷകരെ പൊതുവായി ബാധിക്കുന്ന ഒട്ടനവധി പ്രശ്നങ്ങളുണ്ട്. വൈവിധ്യമാർന്ന കൃഷി സമ്പ്രദായങ്ങളും പ്രകൃതിയും കൃഷിയിലെ സമ്മിശ്രിതയുമൊക്കെ അതിനു കാരണമാണ്. രാസവളങ്ങളുടെ വിലവർധന, കർഷക തൊഴിലാളികളുടെ കൂലിവർധന, കാർഷികോൽപന്നങ്ങളുടെ വിലയിലെ അസ്ഥിരതകളൊക്കെ നമ്മുടെ ചെറുകിട-നാമമാത്ര കൃഷിക്കാരെ കാര്യമായി ബാധിക്കുന്ന പ്രശ്നങ്ങളാണ്. അസംഘടിതരായ ഒരു വർഗമെന്ന നിലയിൽ കൂട്ടായ പ്രവർത്തനങ്ങൾക്കോ സമരമാർഗങ്ങൾക്കോ തയ്യാറാകാത്തത് പല പ്രശ്നപരിഹാരങ്ങൾക്കും തടസമാകുന്നുണ്ട്. കാർഷിക മേഖലയിലും കൃഷിക്കാരുടെ കൂട്ടായ്മ അത്യന്താപേക്ഷിതമാണെന്നുള്ള തിരിച്ചറിവിലൂടെ മാത്രമേ കർഷകരുടെ പല പ്രശ്നങ്ങൾക്കും ഒരുപരിധി വരെയെങ്കിലും പരിഹാരം കണ്ടെത്താൻ കഴിയൂ.

ഔഷധ സസ്യങ്ങൾ

കുറ്റിച്ചെടി

ഓരില ✓
ഇരുവേലി✓
മുയൽച്ചെവി (തിരുദേവി)
ആനച്ചുവടി
കൈതോണി
കറ്റാർവാഴ*
കൊടങ്ങൽ
ചെറുപ്പുള്ളടി
മുത്തങ്ങ
കല്ലുരുക്കി*
തുമ്പ (പെരുന്തുമ്പ, ചെറുതുമ്പ)
കുറുന്തോട്ടി
പുത്തരിച്ചുണ്ട
ആനച്ചുണ്ട*
ഞവര (പന്നിക്കുർക്ക)*
ബ്രഹ്മി*
കറുകപ്പുല്ല്
തഴിഞാമ
അടയ്ക്കാമണി
പുവൻകുറുന്തൽ
നീങ്ങാനാഴി (മൂക്കുറ്റി)
കടലാടി (ചെറുത്–വലുത്)
കിരിയാത്ത്
ചെറുള✓
തൊടിഞ്ഞൊട്ട*
കീഴാനെല്ലി
നിലപ്പന
നീലനാരകം
ചെറുവഴുതന
ചിത്തിരപ്പാല
മുവില
നീലക്കുവളം
നീരുവറ്റിക്കിഴങ്ങ്
കാട്ടുള്ളി
കുപ്പമഞ്ഞൾ
കസ്തൂരി മഞ്ഞൾ
പപ്പടകപ്പുല്ല്
കൊടുവേലി (വെള്ള–ചുവപ്പ്)
നീർമുള്ളി (വയൽമുള്ളി)
ചിറ്റരത്ത*
കച്ചോലം*
രാമച്ചം*
ഓരിലത്താമര
കർപ്പൂര തുളസി
വയമ്പ്✓

വൃക്ഷം

നെന്മേനി വാക*
എല്ലുറിപ്പച്ച**
പിണർ
നീർവാളം
അശോകം*
നാൽപ്പാൽമരം
കാഞ്ഞിരം*
കരിഞ്ഞൊട്ട**
കുവളം✓
മൈലാഞ്ചി
നെല്ലി✓
ആര്യവേപ്പ്*
ചേർക്കുരു (തേന്മ്പ്)**
ചെമ്പകം*
ജാതി
വയണ*
ഗ്രാമ്പൂ*
ഇലിവ്
ഊറാവ്
ചീലാന്തി*
പുന്ന
മുഞ്ഞ
നൊച്ചി (വെള്ള–കറുപ്പ്)**
താന്നി✓
മഞ്ചാടി
വലിയ മഞ്ചാടി**

വള്ളിച്ചെടി

ശംഖുപുഷ്പം
ഗരുഡക്കൊടി*
കാട്ടുപാവൽ✓
കൂട്ടത്തിപ്പാവൽ
പാൽമുതക്കൻ കിഴങ്ങ്*
മുടിച്ചുത്താളി*
ചിറ്റമൃതു*
നനുകണ്ടി
ശതാവരി✓
ചങ്ങലംപറണ്ട✓
കൊടിത്തൂവ
കാട്ടുകൊടി✓
തിപ്പലി✓

അപൂർവം *
അത്യപൂർവം ✓
വംശനാശ ഭീഷണി **
നേരിടുന്നത്

കോവൽ*
കാട്ടുപയർ*
കാട്ടുഴുന്ന്
ഉഴിഞ്ഞ*
വെള്ളിപ്പാല✓
മലതാന്നി
പറണ്ടയ്ക്ക✓
നെയ്യുണ്ണി
നെയ്യ് കുമ്പളം
കുഴിമുണ്ടൻ*
കല്ലൻ പടവലം
ചൂടിതുത്താളി
പാടക്കിഴങ്ങ്✓
ചില്ലരി✓
കമലക്കിഴങ്ങ്✓
ചില്ലാനി
കുന്നിക്കുരു*
പ്രസരണി
വള്ളിക്കാഞ്ഞിരം

ഇടത്തരം കുറ്റിച്ചെടി

ആവണത് (നീല, വെള്ള)
കറിവേപ്പ്
നൊച്ചി
ആടലോടകം
നന്ത്യാവട്ടം
വാതപ്പരുത്തി**
യശംഖ്*
മാതളം*
തുളസി
കൃഷ്ണതുളസി
രാമതുളസി
തൃത്താവ്✓
കാട്ടുതുളസി
രാമനാപ്പച്ച
വാതപ്പുത്തി✓
ആടുതൊടാപ്പാല
എരുക്ക്✓
കരുംകുരുത്തി✓
ഉമ്മം (നീല, വെള്ള)*
കാട്ടു താരകം
ഇടംമ്പിരി*
വലംമ്പിരി*
പൊൻകൊറണ്ടി**
ഇലക്കുള്ളി
പൊൻതകര
ഊളൻ തകര
കരുവേലകം**

വിഭവസമാഹരണം

വിഭവങ്ങളാണ് സാമൂഹ്യജീവിതത്തെ വികസനോന്മുഖമാക്കുന്നത്. മണ്ണും മനുഷ്യനും ഭൂപ്രകൃതിയും കാലാവസ്ഥയുമാണ് അടിസ്ഥാനപരമായ വിഭവങ്ങൾ. എല്ലാ സമ്പത്തും സാമൂഹ്യനന്മക്കു വേണ്ടി വിനിയോഗിക്കുക എന്നത് അതിലും പ്രധാനമാണ്. വിഭവങ്ങളുടെ നിർമ്മാണം വർദ്ധിപ്പിച്ചു കൊണ്ട് ഒരു സമൂഹത്തിന് വളരാനാകും. അതിലൂടെ മാത്രമേ വികസനത്തിന്റെ പുതിയ പടവുകൾ കയറിക്കയറാനാവൂ. അതിന് മനുഷ്യാധ്വാനവും പ്രകൃതി വിഭവങ്ങളും തമ്മിൽ പ്രവർത്തന പ്രതിപ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതുണ്ട്. നമ്മുടെ പ്രധാന ഉല്പാദന മേഖലകളായ കൃഷിയും വ്യവസായവും വികസിപ്പിച്ചുകൊണ്ടേ കൂടുതൽ വിഭവസമാഹരണം നടത്താൻ ആവൂ. അങ്ങനെ മാത്രമേ സമൂഹത്തിന്റെ സേവന മേഖലകളിൽ കൂടുതൽ നിക്ഷേപം നടത്താനും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലൂടെ ജനങ്ങൾക്ക് ആശ്വാസം പകരാനും കഴിയൂ. വിഭവസമാഹരണത്തെക്കുറിച്ചും സാധ്യതകളെക്കുറിച്ചും മനസ്സിലാക്കുന്നതിന് നിലവിലുള്ള അവസ്ഥ വിലയിരുത്തേണ്ടതുണ്ട്.

1994-95, 95-96 വർഷങ്ങളിലെ നമ്മുടെ പഞ്ചായത്തിലെ വരവുചെലവുകണക്കുകൾ താഴെ ചേർക്കുന്നു.

94-95 വർഷം

വരവ് ഇനം	രൂപ	ചിലവിനം	രൂപ
തൊഴിൽ നികുതി	1,08,965.00	എസ്റ്റാബ്ലിഷ്മെൻറ്	5,03,842.50
കെട്ടിട നികുതി	2,22,822.45	പൊതുമരാമത്ത്	9,59,651.00
വിനോദ നികുതി	1,91,002.84	മറ്റു വികസന ചെലവുകൾ	3,04,479.80
നികുതിയേതര വരുമാനം	10,68,340.00	കടം തിരിച്ചടവ്	5,28,022.50
സംസ്ഥാന നികുതി വിഹിതം	4,12,774.00		
അൺടൈഡ് ഫണ്ട്	2,75,500.00		
ഗ്രാൻറുകൾ	92,130.00		
ആകെ	23,71,534.29		22,95,995.80


1995 - 1996

വരവിനം	രൂപ	ചിലവിനം	രൂപ
തൊഴിൽ നികുതി	1,11,530.00	എസ്റ്റാബ്ലിഷ്മെൻറ്	4,00,319.70
കെട്ടിട നികുതി	2,13,300.15	പൊതുമരാമത്ത്	5,31,865.00
വിനോദ നികുതി	1,81,434.00	മറ്റു വികസന ചെലവുകൾ	6,74,319.45
നികുതിയേതര വരുമാനം	2,80,344.30	കടം തിരിച്ചടവ്	3,10,415.10
സംസ്ഥാന നികുതി വിഹിതം	5,72,653.00		
അൺടൈഡ് ഫണ്ട്	2,89,490.00		
ഗ്രാൻറുകൾ	91,540.00		
ആകെ	17,40,291.45		19,16,919.25

94–95 വർഷത്തേക്കാൾ 95–96 വർഷത്തിൽ വരുമാനം കുറഞ്ഞതായി കണക്കുകൾ സൂചിപ്പിക്കുന്നു. പ്രധാനമായും നികുതിയേതര വരുമാനത്തിലാണ് ഈ കുറവ് സംഭവിച്ചിരിക്കുന്നത്. മറ്റു വരുമാനങ്ങളിലൊന്നും കാര്യമായ വ്യതിയാനം കാണുന്നില്ല. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ 50% കൂടുതൽ എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ ചെലവ് ചെയ്യുന്നു. മൊത്തം വരുമാനത്തിന്റെ 21 ശതമാനമാണത്. ഈ ചെലവ് ഇനിയും വർദ്ധിക്കാനാണ് സാധ്യത. ശമ്പള പരിഷ്കരണം, ക്ഷാമബത്ത വർദ്ധനവ് മാത്രമല്ല അതിന് കാരണം. പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ ലഭിക്കാൻ പോകുകയാണ്. അപ്പോൾ കൂടുതൽ ജീവനക്കാരുടെ സേവനം ആവശ്യമായിവരും. അതുകൊണ്ട് തന്നെ ഭരണപരമായ ചെലവ് അധികരിയ്ക്കും.

ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി രൂപപ്പെടുകയാണല്ലൊ. പദ്ധതി അടങ്കലിന്റെ 35–40 ശതമാനത്തിൽ ആസൂത്രണം ചെയ്യാനും നിർവ്വഹണം നടത്താനുമുള്ള പൂർണ്ണമായ സ്വാതന്ത്ര്യം ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. ഒൻപതാം പദ്ധതിയിൽ രൂപപ്പെടുന്ന സ്ക്കീമുകൾ ജനപങ്കാളിത്തത്തിന്റെ പുത്തൻ സ്രോത്രസ്സുകൾ കണ്ടെത്തി അവയുമായി കൂട്ടിചേർത്ത് പദ്ധതി പരമാവധി വികസ്വരമാക്കുക എന്നതാണ് ജനകീയ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി നിർവ്വഹണത്തിൽ ഇടനിലക്കാരേയും സമ്പത്തിന്റെ ഇടനിലചോർച്ചയും ഒഴിവാക്കി, സമ്പത്തിന്റെ പൂർണ്ണമായ വിനിയോഗം ഉറപ്പാക്കുക മാത്രമല്ല, ജനങ്ങളുടെ ഇച്ഛാശക്തിയിൽ നിന്ന് രൂപപ്പെടുന്ന സന്നദ്ധ അധ്വാനവും കൂട്ടിചേർത്ത് ഒരു പുതിയ വികസന സംസ്ക്കാരത്താൽ ഉത്തേജിതമാകാൻ പോകുകയാണ് കേരളീയ ഗ്രാമങ്ങൾ. വികസനത്തിനുള്ള ഒരുകോടി, ഒന്നേകാൽകോടി ആക്കാൻനാകില്ലേ? ഉത്പ്പാദന മുരടിപ്പ് പറപറക്കുകയും വികേന്ദ്രീയ ആസൂത്രണത്തിലൂടെയുള്ള ജനകീയ ഇടപെടലുകളിലൂടെ ഉത്പാദനം വർദ്ധിപ്പിക്കുക തന്നെ ചെയ്യും. ജനസേവനത്തിനും, സാമൂഹ്യക്ഷേമത്തിനും കരുതൽ സമ്പത്ത് കണ്ടെത്തേണ്ടതാണ് . അത് ഗ്രാമങ്ങളെ സർഗ്ഗാത്കമ പ്രവർത്തനങ്ങളുടെ നിതാന്ത ചലനങ്ങളുടെ സ്വയം സമ്പൂർണ്ണ ഗ്രാമങ്ങളാക്കി മാറ്റും. എത് ആഗോളവത്ക്കരണ, ഉദാരവത്കരണ കടന്നാക്രമണങ്ങളെയും ചെറുക്കാൻ ശേഷിയുള്ള കാവലാളായി ആ ഗ്രാമങ്ങൾ നിലകൊള്ളും.

എങ്കിലും വിഭവങ്ങൾ ഇനിയും പുതിയതായി കണ്ടെത്തിയേ മതിയാകൂ. നികുതി വർദ്ധന ജനങ്ങൾക്ക് ഭാരമാക്കും. പരമാവധി അവ കറുയ്ക്കുകതന്നെ വേണം. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ ആകുമോ എന്ന് ആലോചിയ്ക്കണം. സ്വകാര്യാശുപത്രികൾ, സ്വാശ്രയക്ലിനിക്കുകൾ, സമാന്തര കോളേജുകൾ, അൺഎയിഡഡ് സ്കൂൾ എന്നിവയ്ക്ക് ഏക വർഷ രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിനെ കുറിച്ച് ആലോചിയ്ക്കാം ഷോപ്പിംഗ് കോപ്ലക്സുകളുടെ നിർമ്മാണത്തിലൂടെ ഒരുസ്ഥായിയായ വരുമാനം പഞ്ചായത്തുകളിൽ ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. കേമ്പിൾ ടി.വി. സംരഭങ്ങൾക്ക് ഏക രജിസ്ട്രേഷൻ ആലോചിയ്ക്കാം. പാറ ഉടയ്ക്കൽ, പ്ലാന്റേഷൻ ഇവയ്ക്ക് നികുതി ചുമത്താൻ കഴിയുമോ എന്ന് ആലോചിയ്ക്കണം. വിദേശ ഇന്ത്യാക്കാരെ കൊണ്ട് വ്യവസായങ്ങൾ ആരംഭിയ്ക്കാൻ ശ്രമിക്കണം. ഇങ്ങനെ വിഭവവർദ്ധനവിന് അനിവാര്യമായ മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിയേക്കണ്ടതുണ്ട്.





കല്ലറ ഗ്രാമ പഞ്ചായത്ത്